# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികാം രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകാംക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങാം ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങാം പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങാം നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങാം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങാം പ്രാഥമിക സർവ്വേകാം തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങാം ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകാം പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങാം മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകാം തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉാംപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദണ്ഡവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


വാല്യം 1

**പാറശ്ശാല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

വാല്യം 2

**പെരുങ്കടവിള ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

വാല്യം 3

**അതിയന്നൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

വാല്യം 4

**നേമം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

വാല്യം 5

**തിരുവനന്തപുരം റൂറൽ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

വാല്യം 6

**കഴക്കൂട്ടം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

വാല്യം 7

**വെള്ളനാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

വാല്യം 8

**നെടുമങ്ങാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

വാല്യം 9

**വാമനപുരം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

വാല്യം 10

**കിളിമാനൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

വാല്യം 11

**ചിറയിൻകീഴ് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

വാല്യം 12

**വർക്കല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

## വാല്യം 13

### ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

## വാല്യം 14

### കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

## വാല്യം 15

### ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

## വാല്യം 16

### വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

## വാല്യം 17

### പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

## വാല്യം 18

### അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

## വാല്യം 19

### കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

## വാല്യം 20

### ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

## വാല്യം 21

### ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

## വാല്യം 22

### അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

## വാല്യം 23

### മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

## വാല്യം 24

### ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

## വാല്യം 25

### ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

## വാല്യം 26

### മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

## വാല്യം 27

### പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

വാല്യം 28

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

വാല്യം 31

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

**വാല്യം 57**

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

**വാല്യം 58**

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

**വാല്യം 59**

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

**വാല്യം 60**

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

**വാല്യം 61**

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

**വാല്യം 62**

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

**വാല്യം 63**

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

**വാല്യം 64**

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

**വാല്യം 65**

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

**വാല്യം 66**

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

**വാല്യം 67**

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

**വാല്യം 68**

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

**വാല്യം 69**

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

**വാല്യം 70**

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

**വാല്യം 71**

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

### വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

### വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

### വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

### വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

### വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്

### വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

### വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

### വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

### വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

### വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

### വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

### വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

### വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ

**വാല്യം 85**

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

**വാല്യം 86**

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

**വാല്യം 87**

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

**വാല്യം 88**

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

**വാല്യം 89**

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ

**വാല്യം 90**

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കുർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

**വാല്യം 91**

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

**വാല്യം 92**

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

**വാല്യം 93**

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

**വാല്യം 94**

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം

**വാല്യം 95**

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

**വാല്യം 96**

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

**വാല്യം 97**

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

**വാല്യം 98**

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

**വാല്യം 99**

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപ്പുറ
9. വല്ലപ്പുഴ

വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി

വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി

വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളിക്കാവ്

വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കുട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. [illegible]

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. [illegible]

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവനൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. [illegible]

### വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

### വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

### വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

### വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങ ാ ട്
8. കൂരാച്ചുണ്ട്

### വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി

### വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

### വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

### വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

### വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്

### വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

### വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

### വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

### വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ

### വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

### വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

### വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

### വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

### വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ലി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

### വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

### വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

### വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

### വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

### വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

### വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

### വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. [illegible]

# നഗരസഭകൾ


വാല്യം 153

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

വാല്യം 154

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

വാല്യം 155

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

വാല്യം 156

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

വാല്യം 157

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

വാല്യം 158

## ഇടുക്കി ജില്ല

1. തൊടുപുഴ

വാല്യം 159

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

വാല്യം 160

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

വാല്യം 161

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

വാല്യം 162

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

വാല്യം 163

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

വാല്യം 164

## വയനാട് ജില്ല

1. കൽപ്പറ്റ

വാല്യം 165

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

വാല്യം 166

## കാസർഗോഡ് ജില്ല


1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്



# വികസനരേഖ


കർണാടകം
വയനാട്
ചേമഞ്ചേരി
മലപ്പുറം
പാലക്കാട്
തൃശ്ശൂർ
എറണാകുളം
ഇടുക്കി
കോട്ടയം
ആലപ്പുഴ
പത്തനംതിട്ട
കൊല്ലം
തിരുവനന്തപുരം
ഇന്ത്യൻ മഹാസമുദ്രം



**രാഷ്ട്രപിതാവ്**

എൻെറ ജീവിതമാണ് എൻെറ സന്ദേശം


M. K. Gandhi

# ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്
# ഭരണസാരഥികൾ

പ്രസിഡണ്ട്



ഇ. ശ്രീധരൻ നായർ

| വൈസ് പ്രസിഡണ്ട് | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | സിക്രട്ടറി |
|---|---|---|
|  |  |  |
| കെ. മൂസ്സ മാസ്റ്റർ | ബാലൻ പുതിയോട്ടിൽ | നസ്സീർ ഹുസൈ |

മെമ്പർമാർ:

പി. പി. ശ്രീധരൻ_ മാടഞ്ചേരി സത്യനാഥൻ സജിനി വളപ്പിൽ

എം. പി. മൊയ്തീൻകോയ ആർ. പി. വത്സല കെ. കെ. കേശവൻ

കെ. എം. സുരേന്ദ്രൻ ഗൗരി വൈലേരി സക്കീന. കെ







# നാന്ദി

കേരളത്തിന്റെ ആസൂത്രണ രംഗത്ത് ഒരു പുതുയുഗ പിറവിക്ക് നാം സാക്ഷ്യം വഹിക്കുകയാണ് അടിത്തട്ടിൽ നിന്ന് മേൽത്തട്ടിലേക്ക് ദിശാമാററം നൽകപ്പെട്ട ആസൂത്രണ തന്ത്രമാണ് ഒൻപതാം പദ്ധതിയിലൂടെ പരീക്ഷിക്കപ്പെടുന്നത്. തീരുമാനങ്ങളെടുക്കാനും നടപ്പാക്കുന്നതിൽ ഭാഗഭാക്കാവാനും സാധാരണക്കാരന് അവസരം ലഭിക്കാൻ പോകുന്നു. നാമിന്നനുഭവിക്കുന്ന വികസന പ്രതിസന്ധിയെ ഭാഗികമായെങ്കിലും മറികടക്കാൻ ഈ നവീന ആസൂത്രണ പ്രക്രിയയിലൂടെ നമുക്ക് കഴിയും.

സ്വാതന്ത്ര്യത്തിന് ശേഷം സ്വയം പര്യാപ്തതയിലധിഷ്ഠിതമായ ഒരിന്ത്യയെ കെട്ടിയുയർത്താൻ നാം നടപ്പിലാക്കിയ വികസന തന്ത്രമായിരുന്നു പഞ്ചവത്സര പദ്ധതികൾ. പിന്നിട്ട എട്ട് പദ്ധതികളിലൂടെ രാജ്യത്ത് പല മേഖലകളിലും ആശാവഹമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പദ്ധതികൾ പലതും ആസൂത്രകർ ഉദ്ദേശിച്ച പോലെ ഫല പ്രാപ്തിയിലെത്തിയില്ല. ഓരോ പ്രദേശത്തിന്റേയും സാധ്യതകളേയും ജനങ്ങളുടെ ആവശ്യകതകളേയും ശാസ്ത്രീയമായി അപഗ്രഥിച്ചായിരുന്നില്ല പദ്ധതികളുടെ ആസൂത്രണവും നിർവഹണവും. വിവിധ വകുപ്പുകളുടെ പരസ്പര ബന്ധമില്ലാത്ത പ്രവർത്തനം മൂലം അനുപൂരകങ്ങളായ വികസന തന്ത്രങ്ങൾക്ക് പകരം ഫണ്ട് തീർക്കുക മാത്രമായി പലപ്പോഴും പ്രധാന പരിപാടിയെന്നു വന്നു. ഇക്കാരണത്താൽ വികസനം കൊണ്ടർത്ഥമാക്കുന്ന സമ്പത്തിന്റെ സന്തുലിതമായ വിതരണം നമുക്ക് കൈവരിക്കാൻ കഴിയാതെപോയി.

കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ നാളെയെ ക്കുറിച്ച് സ്വപ്നങ്ങളുള്ള ഒരു ജനതക്ക് ഈ വികസന പ്രതിസന്ധിയെ എന്തു വില കൊടുത്തും മറി കടന്നേ പറ്റൂ. വിദ്യാഭ്യാസം, ആരോഗ്യം ഭക്ഷണം എന്നീ രംഗങ്ങളിൽ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞെങ്കിലും ഉത്പാദനത്തിന്റെ മേഖലയിൽ നമ്മുടെ വികസന ദൗർബല്യം നമ്മെ അസ്വസ്ഥരാക്കുന്നു. കാർഷിക, വ്യാവസായിക മേഖലയിലുണ്ടായ തകർച്ച രൂക്ഷമായ തൊഴിലില്ലായ്മയിലേക്കും അത് വഴി സാമൂഹ്യാസ്വാസ്ഥതയിലേക്കും വഴി തെളിയിക്കുന്നു. വിദേശ മലയാളികളിൽ നിന്നുള്ള വരുമാനം കൂടി നിലച്ചു പോയാൽ കേരളത്തിന് പിടിച്ച് നിർക്കാൻ കഴിയാത്ത സ്ഥിതി വിശേഷം സംജാതമാകും.

ലഭ്യമായ വിഭവങ്ങൾ ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കനുസരിച്ച് ഉല്പാദന മേഖലകളിൽ നിക്ഷേപിക്കാതെ നമുക്ക് ഇനി ഒരടി മുന്നോട്ടു പോകാനാവില്ല. ആശയപരമായ വൈജാത്യങ്ങൾക്കുപരി നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും വികസനരംഗത്ത് കൈകോർക്കാൻ തുടങ്ങുന്നതോടെ നാം ലക്ഷ്യത്തോടടുക്കാൻ തുടങ്ങുന്നു. പിന്നിട്ടു പോന്ന വികസന പരിപാടികളിലൂടെ നാം ശീലിച്ച് പോന്ന 'ഞങ്ങൾക്കെന്ത് കിട്ടും' എന്ന ചിന്താഗതിക്ക് പകരം 'എന്റെ സമൂഹം നേരിടുന്ന പ്രതിസന്ധിയിൽ ഞങ്ങൾക്കെന്ത് ചെയ്യാൻ കഴിയും?' എന്ന ചിന്ത ജനങ്ങളിലൊന്നാകെയെത്തിക്കാൻ നമുക്ക് കഴിയണം.

21

ഒൻപതാം പദ്ധതിയുടെ മൊത്തം വിഹിതത്തിന്റെ 35 –40 ശതമാനം ത്രിതല പഞ്ചായത്തുകൾക്ക് കൈമാറണമെന്നാണ് സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അങ്ങനെയെങ്കിൽ ഏകദേശം നാല് കോടിയോളം രൂപ നമ്മുടെ പഞ്ചായത്തിലും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ കഴിയും. ഈ തുക ഏറ്റവും ഫലപ്രദമായ രീതിയിൽ മുൻഗണനാ ക്രമത്തിൽ ഏത് മേഖലയിലൊക്കെ നിക്ഷേപിക്കണമെന്ന് നിർദ്ദേശിക്കാനുള്ള അവസരമാണ് നമുക്ക് കൈവന്നിരിക്കുന്നത്.

സ്വാതന്ത്ര്യത്തിന് ശേഷം വികസന പദ്ധതികളുടെ ശാസ്ത്രീയമായ പുനരവലോകനത്തിനായി ഒട്ടേറെ പഠനങ്ങൾ നടന്നിട്ടുണ്ട്. ഈ പഠനങ്ങളെല്ലാം തന്നെ അധികാര വികേന്ദ്രീകരണത്തന്റെ പ്രാധാന്യത്തെക്കുറിച്ച് ചൂണ്ടിക്കാണിക്കുകയും ചെയ്തു. പിന്നിട്ട ഒരു ദശകത്തിനിടയിലാണ് അധികാര വികേന്ദ്രീകരണത്തെക്കുറിച്ചുള്ള ചർച്ച ദേശീയ തലത്തിൽ സജീവമായത്. ഈ ചർച്ചകളുടെ പരിസമാപ്തിയാണ്, ഭരണ ഘടനയുടെ 73, 74 വകുപ്പുകൾ ഭേദഗതി ചെയ്ത് കൊണ്ട് രാജീവ് ഗാന്ധി വിഭാവനം ചെയ്ത പ്രാദേശിക സ്വയം ഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം എന്ന ആശയത്തിന് നിയമ പ്രാബല്യം ലഭിച്ചത്.

1996 ജൂലൈ 14 ന് ചേർന്ന സംസ്ഥാന ആസൂത്രണസമിതി യോഗമാണ് ആസൂത്രണത്തെ ജനങ്ങളിലേക്കെത്തിച്ച നിർണ്ണായകമായ തീരുമാനമെടുത്തത്. സംസ്ഥാനതലത്തിൽ മൂന്ന് കേന്ദ്രങ്ങളിലായി നടന്ന പരിശീലന പരിപാടിയെത്തുടർന്ന് ജില്ലാതല പരിശീലന പരിപാടികൾക്ക് തുടക്കം കുറിച്ചു. നമ്മുടെ പഞ്ചായത്തിൽ നിന്നും എട്ട് പേർ ജില്ലാതല പരിശീലന പരിപാടിയിൽ പങ്കെടുത്തു. സപ്ത 6ന് നമ്മുടെ പഞ്ചായത്തിലെ ജനകീയാസൂത്രണ പരിപാടികൾക്ക് സംഘാടനപരമായ നേതൃത്വം നൽകാനായി രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക മേഖലയിൽ പ്രവർത്തിക്കുന്നവരെ വിളിച്ച് ചേർത്ത് സ്വാഗതസംഘം രൂപീകരിച്ച് സപ്ത 10ന് നടന്ന പഞ്ചായത്ത് തല പരിശീലനത്തിൽ 43 പേർ പങ്കെടുത്തു. സപ്ത 14 മുതൽ ഒക്ടോ 2 വരെ യുള്ള പൊതു ഒഴിവുദിവസങ്ങളിൽ പന്ത്രണ്ട് വാർഡുകളിലും ഗ്രാമസഭകൾ ചേർന്നു. വികസന പ്രക്രിയയുമായി ഇത്രയും കാലം ബന്ധപ്പെടാതിരുന്ന സാധാരണ ജനങ്ങൾ ആവേശത്തോടു കൂടി ഗ്രാമസഭകളിൽ പങ്കെടുത്തു. വികസന പ്രക്രിയയിൽ ആദ്യമായാണ് പങ്കാളികളാവുന്നതെങ്കിലും ഗ്രാമത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ ജനശ്രദ്ധയിലെത്തിക്കാൻ ഗ്രാമസഭകളിലെ ചർച്ചകൾ സഹായകരമായിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഗ്രാമസഭയിൽ ഏററവുമധികം പ്രാതിനിധ്യമുണ്ടാക്കിയ പഞ്ചായത്തുകളിലൊന്ന് നമമുടേതാണ്. 2348 പുരുഷന്മാരും, 1154 സ്ത്രീകളും കൂടി ആകെ 3502 പേരാണ് ഗ്രാമസഭകളിൽ റജിസ്റ്റർ ചെയ്തത്.

ഗ്രാമ സഭകൾക്ക് ശേഷം നടന്ന ദ്രുത ഗ്രാമ പഠന പരിപാടിയിലും ദ്വിതീയ വിവര ശേഖരണ പരിപാടിയിലും പഞ്ചായത്ത് തല പരിശീലകരും, ജനപ്രതിനിധികളും സജീവമായി പങ്കെടുത്തു.

ഗ്രാമ സഭകളിൽ ഉയർന്ന് വന്ന പ്രശ്നങ്ങളെയും സാധ്യതകളേയും നമ്മുടെ പഞ്ചായത്തിന്റെ സാമൂഹ്യ സാംസ്ക്കാരിക ചരിത്രങ്ങളുമായും, വിഭവങ്ങളുമായും ബന്ധപ്പെടുത്തി വിശകലനം ചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ മൂർത്തവും പ്രായോഗികവുമാക്കിത്തീർക്കുകയും ആണ് ഇനി ചെയ്യാനുള്ളത്. പഞ്ചായത്തിലെ ജന പ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും, സജീവമായ സഹകരണത്തോടെയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ചേമഞ്ചേരി പഞ്ചായത്തിലെ ഉയർന്ന രാഷ്ട്രീയ ബോധത്തിന്റേയും, സന്നദ്ധ സേവന തൃഷ്ണയുടേയും ശക്തമായ അടിത്തറയിൽ പൂർവികരുടെ ത്യാഗങ്ങളിൽ നിന്ന് ഊർജ്ജമുൾക്കൊണ്ടു കൊണ്ട് നമുക്കീ ജനകീയാസൂത്രണ പദ്ധതിയെ, ആനുകാലിക ദശാസന്ധി ഉയർത്തുന്ന വെല്ലുവിളികളെ മറികടക്കാനുള്ള ശക്തമായ ഒരായുധമാക്കി വളർത്തിയെടുക്കാം. ഈ വികസന രേഖ നാളെയുടെ കർമ്മ പരിപാടിയാക്കിമാറ്റാൻ എല്ലാ വിഭാഗീയതകൾക്കുമപ്പുറത്ത് നമ്മുടെ ഐക്യബോധം സൂര്യതേജസോടെ ജ്വലിച്ചുയരുമെന്ന ശുഭാപ്തി വിശ്വാസം ഞങ്ങൾക്കുണ്ട്.

## പൊതുവിവരങ്ങൾ ഭരണചരിത്രം.

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ചേമഞ്ചേരി |
| റവന്യൂ വില്ലേജ് | : | ചേമഞ്ചേരി |
| ബ്ലോക്ക് ഡിവിഷൻ | : | പന്തലായനി ബ്ലോക്ക് കാപ്പാട്, ചേമഞ്ചേരി. |
| താലൂക്ക് | : | കൊയിലാണ്ടി |
| ജില്ല | : | കോഴിക്കോട് |
| അസംബ്ലിമണ്ഡലം | : | കൊയിലാണ്ടി. |
| പാർലമെന്റ് മണ്ഡലം | : | വടകര |
| വിസ്തീർണ്ണം | : | 16.76 ച. ക. മീ. |
| ജനസംഖ്യ | : | 31326 |
| പ്രസിഡണ്ട് | : | ഇ. ശ്രീധരൻ നായർ |
| വൈസ് പ്രസിഡണ്ട് | : | കെ. മൂസമാസ്ററർ |
| സ്റ്റാൻഡിംങ്ങ് കമ്മിററി ചെയർമാൻ | : | ബാലൻ പുതിയോട്ടിൽ |
| അംഗങ്ങൾ | : | കെ. കെ കേശവൻ |
| | : | മാടഞ്ചേരി സത്യനാഥൻ |
| | : | പി. പി ശ്രീധരൻ |
| | : | സജിനി വളപ്പിൽ |
| | : | മൊയ്തീൻ കോയ എം. പി |
| | : | വത്സല ആർ. പി |
| | : | കെ. എം. സുരേന്ദ്രൻ |
| | | ഗൗരി വൈലേരി |
| | : | സക്കീന കെ. |

1963 ഡിസമ്പർ 23ാം തിയതിയാണ് നമ്മുടെ പഞ്ചായത്തിൽ ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഭരണസാരഥ്യം കൈയാളുന്നത്. നമ്മുടെ ഒന്നാമത്തെ പ്രസിഡണ്ട് ശ്രീ: പി ഗോവിന്ദൻ നായരും. വൈസ്. പ്രസിഡണ്ട് ശ്രീ: എം. സി ഉമ്മറും ആണ് സർവ്വശ്രീ എം. കേളപ്പൻ നായർ, കെ ബാലകൃഷ്ണൻ. കെ. കുഞ്ഞിരാമൻ നായർ. എം. നാരായണൻ നായർ. പി. രാമൻ, പി. വി ഗോപാലൻ എന്നിവരായിരുന്നു വാർഡ് മെമ്പർമാർ. എട്ട് വാർഡുകളാണ് അന്ന് നിലവിലുണ്ടായിരുന്നത്. ഭരണത്തിൽ വനിതാ പ്രാതിനിധ്യമുറപ്പിക്കാനായി കുമാരി നാരട്ടോളി ഭാനു അമ്മയെ പഞ്ചായത്ത് ഭരണസമിതിയിലേക്ക് നോമിനേറ്റ് ചെയ്തിരുന്നു. രണ്ട് മെമ്പർ മാർ രാജി വെച്ച ഒഴിവിൽ 1965 നവമ്പർ 27ന് ശ്രീ. സി. അച്യുതൻ നായരും ശ്രീ. കെ. കുഞ്ഞനന്തൻനായരും ബോർഡ് അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടു. 1966 ഫിബ്ര 26 ന് പ്രസിഡണ്ട് രാജിവെച്ചൊഴിഞ്ഞുണ്ടായ ഒഴിവിൽ ശ്രീ. കെ കുഞ്ഞിരാമൻ നായർ തെരഞ്ഞെടുക്കപ്പെട്ടു.

തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ കാലാവധി അഞ്ചു വർഷമാണെങ്കിലും പിന്നീട് നീണ്ട പതിമൂന്ന് വർഷത്തോളം കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടന്നില്ല. 1979 സെപ്തംബറിൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ. ടി. പി രവീന്ദ്രന്റെ നേതൃത്വത്തിലുള്ള ഭരണസമിതി അധികാരത്തിലെത്തി. ശ്രീ. കെ. മൂസ മാസ്റ്ററായിരുന്നു. വൈസ് പ്രസിഡണ്ട്. സർവ്വശ്രീ. പി. കെ. കെ ബാവ. അശോകൻ കോട്ട്. സി. ഗോവിന്ദൻ. ഇ. കുഞ്ഞപ്പനായർ. വി ബാലൻ. എം. ടി പ്രേമാവതി. രാഘവൻ നായർ. കെ. ദാമോദരൻ എന്നിവരായിരുന്നു വാർഡ് പ്രതിനിധികൾ.

നേരത്തെയുണ്ടായിരുന്ന എട്ട് വാർഡുകൾക്ക് പകരം ഈ തെരഞ്ഞെടുപ്പോടെ പത്ത് വാർഡുകൾ നിലവിൽ വന്നു.

വീണ്ടും പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നത് 1988 ലാണ്. 4.2.1988 ന് ശ്രീ കെ. ഭാസ്കരൻ പ്രസിഡണ്ടായും, ശ്രീ. അബ്ദുൾ കാദർ വൈസ് പ്രസിഡണ്ടായും സർവ്വ ശ്രീ. കെ. അശോകൻ. കെ. ശങ്കരൻ, കെ. കെ കേശവൻ, ആനന്ദൻ. ടി, കെ. മൂസമാസ്ററർ, കെ. എം. സുരേന്ദ്രൻ, എം. കെ ശേഖരൻ, ഇമ്പിച്ചി പാത്തു, എം. നാണിയമ്മ എന്നിവർ അംഗങ്ങളുമായി പുതിയഭരണ സമിതി നിലവിൽ വന്നു. ഈ തെരഞ്ഞെടുപ്പോടെ വാർഡുകളുടെ എണ്ണം പത്തിൽ നിന്ന് പതിനൊന്നായി ഉയർന്നിരുന്നു. 1990 ആഗസ്ററ് 17 ന് കെ. ഭാസ്കരൻ പ്രസിഡണ്ട് സ്ഥാനവും, അബ്ദുൾ കാദർ വൈസ് പ്രസിഡണ്ട് സ്ഥാനവും രാജിവെച്ചപ്പോൾ കെ. ശങ്കരൻ പ്രസിഡണ്ടായും, അശോകൻ കോട്ട് വൈസ് പ്രസിഡണ്ടായും സ്ഥാനമെറ്റെടുത്തു.

ഈ ഭരണസമിതിയുടെ കാലാവധി ഗവൺമെന്റ് ഒരു കൊല്ലം നീട്ടി കൊടുത്തെങ്കിലും കാലാവധി പൂർത്തീകരിക്കാതെ 26-3-1994 ന് ശ്രീ കെ. ശങ്കരൻ പ്രസിഡണ്ട് സ്ഥാനം രാജിവെച്ചതിനെ തുടർന്ന് കേരളസർക്കാർ സ്പെഷൽ ഓഫീസറെ നിയമിച്ചു. 1995 സപ്തംബറിൽ നടന്ന തിരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ. ഇ. ശ്രീധരൻ നായർ പ്രസിഡണ്ടായുള്ള ഭരണസമിതി അധികാരമേറ്റു.

## ദേശ ചിരിത്രത്തിലൂടെ

ക്ഷേമങ്കിരി എന്ന സംസ്കൃത നാമത്തിന്റെ പരിണാമമാണ് ചേമഞ്ചേരി എന്ന് ചരിത്ര പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നു. ക്ഷേമമുള്ള കര എന്ന അർത്ഥത്തിലാണ് ഈ സംജ്ഞ ഉപയോഗിച്ചിരുന്നത്.

നമ്മുടെ പഞ്ചായത്തിന് രണ്ടായിരം വർഷങ്ങൾക്ക് അപ്പുറം മുതലാരംഭിച്ച് വളർന്ന് വികസിച്ച ഒരു മനുഷ്യ സംസ്കൃതിയെക്കുറിച്ച് അഭിമാന പുരസരം അവകാശപ്പെടാൻ കഴിയും. ഇരുമ്പുയുഗ കാലഘട്ടത്തിന്റെ അവശിഷ്ടങ്ങൾ നമ്മുടെ തൊട്ടു കിഴക്ക് സ്ഥിതിചെയ്യുന്ന അത്തോളി പഞ്ചായത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇവരുമായി ആദാന പ്രദാനങ്ങളിലേർപ്പെട്ട ഒരു ജനത ആ കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലും നിലനിന്നിരുന്നു എന്ന കാര്യത്തിൽ ചരിത്ര പണ്ഡിതർ ഏകാഭിപ്രായക്കാരാണ്. പടിഞ്ഞാറ് അറബിക്കടലിനും കിഴക്ക് എലത്തൂർ പുഴക്കും ഇടക്ക് നീണ്ടു കിടക്കുന്ന നമ്മുടെ പഞ്ചായത്ത് അടങ്ങുന്ന ഭൂപ്രദേശത്തിന് പണ്ട് പയ്യനാട് എന്നായിരുന്നു പേർ. മീൻ പിടുത്തവും, കൃഷിയും, ഉപ്പുകുറുക്കലും തൊഴിലാക്കിയ ആ പ്രാചീന ജന സഞ്ചയത്തെക്കുറിച്ച് അന്നത്തെ വ്യവഹാര ഭാഷയായ തമിഴിലെ ചില പാട്ടുകൾ സാക്ഷ്യം നൽകുന്നു.

നിഗമനങ്ങളിൽ നിന്ന് ചരിത്ര വസ്തുതകളിലേക്ക് കടന്നു വരുമ്പോൾ പെരുമാൾ വാഴ്ചക്കാലത്തെ ശിലാലിഖിതങ്ങൾ നമുക്ക് വഴികാട്ടിയായി മാറുന്നു. തിരുവങ്ങൂർ നരസിംഹ പാർത്ഥസാരഥി ക്ഷേത്രത്തിലുണ്ടായിരുന്ന രണ്ട് ബലിക്കല്ലുകളിലായി ആലേഖനം ചെയ്ത ലിഖിതങ്ങൾ ക്രിസ്തുവിന് ശേഷം 962 മുതലുള്ള സാമൂഹ്യ ഘടനയിലേക്ക് വെളിച്ചം വീശുന്നു. ഇക്കാലത്ത് നാടുവാണ ഭാസ്കര രവി പെരുമാളിന്റെ അപദാനങ്ങളാണ് ഈ ലിഖിതങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കേരളത്തിൽ അന്നുണ്ടായിരുന്നു മറ്റ് അധിവാസ കേന്ദ്രങ്ങളിലെന്ന പോലെ പയ്യനാടൻ പ്രദേശത്തും ക്ഷേത്ര കേന്ദ്രീകൃത കാർഷിക സമൂഹത്തിന്റെ വളർച്ച നമുക്കീ ലിഖിതങ്ങളിലൂടെ വായച്ചെടുക്കാൻ കഴിയും

ഈ കാലഘട്ട മാകുമ്പോഴേക്കും കാപ്പാട് ലോക നാവിക ഭൂപടത്തിൽ ഒരു സുപ്രധാന സ്ഥാനം പിടിച്ചുപറ്റിയിരുന്നു. കുറുമ്പ്രനാട് താലൂക്കിലെ പ്രസിദ്ധമായ സുഗന്ധ വ്യജ്ഞനങ്ങളും, നാണ്യവിളകളും തേടി ചീനക്കപ്പലുകളും, അറബിനൗകകളും കാപ്പാട് തുറമുഖത്തണഞ്ഞു. കാപ്പാടും ചീനയുമായുള്ള വ്യാപാരബന്ധത്തിന്റെ സാഹിത്യരേഖകൾ ഇബൻ ബത്തൂത്തയുടേയും, മാർക്കോപോ

ളോയുടേയും സഞ്ചാര രേഖകളിൽ ദൃശ്യമാണ്. ഈയിചെ ടോക്കിയോ സർവകലാശാലയിലെ ചരിത്ര വിഭാഗം തലവനായ ഡോ. കറഷിവയും, പ്രസിദ്ധ ചരിത്ര പണ്ഡിതനായ ഡോ. എം. ആർ. രാഘവ വാരിയരും കാപ്പാടും ചീനച്ചേരിയിലും നടത്തിയ പഠനങ്ങളിൽ ഈ വ്യാപാര ബന്ധത്തിന്റെ സൂചനകളായ ഒട്ടേറെ തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. വ്യാപാരാർത്ഥം ഇവിടെയെത്തിയ ചീനക്കാർ നാട്ടിൽ തമ്പടിച്ച ചേരിയാണ് ചീനച്ചേരിയായി മാറിയത്.

ചീനപ്പട്ട്, ഭരണി, ചെമ്പ്, ഈയം, പിഞ്ഞാണപ്പാത്രങ്ങൾ എന്നിവയായിരുന്നു ചീനക്കാർ കാപ്പാട്ടെത്തിച്ച ചരക്കുകൾ. കുരുമുളക്, ഏലം, ഇലവെഗം, നാളീകേരം, അടക്ക എന്നിവ ശേഖരിച്ച് അവർ മടങ്ങുകയും ചെയ്തു. വാണിജ്യത്തിനും മത പ്രചരണത്തിനുംമായെത്തിയ അറബികളേയും നമ്മുടെ പൂർവികർ രണ്ട് കൈയും നീട്ടി സ്വീകരിച്ചു. അറബിത്താഴത്ത്, പാണ്ടിക ശാലക്കൽ തുടങ്ങിയ തറവാട്ടു നാമങ്ങൾ ഈ സമാഗമത്തിന്റെ തെളിവുകളാണ്. മത പ്രചരണത്തിനെത്തിയെ അറബികളുമായി ബന്ധപ്പെട്ട ചില ആരാധനാലയങ്ങൾ ഇപ്പോഴും കാപ്പാടും പരിസരത്തും നിലനിൽക്കുന്നു. കോഴിക്കോട് കേന്ദ്രമായുള്ള സാമൂതിരിയുടെ സാമ്രാജ്യം ശക്തി പ്രാപിച്ചപ്പോൾ വിദേശ വ്യാപാരബന്ധത്തിൻരെ അവിഭാജ്യ ഘടകമെന്ന നിലയിൽ കാപ്പാട് തുറമുഖത്തെ തന്റെ അധീനതയിലാക്കേണ്ടത് അനിവാര്യമായി മാറി. നെടിയിരിപ്പിന്റെ കോരപ്പുഴക്ക് വടക്കോട്ടുള്ള വികാസം പ്രധാനമായും ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ വേണ്ടിയായിരുന്നു.

അറബികൾ കേരളത്തിൽ നിന്നുംശേഖരിക്കുന്ന സുഗന്ധദ്രവ്യങ്ങളുടെ പ്രധാന വിപണി യൂറോപ്യൻരാജ്യങ്ങളായിരുന്നു. കാലക്രമേണ ഈ കാർഷിക വിളകളുടെ അക്ഷയ സ്രോതസുകളും തേടി യൂറോപ്യൻമാരും സഞ്ചാരം തുടങ്ങി വടക്കുനോക്കി യന്ത്രത്തിന്റെ കണ്ടു പിടുത്തത്തോടെ സമുദ്ര സഞ്ചാരം കൂടുതൽ സുഗമമായിത്തീർന്ന ഒരു കാലഘട്ടമായിരുന്നു അത്. വർഷങ്ങൾ നീണ്ടു നിന്ന അന്വേഷണയാത്രകൾക്ക് വിരാമം കുറിച്ച് കൊണ്ട് ഇന്ത്യ തേടിയലഞ്ഞ പോർച്ചുഗീസ് നാവികനായ വാസ്കോഡഗാമ 1498 മെയ്. 20ന് നമ്മുടെ പഞ്ചായത്തിലെ കാപ്പാട് കപ്പലിറങ്ങി. നമ്മുടെ രാഷ്ട്രത്തിന്റെ സാമൂഹ്യ സാമ്പത്തിക മേഖലകളെ തച്ചുടച്ച വൈദേശികാധിപത്യത്തിന് ബീജാവാപം ചെയ്ത ഈ കപ്പലിറങ്ങലോടെ കാപ്പാട് കടൽപ്പുറം വീണ്ടും ചരിത്ര രേഖകളിൽ സ്ഥാനം പിടിച്ചു.

അറബികളും. ചീനക്കാരും വ്യാപാരാവശ്യത്തിന് ഇവിടെയെത്തിയത്. എന്നാൽ പറങ്കികളുടെ ലക്ഷ്യം വ്യത്യസ്തമായിരുന്നു. വ്യാപാരത്തിലൂടെ രാഷ്ട്രീയ അധിനിവേശത്തിനാണവർ ശ്രമിച്ചത്. അത്കൊണ്ട് തന്നെ അവരുടെ സമീപനം പ്രാകൃതമായിരുന്നു. പിന്നീട് വർഷങ്ങളോളം നമ്മുടെ തീരക്കടൽ നാവിക മേധാവിത്തത്തിനായി വിദേശികളും കുഞ്ഞാലി മരക്കാറെ പോലുള്ള ദേശസ്നേഹികളും തമ്മിലുള്ള കിട മത്സരത്തിന് വേദിയായി. യൂറോപ്യൻമാരുടെ മികച്ച ആയുധശേഷിക്കും, രാഷ്ട്രീയ കുതന്ത്രങ്ങൾക്കും മുമ്പിൽ നമ്മുടെ നാട്ടുരാജ്യങ്ങളോരോന്നോരോന്നായി തകർന്നടിഞ്ഞപ്പോൾ നാം വൈദേശികാധിപത്യത്തിന്റെ കറുത്ത നാളുകൾക്ക് സാക്ഷിയാകേണ്ടി വന്നു.

വൈദേശികാധിപത്യത്തിനെതിരെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ജനത നടത്തിയ ജീവൻമരണ പോരാട്ടത്തിലും നമ്മുടെ പഞ്ചായത്തിലെ സ്വാതന്ത്ര സമര സേനാനികൾ മുൻപന്തിയിൽ തന്നെ ഉണ്ടായിരുന്നു. 1930 ലെ ഉപ്പുസത്യാഗ്രഹകാലഘട്ടം മുതൽ തന്നെ വെള്ളക്കാർക്കെതിരെയുള്ള ജനമുന്നേറ്റത്തിന്റെ ബീജങ്ങൾ നമ്മുടെ മണ്ണിൽ വേരൂന്നാൻ തുടങ്ങിയിരുന്നു. ഇതിന് വ്യവസ്ഥാപിതവും സംഘടിതവുമായ രൂപം കൈവന്നത് ക്വിറ്റിന്ത്യാ സമരത്തോടെയാണ് ക്വിറ്റിന്ത്യാ പ്രമേയത്തെ തുടർന്ന് 1942 ആഗസ്റ്റ് 9 തിയ്യതി പുലരുന്നതിന്ന് മുമ്പ്തന്ന ദേശീയ നേതാക്കന്മാരെയൊന്നാകെ ഭരണാധികാരികൾ ജയിലിലടച്ചു. ഇതിൽ ക്ഷുഭിതരായ ജനങ്ങൾ ദേശവ്യാപകമായി അട്ടിമറിപ്രവർത്തനങ്ങൾ സംഘടിപ്പിച്ചുകൊണ്ട് ഭരണം സ്തംഭിപ്പിക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്തു. മഹാത്മജിയുടെ പ്രവർത്തിക്കുക, അല്ലെങ്കിൽ മരിക്കുക. എന്ന സന്ദേശം അവർക്ക് ആവേശവും പ്രചോദനവും നൽകി.

ഇന്ത്യയിലൊന്നാകെ ക്വിറ്റിന്ത്യാ സമരം ആളിപ്പടർന്നപ്പോൾ അതിന്റെ അലയൊലികൾ കേരളത്തേയും പ്രത്യേകിച്ച് മലബാറിനേയും പിടിച്ചുകുലുക്കി. മറ്റ് പല സ്ഥലങ്ങളിലും സമരം സജീവമാകാൻ തുടങ്ങിയതോടെ ചേമഞ്ചേരിയിലും ചിലത് നടത്തണമെന്ന് ഇവിടെയുള്ള സമര സേനാനികൾ തീരുമാനമെടുത്തു.

1942 ആഗസ്റ്റ് 19 ന് രാത്രിയിൽ ബ്രിട്ടീഷുകാരന്റെ പ്രാദേശിക ഭരണസ്ഥാപനങ്ങളായ ചേമഞ്ചേരി സബ്രജിസ്ററർ ഓഫീസ്, റെയിൽവെ സ്റ്റേഷൻ, തിരുവങ്ങൂർ അംശക്കച്ചേരി എന്നിവ സമരഭടന്മാർ സാഹസികമായി തീവെച്ച് നശിപ്പിച്ചു. തിരുവങ്ങൂർ റെയിൽവെ സ്റ്റേഷനടുത്ത് ടെലിഫോൺ കമ്പി അറുത്ത് മുറിച്ച് റെയിൽവെയുടെ വാർത്താ വിതരണ ശൃംഖല താറുമാറാക്കി. തൊട്ടടുത്ത ദിവസം മറ്റു ചിലരോടൊപ്പം നടുവണ്ണൂർ റജിസ്റ്റാർ ഓഫീസ് തീ വെച്ച് നശിപ്പിക്കുന്നതിലും നമ്മുടെ പഞ്ചായത്തിലെ സ്വാതന്ത്ര്യ സമരഭടന്മാർ സ്തുത്യർഹമായ പങ്കു വഹിച്ചിരുന്നു. കിരാതമായ മർദന മുറകളാണ് തീവെപ്പ് കേസുമായി ബന്ധപ്പെട്ട് പോലീസുകാർ നമ്മുടെ പ്രദേശത്ത് അഴിച്ചു വിട്ടത്. ഏതാനും ദിവസങ്ങൾക്കുള്ളിൽ പ്രതികളിൽ മിക്കവരേയും പോലീസ് അറസ്റ്റ് ചെയ്തു മൗനഗുരുസമാധി മഠത്തിലും, തൊട്ടടുത്ത എടവന പീടികയിലും, നാമ്പിട്ട് വളർച്ച പ്രാപിച്ചു വന്ന ദേശീയപ്രസ്ഥാനത്തിലാകൃഷ്ടരായ യുവാക്കളുടെ ഒരു വലിയ നിര ജയിലിനകത്തായി. റജിസ്റ്റർ ഓഫീസ് തീ വെച്ച് നശിപ്പിച്ചതിന് ഏഴ് പ്രതികളുടെ പേരിൽ കോഴിക്കോട്ട് സബ് ഡിവിഷണൽ മജിസ്ട്രേട്ടിന്റെ മുമ്പാകെ കേസ് വിചാരണക്ക് വന്നെങ്കിലും തെളിവില്ലാതെ തള്ളി പോകുകയാണുണ്ടായത്. പേരറിയപ്പെടുന്നവരും അല്ലാത്തവരുമായ ഒരു പാട് ധീരദേശാഭിമാനികൾ ഈ സമരമുഖത്ത് സജീവമായിരുന്നു. എഴുതപ്പെട്ടതും അല്ലാത്തതുമായ ചരിത്ര രേഖകളിലൊന്നും സ്ഥാനം പിടിക്കാതെ പോയ അവരെ നമുക്ക് ആദരപൂർവ്വം സ്മരിക്കാം. ക്വിറ്റിന്ത്യാസമര സേനാനികളോടുള്ള ആദരസൂചകമായി റജിസ്റ്റാർ ഓഫീസ് പരിസരത്ത് ഒരു സ്തൂപം സ്ഥാപിച്ചിട്ടുണ്ട്.

വൈദേശികാധിപത്യത്തിനെതിരെ ഇന്ത്യയിലാകെ കത്തിപ്പടർന്ന ജനരോഷത്തിന്റെ സ്പന്ദനങ്ങൾ സമരഭടന്മാരിലും അനുഭാവികളിലുമെത്തിക്കാൻ "സ്വതന്ത്രഭാരത" മെന്ന് പത്രം നിസ്തുലമായ പങ്കാണ് വഹിച്ചത്. കല്ലച്ചിൽ അച്ചടിച്ച് ആഴ്ചയിൽ ഒന്നോരണ്ടോ തവണമാത്രം പ്രസിദ്ധീകരിക്കുന്ന ഈ പത്രം നിസ്വാർത്ഥരായ സമരസേനാനികൾ കൈമാറി. കൈമാറി നാഴികകൾ അകലെ പോലും എത്തിച്ചിരുന്നു. നമ്മുടെ പഞ്ചായത്തിലെ കാരോളി എന്ന വീട്ടിൽ വെച്ചായിരുന്നു കുറേക്കാലം ഈ പത്രം അച്ചടിച്ചിരുന്നതെന്ന അറിവ് ഒരമൂല്യ നിധിപോലെ നാം വരാനിരിക്കുന്ന തലമുറയിലേക്കും പകരേണ്ടിയിരിക്കുന്നു. വെള്ളക്കാരന്റെ കോട്ട കൊത്തളങ്ങളിൽ കൊടുങ്കാററുയർത്താൻ കരുത്തുനേടിയ ഈ പത്രത്തിന്റെ ഉറവിടം തേടി രഹസ്യപോലീസ് വിഭാഗം നാട്ടിലിറങ്ങി. വൈകാതെ പത്രത്തിന്റെ ഉത്ഭവസ്ഥാനവും അതിന് പിന്നിലെ ബുദ്ധിശക്തിയേയും അധികാരികൾ തിരിച്ചറിഞ്ഞു. എന്നാൽ പ്രസ് പിടിച്ചെടുക്കാനായി വെള്ളക്കാരന്റെ പോലീസ് സന്നാഹം നമ്മുടെ മണ്ണിൽ കാലുകുത്തുന്നതിന് തൊട്ട് മുൻപ് സമരസേനാനികൾ അച്ചുകൂട്ടം അഴിച്ചെടുത്ത് തലച്ചുമടായി ഒറവങ്കരകുളത്തിൽ ഒളിപ്പിച്ചിരുന്നു. പിടികിട്ടിയ സമരസേനാനികളെ ഭീകരമായി മർദ്ദിച്ച് അതിലൂടെ ചോർത്തിയെടുത്ത അറിവുമായെത്തിയെ പോലീസ് കുളത്തിൽ നിന്ന് അച്ചു കൂട്ടം കണ്ടെടുത്തു. അന്ന് പൂക്കാട്ടങ്ങാടിക്ക് പടിഞ്ഞാറ് വശത്ത് ദിവസങ്ങളോളം വെള്ളക്കാരന്റെ നേതൃത്വത്തിലരങ്ങേറിയ പോലീസ് നരനായാട്ടിനെക്കുറിച്ച് പ്രായമേറിയവർ ഇപ്പോഴും വാചാലരാകാറുണ്ട്.

ആറു ദശകങ്ങൾക്കപ്പുറം നമ്മുടെ മണ്ണിൽ ചവുട്ടി നിന്ന് കൊണ്ട് സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തെ നെഞ്ച് വിരിച്ച് വെല്ലുവിളിച്ച ചേമഞ്ചേരിയുടെ വീര സന്താനങ്ങൾ പലരും മൺ മറിഞ്ഞുപോയി. വിരലിലെണ്ണാവുന്ന കുറച്ച് പേർ പഴയ സ്മരണകളുമയവിറക്കി ജീവിതത്തിന്റെ സായാഹ്നത്തിൽ ഇന്നും നമ്മോടൊപ്പമുണ്ട്. മൺമറഞ്ഞവരും അല്ലാത്തവരുമായ ആ ധീര ദേശാഭിമാനികളുടെ കുനിയാത്ത ശിരസ്സിന്റേയും, പതറാത്ത കാലടികളുടേയും സ്മരണകൾക്ക് മുമ്പിൽ നമുക്കൊരു നിമിഷം മനസുകൊണ്ട് നമ്രശിരസ്ക്കരായി നിൽക്കാം.

സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടേയും നല്ലൊരു വിളഭൂമിയായിരുന്നു നമ്മുടെ മണ്ണ്. ബ്രാഹ്മണ മേധാവിത്തം കൊടികുത്തി വാണ കാലഘട്ടങ്ങളിൽ പോലും അവർണർക്കായി നമ്മുടെ നാട്ടിൽ ക്ഷേത്രങ്ങളുണ്ടായിരുന്നു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലും ഈ സാംസ്ക്കാരിക പൈതൃകം നാം കാത്തു പോന്നു.

ജാതി വ്യവസ്ഥയെ പരസ്യമായി വെല്ലുവിളിച്ച സാമൂഹ്യ ഭോജന പരിപാടി ഇതിനുദാഹരണമാണ്. ക്ഷേത്രങ്ങളിൽ അവർണർക്ക് പ്രവേശനം നൽകുന്നതിനുവേണ്ടി കേരളത്തിലങ്ങോളമിങ്ങോളം അലയടിച്ചുയർന്ന പോരാട്ടങ്ങളുടെ അനുരണനങ്ങൾ നമ്മുടെ മണ്ണിലുമെത്തി. കുന്നിമഠം പരദേവതാ ക്ഷേത്രത്തിലേക്കും കാഞ്ഞിലശ്ശേരി ക്ഷേത്രത്തിലേക്കും നാട്ടു പ്രമാണികളുടെ വിലക്കിനെ അവഗണിച്ചുകൊണ്ട് അവർണരെന്ന് വിശേഷിപ്പിച്ചിരുന്ന ജനവിഭാഗത്തെ പ്രവേശിപ്പിച്ചുകൊണ്ട് ചരിത്ര പരമായ ഒരു പ്രധാന പ്രധാന ദൗത്യം സി. കെ. ജിയുടെ നേതൃത്വത്തിൽ ഇവിടുത്തെ തലമുറ ഏറ്റെടുത്തു.

വിജ്ഞാനവും ആയോധനമുറകളും പകർന്നു നൽകിയ പ്രാചീന വിദ്യാകേന്ദ്രങ്ങളായിരുന്നു നമ്മുടെ കളരികൾ. നൂറിൽ താഴെ കുടുംബങ്ങൾക്ക് നമ്മുടെ പ്രദേശത്ത് ഓരോ കളരി വീതം നിലവിലുണ്ടായിരുന്നു. നൂറ്റാണ്ടുകൾക്ക് മുൻപ് നമ്മുടെ പ്രദേശത്ത് നിലവിലുണ്ടായിരുന്ന കലാരൂപങ്ങൾക്കെല്ലാം മതവുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളുടെ പരിവേഷമുണ്ടായിരുന്നു. തെയ്യം, ക്ലൃളികെട്ട്, ചപ്പകെട്ട് വെള്ളരി, കൈ കൊട്ടിക്കളി, ഒപ്പന, ദഫ്മുട്ട്, തുടങ്ങിയ കലാരൂപങ്ങൾ ഇതിനുദാഹരണമാണ്.

നമ്മുടെ പഴയ വിദ്യാകേന്ദ്രങ്ങൾ നാട്ടെഴുത്ത് പള്ളിക്കൂടങ്ങളായിരുന്നു. ഏകാധ്യാപക വിദ്യാലയങ്ങളായ ഇവിടെ ഭാഷയും ഗണിതവും നിലത്തെഴുതിയായിരുന്നു പഠിപ്പിച്ചിരുന്നത്. സംസ്കൃത പ്രഭാവത്തിന്റെ കാലഘട്ടത്തിൽ അവർണർക്ക് വിദ്യ നിഷിദ്ധമായ കാലഘട്ടമായിരുന്നതിനാൽ ബ്രാഹ്മണ ഗൃഹങ്ങളായിരുന്നു വിദ്യാകേന്ദ്രങ്ങൾ. എന്നാൽ അഞ്ഞൂറ് വർഷങ്ങൾക്ക് മുമ്പ് സംസ്കൃത പ്രഭാവത്തിൽ നിന്നും മോചനം നേടി മലയാള ഭാഷ തനിമ പ്രകടിപ്പിക്കാൻ തുടങ്ങിയതിന് ശേഷം നാട്ടെഴുത്ത് പള്ളിക്കൂടങ്ങളിൽ സമൂഹത്തിന്റെ എല്ലാ തലങ്ങളിലുമുള്ള ജനങ്ങളും പ്രാതിനിധ്യം ഉണ്ടാകാൻ തുടങ്ങി. നമ്മുടെ പഞ്ചായത്തിൽ ഇന്നു നിലവിലുള്ള വിദ്യാലയങ്ങളിൽ പലതും പണ്ടത്തെ നാട്ടെഴുത്തു പള്ളിക്കൂടങ്ങളുടെയും, ഓത്തുപുരയുടെയും, ആധാരശിലയിൽ കെട്ടിയുയർത്തിയ നവീന സ്ഥാപനങ്ങളാണ്.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഉടലെടുത്ത ഗ്രന്ഥശാലാ പ്രസ്ഥാനത്തിനും അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും നമ്മുടെ വളക്കൂറുള്ള മണ്ണ് സ്വാഗതമോതി. കലാസാംസ്കാരിക പ്രവർത്തനങ്ങളുടെ ചരിത്ര മെഴുത്ത് പരിശോധിച്ചാൽ നമ്മുടേത് സമ്പന്നമായിരുന്നെന്ന് കാണാം. അനുഷ്ഠാന കലയിൽ നിന്ന് തുടങ്ങി രംഗകലകളുടെ ആവിർഭാവ കാലഘട്ടത്തിലും നമ്മുടെ നാട് സാംസ്കാരിക നവോത്ഥാനങ്ങളെ പൂർണ്ണമനസ്സോടെ സ്വീകരിച്ചിരുന്നു.

## ഭൂപ്രകൃതി വിഭവങ്ങൾ


കടലിനും പുഴക്കും ഇടയിൽ കിടക്കുന്ന ഭൂപ്രദേശമായതിനാൽ ഭൂപ്രകൃതി പൊതുവെ നിമ്നോന്നതമല്ല. എന്നാൽ കടൽ തീരത്ത് നിന്ന് 3 മീറ്റർ മുതൽ 4 മീറ്റർ വരെ ഉയരത്തിലാണ് പഞ്ചായത്തിലെ ഭൂപ്രദേശത്തിന്റെ 70% വും സ്ഥിതിചെയ്യുന്നത്. ഒന്ന് രണ്ട് മൂന്ന് വാർഡുകളിലായി പഞ്ചായത്തിന്റെ വടക്കെ അതിർത്തിയോട് ചേർന്നാണ് കുന്നുകൾ ഉള്ളത്.

കടൽ തീരത്ത് ശരാശരി 200 മീറ്ററോളം പൂഴിമണ്ണാണ്. അവിടെ നിന്ന് കിഴക്കോട്ട് 400 മുതൽ 500 മീറ്റർ വരെയുള്ള പ്രദേശത്ത് പൂഴികലർന്ന ചെമ്മണ്ണോ, പൂഴി കലർന്ന ചെളി മണ്ണോ കാണപ്പെടുന്നു. പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്ത് ഏകദേശം 1 കി. മി ദൂരത്തിൽ പൂഴി കലർന്ന വയൽ മണ്ണാണ്.

CHEMANCHERY PANCHAYATH

# ഭൂമിശാസ്ത്രം

Chengottu kave panchayath



റെയിൽവെ ലൈനിൽ നിന്നു തുടങ്ങി ദേശീയപാതവരെ 500 മീറ്ററോളം സ്ഥലം പൊടി മണ്ണ് തന്നെയാണ്. പഞ്ചായത്തിന്റെ വടക്ക് ഭാഗത്ത് ദേശീയ പാതയുടെ തൊട്ടരികിൽ കുന്നുകളായതിനാൽ ഇവിടെ ചരലുകലർന്ന ചെമ്മണ്ണാണ് കാണപ്പെടുന്നത്. കിഴക്കോട്ട് പോകുന്തോറും ചെമ്മണ്ണിന്റെ അളവ് കുറയുകയും ശുദ്ധമായ വയൽ മണ്ണിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നു. 4,5,11,12 വാർഡുകളിൽ ചെറിയ കരിമ്പാറകുന്നുകളും ഉണ്ട്. പൊതുവെ നമ്മുടെ പഞ്ചായത്തിലെ മണ്ണിന് അമ്ലഗുണം കൂടുതലാണെന്ന് കാണാം. 4.5 PH മുതൽ 5.5 PH വരെയാണ് ഇതിന്റെ അളവ്. പഞ്ചായത്തിന്റെ ഭൂപ്രദേശത്തിന്റെ 60 % മഴവെള്ളം നന്നായി ഊർന്നിറങ്ങുന്ന സ്വഭാവത്തോടുകൂടിയ മണ്ണാണ്. പ്രതലത്തിൽ ഗണ്യമായ ചെരിവൊന്നുമില്ലാത്ത്തിനാൽ മണ്ണൊലിപ്പ് പൊതുവെ ഗുരുതരമായ ഒരു പ്രശ്നമായി അനുഭവപ്പെടുന്നില്ല. കുന്നിൻ ചെരിവുകൾ കാർഷികാവശ്യത്തിനായി മുൻപ് തന്നെ തട്ടുകളായ തിരിച്ചിരുന്നതിനാൽ അവിടെയും ഗുരുതരമായ മണ്ണൊലിപ്പ് അനുഭവപ്പെടാറില്ല. വെള്ളത്തിന്റെ കനിഞ്ഞിറങ്ങൽ ശേഷി മെച്ചമാണെങ്കിലും ഉയരം കൂടുതലുള്ള പ്രദേശമായതിനാൽ കുന്നിൻ ചെരിവുകളിൽ നാലുമാസക്കാലത്തിലധികം ജലക്ഷാമം അനുഭവപ്പെടുന്നു. കുന്നിൻ ചെരിവുകളിൽ തെങ്ങും ഇടവിളകളും ഉണ്ട്. കുന്നിൻ മണ്ടകളിൽ പ്രധാന കൃഷി കശുമാവായിരുന്നു. അടുത്ത കാലത്ത് കശുമാവ് കൃഷി ഗണ്യമായി കുറയുകയും പകരം തെങ്ങി കൃഷി വ്യാപകമാവുകയും ചെയ്തു.

## താഴ്വാരങ്ങൾ

ചെരിവ് തലങ്ങളേയും തീരസമതലങ്ങളേയും വേർതിരിക്കുന്നവയാണ് താഴ്വാരങ്ങൾ. ഈ താഴ്വാരങ്ങളുടെ സിംഹഭാഗം ഏതാനും ദശകങ്ങൾക്കപ്പുറം നെൽ വയലുകളായിരുന്നു. മഴവെള്ളം കൂടുതലായി ശേഖരിക്കപ്പെടുന്ന ഭൂവിഭാഗമാണിത്. താഴ്വാരത്തിൽ തീര പ്രദേശത്തോടടുത്ത് വരുന്ന ഭാഗത്ത് പൂഴി നിറഞ്ഞ വയൽ മണ്ണും തീരത്തുനിന്നകലുന്നതോടെ പശിമ കൂടുതലുള്ള വയൽ മണ്ണും കാണപ്പെടുന്നു. പഞ്ചായത്തിന്റെ തെക്ക് ഭാഗത്ത് 4, 10, 7, 8 വാർഡുകളിലായി പടർന്നു കിടക്കുനന്ന നീർക്കെട്ടു പ്രദേശങ്ങളും താഴ്വാരത്തിലാണ്. നെൽ പാടങ്ങൾ വൻതോതിൽ നികത്തിയെടുത്ത് പാർപ്പിടങ്ങളും തെങ്ങിൻ തോപ്പുകളുമായി രൂപാന്തരം പ്രാപിച്ചു. ഈ മേഖലയിൽ ഇത് ഗുരുതരമായ പാരിസ്ഥിതിക സാമൂഹ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

## തീരസമതലങ്ങൾ


ഏറ്റവും ജനസാന്ദ്രതയേറിയ മേഖലയാണിത്. പൂഴിമണ്ണും, പൂഴികലർന്ന വയൽ മണ്ണുമാണ് മണ്ണിനങ്ങൾ. തീര സമതലത്തിൽ പ്രധാന കൃഷി തെങ്ങാണ്. ശുദ്ധജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന മേഖലയാണിത്. ജനസാന്ദ്രത ഏറ്റവും ഏറിയ പ്രദേശമായതിനാൽ പഞ്ചായത്തിന്റെ ആരോഗ്യ കാര്യങ്ങളിൽ ഈ പ്രദേശം പ്രശ്നമേഖലയാണ്. പഞ്ചായത്തിൽ ലഭിക്കുന്ന മഴവെള്ളത്തിൽ വലിയൊരളവ് തീരസമതലത്തിലെ ചെറിയ തോടുകൾ വഴി ഒഴുകി കടലിലെത്തുന്നു.



CHEMANCHERY PANCHAYATH

# മൺതരങ്ങൾ

Chengottukave panchayath




- ചതുപ്പ്, ചെളി.
- കടൽപ്പൂഴി.
- വയൽ, വയൽമണ്ണ്.
- ചരൽമണ്ണ്.
- പാറ
- പൂഴികലർന്ന ചുവന്നമണ്ണ്.

# ജനപ്രകൃതി

1991 ലെ കാനേഷുമാരി പ്രകാരം ചേമഞ്ചേരിയിലെ ജനസംഖ്യ 31326 ആണ്. ഇതിൽ 16331 പേർ സ്ത്രീകളും 14995 പുരുഷൻമാരുമാണ്. ശരാശരി വീടൊന്നിന് 5.8 ആളുകൾ വീതമുണ്ട്. ഇത് സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ്. (5.6) ചതുരശ്രമീറ്ററിന് 1869 ആണ് ജനസാന്ദ്രത.

***വാർഡിലെ ജനസംഖ്യ***

| Ward No. | Male | Female | Total |
|---|---|---|---|
| I & XII | 1715 | 1770 | 3685 |
| II | 1036 | 1171 | 2207 |
| III | 1055 | 1136 | 2171 |
| IV | 1740 | 1834 | 3574 |
| V | 1199 | 1313 | 2512 |
| VI | 1241 | 1364 | 2605 |
| VII | 1526 | 1634 | 3160 |
| VIII | 1894 | 1988 | 3882 |
| IX | 989 | 1157 | 2146 |
| X | 1552 | 16480 | 3192 |
| XI | 1048 | 1124 | 2172 |


ജനസംഖ്യയുടെ 47.86 ശതമാനം പുരുഷന്മാരും 52.13% സ്ത്രീകളുമാണ്. 1991 ലെ സെൻസസ് പ്രകാരം 80 % സാക്ഷരരും ബാക്കി നിരക്ഷരരുമാണ്. എന്നാൽ പിന്നീട് നടത്തിയ സാക്ഷരതാ പ്രവർത്തനത്തിലൂടെ ഈ നിരക്ഷരരിൽ ഭൂരിഭാഗത്തെയും സാക്ഷരരാക്കാൻ കഴിഞ്ഞിരുന്നു.


തൊഴിൽ പങ്കാളിത്തത്തിന്റെ കാര്യത്തിൽ സ്ത്രീ പ്രാതിനിധ്യം വളരെ കുറവാണ്. പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 58.6% ആയിരിക്കുമ്പോൾ സ്ത്രീകളുടേത് 12.5% മാത്രമാണ്. ഇതിൽ തന്നെ പകുതിയോളം പേർ ഭാഗിക തൊഴിൽ ചെയ്യുന്നവരാണ്. എന്നാൽ, കൈത്തറി, ചകരി, മേഖലയിൽ സ്ത്രീ തൊഴിലാളികൾക്കാണ് മുൻതൂക്കം. തൊഴിലാളികളുടെ മേഖലാ വിതരണമെടുത്താൽ കൂടുതൽ ജനങ്ങൾ ബന്ധപ്പെടുന്ന മേഖല മത്സ്യബന്ധനമാണെന്ന് കാണാം. മത്സ്യ ബന്ധനം, വിപണനം, സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട് അനേകം പേർ ജോലി ചെയ്യുന്നു. കാർഷിക മേഖല രണ്ടാമതായാണ് വരുന്നത്. ഇതിൽ തന്നെ കൃഷിയെ തൊഴിലായി സ്വീകരിച്ചിരിക്കുന്നവർ തുലോം വിരളമാണ്. തൊഴിലെടുക്കാൻ സന്നദ്ധരാകുന്ന സ്ത്രീകളിൽ 25% ത്തിനു പോലും തൊഴിലില്ലെന്ന് കാണാം.

# ജലപ്രകൃതി

കൃഷി മുഖ്യമായും മഴയെ ആശ്രയിച്ചാണ്. വർഷപാതത്തിൽ 72% വും കാലവർഷത്തിലൂടെ ലഭിക്കുന്ന. മഴ ഏറ്റവും കുറവ് ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ്. ഒരു വർഷത്തിൽ 3 മീറ്ററിൽ അധികം മഴ ലഭിക്കുന്നുണ്ടെങ്കിലും കൂടി കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ശാസ്ത്രീയമായ ജല വിഭവ മാനേജ്മെന്റിന്റെ അപര്യാപ്തത കൊണ്ടാണിത്. കുളങ്ങളും നീർക്കെട്ടുകളും തോടുകളും കൊണ്ട് സമ്പന്നമാണ് നമ്മുടെ പഞ്ചായത്ത്. തുലാവർഷത്തിനും കാലവർഷത്തിനുമിടയിൽ ഇടമഴ ലഭിച്ചില്ലെങ്കിൽ വരൾച്ച സമീപ കാലങ്ങളിൽ അനുഭവപ്പെടുന്ന ഗുരുതരമായ ഒരു പ്രശ്നമാണ്.

അശാസ്ത്രീയമായി മണ്ണെടുക്കുന്നത് മൂലവും ആ മണ്ണ് ഉപയോഗിച്ച് കൃഷിയിടങ്ങൾ നികത്തി വീട് പണിയുന്നത് മൂലവും ചില പരിസ്ഥിതി പ്രശ്നങ്ങൾ പഞ്ചായത്തിൽ ഉടലെടുത്തിട്ടുണ്ട്. പുഴകളെയും തോടുകളുടെയും കരയിലുള്ള കണ്ടൽക്കാടുകൾ നശിപ്പിക്കപ്പെടുന്നത് മൂലവും മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയക്ക് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാവുന്നുണ്ട്. പഞ്ചായത്തിന്റെ തെക്കൻ ഭാഗങ്ങളിൽ അശാസ്ത്രീയമായ കക്കവാരൽ മൂലം കാർഷിക മേഖലയിലും പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ട്.





# കൃഷി ജലസേചനം

പടിഞ്ഞാറ് അറബിക്കടലിനും തെക്കു കിഴക്കുമുള്ള എലത്തൂർ പുഴക്കും ഇടയിൽ ഒരു ഉപ ദ്വീപു പോലെ കാണപ്പെടുന്ന ചേമഞ്ചേരി പ്രദേശത്തിന് കാർഷിക വൃത്തിയിൽ രണ്ടായിരം വർഷ ത്തിൽ കൂടുതൽ പാരമ്പര്യമുണ്ടായിരുന്നു എന്നതിന് ചരിത്ര രേഖകൾ സാക്ഷ്യം വഹിക്കുന്നു. ഇവിടെ നിലവിലുണ്ടായിരുന്ന കൂട്ടു കുടുംബത്തിന്റെ നട്ടെല്ല് കൃഷിയായിരുന്നു. വള്ളിയൂർ കാവിൽ നിന്ന് വിലയ്ക്ക് വാങ്ങിക്കൊണ്ടുവന്നിരുന്ന അടിമത്തൊഴിലാളിയും കുടുംബാംഗങ്ങളും തറവാട്ടിലെ കാര ണവർക്ക് ഒരു പോലെ സ്വന്തക്കാരായിരുന്നു. കുടുംബാംഗങ്ങളും അടിമപ്പണിക്കാരും ഒന്നിച്ച് പാട ത്തിലും പറമ്പിലും പണിയെടുത്തു. എല്ലു മുറിയെ പണിയെടുത്താൽ പല്ലുമുറിയെ തിന്നാമെന്ന് സമൂഹം ഒന്നിച്ച് പഠിച്ച് പ്രചരിപ്പിച്ചു. കൃഷിയെ കാരണവൻമാർ സ്വർഗ്ഗത്തോടും നരകത്തോടും, ദൈവത്തോടും, ചെകുത്താനോടും കലയോടും, വിദ്യഭ്യാസത്തോടും ബന്ധിപ്പിച്ച് മനുഷ്യഹൃദയത്തിന്റെ തുടിപ്പാക്കി, കൃഷി മുറയറിയാത്ത ആണും പെണ്ണും കൊള്ളരുതാത്തവരായിട്ടാണ് കരുതിയിരുന്നത്. ഞാറ്റു വേല കൾക്കൊത്ത് ദിവസങ്ങൾ എണ്ണി മണ്ണറിഞ്ഞ് വിത്തിട്ട് ജീവിച്ചു. കുടുംബത്തിലെ ഓരോ അംഗവും കൃഷി പഠിച്ചിട്ടുണ്ടോ എന്ന് കുടുംബനാഥൻ ശ്രദ്ധിച്ചിരുന്നു.


കൃഷിപ്പണികൾ നടത്തിയിരുന്നത് തറവാട്ടിലെ അടിമപ്പുലയൻ ആയിരുന്നു വിതയ്ക്കലും, കൊയ്യലും, മെതിക്കലും, ചിക്കലും, ചേറലും പാറ്റലും എല്ലാം തന്നെ ഇയാളുടെ മേൽനോട്ടത്തിലായി രുന്നു. നാട്ടിപ്പാട്ടിന്റെയും വടക്കൻ പാട്ടിന്റേയും കാളപൂട്ടലിന്റേയും കളം പെരുക്കലിന്റേയും തപ്പുകൊട്ട ലിന്റേയും വെള്ളരിനാടകത്തിന്റെയും ആഹ്ലാദത്തിമിർപ്പിൽ വയലേലകൾ പുളകമണിഞ്ഞിരുന്നു.

ധാരാളം പശുക്കളും കാളകളും ഉണ്ടായിരുന്ന തറവാടുകളും നിലനിന്നിരുന്നു. വർഷം തോറും ഉരുക്കളെ ആവശ്യത്തിനനുസരിച്ച് മീത്തലെപാത്ത് ചന്തയുൽ നിന്നും കീഴൂർ ചന്തയിൽനിന്നും ഓർക്കാ ട്ടേരി ചന്തയിൽ നിന്നും മാറ്റിയെടുത്തിരുന്നു. കാർഷിക ഉപകരണങ്ങൾ പണിയാൻ ആശാരിമാരും കൊല്ലൻമാരും ധാരാളമുണ്ടായിരുന്നു. മറ്റെല്ലാ തൊഴിലുകാരും കൃഷിക്കാരുടെ ആവശ്യങ്ങൾ നിർവ്വ ഹിച്ച് കൊടുക്കുകയും അവരവരുടെ ജീവിതം കണ്ടെത്തുകയും ചെയ്തു.

പാടങ്ങളിൽ വർഷത്തിൽ രണ്ടുപ്രാവശ്യം നെൽകൃഷിയും തുടർന്ന് വേനൽക്കാല വിളകളായി വെള്ളരി, കുമ്പളം, മത്തൻ ഇളവൻ കയ്പ്പ പടവലം വത്തക്ക തുടങ്ങിയ പച്ചക്കറികളും, എള്ള്, ചാമ തുടങ്ങിയ ഹ്രസ്വകാല വിളകളും, കൃഷിചെയ്യുന്ന രീതിയായിരുന്നു അവലംബിച്ചിരുന്നത്. മാവ് പ്ലാവ്, ആയനി, പുളി, തേക്ക്, കുളിർമാവ്, ഇപ്പൂത്തി, പന, വൻകണ, മുള, മുരിക്ക്, മുള്ളിലം തുടങ്ങിയവയും മറ്റനേകം പടുമരങ്ങൾ കൊണ്ട് നിബിഡമായിരുന്നു ഗ്രാമത്തിലെ കുന്നിൻ പ്രദേശങ്ങൾ. പറങ്കികളുടെ വരവോടെ ഇവിടെയെത്തിയ കശുമാവ് പിന്നീട് കുന്നിൻ മുകളിൽസ്ഥാനം പിടിച്ചു. തട്ടൊത്ത സ്ഥല ങ്ങളിൽ തെങ്ങും കവുങ്ങും മുഖ്യസ്ഥാനം വഹിച്ചു. ഇവയ്ക്കു പുറമെ സമതലങ്ങളിൽ വാഴയിനങ്ങ

## CHEMANCHERY PANCHAYATH

### കൃഷി-




തെങ്ങ്

നെല്ല്

കശുമാവ്

വെറ്റില

34

ളായ പൂവനും ഞാലിപ്പൂവനും, കദളിയും,കദളിക്കുന്നനും കുന്നനും മണ്ണനും, വെണ്ണിറ്റുമണ്ണനും, കിഴങ്ങുവർഗ്ഗങ്ങളായ ചേനയും ചേമ്പും കാച്ചിലും കണ്ടിക്കിഴങ്ങും മധുരക്കിഴങ്ങും ചെറുകിഴങ്ങും സമൃദ്ധമായിരുന്നു. പയറും ഉഴുന്നും മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിച്ചു. അന്ന് നിലവിലുണ്ടായിരുന്നു ഒരു ഏകദേശ വിളക്രമമാണ് മേൽ വിവരിച്ചത്.

ആദ്യകാലത്ത് ഭൂഭാഗത്തിന്റെ ഏതാണ്ട് 70% (1170 ഹെക്ടർ) നെൽപ്പാടങ്ങളായിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന കാർഷിക വ്യവസ്ഥയും കൂട്ടുകുടുംബ സമ്പ്രദായവും സർവ്വോപരി ജനതയുടെ ഭക്ഷ്യ ആവശ്യവും നെൽകൃഷി വ്യാപകമായി നിലനിൽക്കുവാൻ കാരണമായി. സമ്പദ്‌വ്യവസ്ഥയുടെ ജീവൻ തന്നെ നെൽകൃഷിയായിരുന്നു. പാട്ട വ്യവസ്ഥയിലായിരുന്നു അന്ന് കൃഷി. ഹിന്ദുക്കളിൽ മേൽ ജാതിക്കാരും. ചുരുക്കം ഈഴവരും മുസ്ലീംങ്ങളും ആയിരുന്നു ജന്മിമാർ, ജന്മികുടിയാന്മാരെ ചൂഷണം ചെയ്തിരുന്നു. കൃഷിക്കാർ ജൻമിയുടെ പറമ്പിൽ കൂരവെച്ചുകെട്ടി കൂടുകയായിരുന്നു. കൃഷിക്കാർക്ക് ഭൂമിയിൽ സ്ഥിരാവകാശമുണ്ടായിരുന്നില്ല. ഓല, നെല്ല്, തേങ്ങ, ചക്ക, നേന്ത്രക്കുല, പച്ചക്കറികൾ, മുതലായവ ജൻമിക്ക് ആധാര നിശ്ചയപ്രകാരം നൽകേണ്ടിയിരുന്നു. ഇത് കൂടാതെ ജൻമി മറ്റാവശ്യങ്ങൾക്കും കുടിയാനെ ചൂഷണം ചെയ്തു പോന്നു. നിസ്സാര കാരണങ്ങൾക്കുപോലും കുടിയാനെ ഒഴിപ്പിച്ചിരുന്നു.

പാട്ട വ്യവസ്ഥയിൽ ചില കൃഷിക്കാർ ജൻമിയിൽ നിന്നും സ്ഥലം ഒന്നായി പാട്ടത്തിനെടുക്കുകയും പിന്നീട് അത് വിഭജിച്ച് മറ്റു കൃഷിക്കാർക്ക് മേൽപ്പാട്ടത്തിന്ന് നൽകുകയും ചെയ്തു. ഇങ്ങിനെ ജൻമി കുടിയാൻ വ്യവസ്ഥയിൽ ഒരു മധ്യവർത്തിസമൂഹം നിലവിൽ വന്നു. ഈ മധ്യവർത്തികളും കൃഷിക്കാരെ ചൂഷണം ചെയ്തു പോന്നു.

ഏതാണ്ട് 1170 ഹെക്ടർ നെൽപാടമുണ്ടായിരുന്ന നമ്മുടെ ഭൂപ്രദേശത്തിന്റെ സുമാർ 7% മാത്രമെ ഇപ്പോൾ നെൽകൃഷിക്കായി ഉപയോഗിക്കുന്നുള്ളൂ.

അറുപതുകളുടെ അവസാനത്തിൽ നിലവിൽ വന്ന കുടിയായ്മ നിയമം മൂലം പാട്ടക്കുടിയാന്മാർ ഭൂവുടമകളായിത്തീരുകയും നെൽകൃഷിയേക്കാൾ തെങ്ങ് കൃഷി ലാഭകരമാവുകയും ചെയ്തതോടെ നെൽപ്പാടങ്ങൾ തെങ്ങിൻ തോപ്പുകൾ ആയിക്കൊണ്ടിരുന്നു. ജനപ്പെരുപ്പം കൂടിവരികയും കൂട്ടുകുടുംബവ്യവസ്ഥ തകരുകയും ചെയ്തതോടെ പാർപ്പിടാവശ്യത്തിനായി കൃഷി ഭൂമിയുടെ നല്ലൊരു പങ്ക് ഉപയോഗിക്കേണ്ടിവരികയും ചെയ്തത് നെൽകൃഷിയുടെ ശോഷണത്തിനിടയാക്കി. ആധുനിക വിദ്യാഭ്യാസം ലഭിച്ച പുത്തൻ തലമുറയാകട്ടെ കാർഷികവൃത്തിയോട് വിമുഖത കാണിച്ചു. ഒരു കാലത്ത് ഭക്ഷ്യഉദ്പാദനത്തിൽ ഏറെക്കുറെ സ്വയം പര്യാപ്തതമായിരുന്ന നമ്മുടെ പ്രദേശം ഇന്ന് ഭക്ഷ്യ വസ്തുക്കൾ ഇറക്കുമതിചെയ്യുകയാണ്. വിദഗ്ദരുടെ അഭാവം കാർഷികവൃത്തിയുടെ പൊതുവേയുള്ള അധപതനത്തിന് ആക്കം കൂട്ടി. പാടങ്ങൾ നികത്തപ്പെട്ടതും വർദ്ധിച്ചതോതിൽ റോഡുകൾ നിർമ്മിക്കപ്പെട്ടതും സ്വാഭാവിക നീർച്ചാലുകളുടെ ശോഷണത്തിനും അനാവശ്യമായ നീർകെട്ടിനും ഹേതുവായി. തൻമൂലം നെൽകൃഷി തകരുകയും ചെയ്തു.

ഈ പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറും ഭാഗത്തുള്ള നെൽകൃഷി ഓരു വെള്ളത്തിന്റെ ആക്രമണത്തെ നേരിടുകയാണ്. ഇത് ഇവിടങ്ങളിൽ കൃഷിയിറക്കുന്നതിൽ നിന്ന് കൃഷിക്കാരെ പിന്തിരിപ്പിക്കുന്നു. നെൽകൃഷിയെ ഒരു ജീവിതചര്യ (സംസ്കാരം) എന്ന നിലയിൽ തന്നെ കാണേണ്ടത് അത്യാവശ്യമാണ്. ഇന്ന് കേവലം 60 ഹെക്ടർ സ്ഥലത്ത് മാത്രമാണ് നെൽകൃഷി ചെയ്യുന്നത്. (പട്ടിക 1 നോക്കുക.)

ഒരു കാലത്ത് 16 മേനി കിട്ടിയിരുന്ന സ്ഥാനത്ത് ഇന്ന് 6 മേനി പോലും വിളവ് ലഭിക്കുന്നില്ല. ചെറൂറ്റിനി, പൂണാരൻ, പറവിത്ത്, തവളക്കണ്ണൻ, ചിറ്റേനി, ഓർപ്പാണ്ടി, തുടങ്ങിയ മേൻമയേറിയതും നല്ലപ്രതിരോധ ശേഷിയുള്ളതുമായ നാടൻ വിത്തിനങ്ങൾ നമുക്ക് കൈമോശം വന്നുകൊണ്ടിരിക്കുകയാണ്.

പാടശേഖര കമ്മറ്റികൾ എന്നത് ഇന്ന് കൃഷിഭവന്റെ രേഖകളിൽ മാത്രമുള്ള ഒന്നായി തീർന്നിരിക്കുന്നു. പാടശേഖരങ്ങൾ താഴെ പറയുന്നവയാണ്.

1. അയ്യപ്പൻ കാവ് (42 കൃഷിക്കാർ)
2. പൂക്കാട് (30 കൃഷിക്കാർ)
3. പെരുവയൽ (20 കൃഷിക്കാർ)

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ നിർജ്ജീവാവസ്ഥയിൽ കിടക്കുന്ന നെല്ല് വികസന സമിതി പരിപോഷിപ്പിച്ച് നെൽകൃഷി നടത്തുന്ന കർഷകന് സഹായവും പ്രോത്സാഹനവും നൽകാൻ കഴിവുള്ള ഒരു പ്രസ്ഥാനമാക്കി മാറ്റണം. ഒരു സെന്റിലും രണ്ട് സെന്റിലും വരെ നെല്ല് വിളയിക്കാനുള്ള പ്രചോദനം കൃഷിക്കാർക്ക് നൽകുവാൻ ഈ പ്രസ്ഥാനം പ്രാപ്തമാകണം. നെൽപാടങ്ങൾ നികത്തുന്നത് തടയുവാനുള്ള നിയമം കർശനമായി നടപ്പിൽ വരുത്തുകയും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഉൽപാദനച്ചെലവ് കുറച്ചുകൊണ്ട് വരികയും ചെയ്യുകയാണെങ്കിൽ നെല്ലുൽപാദനത്തിൽ ഇന്ന് നാം നേരിടുന്ന പ്രതിസന്ധി ഒട്ടൊക്കെ മറികടക്കാനാകും.

### പട്ടിക 1

### ചേമഞ്ചേരി കൃഷിഭവന്റെ അടിസ്ഥാന വിവരം

*വിള വിസ്തീർണ്ണവും ഉല്പാദനവും.*

| വിള | | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത |
|---|---|---|---|---|
| 1. നെല്ല് | | | | |
| | ഒന്നാം വിള | 20 ഹെ | 3½ ടൺ | 2000 കി/ഹെ |
| | രണ്ടാം വിള | 12 ഹെ | 2.2 ടൺ | 2000 കി/ഹെ |
| | മൂന്നാം വിള | 1 ഹെ | 2 ടൺ | 2500 കി/ഹെ |
| 2. പയർ | | 5 ഹെ | 10 ടൺ | 2000 കി/ഹെ |
| 3. എള്ള് | | | | |
| 4.പച്ചക്കറികൾ | | 5 ഹെ | 100 ടൺ | 20 ടൺ/ഹെ |
| 5. തെങ്ങ് | | 1100 ഹെ | 1.15 ലക്ഷം തേങ്ങ | 10500 തേങ്ങ/ഹെ |
| 6. വാഴ | | 3 ഹെ | 30 ടൺ | 10 ടൺ/ഹെ |
| 7. മരച്ചീനി | | 0.4 ഹെ | 12894 കി. | 32233/ഹെ |
| 8. കുരുമുളക് | | 6 ഹെ | 7200 കി. | 1200 കി./ഹെ |
| 9. പ്ലാവ് | | 0.2 ഹെ | 5280 ഫ്രൂട്ട് | 261100 ഫ്രൂട്ട്/ഹെ |
| 10. കശുമാവ് | | 0.4 ഹെ | 768 കി. | 1920 കി./ഹെ |
| 11. മാവ് | | 5 ഹെ | 72000 കി. | 14400 കി./ഹെ |
| 12. റബ്ബർ | | | | |
| 13. കവുങ്ങ് | | 10 ഹെ | 19800 കി. | 1980 കി./ഹെ |

വിളവിസ്തീർണ്ണംമൊത്തം ഉല്പാദനംഉല്പാദനക്ഷമത

തെങ്ങിനങ്ങളിൽ കൊന്നതെങ്ങ് എന്നറിയപ്പെടുന്ന വെസ്റ്റ് കോസ്റ്റ് ഇനമാണ് ഇവിടെ കണ്ടുവരുന്നത്. കടൽത്തീരത്തെ മണലിലും പുഴവക്കിലും ഉൾപ്രദേശത്തും ഇത് ഒരു പോലെ വളരുന്നു എന്നാ

ലിത് പുഴവക്കിൽ വളരെ ഉയരത്തിൽ വളരുന്നില്ല. ആയുസ്സും കുറവാണ്. ഈ ഇനം തെങ്ങുകളിൽ ഉണ്ടാകുന്ന കുല ഒരിക്കലും ഒടിഞ്ഞ് തൂങ്ങി കിടക്കുകയില്ല. ആറോ, ഏഴോ വർഷങ്ങൾക്കകം കായ്ക്കുന്ന ഇവയിൽ നിന്ന് ശരാശരി 140ഗ്രാം കൊപ്ര ലഭിക്കുന്നു. ഇവക്കിടയിൽ കൃഷി വകുപ്പ് പ്രചരിപ്പിച്ച T x D സങ്കരയിനം വേണ്ടത്ര വിജയകരമായില്ല. വിത്തു തേങ്ങ തെരഞ്ഞെടുക്കുന്നതിനും തൈകൾ ഉണ്ടാക്കുന്നതിനും പ്രത്യേക രീതികൾ നിലവിലുണ്ടായിരുന്നു. തെങ്ങോലകൾ തമ്മിൽ അണ്ണാന് ചാടിയാൽ പിടിക്കുവാൻ പറ്റാത്ത ഇടയകലത്തിലാണ് തൈകൾ വെച്ചിരുന്നത്. വിഷുവിന്നും, ഓണത്തിന്നുമായിരുന്നു പ്രധാനമായും തൈകൾ നട്ടിരുന്നത്.

ആദ്യകാലങ്ങളിൽ ഉണ്ടായിരുന്ന ഉൽപാദനക്ഷമത ഇപ്പോൾ കുറഞ്ഞുവരികയാണ്. ജലസേചനത്തിന്റെ അഭാവം പരിചരണക്കുറവ്, അശാസ്ത്രീയമായ കൃഷിരീതികൾ വർദ്ധിച്ച കൂലിചെലവ് വളങ്ങളുടെ വിലവർദ്ധനവ് എന്നിവ ഉൽപാദനക്ഷമത ഇടിയുന്നതിന് കാരണമായി. കേരോൽപ്പന്നങ്ങളുടെ തുടർച്ചയായി അനുഭവപ്പെട്ടുവരുന്ന വിലക്കുറവ് തെങ്ങ് കൃഷി രംഗത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്.

ജനസംഖ്യയിലുണ്ടായ വർദ്ധനവ് അണുകുടുംബവൽക്കരണത്തിന് കാരണമാവുകയും ഇത് പുരയിടങ്ങളുടേയും പറമ്പുകളുടേയും തുണ്ടുവൽക്കരണത്തിന് ആക്കം കൂട്ടുകയും തൻമൂലം വൃക്ഷസാന്ദ്രത വർദ്ധിക്കുകയും ചെയ്തു. ഇതിന്ന് പുറമെ വർദ്ധിച്ചതോതിൽ നാട്ടിലേക്കൊഴുകിയ വിദേശപണവും പാർപ്പിടാവശ്യവും ചേർന്ന് സൃഷ്ടിച്ച കെട്ടിട വിപ്ലവവും അതിന്റെ ഉപോൽപ്പന്നമായ റോഡു നിർമ്മാണങ്ങലും കൃഷിഭൂമിയുടെ തുണ്ടുവൽക്കരണത്തെ ത്വരിതപ്പെടുത്തി. കൃഷി ഭൂമി കൈവശം വെച്ച ഉദ്യോഗസ്ഥർ കച്ചവടക്കാർ തുടങ്ങിയ വലിയൊരു വിഭാഗം ആൾക്കാർ കൃഷിയോട് കാണിക്കുന്ന വൈമുഖ്യവും തെങ്ങ് കൃഷിയുടെ തകർച്ചക്ക് ആക്കം കൂട്ടി.

കോഴിക്കോട് ജില്ലയിൽ കടലാക്രമണം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ഒരു പ്രദേശമാണ് ചേമഞ്ചേരി പഞ്ചായത്ത്. ഇത് മൂലം പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറൻ തീരപ്രദേശത്ത് തെങ്ങ് കൃഷിക്ക് കാര്യമായ നഷ്ടം സംഭവിക്കുന്നുണ്ട്.

ഗ്രാമത്തിലെ കൃഷിക്കാരിൽ ഭൂരിഭാഗവും നാമമാത്ര കർഷകരാണ്. വളരെ ചെറിയൊരു ശതമാനത്തന്ന് മാത്രമാണ് തങ്ങളുടെ വാർഷിക വരുമാനത്തിന്റെ പകുതിയെങ്കിലും കൃഷിയിൽ നിന്ന് ലഭിക്കുന്നത്. ഒരു തെങ്ങിന് നിലവിലുള്ള കണക്കുകൾ പ്രകാരം ചെലവ് 140 രൂപയാകുമ്പോൾ വരുമാനം 160 രൂപ (വർഷത്തിൽ ശരാശരി 40 തേങ്ങ എന്ന തോതിൽ) മാത്രമാണ്. ഇത്രയും തുച്ഛമായ ലാഭമാണ് ലഭിക്കുന്നതെങ്കിലും കാലാകാലമായി ഭൂമിയുടെ വിലയിലുണ്ടാവുന്ന വർദ്ധനവാണ് ഈ കൃഷിയിൽ നിന്നും ആളുകളെ പിന്തിരിപ്പിക്കാതിരിക്കുന്നത്.

കൊല്ലത്തിൽ 200 തേങ്ങ വിളയുന്ന തെങ്ങുകളും ഒന്നും വിളയാത്ത തെങ്ങുകളുമാണ് ശരാശരി ഉൽപാദനക്ഷമതയെ 40 ലും താഴെയായി നിർത്തുന്നത്. തെങ്ങുമായി ബന്ധപ്പെട്ട അനുബന്ധ വ്യവസായങ്ങൾ പരിപോഷിപ്പിക്കപ്പെടുകയും വിപണനത്തിന്ന് കർഷകർക്ക് സഹായകരമാകുന്ന തരത്തിൽ ഒരു കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തുകയും ചെയ്താൽ ഉൽപന്നത്തിന് കൂടുതൽ വില ലഭിക്കുകയും തെങ്ങ് കൃഷി ലാഭകരമാവുകയും ചെയ്യും.

ചേമഞ്ചേരി പഞ്ചായത്തിലെ കേര കർഷകനെ വളരെയേറെ സഹായിച്ചിരുന്ന ഒന്നായിരുന്നു തിരുവങ്ങൂരിലെ നാളീകേര സംസ്കരണ കോംപ്ലക്സ്. ആദ്യകാലത്ത് നല്ലനിലയിൽ പ്രവർത്തിച്ചുവന്നിരുന്ന ഈ സ്ഥാപനം കൊപ്രവിപണിയെ സജീവമാക്കിയിരുന്നു എന്നു മാത്രമല്ല കർഷകൻ ഇടത്തട്ടുകാരിൽ നിന്ന് ഒരു രക്ഷാകവചവുമായിരുന്നു. ഈ സ്ഥാപനത്തന്റെ തകർച്ച കേരകൃഷിക്കാരെ വളരെ പ്രതികൂലമായി ബാധിച്ചു. കോംപ്ലക്സ് വീണ്ടും പ്രവർത്തിക്കുകയാണെങ്കിൽ അത് കർഷകന് ഒരളവുവരെ സഹായകമാവും. ഈ സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ കോംപ്ലക്സിന് പിന്നിലായുള്ള

ഉദ്ദേശം 6 ഏക്കർ സ്ഥലം ഉപയോഗപ്പെടുത്തി വിവിധയിനം ഹ്രസ്വകാല വിളകൾ കൃഷിചെയ്താൽ അത് നമ്മുടെ പഞ്ചായത്തിന്റെ കാർഷിക വികസനത്തിന് ഒരു മുതൽക്കൂട്ടാവും.

തേങ്ങയും ഇളനീരും നമുക്ക് എളുപ്പത്തിൽ ലഭ്യമാവുന്ന ഒരു സമ്പൂർണ്ണ പോഷകാഹാരമാണ്. ഇവ ഫലങ്ങളേയും പച്ചക്കറിയേയും പോലെ നേരിട്ട് ഭക്ഷ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരു ശീലം പ്രചരിപ്പിക്കുകയാണെങ്കിൽ അത് നമ്മുടെ കേരവിപണിയെ ശക്തിപ്പെടുത്തുക മാത്രമല്ല. ജനതയുടെ ആരോഗ്യം തന്നെ മെച്ചപ്പെടുത്തുകയും ചെയ്യും.

തെങ്ങ് കൃഷിക്കാർ ഇന്ന് നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് അനുദിനം വർദ്ധിച്ചുവരുന്ന കൂലി ചെലവ്. ഇതിന്ന് ഒരു നിയന്ത്രണം ആവശ്യമാണ്. ഈ വർദ്ധനവിന്ന് ഒരു കാരണം വിദഗ്ദതൊഴിലാളികളുടെ അഭാവമാണ്. കൂടുതൽ വിദഗ്ദത്തൊഴിലാളികളെ പരിശീലിപ്പിക്കുകയും കർഷകരും തൊഴിലാളികളും ചേർന്നുള്ള ഉഭയ കക്ഷി ചർച്ചയിലൂടെ കൂലി നിശ്ചയിക്കുകയും ചെയ്താൽ ഒരളവുവരെ ഈ പ്രശ്നത്തിന്ന് പരിഹാരം കാണാൻ കഴിയും.

നമ്മുടെ പഞ്ചായത്തിലെ ഏതാണ്ട് 1100 ഹെക്ടർ സ്ഥലത്തായി സുമാർ 3.15 ലക്ഷം തെങ്ങുകൾ (പട്ടിക 1 കാണുക) കൃഷി ചെയ്തു വരുന്നുണ്ട്. ഇതിൽ പലഭാഗങ്ങളിലും തെങ്ങ് രോഗത്തിന്റെ ആക്രമണ ഭീഷണിയുണ്ട്. തീര പ്രദേശങ്ങളിൽ വ്യാപകമായ തോതിൽ തെങ്ങോലപ്പുഴുവിന്റെ ആക്രമണവും. രണ്ട് നാല് ആറ് വാർഡുകളിൽ കൂമ്പു ചീയലും കാണപ്പെടുന്നു. ഇതിനെതിരെ ശാസ്ത്രീയ പരിചരണമുറകൾ സ്വീകരിക്കേണ്ടതാണ്.

അടുത്ത കാലം വരെ വളരെയേറെ വളക്കൂറുണ്ടായിരുന്ന നമ്മുടെ മണ്ണിന്റെ ജൈവ ഗുണം അമിതമായ രാസവള പ്രയോഗം കൊണ്ട് കുറഞ്ഞ് വരികയാണ്. മണ്ണിന്റെ P.H. മൂല്യം ശരാശരി 4.5 മുതൽ 5.5 വരെയാണ്. മണ്ണു വേണ്ട വിധത്തിൽ പരിശോധിച്ച് അമ്ലത കുറക്കുവാൻ വേണ്ട നടപടികൾ ആവശ്യമാണ്.

ഈ പഞ്ചായത്തിൽ ശ്രീ. മണാട്ട് കരുണാകരൻ നായർ പ്രസിഡണ്ടും ശ്രീ. പൊന്നാടത്ത് ഗോവിന്ദൻ നായർ സെക്രട്ടറിയുമായ് ഒരു കേര വികസനസമിതി നിലവിലുണ്ട്. 'കാർഷിക' മുഖാ മുഖം (കൃഷിക്കാരും, കൃഷി മൃഗസംരക്ഷണം, ബേങ്കുകൾ, എന്നിവയിലെ ഉദ്യോഗസ്ഥരും, എം.എൽ.എ ജില്ലാ, ബ്ലോക്ക്. ഗ്രാമ പഞ്ചായത്തിലെ പ്രസിഡണ്ടുമാരും ഒന്നിച്ചിരുന്ന് പഞ്ചായത്തിലെ കാർഷിക പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹാരം കാണൽ) പോലെയുള്ള പരിപാടികൾ നടത്തിവരുന്നുണ്ട്. കൃഷിഭവനും പഞ്ചായത്തും പ്രോത്സാഹനം നൽകിയാൽ ഈ സമിതിക്ക് കേര വികസനരംഗത്ത് കുറെക്കൂടി കാര്യങ്ങൾ ചെയ്യാൻ കഴിയും.

നമ്മുടെ ഭൂരിഭാഗം പറമ്പുകളിലും നന്നായി വളരുന്ന ഒന്നായിരുന്നു കവുങ്ങ്. താരതമ്യേന മോശമല്ലാത്ത വിളവും ലഭിച്ചിരുന്നു. അടക്കയുടെ വിലക്കുറവും സാമൂഹികാവശ്യങ്ങൾക്കായി തടി വെട്ടിമാറ്റിയപ്പോൾ പകരം നടാതിരുന്നതും ഈ കൃഷി കുറഞ്ഞു വന്നതിന്ന് കാരണമായി. നല്ലയിനം കവുങ്ങിൻ തൈകൾ (മംഗള, ശ്രീ മംഗള, കാസർകോടൻ, നാടൻ) നട്ട് നല്ല പരിചരണം ജലസേചനം എന്നിവ നടത്തിയാൽ ഈ കൃഷിയേയും പരിപോഷിക്കുവാൻ കഴിയും.

ഒരു കാലത്ത് ഈ പ്രദേശത്ത് പ്രമുഖ സ്ഥാനം വഹിച്ചിരുന്ന വെററില കൃഷി ഇന്ന് നാമാവശേഷിമാവുകയും 0.4 ഹെക്ടറിൽ ഒതുങ്ങുകയും ചെയ്തിരിക്കുന്നു. താങ്ങുകാലുകൾക്കുണ്ടായ ദൗർലഭ്യം, കുറഞ്ഞവിലയിൽ വെറ്റിലയുടെ ഇറക്കുമതി, ഭാരിച്ച കൂലിച്ചെലവ് എന്നിവ ഈ കൃഷിയെ തകർച്ചയിലേക്ക് നയിച്ചു. ഇനിയും നഷ്ടപ്പെട്ടിട്ടില്ലാത്ത കൃഷിമുറയും സർക്കാരിന്റെ പ്രോത്സാഹനവും നല്ലയിനം നടീൽ വസ്തുക്കളും ഉപയോഗപ്പെടുത്തി ഈ കൃഷിയെ പോഷിപ്പിക്കാൻ കഴിയും.

നെൽകൃഷിയുടെ (രണ്ടാം വിളയുടെ) തുടർച്ചയായി കൃഷി ചെയ്തുപോന്നിരുന്ന വേനൽ ക്കാല പച്ചക്കറികളായ വെള്ളരി, മത്തൻ, കുമ്പളം, ഇളവൻ, തണ്ണിമത്തൻ, കയ്പ, പടവലം തുടങ്ങിയവ നെൽകൃ

ഷിയോടൊപ്പം തന്നെ അന്യം നിന്ന് പോയി. നല്ല പരിചരണവും ജലസേചനവും ധാരാളം ജൈവ ഉവും മറ്റുള്ളവയെപ്പോലെ ഈ കൃഷിയുടേയും ജീവ നാഡിയായിരുന്നു. ഏതാണ്ട് 650 സെന്റ് സ്ഥലത്ത് ഇപ്പോഴും ഇവ കൃഷി ചെയ്തു വരുന്നുണ്ട്. ഇവയോടൊപ്പം വെണ്ട, വഴുതിന, തക്കാളി, മുളക്, മുത ലായവയും കുറഞ്ഞ തോതിൽ കൃഷി ചെയ്യുന്നു.

ഒരു കാലത്ത് വ്യാപകമായിരുന്ന ചേമ്പ് ചേന കിഴങ്ങ് വർഗ്ഗങ്ങൾ തുടങ്ങിയവുയും മേൽ വിവ രിച്ച കാരണങ്ങളാൽ അപ്രത്യക്ഷമായി. ഏതാണ്ട് 2800 സെന്റ് സ്ഥലത്ത് മാത്രമാണ് മരച്ചീനിയും മധു രക്കിഴങ്ങുംമുടക്കമുള്ള കിളങ്ങുവർഗ്ഗങ്ങൾ കൃഷിചെയ്തുവരുന്നത്. (പട്ടിക 1 കാണുക)

നടീൽ വസ്തുക്കൾ ലഭ്യമാക്കിയാൽ കൃഷി വ്യാപകമാക്കാൻ കഴിയും.

കുരുമുളക് ഈ പ്രദേശത്ത് ധാരാളമായി കൃഷി ചെയ്തിരുന്നു. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് കുരുമുളക് നമ്മുടെ തുറമുഖങ്ങളിൽ നിന്ന് കയറ്റി അയച്ചതായി അനുമാനിക്കുന്നു. കല്ലുവള്ളിയായി രുന്നു. പ്രധാന ഇനം. ഇത് മാവിലും പിലാവിലും കവുങ്ങ് മുരിക്ക് ഈന്ത് എന്നിവയിലും പടർന്ന് നല്ല വിളവ് തന്നിരുന്നു. താങ്ങ് മരങ്ങളുടെ നാശവും ഉൽപന്നത്തന്റെ വിലകുറവും ഈ കൃഷിയുടെ തളർച്ചയ്ക്ക് കാരണമായി. ഇപ്പോൾ പഞ്ചായത്തിൽ പതിനായിരം വിളവു തരുന്ന വള്ളികളെ ഉള്ളൂ എന്ന് കണക്കാക്കാം. പഴയ നാടൻ വള്ളികൾക്ക് പകരം പന്നിയൂർ ഒന്ന് കരിമുണ്ട ഇനങ്ങളാണ് സ്ഥാനം പിടിച്ചിരിക്കുന്നത്.

ഒരു കാലത്ത് വൈവിധ്യമാർന്നതും സമൃദ്ധവുമായ വാഴകൃഷി നമുക്കുണ്ടായിരുന്നു. വൃക്ഷ സാന്ദ്രത, പരിചരണക്കുറവ് കുറുനാമ്പ് രോഗം തുടങ്ങിയ കാരണങ്ങളാൽ ഈ കൃഷിയും ശോഷിച്ചു പോയി. ഒരു തീവ്ര ശ്രമം നടത്തിയാൽ ഇന്ന് മാർക്കറ്റിൽ നല്ല വില ലഭിക്കുന്ന നേന്ത്രൻ കദളിക്കു ന്നൻ, റോബസ്റ്റ് എന്നിവ നമുക്ക് വളർത്തിയെടുക്കാൻ കഴിയും. നമ്മുടെ നാട്ടിൻ പുറത്ത് തന്നെ ഇവ യുടെ നടീൽ വസ്തുക്കൾ ഇപ്പോൾ ലഭ്യമാണ്.

വർദ്ധിച്ചു വന്ന പാർപ്പിടാവശ്യത്തിനും വ്യാവസായവശ്യത്തിനും വേണ്ടി നമ്മുടെ മരങ്ങൾ വെട്ടി മാറ്റപ്പെട്ടപ്പോൾ അത് ഒരു കാലത്ത് സമ്പന്നമായിരുന്ന വൃക്ഷ വൈവിധ്യത്തിന്റെ താളം തെറ്റിക്കുക യായിരുന്നു. തോണി നിർമ്മാണത്തിന് മാവും, വീടുനിർമ്മാണത്തിനും മറ്റാവശ്യത്തിനുമായി പ്ലാവും തേക്കും, കരിനിർമ്മാണത്തിന് വേണ്ടി പുളിയും വ്യാവവസായികാവശ്യത്തിനുവേണ്ടി മുരിക്ക് കായൽ (മുള) തുടങ്ങിയവയും കഴുകൻ കണ്ണുമായെത്തിയ കച്ചവടക്കാർ കൊണ്ടുപോയപ്പോൾ അത് പരി സ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുക മാത്രമല്ല ജനതയുടെ ആരോഗ്യത്തേയും ബാധിച്ചു. കുട്ടികളുടെ പൊതു സ്വത്തായിരുന്ന മാമ്പഴമാണ് മാവിന്റെ നാശത്തിലൂടെ നമുക്ക് നഷ്ടമായത്. ശവസംസ്കാര ത്തിന് മാവ് വിറകായി ഉപയോഗിക്കുന്നത് കാരണം വംശ നാശം ത്വരിത ഗതിയിലാകുന്നു. മണ്ണിന്റെ ജൈവ ഗുണം നിലനിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ഈ വൃക്ഷങ്ങളെ പിറന്നാൾമരങ്ങൾ കൊണ്ടും സ്മാരക വൃക്ഷങ്ങൾകൊണ്ടും നിലനിർത്തുവാൻ ശ്രമിക്കേണ്ടിയിരിക്കുന്നു.

ഇന്നും മൺ മറഞ്ഞിട്ടില്ലാത്ത നാട്ടറിവുകൾ പ്രയോജനപ്പെടുത്തി ഔഷധച്ചെടികൾ ഇട വിളക ളായി കൃഷി ചെയ്തു കൊണ്ട് അന്യം നിന്നു പോകുന്ന ഔഷധ സസ്യവംശത്തേയും നമുക്ക് പരി പോഷിപ്പിക്കാൻ കഴിയും.

ചേമഞ്ചേരി പഞ്ചായത്തിലെ തിരുവങ്ങൂരിൽ സ്ഥിതിചെയ്യുന്ന കൃഷിഭവനിലൂടെ ഒട്ടേറെ കാർഷിക വികസന പദ്ധതികൾ ഓരോ വർഷവും നടപ്പാക്കുന്നുണ്ട്. (പട്ടിക രണ്ട് കാണുക) സമഗ്ര നാളീകേര വികസനപദ്ധതി, പട്ടിക ജാതിക്കാർക്കായുള്ള സ്പെഷൽ കോം പണന്റ് പ്ലാൻ (SCP) തീവ്ര സുഗന്ധ വിള വികസന പദ്ധതി (IPDS) വിള ഇൻഷൂറൻസ് തുടങ്ങിയവയാണതിൽ പ്രധാനപ്പെട്ടവ. പദ്ധതികൾ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താത്തതുകൊണ്ട് സമഗ്രവിശകലനം നടത്താത്തുകൊണ്ടും ഉൽപാ ദനക്ഷമതയിൽ ഒരു വർദ്ധനവും കാണുന്നില്ല. ഭൂരിഭാഗം കൃഷിക്കാർക്കും കൃഷിഭവന്റെ സേവനം

യഥാസമയം ലഭിക്കുന്നില്ല എന്ന പരാതിയുണ്ട്. കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും കാർഷി കരംഗത്ത് പ്രോത്സാഹനം നൽകാനും കഴിയുന്ന ഒരു കേന്ദ്രമായി കൃഷി ഭവൻ ഉയരേണ്ടിയിരിക്കുന്നു.

കാർഷിക വികസന സമിതികൾക്ക് ഈ കാര്യത്തിൽ ഒട്ടേറെ സഹായങ്ങൾ ചെയ്യാൻ കഴിയും. മേൽപറഞ്ഞ പദ്ധതികൾ വേണ്ടരീതിയിൽ കർഷകരിൽ എത്തിക്കുവാനും, പദ്ധതികൾ അവലോകനം ചെയ്ത് കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും ഈ സമിതികൾക്ക് കഴിയും. ഇതിന്നായി നിലവിലുള്ള സമിതികളെ കൂടുതൽ സജീവമാക്കുകയും മറ്റ് കാർഷിക മേഖലകളിൽ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുകയും വേണം, ഇത് വഴി കർഷകന്റെയും കൃഷിഭവന്റേയും പഞ്ചായത്തിന്റേയും കൂട്ടായ്മ വളർത്തിയെടുത്ത് കാർഷിക മേഖലയിൽ ഒരു പുത്തൻ ഉണർവു വളർത്തിയെടുക്കാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

## പട്ടിക II

**95, 96 വർഷത്തിൽ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ കൃഷിഭവനിൽ നിന്നു ലഭിച്ച സ്ഥിതി വിവരക്കണക്ക്.**

***നെൽകൃഷി:***

വിരിപ്പ്

| | | |
|---|---|---|
| അത്യുത്പാദനം | – | 1.50 ഏക്കർ |
| നാടൻ | – | 40 ഏക്കർ |

മുണ്ടകൻ

| | | |
|---|---|---|
| അത്യുത്പാദനം | – | ഇല്ല |
| നാടൻ | – | 100 ഏക്കർ |

പുഞ്ച

| | | |
|---|---|---|
| അത്യുത്പാദനം | – | 15 ഏക്കർ |
| നാടൻ | – | ഇല്ല |

***തെങ്ങ്:***

| | | |
|---|---|---|
| കായ്ഫലമുള്ളത് | – | 2,23,398 എണ്ണം |
| കായ്ഫലമില്ലാത്തത് | – | 91,550 |

***കമുക്:***

| | | |
|---|---|---|
| കായ്ഫലമുള്ളത് | – | 24,660 |
| കായ്ഫലമില്ലാത്തത് | – | 22,810 |

***കശുമാവ്:***

| | | |
|---|---|---|
| കായ്ഫലമുള്ളത് | – | 2,770 |
| കായ്ഫലമില്ലാത്തത് | – | 1,820 |

***കുരുമുളക്:***

| | | |
|---|---|---|
| കായ്ഫലമുള്ളത് | – | 16,400 |
| കായ്ഫലമില്ലാത്തത് | – | 13,200 |

| | | | |
|---|---|---|---|
| പ്ലാവ് | – 12,500 | കൈതച്ചക്ക | – 600 |
| മാവ് | – 8,800 | വാഴ | – ഈവർഷം വിളവെടുത്തത് – 4,000 |
| പന | – 1200 | | അടുത്ത വർഷം – 22,000 |

| | |
|---|---|
| പുളി | – 2,010 |
| പപ്പായ | – 6,800 |
| മുരിങ്ങ | – 2,810 |
| കൊക്കോ | – 235 |
| ജാതി | – 400 |
| മറ്റുവൃക്ഷങ്ങൾ | – 1360 |
| പഴവർഗം | – 600എണ്ണം |
| ഗ്രാമ്പു | – 50 |
| കറുവ | – 10 |
| എണ്ണത്തൈകൾ | – 5 സെന്റ് |
| പച്ചിലവളം | – 300 സെന്റ് |
| കാപ്പി | – 3 സെന്റ് |
| ഏത്തവാഴ | – 75 സെന്റ് |
| കരിമ്പ് | – 15 സെന്റ് |
| വെറ്റില | – 10 സെന്റ് |
| കാലിത്തീറ്റ | – 50 സെന്റ് |
| മൾബറി | – 41 സെന്റ് |
| ഇഞ്ചപ്പുല്ല് | – 5 സെന്റ് |
| മരച്ചീനി | – 1,050 സെന്റ് |
| പയർവർഗ്ഗം | – 10 സെന്റ് |
| പച്ചക്കറി | – 650 സെന്റ് |
| മധുരക്കിഴങ്ങ് | – 50 സെന്റ് |
| ഇഞ്ചി | – 20 സെന്റ് |
| മഞ്ഞൾ | – 50 സെന്റ് |
| കിഴങ്ങുവർഗം | – 1,700 സെന്റ് |

***<u>വികസനപദ്ധതികൾ</u>***

1. വിള ഇൻഷൂറൻസ്

   ഒരു തെങ്ങിന് 2 രൂപ

   ചുരുങ്ങിയത് 10 തെങ്ങ്

   നഷ്ടം വന്നാൽ തെങ്ങ് ഒന്നിന് ആയിരം രൂപ നൽകുന്നു.

2. പച്ചക്കറി വികസനം

   A. പൊതുജനങ്ങൾക്ക് : പച്ചക്കറി കിറ്റ് 3 എണ്ണം.

   B. വിദ്യാർത്ഥികൾക്ക് : വിത്ത് പാക്കറ്റ് 500 എണ്ണം

   C. പ്രോത്സാഹന സമ്മാനം : RS 450/-

   D. കാർഷിക പുരസ്കാരം : Rs 500/-

ഗ്രാമസഭകളിലുണ്ടായ ചർച്ചകളിൽനിന്നും ഉയർന്നു വന്ന ആവശ്യങ്ങളും അവ ഫലപ്രദമായി നടപ്പിലാക്കുവാനുള്ള നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.


| പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|
| 1. നല്ല നടീൽ വസ്തുക്കളുടെ അഭാവം | 1. പഞ്ചായത്ത് തലത്തിൽ നല്ല നഴ്സറികൾ |
| 2. ജലസേചന സൗകര്യത്തിന്റെ അഭാവം. | 2. നിലവിലുള്ള കുളങ്ങളു തോടുകളും കിണറുകളും ഫലപ്രദമായി ഉപയോഗപ്പെടുത്തുക. കുറ്റ്യാടി ഇറിഗേഷൻ കനാൽ ഉപയോഗപ്പെടുത്തുക. ജലസേചനത്തിന് ഡ്രിപ്പ് ഇറിഗേഷൻ വ്യാപകമാക്കുക. E.E.C യുടെ അയ്യപ്പൻ കാവ് ജലസേചന പദ്ധതി നടപ്പിൽ വരുത്തുക |
| 3. ഓരു വെള്ളം പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറും തെക്കും ഭാഗങ്ങളിൽ. | 3. നിലവിലുള്ള ചിർപ്പുകൾക്കും ബണ്ടുകൾക്കും ഷട്ടർ ഇടുക അവ യഥാസമയം പ്രവർത്തിക്കുവാനുള്ള സൗകര്യങ്ങൾ ചെയ്യുക. ആവശ്യമായ ഇടങ്ങളിൽ പുതിയ ഷട്ടറുകൾ പണിയുക |
| 4. കടലാക്രമണം. | 4. കടൽ ഭിത്തി കെട്ടുക |

(പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗം)

| | |
|---|---|
| 5. നീർകെട്ട് | 5. ചെറിയ തോടുകൾ വഴി വെള്ളം ഒഴുക്കികളയാനുള്ള നടപടികൾ കൈക്കൊള്ളുക |
| 6. പാടം നിരത്തൽ | 6. നിയമം കർശനമായി നടപ്പാക്കുക സാമൂഹിക സമ്മർദ്ദം പ്രയോഗിക്കുക |
| 7. തുണ്ടുവൽക്കരണം. | 7. കൂട്ടു കുടുംബ വ്യവസ്ഥയിലേക്ക് മടങ്ങുവാനുള്ള പ്രേരണ സൃഷ്ടിക്കുക |
| 8. ഉൽപന്ന സംസ്ക്കരണ സൗകര്യങ്ങളുടെ അഭാവം | 8. നാളീകേര കോംപ്ലക്സ് ഉടൻ പ്രവർത്തിപ്പിക്കുക പഞ്ചായത്തിടിസ്ഥാനത്തിൽ കൊപ്ര ഡ്രയറുകൾ വെളിച്ചെണ്ണ മില്ലുകൾ തുടങ്ങിയവ സ്ഥാപിക്കുക. |
| 9. ഉൽപന്നത്തിന്റെ വിലത്തകർച്ച. | 9. വിപണനത്തിൽ ഇടത്തട്ടുകാരെ ഒഴിവാക്കി ഉൽപാദകർ സഹകരണ സംഘങ്ങൾ രൂപീകരിച്ച് സംഭരണവും വിപണനവും നടത്തുക. ഇളനീർ പന്തലുകൾ തുടങ്ങുക |
| 10. ജൈവ വളത്തിന്റെ അഭാവം. | 10. വീട്ടു വളപ്പിൽ കമ്പോസ്ററ് കുഴികൾ നിർമ്മിക്കാൻ പ്രോത്സാഹനം നൽകുക. ഇന്നത്തെ നാമമാത്രമായ സബ്സിഡി ഉയർത്തുക. മണ്ണിരകമ്പോസ്റ്റ് ഉണ്ടാക്കുന്ന രീതി പ്രചരിപ്പിക്കുക. പഞ്ചായത്തടിസ്ഥാത്തിൽ ജൈവ വള ഫാക്ടറി സ്ഥാപിക്കുക. പച്ചിലകൾക്കായി വൃക്ഷങ്ങൾ നട്ടു പ്രോത്സാഹിപ്പിക്കുക. |
| 11. സ്ഥിരമായി കൃഷി ചെയ്യാതെ ഇടുന്ന സ്ഥലം | 11. കൃഷിയോഗ്യമാക്കുക. കൂട്ടു കൃഷി പ്രോത്സാഹിപ്പിക്കുക. |
| 12. പച്ചക്കറി കൃഷി വർദ്ധിപ്പിക്കുക. | 12. അനുയോജ്യമായ സ്ഥലം തെരഞ്ഞെടുത്ത് കൃഷിക്കാരുടെ കൂട്ടായ്മയിലൂടെ ഉൽപാദനം വർദ്ധിപ്പിക്കുക. ഒരു കാർഷിക വികസന സേന രൂപീകരിച്ച് പഞ്ചായത്തിലെ ഏഴായിരത്തോളം കുടുംബങ്ങളിലും സൗജന്യ നിരക്കിൽ വിത്തും വളവും എത്തിച്ച് കൃഷി പരിപോഷിപ്പിക്കുക. പരിചരണവും വിപണനവും ഇവരുടെ നേതൃത്വത്തിലായിരിക്കണം. |
| 13. നെല്ലുൽപാദനം വർദ്ധിപ്പിക്കുക | 13. ഗ്രൂപ്പ് ഫാമിംഗ് നടപ്പിൽ വരുത്തുക |
| 14. ശാസ്ത്രീയ കൃഷിരീതിയുടെ അഭാവം. | 14. പഞ്ചായത്തടിസ്ഥാനത്തിൽ മണ്ണ് പരിശോധനാ സംവിധാനം ഏർപ്പെടുത്തുക. കാർഷിക വിദ്യാഭ്യാസം ബോധവൽക്കരണം നാട്ടറിവുകൾ ശേഖരിച്ച് പഠിപ്പിക്കുക. |
| 15. അഭ്യസ്ഥ വിദ്യരും സ്ത്രീകളും കൃഷിയിൽ നിന്നും വിട്ടു നിൽക്കുന്നു. | 15. ബോധവൽക്കരണം, പൂ കൃഷി കൂൺ കൃഷി അടുക്കളത്തോട്ട നിർമ്മാണം വ്യാപകമാക്കുക. |

| | |
|---|---|
| | വാർഡു തോറും കാർഷിക പുരസ്കാരങ്ങൾ ഏർപ്പെടുത്തുക. പൂന്തോട്ട നിർമ്മാണത്തിൽ പരിശീലനം നൽകുക. |
| 16. നാമമാത്ര കൃഷിക്കാർക്ക് വേണ്ടത്ര സഹായം ലഭിക്കുന്നില്ല. | 16. കാർഷിക സബ്സിഡി എല്ലാവർക്കും ലഭ്യമാക്കുക. ചുരുങ്ങിയ പലിശയ്ക്ക് എല്ലാവർക്കും വായ്പ ലഭ്യമാക്കുക. സഹകരണ സംഘം മുഖേന കാർഷിക വായ്പകൾ ഉദാരമാക്കുക. |
| 17. തൊഴിലാളികളുടെ കൂലി വർദ്ധനവ് | 17. കൃഷിക്കാരും തൊഴിലാളികളും ഉഭയകക്ഷിചർച്ചയിലൂടെ ഏകീകരിച്ച കൂലി സമ്പ്രദായം നടപ്പിൽ വരുത്തുക. |
| 18. കുറയുന്ന ഉത്പാദനക്ഷമത | 18. തെങ്ങ് കൃഷിയിലെ സാന്ദ്രത കുറക്കുക. വിളവു നൽകാത്തവ വെട്ടിമാറ്റി പുതിയത് നടാൻ പ്രോത്സാഹനം കൊടുക്കുക. നല്ല നടീൽ വസ്തുക്കൾ കൃഷിഭവൻ മുഖേന ലഭ്യമാക്കുക |
| 19. വിദഗ്ധരുടെ അഭാവം. | 19. പരിശീലനം നൽകുക |
| 20. കാർഷികോപകരണങ്ങളുടെ അഭാവം | 20. ട്രില്ലറും, മറ്റു കാർഷികോപകരണങ്ങളും മിതമായ വിലയ്ക്കും വാടകയ്ക്കും ലഭ്യമാക്കുക. |
| 21. മണ്ണൊലിപ്പ് | 21. കൽക്കെട്ടുകൾ നിർമ്മിക്കാൻ സഹായം നൽകുക. വനവൽക്കരണം വ്യാപകമാക്കുക. |
| 22. പച്ചക്കറികളുടെ വിപണന സൗകര്യത്തിന്റെ അഭാവം | 22. പച്ചക്കറിച്ചന്തകൾവ്യാപകമായി സംഘടിപ്പിക്കുക. |
| 23. കേര വികസനസമിതി സജീവമാക്കുക. | 23. ഇന്നത്തെ ഭൂപരിധി എടുത്തുകളയുക പ്രവേശന ഫീസ് നാമ മാത്രമാക്കുക. |





# ജലസേചനം

ചേമഞ്ചേരി പഞ്ചായത്തിൽ കൃഷി ഇടവപ്പാതിയിലും തുലാമാസത്തിലും ലഭിച്ചിരുന്ന കാല വർഷത്തെ ആശ്രയിച്ചായിരുന്നു നടന്നു വരുന്നത്. വെറ്റിലക്കൊടിക്കും, പച്ചക്കറി കൃഷിക്കും ഏത്തം ഉപയോഗിച്ച് ജലസേചനം നടത്തിയിരുന്നു. വേനൽക്കാലത്ത് വറ്റാത്ത കുളങ്ങളും കിണറുകളും ഈ പ്രദേശത്തിന്റെ സവിശേഷതകളായിരുന്നു. വന നശീകരണവും അശാസ്ത്രീയമായ ഉപയോഗവും വേനൽക്കാലത്ത് വറ്റാത്ത കുളങ്ങളും കിണറുകളും ഈ പ്രദേശത്തിന്റെ സവിശേഷതകളായിരുന്നു. വനനശീകരണവും അശാസ്ത്രീയമായ ഉപയോഗവും വേനൽക്കാലമെത്തും മുമ്പ് തന്നെ ഇവ വറ്റി വരളുന്നതിന്ന് കാരണമായി.

വർഷത്തിൽ ശരാശരി 3000 മി. മീ മഴ ലഭിക്കുന്നതിൽ 70%വും ഇടവപ്പാതിയിൽ നിന്നാണ്. ജനുവരി ഫിബ്രവരി മാർച്ച് മാസങ്ങൾ ഒഴിച്ച് ബാക്കി എല്ലാമാസവും മഴപെയ്യാറുണ്ട്. തുലാ വർഷം പണ്ടത്തെ അത്ര ലഭിക്കുന്നില്ലന്നാണ് പഴമക്കാർ പറയുന്നത്. മഴവെള്ളം വേണ്ടവിധം ഉപയോഗിക്കാൻ കഴിയാതെ 90% വും അറബിക്കടലിലേക്ക് ഒലിച്ച് പോകുന്നു.

നാലാം വാർഡിന്റെ മദ്ധ്യത്തിൽ നിന്ന് ഉദ്ഭവിച്ച് തെക്ക് അഴീക്കൽ ഭാഗത്ത് പുഴയിൽ അവസാനിക്കുന്ന ഉദ്ദേശ്യം രണ്ട് കിലോ മാറ്റർ ദൈർഘ്യമുള്ള കാപ്പാടൻ കൈപ്പുഴയാണ് തോടുകളിൽ ഏറ്റവും വലുത്. കപ്പാടൻ കൈപ്പുഴയിൽ ഓരു വെള്ളം കയറുന്നത് കൊണ്ട് ഇതിലെ വെള്ളം ഉപയോഗ ശൂന്യമാകുന്നു. ഇവിടെ നിലവിലുള്ള ബണ്ടുകളും ചീർപ്പുകളും ഷട്ടറിട്ട് ഓരു വെള്ളം തടഞ്ഞാൽ ചേമഞ്ചേരി പഞ്ചായത്തിന്റെ തെക്കേൻ മേഖലയിലെ ആയിരക്കണക്കിന് ജനങ്ങളുടെ ജലസേചനം കുടിവെള്ളം തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരമാകും.

കാപ്പാടൻ കൈപ്പുഴക്ക് പുറമെ ഇതിന്റെ കൈ വഴികളായ മണലിക്കണ്ടി തോട്, ഇരുകണ്ണിത്തോട് അടക്കം മൊത്തം 15 കി.മി അധികം നീളമുള്ള തോടുകളും പഞ്ചായത്തിലുണ്ട്. ഇവയിൽ ഭൂരിഭാഗവും തെക്കൻ ഭാഗത്ത് സ്ഥിതിചെയ്യുന്നു. ഓരു വെള്ളം നിയന്ത്രിച്ചാൽ ഇത് കൃഷിക്ക് വളരെ ഉപയോഗപ്രദമാക്കാൻ കഴിയും.


എട്ടാം വാർഡിലെ പാറക്കുളത്തിലെ വെള്ളം സമീപ വാർഡുകളിൽ ഡ്രിപ്പ് ഇറിഗേഷന്ന് ഉപയോഗപ്പെടുത്താവുന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ 2, 9, 5 വാർഡുകളിലൂടെ കടന്നു പോകുന്ന കുറ്റ്യാടി കനാൽ ശാഖയിൽ നിന്നു വെള്ളം ലഭിക്കുന്ന പക്ഷം കൃഷിക്ക് വളരെയേറെ ഗുണം ലഭിക്കും. ഡ്രിപ്പ് ഇറിഗേഷൻ


നടത്തുന്നവർ പഞ്ചായത്തിൽ ഒന്നു രണ്ടു പേരെ ഉള്ളു. തെങ്ങിൻ തോപ്പിൽ വരൾച്ച നിയന്ത്രിക്കാൻ തൊണ്ടു മൂടുന്നവരും വിരളമാണ്.

കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന 179 പമ്പുസെറ്റുകൾ ഈ പഞ്ചായത്തിലുണ്ട്. വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന പമ്പുസെറ്റുകളുടെ എണ്ണം ഇതിന്റെ എത്രയോ ഇരട്ടിയാണ്. പമ്പുസെറ്റുകൾ ഉപയോഗിക്കുന്നത് വളരെ അശാസ്ത്രീയമായ രീതിയിലാണ്. 50സെന്റിൽ കുറഞ്ഞ ഭൂമിയുള്ളവരും 1½ HP പമ്പ് വാങ്ങാൻ നിർബന്ധിതരാവുന്നു. ½ HP പമ്പ് സെറ്റ് വാങ്ങുന്നവർക്ക് ആനുകൂല്യങ്ങൾ ഒന്നും ലഭിക്കുന്നില്ല.

ജൈവ വസ്തുക്കൾ പുതയിട്ട് ഭൂമിയിലെ ബാഷ്പീകരണം കുറക്കുവാനും മഴവെള്ളം കൃഷിയിടത്തിൽ ശേഖരിക്കാനും കൃഷിക്കാരന് അറിവുനൽകിയാൽ ഈ പഞ്ചായത്തിലെ ജലക്ഷാമത്തിന് പരിഹാരം കാണാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.



45



# മൃഗസംരക്ഷണം

കാർഷിക മേഖലയ്ക്ക് പ്രധാന സ്ഥാനമുണ്ടായിരുന്ന ചേമഞ്ചേരി പഞ്ചായത്തിൽ അനുബന്ധ മായ മൃഗസംരക്ഷണവും വളരെ പ്രധാനപ്പെട്ടതായിരുന്നു. നെൽപ്പാടങ്ങളും മറ്റും ധാരാളമുണ്ടായി രുന്നു. നെൽപ്പാടങ്ങളും മറ്റും ധാരാളമുണ്ടായിരുന്ന ആദ്യകാലങ്ങളിൽ കാലിവളർത്തൽ പല കുടും ബങ്ങളുടേയും മുഖ്യതൊഴിലായിരുന്നു. പ്രധാനമായും നിലം ഉഴുന്നതിന്നും ഭാരം വലിക്കുന്നതിന്നും പാലിനും വേണ്ടിയായിരുന്നു അക്കാലങ്ങളിൽ കന്നുകാലികളെ ഉപയോഗിച്ചിരുന്നത്. അതോടൊപ്പം കൃഷിയ്ക്ക് വേണ്ടിയിരുന്ന ജൈവ വളത്തിന്റെ ആവശ്യകതയും കന്നുകാലികൾ പരിഹരിച്ചു. കാലിവ ളർത്തലിനെ ഏറ്റവും ദോഷകരമായി ബാധിച്ചത് നെൽകൃഷിയുടെ തകർച്ചയാണ്. നെൽപാടങ്ങൾ നികത്തി വീട് വെച്ചതും തെങ്ങുകൃഷി പാടങ്ങളിലേക്കു കൂടി വ്യാപിപ്പിച്ചതും തീറ്റപ്പുല്ലിന്റെ ലഭ്യത കുറയാനിടയാക്കി. പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറിയതും തീറ്റപ്പുല്ലിന്റെ നാശ ത്തിനിടയാക്കി. തീറ്റപ്പുല്ലിന്റെ ലഭ്യത കുറഞ്ഞത് കാലിവളർത്തൽ തകർത്തു.

ഇപ്പോൾ ചേമഞ്ചേരി പഞ്ചായത്തിൽ 880ഓളം കുടുംബങ്ങളിൽ പശുവളർത്തൽ ഉപതൊഴിലാ യുണ്ട്. മുഖ്യ തൊഴിലായി പശുവളർത്തൽ സ്വീകരിച്ച ഒരാൾ മാത്രമാണുള്ളത്.

## ചേമഞ്ചേരി പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ എണ്ണം.

(അവലംബം : 1996 ൽ മൃഗസംരക്ഷണവകുപ്പ് എടുത്ത സർവേ റിപ്പോർട്ട്)

| | |
|---|---|
| നാടൻ വിത്തുകാള | - 2 |
| സങ്കര ഇനം വിത്തുകാള | - 3 |
| പശു (നാടൻ) | - 210 |
| പശു (സങ്കരയിനം) | - 1880 |
| എരുമ | - 10 |
| ആട് | - 1056 |
| പട്ടി | - 275 |
| പോത്ത് | - കണക്കുകൾ ലഭ്യമല്ല. |

ചേമഞ്ചേരി പഞ്ചായത്തിൽ ഈ അടുത്തകാലം വരെ ക്ഷീര സംഭരണ വിപണനരംഗത്ത് മൂന്ന് സഹകരണ സംഘങ്ങൾ പൂക്കാട്, തിരുവങ്ങൂർ, കാട്ടിലെപീടിക എന്നിവിടങ്ങളിലായി പ്രവർത്തിച്ചി രുന്നു. പ്രവർത്തന നഷ്ടം കാരണം പൂക്കാട് സംഘം ഇപ്പോൾ നിലവിലില്ല. കാട്ടില പീടിക ഭാഗിക

മായി പ്രവർത്തിയ്ക്കുന്നു. തിരുവങ്ങൂരിലുള്ള സംഘവും ഭാഗികമായേ പ്രവർത്തിക്കുന്നുള്ളൂ. പാലിന്റെ ഉപഭോഗത്തിൽ വമ്പിച്ച വർദ്ധനവ് ഈ അടുത്തകാലത്തായി ഉണ്ടായിട്ടുണ്ട്. മിൽമയുടെ പാൽ ചേമഞ്ചേരി പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ഇപ്പോൾ വിതരണം ചെയ്യുന്നുണ്ട്.

തീറ്റപ്പുല്ലിന്റെ ദൗർലഭ്യമാണ് കാലിവളർത്തുകാർ നേരിടുന്ന ഒരു പ്രധാന പ്രശ്ന. സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന വൈക്കോലാണ് ചേമഞ്ചേരി പഞ്ചായത്തിൽ ഈ പ്രശ്നം കുറേയൊക്കെ പരിഹരിക്കുന്നത്. ഈ ഇനത്തിൽ വൻതോതിൽ പണം പഞ്ചായത്തിന് നഷ്ടപ്പെടുന്നു.

ആദ്യകാലങ്ങളിൽ മിക്കകുടുംബങ്ങളിലേയും സ്ത്രീകളുടെ വരുമാന മാർഗ്ഗമായിരുന്ന ആടുവളർത്തൽ ഇന്ന് മുരടിപ്പ് നേരിടുകയാണ്. കർഷകരുടെ താത്പര്യക്കുറവ്, തീറ്റയുടെ ദൗർലഭ്യം എന്നിവയാണ് ആദായകരമായ ആടുവളർത്തലിനെ മുരടിപ്പിച്ചത്.

മിക്കവീടുകളിലും കോഴിവളർത്തുന്ന ഒരു ശീലം മുൻകാലം മുതലേ നമ്മുടെ നാട്ടിൽ നിലവിലുണ്ടായിരുന്നു. വീടുകളിൽ നിന്ന് കോഴിമുട്ടശേഖരിച്ച് പട്ടണത്തിലേക്ക് കൊണ്ടുപോകുന്ന കച്ചവടക്കാർ അക്കാലത്തെ സ്ഥിരം കാഴ്ചയായിരുന്നു. വീടുകളിലെ ഭക്ഷ്യാവശിഷ്ടങ്ങൾ നൽകിയായിരുന്നു കോഴികളെ വളർത്തിയിരുന്നത്. കോഴിമുട്ടയുടെയും കോഴി ഇറച്ചിയുടെയും ഉപഭോഗത്തിൽ വമ്പിച്ച വർദ്ധനവ് ഈ അടുത്ത കാലത്തായി ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതനുസരിച്ച വർദ്ധനവ് ഉല്പാദനത്തിൽ ഉണ്ടായിട്ടില്ല. വീടുകളിൽ വളർത്തുന്ന നാടൻ കോഴികൾക്ക് പുറമെ 28 ഇറച്ചിക്കോഴി വളർത്തു കേന്ദ്രങ്ങളും പഞ്ചായത്തിലുണ്ട്.

കന്നുകുട്ടികൾ ഇന്ന് ആദ്യ പ്രസവത്തിലെത്തുന്നത് ശരാശരി 46 മുതൽ 52വരെ മാസത്തിലാണ്. ഇത് 36ാ മത്തെ മാസത്തിലേക്ക് കൊണ്ട് വരികയാണെങ്കിൽ ഒരു വർഷമെങ്കിലും മുന്നേ ആദായം ലഭിക്കാനും ഒരു വർഷത്തെ തീറ്റ ലാഭിക്കുവാനും കഴിയും. ഇതിനായി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം കുറഞ്ഞനിരക്കിൽ തീറ്റ നൽകി വളർത്തുന്ന കന്നുകുട്ടികൾക്ക് ഈ നേട്ടം കൈവരിക്കാൻ കഴിയുന്നുണ്ട്. അതിനാൽ നമ്മുടെ പഞ്ചായത്തിൽ കന്നുകുട്ടി പരിപാലന ലോ വയസ്സ് പദ്ധതി നടപ്പിലാക്കണം.

മൂന്നോ അതിൽ കൂടുതൽ പ്രായമുള്ള കന്നുകുട്ടികളിൽ മദിയിളകാത്തവയേയും, മൂന്നോ നാലോ പ്രാവശ്യം കുത്തിവച്ചിട്ടും ചനപിടിക്കാത്തവയേയും പോറ്റുന്നതിനുള്ള നഷ്ടം ഒഴിവാക്കാൻ അവയെ ഇറച്ചിക്കുവേണ്ടി വിടുവാനുള്ള സംവിധാനം ആവശ്യമാണ്.

പഞ്ചായത്തിലെ കന്നുകാലികളിൽ 80 മുതൽ 90% വരെ യാതൊരു വിധ ഇൻഷൂറൻസ് ആനുകൂല്യമില്ലാത്തവയാണ്. കാലികളുടെ മരണം കർഷകന് വലിയൊരു സാമ്പത്തിക ബാധ്യതയാണ് ഇന്നുണ്ടാക്കുന്നത്. ഇതു പരിഹരിക്കാൻ ക്ഷീരോത്പാദന സഹകരണസംഘം മുൻകൈയെടുത്ത് നല്ലയിനം കാലികളെയെങ്കിലും ഇൻഷ്യൂർ ചെയ്യുവാനുള്ള പദ്ധതി നടപ്പിലാക്കണം.

കന്നുകാലികളുടെ തിരിച്ചറിയൽ മുദ്ര പതിപ്പിക്കുകയും ഐഡന്റിറ്റി കാർഡ് നൽകുകയും വേണം. കാർഡിൽ കുത്തിവെയ്പ്, പ്രസവം, പാലുൽപാദനം തുടങ്ങിയ അനേകം വിശദവിവരങ്ങൾ ലഭ്യമാക്കാം. ഈ വിവരങ്ങൾ കന്നുകാലികളുടെ ഭാവി ചികിത്സ സമയത്തും, വിൽപ്പന സമയത്തും, ഇൻഷൂറൻസ് സമയത്തും വളരേ ഉപകാരപ്രദമാകും. പഞ്ചായത്തിലെ ഇന്നുള്ള പശുക്കളിൽ കൂടുതലും സങ്കര ഇനത്തിൽ പെട്ടവയാണ്. ഇവയുടെ തുടർന്നുള്ള ഉത്പാദന ക്ഷമതയുടെ വർധനവ് സാവധാനത്തിലായിരിക്കുമെന്നുള്ളതിനാൽ പ്രീമിയം ബുൾസെമൻ പദ്ധതി നടപ്പിലാക്കേണ്ടത് പഞ്ചായത്തിന്റെ ഒരാവശ്യകതയാണ്.

ലാഭകരമായ കന്നുകാലി പരിപാലനത്തിന്റെ സുപ്രധാന ഘടകമാണ് പച്ചപ്പുല്ലിന്റെ ലഭ്യത. തെങ്ങിൻ തോപ്പുകൾ നിറഞ്ഞ ചേമഞ്ചേരി പഞ്ചായത്തിൽ തെങ്ങിൻ തോപ്പിൽ ഇടവിളയായി പച്ച

പ്പുൽ കൃഷിചെയ്യാം. ഇങ്ങനെ ചെയ്താൽ ഒരു ഹെക്ടർ (Hectre) ഭൂമിയിൽ അഞ്ചോ ആറോ പശുക്കൾക്ക് ഒരു കൊല്ലത്തേക്ക് ആവശ്യമായ പുല്ല് കിട്ടും. ഇതുകൂടാതെ വായുവിൽ നിന്ന് മണ്ണിലേക്ക് നൈട്രജൻ (Nitregen) കൊടുക്കുന്ന ബാക്ടീരിയ (Bacteria) അടങ്ങിയിട്ടുള്ള പുല്ലുകൾ മണ്ണിന്റെ പോഷകഗുണം വർദ്ധിപ്പിക്കും.

ഈ പുൽകൃഷി ചെയ്യാനുള്ള വിത്തുകൾ കേരളലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോഡിന്റെ പാലക്കാട്ടുള്ള ധോണി ഫോമിൽ ലഭ്യമാണ്.

കൃഷിക്കാവശ്യമായ വെള്ളം കിട്ടാത്ത മണ്ണിൽ പച്ചപ്പുല്ലും പുൽ വർഗ്ഗച്ചെടികളും തണ്ടിന് കനക്കുറവുള്ള ധാന്യച്ചെടികളും ലൂസേൺ, വൻപയർ എന്നീ പയർവർഗ്ഗ ചെടികളും വളർത്തിയിട്ട് 'ഹേ' അല്ലങ്കിൽ സൈലേജ് നിർമ്മിക്കാം. ഇവ ആവശ്യത്തിന് പുല്ലുകൾ കിട്ടാത്ത സമയത്ത് വളരേ ഉപകാരമാകും.

കന്നുകാലി പരിപാലനത്തിന്റെ മറ്റൊരു ഘടകം കാലിത്തീറ്റയാണ്. രോഗത്തിന്റെ ഒരു പ്രധാന കാരണവും തീറ്റയിലെ പോഷകാഹാര കമ്മിയോ ഗുണമേന്മയില്ലായ്മയോ ആണ്. കാലിത്തീറ്റ സമീകൃതാഹാരമാക്കാൻ ഇന്ന് കർഷകൻ കാലിത്തീറ്റയോടൊപ്പം കഞ്ഞിയും പിണ്ണാക്കും നൽകുന്നു. ശാസ്ത്രീയമായ തീറ്റ നിർമ്മാണത്തിന് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തീറ്റമിശ്രിത യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

താറാവ് വളർത്തലിന് കൂടുതൽ സാദ്ധ്യതയുണ്ട്. വെള്ളംകെട്ടിനിൽക്കുന്ന സ്ഥലങ്ങൾ ഉപയോഗപ്പെടുത്താം. അതുമൂലം പാഴ്‌വെളത്തിൽ നിന്നും, കൊതുക്, ഒച്ച് മുതലായ ജീവികളെ അവഭക്ഷിക്കുകയും, പശുക്കളിലെ കരളിനെ ബാധിക്കുന്ന ഒരുവിധം രോഗാണു (ലിവർ ഫ്ളൂക്ക്)വിന്റെ ലാർവയെ നശിപ്പിക്കുകയും ചെയ്യും. ആ വിധത്തിൽ കാലികളെ ബാധിയ്ക്കുന്ന രോഗങ്ങളെ നിയന്ത്രിക്കാനും പറ്റും.

അതുപോലെ പന്നി വളർത്തലിനും ധാരാളം സാധ്യതകളുണ്ട്. ഹോട്ടലുകളിലെയും മത്സ്യമാർക്കറ്റ്, പച്ചക്കറിമാർക്കറ്റ്, അറവുശാല എന്നിവിടങ്ങളിലെയും അവശിഷ്ടങ്ങൾ ശേഖരിച്ച് ഇവയ്ക്ക് ഭക്ഷണമാക്കാവുന്നതാണ്. ഇതുവഴി പരിസര മലിനീകരണവും അലഞ്ഞു തിരിയുന്ന നായ്ക്കളുടെ ശല്യവും ഒഴിവാക്കാം. പന്നിയുടെ വിസർജ്ജ്യം മത്സ്യത്തിന് തീറ്റയായും ഉപയോഗിക്കാം. ഗോബർഗ്യാസ് നിർമ്മിക്കുന്നതിന് പശുക്കളുടെ ചാണകത്തോടൊപ്പം പന്നിയുടെ ചാണകവും ചേർക്കാവുന്നതാണ്. ഊർജ്ജപ്രതിസന്ധിയുള്ള ഇക്കാലത്ത് ഗോബർഗ്യാസ് നിർമ്മാണവും പ്രാധ്യാന്യമർഹിക്കുന്നു. പശുക്കളുടെ ചാണകത്തിൽ നിന്നും ലഭിക്കുന്നതിനേക്കാൾ കൂടുതൽ ഗ്യാസ് പന്നിയുടെ (മൂന്നിരട്ടിയോളം) ചാണകത്തിൽ നിന്നും ലഭക്കുന്നതാണ്.

ഇരുപത്തിയെട്ട് ഇറച്ചിക്കോഴി വളർത്തുകേന്ദ്രങ്ങളും ഇന്ന് ചേമഞ്ചേരി പഞ്ചായത്തിലുണ്ട്. മുട്ടക്കോഴി വളർത്തുകേന്ദ്രം ഇപ്പോൾ പഞ്ചായത്തിൽ നിലവിലില്ല. വർഷങ്ങൾക്ക് മുമ്പ് പൂക്കാട്, കാപ്പാട് എന്നിവിടങ്ങളിൽ രണ്ട് മുട്ടക്കോഴി വളർത്തുകേന്ദ്രങ്ങൾ നിലവിലുണ്ടായിരുന്നെങ്കിലും പ്രവർത്തന നഷ്ടം കാരണം അവ അടച്ചുപൂട്ടി.

### *ഗ്രാമസഭകളിൽ ഉയർന്നു വന്ന പ്രശ്നങ്ങൾ*

1. തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്.
2. കാലത്തീറ്റകുറഞ്ഞവിലയ്ക്ക് ലഭിക്കുന്നില്ല.
3. പാലിന്റെ വിപണന സൗകര്യങ്ങളിലുള്ള അപര്യാപ്തത
4. നല്ലയിനം ആട്ടിൻകുഞ്ഞുങ്ങളുടെ അഭാവം

5. മൃഗസംരക്ഷണ സൗകര്യങ്ങളുടെ അപര്യാപ്തത

6. ആവശ്യമായ മുതലിറക്കുന്നതിന് സാമ്പത്തികശേഷിയില്ലായ്മ.

7. കോഴിത്തീറ്റയും കോഴിക്കുഞ്ഞുങ്ങളും കുറഞ്ഞ വിലക്ക് ലഭ്യമല്ലാത്തത്.

8. വ്യാവസായികാടിസ്ഥാനത്തിൽ മുട്ടക്കോഴി, ആട്, പശു–ഫാമുകൾ നടത്താൻ താത്പര്യമുള്ളവർക്ക് സാമ്പത്തിക, സാങ്കേതിക സഹായങ്ങളുടെ ലഭ്യതക്കുറവ്.

ചേമഞ്ചേരി പഞ്ചായത്തിൽ വെറ്റിലപ്പാറയിലാണ് ഒരു മൃഗസംരക്ഷണകേന്ദ്രം ഇപ്പോൾ പ്രവർത്തിയ്ക്കുന്നത്. ഇതിനു പുറമെ ഊർജ്ജിത കന്നുകാലി വികസന പദ്ധതിയുടെ ഒരു ഉപകേന്ദ്രം കാട്ടിലപ്പീടികയിൽ പ്രവൃത്തിയ്ക്കുന്നുണ്ട്. ചേമഞ്ചേരി പഞ്ചായത്തിലെ മൃഗസംരക്ഷണാവശ്യം നിർവ്വഹിക്കാൻ ഇന്നുള്ള രീതിയിലുള്ള ഇവയുടെ പ്രവർത്തനം പര്യാപ്തമല്ല.





# മത്സ്യ ബന്ധനം

മൂന്നു ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട ഒരു അർദ്ധ ദ്വീപാണ് ചേമഞ്ചേരി പഞ്ചായത്ത്. ഏഴു കിലോമീറ്റർ കടൽ തീരവും പന്ത്രണ്ടു കിലോമീറ്റർ പുഴത്തീരവും നൂറ് ഹെക്ടറോളം വെള്ളക്കെട്ടുകളും എട്ടുകിലോമീറ്റർ തോടുകളും അമ്പത്തെട്ട് കുളങ്ങളും കൊണ്ട് ജല സമൃദ്ധമാണ് നമ്മുടെ പഞ്ചായത്ത്.

ജനസംഖ്യയിൽ വലിയൊരു വിഭാഗത്തിന്റെ ജീവിതോപാധിയായ മത്സ്യമേഖല പഞ്ചായത്തിനെ സംബന്ധിച്ച് വളരെ പ്രധാനമാണ്. മുകളിൽ പറഞ്ഞ രൂപത്തിൽ കടലും, പുഴയും, തോടുകളും കൊണ്ട് സമ്പന്നമായ ചേമഞ്ചേരി പഞ്ചായത്തിൽ നൂറ്റാണ്ടുകളായി തുടർന്നുവന്ന മത്സ്യ ബന്ധനരീതിയിൽ ഈ നൂറ്റാണ്ടിന്റെ മദ്ധ്യകാലം വരെ പറയത്തക്കമാറ്റങ്ങളൊന്നും സംഭവിച്ചിരുന്നില്ല. മുമ്പുകാലത്ത് ചെറിയതോണികളിൽ പോയായിരുന്നു കടലിൽ നിന്നും മത്സ്യം പിടിച്ചിരുന്നത്. ഒന്നും, രണ്ടും, മൂന്നും, നാലും പേർ കയറുന്ന തോണികളിൽ പോയി ചൂണ്ടയിട്ടും കൈകൊണ്ടുണ്ടാക്കിയ വലകൾ വീശിയുമാണ് അക്കാലങ്ങളിൽ മത്സ്യ ബന്ധനം നടത്തിയിരുന്നത്. ഈ നൂറ്റാണ്ടിന്റെ മദ്ധ്യകാലം മുതൽ കൂടുതൽ പേർ കയറുന്ന ഓടങ്ങളും മത്സ്യബന്ധന രംഗത്തേക്ക് കടന്നു വന്നു. തണ്ടു വലിച്ചും കാറ്റിന്റെ ഗതിക്കനുസരിച്ച് പായകെട്ടിയും ഇക്കാലങ്ങളിൽ മനുഷ്യാദ്ധ്വാനത്തെ ലഘൂകരിച്ചു. മിഥുനം, കർക്കിടകം മാസങ്ങൾക്ക് ശേഷമാണ് ഓടങ്ങളിൽ മത്സ്യബന്ധനം നടത്തിയിരുന്നത്. ഏട്ട, സുത, ആഗോലി പോലുള്ള വലിയ മീനുകൾ ഓടക്കാർക്ക് മാത്രം ലഭിച്ചു വന്നു. ചെറുതോണികളിൽ കണ്ടാടി വല ഉപയോഗിച്ച് മീൻ പിടിക്കുന്ന രീതി വളരെ വൈകാതെ നിലവിൽ വന്നു. അധികം ദൂരെ പോകാതെ തന്നെ അക്കാലത്ത് ധാരാളം മത്സ്യം ലഭിച്ചിരുന്നു. പുറംകടലിൽ പോയി മത്സ്യം പിടിക്കാൻ സാധിക്കാത്തത് കൊണ്ട് മത്സ്യ സമ്പത്തിന് ഇന്നത്തേത് പോലെ കോട്ടം തട്ടിയിരുന്നില്ല. അന്ന് മത്സ്യം പിടിക്കുന്ന കാലയളവ് ഇന്നത്തേക്കാൾ കൂടുതലായിരുന്നു. മീൻ തീരെ കിട്ടാത്ത കാലങ്ങൾ ഇല്ലായിരുന്നു എന്നു തന്നെ പറയാം.

മത്സ്യ വിപണനരംഗത്ത് ഇന്നുള്ള സൗകര്യങ്ങൾ അന്നുണ്ടായിരുന്നില്ല. മത്സ്യം പച്ചയായി സൂക്ഷിച്ച് വെക്കാൻ സംവിധാനങ്ങളില്ലാത്തത് മത്സ്യത്തിന് വിലകുറയാനിടയാക്കി. ഈ കാരണത്താൽ കുറഞ്ഞ വിലക്ക് പഴകാത്ത മത്സ്യങ്ങൾ ജനങ്ങൾക്ക് ലഭിച്ചിരുന്നു. ഏറ്റവും അധികമായി ലഭിച്ചിരുന്ന മത്തി, മീനെണ്ണ എടുക്കുന്നതിനു വേണ്ടിയും ഉപയോഗിച്ചു. ഇത്തരത്തിൽ മീനെണ്ണ എടുക്കുന്ന ഇത്തരം മൂന്നു സംസ്കരണ യൂണിറ്റുകൾ അഴീക്കലും, മുനമ്പത്തും, തുവ്വപ്പാറയിലും അന്നുണ്ടായിരുന്നു. മീനെണ്ണ എടുക്കുന്ന യൂണിററ്കളെ "പ്രസ്സ്" എന്ന പേരിൽ അറിയപ്പെട്ടു. തുവ്വപ്പാറ ഭാഗത്തെ "പ്രസ്സ് വളപ്പിൽ" എന്ന സ്ഥലനാമം ഇതിൽ നിന്നുണ്ടായതാണ്. മീനെണ്ണ എടുത്തതിനുശേഷം ലഭിക്കുന്ന മത്സ്യാവശിഷ്ടങ്ങൾ കൃഷിക്ക് സമ്പുഷ്ടമായ ജൈവവളമായി ഉപയോഗിച്ചു വന്നു. ഉപ്പിട്ടും ഉപ്പിടാതെയും ഉണക്കി മത്സ്യം കയറ്റി അയക്കുന്ന രീതി അക്കാലത്ത് നിലവിലുണ്ടായിരുന്നു. മത്സ്യ വിപണനരംഗത്ത് പുരുഷൻമാർക്കൊപ്പം സ്ത്രീകളും ധാരാളമുണ്ടായിരുന്നു. സ്വന്തം വീടുകളിലുള്ള പുരുഷൻമാർ

പിടിച്ചുകൊണ്ടുവരുന്ന മത്സ്യം സ്ത്രീകൾ വീടുവീടാന്തരം വില്പന നടത്തിയിരുന്നു. മുളയുടെ ഇരവ ശത്തും കൊട്ടകൾ കെട്ടി അതിൽ മത്സ്യം ചുമലിൽ ചുമന്ന് ദൂരദേശങ്ങളിൽ പോലും എത്തിച്ചിരുന്ന മത്സ്യക്കച്ചവടക്കാർ അടുത്തകാലം വരെ വളരെ അധികമുണ്ടായിരുന്നു. ഇപ്പോൾ അത് വളരെ അപൂർവ്വ മാണ്. ഇന്ന് ആ സ്ഥാനം പ്രധാനമായും സൈക്കിളുകളും മോട്ടോർ സൈക്കിളുകളും മറ്റ് മോട്ടോർ വാഹനങ്ങളും ഏറ്റെടുത്തിരിക്കയാണ്.

മുൻകാലങ്ങളിൽ കടൽ തീരത്തുള്ള മത്സ്യത്തൊഴിലാളികൾക്കിടയിൽ കടക്കോടികൾ നിലവി ലുണ്ടായിരുന്നു. കടൽ കോടതി എന്ന വാക്ക് ലോപിച്ചുണ്ടായതാണ് കടക്കോടി എന്ന പദം. മത്സ്യ ത്തൊഴിലാളികൾക്കിടയിലുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളിലും ന്യായാന്യായങ്ങൾ പരിശോധിച്ച് കട ക്കോടികൾ തീരുമാനമെടുക്കുകയും അത് ആ സമൂഹം മുഴുവൻ അംഗീകരിക്കുകയും ചെയ്തു വന്നു. അതുകൊണ്ട് തന്നെ അവരുടെ പ്രശ്നങ്ങൾ പോലീസ് സ്റ്റേഷനിലോ, കോടതികളിലോ പൊതുവെ എത്തിയിരുന്നില്ല. അഥവാ അത്തരം കേസുകൾ കോടതിയിൽ എത്തിയാൽ കടൽ കോടതിയുടെ തീരുമാനങ്ങൾ നീതിന്യായകോടതി അംഗീകരിച്ചിരുന്നു.

മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള 1200 ഓളം കുടുംബങ്ങൾ ഇപ്പോൾ ചേമ ഞ്ചേരി പഞ്ചായത്തിലുണ്ട്. ആധുനിക രീതിയിൽ മത്സ്യ ബന്ധനം നടത്തുന്നവർ ഉണ്ടെങ്കിലും പഞ്ചാ യത്തിൽ പരമ്പരാഗത രീതിയിൽ മത്സ്യബന്ധനം നടത്തുന്നവരാണ് ധാരാളമായുള്ളത്.

ആഴക്കടൽ മത്സ്യ ബന്ധനത്തിന് ആധുനിക രീതിയിലുള്ള യന്ത്ര സാമഗ്രികളും പുതിയതരം വലകളും ഉപയോഗിച്ച് മത്സ്യം പിടിക്കുന്ന 12(പന്ത്രണ്ട്) വഞ്ചികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. കൂടാതെ യന്ത്രവത്കൃത ഫൈബർ ബോട്ടുകളും ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നുണ്ട്.

മത്സ്യ സമ്പത്ത് വളരെയേറെ കുറഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ ദിവസങ്ങളോളം ഉണ്ടാകുമായി രുന്ന ചാകര(ചെമ്മീൻ ചാകര, മത്തി ചാകര) ഇന്ന് അത്യപൂർവ്വമാണ്. അഥവാ ചാകരയുണ്ടാവുകയാ ണെങ്കിൽത്തന്നെ ഒന്നോ രണ്ടോ ദിവസങ്ങളിലൊതുങ്ങുന്നു. മുൻകാലങ്ങളിൽ ധാരാളം ലഭിച്ചിരുന്ന പലമീനുകളും (ഉദാ:സ്രാവ്, തിരണ്ടി, ഏട്ട, ഉടുമ്പൻ സ്രാവ്) ഇന്ന് വളരെ കുറവോ, നാമാവശേഷമോ ആണ്. മത്സ്യകുഞ്ഞുങ്ങളേയും മുട്ടകളേയും കൂടി ഊറ്റിയെടുക്കുന്ന രീതിയിലുള്ള മത്സ്യബന്ധന രീതി സ്വീകരിക്കുന്നു എന്നതുകൊണ്ടാണ് മത്സ്യബന്ധനത്തിന് കാര്യമായ കുറവുണ്ടായത്.

മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികസ്ഥിതിയിൽ കാര്യമായ പുരോഗതി ഇനിയും ഉണ്ടായി ട്ടില്ല. മത്സ്യത്തൊഴിലാളികൾ ഒരു വിഭാഗം ഇന്നു പട്ടിണിയിലാണ്. ഇതിനൊരു പ്രധാന കാരണം യന്ത്രവൽകൃതബോട്ടുകളും മറ്റും ഉപയോഗിച്ച് ആധുനികരീതിയിൽ മത്സ്യബന്ധനത്തിന് ആവശ്യ മായ മുതലിറക്കാൻ സമ്പത്തില്ലാതെ പോയതാണ്. അവരെ സഹായിക്കാൻ ധനകാര്യ സ്ഥാപനങ്ങൾ തയ്യാറാവുന്നുമില്ല. മത്സ്യരംഗത്തെ സർക്കാർ, സഹകരണ ഏജൻസികളുടെ പ്രവർത്തനം തീരെ അപ ര്യാപ്തമാണ്.

പന്ത്രണ്ടു കിലോമീറ്റർ പുഴകളും, ധാരാളം വെള്ള കെട്ടുകളും, തോടുകളും ഉള്ള നമ്മുടെ പഞ്ചാ യത്ത് മുൻകാലങ്ങളിൽ മത്സ്യസമ്പത്ത് നിറഞ്ഞതായിരുന്നു. അതിൽ കാപ്പാടൻ കൈപ്പുഴ എടുത്തു പറയേണ്ടതാണ്. മുൻ കാലങ്ങളിൽ ധാരാളമുണ്ടായിരുന്ന കൊളോൻ, ചെമ്പല്ലി, പൂശാൻ, കരിമീൻ തുടങ്ങിയ വലിയ മത്സ്യങ്ങൾ ഇന്ന് ദുർലഭമാണ്. ഇപ്പോഴുള്ള പുഴ മത്സ്യങ്ങൾ തന്നെ നാശത്തെ നേരിടുകയാണ്. മത്സ്യം സമ്പുഷ്ടമായിരുന്ന പുഴകളിൽ മത്സ്യങ്ങൾ വേരറ്റ് പോയ്ക്കൊണ്ടിരിയ്ക്കാൻ പ്രധാന കാരണം പുഴകളിൽ നിബിഡമായുണ്ടായിരുന്ന കണ്ടൽകാടുകളുടേയും പുഴച്ചുള്ളികളുടേയും നാശമാണ്. മത്സ്യങ്ങൾക്ക് മുട്ടയിടാനും കുഞ്ഞുങ്ങളെ സംരക്ഷിക്കാനും മത്സ്യം പിടിക്കുന്നവരിൽ നിന്നും സ്വയം രക്ഷതേടി ഒളിക്കാനും തണൽ ലഭിക്കാനും ഈ കാടുകൾ സഹായകമായിരുന്നു. ആ വാസ വ്യവസ്ഥയ്ക്ക് സംഭവിച്ചകോട്ടവും നിരന്തരമായ മത്സ്യബന്ധനവും കൊണ്ട് പല മത്സ്യങ്ങളും ഇന്ന് വംശനാശം നേരിടുകയാണ്. അതുപോലെ ഞണ്ടിന്റെ ചെറിയകുഞ്ഞുങ്ങളെപ്പോലും പിടിക്കുന്ന ഒരു പ്രവണത ഉണ്ടായിട്ടുണ്ട്. ഇത് ഞണ്ടിന്റെ വംശനാശത്തിന് കാരണമാകും. അതുപോലെതന്നെ

അടുത്തകാലത്തായി വന്ന മത്സ്യരോഗങ്ങളും മത്സ്യങ്ങൾ കൂട്ടത്തോടെ നശിക്കാൻ കാരണമായി.

നൂറ്റി ഇരുപതോളം കുറ്റിവലകളും(ഊന്നിവല) നൂറോളം തോണികളും ഉൾനാടൻ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നു. കണ്ടാടി വലകളും വീശുവലകളുമുപയോഗിച്ചാണ് തോണികളിൽ നിന്ന് മത്സ്യം പിടിക്കുന്നത്. കരവലക്കാരും ധാരാളമായുണ്ട്. നൂറ് ഏക്കറോളം വരുന്ന വെള്ളക്കെട്ടുകളിൽ പത്ത് ഏക്കറോളം സ്ഥലത്ത് ചെമ്മീൻ കൃഷി നടക്കുന്നുണ്ട്. ഇവയിൽ ശാസ്ത്രീയമായ രീതിയിൽ ചെമ്മീൻ കൃഷി നടത്തുന്നവരും ഉൾപ്പെടും. ഉൾനാടൻ മത്സ്യബന്ധനത്തിൽ അടുത്തകാലത്തുണ്ടായ ശ്രദ്ധേയമായ മാറ്റം ഞണ്ടു പിടുത്തരംഗത്താണ്. ആദ്യകാലങ്ങളിൽ നമ്മുടെ പ്രദേശത്തെ ഭക്ഷ്യാവശ്യത്തിന് വേണ്ടിയായിരുന്നു ഞണ്ട് പിടിച്ചിരുന്നത്. എന്നാൽ ഇന്ന് ഞണ്ടിന് വിദേശവിപണികളിൽ നല്ല ഡിമാൻഡ് ഉണ്ട്. അതുകൊണ്ട് തന്നെ ഇതര മത്സ്യങ്ങളേക്കാൾ വില ഞണ്ടിന് ലഭിയ്ക്കുന്നു. ചേമഞ്ചേരി പഞ്ചായത്തിലെ മത്സ്യമേഖലയുടെ പുരോഗതിക്ക് വിപുലമായ തോതിൽ ഞണ്ടു വളർത്തൽ അവലംബിക്കാവുന്നതാണ്. കോരപ്പുഴപ്രദേശത്ത് ഒറ്റപ്പെട്ടരീതിയിൽ ഇപ്പോൾ ഞണ്ടു വളർത്തുന്നുണ്ട്.

ചേമഞ്ചേരി പഞ്ചായത്തിൽ മൊത്തം ആറുകേന്ദ്രങ്ങളിൽ മത്സ്യവിപണനം നടക്കുന്നുണ്ട്. അതിൽ പൂക്കാടങ്ങാടിയിൽ മാത്രമേ മത്സ്യമാർക്കറ്റ് ഉള്ളു. നമ്മുടെ പഞ്ചായത്തിൽ നിന്ന് പിടിക്കുന്ന മത്സ്യവും, പുറത്ത് നിന്ന് വരുന്ന മത്സ്യവും ഇവിടങ്ങളിൽ വിൽപന നടത്തുന്നു. പഞ്ചായത്തിൽ ഇരുന്നൂറോളം ചെറുകിട മത്സ്യ വിപണനക്കാർ ഇന്നുണ്ട്. വീട് വീടാന്തരം കയറിയുള്ള മത്സ്യ വിൽപനയും വൻതോതിൽ നടക്കുന്നു. പ്രധാനമായും സൈക്കിളുകളും മോട്ടോർസൈക്കിളുകളും ഇവർ മത്സ്യവിൽപനക്കായി ഉപയോഗിക്കുന്നു. മത്സ്യകച്ചവടരംഗത്ത് മുൻകാലത്തെപ്പോലെ സ്ത്രീകൾ സജീവമായി ഇപ്പോഴില്ല. നമ്മുടെ പഞ്ചായത്തിൽ നിന്നും പിടിക്കുന്ന മത്സ്യങ്ങൾ കോഴിക്കോട്ട് ജില്ലയിലെ മറ്റുപ്രദേശങ്ങളിലേക്കും ഇതരജില്ലകളിലേക്കും വിൽപനക്കായി കൊണ്ടുപോകുന്നുണ്ട്. ചേമഞ്ചേരി പഞ്ചായത്തിൽ മൂന്ന് ഐസ് പ്ളാന്റുകളാണ് ഇന്ന് നിലവിലുള്ളത്. കാട്ടിലപീടികയിലും, കോരപ്പുഴയിലും, ചേമഞ്ചേരിയിലും. കാട്ടിലപീടിക ഐസ് ഫാക്ടറിയിൽ അഞ്ചും കോരപ്പുഴ ഐസ് ഫാക്ടറിയിൽ ആറും പേർ ജോലിചെയ്യുന്നുണ്ട്. മത്സ്യസംസ്ക്കരണ രംഗത്ത് പീലിംഗ് ഷെഡ്ഡുകളും ഒരു ഫാക്ടറിയും പഞ്ചായത്തിൽ നിലിവിലുണ്ട്. കാപ്പാട്, കോരപ്പുഴ, തിരുവങ്ങൂർ എന്നിവിടങ്ങളിലെ മൂന്ന് പീലിംഗ് ഷെഡ്ഡുകളിലായി വർഷത്തിൽ ഏകദേശം 650ടൺ കൂന്തൾ, ചെമ്മീൻ എന്നിവ സംസ്ക്കരിക്കപ്പെടുന്നുണ്ട്. കോരപ്പുഴ പീലിംഗ് ഷെഡ്ഡിൽ 28 സ്ത്രീകൾ 4പുരുഷൻമാർ തിരുവങ്ങൂരിൽ 45 സ്ത്രീകൾ, 4 പുരുഷൻമാർ. കാപ്പാട് 40 സ്ത്രീകൾ 5 പുരുഷൻമാർ എന്നീക്രമത്തിൽ ജോലിചെയ്യുന്നുണ്ട്. പീലിംഗ് ഷെഡ്ഡുകളിലെ തൊഴിലാളികളുടെ ആരോഗ്യകാര്യത്തിൽ മാനേജ്മെന്റ് കുറച്ചുകൂടി ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്. ഈ ആവശ്യം വിവിധ ഗ്രാമസഭകളിലും ഉയർന്നു വന്നിട്ടുണ്ട്.

മത്സ്യസംസ്ക്കരണ കയറ്റുമതി രംഗത്ത് കേരള സംസ്ഥാനത്തെ പ്രമുഖ സ്ഥാപനങ്ങളിൽ ഒന്നായ "യൂനിറോയൽ മറൈൻ എക്സ്പോർട്സ്" പബ്ളിക്ക് ലിമിറ്റഡ്, നമ്മുടെ പഞ്ചായത്തിലെ വെങ്ങളത്ത് പ്രവർത്തിക്കുന്നു. 1994ൽ പ്രവർത്തനമാരംഭിച്ച ഈസ്ഥാപനം മത്സ്യം സംസ്ക്കരിച്ച് വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നു. പ്രധാനമായും യു.എസ്സ്, ജപ്പാൻ, ജർമ്മനി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിലേക്കാണ് ഇവിടെ നിന്നും സംസ്ക്കരിച്ച മത്സ്യം കയറ്റി അയയ്ക്കുന്നത്. ചെമ്മീൻ, കൂന്തൾ, കണവ, അയക്കൂറ, അയല, തളയൻ, എന്നീ മത്സ്യങ്ങളാണ് ഇവിടെ സംസ്ക്കരിക്കപ്പെടുന്നത്. ഈ ഫാക്ടറിയിൽ മൊത്തം 310പേർ ജോലിചെയ്യുന്നുണ്ട്. ഇതിൽ 185പേർ പുരുഷന്മാരും 125 പേർ സ്ത്രീകളുമാണ്.

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും, വൈദ്യുതിയും, വെള്ളവും വേണ്ടത്ര ലഭിക്കാത്തതും ഇസ്ഥാപനം നേരിടുന്ന പ്രതിസന്ധികളാണ്.

മത്സ്യമേഖലയുമായി ബന്ധപ്പെട്ട ഗ്രൂപ്പുകളിൽ സജീവമായ പങ്കാളിത്തവും ചർച്ചയുമാണ് നമ്മുടെ ഗ്രാമസഭകളിലും ഉണ്ടായത്. മത്സ്യമേഖലയിൽ ജോലിചെയ്യുന്നവരുടെ ഒട്ടനവധി പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരനിർദ്ദേശങ്ങളും ഈ ഗ്രാമസഭകളിൽ ഉയർന്നു വന്നു അതോടൊപ്പം തന്നെ ക്ഷയി

ച്ചുകൊണ്ടിരിക്കുന്ന മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള വിലപ്പെട്ട നിർദ്ദേശങ്ങളും ഉയർന്നു വരികയുണ്ടായി.

***ഗ്രാമസഭകളിൽ ഉയർന്നു വന്ന പ്രശ്നങ്ങൾ***

1. പിടിയ്ക്കുന്ന മത്സ്യങ്ങൾക്ക് ന്യായമായ വിലലഭിക്കുന്നില്ല.
2. മത്സ്യ സംസ്കരണത്തിനും, മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും സൗകര്യങ്ങളില്ല.
3. ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള സാങ്കേതികവും, സാമ്പത്തികവുമായ സൗകര്യങ്ങളുടെ അപര്യാപത്ത.
4. യന്ത്രസാമഗ്രികൾ കേടുപാടു തീർക്കാൻ സൗകര്യങ്ങളില്ല.
5. മത്സ്യത്തൊഴിലാളികൾക്ക് വിശ്രമിക്കാനും വലകളും മറ്റും കേടുപാട് തീർക്കാനും നിലവിൽ സൗകര്യങ്ങളില്ല.
6. സിഗ്നൽ ലൈറ്റുകൾ ഇല്ലാത്തത് രാത്രികാലങ്ങിൽ മത്സ്യം പിടിക്കാൻ പോകുന്നവർക്ക് കരകണ്ടെത്താൻ പ്രയാസങ്ങളുണ്ടാക്കുന്നു.
7. മത്സ്യബന്ധന ഉപകരണങ്ങൾ, ചെറുകിട മത്സ്യക്കച്ചവടത്തിനുള്ള വാഹനങ്ങൾ എന്നിവ വാങ്ങാൻ സമ്പത്തില്ലായ്മ.
8. മത്സ്യ സമ്പത്തിന്റെ നാശം.
9. മത്സ്യകൃഷി നടത്താൻ താത്പര്യമുള്ളവർക്ക് മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കിന്നില്ല.
10. ആഴക്കടൽ മത്സ്യബന്ധനത്തിന്, ഔട്ട്ബോർഡ് എഞ്ചിനുകൾക്ക് ആവശ്യമായ മണ്ണെണ്ണ ലഭിക്കുന്നില്ല.

***പരിഹാര നിർദ്ദേശങ്ങൾ***

മത്സ്യത്തിന് ന്യായവില ലഭിക്കാത്തതിന് ഒരു കാരണം ഇടത്തട്ടുകാരുടെ ചൂഷണമാണ്. മത്സ്യ സഹകരണസംഘങ്ങളോ ഗവൺമെന്റ് ഏജൻസികളോ മാർക്കറ്റിൽ ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. അധികം വരുന്ന മത്സ്യം ഉണക്കുന്നതിനും അവ സൂക്ഷിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി വിലയിടിവ് തടയാം. അധികം വരുന്ന മത്സ്യം കൂടുതൽ ദിവസം കേടുകൂടാതെ സൂക്ഷിയ്ക്കുന്നതിന് പഞ്ചായത്തിൽ കടൽ തീരത്ത് ഒരിടത്ത് ഗവൺമെന്റ് ഉടമയിലോ, സഹകരണമേഖലയിലോ ഒരു ഫ്രീസർ പ്ളാന്റ് സ്ഥാപിച്ച് കൂടുതൽ മത്സ്യം ലഭിക്കുമ്പോഴുണ്ടാകുന്ന വിലയിടിവ് തടയാവുന്നതാണ്. ആഴക്കടൽ മത്സ്യബന്ധനത്തിന് ഇന്നുള്ള പരിശീലനം അപര്യാപ്തമാണ്. ആഴക്കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് ഏറ്റവും പുതിയ മത്സ്യബന്ധന രീതികൾ അടിയന്തിരമായി പരിശീലിപ്പിക്കണം. മുൻകാലങ്ങളിൽ മത്സ്യം പിടിക്കാൻ മനുഷ്യാദ്ധ്വാനവും വളരെ ചെറിയ മുതൽമുടക്കും മാത്രമേ ആവശ്യമുണ്ടായിരുന്നുള്ളൂ. ഇന്ന് മത്സ്യബന്ധനം ലക്ഷങ്ങൾ മുതൽമുടക്ക് ആവശ്യമുള്ള മേഖലയാണ്. ഇത്രയും സാമ്പത്തിക മുതലിറക്കിന് മത്സ്യത്തൊഴിലാളികൾ അശക്തരാണ്. ഇത് പരിഹരിക്കുന്നതിന് ഇന്ന് ഇടത്തട്ടുകാരും മറ്റു ധനകാര്യ സ്ഥാപനങ്ങളും നൽകുന്ന ലോണുകൾ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ കൂടുതൽ കടക്കെണിയിൽപെടുത്താനെ ഉപകരിക്കുന്നുള്ളു. ഉദാഹരണമായി ഒരു വഞ്ചിക്കും വലക്കും ലോൺ കൊടുക്കുമ്പോൾ അവർക്ക് അത്യാവശ്യം യന്ത്രങ്ങളും വലകളും വാങ്ങാനുള്ള പണം മാത്രമെ നൽകുന്നുള്ളു. അതു മാത്രം ഉപ

യോഗിച്ച് ആധുനിക രീതിയിൽ മത്സ്യം പിടിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് കൂടുതൽ ശക്തിയുള്ള എഞ്ചിനുകളും മറ്റും വാങ്ങാൻ മത്സ്യത്തൊഴിലാളികൾ നാട്ടിൽ നിന്നും കൊടും പലിശക്ക് ലക്ഷക്കണക്കിന് രൂപ സമാഹരിക്കാൻ നിർബന്ധിതരാവുന്നു. മത്സ്യത്തൊഴിലാളികളുടെ നട്ടെല്ല് ഒടിക്കുന്ന ഈ ദുരവസ്ഥയിൽ നിന്ന് അവരെ രക്ഷിക്കാൻ ലോണുകൾ നൽകുമ്പോൾ യന്ത്രവൽകൃത മത്സ്യ ബന്ധനത്തിന് ആവശ്യമായ അത്രയും പണം നൽകാൻ ബന്ധപ്പെട്ടവരുടെ ശ്രദ്ധപതിയേണ്ടതുണ്ട്. അല്ലാത്ത പക്ഷം അവർക്ക് കടക്കെണിയിൽ നിന്ന് രക്ഷനേടാൻ സാധിക്കില്ല. പൂർണ്ണമായ ധന സഹായം അനുവദിക്കുന്നതോടൊപ്പം വായ്പകൾ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സുതാര്യമാക്കുക കൂടി വേണം. അതുപോലെ ചെറുകിട മത്സ്യക്കച്ചവടക്കാർക്ക് സൈക്കിളുകളും മോട്ടോർ സൈക്കിളുകളും മറ്റും വാങ്ങാനും മത്സ്യക്കച്ചവടം നടത്തുന്നതിനുള്ള മുതലിറക്കിന് ആവശ്യമായ വായ്പകൾ വിപുലമാക്കുകയും വേണം.

യന്ത്ര വൽകൃത മത്സ്യ ബന്ധനത്തിന് ആവശ്യമായ അത്രയും മണ്ണെണ്ണ അനുവദിച്ച് കരിഞ്ചന്തയിൽ നിന്ന് മണ്ണെണ്ണ വാങ്ങേണ്ട അവസ്ഥ ഒഴിവാക്കേണ്ടതാണ്. ഔട്ട്ബോർഡ് എഞ്ചിനുകൾ റിപ്പേർ ചെയ്യുന്നതിന് ഇപ്പോൾ കോഴിക്കോട്ടോ, തലശ്ശേരിയിലോ പോകേണ്ട അവസ്ഥയാണുള്ളത്. ചേമഞ്ചേരി പഞ്ചായത്തിലെ കണ്ണങ്കടവിൽ ഒരു ഔട്ട്ബോർഡ് എഞ്ചിൻ വർക്ക്ഷോപ്പ് അടിയന്തിരമായി സ്ഥാപിക്കേണ്ടതാണ്.

മത്സ്യസമ്പത്ത് ഇന്ന് വളരെയേറെ കുറഞ്ഞിട്ടുണ്ട് എന്ന് ഒരു വസ്തുതയാണ്, അത് മനസ്സിലാക്കാൻ സമഗ്രമായ ഒരു പഠനം ആവശ്യമില്ല. ഈ നൂറ്റാണ്ടിന്റെ ആരംഭം മുതലിങ്ങോട്ടുള്ള ചെറിയ വിലയിരുത്തൽ മാത്രം മതി. കഴിഞ്ഞ 25 വർഷങ്ങൾക്കിങ്ങോട്ട് മത്സ്യസമ്പത്തിലുള്ള കുറവ് വ്യക്തമായി അനുഭവപ്പെട്ടുതുടങ്ങി. ഇതിനു പ്രധാന കാരണം കൂടുതൽ മത്സ്യം എങ്ങിനെയെങ്കിലും പിടിച്ചെടുക്കുക എന്ന അശാസ്ത്രീയമായ മത്സ്യബന്ധന സമ്പ്രദായം സ്വീകരിച്ചതാണ്. ഇന്നത്തെ യന്ത്രവൽകൃത മത്സ്യബന്ധന രീതികൊണ്ട് മത്സ്യസമ്പത്ത് മുമ്പത്തേക്കാൾ കരയിലെത്തിക്കാൻ സാധിക്കുന്നുണ്ടെങ്കിലും മത്സ്യകുഞ്ഞുങ്ങളും മത്സ്യമുട്ടകളും കൂടി നശിപ്പിക്കപ്പെടുന്നത് മത്സ്യസമ്പത്തിന്റെ നാശത്തിനിടയാകുന്നു. ഈ കാര്യത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാറുകൾ അടിയന്തിരമായി ശ്രദ്ധപതിപ്പിക്കേണ്ടതാണ്. വിദേശക്കപ്പലുകൾക്കുള്ള ട്രോളിംഗ് ലൈസൻസ് അടിയന്തിരമായി നിർത്തൽ ചെയ്യുകയാണ് ഉടനടി ചെയ്യേണ്ടത്. അവ നിലനിർത്തിക്കൊണ്ട് മറ്റെന്ത് നടപടികൾ സ്വീകരിക്കുന്നതും ഫലപ്രാപ്തിയിലെത്താൻ സഹായിക്കില്ല. അതോടൊപ്പം "അടക്കം കൊല്ലി വലകൾ" എന്നു വിശേഷിപ്പിക്കപ്പെടുന്ന "ഡബിൾ നെറ്റ്" ശരിക്കു മത്സ്യങ്ങളെ അടക്കിക്കൊല്ലുകയാണ്. ഇവ നിരോധിക്കുകയോ, നിയന്ത്രണമേർപ്പെടുത്തുകയോ വേണം. അതു പോലെ മത്സ്യക്കുഞ്ഞുങ്ങളെയും മറ്റും നശിപ്പിക്കുന്ന മറ്റുവലകൾക്കും നിയന്ത്രണമേർപ്പെടുത്തണം. മത്സ്യങ്ങളുടെ വംശവർദ്ധനവ് നടക്കുന്ന മൺസൂൺ കാലങ്ങളിൽ ബോട്ടുകളുടെ ട്രോളിംഗ് നിരോധനം നിലവിലുണ്ടെങ്കിലും പലതരം സമ്മർദ്ദം കാരണം ചിലപ്പോഴൊക്കെ നേരത്തേ നിരോധനം പിൻവലിക്കാറുണ്ട്. മത്സ്യസമ്പത്തിന് കോട്ടം തട്ടിക്കാൻ ഇത് ഇടയാക്കുമെന്നതിനാൽ ട്രോളിംഗ് നിരോധനം കൃത്യമായി പാലിക്കപ്പെടണമെന്നുള്ള ആവശ്യം ഗ്രാമസഭകളിൽ ശക്തമായി ഉയർന്നു വന്നിട്ടുണ്ട്. ബോട്ടുടമകൾക്കുള്ള ട്രോളിംഗിന്റെ ദൂരപരിധി ഇപ്പോൾ പാലിക്കപ്പെടുന്നില്ല. ഇത് പരിശോധിക്കാനും നടപ്പിൽ വരുത്താനും ഇന്നുള്ള സർക്കാർ സംവിധാനം തികച്ചും ദുർബലമാണ്. ഈ അവസ്ഥമാറ്റി ട്രോളിംഗ് ദൂരപരിധി കർശനമായും പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്ന സംവിധാനങ്ങളുണ്ടാക്കണം. ഓഫ് സീസണിൽ മത്സ്യത്തൊഴിലാളികൾ പട്ടിണിയിലാണ്. മുമ്പ് കാലത്തേക്കാൾ ഓഫ് സീസണിന്റെ ദൈർഘ്യം ഇന്നു വർദ്ധിച്ചിട്ടുമുണ്ട്. ഈ സമയങ്ങളിൽ ആശ്വാസമേകാനും മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളിൽ ഇന്നുള്ള തൊഴിലില്ലായ്മ പരിഹരിക്കാനും മത്സ്യമേഖലയുമായി ബന്ധപ്പെട്ട ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ നടപടി സ്വീകരിക്കണം. ചെമ്മീൻ, കല്ലിന്മേൽക്കായ തുടങ്ങിയവ കൊണ്ടുള്ള അച്ചാർ നിർമ്മാണ യൂണറ്റ്,മത്സ്യം ഉണക്കി പാക്ക് ചെയ്ത് കയറ്റി അയക്കുന്ന യൂണിറ്റ് തുടങ്ങിയ വ്യവസായങ്ങൾ തുടങ്ങാനാവശ്യമായ സാങ്കേതിക വിദ്യയും സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കിയാൽ ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടാൻ സഹായിയ്ക്കും. നമ്മുടെ പുഴകളിൽ മത്സ്യ സമ്പത്ത് വളരെ കുറഞ്ഞിട്ടുണ്ട്.

ആസൂത്രിതവും, കാര്യക്ഷമവുമായ നടപടികൾ കൊണ്ടു മാത്രമെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ചെമ്മീൻ കൃഷിയ്ക്ക് ഉപയുക്തമായ ധാരാളം വെള്ളക്കെട്ടുകൾ ഉണ്ടെങ്കിലും അവയിൽ ചെറിയൊരു പ്രദേശത്ത് മാത്രമെ ശാസ്ത്രീയമായി ചെമ്മീൻ കൃഷി നടത്തുന്നുള്ളൂ. അനുയോജ്യമായ ബാക്കിസ്ഥലങ്ങളിൽ ചെമ്മീൻ കൃഷി നടത്തുന്നത് ഈ രംഗത്ത് വൻവളർച്ചയ്ക്ക് സഹായിക്കും. അതിന് പണമിറക്കാനും, മനുഷ്യോദ്ധ്വാനം വിനിയോഗിക്കാനും ധാരാളം ചെറുപ്പക്കാർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ആവശ്യമായ സാങ്കേതിക വിദ്യ നൽകുകയും സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്താൽ തൊഴിലില്ലാത്ത കുറെ ചെറുപ്പക്കാർക്ക് തൊഴിൽ നൽകാൻ കഴിയും. ചെമ്മീൻ കൃഷിയ്ക്കു പുറമെ ഉപ്പു വെള്ളത്തിൽ വളരുന്ന ആദായകരമായ ഇതര മത്സ്യങ്ങളേയും വളർത്തുന്നതിനുവേണ്ടി വെള്ളക്കെട്ടുകൾ ഉപയോഗപ്പെടുത്താവുന്നതാണ്. പഞ്ചായത്തിൽ മൂന്നിടങ്ങളിൽ ശാസ്ത്രീയമായ ചെമ്മീൻ കൃഷി നടത്തുന്നുണ്ട്. മത്സ്യക്കുഞ്ഞുങ്ങളെ കുറഞ്ഞ വിലയ്ക്ക് എളുപ്പത്തിൽ കിട്ടാത്തത് മത്സ്യ വളർത്തുകാരൻ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ്. ഇത് പരിഹരിക്കാൻ ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ മത്സ്യക്കുഞ്ഞ് വിതരണ കേന്ദ്രം ആരംഭിക്കേണ്ടത് അത്യാവശ്യമാണ്.

ഞണ്ടിനുണ്ടായിട്ടുള്ള വമ്പിച്ച വിപണന സാദ്ധ്യത ഉപയോഗപ്പെടുത്തുന്നതിനു വേണ്ടി ഞണ്ടു കൃഷി വ്യാപകമാക്കേണ്ടതുണ്ട്. കോരപ്പുഴയിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒറ്റപ്പെട്ട രീതിയിലുള്ള ഞണ്ടുകൃഷി പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും വികസിപ്പിക്കാവുന്നതാണ്. ചെമ്മീൻ കൃഷിയെ അപേക്ഷിച്ച് ചിലവ് കുറഞ്ഞതും, പരിപാലന ബുദ്ധിമുട്ട് താരതമ്യേന കുറവുമായ ഞണ്ടു കൃഷി പ്രത്യേക പ്രാധാന്യമർഹിക്കുന്നു. ചെറിയ ഞണ്ടുകളെപ്പോലും പിടിയ്ക്കുന്ന ഒരു പ്രവണത ഈ അടുത്തകാലത്തായി വളർന്നു വന്നിട്ടുണ്ട്. നമ്മുടെ പുഴകളിലെ ഞണ്ടു വർഗ്ഗത്തെ സമീപ ഭാവിയിൽ നാമാവശേഷമാക്കുവാൻ ഇടയാക്കുന്ന ഈ രീതി അടിയന്തിരമായി അവസാനിപ്പിക്കേണ്ടതാണ്. ജനങ്ങളിൽ ബോധവത്ക്കരണം നടത്തി മാത്രമേ ഞണ്ടിൻ കുഞ്ഞുങ്ങളെ പിടിക്കുന്നത് തടയാൻ കഴിയുകയുള്ളു.

ഓരു ജല മത്സ്യകൃഷിയ്ക്കു പുറമെ ശുദ്ധജല മത്സ്യകൃഷിയ്ക്കും ചേമഞ്ചേരി പഞ്ചായത്തിൽ സാദ്ധ്യത നിലനിൽക്കുന്നു. കാപ്പാടൻ കൈപ്പുഴയുടെ വടക്കെ അറ്റവും പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിലെ കുളങ്ങളും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ശുദ്ധജല മത്സ്യം വളർത്തുന്നതിന് വൻ സാദ്ധ്യതയുള്ള പ്രദേശമാണ് ഒരു കിലോമീറ്ററോളം നീളമുള്ള കാപ്പാടൻ കൈപ്പുഴയുടെ വടക്കു ഭാഗം കൃത്യസമയത്ത് മുനമ്പത്തുള്ള ബണ്ട് അടയ്ക്കാത്തത് കാരണം ഈ പ്രദേശത്ത് ഇപ്പോൾ ഓരു വെള്ളം കയറുന്നുണ്ട്. ബണ്ട് കൃത്യസമയത്ത് അടയ്ക്കുകയാണെങ്കിൽ ശുദ്ധജല മത്സ്യകൃഷി നടത്തുന്നതോടൊപ്പം കൃഷിക്കാവശ്യമായ ജലസേചന സൗകര്യത്തിനും ഈ തടാകം ഉപയുക്തമാവും, പഞ്ചായത്തധീനതയിലുള്ള കാപ്പാടൻ കൈപ്പുഴ പലസ്വകാര്യ വ്യക്തികളും കൈയ്യേറി പറമ്പാക്കി മാറ്റുന്നതായി 10ാം വാർഡ് ഗ്രാമസഭയിൽ ആരോപണം ഉയർന്നു വന്നിട്ടുണ്ട്. ഇതിന്റെ നിജസ്ഥിതി പരിശോധിച്ച് ആവശ്യമായ നടപടികളെടുക്കേണ്ടത് അത്യാവശ്യമാണ്. ശുദ്ധജല മത്സ്യകൃഷിയ്ക്ക് ആവശ്യമായ മത്സ്യകുഞ്ഞുങ്ങളെ കിട്ടാത്ത പ്രശ്നവും നിലനിൽക്കുന്നു. ഇവയും പരിഹരിക്കപ്പെടേണ്ടതാണ്. മത്സ്യത്തൊഴിലാളികൾക്ക് വിശ്രമിക്കാനും വലകളുടെ കേടുപാട് തീർക്കുന്നതിനും വിശ്രമകേന്ദ്രങ്ങൾ നിർമ്മിയ്ക്കണം. കൂടാതെ രാത്രികാലങ്ങളിൽ തീരം മനസ്സിലാക്കുന്നതിന് ആവശ്യമായത്രയും സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുകയും വേണം. പഞ്ചായത്തിൽ നാല് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളാണുള്ളത്. ഈ പ്രദേശത്തിന്റെ മാത്രം പ്രത്യേകതയായ പാരമ്പര്യമായി ചെയ്തുവരുന്ന ഊന്നി വല സമ്പ്രദായം ഇപ്പോൾ നിലനിൽക്കുന്നതുപോലെ തുടർന്നു പോകുന്നത് മത്സ്യത്തൊഴിലാളികൾക്ക് ഗുണകരമാണ്.



# വ്യവസായം

നമ്മുടെ ഗ്രാമപഞ്ചായത്തിന് വലിയ വ്യവസായങ്ങളുടെ ചരിത്രമൊന്നുമില്ല. എന്നാൽ പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി എന്നീ രംഗങ്ങളിൽ വളരെയധികം തൊഴിലാളികൾ ജോലി ചെയ്തുവന്നിരുന്നു. കൂടാതെ നാട്ടറിവിൽ നിന്നും നാലാം വാർഡിലെ ഓടിട്ട വളപ്പിൽ എന്ന പ്രദേശത്ത് നറുക്കോടുകൾ നിർമ്മിച്ചിരുന്നു എന്ന് അറിയാൻ കഴിഞ്ഞു. വലിയ വിപണന സാധ്യതയുണ്ടായിരുന്ന ഈ മേഖല ആധുനിക ഓട് വ്യവസായങ്ങൾ വന്നതോട് കൂടി മൺ മറഞ്ഞ് പോയി.

സ്വകാര്യ മേഖലയിൽ കുഞ്ഞിമൂസ്സ & കമ്പനി എന്ന പേരിൽ തിരുവങ്ങൂരിൽ 1965 വർഷം വരെ ഏതാണ്ട് മുന്നൂറോളം പുരുഷ–സ്ത്രീ തൊഴിലാളികൾ ജോലി ചെയ്തിരുന്ന ഒരു മെച്ചപ്പെട്ട വ്യവസായ കേന്ദ്രമായിരുന്നു, തിരുവങ്ങൂരിലെ അണ്ടിക്കമ്പിനി. കശുവണ്ടി ഇന്ത്യയിൽ നിന്നും പുറംരാജ്യങ്ങളിൽ നിന്നും കൊണ്ട് വന്നു സംസ്ക്കരിച്ച് പാക്ക് ചെയ്ത് വിദേശത്തേക്ക് കയറ്റി അയച്ചിരുന്നു. ഈ വ്യവസായ സ്ഥാപനം അസംസ്കൃത വസ്തുവായ കശുവണ്ടി ലഭ്യമാകാതെ വന്നപ്പോൾ അടച്ചുപൂട്ടപ്പെട്ടു. കശുവണ്ടി തോട് കത്തിക്കുന്നതിനും, കെട്ടിടങ്ങളുടെ മേൽക്കൂരക്കുപയോഗിക്കുന്ന തടികളും, തോണികളിലും പൂശുന്നതിനും ഉപയോഗിച്ചിരുന്നു. ഇന്നും ഈ പ്രദേശം അണ്ടിക്കമ്പനി എന്ന പേരിൽ തന്നെയാണ്.

നമ്മുടെ പഞ്ചായത്തിലെ പൂക്കാട്, തിരുവങ്ങൂർ, തെരുവുകളിൽ ശാലിയ സമുദായത്തിനിടയിലെ കുടിൽ വ്യവസായമായിരുന്നു കൈത്തറി. കുടുംബത്തിലെ മുഴുവൻ അംഗങ്ങളും ഈ പ്രവൃത്തിയിൽ വ്യാപൃതരായിരുന്നു. വസ്ത്രം നെയ്യുന്നതിനാവശ്യമായ നൂൽ കൊണ്ട് വന്ന് കുഴുത്തറികളിലും മഗ്ഗത്തിലും ആയിരുന്നു നെയ്തിരുന്നത്. കുഴിത്തറികളെ "കാക്കുഴിത്തറി" എന്നാണ് വിളിച്ചിരുന്നത്. അതിന്റെ അവശിഷ്ടം ഇന്നും പൂക്കാട് തെരുവിൽ കാണാം. ഇവിടെ നിന്നും പ്രധാനമായും ഉൽപ്പാദിപ്പിച്ചിരുന്നത് തോർത്ത്മുണ്ട്. "പതിനാലിന്റെ തുണി" എന്നു വിളിച്ചിരുന്ന മുണ്ടുകളായിരുന്നു. ഇതിന്റെ വിപണനം വീടുകളിൽ ഭാണ്ഡമായി എത്തിച്ചായിരുന്നു നടത്തിയിരുന്നത്. കൂടാതെ കൺട്രോൾ നൂലിന്റെ കുത്തകാവകാശികളായി ഉണ്ടായിരുന്ന ചുരുക്കം ചില വ്യക്തികൾക്ക് നെയ്ത തുണി കൊടുത്ത് പകരം നൂലിന് പുറമെ വിപണനകേന്ദ്രത്തിൽ നിന്നു തന്നെ അരി, പച്ചക്കറി, എണ്ണ തുടങ്ങിയ നിത്യോപയോഗ സാധനങ്ങളും ആയിരുന്നു ലഭിച്ചിരുന്നത് രാപ്പകലില്ലാതെയുള്ള ഈ തൊഴിൽ മറ്റുമേഖലകളിലേക്ക് കടന്നു ചെല്ലുന്നതിന് വിഘാതമായി നിന്നു. ഇവർ പൂർണ്ണമായും കൊടും ദാരിദ്ര്യം അനുഭവിച്ചവരായിരുന്നു.

മരച്ചക്കുകളിൽ കൊപ്ര, എള്ള്, എന്നിവ ആട്ടി നമ്മുടെ പ്രദേശത്തെ മുഴുവൻ കുടുംബങ്ങൾക്കും ആവശ്യമായ എണ്ണ ഉൽപാദിപ്പിക്കുന്ന ഒരു കുടിൽ വ്യവസായവും ഇവിടെയുണ്ടായിരുന്നു. ഇത് ഒരു പ്രത്യേകവിഭാഗത്തിന്റെ കുലത്തൊഴിലായിരുന്നു. പിന്നീടത് മറ്റു വിഭാഗങ്ങളിലേക്കും വ്യാപിച്ചു. ആദ്യകാലത്ത് മനുഷ്യരായിരുന്നു ചക്ക് ഉന്തിയിരുന്നത്. പിന്നീട് ചക്കു തിരിക്കാൻ കാളകളെ ഉപയോഗിച്ചു

വന്നു. പിണ്ണാക്ക് കാലിത്തീറ്റയായിട്ട് വ്യാപകമായി ഉപയോഗിച്ചു വന്നു. യന്ത്രചക്കുകളിൽ ആട്ടിയ എണ്ണ പ്രചാരത്തിൽ വന്നതോട് കൂടി ഈ വ്യവസായം വേരറ്റുപോയി. എന്നാൽ ഇന്നും മരച്ചക്കിലാട്ടിയ എണ്ണക്ക് ആവശ്യക്കാരുണ്ട്.

നമ്മുടെ കടൽത്തീരങ്ങളിൽ സുലഭമായിരുന്ന മത്സ്യസമ്പത്ത് ഉപയോഗിച്ച് കൊണ്ട് മത്സ്യത്തിൽ നിന്നും എണ്ണ എടുക്കുന്ന പ്രസ്സുകൾ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിരുന്നു. വെള്ളത്തിലൂടെ വേഗതയിൽ സഞ്ചരിക്കുന്നതിന് തോണിയുടെ അടിഭാഗത്ത് മത്സ്യഎണ്ണ പുരട്ടിയിരുന്നു. മാത്രമല്ല ഈ എണ്ണ ശുദ്ധീകരിച്ച് മീനെണ്ണ മറ്റു പ്രദേശങ്ങളിൽ ഉൽപ്പാദിപ്പിച്ചിരുന്നു. ഇന്ന് ഈ വ്യവസായം തീർത്തും അപ്രത്യക്ഷമായി. മത്സ്യ പ്രസുകളുടെ അവശിഷ്ടം കഴിഞ്ഞ കാലത്തിന്റെ ഓർമ്മകൾ അയവിറക്കിക്കിടക്കുന്നത് ഇന്നും കാപ്പാട് പ്രദേശത്ത് കാണാം.

കൈതയോല ഉപയോഗിച്ച് പായ, വട്ടി, പനമ്പ്, തടുക്ക്, എന്നിവ വ്യാപകമായി നമ്മുടെ പഞ്ചായത്തിൽ നിർമ്മിച്ചിരുന്നു. പട്ടികജാതി വിഭാഗത്തിൽ പെട്ടവരുടെ കുലത്തൊഴിലായിരുന്നു ഇത്. ഓരോ പ്രദേശത്തുമുള്ള കൈത ചെടികൾ ഓരോ കുടുംബക്കാർക്കും അവകാശപ്പെട്ടതായിരുന്നു. ഈ ചെടികളിൽ നിന്ന് ഓല വെട്ടി മുള്ളുപോക്കി ഉണക്കി മേൽപറഞ്ഞ വസ്തുക്കൾ നെയ്യുന്നതിനാവശ്യമായ നാരുകളാക്കി കുടുംബത്തിലെ മുഴുവൻ അംഗങ്ങളും പങ്കെടുത്തുകൊണ്ടായിരുന്നു ഉൽപാദനം നടത്തിയിരുന്നത്. ഇവയുടെ വിപണനം നടത്തിയിരുന്നത് മുഖ്യമായും വീടുകളിലും ചന്തകളിലുമായിരുന്നു. ഇന്ന് ഈ വ്യവസായം വിരലിലെണ്ണാവുന്ന വ്യക്തികൾ മാത്രം ചെയ്യുന്ന ഒരു തൊഴിലായി മാറിക്കഴിഞ്ഞിട്ടുണ്ട്. ഓലക്കുടകൾ, മുറം, വട്ടി, കൊട്ട എന്നീ ഉപകരണങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉൽപാദിപ്പിച്ചിരുന്നു. ഇവയും ഇന്ന് നാമാവശേഷമായി കഴിഞ്ഞിട്ടുണ്ട്. കൈതോല കൊണ്ടുള്ള മസാല വട്ടി നിർമ്മാണം നാല്പതുകളിലും അമ്പതുകളിലും പട്ടിക ജാതിക്കാരുടെ ഇടയിൽ വ്യാപകമായുണ്ടായിരുന്നു. പ്ലാസ്റ്റിക് ബാഗിന്റെ വരവോടെ ഇത് തകർന്നു പോയി.

നമ്മുടെ പഞ്ചായത്തിന്റെ തെക്ക് ഭാഗത്ത് വെങ്ങളം കാപ്പാട് പ്രദേശത്ത് വ്യാപകമായ തോതിൽ നിലനിന്നിരുന്ന ഒരു വ്യവസായമായിരുന്നു കക്കവ്യവസായം. തെങ്ങിൻ തോപ്പിൽ നിന്നും വയലുകളിൽ നിന്നും പുഴയോരത്തുനിന്നും കക്ക കുഴിച്ചെടുത്ത് നേരിട്ട് കയറ്റി അയക്കുകയും അതുപോലെ കക്ക ചൂളകളിൽ വെച്ച് നീറ്റുകക്കയാക്കി മുൻകാലങ്ങളിൽ വീടുകളുടെ ചുമര് വെള്ള വലിക്കുന്നതിനും കുമ്മായമാക്കി വീടുകളുടെ ചുമരുകൾ കെട്ടാനും, തേയ്ക്കാനും, വളമായും ഉപയോഗിച്ചിരുന്നു. സിമെന്റ്, പെയിന്റ് എന്നിവയുടെ കടന്നുകയറ്റത്തോടെ ഈ വ്യവസായം പ്രതിസന്ധിയിലെത്തുകയും ഇന്നവ വളത്തിനും മററ് അത്യാവശ്യ കാര്യങ്ങൾക്കും മാത്രമായി ഉപയോഗിക്കുന്നു. കക്കയുടെ ദൗർലഭ്യവും ആ വ്യവസായത്തിന്റെ വളർച്ചക്ക് കാരണമാണ്. കക്ക കുഴിച്ചെടുക്കാൽ വ്യാപകമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കൃഷിസ്ഥലം നശിച്ചുപോയി. ഓരു വെള്ളം കയറുന്നതിനും കണ്ടൽക്കാടുകൾ നശിക്കാനും ഇത് ഇടയാക്കിയിട്ടുണ്ട്.

ഈ പഞ്ചായത്തിലെ മറ്റൊരു കുലത്തൊഴിലായിരുന്നു കൊല്ലപ്പണി. കാർഷിക വൃത്തിയിൽ ഏർപ്പെട്ടവർക്ക് കാർഷികോപകരണങ്ങൾ നിർമ്മിച്ചു കൊടുത്തിരുന്നത് ഇവരായിരുന്നു. കൂടാതെ ക്ഷേത്രങ്ങൾക്കും കളരികൾക്കും ആയോധന വിദ്യക്ക് ഉപയോഗിച്ചിരുന്ന ആയുധങ്ങൾ, ആധുനിക ലോക്കറുകളെപ്പോലും വെല്ലുന്ന നാടൻ പൂട്ടും താക്കോലും എന്നിവ ഇവർ നിർമ്മിച്ചിരുന്നു.

അറബിക്കത്തി എന്ന പേരിൽ വിളിച്ചിരുന്ന കത്തി അറേബ്യൻ നാടുകളിലേക്ക് ഇവർ കയറ്റി അയച്ചിരുന്നു. മനോഹരമായ ഹുക്ക നിർമ്മാണം ഇവരുടെ ഒരു മുഖ്യ വ്യവസായമായിരുന്നു. തോക്കു നിർമ്മാണത്തിൽ ഇവരുടെ വൈദഗ്ദ്ധ്യം എടുത്തു പറയേണ്ടതാണ്. ഹുക്ക വ്യവസായത്തിന് കയറ്റുമതി പ്രോത്സാഹനം നൽകാത്തതുമൂലവും എന്നാൽ കാർഷികോപകരണങ്ങളുടെ ഉൽപാദനം ആധുനിക ഉപകരണങ്ങളുടെ കടന്നുകയറ്റം മൂലവും തകർന്നുപോയിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ ജോലി ചെയ്തിരുന്ന ഒരു മേഖലയാണ്

കയർ വ്യവസായം. നമ്മുടെ താലൂക്കിലെ ചൂടി വ്യവസായത്തിൽ മുഖ്യ പങ്കു വഹിച്ചത് ഈ പ്രദേശമായിരുന്നു. പ്രശസ്തമായ കൊയിലാണ്ടി ചൂടിയുടെ ഏറിയ പങ്കും നമ്മുടെ പ്രദേശത്തുനിന്നായിരുന്നു ഉൽപാദിപ്പിച്ചിരുന്നത്. ഈ പഞ്ചായത്തിന്റെ മൂന്നു ഭാഗമുള്ള ഓരു ജലത്തിന്റെ ലഭ്യത തൊണ്ട് അഴുക്കുന്നതിനും ഉപയുക്തമായി. തൊണ്ടിന്റെ യഥേഷ്ടമായ ലഭ്യതയും ഈ വ്യവസായത്തിന് അനുകൂലമായ ഭൗതിക സാഹചര്യം ഉണ്ടാക്കി. സ്വകാര്യമേഖലയിൽ ചിന്നിച്ചിതറിയായിരുന്നു ഈ വ്യവസായം. മുൻകാലങ്ങളിൽ ഇവിടെ പ്രവർത്തിച്ചിരുന്നത്. കയർ വ്യവസായത്തെ സഹകരണമേഖലയിലേക്ക് കൊണ്ടുവന്നതോട് കൂടി ചിന്നിച്ചിതറിക്കിടന്നിരുന്ന ഈ വ്യവസായം സംഘടിത മേഖലയിലേക്ക് മാറ്റപ്പെടുകയും ഈ രംഗത്തെ സ്വകാര്യ ഉടമ സമ്പ്രദായം ഒരു പരിധി വരെ ഇല്ലായ്മ ചെയ്യുകയും ചെയ്തു. ഇന്നും ഈ വ്യവസായം ഈ പ്രദേശത്തെ ഒരു പ്രധാന പരമ്പരാഗത വ്യവസായമായിത്തന്നെ തുടരുന്നുണ്ട്. അഴുകിയ തൊണ്ടിന്റെ തോൽ വീടുകളിൽ കത്തിക്കാൻ വ്യാപകമായി ഉപയോഗിച്ചിരുന്നു.

ഈ പഞ്ചായത്തിലെ തുവ്വക്കോട് ഭാഗത്തു മാത്രം കേന്ദ്രീകരിച്ചിരുന്ന ഒരു കുടിൽ വ്യവസായമായിരുന്നു പടക്ക നിർമ്മാണം. പടക്ക നിർമ്മാണത്തിൽ ആധുനിക സാങ്കേതിക വിദ്യപോലും വെല്ലുന്ന തരത്തിലുള്ള പടക്കങ്ങൾ ഇവിടെ നിർമ്മിച്ചിരുന്നു. ഉൽസവക്കാലമായാൽ ഉത്തരമലബാറിലെ ഭൂരിഭാഗം ക്ഷേത്രങ്ങളിലും വെടിക്കെട്ടുകൾ കൈകാര്യം ചെയ്തിരുന്നത് ഈ പ്രദേശത്തുകാരാണ്. മുൻകാലങ്ങളിൽ 'നാദാപുരം പൂരം, മടപ്പള്ളി പൂരം പോലെയുള്ള ഉത്സവങ്ങൾക്കു പോലും വെടിക്കോപ്പുകൾ ഇവർ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ വിഷു, പെരുന്നാൾ, ക്രിസ്തുമസ്സ്, ദീപാവലി എന്നീ ആഘോഷങ്ങൾക്ക് പകിട്ടേകാൻ പടക്കം നിർമ്മിച്ച് വ്യാപകമായി വിതരണം ചെയ്യുന്നുണ്ട്. മറ്റു പ്രദേശങ്ങൾക്ക് ഒന്നും തന്നെയില്ലാതംത വൈദഗ്ധ്യമാർന്ന ഒരു തൊഴിൽ മേഖലായാണ് ഇത്.

# നിലവിലുള്ള വ്യവസായങ്ങൾ

## പൊതു മേഖലാ വൻകിട വ്യവസായം

കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ കീഴിൽ 1983 ൽ ആരംഭിച്ച സമഗ്ര നാളികേര സംസ്കരണ കേന്ദ്രമാണ് പഞ്ചായത്തിലെ ഏക പൊതുമേഖലാ വ്യവസായ സ്ഥാപനം. പത്തേക്കറിൽ കൂടുതൽ സ്ഥലത്ത് ദേശീയ പാതയിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥാപനം നാളികേരത്തിന്റെ സമഗ്രമായ സംസ്കരണ പ്രവർത്തനം ലക്ഷ്യമാക്കി ആരംഭിച്ചതാണ്. നാളികേരകർഷകരിൽ നിന്ന് നേരിട്ട് കൊപ്രയും നാളികേരവും സംഭരിച്ച് വിവിധ ഉൽപ്പന്നങ്ങളാക്കി മാറ്റാൻ ഉദ്ദേശിച്ച് ആരംഭിച്ച ഇവിടെ കൊപ്ര ആട്ടി എണ്ണയാക്കുന്ന പ്രവർത്തനമാണ് നടന്നുവന്നിരുന്നത്. ഫാക്ടറി പ്രവർത്തിക്കുന്നതിനാവശ്യമായ കൊപ്ര സുലഭമായി ഇന്നും ലഭിക്കുന്ന നമ്മുടെ പ്രദേശത്ത് മാനേജ്മെന്റിന്റെ കെടു കാര്യസ്ഥത മൂലം പലപ്പോഴായി ഉത്പ്പന്നം നിലയ്ക്കുകയുണ്ടായി. നൂറോളം തൊഴിലാളികൾ ജോലിചെയ്യുന്ന ഈ സ്ഥാപനം 1995 മെയ് മാസത്തിലുണ്ടായ അഗ്നി ബാധയിൽ നശിച്ചിരിക്കുകയാണ്.

### പ്രശ്നങ്ങൾ

1. മലബാർ പ്രദേശത്തെ നാളികേര കർഷകർക്ക് അഭയകേന്ദ്രമായി മാറേണ്ടുന്ന ഈ സ്ഥാപനം പുനരുദ്ധരിക്കുന്നതിന് നാളികേര വികസന കോർപ്പറേഷൻ മാനേജ്മെന്റിന് ഫണ്ടില്ല എന്നുള്ളതാണ് പ്രധാന പ്രതിബന്ധം.

2. സമാന സ്വഭാവമുള്ള മറ്റൊരു ഗവൺമെന്റ് സ്ഥാപനമായ കേരഫെഡ് കൊയിലാണ്ടി താലൂക്കിൽ തന്നെ ഒരു കൊപ്ര സംസ്കരണ കേന്ദ്രം ആരംഭിക്കുന്നത് കൊപ്രയുടെ ലഭ്യതയെ ബാധിക്കുന്നതാണ്. വിപണിയിൽ അനാരോഗ്യകരമായ മത്സരം ഉണ്ടാകുന്നതും സ്ഥാപനത്തിന് ദോഷകരമായി ബാധിക്കും.

3. ഉന്നത തലങ്ങളിലുള്ള ഉദ്യോഗസ്ഥൻമാരുടെ ബാഹുല്യവും അഴിമതിയും ശാസ്ത്രീയ മാനേജ്മെന്റിന്റെ അഭാവവും.

4. ഫാക്ടറി മൂന്ന് ഷിഫ്ററുകളിൽ പ്രവർത്തിക്കുന്നതിനാനവശ്യമായ വോൾട്ടേജോടുകൂടിയ വൈദ്യുതി യഥേഷ്ടം ലഭിക്കാത്തത്.

## പരിഹാരമാർഗ്ഗങ്ങൾ.

1. സമഗ്ര നാളീകേര സംസ്കരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് പ്രൊജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാത്തിൽ ആവശ്യമായ ഫണ്ട് നൽകി സ്ഥാപനത്തെ പുനരുദ്ധരിക്കുക. കേരജം, കേശാമൃതം, സൗന്ദര്യ, പരിമള എന്നീ കോസ്മറ്റിക്കുകളുടെ ഉത്പാദനവും തേങ്ങാപൊടി, തേങ്ങാക്രീം, ചിരട്ടപൊടി, ആക്ടിവേനസ് കാർബൺ ഇവയുടെ നിർമ്മാണവും ത്വരിതപ്പെടുത്തുക.

2. സമാന സ്വഭാവമുള്ള പൊതുമേഖലാ ഗവൺമെന്റ് സ്ഥാപനങ്ങളുടെ പ്രവർത്തനവം ഏകോപിപ്പിക്കുക. (കേരഫെഡ്, നാളീകേര വികസന കോർപ്പറേഷൻ)

3. ഫാക്ടറി പ്രവർത്തിക്കുന്നതിനാവിശ്യമായ കൊപ്ര സംഭരിക്കുന്നതിനുളള സംവിധാനം സൃഷ്ടിക്കുക.

4. ശാസ്ത്രീയമായ മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുക.

5. വൈദ്യുതി യഥേഷ്ടം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

## സ്വകാര്യ മേഖലാ വൻകിട വ്യവസായം

മൽസ്യ സംസ്ക്കരണ രംഗത്ത് വെങ്ങളത്ത് പ്രവർത്തിച്ചിരുന്ന ചെറുകിട സ്ഥാപനമായിരുന്നു. "മെർമേഡ് സീ ഫുഡ്സ്" എന്ന സ്ഥാപനം വിലക്കെടുത്ത് ആധുനിക യന്ത്രസാമഗ്രികൾ ഉപയോഗിച്ച് വിപുലീകരിച്ച് ആരംഭിച്ചിട്ടുള്ള ഒരു പബ്ലിക്ക് ലിമിറ്റഡ് കമ്പനിയാണ് 'യുനിറോയൽ മറൈൻ എക്സ്പോർട്സ്' വിവിധ തരം മത്സ്യങ്ങളെ ആധുനിക രീതിയിൽ ശീതീകരിച്ച് അമേരിക്ക, ജപ്പാൻ, തുടങ്ങിയ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയക്കുന്ന ഈ വൻകിട സ്ഥാപനത്തിൽ 185 പുരുഷ തൊഴിലാളികളും 125 സ്ത്രീ തൊഴിലാളികളും ജോലി ചെയ്യുന്നുണ്ട്. ധാരാളം വികസന സാധ്യതകൾ ഉള്ളതാണ് ഈ വ്യവസായം.

## പ്രശ്നങ്ങൾ

1. ഫാക്ടറിയുടെ പ്രവർത്തനശേഷിക്കനുസരിച്ച് മത്സ്യം ലഭിക്കുന്നല്ല. 2. മൂന്നു ഷിഫ്ററുകളിൽ പ്രവർത്തിക്കുന്നതിന് വൈദ്യുതി ലഭിക്കുന്നില്ല.

## പരിഹാരങ്ങൾ

1. വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നത് നിരോധിക്കുക.

2. വൈദ്യുതി പ്രശ്നം പരിഹരിക്കുക

## ടൂറിസം

1498 ൽ വാസ് -കോ-ഡ-ഗാമ കപ്പലിറങ്ങിയ പ്രദേശമായ കാപ്പാട് ചേമഞ്ചേരി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. ഐ.ടി.ഡി.സി യുടെ ഒരു ടൂറിസ്ററ് ബീച്ച് റിസോർട്ട് ഇവിടെ പ്രവർത്തിക്കുന്നു. കൂടാതെ സ്വകാര്യ സ്ഥാപനമായ ചേരമെൻ ഗ്രൂപ്പിന്റെ ഒരു ബീച്ച് റിസോർട്ടും ഇവിടെയുണ്ട്.

## സാധ്യതകൾ

ശാസ്ത്രീയമായി ടൂറിസം മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയാൽ കാപ്പാട് ബീച്ചിലും പഞ്ചായത്തിലും കോരപ്പുഴയിലും ധാരാളമായി ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും. ചരിത്രമ്യൂസിയം ഉല്ലാസബോട്ടുകൾ ഫ്ളോട്ടിങ്ങ് ഹോട്ടലുകൾ, കരകൗശലവസ്തുക്കളുടെ പ്രദർശനവും വിൽപ്പനയും നീന്തൽക്കുളം തുടങ്ങി ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള ഭൗതികസാഹചര്യങ്ങൾ ഇവിടെയുണ്ട്. വിദേശ ടൂറിസ്റ്റുകളേയും ആഭ്യന്തര ടൂറിസ്റ്റുകളേയും ആകർഷിക്കുന്നത് വഴി വിദേശനാണ്യം നേടാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും ടൂറിസത്തിന്റെ ദൂഷ്യങ്ങൾ കടന്നുവരാതെ ശ്രദ്ധിക്കേണ്ടതുമുണ്ട്.

## ഖാദികേന്ദ്രങ്ങൾ

ഈ പഞ്ചായത്തിൽ കോഴിക്കോട് സർവ്വോദയ സംഘത്തിന്റെ കീഴിൽ രണ്ട് ഖാദി യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഒന്ന് ചേമഞ്ചേരിയിലെ ഖാദിനെയ്ത്തുകേന്ദ്രവും മറ്റൊന്ന് തിരുവങ്ങൂരിലെ നൂൽനൂൽപ്പ് കേന്ദ്രവുമാണ്. ചേമഞ്ചേരിയിലെ നെയ്ത്ത് കേന്ദ്രത്തിൽ 136 സ്ത്രീതൊഴിലാളികൾ 5 പുരുഷതൊഴിലാളികളും തിരുവങ്ങൂരിലെ നൂൽ നൂൽപ്പ് കേന്ദ്രത്തിൽ 7 സ്ത്രീ തൊഴിലാളികളും പണിയെടുക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. ഉൽപാദനക്ഷമത വർദ്ധിപ്പിക്കാത്തതിനാൽ തൊഴിലാളികൾക്ക് ന്യായമായ വേതനം ലഭിക്കുന്നില്ല.

2. നൂൽ നൂൽക്കുമ്പോഴും നെയ്യുമ്പോഴും ഉണ്ടാകുന്ന പൊടി തൊഴിലാളികളുടെ ആരോഗ്യത്തിന് ഹാനികരമാവുന്നു.

3. റിബേറ്റ് സംഖ്യ യഥാസമയം സർക്കാരുകളിൽ നിന്ന് ലഭിക്കാത്തതിനാൽ ഈ വ്യവസായത്തിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്.

## പരിഹാരങ്ങൾ

1. തൊഴിലാളികൾക്ക് ന്യായമായ വേതനം ലഭിക്കുന്ന തരത്തിൽ ഉൽപാദക്ഷമത വർദ്ധിക്കുന്നതിന് ഈ രംഗം ആധുനികവൽക്കരിക്കുക.

2. ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ വേണം. 3. റിബേറ്റ് യഥാസമയം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

# ചെറുകിട വ്യവസായങ്ങൾ

## ഐസ് ഫാക്ടറികൾ

ഈ പഞ്ചായത്തിൽ ചേമഞ്ചേരി, വെങ്ങളം, കോരപ്പുഴ എന്നിവിടങ്ങളിൽ മൂന്ന് ഐസ് ഫാക്ടറികൾ പ്രവർത്തിക്കുന്നു. ഇവിടെ 12 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. നേരത്തെ പ്രവർത്തിച്ച് വന്നിരുന്ന വെങ്ങളത്തെ ഒരു ഫാക്ടറി അടഞ്ഞുകിടക്കുകയാണ്. (സ്വാതി ഐസ് ഫാക്ടറി)

## ഈർച്ചമിൽ

തിരവങ്ങൂരിൽ ഒരു ഈർച്ച മിൽ പ്രവർത്തിക്കുന്നു. 8 തൊഴിലാളികൾ ഇവിടെ ജോലിചെയ്യുന്നുണ്ട്. മറ്റൊന്ന് ചേമഞ്ചേരിയിൽ പ്രവർത്തന സജ്ജമായി വരുന്നു.

## കരകൗശലവസ്തുക്കളുടെ നിർമ്മാണം

കരകൗശലവസ്തുക്കൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് കാഞ്ഞിലശ്ശേരിയിൽ പ്രവർത്തിക്കുന്നു 'കൈലാസ് ഹാൻഡി ക്രാഫ്റ്റ്സ്' എന്ന ഈ സ്ഥാപനത്തിൽ 7 സ്ത്രീ തൊഴിലാളികളും 1 പുരുഷ തൊഴിലാളിയും ജോലിചെയ്യുന്നു.

## പ്രിന്റിംഗ് പ്രസ്സുകൾ

പൂക്കാട് മൂന്ന്, തിരുവങ്ങൂർ ഒന്നു, വെങ്ങളം ഒന്ന് എന്നിങ്ങനെ അഞ്ച് പ്രിന്റിംഗ് പ്രസുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാം കൂടി 16 പേർ ജോലി ചെയ്യുന്നു.

## വെൽഡിംഗ് ഇൻഡസ്ട്രീസ്

കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഇരുമ്പ് ഗ്രില്ലുകളും മറ്റു സാധനങ്ങളും നിർമ്മിക്കുന്ന 5 യൂണിറ്റുകൾ വിവിധഭാഗങ്ങളിലായി പ്രവർത്തിക്കുന്നു. ഇവയിലെല്ലാം കൂടി 30 തൊഴിലാളികൾ ജോലി ചെയ്യുന്നു.

## ഫ്ളോർ മില്ലുകൾ

ധാന്യങ്ങളും മസാലകളും പൊടിച്ചുകൊടുക്കുന്ന 8 മില്ലുകൾ വിവിധ സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നു. ആകെ 16 തൊഴിലാളികൾ ഇവിടെ ജോലിചെയ്യുന്നുണ്ട്.

## ഓയൽ മില്ലുകൾ

കൊപ്രയാട്ടുന്ന ഒരു എക്സപെല്ലർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. രണ്ട് തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നു. ഒരു മില്ല് പ്രവർത്തന സജ്ജമായി വരുന്നു.

## ടയർ റീ ട്രേഡിംഗ് യൂണിറ്റ്.

'കോൺഫിഡന്റ് കോൾഡ് ട്രഡ്' എന്ന പേരിൽ തിരുവങ്ങൂരിൽ ഒരു ടയർ റീ ട്രേഡിംഗ് സ്ഥാപനം പ്രവർത്തിക്കുന്നുണ്ട് ഇവിടെ 6 പേർ ജോലിചെയ്യുന്നു.

## റബ്ബർ ട്രെഡ് യൂണിറ്റ്

തിരുവങ്ങൂരിൽ 'ഡ്യുറാൻ റബ്ബർ വർക്സ്' എന്ന പേരിൽ ഒരു റബ്ബർ ട്രെഡ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നു നാല് തൊഴിലാളികൾ ഇവിടെ ജോലിചെയ്യുന്നു.

## ഫോം റബ്ബർ യൂണിറ്റ്

കുഷ്യനുകൾ, മെത്തകൾ എന്നിവ നിർമ്മിക്കുന്ന ഒരു ഹോം റബ്ബർയൂണിറ്റ് തിരുവങ്ങൂരിൽ ഭാഗികമായി പ്രവർത്തിക്കുന്നു. 6 തൊഴിലാളികളാണ് ഇവിടെ ജോലി ചെയ്യുന്നത്.

## സ്റ്റെബിലൈസർ അസംബ്ലിംഗ് യൂണിറ്റ്

20 സ്ത്രീ തൊഴിലാളികൾ ജോലിചെയ്യുന്ന ഈ സ്ഥാപനം കോരപ്പുഴയിലാണ് സ്ഥിതിചെയ്യു

ന്നത്. വി. ഗാർഡ് സ്റ്റെബിലൈസർ ആണ് ഇവിടെ നിർമ്മിക്കുന്നത്.

## ഹോളോ ബ്രിക്സ് നിർമ്മാണം.

'ട്രാക് സൺസ്' എന്ന പേരിൽ പൂഴി, പാറപ്പൊടി, ബേബി ജെല്ലി, സിമെന്റ് എന്നിവ ഉപയോഗിച്ച് കെട്ടിട നിർമ്മാണ ആവശ്യങ്ങൾക്കുള്ള ഹോളോബ്രിക്സുകൾ ഇവിടെ നിർമ്മിക്കുന്നു. 8 പുരുഷന്മാരും 2 സ്ത്രീകളുമാണ് ഇവിടെ ജോലി ചെയ്യുന്നത്.

## സിമന്റ് ഉപയോഗിച്ച് നിർമ്മിതികൾ

സിമന്റ് പാനകൾ, ഗ്രില്ലുകൾ, പൂച്ചട്ടികൾ, അഴികൾ, ക്ലോസറ്റുകൾ എന്നിവ നിർമ്മിക്കുന്ന ഈ സ്ഥാപനം തിരുവങ്ങൂരിലാണ്. നാല് പേർ ഇവിടെ ജോലി ചെയ്യുന്നു.

## ഫർണീച്ചർ യൂണിറ്റുകൾ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗൃഹനിർമ്മാണ ആവശ്യങ്ങൾക്കുള്ള മരസാധനങ്ങളും ഫർണീച്ചറുകളും, നിർമ്മിക്കുന്ന വിവിധ യൂണിറ്റുകൾ വീടുകളിലും കടകളിലുമായി പ്രവർത്തിക്കുന്നു. ഈ സംരംഭങ്ങളിൽ ഏകദേശം നാല്പതോളം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

## ബേക്കറി യൂണിറ്റുകൾ

വിവിധ സ്ഥലങ്ങളിലായി അഞ്ചോളം അപ്പക്കൂടുകൾ പ്രവർത്തിക്കുന്നു. 10 തൊഴിലാളികൾ ഇവിടെ ജോലിചെയ്യുന്നുണ്ട്.

## സോഡാ നിർമ്മാണം.

2 സോഡാ നിർമ്മാണ യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നു.

# പരമ്പരാഗത വ്യവസായങ്ങൾ

കയർ നിലവിൽ സ്വകാര്യമേഖലയിൽ നാമമാത്രമായിട്ടാണ് ഈ വ്യവസായം ഉള്ളത്. സഹകരണമേഖലയിൽ 4 കയർ വ്യവസായ സംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## വെങ്ങളും കയർ വ്യവസായ സഹകരണസംഘം, കാപ്പാട് ചീനച്ചേരി സഹകരണസംഘം, ചേമഞ്ചേരി കയർ വ്യവസായ സംഘം, തുവ്വക്കോട് കയർ വ്യവസായ സംഘം

മേൽ പറഞ്ഞ സഹകരണസംഘങ്ങളിലെല്ലാം കൂടി 978 സ്ത്രീ തൊഴിലാളികളും 115 പുരുഷ തൊഴിലാളികളും ജോലി ചെയ്യുന്നു.

## പ്രശ്നങ്ങൾ

1. അഴുകിയ തൊണ്ട് തല്ലാൻ ഇന്ന് സ്ത്രീകൾ മുന്നോട്ട് വരുന്നില്ല. വൃത്തിഹീനമായ സാഹചര്യവും കുറഞ്ഞ വേതനവുമാണ് തൊഴിലാളികളെ ഈ രംഗത്ത് നിന്ന് അകറ്റുന്നത്.

2. ഉൽപാദനക്ഷമത ഇല്ലായ്മയും നവീകരണമില്ലായ്മയും ഈ മേഖലയിൽ ജോലിചെയ്യുന്ന ...ർക്ക് വേതനം കുറയാൻ കാരണമാകുന്നു.

## പരിഹാരങ്ങൾ

1. തൊണ്ട് തല്ലുന്നതിന്നും കയർ പിരിക്കുന്നതിനും ആധുനിക യന്ത്രസാമഗ്രികളുടെ പ്രയോജനം ഉണ്ടാവണം. 2. ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം സാധ്യമാക്കി മികച്ച സാധനങ്ങൾ നിർമ്മിക്കാൻ കഴിയണം.

## നെയ്ത്ത്

പന്തലായനി നെയ്ത്ത് സഹകരസംഘത്തിന്റേയും ചേമഞ്ചേരി നെയ്ത്ത് സഹകരണസംഘത്തിന്റേയും കീഴിൽ ഇന്ന് നാമമാത്രമായി നെയ്ത്ത് വ്യവസായം ഇവിടെ നടന്നു വരുന്നുണ്ട്.

## തൊഴിൽ സംരംഭങ്ങൾ

C.M.I Fathers Charitable Societies, Calicut ന്റെ കീഴിൽ സ്റ്റാർ മഹിളാസമാജം കോരപ്പുഴയിൽ പ്രവർത്തിക്കുന്നു. ഇത് 1992 ഒക്ടോബറിലാണ് പ്രവർത്തനം ആരംഭിച്ചത്. വി. ഗാർഡ് സ്റ്റൈബിലൈസറിന്റെ ഒരു അസംബ്ലിംഗ് യൂണിറ്റ് ഇതിന്റെ ആഭിമുഖ്യത്തിൽ ഇവിടെ പ്രവർത്തിക്കുന്നു. വർഷത്തിൽ 365 ദിവസവും തൊഴിലാളികൾക്ക് ജോലി നൽകാൻ ഇതുകൊണ്ട് കഴിയുന്നു. 20സ്ത്രീ തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നുണ്ട്. അധികവും പാവപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകളാണ്. ഇവർക്ക് പ്രതിമാസം 900 രൂപ മുതൽ 1000 രൂപ വരെ വേതനം ലഭിക്കുന്നു. പ്രോവിഡന്റ് ഫണ്ട് ആനുകൂല്യം ഇവർക്കുണ്ട്. പിരിഞ്ഞു പോകുന്നവർക്ക് 20% ശമ്പളം നൽകുന്നു.

## *വ്യവസായ സംരംഭങ്ങളും ജോലി ലഭ്യതയും*

| | സംരംഭങ്ങൾ | ജോലി ലഭ്യത<br>പുരുഷൻമാർ | സ്ത്രീകൾ |
|---|---|---|---|
| 1. | കെ. ആർ. മെറ്റൽസ് | 12 | – |
| 2. | തിരുവങ്ങൂർ പീലിംഗ് സെന്റർ | 5 | 35 |
| 3. | കോൺഫിഡന്റ് കോൾഡ് ട്രേഡേഴ്സ് (1995 പ്രവർത്തനം ആരംഭിച്ചു. വർഷം മുഴുവൻ തൊഴിലാളികൾക്ക് ജോലി കൊടുക്കാൻ കഴിയും. പവർക്കട്ടും വോൾട്ടേജ് ക്ഷാമവും പ്രശ്നമാണ്) | 6 | – |
| 4. | തിരുവങ്ങൂർ സോ മിൽ | 8 | – |
| 5. | ഡുറാൻ റബ്ബർ | 4 | – |
| 6. | അരിസ്റ്റോ ഫോം | 6 | – |
| 7. | ന്യൂ ലേക്സ് ബാറ്ററി | 2 | – |
| 8. | ട്രാക്സ്ൺ ഹോളോബ്രിക്സ് | 8 | 2 |
| 9. | മലബാർ ഐസ് പ്ലാന്റ്, വെങ്ങളം (വർഷത്തിൽ 2 മാസം ജോലി ഇല്ല.) | 4 | – |
| 10. | C.T.മെറ്റൽ ഫാബ്രിക്കേഷൻ(S.S.I യൂണിറ്റ്) | 3 | – |
| 11. | പാറക്കൽ ഇൻഡസ്ട്രീസ് കോരപ്പുഴ (തൊഴിലാളികൾക്ക് ശരാശരി 80രൂപ പ്രതിദിന വേതനം ലഭിക്കുന്നു) | 7 | – |

| | | | |
|---|---|---|---|
| 12. | കോരപ്പുഴ ഐസ് പ്ലാന്റ് (9 മാസം പ്രവർത്തിക്കും മത്സ്യത്തിന്റെ ലഭ്യതക്കനുസരിച്ച് ഉത്പാദനം) | 7 | – |
| 13. | കോരപ്പുഴ പീലിങ് ഷെഡ് | 4 | 30 |
| 14. | കുമ്മായ ചൂള, കോരപ്പുഴ (4 എണ്ണം) | 8 | – |
| 15. | കൈലാസ് ഹാൻഡി ക്രാഫ്റ്റ്സ് (ടേബിൾ മാറ്റ് നിർമ്മാണം, S.S.I യൂണിറ്റ് ഉത്പന്നങ്ങൾ കൈരളിക്ക് നൽകുന്നു.) | 1 | 16 |

## പ്രശ്നങ്ങളും സാദ്ധ്യതകളും

ചേമഞ്ചേരി പഞ്ചായത്തിൽ പൊതുവെ വൈദ്യുതി ക്ഷാമവും വോൾട്ടേജ് കുറവും അനുഭവപ്പെടുന്നത് കൊണ്ട് നിലവിലുള്ള പല വ്യവസായങ്ങളും പൂർണ്ണരൂപത്തിൽ പ്രവർത്തിക്കാൻ കഴിയുന്നില്ല. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുകൊണ്ട് മാത്രം ഉൽപാദനം ആരംഭിക്കാൻ കഴിയാത്ത ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വൈദ്യുതി ലഭ്യമാക്കാൻ ഊർജ്ജിത നടപടികൾ ആവശ്യമാണ്. ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് ആഴ്ച ചന്തകൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും.

## ഗ്രാമ സഭകളിലെ നിർദ്ദേശങ്ങൾ

1. ചേമഞ്ചേരി പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന കൈതയോല ഉപയോഗിച്ച് കൊണ്ട് സഹകരണമേഖലയിലോ കൂട്ടു സംരംഭമായോ തഴപ്പായ, വട്ടികൾ, തടുക്ക്, തൊപ്പികൾ തുടങ്ങിയ സാധനങ്ങൾ നിർമ്മിക്കാവുന്നതാണ്. ഇത് ആഴ്ച ചന്തകളിലും മറ്റും വിപണനം നടത്താം.

2. ഓയൽ എക്സപെല്ലർ ഉപയോഗിച്ച് മില്ല് ആരംഭക്കണമെന്ന് നിർദ്ദേശമുണ്ട്.

3. കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ ഉൽപാദിപ്പിക്കുന്ന യൂണിറ്റ് ആരംഭിക്കണം.

4. മത്സ്യം ഉണക്കി വൃത്തിയായി പേക്ക് ചെയ്ത് വീടുകളിൽ എത്തിക്കുക.

5. പച്ച ചികരി യന്ത്രത്തിൽ അടിച്ച് ഫൈബർ ആക്കി വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുക.

6. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം സഹകരണാടിസ്ഥാനത്തിലോ കൂട്ടു സംരംഭമായോ ആരംഭിക്കണം.

7. പാൽ സൊസൈറ്റികൾ വാർഡു തലത്തിൽ ഉണ്ടാക്കി പഞ്ചായത്ത് അടിസ്ഥാനത്തിൽ കേന്ദ്രീകരിച്ച് പാൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ കഴിയും.

8. ഭക്ഷ്യ സംസ്കരണം, മത്സ്യ അച്ചാറുകൾ തുടങ്ങിയവ നിർമ്മിക്കുക. (ഭക്ഷ്യസംസ്കരണത്തിലൂടെ നിരവധി ഉത്പന്നങ്ങൾ നിർമ്മിക്കാൻ സാധിക്കും.

9. സാങ്കേതിക വൈദഗ്ദ്യം ലഭിച്ചവരുടെ സഹായത്തോടെ കുട, ചെരുപ്പ്, കളിപ്പാട്ടങ്ങൾ, തീപ്പെട്ടി, പശ തുടങ്ങിയവ നിർമ്മിക്കാവുന്നതാണ്.

10. ഖാദി മേഖലയിൽ അവിൽ, സോപ്പ്, എണ്ണ എന്നിവ ഉത്പാദിപ്പിക്കുന്ന യൂണിറ്റുകൾ തുടങ്ങണം.

11. മെഡിസിൻ കവർ നിർമ്മാണം.

12. കരിങ്കൽ മെറ്റൽ ക്രഷർ യൂണിറ്റ് ആരംഭിക്കാനവുന്നതാണ്.

13. ചകരി ച്ചോറ് ഉപയോഗിച്ച് വളം നിർമ്മാണ യൂണിററ് തുടങ്ങാം.

14. ചിരട്ട ഉപയോഗിച്ച്കൊണ്ട് കൗതുക വസ്തുക്കൾ ഉണ്ടാക്കാം.

15. തെങ്ങിൻ തടികൊണ്ട് പല തരത്തിലുള്ള ഫർണ്ണീച്ചറുകൾ നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

16. പടക്ക നിർമ്മാണത്തിൽ വൈദഗ്ദ്യമുള്ളവരെ ഉപയോഗപ്പെടുത്തി തുവ്വക്കോട്ട് പ്രദേശത്ത് വിപുലമായ രീതിയിൽ പടക്ക നിർമ്മാണശാല തുടങ്ങാൻ സാധിക്കും.

17. ഇലക്ട്രോണിക് ചോക്കുകൾ, എമർജൻസി ലൈറ്റ്, മോട്ടോർ വൈന്റിംഗ്, ട്രാൻസ്ഫോർമർ വൈന്റിംഗ് എന്നിവയുടെ നിർമ്മാണം.

18. ഇറച്ചിക്കോഴി(ബ്രോയ്ലർ), മുട്ടക്കോഴി ഫാമുകൾ പ്രോത്സാഹിപ്പിക്കണം.

19. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന തേങ്ങാകൊണ്ട് ചോക്ലേറ്റ് മുതലായ ഉൽപ്പന്നങ്ങൾ നിർമ്മിക്കാം.

20. കശുമാങ്ങയിൽ നിന്ന് ശീതള പാനീയങ്ങൾ ഉണ്ടാക്കാം. അതുപോലെ തേങ്ങാവെള്ളം ഉപയോഗപ്പെടുത്തിയും പരീക്ഷിക്കാവുന്നതാണ്.

21. എംബ്രോയ്ഡറി ചെയ്ത് ടി.വി കവർ, തൊപ്പികൾ, മേശവിരിപ്പുകൾ, ഷാളുകൾ മുതലായ സാധനങ്ങൾ കൗതുകകരമാക്കി വിപണി കണ്ടെത്തുക.

22. നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക. ബുക്ക് ബൈന്റിംഗ്

23. യമഹ എഞ്ചിൻ വർക്ക് ഷോപ്പ് ആരംഭിക്കുക.

24. തീരദേശത്ത് ഒരു ഐസ് പ്ലാന്റ് സ്ഥാപിക്കുക.

25. വിവിധ സ്ഥലങ്ങളിൽ ഇളനീർ പാർലറുകൾ ആരംഭിക്കുക.

26. ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് തുടങ്ങുക.

27. ഫ്ളോർ മിൽ സ്ഥാപിച്ച് മസാലപ്പൊടികളും ധാന്യപ്പൊടികളും പാക്കറ്റുകളിലാക്കി വിപണനം ചെയ്യുന്ന യൂണിറ്റ്.

28. സഹകരണ ഹോട്ടൽ വ്യവസായം ആരംഭിക്കുക.

29. സിമന്റ് കൊണ്ടുള്ള പൂച്ചട്ടികൾ, പാത്രങ്ങൾ മുതലായവ നിർമ്മിക്കുന്ന സംരംഭം വരണം

30. കൊപ്ര ഡ്രയർ സൊസൈറ്റി ആയും, സ്വകാര്യ മേഖലയിലും ആരംഭിക്കുക.

31. കക്ക ഉപയോഗിച്ച് വളം, സിറാമിക് ടൈൽസ്, ചോക്കുകൾ തുടങ്ങിയവ നിർമ്മിക്കുക.

32. തയ്യൽ നൂലുകൾ വാങ്ങി റോളാക്കി വിപണനം നടത്തുക.

33. പപ്പട നിർമ്മാണം.

34. കമ്പ്യൂട്ടർ രംഗത്ത് പരിശീലനം ലഭിച്ചവർക്ക് ഡി.ടി.പി യൂണിറ്റ്.

35. ബനിയൻ നിർമ്മാണം.

36. മച്ചുകൾ കൊണ്ട് കരകൗശലവസ്തുക്കൾ ഉണ്ടാക്കൽ.

37. മുത്തുമാലകൾ, ഫാൻസി വസ്തുക്കൾ , ഗോൾഡ് കവറിംഗ് ആഭരണങ്ങൾ എന്നിവയുടെ നിർമ്മാണം.

38. വനിതാ സൂപ്പർമാർക്കറ്റ്.

39. പഴസംസ്ക്കരണ യൂണിറ്റുകൾ ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന്നും പഞ്ചായത്ത് തലത്തിൽ ഒരു ഇൻഫർമേഷൻ സെന്റർ ആരംഭിക്കണം. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകാൻ സംവിധാനം ഏർപ്പെടുത്തുക.



# ഊർജ്ജം

നമ്മുടെ പഞ്ചായത്ത് കേരളത്തിലെ മറ്റു പ്രദേശങ്ങളെപോലെ തന്നെ ഊർജ്ജപ്രതിസന്ധി നേരിടുന്ന ഒരു പ്രദേശമാണ്. ഊർജ്ജക്ഷാമം നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലയിലും വ്യാപിച്ചിട്ടുണ്ട്. അടുക്കള മുതൽ വൻ ഫാക്ടറിവരെ ഊർജ്ജത്തിന്റെ ദൗർലഭ്യം പ്രയാസങ്ങൾ സൃഷ്ടിക്കുന്നു.

വിളക്കും വിറകുമായിട്ടാണ് ഊർജ്ജഉപഭോഗം മുമ്പുകാലങ്ങളിൽ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നത്. വീടുകളിലേക്ക് ആവശ്യമായ വിറക് യഥേഷ്ടം ലഭിച്ചിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. തെങ്ങിൽനിന്നും ലഭിക്കുന്ന വിറകായിരുന്നു എല്ലാ വീടുകളിലും ഉപയോഗിച്ചിരുന്നത്. ചകിരി വ്യവസായം വളരെ ഊർജ്ജിതമായി നടന്നിരുന്നതിനാൽ അഴുകിയ തൊണ്ട് തല്ലി വേർതിരിച്ചെടുത്തിരുന്ന തോൽ പുഴയോരങ്ങളിലെ പ്രധാന വിറകിനമായിരുന്നു. ധാരളം മരങ്ങൾ പുരയിടങ്ങളിലും റോഡരുകിലും ഉണ്ടായിരുന്നതിനാൽ അവയിൽനിന്നുള്ള വിറകും സുലഭമായി ലഭിച്ചിരുന്നു. ആദ്യകാലങ്ങളിൽ വീടുകളിൽ വെളിച്ചത്തിനുപയോഗിച്ചിരുന്നത് എണ്ണവിളക്കുകളായിരുന്നു. കാലമേറെ ചെന്നപ്പോൾ മണ്ണെണ്ണവിളക്കുകൾ ഉപയോഗിച്ചുതുടങ്ങി. 1967 വരെ നമ്മുടെ പഞ്ചായത്തിലെ മുഴുവൻ വീടുകളിലെയും വിളക്കുകൾ മണ്ണെണ്ണ ഉപയോഗിച്ച് കത്തിക്കുന്നവയായിരുന്നു. മണ്ണെണ്ണ ഉപയോഗിച്ചുള്ള തെരുവുവിളക്കുകൾ നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിരുന്നു. ഇവ കത്തിക്കുന്നതിന് അതതുപ്രദേശങ്ങളിലെ ആളുകളുടെ സേവനം ഉപയോഗപ്പെടുത്തിയിരുന്നു.

ഊർജ്ജസ്രോതസ്സുകൾ

വിറക്- ഭക്ഷണം പാകം ചെയ്യുന്നതിന് അപൂർവ്വം വീടുകളിലൊഴികെ എല്ലാവരും വിറകിനെയാണ് ആശ്രയിക്കുന്നത്. വീടുകളുടെ എണ്ണം വർദ്ധിച്ചതോടുകൂടി വിറകിന്റെ ആവശ്യവും വർദ്ധിച്ചു. അതോടൊപ്പം വൃക്ഷങ്ങളുടെ നശീകരണവും ക്ഷാമത്തിന് ആക്കംകൂട്ടി. വിറകടുപ്പുകൾ പരിഷ്കരിക്കാതെ പരമ്പരാഗതരീതിയിലുള്ള പാചകം വിറകിന്റെ ഉപയോഗവും വർദ്ധിപ്പിച്ചു. പരമ്പരാഗത അടുപ്പുകളുടെ ഇന്ധനക്ഷമത 10% ആകുമ്പോൾ പരിഷ്കരിച്ച വിറകടുപ്പുകൾ 60% ഇന്ധനക്ഷമത നൽകുന്നു. ഇത് സൂചിപ്പിക്കുന്നത് ശാസ്ത്രീയമായ രീതിയിലുള്ള വിറകടുപ്പുകൾ പ്രചരിപ്പിക്കണമെന്നാണ്. പഞ്ചായത്തിൽ മുന്നോറോളം വീടുകളിൽ മാത്രമാണ് മെച്ചപ്പെട്ട വിറകടുപ്പുകൾ ഉപയോഗിക്കുന്നത്. ഇത് 5% ത്തിൽ താഴെയാണ്.

മണ്ണെണ്ണ

വിളക്ക് കത്തിക്കുന്നതിനും ഭക്ഷണം പാകം ചെയ്യുന്നതിനും പമ്പ്സെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുമാണ് മണ്ണെണ്ണ ഉപയോഗിച്ചുവരുന്നത്. റേഷൻ കടകൾ മുഖേനെയാണ് മണ്ണെണ്ണ ലഭിക്കുന്നത്. വിറകും ഗ്യാസും ഉള്ളവർക്ക് തന്നെയാണ് ഇപ്പോൾ പാചകത്തിനുള്ള മണ്ണെണ്ണയും റേഷൻ കട മുഖേന ലഭിക്കുന്നത്. ഇതിന് പകരം ഇന്ധനക്ഷാമം അനുഭവിക്കുന്നവർക്ക് മാത്രം മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതാണ് അഭികാമ്യം. മത്സ്യബന്ധനമേഖലയിലും ഇന്ന് വ്യാപകമായി മണ്ണെണ്ണ ഉപയോഗിച്ചു വരുന്നുണ്ട്. മുമ്പ് ലഭിച്ചിരുന്ന മണ്ണെണ്ണയെ അപേക്ഷിച്ച് കത്തിക്കുമ്പോൾ പുക കൂടുതലുള്ളതാണ് ഇന്ന് വിതരണം ചെയ്യപ്പെടുന്നത്. പുക കുറഞ്ഞ മണ്ണെണ്ണ വിതരണം ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

പാചകഗ്യാസ്

പഞ്ചായത്തിൽ 525 വീടുകളിൽ ഗ്യാസ് കണക്ഷൻ ലഭിച്ചിട്ടുണ്ട്. അപേക്ഷിക്കുന്നവർക്ക് മുഴുവൻ കാലതാമസം കൂടാതെ ഗ്യാസ് കണക്ഷൻ നൽകുന്നതിന് ഇന്നുള്ള പൊതുവിതരണ മേഖലയെ സജ്ജമാക്കണം. ലോഡ്ഷെഡ്ഡിംഗ് സമയത്ത് വ്യാപാരകേന്ദ്രങ്ങളിൽ ഭാഗികമായി മണ്ണെണ്ണ ജനറേറ്ററുകൾ ഉപയോഗിക്കുന്നുണ്ട്.

കാർഷിക ആവശ്യങ്ങൾക്ക് പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനും ഉത്സവാഘോഷ വേളകളിലും വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്കും ദീപാലങ്കാരങ്ങൾക്ക് വേണ്ടിയും ജനറേറ്റർ പ്രവർത്തിപ്പിക്കുന്നത് മണ്ണെണ്ണ ഉപയോഗിച്ചാണ്.



വൈദ്യുതി

ഉപഭോക്താക്കൾ:- വൈദ്യുതിവെട്ടം പഞ്ചായത്തിന് പ്രാപ്യമായത് 1967ലാണ്. കെ. എസ്. ഇ. ബി.യുടെ കൊയിലാണ്ടി സൗത്ത് സെക്ഷൻ ഓഫീസ് 1980ൽ ചേമഞ്ചേരിയിൽ സ്ഥാപിതമാവുന്നതുവരെ നമ്മുടെ പഞ്ചായത്തിലെ ആകെ ഉപഭോക്താക്കളുടെ എണ്ണം അറന്നൂറോളം ആയിരുന്നു. എന്നാൽ 1996 ആയപ്പോഴേക്കും ഗാർഹിക കണക്ഷൻ മാത്രം 3400ൽ അധികമാണ്. വ്യാപാര ആവശ്യങ്ങൾക്കായി 870 ഉം കാർഷിക ആവശ്യങ്ങൾക്ക് 260 ഉം കണക്ഷൻ ഉണ്ട്. കൂടാതെ 36 വ്യവസായ യൂണിറ്റുകളും വൈദ്യുതി ഉപയോഗിക്കുന്നു.

ട്രാൻസ്ഫോർമറുകൾ

| 63 KVA | 100 KVA | 150 KVA | 160 KVA | 250 KVA |
|---|---|---|---|---|
| കുട്ടങ്കണ്ടി<br>തൂവക്കോട് പോസ്റ്റ് ഓഫീസ് | മലബാർ ഐസ്<br>വെങ്ങളം ഗേറ്റ്<br>മെർമെയ്ഡ്<br>ടയർ റീട്രെഡ്<br>തിരുവങ്ങൂർ (II)<br>പൂക്കാട്<br>തോരായിക്കടവ്<br>തൂവ്വക്കോട്കോളനി<br>പൊയിൽക്കാവ് (II)<br>പാണൻവയൽ കോളനി<br>കാപ്പാട് (II) | കരിവീട്ടിൽ<br>താഴെ | കോരപ്പുഴ<br>തിരുവങ്ങൂർ<br>വെറ്റിലപ്പാറ<br>പൂക്കാട് ബീച്ച്<br>ബീച്ച്റിസോർട്ട് | കാട്ടിലപ്പീടിക<br>കാപ്പാട് (1) |
| 2 | 11 | 1 | 5 | 2 |

ഹൈടെൻഷൻ കൺസ്യൂമർ

1. യൂനിറോയൽ മറൈൻ എക്സ്പോർട്ടേഴ്സ്- 600 KVA
2. കോക്കനട്ട് കോംപ്ലക്സ്- 400 KVA

തെരുവു വിളക്കുകൾ

പഞ്ചായത്തിന്റെ വിവധഭാഗങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന തെരുവുവിളക്കുകളിലായി 237 ബൾബുകൾ പ്രകാശിക്കുന്നുണ്ട്. പ്രധാന കേന്ദ്രങ്ങളിലുള്ള 32 സോഡിയം വേപ്പർ ലാമ്പുകൾ, 9 ട്യൂബ്ലൈറ്റുകൾ, 3 മെർക്കുറി ലൈറ്റ് എന്നിവയും തെരുവുകൾക്ക് വെളിച്ചമേകുന്നു. ഇവയ്ക്കെല്ലാംകൂടി പ്രതിമാസം 5239 രൂപ പഞ്ചായത്ത് അടയ്ക്കുന്നുണ്ട്.

പ്രശ്നങ്ങളും സാദ്ധ്യതകളും:-

നമ്മുടെ പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത് വെസ്റ്റ്ഹിൽ സബ്സ്റ്റേഷനിൽ നിന്നുമാണ്. ഈ ലൈനിൽ ഓവർ ലോഡ് കാരണം അതിരൂക്ഷമായ വോൾട്ടേജ്ക്ഷാമം അനുഭവപ്പെടുന്നു. നിർമ്മാണം പൂർത്തിയാക്കിയ വ്യവസായ യൂണിറ്റുകൾക്ക് പുതുതായി കണക്ഷൻ കൊടുക്കാൻ സാധിക്കാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. കൂടാതെ വർഷങ്ങളായി അപേക്ഷ നൽകി കാത്തിരിക്കുന്ന നൂറുകണക്കിന് കുടുംബങ്ങൾക്ക് കണക്ഷൻ നൽകാൻ ആവശ്യമായ സാധനങ്ങൾ ഇല്ലെന്നതും വലിയൊരു പ്രശ്നമാണ്.

പഞ്ചായത്തിലെ എല്ലാ വാർഡുകളും വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിലും ചില മേഖലകളിൽ ഇനിയും വൈദ്യുതി കടന്നുചെന്നിട്ടില്ല. 10 പട്ടികജാതി കോളനികളിൽ 4 എണ്ണം മാത്രമേ വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളൂ. ലക്ഷംവീട് കോളനികളും 4 സെന്റ് കോളനികളും വൈദ്യുതീകരിക്കപ്പെടാത്തവയായുണ്ട്. വാദ്യുതി ലഭിച്ചവർ വോൾട്ടേജ്ക്ഷാമം മൂലം അനുഭവിക്കുന്ന പ്രയാസങ്ങൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ടെങ്കിലും ഇതുവരേയും പരിഹാരമായിട്ടില്ല. ഉപഭോക്താക്കൾ, കണക്ടഡ് ലോഡ് ഓഫീസിൽ നല്കിയതിനേക്കാൾ കൂടുതൽ ഉപയോഗിക്കുന്നതായി വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥർക്ക് അഭിപ്രായമുണ്ട്. ഇതുകാ

രണം വൈദ്യുതിബോർഡിന്റെ ആസൂത്രണ പരിപാടികൾ തകിടം മറിയുന്ന അനുഭവമാണുള്ളത്. പുതിയ കണക്ഷനുവേണ്ടി അപേക്ഷിക്കുമ്പോൾ യഥാർത്ഥത്തിൽ ആവശ്യമായ വൈദ്യുതിയുടെ കണക്ക് സത്യസന്ധമായി നൽകുകയും അതിനനുസൃതമായി ഉപഭോഗം നടത്തുകയും ചെയ്താൽ വൈദ്യുതി ബോർഡിന് പദ്ധതികൾ നടപ്പിലാക്കുമ്പോൾ കാര്യക്ഷമത കൈവരിക്കാൻ സാധിക്കും.

കേരളത്തിന്റെ വൈദ്യുതിക്ഷാമം പരിഗണിച്ച് ഉപഭോഗത്തിൽ മിതത്വം പാലിക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിലെ ഉപഭോക്താക്കളിലധികവും ഈ കാര്യത്തിൽ ശ്രദ്ധിക്കാറില്ലെന്നത് ഒരു വസ്തുതയാണ്. പകൽ സമയങ്ങളിൽ പോലും വൈദ്യുതി വിളക്കുകൾ പ്രകാശിപ്പിക്കുക, വീടുകളിലും വ്യാപാരസ്ഥാപനങ്ങളിലും ആവശ്യത്തിലേറെ വിളക്കുകളും ഫാനുകളും മറ്റും പ്രവർത്തിപ്പിക്കുക, ആവശ്യം കഴിഞ്ഞാൽ വൈദ്യുതി സ്വിച്ചുകൾ ഓഫാക്കാതിരിക്കുക തുടങ്ങിയ ശീലങ്ങൾ സമൂഹത്തിൽ മാറ്റപ്പെടേണ്ടതാണ്. അലക്കുയന്ത്രങ്ങൾ, എയർകണ്ടീഷനറുകൾ, വാട്ടർഹീറ്ററുകൾ, ഇസ്തിരിപ്പെട്ടികൾ മുതലായവയുടെ ഉപയോഗത്തിൽ മിതത്വം പാലിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഈ കാര്യത്തിൽ വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ നടത്തേണ്ടതുണ്ട്.

കൊയിലാണ്ടി സബ്സ്റ്റേഷനിൽ നിന്നും ചെങ്ങോട്ടുകാവ് ഫീഡർ എന്ന പേരിൽ കന്നൂർ-ഉള്ളൂർക്കടവ് വഴി ചേലിയഭാഗം ബന്ധിപ്പിച്ച് ഒരു 11 K. V. ലൈൻ കെ. എസ്. ഇ. ബി. അനുവദിച്ചിട്ടുണ്ട്. ഇത് അടിയന്തിരമായി പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ സിംഗിൾ ഫേസ് ലൈനുകളും ത്രിഫേസ് ലൈനുകളാക്കി മാറ്റേണ്ടതുണ്ട്. കൂടാതെ ഒരു സബ്സ്റ്റേഷൻ ഈ മേഖലയിൽ ആരംഭിക്കുന്നത് വളരെ പ്രയോജനകരമായിരിക്കും.

വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിലേക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീം

| സ്ഥലം | പദ്ധതി |
|---|---|
| 1. വെങ്ങളം ഈസ്റ്റ് | Rs. 180760/- ട്രാൻസ്ഫോർമർ 100 KVA 155 മീറ്റർ UG കേബിൾ, 50 മീ. ഓവർഹെഡ്ലൈൻ |
| 2. കൊളക്കാട് | Rs 182281/- ട്രാൻസ്ഫോർമർ 100 KVA, 1535 കി. മീ. 11 K V ലൈൻ, 600 മീ സിംഗിൾഫേസ് 3 ഫേസ് ആക്കൽ |
| 3 പൂക്കാട് ഈസ്റ്റ് | Rs. 148140/- ട്രാൻസ്ഫോർമർ 100 KVA 1.1 കി. മീ. 11 KV ലൈൻ 300 മീ സിംഗിൾ ഫേസ് 3 ഫേസ് ആക്കൽ |
| 4. പൂക്കാട് വെസ്റ്റ് | Rs 188751/- Rs. 88780/- 2 ട്രാൻസ്ഫോർമർ 100 KVA, 1.3 കി. മീ. 11 KV ലൈൻ, 50 മീ. ഫേസ് ലൈൻ പുതിയത്. |
| 5. ചമ്മന ലൈൻ | Rs. 144450/- ട്രാൻസ്ഫോർമർ 100 KVA, 500 മീ 11 KV ലൈൻ |
| 6. വയലിൽ പള്ളി | Rs. 20702/- ട്രാൻസ്ഫോർമർ 100 KVA 1.45 കി. മീ. 11 KV ലൈൻ 75 മീ 3 ഫേസ് ലൈൻ പുതിയത്, 1.5 കി. മീ. സിംഗിൾ ഫേസ് ത്രീഫേസ് ആക്കൽ |
| 7. നന്പ്യേലത്ത് താഴെ | Rs. 22720/- 400 മീ. സിംഗിൾഫേസ് 3 ഫേസ് ആക്കൽ |
| 8. കണ്ണങ്കടവ് Rs. | 153225/- 1.1 കി. മീ. 11 KV ലൈൻ 1.35 കി. മീ. സിംഗിൾഫേസ് 3 ഫേസ് ആക്കൽ |

ഇവ കൂടാതെ 650 മീ. തുവ്വക്കോട് കോളനി വൈദ്യുതീകരിക്കൽ പദ്ധതി, കണ്ണങ്കടവ് പദ്ധതി എന്നിവ പൂർത്തിയായി വരുന്നു. നിർദ്ദേശിക്കപ്പെട്ട ബാക്കി മുഴുവൻ പദ്ധതികളും മുൻഗണനാക്രമത്തിൽ അടിയന്തിരമായി ഏറ്റെടുത്ത് നടത്തേണ്ടവയാണ്.

# ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

68

1. വൈദ്യുതി ലഭിക്കാത്ത കുടുംബങ്ങളുടെ സർവെ നടത്തണം. പണം മുടക്കി വൈദ്യുതി ലൈനുകൾ എത്തിക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്ന പാവപ്പെട്ടവർക്ക് സൗജന്യമായി വെദ്യുതി എത്തിക്കണം.
2. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഊർജ്ജിതമായ നടപടികൾ സ്വീകരിക്കണം.
3. ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ്ജ് ഈടാക്കുന്ന സമ്പ്രദായം നടപ്പിലാക്കണം. (സ്ലാബ് സമ്പ്രദായം നിർത്തലാക്കണം.)
4. പട്ടികജാതി കോളനികൾ, ലക്ഷംവീട് കോളനികൾ, നാല് സെന്റ് കോളനികൾ എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കണം. കോളനിയായി പ്രഖ്യാപിച്ചിട്ടില്ലാത്ത പട്ടികജാതി കേന്ദ്രങ്ങളിൽ വൈദ്യുതി എത്തിക്കാൻ നടപടികൾ വേണം.
5. രണ്ടാം വാർഡിലെ 60% വീടുകളും വൈദ്യുതീകരിച്ചിട്ടില്ല. ഇതിന് ഉടൻ പരിഹാരം ഉണ്ടാവണം.
6. ഒന്നാം വാർഡിലെ പൊൻതോട്ട് കുന്ന് പ്രദേശം വൈദ്യുതീകരിച്ചിട്ടില്ല. ഇവിടെ വൈദ്യതി എത്തിക്കാൻ നടപടി വേണം.
7. 12ാം വാർഡിന്റെ വടക്ക് പടിഞ്ഞാറ് തുവ്വക്കാട് ഭാഗത്ത് വൈദ്യുതി എത്തിയിട്ടില്ല. ഇവിടെ വൈദ്യുതി എത്തിക്കണം.
8. സിംഗിൾ ഫേസ് ലൈനുകൾ മുഴുവനും ത്രീഫേസ് ലൈനുകളാക്കണം.
9. വാർഡുകൾ 3,4,5,6,7,8,9,10,11,12 എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
10. തെരുവു വിളക്കുകൾ പലതും പ്രകാശിക്കുന്നില്ല. ഇത് പരിഹരിക്കാൻ സ്ഥിരമായ സംവിധാനമേർപ്പെടുത്തണം.
11. എല്ലാ വാർഡുകളിലും ആവശ്യമായിടങ്ങളിൽ പുതുതായി തെരുവു വിളക്കുകൾസ്ഥാപിക്കണം. ഇപ്പോൾ ഉള്ളവ തീർത്തും അപര്യാപ്തമാണ്.
12. ലൈൻ വലിക്കുന്നതിന് സമ്മത പത്രം ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തവരായിട്ടുള്ളവരുടെ പ്രശ്നം പരിഹരിക്കാൻ പഞ്ചായത്ത് നടപടികൾ സ്വീകരിക്കണം. കണ്ണങ്കടവ് ഗവ: ഫിഷറിസ് സ്കൂളിനു പിന്നിൽ 9 കുടുംബങ്ങൾക്ക് വൈദ്യുതി ലൈൻ വലിക്കുന്നതിന് സർക്കാരിൽ നിന്നും സമ്മത പത്രം ലഭിക്കാൻ നടപടികൾ ഉണ്ടാവണം.
13. പുഴയോരത്ത് വൈദ്യുതി വിളക്കുകൾ സ്ഥാപിക്കണം.
14. വൈദ്യുതീകരിക്കാത്ത സർക്കാർ വിദ്യാലയങ്ങൾ വൈദ്യുതീകരിക്കണം.
15. വയർമെൻ ലൈസൻസിന് പുതുക്കിയ നിബന്ധന പഴയ വയർമേൻമാർക്ക് ബാധകമാക്കരുത്.

**പാരമ്പര്യേതര ഊർജ്ജം**

1. അനർട്ടിന്റെ പാരമ്പര്യേതര വൈദ്യുത സാധ്യതകൾ ആരായാവുന്നതാണ്. ഒന്നാം വാർഡിലെ പൊൻതോട്ടുകന്ന് 12 ാം വാർഡിലെ തുവ്വപ്പാറ എന്നീ സ്ഥലങ്ങൾ പരിഗണന അർഹിക്കുന്നു.
2. സോളാർ പാനലുകളുടെ സാധ്യതകളും പരിശോധിക്കാവുന്നതാണ് 60 % വീടുകൾ വൈദ്യൂതീകരിച്ചിട്ടില്ലത്ത രണ്ടാം വാർഡിലെ കുന്നുകൾക്ക് മുകളിൽ ഇത് പ്രയോഗികമാക്കാൻ സാധിക്കുമോ എന്ന് നോക്കാവുന്നതാണ്.
3. തീരദേശ പഞ്ചായത്തായ ഇവിടെ സബ്സിഡിയോടു കൂടിയ അനർട്ടിന്റെ സൗരവിളക്കുകൾ, കുക്കറുകൾ സ്റ്റൗ എന്നിവ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. ഗോബർഗ്യാസ് പ്ലാന്റുകൾ നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല. മൂന്നിൽ കൂടുതൽ സങ്കര ഇനം പശുക്കൾ ഉള്ളതും, ആവശ്യമായ സൗകര്യങ്ങൾ ഉള്ളതുമായ വീടുകളിൽ ഇത്തരം പ്ലാന്റുകൾ നിർമ്മിച്ചാൽ ഒരളവോളം ഊർജ്ജപ്രതിസന്ധി പരിഹരിക്കാൻ സാധിക്കും.



# ഗതാഗതം

## ചേമഞ്ചേരിയിലെ ഗതാഗതമാർഗ്ഗങ്ങൾ

കോഴിക്കോട് പട്ടണത്തിൽനിന്ന് 13. കി. മീറ്റർ വടക്കുമാറി, മൂന്ന് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന പ്രദേശമാണ് ചേമഞ്ചേരിഗ്രാമ പഞ്ചായത്ത്. കിഴക്ക് ഭാഗത്തുകൂടെ ഒഴുകുന്ന കോരപ്പുഴ ഒരു കാലത്ത് ചരക്ക് കടത്തിനും യാത്രചെയ്യുന്നതിനും വ്യാപകമായി ഉപയോഗപ്പെടുത്തിയിരുന്നു. പടിഞ്ഞാറ് ഭാഗത്ത് അറബിക്കടലിൽനിന്ന് കാപ്പാടൻ കൈപ്പുഴവഴി ഒരു സ്വാഭാവിക തുറമുഖമായിരുന്നു കാപ്പാട്. അറബികളേയും ചീനക്കാരേയും ഈ തുറമുഖത്തിന്റെ ശാന്തതയും സമ്പന്നതയും ആകർഷിച്ചിരുന്നു. വാണിജ്യ ആവശ്യങ്ങൾക്കുള്ള മുള, മരത്തടികൾ തുടങ്ങിയവ 'തെരപ്പൻകെട്ടി' കോരപ്പുഴയിലൂടെ കല്ലായിലേക്ക് കൊണ്ടുപോയിരുന്നു. നമ്മുടെ പ്രദേശത്തുള്ളവർക്ക് കൃഷിയ്ക്കും വീട് നിർമ്മാണത്തിന് ആവശ്യമായ സാധനസാമഗ്രികൾ ജലമാർഗ്ഗം കൊണ്ട് വന്ന് മുത്താശ്ശിക്കാവിൽ ഇറക്കിയിരുന്നുവെന്ന് പഴമക്കാർ പറഞ്ഞ് വരുന്നു. ഇവയ്ക്ക് പുറമെ കുറ്റ്യാടി ഭാഗത്തുനിന്നും ധാരാളം നാളികേരം കൊളക്കാട് ആയനിമുക്കത്ത് ഇറക്കിയിരുന്നു. കൊപ്ര, ചൂടി, കുരുമുളക്, അടയ്ക്ക തുടങ്ങിയ കാർഷിക ഉല്പന്നങ്ങൾ പട്ടണത്തിലേക്ക് കൊണ്ടുപോയിരുന്നതും ഇവിടേക്ക് വേണ്ടതായ അവശ്യസാധനങ്ങൾകൊണ്ട് ഈ ജലഗതാഗത മാർഗ്ഗത്തിലൂടെയായിരുന്നു വന്നിരുന്നതും.

വ്യാപാരത്തിനായി അറബികളും ചീനക്കാരും വാസ്ഗോഡഗാമയുടെ വരവിന് മുമ്പ്തന്നെ കാപ്പാട് തുറമുഖത്ത് നങ്കൂരമിട്ടിരുന്നു. വയനാട്ടിൽ നിന്നും ജലമാർഗ്ഗം കൊണ്ടുവന്നിരുന്ന സുഗന്ധവ്യഞ്ജനങ്ങൾ ഈ തുറമഖത്ത് നിന്നും അറബികളും ചീനക്കാരും സ്വദേശത്തേക്ക് അയച്ചിരുന്നു. ചീനക്കാർ കൊണ്ടുവന്നിരുന്ന ചീനഭരണി, ചീനച്ചട്ടി എന്നിവ ഇവിടെവെച്ച് വ്യാപാരം നടത്തിയിരുന്നു. അതുകൊണ്ടായിരിക്കാം കാപ്പാടിന് അടുത്ത പ്രദേശത്തിന് 'ചീനച്ചേരി' എന്ന പേര് വന്നത്.

മോട്ടോർ വാഹനങ്ങൾ വ്യാപകമാവുന്നതിന് മുമ്പ് കോരപ്പുഴയിലൂടെയുള്ള ജലഗതാഗതത്തെയാണ് ഇവിടുത്തുകാർ ആശ്രയിച്ചിരുന്നത്. കോരപ്പുഴ മുതൽ പറശ്ശിനിക്കടവ് വരെയുള്ള ദീർഘദൂര ബോട്ട് സർവ്വീസും, എലത്തൂർ മുതൽ തെരുവത്തക്കടവ് വരെയുള്ള ഹ്രസ്വദൂരസർവ്വീസും ജനങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നു. പഴയ കാലത്തെ തപാൽ സർവ്വീസായ 'അഞ്ചൽ'കാരൻ കൊയിലാണ്ടിയിൽനിന്ന് കിഴക്കൻ പ്രദേശങ്ങളിലേക്ക് പോകാൻ ചാത്തനാടത്ത് കടവാണ് ഉപയോഗപ്പെടുത്തിയിരുന്നത്. തോരായിക്കടവ്, ചാത്തനാടത്ത് കടവ്, കുനിയിൽക്കടവ്, വള്ളിലക്കടവ്, പുളിക്കൂൽക്കടവ് എന്നിവിടങ്ങളിലെ കടത്ത് തോണികൾ അന്നും ഇന്നും ജനങ്ങളുടെ സഞ്ചാരത്തിന് മുഖ്യപങ്ക് വഹിക്കുന്നു.

കരയിലൂടെയുള്ള ചരക്ക് നീക്കത്തിന് പ്രധാനമായും കാളവണ്ടികൾ ഉപയോഗപ്പെടുത്തിയിരുന്നു. കോരപ്പുഴപ്പാലം നിർമ്മിക്കുന്നതിന് മുമ്പ് കാളവണ്ടികളേയും മറ്റും 'ചങ്ങാടം' ഉപയോഗിച്ച് ആയിരുന്നു. മറുകര എത്തിച്ചിരുന്നത്. അപൂർവമായി കുതിരവണ്ടികളും ഉപയോഗിച്ചിരുന്നു. രോഗികളെ ശുശ്രൂഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് 'മഞ്ചൽ' ഉപയോഗിച്ചിരുന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് ആരംഭിച്ച റെയിൽ ഗതാഗതം ചേമഞ്ചേരി പ്രദേശത്തുള്ള ജനങ്ങളുടെ ദീർഘദൂരയാത്രക്ക് ആക്കം കൂട്ടുകയുണ്ടായി. ചേമഞ്ചേരിയിലും, തിരുവങ്ങൂരിലും ഓരോ റെയിൽവേസ്റ്റേഷനുകൾ സ്ഥാപിക്കപ്പെട്ടിരുന്നു. ദേശീയ പ്രസ്ഥാനത്തിലെ ക്വിറ്റ് ഇന്ത്യാ സമരകാലത്ത് തിരുവങ്ങൂർ ചേമഞ്ചേരി റെയിൽവേ സ്റ്റേഷനുകൾ അഗ്നിക്കിരയാവുകയുണ്ടായി. പിന്നീട് അത് 1971 ൽ പുനഃർനിർമ്മാണം പൂർത്തിയാക്കിയെങ്കിലും യാത്രക്കാർ കുറവാണെന്ന പേരിൽ നിർത്തലാക്കുകയാണുണ്ടായത്. റെയിൽവേ സ്റ്റേഷനിൽനിന്ന് ട്രെയിൻ ഹാൾട്ടായി തരംതാഴ്ത്തപ്പെട്ട ചേമഞ്ചേരി സ്റ്റേഷനും നിർത്തലാക്കൽ' ഭീഷണിയിലാണിന്ന്.

## നിലവിലുള്ള ഗതാഗതസൗകര്യങ്ങൾ:



### ദേശീയപാത 17

നമ്മുടെ പഞ്ചായത്തിൽ ഇന്ന് കരമാർഗമുള്ള ഗതാഗതമാണ് പൂർണ്ണമായും ഉള്ളത്. ദേശീയപാത 17 ചേമഞ്ചേരി മുതൽ കോരപ്പുഴവരെ 7 കിലോമീറ്റർ ദൈർഘ്യത്തിൽ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടെ കടന്നുപോകുന്നുണ്ട്. വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് ദേശീയപാത വികസിപ്പിക്കാത്തതിനാൽ റോഡപകടങ്ങളും ഗതാഗതകുരുക്കും ഈ മേഖലയിൽ നിത്യസംഭവമാണ്. മാത്രമല്ല വെങ്ങളം റെയിൽവേ ഗെയിറ്റ് ദീർഘസമയം അടച്ചിടുന്നത് കാരണം ഉണ്ടാകുന്ന ഗതാഗതസ്തംഭനം യാത്രക്കാർക്കും, കോഴിക്കോട് മെഡിക്കൽകോളേജിലേക്ക് പോകുന്ന രോഗികൾക്ക് പ്രത്യേകിച്ചും ഒടുങ്ങാത്ത ദുരിതങ്ങൽ വരുത്തിവെക്കുന്നു. കൊങ്കൺ റെയിൽപ്പാത തുറക്കുന്നതോടുകൂടി കൂടുതൽ ട്രെയിനുകൾ കടന്നുപോകുന്നതും, ഷോർണ്ണൂർ– മംഗലാപുരം റെയിൽപ്പാത ഇരട്ടിപ്പിക്കുന്നതും ഈ പ്രശ്നം രൂക്ഷമാക്കുകയേയുള്ളൂ. അതുകൊണ്ട് അടിയന്തിരമായി ഈ ഭാഗത്ത് ഓവർബ്രിഡ്ജ് നിർമ്മിക്കേണ്ടത് വളരെ അത്യാവശ്യമാണ്. കൂടാതെ ദേശീയപാതയുടെ വളവുകൾ നിവർത്തി വീതി കൂട്ടുന്നതിന് സർവെ കഴിഞ്ഞ് അതിർത്തി തിരിച്ചിരിക്കുന്ന ഭൂമി ഉടനെ ഏറ്റെടുത്ത് ഇന്നത്തെ ശോച്യാവസ്ഥക്ക് പരിഹാരം കാണണം. നിർദ്ദിഷ്ട വെങ്ങളം– രാമനാട്ടുകര ബൈപ്പാസിന് സ്ഥലം അക്വയർ ചെയ്ത് കഴിഞ്ഞിരിക്കയാണ്. ഈ ബൈപാസിന്റെ പണി പൂർത്തിയാക്കി കഴിഞ്ഞാൽ നിലവിലുള്ള വാഹന തിരക്കും ഗതാഗതകുരുക്കും വലിയൊരളവോളം പരിഹരിക്കാൻ കഴിയും.

### PWD റോഡുകൾ

ഈ പഞ്ചായത്തിൽ 12.600 കി. മീ. ദൈർഘ്യത്തിൽ 4 PWD റോഡുകൾ നിലവിലുണ്ട്. ഇവയിൽ മിക്കതും ബാലാരിഷ്ടതകൾ കഴിഞ്ഞിട്ടില്ലാത്തവയാണ്.

1. പൂക്കാട് തോരായിക്കടവ് റോഡ്: വാർഡുകൾ 2, 5, 9, 3 എന്നിവടങ്ങളിലൂടെ കടന്നുപോകുന്ന 3.6 കി. മീ. ദൈർഘ്യമുള്ള റോഡാണ് ഇത്. അടുത്ത കാലത്താണ് ഇത് PWD ഏറ്റെടുത്തത്. പൂർണ്ണമായും റീസോളിംഗ് കഴിഞ്ഞ ഈ റോഡിന്റെ 1 കി. മീ. ദൂരം മാത്രമേ ടാർ ചെയ്തിട്ടുള്ളൂ. ബാക്കി ഭാഗം ടാർ ചെയ്യുകയും നിലവിൽ ടാർ ചെയ്തത് പൊട്ടിപൊളിഞ്ഞു പോയത് റിപ്പയർ ചെയ്യുകയും വേണം. റോഡിന്റെ ഈട് നില്പിന് അടിയന്തരമായും ഓവുചാലുകൾ പൂർത്തിയാക്കണം. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ആളുകൾ സഞ്ചരിക്കുന്നതും 4 ബസ്സ് സർവ്വീസ് അടക്കം നിരവധി വാഹനങ്ങൾ ഓടുന്നതുമാണ് ഈ റോഡ്.

2. തിരുവങ്ങൂർ– കാപ്പാട് തൂവ്വപ്പാറ റോഡ്

ടൂറിസം വികസനത്തിന്റെ ഭാഗമായി PWD പഞ്ചായത്തിൽ ആദ്യമായി ഏറ്റെടുത്ത റോഡാണ് ഇത്. 4 കി. മീ. ദൂരമുണ്ട് നമ്മുടെ പഞ്ചായത്തിലെ ഗതാഗതസൗകര്യത്തിന് ഏറ്റവും മെച്ചപ്പെട്ട റോഡാണ് ഇത്. രണ്ട് ബസ് സർവ്വീസ് അടക്കം നിരവധി വാഹനങ്ങൾ ഇതുവഴി ഓടുന്നുണ്ട്. കാപ്പാട് റെയിൽവേ ഗേറ്റ് സ്ഥിതിചെയ്യുന്നത് ഈ റോഡിലാണ്. സിഗ്നൽ സംവിധാനം ഇല്ലാത്ത ഗെയിറ്റ് ആയതിനാൽ വാഹനം കടന്നുപോകുമ്പോൾ മാത്രം തുറന്നുകൊടുക്കുന്ന രീതിയാണ് ഇവിടെയുള്ളത്. ഇത് യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതാണ്. ആയതുകൊണ്ട് ഈ ഗെയിറ്റിൽ അടിയന്തരമായി സിഗ്നൽ സംവിധാനം ഏർപ്പെടുത്തണം.

3. വെങ്ങളം കാപ്പാട്റോഡ്

കോഴിക്കോട് നഗരത്തിൽനിന്നും കാപ്പാട് ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് വെങ്ങളം റെയിൽവെ ഗെയിറ്റ് ഒഴിവാക്കി എളുപ്പത്തിൽ എത്തച്ചേരാൻ കഴിയുന്ന റോഡാണിത്. 2 കിലോമീറ്റർ ദൈർഘ്യമുണ്ട്. ഒരു ബസ്സ്സർവീസ് നടത്തുന്നുണ്ട്. വീതികുറഞ്ഞ ഭാഗങ്ങളിൽ വീതി കൂട്ടിയും ഡ്രൈനേജ് നിർമ്മിച്ചും ഈ റോഡിന്റെ സംരക്ഷണം ഉറപ്പുവരുത്തണം. 7, 10, 4 എന്നീ വാർഡുകളിലൂടെ ഈ റോഡ് കടന്നുപോകുന്നു.

4. കാപ്പാട്– കണ്ണൻകടവ്– അഴീക്കൽ റോഡ്:

PWD ഏറ്റെടുത്ത് പ്രവർത്തി പുരോഗമിച്ച് വരുന്ന ഈ റോഡിന് 3 കിലോമീറ്റർ ദൈർഘ്യമുണ്ട്. പൂർണ

മയും തീരപ്രദേശത്ത് കൂടി കടന്നുപോകുന്ന ഈ റോഡ് മത്സ്യത്തൊഴിലാളികൾക്കും മറ്റും ഏറെ പ്രയോജനകരമാണ്. 4, 10, 8 വാർഡുകളെ പരസ്പരം ബന്ധിക്കുന്നതാണ് ഇത്.

**ടാർ ചെയ്ത പഞ്ചായത്ത് റോഡുകൾ:**

8.300 കിലോമീറ്റർ ടാർ ചെയ്ത റോഡുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന്റെ പ്രധാനകേന്ദ്രങ്ങളിലൂടെ കടന്നുപോകുന്ന 6 റോഡുകളാണ് ഇവ.

**ചരൽറോഡ്:**

12 റോഡുകൾ ചരൽ റോഡുകളായി നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവക്കെല്ലാം കൂടി 13.500 കിലോമീറ്റർ ദൂരമുള്ളതായി കണക്കാക്കുന്നു.

**മണ്ണിട്ടറോഡ്:**

വിവിധ പ്രദേശങ്ങളിലൂടെ കടന്ന്പോകുന്ന 10 മണ്ണിട്ട റോഡുകൾക്കും കൂടി 12.970 കിലോമീറ്റർ ദൈർഘ്യമാണുള്ളത്.

**പാലങ്ങൾ:**

1. കോരപ്പുഴപ്പാലം: എലത്തൂർ പഞ്ചായത്തിനേയും ചേമഞ്ചേരി പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന NH 17ൽ സ്ഥിതിചെയ്യുന്ന ഈ പാലം ബ്രിട്ടീഷുകാരുടെ കാലത്ത് പണികഴിപ്പിച്ചതാണ്. വാഹനങ്ങളുടെ ബാഹുല്യത്തിനനുസരിച്ച് കടന്നുപോകാൻ ഉള്ള വീതിയില്ലെങ്കിലും ദൃഢതയുടെ കാര്യത്തിൽ ഇന്നും മികച്ചതാണ് ഈ പാലം.

2. കണ്ണങ്കടവ് പാലം: പൊതുമരാമത്ത് വകുപ്പ് പുതുതായി നിർമ്മിച്ച ഈ പാലം കണ്ണങ്കടവ് പ്രദേശത്തേയും വെങ്ങളം ദേശത്തേയും തമ്മിൽ ബന്ധിപ്പിക്കുന്നു. മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന കടലോരമേഖലയ്ക്ക് വലിയ ഒരു അനുഗ്രഹമാണ് കണ്ണങ്കടവ് പാലം.

3. കുനിയിൽ കടവ് പാലം: അത്തോളി– ചേമഞ്ചേരി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഈ പാലത്തിന്റെ നിർമ്മാണ ജോലികൾ പുരോഗമിച്ചു വരികയാണ്. ഇതിന്റെ പണി പൂർത്തിയാകുന്നതോടുകൂടി പഞ്ചായത്തിന്റെ ഗതാഗതമേഖലയിൽ വൻപുരോഗതി സാദ്ധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. വയനാട് പോലുള്ള കിഴക്കൻ പ്രദേശങ്ങളെ കാപ്പാട് ടൂറിസ്റ്റ് കേന്ദ്രവുമായി ബന്ധിപ്പിക്കാൻ സാധിക്കുന്ന ഈ പാലം കോഴിക്കോട് ജില്ലയിലെ ഏറ്റവും നീളംകൂടിയ പാലമായിരിക്കും.

4. കണ്ണങ്കടവ് തെക്കെപാലം: കോരപ്പുഴ പ്രദേശത്തെ കണ്ണങ്കടവ് അഴീക്കൽ ഭാഗവുമായി ബന്ധപ്പെടുത്തുന്നു പഞ്ചായത്തിന്റെ ഒരു നടപ്പാലമാണ് ഇത്. ധാരാളം ആളുകൾക്ക് പ്രയോജനപ്രദമായ ഈ പാലം വാഹനഗതാഗതയോഗ്യമാക്കുകയും ആപ്രോച്ച് റോഡ് നിർമ്മിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

**ടാക്സി–ഓട്ടോ സ്റ്റാന്റുകൾ**

പഞ്ചായത്തിൽ നിരവധി ടാക്സികാറുകൾ, ജീപ്പ്–ട്രക്കറുകൾ, ഓട്ടോറിക്ഷകൾ, മിനിലോറികൾ, ടെമ്പോ വാനുകൾ എന്നിവ സർവ്വീസ് നടത്തുന്നുണ്ട്. പൂക്കാട്, തുവ്വക്കോട്, തിരുവങ്ങൂർ, കാപ്പാട്, വെങ്ങളം– കാട്ടില പ്പീടിക എന്നിവിടങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടാണ് ഇവ സർവ്വീസ് നടത്തുന്നത്. നൂറുകണക്കിനുള്ള ഈ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് തിരക്ക് പിടിച്ച ദേശീയപാതയുടെ ഓരങ്ങളിലാണ്. ഇത് പലപ്പോഴും റോഡപകടങ്ങൾക്ക് കാരണമാകുന്നു. കാൽനടയാത്രക്കാർക്കും ഇത് പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഈ വാഹനങ്ങൾ കേന്ദ്രീകകരിക്കുന്ന സ്ഥലങ്ങളിൽ പഞ്ചായത്ത് മുൻകൈ എടുത്ത് പാർക്കിംഗ്സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിൽ നിലവിൽ ടാക്സി–ഓട്ടോ സ്റ്റാന്റുകൾ ഇല്ല. (വാഹനത്തിന്റെ പട്ടിക ഇവിടെ ചേർക്കുന്നു)

ചേമഞ്ചേരി പഞ്ചായത്തിലെ സർവീസ് നടത്തുന്ന വാഹനങ്ങളുടെ എണ്ണം:

| | |
|---|---|
| ഓട്ടോറിക്ഷ: | പൂക്കാട്- 30 |
| | തിരുവങ്ങൂർ 18 |
| | കാട്ടിലെപീടിക 15 |
| ടാക്സി കാർ- | പൂക്കാട്- 3 |
| | തിരുവങ്ങൂർ 2 |
| | കാട്ടിലെപീടിക 3 |
| ജീപ്പ് -ട്രക്കർ- | പൂക്കാട്-7 |
| | തിരുവങ്ങൂർ-4 |
| | തിരുവങ്ങൂർ 6 |
| | കാട്ടിലെപീടിക-4 |
| മിനി ലോറി | പൂക്കാട്-4 |
| | തിരുവങ്ങൂർ-6 |
| | കാട്ടിലപീടിക-4 |

**കടത്തുകൾ**

ചേമഞ്ചേരി പഞ്ചായത്തിൽ തോരായിക്കടവ്, ചാത്തനാടത്ത്കടവ്, കുനിയിൽ, മേയനകടവ്, വള്ളിൽകടവ്, പുളികൂൽ കടവ് എന്നിങ്ങനെ 6 കടവുകളുണ്ട്. ഇതിൽ തോരായി, ചാത്തനാടത്ത് എന്നിവ നമ്മുടെ പഞ്ചായത്ത് അധീനതയിലും മറ്റുള്ളവ അത്തോളി, തലക്കുളത്തൂർ പഞ്ചയാത്തുകളുടെ കീഴിലുമാണ്. പഞ്ചായത്തുകൾ ലേലം ചെയ്തുകൊടുക്കുന്ന ഈ കടവുകളിൽ സ്വകാര്യ വ്യക്തികൾ തോണി ഉപയോഗിച്ച് കടത്ത് നടത്തുന്നു. നൂറ് കണക്കിന് യാത്രക്കാർ ഈ കടവുകൾ ഉപയോഗപ്പെടുത്തി വരുന്നു.

റെയിൽ ഗതാഗതം: പഞ്ചായത്തിനെ നെടുകെ മുറിച്ച് ഷൊർണ്ണൂർ-മംഗലാപുരം റെയിൽപ്പാത കടന്നുപോകുന്നു. 4 കി. മീ നീളമുള്ള ഈ റെയിൽപാതയിൽ വെങ്ങളം, കാപ്പാട്, പൂക്കാട് എന്നിവിടങ്ങളിൽ കാവൽക്കാർ ഉള്ള ലെവൽക്രോസ്സുകൾ ഉണ്ട്. കാട്ടിലപീടിക ഭാഗത്ത് കാവൽക്കാരില്ലാത്ത ഒരു ലവൽക്രോസിൽ കാവൽക്കാരെ ഏർപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

റെയിൽവേ സ്റ്റേഷൻ: നമ്മുടെ പഞ്ചായത്തിലെ ഏകറെയിൽവേ സ്റ്റേഷനാണ് ചേമഞ്ചേരി റയിൽവേസ്റ്റേഷൻ. ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ചതാണ് ഇത്. ധാരാളം ആളുകൾ യാത്രയ്ക്കായി ഉപയോഗപ്പെടുത്തിയിരുന്ന ഈ സ്റ്റേഷനിൽ ഇന്ന് രണ്ട് പാസ്സഞ്ചർ വണ്ടികൾ മാത്രമേ നിർത്തുന്നുള്ളൂ. ദീർഘദൂരവണ്ടികൾ ഒന്നും ഇവിടെ നിർത്തുന്നില്ല. സ്റ്റേഷൻ പദവിയുണ്ടായിരുന്ന ചേമഞ്ചേരി ഇന്ന് കേവലം ട്രെയിൽഹാൾട്ടായി തരംതാഴ്ത്തിയിരിക്കുകയാണ്. ഈ സ്റ്റേഷൻ പൂക്കാട് ഭാഗത്തേയ്ക്ക് മാറ്റിയാൽ കൂടുതൽ യാത്രക്കാർക്ക് പ്രയോജനപ്പെടുമെന്ന് അഭിപ്രായമുണ്ട്. തിരുവങ്ങൂരിലുണ്ടായിരുന്ന ട്രെയിൻഹാൾട്ട് ഈയടുത്തകാലത്ത് പൂർണ്ണമായും നീക്കംചെയ്യപ്പെട്ടിരിക്കുകയാണ്.

## ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ

**I നിലവിലുള്ള റോഡുകൾ അഭിവൃദ്ധിപ്പെടുത്തേണ്ടവ**

1. പൂക്കാട്- ബീച്ച് റോഡിലെ NH ജംഗ്ഷൻ വീതി കൂട്ടണം.
2. നീലികണ്ടത്തിൽ താഴെനിന്നും ചേമഞ്ചേരി റെയിൽവേസ്റ്റേഷൻ ബന്ധിപ്പിക്കുന്ന റോഡ് ഗതാഗത യോഗ്യമാക്കണം.
3. പൊൻതോട്ടു കുന്ന് റോഡ് ഒരു സ്വകാര്യ വ്യക്തി തടസ്സപ്പെടുത്തിയത് നീക്കി ഗതാഗതം സാദ്ധ്യമാക്കുക
4. വാഹന ഗതാഗതത്തിന് യോഗ്യമായ ഒരു റോഡുപോലുമില്ലാത്ത 20ാം വാർഡിൽ കുട്ടംകണ്ടി- കാഞ്ഞിലശ്ശേരി റോഡ്, പണി നടന്നുകൊണ്ടിരിക്കുന്നതിന്റെ ബാക്കിഭാഗം ഗതാഗതത്തിന് ഉപയുക്തമാക്കുക.

5. ഖാദി റോഡ്, പൂക്കാട്- ഹരിജൻകോളനി റോഡ്, പാലത്തും വീട്- വാളാർകുന്ന് റോഡ് എന്നിവ ഗതാഗത യോഗ്യമാക്കണം.

6. ചേമഞ്ചേരി-ചെങ്ങോട്ടുകാവ് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും നിർമ്മാണം മുടങ്ങിക്കിടക്കുന്നതുമായ പൊയിൽക്കാവ്- കാഞ്ഞിലശ്ശേരി റോഡ് പണി പൂർത്തിയാക്കി ഗതാഗതം സാദ്ധ്യമാക്കുക.

7. തുവ്വക്കോട് പോസ്റ്റ് ഓഫീസ്- പുതിയോട്ടിൽ മുക്ക് റോഡ് ടാർ ചെയ്യണം.

8. ചെങ്ങോട്ടുകാവ് പഞ്ചായത്തുമായി സഹകരിച്ച് കാഞ്ഞിലശ്ശേരി- പാലോട്ട് മുക്ക് റോഡ് മണ്ണിട്ട് ഉയർത്തണം.

9. തുവ്വക്കോട്- കൊളക്കാട് റോഡ് റീടാർ ചെയ്യണം. ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തണം.

10. പള്ളിമുക്ക്-ലക്ഷംവീട്, ബാലവാടി- ചെത്തിൽമീത്തൽ, പാലോറത്ത് മുക്ക്- തുവ്വക്കോട്, തോരായി ഹരിജൻ കോളനി എന്നീ റോഡുകൾ റിപ്പയർ ചെയ്യണം.

11. പണി നിർത്തിവെക്കപ്പെട്ട കാപ്പാട് സ്കൂൾ- എടക്കടവ് മെറ്റലിംഗും ടാറിംഗും നടത്തണം. ഡ്രെയിനേജ് നിർമ്മിക്കണം. ഇതിനോട് ചേർന്ന് കൊറ്റഞ്ചേരി-പനായി റോഡ് പഞ്ചായത്ത് ഏറ്റെടുക്കണം.

12. 4,6,7 വാർഡുകളെ ബന്ധിപ്പിക്കുന്ന മുണ്ടയ്ക്കൽ താഴെ കാപ്പാട് ബീച്ച് റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കണം.

13. കാപ്പാട്- പൂക്കാട് റോഡ് റിപ്പയർ ചെയ്യണം. അടിയന്തരമായി ഡ്രെയിനേജ് ഉണ്ടാക്കണം.

14. കാപ്പാട് ജുമാഅത്ത് പള്ളി- പാറയ്ക്കൽ താഴെ റോഡിന് ഡ്രെയിനേജ് സൗകര്യം ഉണ്ടാക്കണം.

15. അരങ്ങിൽ കോളനിയിൽ ഡ്രെയിനേജ് നിർമ്മിക്കണം

16. സൈരി-വെറ്റിലപ്പാറ റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കണം.

17. പൂക്കാട് തെക്കോലാട്ട് ഏറങ്കേട്ട് മുക്ക് വരെ നീട്ടി റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് വെറ്റിലപ്പാറ റോഡിൽ ബന്ധിപ്പിക്കുക

18. പൂക്കാട്- തെക്കേലാട്ട് റോഡ് ഗതാഗതയോഗ്യമാക്കണം.

19. NH- തിരുവങ്ങൂർ റെയിൽവേസ്റ്റേഷൻ റോഡ് ഗതാഗതയോഗ്യമാക്കണം.

20. ഉർവ്വശി ടാക്കീസിന്റെ കിഴക്ക്ഭാഗത്ത് നിന്ന് തുടങ്ങിയ റോഡ് തെക്കേലാട്ട് റോഡുമായി ബന്ധിപ്പിക്കണം.

21. വികാസ് നഗർ, ഹൈസ്കൂൾ റോഡ് പൂർത്തിയാക്കണം.

22. കുനിയിൽകടവ് റോഡിന്റെ മധ്യഭാഗത്ത് നിന്ന് തെക്കോട്ട് നിർമ്മിച്ച റോഡ് അണ്ടിക്കമ്പനി- ആനപ്പാറ റോഡുമായി ബന്ധിപ്പിക്കണം. ഈ റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് മണ്ണിട്ട് ഉയർത്തണം.

23. കാട്ടിലപീടിക- ചീനച്ചേരി റോഡ് ഗതാഗതയോഗ്യമാക്കണം.

24. രാമകൃഷ്ണ റോഡിൽ നിന്ന് തുടങ്ങി കല്ലുംപുറത്ത് റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് പൂർത്തിയാക്കണം.

25. കോരപ്പുഴ-അഴീക്കൽ റോഡ് പൂർത്തീകരിക്കണം. ഈ റോഡിന് ഡ്രെയിനേജ് നിർമ്മിക്കണം.

26. വെറ്റിലപ്പാറ- ചാത്തനാടത്ത് കടവ് റോഡിന്റെ ബാക്കി ഭാഗം ടാർ ചെയ്യണം.

27. പൂക്കാട്- കൊളക്കാട് മസ്ജിദ് റോഡ് ടാർ ചെയ്യണം. ഡ്രെയിനേഡ് നിർമ്മിക്കണം.

28. കൊളക്കാട്- ആയനിമുക്ക് റോഡ് (വഴി തെക്കൻ കൊളക്കാട്) മെറ്റൽ ചെയ്യണം.

29. ചീനിച്ചേരി- നവജ്യോതി റോഡ് ഗതാഗതയോഗ്യമാക്കണം.

30. കാട്ടിലപീടിക റോഡ്- ബീച്ചുമായി ബന്ധിപ്പിക്കണം.

31. കാപ്പാട് -കണ്ണൻകടവ് റോഡ് തീരദേശ റോഡായി പ്രഖ്യാപിക്കണം.

32. വെങ്ങളം-കല്ലടത്താഴെ റോഡ് ഗതാഗതയോഗ്യമാക്കുക.

33. വെങ്ങളം-മേയനകടവ് റോഡ് ഗതാഗതയോഗ്യമാക്കുക.

34. കാട്ടിലപീടിക- വള്ളിൽകടവ് റോഡ് ഗതാഗതയോഗ്യമാക്കുക.

35. പൂക്കാട്- തുവ്വപ്പാറ റോഡ് ഗതാഗതയോഗ്യമാക്കുക.

36. തുവ്വപ്പാറ- പൊയിൽക്കാവ് റോഡ് ചെങ്ങോട്ടുകാവ് പഞ്ചായത്ത് അതിർത്തിവരെ മെറ്റൽ ചെയ്ത് ടാർ ചെയ്യണം.

37. പൂക്കാട് - തൂവ്വപ്പാറ റോഡിൽനിന്നും പെരുവയലിലേക്കുള്ള റോഡ് നിർമ്മാണം പൂർത്തിയാക്കി വയലിന ക്കരെയുള്ള റോഡുമായി ബന്ധിപ്പിക്കണം.

38. കമ്പായത്തിൽ നിന്ന് അഴീക്കൽ വരെയുള്ള മത്സ്യബന്ധന റോഡ് റിപ്പയർ ചെയ്യണം.

39. പൊതുശ്മശാനത്തിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കണം.

40. അണ്ടികമ്പിനി-ആനപാറ റോഡ് ടാർ ചെയ്യണം.

**II പുതുതായി നിർമ്മിക്കേണ്ടുന്ന റോഡുകൾ**

1. കമ്മനതാഴെ- അയ്യപ്പൻകാവ് റോഡ് പുതുതായി നിർമ്മിക്കണം.

2. താളിക്കണ്ടി- കായലംകണ്ടി- അയ്യപ്പൻകാവ് റോഡ് നിർമ്മിക്കണം.

3. ശിശുമന്ദിരം മുതൽ ലക്ഷംവീട് വഴി ചെത്തിൽ മീത്തൽ വരെ റോഡ് നിർമ്മിക്കണം.

4. ചെത്തിൽതാഴെ ചീർപ്പ്- ചേരിയ റോഡ് ഉണ്ടാക്കണം

5. കരുവാങ്കണ്ടി- വയലിൽ പള്ളി ഫൂട്പാത്ത് റോഡാക്കിമാറ്റണം.

6. കലാലയം പൂക്കാട് റോഡ് നിർമ്മിക്കുക.

7. അണ്ടിക്കമ്പനി- ആനപ്പാറ റോഡിൽ ഗോവിന്ദൻനായരുടെ പീടിക മുതൽ തെക്ക് പുഴവരെ റോഡ് നിർമ്മി ക്കണം.

8. പീറ്റിക്കണ്ടി റോഡിൽ നിന്ന് കിഴക്കോട്ട് പടിഞ്ഞാറയിൽ വരെ റോഡ് വേണം.

9. അണ്ടികമ്പനി- ചാത്തനാംകുനി പട്ടികജാതി കോളനിയിലേക്കുള്ള റോഡ് നിർമ്മിക്കണം. ഒരു വ്യക്തി യുടെ സമ്മതമില്ലാത്തതിനാൽ മുടങ്ങികിടക്കുകയും നേരത്തെ പാസ്സായ ഫണ്ട് ലാപ്സാവുകയും ചെയ്തി രിക്കുകയാണ്.

10. മാടക്കുളങ്ങര- കേളോത്ത്- തെക്കിന്നടത്ത്- പുള്ളാട്ട് വഴി വില്ലേജ് ഓഫീസ് റോഡുമായി ബന്ധിപ്പി ക്കുന്ന വിധത്തിൽ റോഡ് നിർമ്മിക്കണം.

11. അണ്ടികമ്പനി- ആനപ്പാറ റോഡിന്റെ മദ്ധ്യഭാഗത്ത് നിന്ന് (മൈക്കോട്ട് കിഴക്കുഭാഗം) തെക്കോട്ടുള്ള മത്സ്യ തൊഴിലാളി കോളനിയിലേക്ക് ഉള്ള ഇടവഴി റോഡാക്കി മാറ്റണം.

12. വികാസ് നഗർ- കാപ്പാട് റോഡ് പുതുതായി നിർമ്മിക്കുക.

13. കണ്ണവയൽ കുനി റോഡ് നിർമ്മിക്കണം.

14. കാട്ടിലപീടിക- സാംസ്കാരിക നിലയം റോഡ് നിർമ്മിക്കുക.

15. രാമകൃഷ്ണൻ റോഡിൽ നിന്നും NH ലേക്കുള്ള ലിങ്ക് റോഡ് ആരംഭിക്കണം.

16. തെക്കൻ കൊളക്കാട്- കുനിയിൽ കടവ് റോഡ് പുതുതായി നിർമ്മിക്കണം.

17. കൊളക്കാട് 4 സെന്റ് കോളനി റോഡ് നിർമ്മിക്കണം.

18. കാഞ്ഞിലശ്ശേരി നിന്ന് പുതുശ്ശേരി താഴെ വരെ നിർമ്മിച്ചിരിക്കുന്ന ഫൂട്പാത്ത് റോഡാക്കി കൊളക്കാട്- തുവ്വക്കോട് റോഡുമായി ബന്ധിപ്പിക്കണം.

19. മൂസ്സയ്ക്കൽ ഇടവഴിയിൽ നിന്ന് തുടങ്ങി പൊന്നിങ്ങാടത്ത്, തുറമംഗലത്ത് ഇടവിയിലൂടെ പുഴയോരം ചേർന്ന് കാവിൽകോട്ട ക്ഷേത്രത്തിനരികിലൂടെ NH ലേക്ക് പുതിയ റോഡ് നിർമ്മിക്കണം.

III ഫൂട്ട്പാത്തുകൾ നടപ്പാലങ്ങൾ

1. തുവ്വക്കോട് LP സ്കൂളിലേക്ക് ഫൂട്പാത്ത് നിർമ്മിക്കണം.

2. AKG മുക്ക് - പോസ്റ്റ് ഓഫീസ് ഫൂട്പാത്ത് വേണം. വഴി, ഉണിക്കുന്നകണ്ടിതാഴെകുനി, പുറത്തെ ആയ ങ്ങോളി.

3. AKG മുക്ക്- നാല് സെന്റ് കോളനി ഫൂട്പാത്ത് നിർമ്മിക്കണം- വഴി രാമൻപുനത്തിലെ കിഴക്കെ ഇടവഴി.

4. തോരായിക്കടവ്- ചാത്തന്നടത്ത് കടവ് പൊതുവഴിയിൽ തോടിന് സ്ലാബ് ഇടണം.

5. ഏലസ്സാം വീട്ടിൽ- അറയ്ക്കൽ മുൻവശം ഓവുചാലിന് സ്ലാബ് ഇടണം.

6. കളത്തിൽ പള്ളി- കാക്കച്ചംകണ്ടി ഫുട്പാത്ത് നിർമ്മിക്കണം.

7. മുണ്ടയിൽ ഇടവഴിയിൽ സ്ലാബ് ഇടുക.

8. കുടുങ്ങാംപൊയിൽ ഫുട്പാത്ത് നിർമ്മിച്ച് സ്ലാബുകളിടുക.

9. പുതിയ പുരയിൽ, മേലെകാഞ്ഞിരക്കണ്ടി, പഞ്ചായത്ത് ഓഫീസ് തെക്ക് ഭാഗം ഇടവഴികൾ സഞ്ചാരയോ ഗ്യമാക്കണം.

10. തിരുവങ്ങൂർ അമ്പലത്തിന്റെ കിഴക്ക് ഭാഗത്ത് കോട്ടുവയൽ തെക്ക് ഭാഗത്ത് കൂടി സ്ഥലം ഉയർത്തി ഫുട്പാത്ത് നിർമ്മിക്കുക.

11. വെള്ളാന്തോട്ട് ഇടവഴി കൊളക്കാട് റോഡുമായി ബന്ധിപ്പിക്കുന്ന ഫുട്പാത്ത് നിർമ്മിക്കുക.

12. കന്നംകുഞ്ഞാടത്ത്- പീനാറിമൂല പാറപൊട്ടിച്ച് ഫൂട്പാത്ത് നിർമ്മിക്കുക.

13. നിലവിലുള്ള എല്ലാ ഇടവഴികളും സംരക്ഷിച്ച് സഞ്ചാരയോഗ്യമാക്കുക.

14. കാപ്പാട് റെയിൽവെ ഗേറ്റ് മുതൽ മുണ്ടക്കൽ താഴെ റോഡ് വരെ ഫുട്പാത്ത് നിർമ്മിക്കണം.

15. കുനിയിൽകടവ് റോഡിൽ നിന്ന് തെക്കാട്ട് പടിഞ്ഞാറ് ഭാഗത്ത്കൂടെ വാളിയിൽ ഇടയിലൂടെ എടവന ക്കണ്ടി റോഡുമായി ഫുട്പാത്ത് നിർമ്മിക്കണം.

16. വില്ലേജ് ഓഫീസ് റോഡിൽനിന്ന് തട്ടാർകണ്ടി വഴി വികാസ് നഗറിലേക്ക് പോകുന്ന വഴി ഫുട്പാത്ത് ആക്കണം.

17. ഓവുചാലുകൾക്ലീൻ ചെയ്ത് സ്ലാബ് ഇടണം.

18. അണ്ടികമ്പനി- ആനപ്പാറ റോഡിൽ ഗോവിന്ദൻനായരുടെ പീടികയുടെ വടക്കെ ഇടവഴി മണ്ണിട്ട് ഫൂട്പാ ത്താക്കുക.

19. എടവനക്കണ്ടി ഇടവഴിയിലും അരേടത്ത് വഴിയിലും വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കാൻ മണ്ണിട്ട് ഉയർത്തണം.

20. വെങ്ങളം– ചീനിച്ചേരി ഫൂട്പാത്ത് നിർമ്മിക്കണം.

21. ഫിഷറിസ് സ്കൂളിൽനിന്നും ബീച്ചിലേക്കുള്ള വഴി സംരക്ഷിച്ച് സഞ്ചാരയോഗ്യമാക്കണം.

22. കല്ലുംപുറത്ത് മാവിളിത്താഴെ ഫൂട്പാത്ത് നിർമ്മിക്കണം.

23. പാത്തികുളം– മഠത്തിൽ താഴെ ഫുട്പാത്ത് നിർമ്മിക്കുക

24. കാരാന്തോട്ട് കുനിയുടെ മുമ്പിലുള്ള തോടിന് ഫുട്ബ്രിഡ്ജ് നിർമ്മിക്കണം.

25. തെക്കൻ കൊളക്കാട് നിന്നും റേഷൻഷാപ്പ് വരെ ഫുട്പാത്ത് നിർമ്മിക്കണം.

26. പടിഞ്ഞാറിടത്ത് താഴെ നിന്നും ഒറ്റക്കണ്ടം വരെയുള്ള ഇടവഴി സഞ്ചാരയോഗ്യമാക്കണം.

27. പുതിയോട്ട് മുക്കിൽ നിന്ന് ലക്ഷംവീട്ടിലേക്കുള്ള വഴി നന്നാക്കണം.

28. നവജ്യോതി റോഡ്– വികാസ് റോഡുമായി ബന്ധിക്കുന്ന ഫുട്പാത്ത് നിർമ്മിക്കണം.

29. നവജ്യോതി– ചീനിച്ചേരി കയർ സൊസൈറ്റി വഴി ഷെയ്ക്ക് പള്ളിവരെ ഫുട്പാത്ത് വേണം.

30. ചീനിച്ചേരി പുഴവക്കത്ത് നടപ്പാലം നിർമ്മിച്ച് നവജ്യോതി റോഡും അഴീക്കൽ റോഡുമായി ബന്ധിക്കണം

31. വെങ്ങളം കാപ്പാട് റോഡിൽനിന്നും വെങ്ങളം വെസ്റ്റ് ബാഗത്തേക്ക് ഫുട്പാത്ത് നിർമ്മിക്കണം.

32. കാപ്പാട്– പാറയൂർ താഴെ റോഡിൽ ജുമാഅത്ത് പള്ളി മുതൽ വെങ്ങളം കാപ്പാട് റോഡ് വരെ ഫുട്പാത്ത് വേണം.

33. മുനമ്പത്ത് ഫുട്പാത്തിന്റെ നിർത്തിവെച്ച പണി പൂർത്തിയാക്കണം.

34. നാരങ്ങോളി താഴെ – കുനിയിൽതാഴെ– കാട്ടിലപീടിക ഇടവഴി വീതികൂട്ടി സംരക്ഷിക്കണം.


35. പുളിക്കൽ കടവിലേക്കുള്ള താണ്ടാച്ചേരി ഇടവഴിയിൽ സ്ലാബ് ഇടുക.

36. കോരപ്പുഴ ബസാർ– കാവിൽകോട്ട റെയിൽവെ ലൈനിൽ സബ്‌വേ നിർമ്മിച്ച് റെയിൽ കടക്കാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുക.

കണ്ണങ്കടവ് അഴീക്കൽ തെക്കെപാലത്തിന്റെ പലകകൾ മാറ്റുകയും തുരുമ്പെടുക്കാത്ത പെയ്ന്റ് അടിയ്ക്കുകയും ചെയ്യുക.

ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനും പുതിയ റോഡുകളും ഫുട്പാത്തുകളും നിർമ്മിക്കുന്നതിനും ആവശ്യമായ മനുഷ്യാദ്ധ്വാനം നൽകാൻ ജനങ്ങൾ തയ്യാറായി മുന്നോട്ട് വന്നിട്ടുണ്ട് റോഡുകളുടെയും ഫുട്പാത്തുകളുടെയും നിർമ്മാണത്തിന് സ്ഥലം വിട്ടുകിട്ടാത്ത പ്രശ്നം പല സ്ഥലങ്ങളിലുമുണ്ട്.





## കുടിവെള്ളം

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ട് ചേമഞ്ചേരി പഞ്ചായത്തിന്റെ 2/3 ഭാഗം വർഷത്തിൽ എക്കാലവും ശുദ്ധജലം ലഭിക്കാത്ത പ്രദേശങ്ങളാണ്. പ്രകൃതിദത്തമായ ജല സ്രോതസ്സുകളെയാണ് ഭൂരിഭാഗം ആളുകളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. മുഖ്യമായും കിണറുകൾ. ഉയർന്ന സ്ഥലങ്ങളിൽ അപൂർവമായി കണ്ടുവരുന്ന ഭൂഗർഭ ഉറവകൾ, ചാലുകൾ എന്നിവ ഇവിടെ തുലോം കുറവാണ്. വെള്ളക്കെട്ടുള്ള ധാരാളം പ്രദേശം ചേമഞ്ചേരിയിൽ ഉണ്ടെങ്കിലുംകൂടി കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന ശുദ്ധജല സംഭരണികൾ ഇവിടെയില്ല. സ്വന്തം കിണറുകളെയും അന്യവീടുകളിലെ കിണറുകളെയുമാണ് ഭൂരിഭാഗം ആളുകളും ശുദ്ധജലത്തിനായി ആശ്രയിക്കുന്നത്. ഭൂമിയുടെ നിമ്നോന്നതാവസ്ഥ കണക്കിലെടുക്കുമ്പോൾ പഞ്ചായത്തിലെ ശുദ്ധജല ലഭ്യതയെ ഇങ്ങനെ തരംതിരിക്കാമെന്ന് തോന്നുന്നു.

1. പടിഞ്ഞാറ് തീരപ്രദേശത്തുനിന്നും ശരാശരി അര കി.മീ. കിഴക്കും വടക്കുകിഴക്കു ഭാഗത്തെ മലയോര പ്രദേശങ്ങളിൽ നിന്ന് ശരാശരി ഒരു കി.മീ. മാറിയും നെടുകെ ലഭിക്കുന്ന പരിച്ഛേദത്തിലെ ശുദ്ധജലം ലഭിക്കുന്ന സ്ഥലങ്ങൾ. ഇത്തരം പാറ, മണൽ പ്രദേശങ്ങളിൽ 90 ശതമാനം കിണറുകളിലും ശുദ്ധജലം ലഭ്യമാണ്.

2. വെള്ളക്കെട്ട്-ഓരുവെള്ളം- പുഴക്കും കടലിനും സമീപമുള്ള പ്രദേശങ്ങളാണിവ. ഇവിടങ്ങളിൽ ഒന്നുകിൽ ഓരു കലർന്ന ഉപ്പുവെള്ളമോ അല്ലെങ്കിൽ കാഠിന്യം കൂടിയ വെള്ളമോ ആണ് സ്ഥിരമായി ലഭിക്കുന്നത്. മൊത്തം 40–50% വീടുകൾ ഈ ദുരിതമനുഭവിക്കുന്നവരാണ്.


3. ഉയർന്ന പ്രദേശങ്ങൾ- മലമ്പ്രദേശങ്ങളിലും ഉയർന്ന പ്രദേശങ്ങളിലും ഭൂഗർഭ ജല സ്രോതസ്സും ഉറവയും ഇല്ലാത്തതാണ് ജലദൗർബല്യത്തിന് കാരണം. 5–10% വീടുകൾ ഈ രീതിയിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നവയാണ്. പട്ടിക 1 പഞ്ചായത്തിലെ ശുദ്ധജല ക്ഷാമത്തിന്റെ ഏകദേശ ചിത്രം നമുക്കു നൽകുന്നതായി കാണാം.

ഇതിൽനിന്നും വർഷത്തിൽ ഏകദേശം മുഴുവൻ ദിവസവും ശുദ്ധജലക്ഷാമമനുഭവപ്പെടുന്ന 7,8,9,10,11 വാർഡുകളും 1,2,3 വാർഡുകളിലെ ഉയർന്ന പ്രദേശങ്ങളും കൂടിചേരുമ്പോൾ ഏതാണ്ട് 50– 60% വീടുകളിൽ ശുദ്ധജലം ലഭ്യമല്ല എന്ന അസുഖകരമായ സത്യം അനാവരണം ചെയ്യപ്പെടുന്നു.

പഞ്ചായത്തിലെ ജലസ്രോതസ്സുകളെപ്പറ്റി ഗൗരവാഹമായ ഒരുചിന്ത ഇത്തരുണത്തിൽ പ്രസക്തമാവുന്നു. താഴെ ചേർത്ത പട്ടിക ഇത്തരം വിശദാംശങ്ങൾ നമുക്ക് നൽകുന്നതായി കാണാം.

CHEMANCHERY PANCHAYATH

ജലലഭ്യത.




തോട്
കുളങ്ങൾ
പൊതുകിണർ

പട്ടിക 1

## ശുദ്ധജല ലഭ്യത

| സ്രോതസ്സ്- സ്വഭാവം | അനുഭവപ്പെടുന്ന പ്രദേശങ്ങൾ | |
|---|---|---|
| 1 കിണറുകളിലൂടെ ശുദ്ധജലം ലഭിക്കുന്ന പ്രദേശങ്ങൾ | വാർഡ് -1 -12 | പുറമ്പോക്ക് തുവ്വക്കാട് പറമ്പ്, പൊന്തോട്ട് കുന്ന് ഒഴികെയുള്ള പ്രദേശങ്ങൾ |
| | വാർഡ് -2 | കുന്നുകൾ, വെള്ളമ്പാട്ട് ഹരിജൻ കോളനി ഒഴികെയുള്ള പ്രദേശങ്ങൾ |
| | വാർഡ് -3 | തോരായി പുഴയുടെ തീരഭാഗങ്ങൾ, കുമ്മങ്കോട്ട് മലയുടെ പാർശ്വഭാഗങ്ങളിൽ, പുഞ്ചവയൽ കോളനി ഒഴികെയുള്ള പ്രദേശങ്ങൾ |
| | വാർഡ് -4 | തീരപ്രദേശത്ത് കാപ്പാട്ടങ്ങാടി വരെ പരന്നു കിടക്കുന്ന സ്ഥലങ്ങൾ, അരങ്ങിൽ പുഞ്ചവയൽ കോളനി ഒഴികെയുള്ള പ്രദേശങ്ങൾ |
| | വാർഡ് -5 | കുന്നോൽ ഭാഗം ഒഴികെയുള്ള പ്രദേശങ്ങൾ |
| | വാർഡ് -6 | പുഴയോര പ്രദേശങ്ങളും റെയിലിനു പടിഞ്ഞാറുള്ള പ്രദേശങ്ങൾ ഒഴിച്ചുള്ള ഭാഗങ്ങൾ |
| | വാർഡ് -7 | 20% വീടുകൾ |
| | വാർഡ് -8 | 20% വീടുകൾ |
| | വാർഡ് -9 | അയച്ചിറ കോളനി ഒഴികെയുള്ള സ്ഥലങ്ങൾ |
| | വാർഡ് -10 | 20% വീടുകൾ |
| | വാർഡ്- 11 | റെയിലിനും റോഡിനും ഇടയിലുള്ള പ്രദേശം മാത്രം. |
| 2 വെള്ളക്കെട്ട്, ഓരുജലം, കഠിനജലം ശുദ്ധജലം ലഭ്യമല്ലാത്ത പ്രദേശം | വാർഡ് 1 - 12 | പുറമ്പോക്ക് റിസോർട്ടിന് പടിഞ്ഞാറ് തുവ്വക്കാട് പറമ്പ് പൊന്തോട്ട് കുന്ന് പ്രദേശം |
| | വാർഡ് -2 | വെള്ളാമ്പാട്ട് കോളനി |
| | വാർഡ് -3 | പുഴയോരം, മയിലാടും പാറവരെ |
| | വാർഡ് -4 | തിരുവങ്ങൂർ കാപ്പട് റോഡിന് തെക്ക് കാപ്പാട്ടങ്ങാടി വരെ |
| | വാർഡ് -5 | പുഴയോര പ്രദേശം |
| | വാർഡ് -6 | കിഴക്ക് ചെമ്മീൻ പീലിംഗ് സെന്റർ മുതൽ യൂനീറോയൽ വരെ ഏതാണ്ട് 125 വീടുകൾ, കാനാലിന് പടിഞ്ഞാറ് 75 വീടുകൾ |
| | വാർഡ് -7, 8 | 80% സ്ഥലങ്ങൾ |
| | വാർഡ് -9 | അയച്ചിറ കോളനി വിഭാഗം |
| | വാർഡ് -10 | 90% സ്ഥലങ്ങൾ |
| | വാർഡ് -11 | 65% വീടുകൾ പുഴയോരം കൈപ്പുഴ കോളനി വിഭാഗം. |
| 3 പ്രദേശത്തിന്റെ ഭൂമിശാസ്ത്ര പരമായ ഉയരകൂടുതൽ | വാർഡ് -1 | പൊന്തോട്ടു കുന്ന് ഭാഗം |
| | വാർഡ് -2 | മഠത്തിൽ കുന്ന്, വാളാർകുന്ന് , പരത്തിക്കുന്നു, പുതുക്കോട്ടു കുന്നു ഭാഗങ്ങൾ |
| | വാർഡ് -3 | കുമ്മങ്കോട്ട് മല |
| | വാർഡ് -11 | കാട്ടില പീടികക്ക് കിഴക്ക് പാറക്കുളം ഭാഗം. |

(അലലംബം ഗ്രാമസഭാ റിപ്പോട്ടുകൾ)

(പട്ടിക 2)

## ജലസ്രോതസ്സുകൾ

| വാർഡ് | കുളങ്ങൾ | കിണറുകൾ | പൊതുകിണറുകൾ ഉള്ള വീടുകൾ | പൊതു പൈപ്പ്ലൈൻ |
|---|---|---|---|---|
| 1 | 7 | 80% | 2 | – |
| 2 | 12 | 90% | 4 | – |
| 3 | 7 | 50% | 3 | – |
| 4 | 3 | 80% | 4 | – |
| 5 | 6 | 85% | 1 | – |
| 6 | 5 | 60% | 2 | – |
| 7 | 1 | 50% | 3 | – |
| 8 | – | 70% | 4 | – |
| 9 | 10 | 60% | 2 | – |
| 10 | 1 | 60% | 2 | – |
| 11 | 3 | 45% | 1 | – |
| 12 | 2 | 70% | 5 | – |
| | 57 | | 40 | |

★ കുളങ്ങൾ- ആരാധനാലയങ്ങളോടനുബന്ധിച്ചുള്ളതും കണക്കിൽപെടുത്തിയിട്ടുണ്ട്.

## ശുദ്ധജല വിതരണ പദ്ധതികൾ

ചെറുതും വലുതുമായി 3 ശുദ്ധജല വിതരണ പദ്ധതികൾ പഞ്ചായത്തിലുണ്ട്.

### 1. മുത്താച്ചിക്കാവ് ശുദ്ധജല വിതരണ പദ്ധതി

90–91 വർഷമാണ് ഈ പദ്ധതി ആരംഭിച്ചത്. പഞ്ചായത്തിന്റെ ഉപാധിരഹിത ഫണ്ടിൽനിന്നും 4,68,300 രൂപയും പ്രാദ്ശികമായി സമാഹരിച്ച 1,22668 രൂപയും കൂടി ആകെ ഈ പദ്ധതിക്ക് 5,90,968 രൂപ ചെലവായിട്ടുണ്ട്. ആറാം വാർഡിൽ എടവനക്കണ്ടി എന്ന സ്ഥലത്താണ് ഈ പദ്ധതി സ്ഥിതിചെയ്യുന്നത്. 8 മീറ്റർ ആഴവും 5 മീറ്റർ ആന്തര വ്യത്യാസവുമുള്ള ഒരു കിണറും ഒരു പമ്പിംഗ് സ്റ്റേഷനും രണ്ട് മോട്ടോറുകളും ഇവിടെയുണ്ട്. 25 എണ്ണം പൊതുടാപ്പുകൾ ഈ പദ്ധതിയിൽ നിന്നും വിവിധ വാർഡുകളിലേക്ക് അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ 6,11 വാർഡുകൾക്ക് മാത്രം പ്രയോജനപ്പെടുന്ന ഈ പദ്ധതി വിപുലീകരിച്ചാൽ 7,8 വാർഡുകൾക്ക് കൂടി പ്രയോജനപ്പെടുത്താവുന്നതാണ്.

## വഴുതിനപ്പാടം പദ്ധതി

1988–ലാണ് ഈ പദ്ധതി ആരംഭിച്ചത്. ആറാം വാർഡിലെ 'ചീറങ്ങോട്' എന്ന സ്ഥലത്ത് കിണറും ഏഴാം വാർഡിലെ 'ചെറുമുറി'യിൽ ഇതിന്റെ ഓവർ ഹെഡ് ടാങ്കും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഒരു കിണറും ഒരു പമ്പിംഗ് സ്റ്റേഷനും ഇവിടെയുണ്ട്. 24 ടാപ്പുകൾ ഈ പദ്ധതിയുടെ ഭാഗമായി വിന്യസിക്കപ്പെട്ടിട്ടുണ്ട്.

3 അമ്മിണിശ്ശേരി പമ്പിംഗ് സ്റ്റേഷൻ പതിനൊന്നാം വാർഡിലെ ഈ പമ്പിംഗ് സ്റ്റേഷനിൽ നിന്നും ടാപ്പുകൾ അനുവദിച്ചിട്ടുണ്ട്.

പട്ടിക 3

| മഴ ലഭ്യത | | | |
|---|---|---|---|
| മാസം | മഴലഭ്യത | മാസം | മഴലഭ്യത |
| ജനുവരി | 9 MM | ജൂലായ് | 1034 MM |
| ഫിബ്രവരി | 7 - | ആഗസ്റ്റ് | 647 – |
| മാർച്ച് | 21 | സെപ്തംബർ | 257 |
| ഏപ്രിൽ | 93 | ഒക്ടോബർ | 287 |
| മേയ് | 297 | നവംബർ | 157 |
| ജൂൺ | 925 | ഡിസംബർ | 36 |

ശരാശരി 310 സെ.മീ.

ജലസ്രോതസ്സുകളിൽ കുളങ്ങൾക്ക് പുറമെ വെള്ളക്കെട്ടു പ്രദേശങ്ങൾ വേറെയുമുണ്ട്. മാത്രമല്ല ഒരു വാർഡിന് ശരാശരി മൂന്ന് പൊതുകിണറുകളും ഇന്നുണ്ട്. ഇത്രയൊക്കെ ജലസമ്പന്നമായിട്ടും വിവിധ വാർഡുകളിലെ ശുദ്ധജല ദൗർലഭ്യം എത്ര രൂക്ഷമാണ് എന്ന് പട്ടിക (4) വ്യക്തമാക്കുന്നു.

82

## പട്ടിക 4

## ശുദ്ധജലക്ഷാമം

| വാർഡ് | ശുദ്ധജലക്ഷാമം നേരിടുന്ന വീടുകൾ |
|---|---|
| 1 | 40 |
| 2 | 250 |
| 3 | 200 |
| 4 | 60 |
| 5 | 40 |
| 6 | 200 |
| 7 | 480 |
| 8 | 420 |
| 9 | 60 |
| 10 | 450 |
| 11 | 300 |
| 12 | 100 |
| | 2600 |

(അവലംബം പ്രത്യേക ഗ്രാമസഭാ റിപ്പോർട്ടുകൾ)

വിവിധ പദ്ധതികളിലൂടെ അനുവദിക്കപ്പെട്ട ടാപ്പ് കണക്ഷൻ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

## (പട്ടിക 5)

## ശുദ്ധജല വിതരണ പദ്ധതികൾ

| | പേര് | ടാപ്പുകളുടെ എണ്ണം | പ്രയോജനപ്പെടുന്ന വീടുകളുടെ എണ്ണം | വാർഡുകൾ |
|---|---|---|---|---|
| 1. | മുത്താച്ചിക്കാവ് പദ്ധതി | | | |
| 2. | വഴുതിനപ്പാടം പദ്ധതി | | | |
| 3. | അമ്മിണിശ്ശേരി പമ്പിങ്ങ് സ്റ്റേഷൻ | | | |

(അവലംബം- പഞ്ചായത്ത് ഓഫീസ് രേഖകൾ)

മേൽ വിവരിച്ച സ്ഥിതി വിവരക്കണക്കുകൾ ഏറെക്കുറെ ജലസമ്പന്നമാണ് നമ്മുടെ പഞ്ചായത്ത് എന്ന് ബോധ്യമാവുന്നതായി കാണാം. എന്നിട്ടും ഭൂരിഭാഗം വീടുകളിലും ശുദ്ധജലം ലഭിക്കുന്നില്ല എന്നത് വിരോധാഭാസമായി തോന്നിയേക്കാം. ഈ പാശ്ചാത്തലം ദീർഘ വീക്ഷണത്തോടെയുള്ള ഒരു ശാസ്ത്രീയ ജല മാനേജ്മെന്റിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിക്കുന്നു. വിവിധ വാർഡുതല ഗ്രാമസഭകളിൽ നിന്നും ലഭിച്ച പ്രശ്ന സൂചനകളും പരിഹാര നിർദേശങ്ങളും പരിശോധിക്കുന്നത് ഈ അവസ്ഥയിൽ പ്രസക്തമാവുമെന്ന് തോന്നുന്നു. താഴെ ചേർത്ത പട്ടിക (6) ഇവയുടെ വിശദാംശങ്ങൾ നമുക്ക് നൽകുന്നു.

## പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും.

| വാർഡ് | പ്രശ്ന പ്രദേശ ങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|
| 1. | പൊന്തോട്ട് കുന്ന് പ്രദേശവും റെയിൽവേ ലൈനിന് കിഴക്കു ആഴം ഭാഗത്തെ പ്രദേശവും - 40 വീടുകൾ | (1) പൊന്തോട്ടുകുളം, വാല്യക്കണ്ടി താഴെ കുഴി എന്നിവ കൂട്ടി ശുദ്ധീകരിക്കുക. കുന്നിനു മുകളിൽ ടാങ്ക് നിർമ്മിക്കുക. (2) രണ്ടാം വാർഡിലൂടെ കടന്നു പോകുന്ന കനാൽ നീട്ടുക. (3) സ്വാമി മഠത്തിന് വടക്കു വശം പൊതുകിണർ നന്നാക്കുക (4) പൂങ്കുളത്തിന് സമീപം വെള്ളക്കെട്ട് ഒഴിവാക്കുക. ഇത് ചെറിയ കൈവഴികളിലൂടെ കുളത്തിലേക്ക് ഒഴുക്കി വിടണം. |
| 2. | പുതുക്കോട്ട് കുന്ന്, വാളാർക്കുന്ന്, മഠത്തിൽ കുന്ന്, പരത്തിക്കുന്ന്, വെള്ളാമ്പാട്ടു കോളനി പ്രദേശങ്ങൾ 250 കുടുംബങ്ങൾ | വാട്ടർ ടാങ്കുകൾ സ്ഥാപിച്ച് ടാപ്പ് കണക്ഷൻ നൽകൽ. (1) കിഴക്കു ഭാഗം - പുതുക്കോട്ടുകുന്ന് / വാളാർക്കുന്ന്. (2) പടിഞ്ഞാറു ഭാഗം - പരത്തിക്കുന്ന് മഠത്തിൽ കുന്ന്, കക്കാട്ട് കുളം, കൊളായി കുളം, പാറക്കണ്ടികുളം, കീഴ ത്തൂർ കുളം, വടക്കെ മഠത്തിൽ കുളം, അരീപരമ്പത്ത് കുളം, കേളൻകണ്ടി കുളം, കുന്നത്ത് കുളം എന്നീ സ്വകാര്യ കുള ങ്ങൾ പ്രയോജനപ്പെടുത്താം. |
| 3. | കുമ്മങ്കോട്ട് മല, തോരായിപുഴയുടെ തീരത്തുകൂടെ മയിലാടും പാറ വരെ പ്രദേശങ്ങൾ 200 കുടുംബങ്ങൾ | കുമ്മങ്കോട്ട് മലയിൽ ഒരു പമ്പിങ്ങ് സ്റ്റേഷൻ സ്ഥാപിച്ച് പൈപ്പ് കണക്ഷൻ നൽകുക. |
| 4. | തിരുവങ്ങൂർ കാപ്പാട് റോഡിനു തെക്ക് വെള്ളക്കെട്ടു നിറഞ്ഞ പ്രദേശവും പുഞ്ചവയൽ, അരങ്ങിൽ കോളനി പ്രദേശവും, കാപ്പാട് ബീച്ചിലും. | അരങ്ങിൽ കോളനി ഭാഗത്ത് പൊതുകിണറും പമ്പിങ്ങ് സ്റ്റേഷനും സ്ഥാപിക്കുക. |
| 5. | കുന്നോൽ ഭാഗത്തും പുഴയോര പ്രദേശത്തും | (1) മുത്താച്ചിക്കാവ് പദ്ധതി വാർഡിലേക്ക് കൂടി നീട്ടുക. (2) കണ്ണങ്കേരി ഭാഗത്തെ നമ്പ്യത്താൻ കുളം ശുദ്ധീകരിച്ച് ശുദ്ധ ജല വിതരണത്തിനായ പ്രയോജനപ്പെടുത്തുക. |
| 6. | പുഴയോരം, ചാത്തനാംകുനി കോളനി, റെയിൽവേഗേറ്റിന്റെ സമീപ ഭാഗങ്ങൾ, മണ്ണറത്താഴം, കുളങ്ങര പ്രദേശങ്ങൾ | (1 )മുത്താച്ചിക്കാവ് ശുദ്ധജല വിതരണ പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുക (2) കുളങ്ങര ഭാഗത്തേക്ക് കൂടി പൈപ്പ് ലൈൻ നീട്ടുക (3) റെയിൽവേ ഗേറ്റിനു സമീപം ഒരു പൊതു കിണർ സ്ഥാപിക്കുക. |

| വാർഡ് | പ്രശ്ന പ്രദേശങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|
| 7. | വാർഡിലെ 75% വീടുകളും കഠിന ജലമോ, ഉപ്പുകലർന്ന വെള്ളമോ ആണ്. | (1)വെങ്ങളം ഗേറ്റിന്ന് സമീപം പൊതുകിണർ ശുദ്ധീകരിക്കു (2.) മുകച്ചേരി, ചീനച്ചേരി, പാണവയൽ ഭാഗത്ത് പൊതു കിണറുകൾ സ്ഥാപിക്കുക. (3) വഴുതിനപ്പാടം പദ്ധതി വിപു ലീകരിക്കുക. (4.) ചീപ്പുകൾ തുലാവർഷ വേളയിൽ അടക്ക |
| 8. | 80% വീടുകളിലും ശുദ്ധജലം ലഭ്യമല്ല. കണ്ണങ്കടവ് അഴീക്കൽ | (1) മുത്താച്ചിക്കാവ് പദ്ധതി വാർഡിലേക്ക് കൂടി വ്യാപിപ്പിക്ക കക (2) മണന്തല ഭാഗത്ത് ഒരു കിണർ സ്ഥാപിക്കുക. (3) കണ്ണങ്കടവ് തെക്കെ പാലത്തിനടുത്ത് ഓരു വെള്ളം കയറു ത് തടയുക. (4) വെങ്ങളം സ്കീം വിപുലീകരിക്കുക. |
| 9 | മാപ്പുള്ള കണ്ടി ക്ഷേത്ര പരിസരം മുതൽ കൊളക്കാട് യു. പി. സ്കൂളിന് വശത്തുള്ള അയച്ചിറ കോളനി | (1)അയച്ചിറ കോളനി ഭാഗത്തെ ഓരു വെള്ളം കയറുന്നത് യാൻ ചീപ്പുസംവിധാനം ഏർപ്പെടുത്തുക. (2) കുഴൽ കിണ കൾ സ്ഥാപിക്കുക. (3) പൊതുകിണറുകൾ ഉപയോഗയോ മാക്കുക. |
| 10. | 90% വീടുകളിലും ശുദ്ധജലമില്ല | (1) മാപ്പിളകണ്ടിയുടെ മുൻവശം കാപ്പാട്-കണ്ണങ്കടവ് റോഡി വശങ്ങൾ, ശാന്തിനഗർ കോളനി എന്നിവിടങ്ങളിലെ മലിന ജ ഒഴുക്കിക്കളയാൻ സംവിധാനമുണ്ടാക്കുക. കാട്ടില പീടിക-ക്കുളം കേന്ദ്രീകരിച്ച് ഒരു ജല വിതരണപദ്ധതി ആരംഭിക്കു |
| 11. | യൂനിറോയലിന്റെ കിഴക്കുഭാഗം മുതൽ കോരപ്പുഴ കാവിൽ ക്ഷേത്രം വരെയുള്ള 55 വീടുകൾ. | (1 )പുഴയിൽ നിന്നും ഉപ്പുവെള്ളം കയറുന്നത് ചീപ്പുകെട്ടി യുക (2) മുത്താച്ചിക്കാവ് ശുദ്ധജല വിതരണ പദ്ധതി കോ പ്പുഴ വരെ നീട്ടുക. (3) പാറയുടെ മുകളിൽ ഒരു പമ്പിങ്ങ് ഷൻ സ്ഥാപിക്കുക. പാറക്കുളം ഇതിന് ഉപയോഗപ്പെടുത്ത |
| 12. | ലക്ഷം വീട്, ഏരൂൽ, തുവ്വക്കാട് പറമ്പ്, മണ്ണാർകണ്ടി ഭാഗത്തെ 100ഓളം വീടുകൾ | (1) എരഞ്ഞോളി ദേവിയമ്മ സൗജന്യമായി നൽകാ മെന്ന സ്ഥലത്ത് ഒരു കിണറും ടാങ്കും സ്ഥാപിക്കുക. (2) ലക്ഷം ട്ടിൽ ഇന്ന് നിലവിലുള്ള പൊതു കിണർ പുനർ നിർമ്മാ നടത്തുക. |

## വാർഡുകളിൽ നിന്നുള്ള പരിഹാര നിർദേശങ്ങൾ

പ്രാവർത്തികമാക്കുന്നതിന് വിവിധ രീതികളിലുള്ള വിഭവ സമാഹരണ സാധ്യതകളും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. പൊതുസ്വഭാവമുള്ള ഇത്തരം നിർദേശങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം.

1. പൊതു കിണറുകൾ, കുളങ്ങൾ എന്നിവ ശുദ്ധീകരിക്കുന്നതിനാവശ്യമായ മനുഷ്യാധ്വാനം. ഇത് തികച്ചും സേവന മാതൃകയിൽ ലഭ്യമാവുന്നു.

2. ശുദ്ധജല സഹകരണ സംഘങ്ങളുടെ രൂപീകരണം -ഇത്തരം സംഘങ്ങളിൽ ഷെയർ ഉടമകളായി പങ്കാളികളാവാൻ ആളുകൾ തയാറാണ്. ഉപഭോഗം ചെയ്യുന്ന ജലത്തിന് നികുതി ചുമത്താമെന്ന കാര്യവും Water sess– ഗ്രാമസഭകളിലൂടെ നിർദേശിക്കപ്പെട്ടിട്ടുണ്ട്.

3. പൊതുകിണർ ഇല്ലാത്ത സ്ഥലങ്ങളിൽ അവ കുഴിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി മിക്കവാറും വാർഡുകളിൽ ലഭ്യമാണ്.

4. ജലം ശുദ്ധീകരിക്കുന്നതിനായി മഴക്കാലത്തും, പകർച്ചവ്യാധി പടർന്നുപിടിക്കുന്ന കാലത്തും കിണറുകൾ ക്ലോറിനേറ്റ് ചെയ്യാനുള്ള ഉത്തരവാദിത്തം സന്നദ്ധസംഘടനകൾ ഏറ്റെടുക്കാൻ തയ്യാറാണ്. ഇക്കാര്യത്തിൽ വേണ്ട പരിശീലന നിർദേശങ്ങൾ യഥാവസരം നൽകേണ്ടതുണ്ട്.

പഞ്ചായത്തിലെ മൊത്തം ശുദ്ധജല വിനിയോഗവും, ഗ്രാമസഭാ നിർദേശങ്ങളും കണക്കിലെടുക്കുമ്പോൾ പൊതുവായി ചെയ്യേണ്ടുന്ന കാര്യങ്ങൾ രണ്ടായി തീർക്കാവുന്നതാണ് എന്ന് വരുന്നു. അവ

(1) അടിയന്തിര പ്രാധാന്യത്തോടെ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യേണ്ടവ.

(2) ദീർഘകാലാടിസ്ഥാനത്തിൽ ശാസ്ത്രീയമായി ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടവ. എന്നിവയാണ്.

ഇവകൂടി പരിഗണിക്കുന്നതോടെ പഞ്ചായത്തിലെ ശുദ്ധജല ലഭ്യത സംബന്ധിച്ച വിലയിരുത്തലുകൾ പൂർണ്ണമാവുമെന്ന് തോന്നുന്നു.

## പൊതു നിർദ്ദേശങ്ങൾ

**1. അടിയന്തിര പ്രാധാന്യത്തോടെ ചെയ്തുതീർക്കേണ്ടവ.**

1. സ്വാമി മഠത്തിന് വടക്കുവശം പൊതു കിണർ നന്നാക്കുക.

2. പൂക്കുളത്തിന് സമീപം വെള്ളക്കെട്ട് കുളത്തിലേക്ക് ഒഴുക്കി വിടുക.

3. രണ്ടാം വാർഡിലെ കുന്നുകൾ കേന്ദ്രീകരിച്ച് ജല സംഭരണികൾ സ്ഥാപിക്കുക.

4. കുഞ്ഞങ്കോട്ട് മലയിൽ ഒരു പമ്പിങ്ങ് സ്റ്റേഷൻ സ്ഥാപിക്കുക.

5. മുത്താച്ചിക്കാവ് പദ്ധതി വിപുലീകരിച്ച് 5, 6, 8 വാർഡുകളിലേക്ക് കൂടുതൽ ടേപ്പുകൾ അനുവദിക്കുക

6. വഴുതിനപ്പാടം പദ്ധതിയുടെ വിപുലീകരണ സാദ്ധ്യത ആരായുക.

7. ചീർപ്പുകൾ തുലാവർഷക്കാലം അടക്കാൻ ഏർപ്പാടുകൾ ഉണ്ടാക്കുക.

8. വെങ്ങളം ഗേറ്റിന് സമീപം പൊതുകിണർ വൃത്തിയാക്കുക.

9. കണ്ണംകടവ് തെക്കെപാലത്തിനരികെ ഓരു വെള്ളം കയറുന്നത് തടയുക.

10. അയച്ചിറ കോളനി ഭാഗത്ത് (വാർഡ് 1) ചീർപ്പു സംവിധാനം ഏർപ്പെടുത്തുക.

11. കാപ്പാട് കണ്ണംകടവ് റോഡിന്റെ വശങ്ങൾ ശാന്തി നഗർ കോളനി എന്നിവിടങ്ങളിലെ മലിന ജലം കെട്ടിക്കിടക്കുന്ന സാഹചര്യം ഒഴിവാക്കുക.

12. കൈപ്പുഴ കോളനി ഭാഗത്ത് ( വാർഡ് 11) പുഴയിൽ നിന്നും ഉപ്പു വെള്ളം കയറുന്നത് തടയുക.

13. ലക്ഷം വീട്ടിൽ നിലവിലുള്ള കിണർ പുനർ നിർമ്മാണം നടത്തുക.

14. ചീനച്ചേരിക്ക് വടക്ക് കിഴക്ക് മണലിക്കണ്ടി ഭാഗത്ത് ഓരു വെള്ളം കയറുന്നത് തടയാൻ ചിർപ്പുണ്ടാക്കുക. നൂറോളം കുടുംബങ്ങൾക്ക് ഇതുവഴി ശുദ്ധജലം ലഭിക്കും.

15 പത്താം വാർഡിൽ ഷെയ്ക്ക് മദ്രസ ഭാഗത്ത് ഓരു വെള്ളം കയറുന്നത് തടയാൻ ചീർപ്പു സംവിധാനം ഉണ്ടാക്കുക.

16. കൊളക്കാട് ഭാഗത്തെ കുളം ശുദ്ധീകരിച്ച് കുടിവെള്ളയോഗ്യമാക്കുക.

2. ശാസ്ത്രീയാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടവ.

1. ചീനച്ചേരി മുതൽ കപ്പക്കടവ് വരെ പുഴയോരങ്ങളിലെ ചകരി തല്ലിന് ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോജനം സ്വീകരിക്കുക. ചകിരി പൂഴ്ത്തൽ അഴീക്കൽ പാലം മുതൽ തെക്കോട്ടുള്ള ഭാഗത്ത് മാത്രമായി ക്രമീകരിക്കുക. മാക്കീൽ പാലത്തിന്റെ വടക്കു ഭാഗത്തും മാട്ടുമ്മൽ ഭാഗത്തും തടയിണ കെട്ടി പുഴയിലെ ജലം ശുദ്ധീകരിച്ച് വിതരണം നടത്തിയാൽ 7, 8, 10, 4 വാർഡുകളിലെ ശുദ്ധജലക്ഷാമത്തിന് ശാശ്വത പരിഹാരം ലഭിക്കുന്നതാണ്.

2. കാട്ടിലെ പീടികയ്ക്ക് കിഴക്കു ഭാഗമുള്ള പാറക്കുളം കേന്ദ്രീകരിച്ച് ഒരു പമ്പിങ്ങ് സ്റ്റേഷൻ സ്ഥാപിക്കുക. ഇത് 8ാം വാർഡിന്റെ കിഴക്കൻ ഭാഗങ്ങൾ 6, 7 വാർഡുകൾ എന്നിവ ശുദ്ധജല സമ്പന്നമാക്കാൻ സഹായിക്കും.

3. പൂക്കാട്ടങ്ങാടിക്കു കിഴക്ക് ' പാത്തികുളം ശുദ്ധീകരിച്ച് ഒരു ശുദ്ധജല വിതരപദ്ധതിക്ക് രൂപം നൽകുക. 2, 9, 5 വാർഡുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

4. കുമ്മങ്കോടു മലയിൽ വരൾച്ച അനുഭവപ്പെടുന്ന പ്രത്യേക സ്ഥലത്ത് (വരൾച്ച ബാധിത പ്രദേശമെന്ന് പഞ്ചായത്ത് പ്രഖ്യാപിച്ച സ്ഥലം) മഴവെള്ളം സംഭരിച്ചു നിർത്താൻ പദ്ധതി ആവിഷ്ക്കരിക്കുക. ഇത് മൂന്നാം വാർഡിലെ കുടി വെള്ള പ്രശ്നം പരിഹരിക്കും.


5. നിലവിലുള്ള പദ്ധതികൾ വിപുലീകരിക്കുക. പ്രവർത്തനം കാര്യക്ഷമമാക്കുക.

6. പഞ്ചായത്ത് തലത്തിൽ ഒരു ജനകീയ ശുദ്ധജല വിതരണ സഹകരണസംഘത്തിന് രൂപം നൽകുക.

7. പഞ്ചായത്തിലൂടെ കടന്നുപോവുന്ന കനാലിൽ എല്ലാ കാലത്തും എല്ലാ ഭാഗത്തും വെള്ളം എത്തുന്ന സാഹചര്യ സൃഷ്ടിക്കുക.

8. 8, 10, വാർഡുകളിലെ കടലോര മേഖലയിൽ ശുദ്ധ ജലമെത്തിക്കാൻ പദ്ധതിക്കു രൂപം കൊടുക്കുക.

ഇത്തരത്തിലുള്ള ചെറുകിട വൻകിട പദ്ധതികൾ ശാസ്ത്രീയമായി ആസൂത്രണം ചെയ്തു നടപ്പാക്കുകയാണെങ്കിൽ രണ്ടായിരമാണ്ടോടെ എല്ലാവർക്കും ശുദ്ധജലം എന്ന ലക്ഷ്യം കൈവരിക്കാവുമെന്ന് നമുക്ക് നിസ്സംശയം പറയാവുന്നതാണ്.



# ആരോഗ്യം

കേരളത്തിലെ മറ്റേതൊരു പ്രദേശത്തേയുമെന്ന പോലെ ചേമഞ്ചേരി പഞ്ചായത്തിലെ ആരോഗ്യ രംഗവും ഏറെക്കാലം മന്ത്രവാദം, ചരട് കെട്ടൽ, ജപിച്ചൂതൽ തുടങ്ങിയ പ്രാകൃത ചികിത്സാ രീതികളോടെ തന്നെ ആരംഭിക്കുന്നു. ഇവയോടൊപ്പം തന്നെ ആയുർവേദ പാരമ്പര്യ ചികിത്സാ രംഗവും വളരെ സജീവമായിരുന്നതായി കാണുന്നു. മറ്റു പ്രദേശങ്ങളിൽ നിന്നുപോലും ആളുകൾ ചികിത്സ തേടി ഇവിടെയെത്തിയിരുന്നു. പഴയ കാല ഭിഷഗ്വരന്മാരിൽ പൂക്കാട്ടിൽ ചെക്കിണി വൈദ്യർ, ഹുസ്സൻ വൈദ്യർ കാപ്പാട്, കാപ്പാട് കോയമുട്ടി വൈദ്യർ, കോയിക്കൽ മൊയ്തു വൈദ്യർ, പൂക്കാട്ടിൽ എരിവൈദ്യർ, പൂക്കാട്ടിൽ കോരൻ വൈദ്യർ, കണ്ണിനു പ്രത്യേക ചികിത്സപോലും നടത്തിയിരുന്ന കല്ലോപുറത്ത് ചാത്തുവൈദ്യർ എന്നിവർ പ്രാതഃസ്മരണീയരാണ്. വിഷ വൈദ്യത്തിൽ പേരുകേട്ട പേരൂളി ശങ്കരക്കുറുപ്പ്, മേക്കോന പെരിയ ഉണ്ണിക്കുറുപ്പ് തുടങ്ങിയവരും പേരറിയാത്ത ചില നാട്ടു ചികിത്സകന്മാരും നമ്മുടെ പ്രാചീന ചികിത്സാരംഗങ്ങളെ സമ്പന്നമാക്കുന്നു.

ചേമഞ്ചേരി പഞ്ചായത്ത് ബോർഡ് നിലവിൽ വരുന്നതിനു മുമ്പുതന്നെ ഏതാണ്ട് 1960 കളോടെ ആധുനിക ചികിത്സാ പദ്ധതികൾ നമ്മുടെ ഗ്രാമത്തിലുമെത്തിയതായി കാണാം. അലോപ്പതി ചികിത്സാരംഗത്ത് പെരിയാലത്ത് പെരച്ചക്കുട്ടി കമ്പൗണ്ടറുടെ പേര് ഒന്നാമതായി അനുസ്മരിക്കപ്പെടുന്നു. പിന്നീടങ്ങോട്ട് ഡോക്ടർ പരമേശ്വരൻ നമ്പൂതിരി തുടങ്ങി ഒരുപാട് ബിരുദധാരികളായ ആധുനിക ചികിത്സകർ നമ്മുടെ ഗ്രാമത്തിൽ പല ഘട്ടങ്ങളിലായി സേവനം നടത്തി വന്നതായി കാണാം. ഏക സർക്കാർ ആശുപത്രിയായ തിരുവങ്ങൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം സ്ഥാപിതമാവുന്നത്       വർഷത്തിലാണ്

ഇത്രയൊക്കെ സജീവമായ ഒരു ആരോഗ്യ ചികിത്സാരംഗം ഉണ്ടായിരുന്നിട്ടു കൂടി ഹോമിയോ പ്രകൃതി, യുനാനി തുടങ്ങിയ ചികിത്സാരീതികൾ നമ്മുടെ ഗ്രാമത്തിൽ വളരെ നേരത്തെ എത്തിയിരുന്നു. ഇത്തരം ചികിത്സാ രീതികളിൽ ജനങ്ങൾക്ക് വിശ്വാസം വന്നു തുടങ്ങിയതും ഈയടുത്ത കാലം മുതല്ക്കാണ്. താഴെ ചേർത്ത പട്ടിക നമ്മുടെ പഞ്ചായത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളുടെ വിന്യാസം വിശദമാക്കുന്നു.

പട്ടിക (1)

| നമ്പർ | വിഭാഗം | സ്ഥാപനത്തിന്റെ പേര് | എണ്ണം |
|---|---|---|---|
| 1 | അലോപ്പതി | 1. തിരുവങ്ങൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം. | 3 |
| | | 2 കാപ്പാട് ആശുപത്രി | |
| | | 3. പി. പി.ടി മെമ്മോറിയൽ ആശുപത്രി കാപ്പാട്. | |
| 2 | ആയുർവ്വേദം | ഉണ്ട് | ഇല്ല |
| 3 | ഹോമിയോ | ഉണ്ട് | ഇല്ല |
| 4. | പാരമ്പര്യ ചികിത്സ | ഉണ്ട് | ഇല്ല |
| 5. | യുനാനി | – | ഇല്ല |
| 6. | കളരി മർമ്മ | ഉണ്ട് | ഇല്ല |

എന്നാൽ വിവിധ ഭാഗങ്ങളിൽ ചികിത്സ നടത്തുന്ന ഒട്ടേറെ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയെ ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്നവ, ഒരു ദിവസം മാത്രം പ്രവർത്തിക്കുന്നവ എന്ന് തരംതിരിക്കാവുന്നതാണ്. താഴെ ചേർത്ത പട്ടികകൾ നമ്മുടെ ഗ്രാമത്തിലെ വിവിധ ചികിത്സാ സ്ഥാപന്ങ്ങളെ പരിചയപ്പെടുത്താനുപകരിക്കും.

പട്ടിക (2)

## ആരോഗ്യസ്ഥാപനങ്ങൾ

*അലോപ്പതി രംഗം*

| പേര് | ഒരു ദിവസം എത്തിപ്പെടുന്ന ശരാശരി രോഗികൾ | ദിവസം ശരാശരി മരുന്ന് വില്പന | ഡോക്ടർമാർ | നഴ്സുമാർ പാരാമെഡിക്കൽസ് |
|---|---|---|---|---|
| അപർണ്ണക്ലിനിക്ക് പൂക്കാട് | 13 | 300 | 1 | 1 |
| ശ്രീനാരായണ ക്ലിനിക്ക് പൂക്കാട് | 22 | 600 | 1 | 2 |
| ജനതാ ക്ലിനിക്ക്, പൂക്കാട് | 25 | 600 | 1 | 1 |
| ശിഫാ ക്ലിനിക്ക്, കാട്ടിലപീടിക | 10 | 250 | 1 | |
| തിരുവങ്ങൂർ പ്രാഥമികാരോഗ്യകേന്ദ്രം | 150 | | 2 | 34 |
| കാപ്പാട് ഹോസ്പിറ്റൽ | 80 | 1000 | 1 | 8 |
| P.D.T.M ആശുപത്രി, കാപ്പാട് | 25 | 750 | 1 | 4 |
| ആകെ | 325 | 3500 | 8 | 50 |

## പട്ടിക (3)

### *ആയുർവ്വേദ രംഗം*

| പേര് | ഒരു ദിവസം എത്തിപ്പെടുന്ന ശരാശരി രോഗികൾ | ദിവസം ശരാശരി മരുന്ന് വില്പന | ഡോക്ടർമാർ | നഴ്സുമാർ പാരാമെഡിക്കൽസ് |
|---|---|---|---|---|
| കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസി പൂക്കാട് | 5 | 300 | 1 | |
| കോട്ടക്കൽ ആര്യവൈദ്യശാല, പൂക്കാട് | 6 | 1000 | 1 | |
| പി. കെ ആയുർവ്വേദിക്ക് ഫാർമസ്യൂട്ടിക്കൽസ് | | 100 | | |
| നാഗാർജ്ജുന ഏജൻസി, തിരുവങ്ങൂർ | 5 | 400 | 1 | |
| ജെസ്സി നാഗാർജ്ജുന ഏജൻസി കാപ്പാട് | 3 | 200 | 1 | |
| ദേശീം ആയുർവ്വേദ ഫാർമസി, കാപ്പാട് | 5 | 400 | 1 | |
| ചന്തപ്പൻ സ്മാരക വൈദ്യശാല വെങ്ങളം | 20 | 500 | 1 | |
| ആകെ | 44 | 2900 | 6 | |

## പട്ടിക (4)

### *ഹോമിയോ*

| പേര് | ഒരു ദിവസം എത്തിപ്പെടുന്ന ശരാശരി രോഗികൾ | ദിവസം ശരാശരി മരുന്ന് വില്പന | ഡോക്ടർമാർ | നഴ്സുമാർ പാരാമെഡിക്കൽസ് |
|---|---|---|---|---|
| K.C ഗംഗാധരൻ നായരുടെ ക്ലിനിക്ക്, പൂക്കാട്. | 25 | ലഭ്യമല്ല | 1 | |
| പാലക്കൽ ക്ലിനിക്ക്, പൂക്കാട് | 20 | ലഭ്യമല്ല | 1 | 1 |
| അമൃത ഹോമിയോപ്പതിക് സെന്റർ, കാട്ടിലെപീടിക. | 20 | 200 | 1 | |
| സിതാ മെഡിക്കോ കാട്ടിലെപീടിക. | 10 | ലഭ്യമല്ല | 1 | |
| ആകെ | 75 | | 4 | 1 |

വിവിധ ചികിത്സാരംഗത്ത മരുന്ന് വില്പന നടത്തുന്ന മെഡിക്കൽ ഷാപ്പുകളും നിരവധിയുണ്ട്.

## പട്ടിക (5)

### ഔഷധ വില്പന കേന്ദ്രങ്ങൾ

| പേര് | വിഭാഗം | ദിവസം ശരാശരി വില്പന |
|---|---|---|
| പൂക്കാട് മെഡിക്കൽസ്, പൂക്കാട് | അലോപ്പതി | 750.00 |
| G.N Medicals തിരുവങ്ങൂർ | അലോപ്പതി | 1500.00 |
| Rose Medicals – തിരുവങ്ങൂർ | അലോപ്പതി | 2000.00 |
| Kathilapeedika Medocals | അലോപ്പതി | 1300 |
| Ayrveda Vilasm aushadhasala, പൂക്കാട് | ആയുർവ്വേദം | 50.00 |
| Sree Narayana Ayurveda Vaidyasala, പൂക്കാട് | ആയുർവ്വേദം | 50.00 |
| ചന്ദ്രിക ആയുർവ്വേദ ഫാർമസി, തിരുവങ്ങൂർ | ആയുർവ്വേദം | 200.00 |
| N.S ആയുർവ്വേദ ഫാർമസി, കാട്ടിലപീടിക | ആയുർവ്വേദം | 200.00 |
| ആകെ | | 6050 |

ഇവകൂടാതെ ഗൃഹ കേന്ദ്രങ്ങളായി കോരപ്പുഴയിൽ പ്രവർത്തിക്കുന്ന കളരി ചികിത്സാ കേന്ദ്രം പൂക്കാട്ടിലെ വിഷ ചികിത്സാ കേന്ദ്രം എന്നിവയും സെൻ ലൈഫ് പ്രകൃതി ജീവന സമിതി പൂക്കാട്ടും വിവിധ മേഖലകളിലായി ചെലവഴിക്കപ്പെടുന്ന മരുന്നുകളുടെ തുക കൂടിയാകുമ്പോൾ ആരോഗ്യരംഗത്തെ ഏകദേശ ധാരണ നമുക്ക് ലഭിക്കുന്നു.

## പട്ടിക (6)

### ഔഷധ ഉപഭോഗം

| നമ്പർ | വിഭാഗം | ശരാശരി ഔഷധ ഉപഭോഗം ഒരു ദിവസം | 30% വർദ്ധനവ് കണക്കാക്കിയാൽ ഉപഭോഗം. |
|---|---|---|---|
| 1 | അലോപ്പതി | 8,550.00 | 11115 |
| 2 | ആയർവ്വേദം | 3,400.00 | 4420 |
| 3 | ഹോമിയോ | ലഭ്യമല്ല | |
| | ആകെ | 11,950.00 | 15535 |

നമ്മുടെ പഞ്ചായത്തിൽ വിവിധ വിഭാഗങ്ങളിൽ സേവനം നടത്തുന്ന സ്വകാര്യ സർക്കാർ മേഖലകളിലായി ആരോഗ്യ പ്രവർത്തകരെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | അലോപ്പതി ഡോക്ടർമാർ | 8 |
| 2. | ആയുർവ്വേദ ഡോക്ടർമാർ | 4 |
| 3. | ആയുർവേദ വൈദ്യന്മാർ | 6 |
| 4. | നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് – അലോപ്പതി | 42 |
| 5. | ഹോമിയോ ഡോക്ടർമാർ | 2 |
| 6. | ഹോമിയോ പ്രാക്ടീഷണർമാർ | 2 |

പഞ്ചായത്തിനു വെളിയിൽ സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലും സേവനം നടത്തുന്നവർ

| | |
|---|---|
| ആയുർവ്വേദ ഡോക്ടർമാർ | ഇല്ല |
| അലോപ്പതി ഡോക്ടർമാർ | 3 |
| ഹോമിയോ | ഇല്ല |
| നഴ്സുമാർ, പാരാമെഡിക്കൽ വിഭാഗം. | 7 |

നിലവിലുള്ള ആരോഗ്യ സ്ഥിതിയെക്കുറിച്ചുള്ള ഈ സ്ഥിതി വിവരങ്ങൾ താഴെ ചേർത്ത നിഗമനങ്ങളിലെത്താൻ നമ്മെ പ്രേരിപ്പിക്കുന്നതായി കാണാം.

1. മിക്കവാറും ആരോഗ്യ കേന്ദ്രങ്ങൾ പൂക്കാട്, തിരുവങ്ങൂർ കേന്ദ്രീകരിച്ചിരിക്കുന്നു. പഞ്ചായത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ ആരോഗ്യ സ്ഥാപനങ്ങൾ കുറവാണ്.

2. ശരാശരി 3400 രൂപയ്ക്കുള്ള ആയുർവ്വേദ ഔഷധങ്ങളും നല്ലൊരു തുകയുടെ ഹോമിയോ മരുന്നുകളും ദിവസേന ചിലവഴിക്കാപ്പെടുന്നുവെങ്കിലും സർക്കാർ മേഖലയിൽ ഇത്തരം സ്ഥാപനങ്ങൾ പഞ്ചായത്തിലില്ല.

3.പാരമ്പര്യ, നാട്ടുചികിത്സ കേന്ദ്രങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല.

4. ചികിത്സാ രംഗത്ത് ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്നത് അലോപ്പതി രംഗത്തെ ആരോഗ്യ സ്ഥാപനങ്ങളെയാണ്.

5. പ്രതിശീർഷ വരുമാനത്തിന്റെ നല്ലൊരു പങ്കും ചികിത്സയ്ക്ക് വേണ്ടി ചെലവു ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ അമിത ഔഷധ ഉപഭോഗം കുറയ്ക്കാനാവും വിധം ശരിയായ ജീവിത ക്രമങ്ങളെ കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾക്ക് ഊന്നൽ നൽകേണ്ടതുണ്ട്.

## പട്ടിക (7)

### *തിരുവങ്ങൂർ പ്രാഥമികാരോഗ്യകേന്ദ്രം*

കെട്ടിട സൗകര്യം : ശരാശരി

ഡോക്ടർ : 2
സ്റ്റാഫ് നേഴ്സ് : 1
JPHN : 1 Field 12
Sr. H I : 4
Jr H I : 5
LHS : 1
LH1 : 4
Pharmacist : 1
Technician : 1
Refractionist : 1
Nursing Asst : 1
Attender : 1
Part time : 1

Head clerk : 1
Computer clerk : 1
UD Clerk : 1
L D Clerk : 1
Peon : 1
Driver : 1
LEPROSY INSP : 1

Area : ചേമഞ്ചേരി ചെങ്ങോട്ട് കാവ് കൊയിലാണ്ടി മുനിസിപ്പാലിറ്റി
ശരാശരി രോഗികൾ - ദിവസം 150
കിടക്കകൾ : 12
ഓപ്പറേഷൻ തിയേറ്റർ : 1 1
വാഹനം : 1
പഞ്ചായത്തിന്റെ സബ്സെന്റർ : 2 - (1) കൊളക്കാട് (2) കാപ്പാട്
ഔഷധ ലഭ്യത : തൃപ്തികരം (തീരദേശ ആരോഗ്യ പദ്ധതിയിലൂടെയും DMO ഓഫീസിലൂടെയും ലഭ്യമാവുന്നു. )

## പട്ടിക (8)

### *ജനനം, മരണം, ചാപിള്ള നിരക്ക്*

| നം | വർഷം | ജനനം | മരണം | ചാപിള്ള |
|---|---|---|---|---|
| 1 | 1993-94 | 369 | 33 | - |
| 2 | 1994-95 | 328 | 55 | 5 |
| 3 | 199596 | 327 | 59 | 2 |

## പട്ടിക (9)

### പകർച്ചവ്യാധികൾ

| വർഷം | ജലജന്യം | വായുജന്യം | പ്രാണിജന്യം |
|---|---|---|---|
| 93-94 | 562 | 62 | 20 |
| 94-95 | 541 | 43 | 8 |
| 95-96 | 584 | 55 | 19 |

## പട്ടിക 10

### മറ്റ് ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ചവ

| വർഷം | IP | OP | ത്വക് രോഗങ്ങൾ | വാതരോഗം | പകർച്ചവ്യാധി | വിഷ ചികിത്സ | മറ്റുള്ള രോഗങ്ങൾ |
|---|---|---|---|---|---|---|---|
| 92-93 | 992 | 42227 | 2119 | 725 | 698 | - | 38685 |
| 93-94 | 964 | 38749 | 3300 | 450 | 3719 | - | 29168 |
| 94-95 | 713 | 33515 | 2108 | 538 | 1846 | - | 29023 |
| 95-96 | 474 | 32840 | 1016 | 424 | 2008 | - | 29392 |
| | 3143 | 147331 | 8543 | 2137 | 8271 | - | 126718 |

## പട്ടിക (11)

### കുടുംബാസൂത്രണ മാർഗ്ഗങ്ങൾ 1995-96

| | | | |
|---|---|---|---|
| വന്ധ്യംകരണം | 126 | നിരോധ് വിതരണം | 36314 |
| Copper T നിക്ഷേപം | 151 | ഗുളികകൾ വിതരണം. | 2382 |

(1996 മാർച്ച് 31 വരെയുള്ള കണക്കുകളാണിവ അവലംബം PHC രേഖകൾ )

തിരുവങ്ങൂർ പ്രാഥമികാ ആരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭ്യമായ മറ്റു ചില വിവരങ്ങൾ

***1. സ്ഥായിയായ രോഗബാധിതർ (ഒരു വർഷത്തിൽ)***

a. രക്തസമ്മർദ്ദം 25
b. പ്രമേഹം 10
c. കാൻസർ 13
d. കുഷ്ഠം 7
e. ക്ഷയം 4
f. ഹൃദ്രോഗം 15

***2. കുട്ടികൾ***

ഒരു വയസ്സിനു താഴെ എണ്ണം 597
പ്രതിരോധ കുത്തിവെപ്പിന് വിധേയരായവർ 589

***3. ഗർഭിണികൾ***

ആകെ എണ്ണം 617

***4. അംഗ വൈകല്യമുള്ളവർ***

| | |
|---|---|
| a. അന്ധർ | 2 |
| b. ബധിരർ | 3 |
| c. മൂകർ | 2 |
| d. ബധിരമൂകർ | 6 |
| e. ചലനവൈകല്യമുള്ളവർ | 11 |

***5. അമ്മമാർ***

| | |
|---|---|
| ആകെ എണ്ണം | 3137 |
| കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ചവർ | 2522 |
| ആശുപത്രിയിൽ നടന്ന പ്രസവങ്ങൾ | 577 (തിരുവങ്ങൂർ PHC) |

***വീട്ടു പ്രസവങ്ങൾ***

മേൽ വിവരിച്ച സ്ഥിതി വിവരകണക്കുകൾ തിരുവങ്ങൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ റിപ്പോർട്ടു ചെയ്യപ്പെട്ട കേസുകളുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കിയത്. എന്നാൽ പഞ്ചായത്തിലെ മൊത്തം ആരോഗ്യ സേവനരംഗത്തിൽ ഏതാണ്ട് 50% പേർ മാത്രമാണ് പ്രഥമിക ആരോഗ്യ കേന്ദ്രവുമായി ബന്ധപ്പെടുന്നത്. എന്ന് കാണാം. അങ്ങനെ വരുമ്പോൾ രോഗാവസ്ഥ സംബന്ധിച്ച വിവരങ്ങളിൽ 50% ത്തിന്റെ വർദ്ധനവ് ഏതാണ്ട് യഥാർത്ഥ ചിത്രം നല്കുന്നു എന്ന് കാണാം.

***രോഗാവസ്ഥ***

പഞ്ചായത്തിലെ ഭിഷഗ്വരന്മാരിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് ഓരോ വർഷവും ശരാശരി 55 വായു ജന്യ രോഗങ്ങളും 58 ജലജന്യ രോഗങ്ങളും 19 പ്രാണിജന്യ രോഗങ്ങളും ഉണ്ടാവുന്നതായി കണക്കാക്കപ്പെടുന്നു. ടൈഫോയ്ഡ്, ഡയേറിയ, ഗാസ്ട്രോ എന്ററൈറ്റിസ്, മഞ്ഞപ്പിത്തം തുടങ്ങിയ ജലജന്യരോഗങ്ങൾ ഇവിടെ കണ്ടുവരുന്നു. ഇതോടൊപ്പം മാസത്തിൽ ഒന്ന് എന്ന തോതിൽ വീൽസ് അസുഖവും റിപ്പോർട്ടു ചെയ്യപ്പെട്ടിണ്ട്. തീരപ്രദേശത്ത്, പ്രത്യേകിച്ചും കുട്ടികളിൽ കണ്ടുവരുന്ന പ്രധാനപ്പെട്ട മറ്റൊരു അസുഖമാണ് 'സ്കാബീസ്' എന്ന പേരിലറിയപ്പെടുന്ന ചൊറി. സാധാരണ ക്ഷയരോഗവും പതിനായിരത്തിലൊരാൾക്ക് മാത്രം പിടിപെടാറുള്ള തൊലിപ്പുറത്തുണ്ടാവുന്ന ' സ്കിൻ ടി. ബി യും ഇവിടെ റിപ്പോർട്ട് ചെയ്യപ്പെട്ടിണ്ട്. ശ്വാസകോശ സംബന്ധ മായ ആസ്തമ, നല്ലൊരളവ് കുട്ടികളിലും മുതിർന്നവരിലും കണ്ടുവരുന്നു. എന്നാൽ ഗുണേറിയ, സിഫിലിസ്, തുടങ്ങിയ ലൈംഗിംക രോഗങ്ങൾ ഇവിടെ തുലോം കുറവാണ്. എയ്ഡ്സ് രോഗബാധിതരായി ആരും തന്നെ നമ്മുടെ പഞ്ചായത്തിലുള്ളതായി ഇതുവരെ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. മനോരോഗ ചികിത്സകരുടെ കീഴിൽ ചികിത്സയിൽ കഴിയുന്ന മനോരോഗിളുടെ എണ്ണം കഴിഞ്ഞ കുറെ വർഷത്തിനിടെ വർദ്ധിച്ചു വരുന്നതായാണ് സൂചനകൾ ലഭിച്ചിരിക്കുന്നത്. സർക്കാരിൽ നിന്നും പെൻഷൻ തുക പറ്റുന്ന 13 കാൻസർ രോഗികൾ ഇവിടെയുണ്ട്.

രോഗാതുരരെ സംബന്ധിച്ച ഈ തിരിച്ചറിവ് ചില ഗൗരവതരമായ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിന്ന് നമ്മെ പ്രേരിപ്പിക്കുന്നതായി കാണാം. അവയേതെല്ലാംമെന്ന് പരിശോധിച്ചു നോക്കാം.

### *1. പരിസര ശുചിത്വം*

നമ്മുടെ ഗ്രാമത്തിൽ കൂടുതലായി കണ്ടുവരുന്ന മിക്കരോഗങ്ങളുടേയും ഹേതു അനാരോഗ്യകരമായ ചുറ്റുപാടാണ് എന്ന് കാണാം. ആളുകൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശങ്ങൾ, കോളനികൾ തുടങ്ങിയ സ്ഥലങ്ങളിലാണ് പരിസര ശുചിത്വത്തിന്റെ അഭാവം വല്ലാതെ രൂക്ഷമായിരിക്കുന്നത്. കിണറും കക്കൂസും തമ്മിൽ വേണ്ടത്ര അകലമില്ലാതിരിക്കൽ, ഓടകളിലും, ചാലുകളിലും, കെട്ടിക്കിടക്കുന്ന മലിനജലം, പുകയുന്ന അടുക്കള, തിരുവങ്ങൂർ വെങ്ങളം ഭാഗത്ത് യൂണിറോയൽ കമ്പനിയിൽ നിന്ന് വരുന്ന മലിനജലം. ശവസംസ്കാരത്തിന്റ പ്രാകൃത രീതികൾ, അറവുശാലകളിലെ അവശിഷ്ടം, സംസ്ക്കരിക്കാതിരിക്കൽ അങ്ങാടികളിലെ ശുചിത്വമില്ലാത്ത മത്സ്യമാർക്കറ്റ്. എന്നിവ പരിസര ശുചിത്വം ഇല്ലായ്മ ചെയ്യുന്ന പ്രധാന ഘടകങ്ങളാണ്. യന്ത്രവൽകൃതമായ വൻ വ്യവസായശാലകളൊന്നും ഇല്ലാത്തതിനാൽ വായുമലിനീകരണവും ശബ്ദമലിനീകരണവും വളരെ കുറവാണ്. മിക്കവാറും വീടുകളിൽ കക്കൂസില്ലാത്തത് കാരണം ജലമലിനീകരണത്തോത് മിക്ക സ്ഥലങ്ങളിലും വിശിഷ്യ കടലോരത്ത് രൂക്ഷമാണ്. പരിസര ശുചിത്വം അവഗണിച്ച് വിവിധ വാർഡുകളിൽ നിന്നും ഉന്നയിച്ച പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും ക്രോഡീകരിച്ച് താഴെ കൊടുക്കുന്നു.

1. പ്രധാനപ്പെട്ട അങ്ങാടികളിൽ പൊതു മൂത്രപ്പുര, കക്കൂസ് എന്നിവ സ്ഥാപിക്കുക. ഇത് 'Pay and use' രീതിയിലാവുന്നത് നന്നാവും.

2. ഓടകൾ, അങ്ങാടികൾ എന്നിവ അടിച്ചുവാരി വൃത്തിയാക്കാനുള്ള സംവിധാനം കാര്യക്ഷമമാക്കുക.

3. 'യൂനിറോയൽ കമ്പനി' യിൽ നിന്നു പുറത്ത് വിടുന്ന മലിനജലം ശുദ്ധീകരച്ച ശേഷം പുഴയിലേക്ക് തിരിച്ച് വിടുക.

4. ഇത്തിൾച്ചൂളകൾ ശാസ്ത്രീയമായി പരിഷ്ക്കരിക്കുക.

5. പ്രധാനപ്പെട്ട അങ്ങാടികളിൽ നിലവിലുള്ള മത്സ്യമാർക്കറ്റ് വൃത്തിയായി സൂക്ഷിക്കാൻ ഏർപ്പാടുകളുണ്ടാക്കുക.

6. അറവുശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കാൻ (കാപ്പാട്, കാട്ടിലപ്പീടിക, പൂക്കാട് എന്നിവിടങ്ങളിൽ) സംവിധാനമുണ്ടാക്കുക.

7. ജല മലിനീകരണത്തോത് കുറയ്ക്കുന്നതിന്ന് കോളനികളിൽ ഫ്ളഷ് ഔട്ട് കക്കൂസുകളും, കുളിപ്പുരയും സ്ഥാപിക്കുക.

8. സഹകരണാടിസ്ഥാനത്തിൽ കമ്പോസ്റ്റ് കുഴികൾ സ്ഥാപിക്കാൻ സഹായം നല്കുക.

### *2 കക്കൂസ്*

2000 മാണ്ടോടെ എല്ലാ വീടുകളിലും കക്കൂസ് എന്ന ലക്ഷ്യം മുന്നിൽ കണ്ട് പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്. നമ്മുടെ പഞ്ചായത്തിലെ നല്ലൊരു ശതമാനം വീടുകളിലും കക്കൂസ് ഇല്ല. കക്കൂസ് സംബന്ധമായി വിവിധ വാർഡുകളിൽ നിന്നും ലഭിച്ച കണക്കുകൾ താഴെ ചേർക്കുന്നു.

96

## പട്ടിക (12)

### കക്കൂസ്

| വാർഡ് | കക്കൂസില്ലാത്ത വീടുകൾ /ശതമാനം | വാർഡ് | കക്കൂസില്ലാത്ത വീടുകൾ /ശതമാനം |
|---|---|---|---|
| 1 | 15% | 2 | 35% |
| 3 | 36% | 4 | 20% |
| 5 | 46% | 6 | 30% |
| 7 | 60% | 8 | 50% |
| 9 | 25% | 10 | 50% |
| 11 | 25% | 12 | 50% |

നമ്മുടെ പഞ്ചായത്തിൽ ജലജന്യ, വായുജന്യ രോഗങ്ങൾ വർദ്ധിക്കുന്നതിന്റെ ഒരു മുഖ്യകാരണം ഭൂരിഭാഗം വീടുകളിലും കക്കൂസില്ലാത്തതാണ്. മഴക്കാലത്ത് ധാരാളമായി കണ്ടുവരുന്ന വയറിളക്കരോഗങ്ങളുടെ പ്രധാന ഹേതുവും ഇതുതന്നെ. പ്രശ്നപരിഹാരത്തിനായി നിർദ്ദേശിക്കപ്പെട്ട കാര്യങ്ങൾ താഴെ ചേർക്കുന്നു.

1. നിലവിലുള്ള പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തി കക്കൂസ് നിർമ്മാണം ത്വരിതഗതിയിലാക്കുക.

2. കാപ്പാട് ബീച്ച് റിസോർട്ട്, ചേരമൻ റിസോർട്ട്സ് എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് Clean Kappad എന്ന പദ്ധതിയിൽ തുവ്വപ്പാറ മുതൽ കപ്പക്കടവ് വരെ കക്കൂസ് സ്ഥാപിച്ചുകൊടുക്കാൻ ഒരു പദ്ധതിക്ക് രൂപം നല്കുക.

3. ജനവാസം കൂടുതലായുള്ള സ്ഥലങ്ങളിൽ പൊതു ടാങ്കോടുകൂടിയ കക്കൂസുകൾ സ്ഥാപിക്കുക.

### *3. ബോധവൽക്കരണ പരിപാടികൾ*

ആരോഗ്യരംഗത്തെ പ്രശ്നങ്ങളെക്കുറിച്ചും, ആനുകാലികമായുണ്ടാവുന്ന രോഗങ്ങളെക്കുറിച്ചും സ്ഥിരമായ ഒരു ബോധവത്കരണ പരിപാടിയുടെ ശൃംഖലാ പദ്ധതി ആവശ്യമാണ്. പ്രാഥമികാരോഗ്യ കേന്ദ്രം, മറ്റ് സ്വാകാര്യ ആശുപത്രികൾ എന്നിയെ ഇതിൽ സഹകരിപ്പിക്കുക. സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ ഗ്രാമസദസ്സുകളായി ഇവ പരിവർത്തിപ്പിക്കാവുന്നതാണ്. ഇത്തരം പരിപാടികളുടെ അഭാവവും ഹെൽത്ത് വർക്കർമാരുടെ കാര്യക്ഷമമായ ഇടപെടലിന്റെ കുറവും നമ്മുടെ ആരോഗ്യരംഗത്തെ നന്നായി ബാധിച്ചിട്ടുണ്ട്. ശരിയായ ആരോഗ്യം, ശരിയായ ഭക്ഷണത്തെയും, ശരിയായ വിശ്രമത്തെയും . ശരിയായ വ്യായാമത്തെയും ആശ്രയിച്ചിരിക്കുന്നു എന്നത് അനുഭവങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഒപ്പം മദ്യം, മയക്കുമരുന്ന്, പുകവലി, മുതലായവയ്ക്ക് എതിരെയുള്ള പ്രചാരണ പരിപാടികളും ശരിയായ ഒരു ആരോഗ്യരംഗത്തെ വളർത്താൻ ഉപകരിക്കുന്നവയാണ്. മുഴുവൻ സന്നദ്ധ സാംസ്ക്കാരിക സംഘടനകളെയും പങ്കെടുപ്പിച്ച് കൊണ്ട് നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യം സംബന്ധിച്ച ഒരു സമഗ്ര ആരോഗ്യ സർവ്വെ സംഘടിപ്പിക്കാനും വിവിധ വാർഡുകളിൽ നിന്നും നിർദ്ദേശം വന്നിട്ടുണ്ട്. ഇതു വഴി ഓരോ പൗരനും ഒരു ' ഹെൽത്ത് കാർഡ് ' എന്ന രീതി നമുക്ക് സ്വായത്തമാക്കാൻ കഴിയും.

97

**4. പ്രാഥമികാരോഗ്യകേന്ദ്രം - പ്രവർത്തനം.**

സർക്കാർ ആരോഗ്യ കേന്ദ്രമായ തിരുവങ്ങൂർ ആശുപത്രി പ്രവർത്തനം വേണ്ടത്ര കുറ്റമറ്റതല്ല. ആവശ്യത്തിന് മരുന്ന് ഇവിടെ നിന്നും ലഭിക്കുന്നില്ല എന്ന പരാതിയുണ്ട്. ആശുപത്രി സൗകര്യങ്ങളും കുറവാണ്. ഇതിന്റെ കീഴിലുള്ള സബ്സെന്ററുകളുടെ പ്രവർത്തനവും കാര്യക്ഷമമാക്കണമെന്ന നിർദ്ദേശവും ഗ്രാമസഭകളിലൂടെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ Specialist ഡോക്ടർമാരുടെ സേവനം ഗൈനക്കോളജിസ്റ്റ്, ചൈൽഡ് സ്പെഷലിസ്റ്റ്, കണ്ണ് സ്പെഷലിസ്റ്റ് കൂടി ഇവിടെ ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്നു വിവിധ വാർഡുകളിൽ നിന്നും ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

ഇത്തരത്തിൽ നമ്മുടെ പഞ്ചായത്തിലെ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് സജീവമായ നിർദ്ദേശങ്ങൾ ഗ്രാമസഭകളിലൂടെ ഉയർന്നു വന്നിട്ടുണ്ട്. പൊതുവെ രോഗാതുരത കുറഞ്ഞ ഒരു പഞ്ചായത്ത് എന്ന നിലയിൽ ആരോഗ്യ രംഗത്തെ ഗ്രാമസഭാ നിർദ്ദേശങ്ങളെ ഇങ്ങനെ സമാഹരിക്കാമെന്ന് തോന്നുന്നു.

***പൊതുനിർദ്ദേശങ്ങൾ***

1. ഒരു സമഗ്രാരോഗ്യ സർവ്വെ നടത്തി ഹെൽത്ത് കാർഡുകൾ നല്കുക.

2. സർക്കാർ മേഖലയിൽ ഒരു ആയുർവ്വേദ ചികിത്സാകേന്ദ്രം VII, X, XI വാർഡുകൾ കേന്ദ്രീകരിച്ച് ആരംഭിക്കുക.

3. സർക്കാർ മേഖലയിൽ ഒരു ഹോമിയോ ഡിസ്പെൻസറി തുവ്വക്കോട് ഭാഗത്ത് ആരംഭിക്കുക.


4. മഴക്കാലത്ത് നടത്തി വന്ന ക്ലോറിനേഷൻ പരിപാടി സജീവമാക്കുക.

5. തിരുവങ്ങൂർ പ്രാഥമികാരോഗ്യ കേന്ദ്രം പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.

6. സന്നദ്ധ സാംസ്കാരിക സംഘടനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അഞ്ചു പേർക്ക് പരിശീലനം നല്കി ഓരോ വാർഡിലും ആരോഗ്യ ബോധവൽക്കരണ പരിപാടികൾ നടത്തിക്കൊണ്ടു പോവുന്നതിന്ന് സജ്ജമാക്കുക.

7. എല്ലാ വീട്ടിലും കക്കൂസ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുക.

8. യോഗ-പ്രകൃതി ചികിത്സാരീതികൾക്ക് കൂടുതൽ പ്രചാരം നല്കുക.





# വിദ്യാഭ്യാസം

ചേമഞ്ചേരി പഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്രത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. കുടിപ്പള്ളിക്കൂടവും പഞ്ചമ സ്കൂളും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചിരുന്നു. സംസ്കൃത പഠനത്തിൽ ഉന്നതനിലവാരം പുലർത്തിയിരുന്ന ഒരു പ്രദേശമാണിത്. അയ്യാടത്ത് ഇല്ലത്ത് വെച്ച് സംസ്കൃത പഠനം നടത്തുകയും ഇവിടെ പുന്നശ്ശേരി നമ്പി പരീക്ഷകനായി എത്തുകയും ചെയ്തതായാണ് കേട്ടറിവ്. –കാപ്പാട് ദർസ് വിദ്യാഭ്യാസം

മലബാറിലെ അധ്യാപക പ്രസ്ഥാനത്തിന് ഉണർവ്വ് നൽകിയ പല പ്രമുഖർക്കും ജന്മം നൽകിയ പ്രദേശമാണ് ചേമഞ്ചേരി.

ദേശീയ സ്വാതന്ത്ര്യ സമര ചരിത്രവുമായി വളരെയേറെ ബന്ധപ്പെട്ടു കിടക്കുന്ന ഈ പ്രദേശത്ത് വിദ്യാഭ്യാസ സൗകര്യം വേണ്ടത്ര ലഭിക്കാത്ത ചില ഭാഗങ്ങൾ ഉണ്ടെങ്കിലും മൊത്തത്തിൽ കേരളീയ സമൂഹത്തിൽ വിദ്യാഭ്യാസ മേഖലയിലുള്ള വളർച്ച ഈ പ്രദേശത്തിനും അവകാശപ്പെടാവുന്നതാണ്. ക്ഷേത്രങ്ങളെയും പള്ളികളേയും ബന്ധപ്പെടുത്തി ലഭിച്ച മതവിദ്യാഭ്യാസമായിരുന്നു ഒട്ടു മിക്ക പേരുടേയും ആദ്യാ അനുഭവം. ഈ പഞ്ചായത്തിൽ സ്ഥാപിച്ച ആദ്യത്തെ വിദ്യാലയം തുവ്വക്കോട് എൽ. പി സ്കൂൾ ആണ്. 1887 ൽ കീക്കോത്ത് ചന്തുക്കുട്ടിനായർ സ്ഥാപിച്ചതാണ് ഇത്. പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കണക്കുകൾ പരിശോധിച്ചാൽ കൂടുതലും മനേജ്മെന്റ് സ്ഥാപനങ്ങളാണ്.

പഞ്ചായത്തിൽ മൊത്തം 4 എൽ പി സ്കൂളുകളും 2 ഹൈസ്കൂളുകളുമാണുള്ളത്. ഇതിൽ 2 യു. പിസ്കൂളുകളും 2 എൽ. പിസ്കൂളുകളും സർക്കാർ ഉടമസ്ഥതയിലുള്ളതാണ്. പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂൾ തിരുവങ്ങൂർ ഹൈസ്കൂളാണ്.

1967 ലാണ് തിരുവങ്ങൂർ യു. പി സ്കൂൾ അപ്ഗ്രേഡ് ചെയ്തു ഹൈസ്കൂളാക്കി ഉയർത്തിയത്. തിരുവങ്ങൂർ ഹൈസ്കൂൾ പഞ്ചായത്തിന്റെ മധ്യഭാഗത്ത് സ്ഥിതിചെയ്യുന്നതിനാൽ പഞ്ചായത്തിന്റെ വടക്കു ഭാഗത്തുള്ള വിദ്യാർത്ഥികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ചെങ്ങോട്ട് കാവ് പഞ്ചായത്തിൽപ്പെട്ട പൊയിൽ കാവ് ഹൈസ്ക്കൂളിനേയും തെക്ക് ഭാഗത്തുള്ളവർ എലത്തൂർ സി.എം.സി ഹൈസ്കൂളിനേയുമാണ് ആശ്രയിക്കുന്നത്

1995 മുതൽ കാപ്പാട് ഇല്ലാഹിയാ സെക്കന്ററി ഹൈസ്കൂൾ പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിൽപ്പെട്ട പൂക്കാട്ടിൽ പൂക്കാട് ആർട്സ് കോളേജ് എന്ന പേരിലും തിരുവങ്ങൂരിൽ തിരുവങ്ങൂർ ആർട്സ് കോളേജ് എന്ന പേരിലും രണ്ട് പാരലൽ കോളേജ്കൾ പ്രവർത്തിച്ചു വരുന്നു.

വിദ്യാഭ്യാസം

പഞ്ചായത്തിലെ സ്കൂളുകളുടെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിക്കുമ്പോൾ കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ഒരൊറ്റ സ്കൂൾ പോലും അടച്ചു പൂട്ടിയിട്ടില്ല. എന്നാൽ മിക്ക സ്കൂളുകളിലും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞ് വരുന്നതായി കാണുന്നു. ജനസംഖ്യാ നിയന്ത്രണവും നഗരത്തിലെ ഇംഗ്ലീഷ് മീഡിയം തേടിയുള്ള യാത്രയും ഇതിന്ന് പ്രധാനകാരണമാണ്.

വിദ്യാലയങ്ങളിലെ അധ്യാന നിലവാരം കുറഞ്ഞുവരുന്നതായി ചില ഗ്രാമസഭകളിൽ പരാതി വന്നിട്ടുണ്ട്. വിദ്യാലയത്തെക്കുറിച്ച് മികച്ച അഭിപ്രായ പ്രകടനം നടന്ന ഗ്രാമസഭകളുമുണ്ട്.

സാങ്കേതിക വിദ്യാഭ്യാസത്തിന് ഇവിടുത്ത്കാർ കോഴിക്കോട് നഗരത്തിലെ പല സ്ഥാപനങ്ങളെയും ആശ്രയിക്കേണ്ടി വരുന്നു. ഒരൊറ്റ സാങ്കേതിക വിദ്യഭ്യാസ സ്ഥാപനം പോലും ഇല്ലാത്ത ചേമഞ്ചേരി പഞ്ചായത്തിലെ തിരുവങ്ങൂർ ഹൈസ്ക്കൂളിൽ വൊക്കേഷണൽ ഹയർ സെക്കന്ററി ആരംഭിക്കണമെന്ന് എല്ലാ ഗ്രാമസഭകളിലും നിർദ്ദേശം വന്നിട്ടുണ്ട്. കൊയിലാണ്ടി ഗവൺമെന്റ് കോളേജിൽ സയൻസ് ഗ്രൂപ്പില്ലാത്തതിനാൽ ഇവിടുത്തെ വിദ്യാർത്ഥികൾ കോഴിക്കോട് നഗരത്തിലെ കോളേജുകളെ ആശ്രയിക്കേണ്ടി വരുന്നു. കൊയിലാണ്ടി ഗവൺമെന്റ് കോളേജിൽ സയൻസ് ഗ്രൂപ്പ് ആരംഭിച്ചാൽ മാത്രമെ ഈ പ്രശ്നത്തിന് പരിഹാരമാവുകയുള്ളു.

പഞ്ചായത്തിൽ അഞ്ചു ബാലവാടികളും മൂന്ന് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമുണ്ടെങ്കിലും പത്ത് പന്ത്രണ്ട് വാർഡുകളിൽ ഒരു ബാലവാടി പോലുമില്ല.

പല സ്കൂളുകളിലും അധ്യാപക രക്ഷാകർത്തൃ സമിതികൾ സജീവമല്ല. സമീപ കാലത്തായ മാതൃസംഗമങ്ങൾ സജീവമായി നടന്നുവരുന്നു. ഇത് വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

നിത്യജീവിതത്തിന്റെ പ്രാരാബ്ദങ്ങളിൽ പെട്ട് ഉഴലുന്ന തൊഴിലാളികൾക്ക് മക്കളുടെ വിദ്യാഭ്യാസ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കാനാവുന്നില്ല. തീര ദേശ വാർഡുകളിലെ ഗ്രാമസഭകളിൽ അവരുടെ നിസ്സഹായാവസ്ഥ പ്രകടിപ്പിക്കുകയുണ്ടായി.

അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് ഗ്രന്ഥശാലകളുടെ സംഭാവന ശ്ലാഘനീയമായിരുന്നു. പൂക്കാട് പബ്ലിക്ക് ലൈബ്രറി പ്രവർത്തകരായിരുന്നു ഇതിൽ നേതൃത്വപരമായ പങ്ക് വഹിച്ചത്.

സാക്ഷരതാ പ്രസ്ഥാനം രണ്ട് ഘട്ടത്തിൽ വളരെ സജീവമായിരുന്നെങ്കിലും തുടർ സാക്ഷരതാ പ്രസ്ഥാനത്തിന്റെ പ്രവർത്തന വൈകല്യം മൂലം ഉദ്ദേശിച്ച ഫലം കൈവരിക്കാൻ ആയില്ല.

## പ്രശ്നങ്ങൾ

1. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം.

2. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.


3. പഠനേതര പ്രവർത്തനങ്ങൾ നിർജ്ജീവം.

4. സ്കൂളുകളിൽ ആവശ്യത്തിന് അധ്യാപകരില്ല.

5. സ്കൗട്ട് ഗൈഡ് പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നില്ല.

6. സ്കൂളുകൾക്ക് ചുററു മതിലുകളില്ലാത്തത് പല സ്കൂളുകളും അനാശാസ്യ പ്രവർത്തനത്തിന് ഉപയോഗപ്പെടുത്തുന്നു.

# CHEMANCHERY PANCHAYATH




KOZHIKODE

7. അധ്യാപക രക്ഷാകർത്തൃ സമിതികൾ സജീവമല്ല.

8. S.S.L.C വിജയ ശതമാനം കുറഞ്ഞു വരുന്നു.

## പരിഹാരം

മേൽ പറഞ്ഞ പ്രശ്നങ്ങൾ ഒരു പരിധി വരെ ജനങ്ങളുടെ കൂട്ടായ്മയിലൂടെ പരിഹരിക്കാവുന്നതാണ്. പഞ്ചായത്ത് തല സ്കൂൾ കോംപ്ലക്സുകൾ സജീവമാകുന്നതോടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനും അധ്യാപക രക്ഷാകർത്തൃ സമിതികൾ സജീവമാക്കാനും സ്ക്കൂളുകളിലെ ഭൗതിക സാഹചര്യ മെച്ചപ്പെടുത്താനും സാധിക്കുന്നതാണ്. തിരുവങ്ങൂർ ഹൈസ്ക്കൂളിൽ വൊക്കേഷണൽ ഹയർസെക്കന്ററി ആരംഭിക്കുകയും കൊയിലാണ്ടി ഗവ: ഐ.ടി.ഐ ൽ കൂടുതൽ ഗ്രേഡുകൾ ആരംഭിക്കുകയും ചെയ്യണം. കണ്ണംകടവ് ഗവ: എൽ. പി സ്കൂൾ അപ്ഗ്രേഡ് ചെയ്യണം

### പട്ടിക 1


### വിദ്യാലയങ്ങളുടെ വിശദവിവരം

| സ്കൂളിന്റെ പേര് | വിദ്യാർത്ഥികൾ ആൺ | പെൺ | ആകെ | അധ്യാപകർ പെൺ | പെൺ | ആകെ. |
|---|---|---|---|---|---|---|
| തിരുവങ്ങൂർ ഹൈസ്കൂൾ | 1258 | 1133 | 2391 | 37 | 39 | 76 |
| തിരുവങ്ങൂർ യു. പി | 157 | 158 | 315 | 7 | 8 | 15 |
| ഗവ: ഫിഷറീസ് . യു. പി കോരപ്പുഴ | 137 | 139 | 276 | 7 | 7 | 14 |
| ചേമഞ്ചേരി യു. പി സ്കൂൾ | 271 | 194 | 465 | 10 | 9 | 19 |
| ഗവ: മാപ്പിള യു. പി സ്കൂൾ കാപ്പാട്. | 261 | 224 | 485 | 11 | 7 | 18 |
| ചേമഞ്ചേരി ഈസ്റ്റ് യു. പി സ്കൂൾ | 94 | 58 | 152 | 4 | 4 | 8 |
| വെങ്ങളം യു. പി സ്കൂൾ | 279 | 258 | 537 | 7 | 10 | 17 |
| ചേമഞ്ചേരി കൊളക്കാട് യു. പി സ്കൂൾ | 237 | 220 | 457 | 10 | 7 | 17 |
| കണ്ണൻ കടവ് ഫിഷറീസ് എൽ. പി സ്കൂൾ | 67 | 61 | 128 | 3 | 2 | 5 |
| തുവ്വക്കോട് എൽ പി സ്കൂൾ | 81 | 89 | 170 | 3 | 3 | 6 |
| തിരുവങ്ങൂർ വെസ്റ്റ് എൽ. പി സ്കൂൾ | 41 | 47 | 88 | 4 | 2 | 6 |
| | 2883 | 2581 | 5464 | 103 | 98 | 201 |

| | 1 | | | | 2 | | | | 3 | | | | 4 | | | | 5 | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | SC | | ST | | SC | | ST | | SC | | ST | | SC | | ST | | SC | | ST | |
| | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F |
| തിരുവങ്ങൂർ ഹൈസ്കൂൾ | 32 | 45 | 3 | 1 | 31 | 31 | 2 | 11 | 32 | 34 | 3 | 4 | 70 | 44 | 8 | 6 | 74 | 50 | 7 | 3 |
| തിരുവങ്ങൂർ U.P സ്കൂൾ | 15 | 9 | 2 | 0 | 15 | 13 | 6 | 3 | 23 | 21 | 1. | 2 | 21 | 33 | 3 | 2 | 32 | 22 | 0 | 3 |
| ഗവ: ഫിഷറീസ് U.P സ്കൂൾകോരപ്പുഴ | 9 | 16 | 0 | 2 | 16 | 15 | 1 | 0 | 11 | 15 | 0 | 1 | 10 | 17 | 1 | 0 | 24 | 29 | 2 | 3 |
| ചേമഞ്ചേരി U. P സ്കൂൾ | 24 | 30 | 2 | 1 | 39 | 22 | 1 | 1 | 28 | 26 | 1 | 1 | 42 | 16 | 0 | 0 | 39 | 31 | 0 | 0 |
| ഗവ: മാപ്പിള U.P കാപ്പാട് | 33 | 32 | 0 | 0 | 32 | 38 | 0 | 0 | 35 | 43 | 0 | 0 | 45 | 24 | 0 | 0 | 44 | 29 | 0 | 0 |
| ചേമഞ്ചേരി ഈസ്റ്റ് യു. പി സ്കൂൾ | 10 | 5 | 0 | 0 | 6 | 10 | – | 1 | 7 | 7 | 0 | 1 | 5 | 18 | 0 | 2 | 14 | 7 | 6 | 1 |
| വെങ്ങളം യു. പി സ്കൂൾ | 34 | 28 | 6 | 1 | 27 | 25 | 5 | 4 | 30 | 33 | 3 | 5 | 35 | 30 | 6 | 2 | 58 | 49 | 8 | 4 |
| കൊളക്കാട് യു. പി സ്കൂൾ | 28 | 27 | 2 | 2 | 28 | 25 | 2 | 5 | 16 | 10 | 1 | 2 | 27 | 30 | 5 | 8 | 57 | 40 | 5 | 4 |
| കണ്ണൻ കടവ് ഗവ: ഫിഷറീസ് L.P സ്കൂൾ | 13 | 14 | 0 | 0 | 9 | 17 | 0 | 0 | 27 | 16 | 0 | 0 | 18 | 14 | 0 | 0 | | | | |
| തുവ്വക്കോട് A.L.P സ്കൂൾ | 18 | 29 | 1 | 1 | 18 | 24 | 1 | 2 | 13 | 15 | 1 | 1 | 32 | 21 | 0 | 3 | | | | |
| തിരുവങ്ങൂർ വെസ്റ്റ് (ഗവ: എൽ. പി സ്കൂൾ) | 2 | 10 | 1 | 1 | 9 | 14 | 0 | 0 | 9 | 10 | 0 | 1 | 11 | 13 | 0 | 1 | | | | |

| | 6 | | | | 7 | | | | 8 | | | | 9 | | | | 10 | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | SC | | ST | | SC | | ST | | SC | | ST | | SC | | ST | | SC | | ST | |
| | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F |
| തിരുവങ്ങൂർ ഹൈസ്കൂൾ | 71 | 78 | 4 | 6 | 83 | 73 | 7 | 3 | 330 | 267 | 23 | 18 | 305 | 278 | 24 | 18 | 230 | 233 | 18 | 13 |
| തിരുവങ്ങൂർ U.P സ്കൂൾ | 21 | 33 | 0 | 4 | 31 | 26 | 6 | 2 | | | | | | | | | | | | |
| ഗവ: ഫിഷറീസ് U.P സ്കൂൾകോരപ്പുഴ | 36 | 21 | 2 | 2 | 31 | 26 | 3 | 4 | | | | | | | | | | | | |
| ചേമഞ്ചേരി U. P സ്കൂൾ | 33 | 33 | 1 | 1 | 66 | 34 | 0 | 0 | | | | | | | | | | | | |
| ഗവ: മാപ്പിള U.P കാപ്പാട് | 34 | 37 | 0 | 0 | 38 | 31 | 0 | 0 | | | | | | | | | | | | |
| ചേമഞ്ചേരി ഈസ്റ്റ് യു. പി സ്കൂൾ | 14 | 12 | 3 | 0 | 15 | 12 | 3 | 2 | | | | | | | | | | | | |
| വെങ്ങളം യു. പി സ്കൂൾ | 45 | 59 | 5 | 2 | 50 | 44 | 7 | 4 | | | | | | | | | | | | |
| കൊളക്കാട് യു. പി സ്കൂൾ | 38 | 33 | 2 | 4 | 43 | 55 | 5 | 7 | | | | | | | | | | | | |
| കണ്ണൻ കടവ് ഗവ: ഫിഷറീസ് L.P സ്കൂൾ | | | | | | | | | | | | | | | | | | | | |
| തുവ്വക്കോട് A.L.P സ്കൂൾ | | | | | | | | | | | | | | | | | | | | |
| തിരുവങ്ങൂർ വെസ്റ്റ് (ഗവ: എൽ. പി സ്കൂൾ) | | | | | | | | | | | | | | | | | | | | |


## S.S.L.C വിജയശതമാനം



പട്ടിക (3)

## ഭൗതിക സാഹചര്യങ്ങൾ

| സ്കൂളിന്റെ പേര് | ആകെ വിദ്യാർത്ഥികൾ | അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| തിരുവങ്ങൂർ ഹൈസ്കൂൾ | 23991 | 76 | ഉണ്ട്, 3 എണ്ണം | ഉണ്ട്, 2 എണ്ണം | ഉണ്ട് | ഉണ്ട് |
| തിരുവങ്ങൂർ U.P സ്കൂൾ | 315 | 15 | ഉണ്ട്, 2 എണ്ണം | ഉണ്ട്, 1 എണ്ണം | ഉണ്ട് | ഉണ്ട് |
| ഗവ: ഫിഷറീസ് U.P സ്കൂൾ കോരപ്പുഴ | 276 | 14 | ഉണ്ട്, 2 എണ്ണം | ഉണ്ട്, 1 എണ്ണം | ഉണ്ട് | ഇല്ല |
| ചേമഞ്ചേരി U.P സ്കൂൾ | 465 | 19 | ഉണ്ട്, 2 എണ്ണം | ഉണ്ട്, 1 എണ്ണം | ഉണ്ട് | ഇല്ല |
| ഗവ: മാപ്പിള U.P കാപ്പാട്. | 485 | 18 | ഉണ്ട്, 2 എണ്ണം | ഉണ്ട്, 1 എണ്ണം | ഇല്ല | ഇല്ല |
| കണ്ണൻ കടവ് ഗവ: ഫിഷറീസ് L.P സ്കൂൾ | 128 | 5 | ഉണ്ട്, 1 എണ്ണം | ഉണ്ട്, 1 എണ്ണം | ഇല്ല | ഇല്ല |
| തുവ്വക്കോട് A.L.P സ്കൂൾ | 170 | 6 | ഉണ്ട്, 2 എണ്ണം | ഉണ്ട്, 1 എണ്ണം | ഉണ്ട് | ഇല്ല |
| ചേമഞ്ചേരി ഈസ്റ്റ് U.P സ്കൂൾ | 152 | 8 | ഉണ്ട്, 2 എണ്ണം | ഉണ്ട്, 1 എണ്ണം | ഇല്ല | ഇല്ല |
| വെങ്ങളം U.P സ്കൂൾ | 545 | 17 | ഉണ്ട്, 3 എണ്ണം | ഉണ്ട്, 2 എണ്ണം | ഉണ്ട് | ഉണ്ട് |
| ചേമഞ്ചേരി കൊളക്കാട് യു. പി സ്കൂൾ | 457 | 17 | ഉണ്ട്, 2 എണ്ണം | ഉണ്ട്, 1 എണ്ണം | ഉണ്ട് | ഉണ്ട് |
| തിരുവങ്ങൂർ വെസ്റ്റ് (ഗവ: എൽ പി സ്കൂൾ) | 88 | 6 | ഉണ്ട്, 2 എണ്ണം | ഉണ്ട്, 1 എണ്ണം | ഉണ്ട് | ഇല്ല |



# പാർപ്പിടവും സാമൂഹ്യക്ഷേമവും

മനുഷ്യന് ജീവിത സുരക്ഷിതത്വം ഉറപ്പാക്കുന്ന വിവിധഘടകങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് സൗകര്യപ്രദമായ പാർപ്പിടം. സ്ഥൂല പരിസ്ഥിതിയിൽ അവന് സുരക്ഷിതമായ സൂക്ഷ്മ പരിസ്ഥിതി പ്രദാനം ചെയ്യാൻ പാർപ്പിടം സഹായിക്കുന്നു. വിദ്യാഭ്യാസ പരമായും സാംസ്കാരികമായും മുൻപന്തിയിൽ നിൽക്കുന്നതാണ് ചേമഞ്ചേരി പഞ്ചായത്ത്. ഗൾഫ് പണത്തിന് ഇവിടുത്തെ സാമ്പത്തിക മേഖലയിൽ ചെറുതല്ലാത്ത സ്വാധീനമുണ്ട്. എന്നാൽ ഈ പണത്തിന്റെ വലിയ ഒരു ഭാഗം ക്രിയാത്മകമായി ഉപയോഗിക്കുന്നതിന് പകരം ആർഭാടപൂർണ്ണമായ കോൺക്രീറ്റ് സൗധങ്ങളിൽ നിക്ഷേപിക്കപ്പെടുന്നു. വലിയ വീടുകൾ അന്തസ്സിന്റെ പ്രതീകമായി കണക്കാക്കപ്പെടുന്നു. അതിനാൽ സാധാരണക്കാരനും ഇടത്തരക്കാരും എല്ലാം അവരുടെ കഴിവിനെക്കാൾ ഉയർന്ന തരത്തിലുള്ള വീടുകൾ വക്കാൻ ആഗ്രഹിക്കുന്നു. പ്രാധേശികമായി ലഭ്യമല്ലാത്ത വളരെയേറെ കെട്ടിട നിർമ്മാണ സാമഗ്രികൾ ഇന്ന് വലിയതും ഇടത്തരവുമായ വീടുകൾക്കു പോലും ഉപയോഗിക്കുന്നതിനാൽ ഇതിന് ചിലവാക്കുന്ന പണം അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു.

അൻപത് വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്തിലുള്ള മിക്കാവാറും വീടുകൾ ഓല മേഞ്ഞ കട്ടപുരകളായിരുന്നു. ഇവയ്ക്കുള്ള സാധന സാമഗ്രികൾ പ്രാദേശികമായും ലഭ്യമായിരുന്നു. ജന്മിത്ത വ്യവസ്ഥയുടെ പതനം കൂട്ടുകുടുംബ സമ്പ്രദായത്തിൽ വന്ന മാറ്റം, കുടുംബാസൂത്രണം, വിദ്യഭ്യാസം എന്നിവ പാർപ്പിടങ്ങളുടെ കാഴ്ചപ്പാട് മാറ്റം ഉളവാക്കി. കൂടുതൽ സൗകര്യപ്രദവും സുരക്ഷിതവുമായി പാർപ്പിടം ഉണ്ടാക്കുന്നതിൽ മത്സരം ഉണ്ടായി. എന്നാൽ പ്രാദേശികമായ കെട്ടിട നിർമ്മാണ വസ്തുക്കളുടെ ലഭ്യത കുറഞ്ഞു വരുന്നു. ഈ രംഗത്ത് കാര്യമായ പഠനങ്ങളോ ആസൂത്രണമൊ നിയന്ത്രണമോ ഇല്ലാതിരുന്നതിനാൽ അവശ ജനവിഭാഗങ്ങൾക്ക് കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭിക്കാൻ പ്രയാസമുണ്ടാക്കി. പഴയ കാലത്തുള്ള കുഴച്ച മണ്ണ്, കുമ്മായം എന്നിവ ഉപയോഗിച്ച് ചുമർ കെട്ടുന്ന രീതി ഇന്ന് അന്യമായിരിക്കുന്നു.

പഞ്ചായത്തിലെ 95-96 ലെ കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ അനുസരിച്ച് 7951 കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. ഇതിൽ 7000ത്തോളം വീടുകൾ ആണെന്ന് കണക്കാക്കാം. 2000 ത്തോളം വീടുകൾ മെച്ചപ്പെട്ടതും 2000 ത്തോളം എണ്ണം ഇടത്തരവുമാണെന്ന് കാണാം. 500 ഓളം പാർപ്പിടങ്ങൾ ഓലമേഞ്ഞവയും ബാക്കി രണ്ടായിരത്തിൽ പരം വീടുകൾ കുടിലുകളോ അവക്ക് സമാനമായവയോ ആണ്. വിവിധ ഭവനനിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകൾ 39 ആണ്.

## പഞ്ചായത്തിലെ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | കെട്ടിടങ്ങൾ | ഒന്നിൽ കൂടുതൽ നിലയുള്ളത്, | കോൺക്രീറ്റ് | ഒരുനില ഓട് | ഓല | മറ്റുള്ളവ | ഭവനനിർമ്മാണ. പദ്ധതി പ്രകാരം നിർമ്മിച്ചവ |
|---|---|---|---|---|---|---|---|
| 1 | 897 | 92 | 226 | 297 | 64 | 211 | 7 |
| 2 | 652 | 72 | 167 | 196 | 46 | 165 | 6 |
| 3 | 592 | 68 | 161 | 178 | 42 | 141 | 2 |
| 4 | 887 | 87 | 229 | 267 | 68 | 240 | 1 |
| 5 | 787 | 76 | 198 | 237 | 56 | 217 | 3 |
| 6 | 663 | 65 | 169 | 199 | 46 | 177 | 6 |
| 7 | 896 | 88 | 223 | 269 | 63 | 250 | 3 |
| 8 | 592 | 62 | 147 | 178 | 45 | 159 | 1 |
| 9 | 760 | 78 | 198 | 229 | 50 | 194 | 7 |
| 10 | 680 | 69 | 174 | 205 | 48 | 182 | 2 |
| 11 | 545 | 53 | 137 | 164 | 39 | 151 | 1 |
| ആകെ | 7951 | 810 | 2029 | 2419 | 567 | 2087 | 39 |

| പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം.5140 | 91–92<br>5140 | 92–93<br>5237 | 93–94<br>5947 | 94–95<br>6543 | 95–96<br>7951 |
|---|---|---|---|---|---|

'94–95 വർഷത്തെ അപേക്ഷിച്ച് '95 '96 ൽ കെട്ടിട നിർമ്മാണരംഗത്ത് ഇരുപത് ശതമാനം വർദ്ധനവ് ഉണ്ടായതായി കാണാം. ഈ കെട്ടിടങ്ങൾ 90 % ത്തിലധികവും വീടുകളാണ്. അതും സമൂഹത്തിലെ ഇടത്തരക്കാരും അതിന് മീതെയുള്ളവരും.

അടുത്ത കാലത്തായി കോൺക്രീറ്റ് വീടുകളുടെ നിർമ്മാണച്ചെലവ് വൻതോതിൽ വർദ്ധിച്ചതായി കാണുന്നു. ഇത് ച. മീറ്ററിന് 3000 ത്തിനും 4000ത്തിനും ഇടയ്ക്ക് വരും. ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർ, ബാങ്ക് ജീവനക്കാർ തുടങ്ങിയ ഇടത്തരം വരുമാനക്കാർ ഉണ്ടാക്കുന്ന വീടിന്റെ ശരാശരി ചെലവ് 4,5 ലക്ഷം രൂപയായി ഉയർന്നിരിക്കുന്നു.

ലക്ഷങ്ങൾ മുടക്കിയുള്ള വീടുകൾ അധികവും ദേശീയപാതയുടെ ഓരങ്ങളിലും മറ്റു പ്രധാന റോഡുകൾ, പ്രധാന അങ്ങാടികൾ ഇവയുടെ അടുത്തുമാണ്. വയൽ നികത്തിയുള്ള കെട്ടിടം പണിയും ധാരാളമായി നടക്കുന്നുണ്ട്.

ഭവനനിർമ്മാണ രംഗത്ത് വായ്പ നൽകുന്ന വിവിധ ഏജൻസികളുടെ സഹായം പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഇത് പ്രധാനമായും സ്ഥിരവരുമാനക്കാർക്കും പണയപ്പെടുത്താൻ ഭൂമി കൈവശം ഉള്ളവർക്കും മാത്രമാണ്. നിത്യ കൂലിക്കാരായ താഴെക്കിടയിലുള്ളവർക്ക് (11 സെന്റിൽ കുറവ് ഭൂമിയുള്ളവർക്ക്) കാര്യമായ വായ്പാ സൗകര്യങ്ങൾ ഒന്നും ലഭിക്കുന്നില്ല എന്നത് പാർപ്പിട രംഗത്തെ ഒരു സമസ്യയാണ്.

സാധാരണക്കാർക്ക് കൂടി ലഭിക്കത്തക്ക വിധത്തിൽ ഭവനവായ്പാ പദ്ധതികളിൽ ഇളവുകൾ വരുത്തേണ്ടതാണ്. ഇനി പറയുന്ന നിർദ്ദേശങ്ങൾ ഇതിലേക്കായി പരിഗണിക്കാവുന്നതാണ്.

1. അഞ്ച് സെന്റ് ഭൂമിയെങ്കിലുമുള്ളവർക്ക് നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കണം.

2. ജനകീയ കമ്മിറ്റികളുടെ നിർദ്ദേശത്തിന് വിധേയമായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവുകൾ അനുവദിക്കണം.

**IRDP പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണ വിവരങ്ങൾ**

| സർക്കിൾ | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ചത് | ബാക്കി |
|---|---|---|---|
| തിരുവങ്ങൂർ VEO സർക്കിൾ | 12 | 7 | 5 |
| വെങ്ങളം VEO സർക്കിൾ | 8 | 2 | 6 |
| ചേമഞ്ചേരി VEO സർക്കിൾ | 19 | 8 | 11 |

IRDP ഭവന നിർമ്മാണ പദ്ധതി പ്രകാരം ആകെ അനുവദിക്കപ്പെട്ടത് 39 വീടുകളാണ്. ഇതിൽ പൂർത്തീകരിച്ചത് 17 എണ്ണം മാത്രം. ദുർബല വിഭാഗങ്ങൾക്ക് ഭവനനിർമ്മാണ രംഗത്ത് നൽകി വരുന്ന സഹായങ്ങൾ അപാര്യാപ്തമാണെന്ന് ഈ കണക്കുകൾ സൂചിപ്പിക്കുന്നു.

1991 സെൻസസ് പ്രകാരം ആകെ വീടുകളുടെ എണ്ണം 5305 ഉം ആകെ കുടുംബങ്ങളുടെ എണ്ണം 5350 ഉം ആണ്. ഇതിൽ നിന്നും പാർപ്പിടമാവിശ്യമുള്ള കുടുംബങ്ങൾ ആകെ 45 മാത്രമാണെന്ന് തോന്നും. എന്നാൽ ഇന്ന് യാഥാർത്ഥ്യം ഇതിൽ നിന്ന് എത്രയോ അകലെയാണ്. കടലോരപ്രദേശം, കോളനികൾ എന്നിവിടങ്ങളിൽ ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നു. ഈ വീടുകൾ തന്നെ പലതും ഒന്നോ രണ്ടോ മുറികൾ മാത്രമുള്ള സുരക്ഷിതത്വം തീരെയില്ലാത്തവയുമാണ്. ഗ്രാമസഭയിൽ ഉയർന്നു വന്ന ചർച്ചകളിൽ നിന്ന് വീടുകൾ ആവശ്യമുള്ള 500 കുടുംബങ്ങളെങ്കിലും ഉണ്ടാവുമെന്ന് മനസ്സിലാവുന്നു. യഥാർത്ഥ ആവശ്യക്കാരെ ഒരു സർവെയിലൂടെ മാത്രമെ കണ്ടെത്താൻ കഴിയും.

**പ്രധാനമായും 4 വിധത്തിലുള്ള പാർപ്പിട പ്രശ്നങ്ങളാണ് ഉള്ളത് എന്ന് കാണുന്നു.**

1. പാർപ്പിടം ഉണ്ടാക്കാൻ സ്വന്തമായി ഭൂമിയോ, ധനശേഷിയോ ഇല്ലാത്തവർ.

2. സ്വന്തമായി കുറച്ച് ഭൂമി ഉണ്ടെങ്കിലും വീട് നിർമ്മിക്കാൻ കഴിവില്ലാത്തവർ.

3. വീട് പണി ആരംഭിച്ചെങ്കിലും പൂർത്തിയാക്കാൻ നിവൃത്തിയില്ലാത്തവർ

4. താമസിക്കുന്ന വീട് അപകടസ്ഥിതിയിലായിട്ടും അറ്റകുറ്റ പ്രവർത്തികൾ ചെയ്യിക്കാൻ നിർവ്വാഹമില്ലാത്തവർ.

കെട്ടിട നിർമ്മാണ വസ്തുക്കളായ ഓട്, കല്ല്, പൂഴി, സിമന്റ്, മരം, കമ്പി എന്നിവക്കുള്ള വില വർദ്ധനവ് ക്രമാതീതമായിരിക്കുന്നതിനാൽ ഇന്ന് ബ്ലോക്ക് വഴി നൽകുന്ന വിവിധ വായ്പാ പദ്ധതികളുടെ പരിധി ഉയർത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ ഏറ്റവുമധികം ജനങ്ങൾ തിങ്ങി പാർക്കുന്നത് കടലോരം ഉൾപ്പെടുന്ന 4, 8, 10, 12 വാർഡുകളിലാണ്. ഇവിടെ പലയിടത്തും നിലവിലുള്ള കുടിലുകൾ കടലാക്രമണ ഭീഷണിയിലുമാണ്. കണ്ണൻകടവ്, അഴീക്കൽ ഭാഗങ്ങളിൽ എല്ലാ വർഷവും കുറെ കുടുംബങ്ങളെ ആശ്വാസ കേന്ദ്രങ്ങളിലേക്ക് മാറ്റി പാർപ്പിക്കേണ്ടി വരാറുണ്ട് റവന്യൂ വകുപ്പ് വഴി നൽകുന്ന പുനരധിവാസ ഫണ്ടുകൾ അപര്യാപ്തമാണ്.

പുതിയ തീരസംരക്ഷണ നിയമം തീരദേശ വാസികൾക്ക് ഭവന നിർമ്മാണ രംഗത്ത് സങ്കീർണ്ണമായ പ്രശ്നങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ കടലിൽ നിന്ന് 500 മീറ്റർ വരെ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും ഇപ്പോൾ അനുവദിക്കുന്നില്ല. തീരവാസികളെ സംരക്ഷിക്കാനുണ്ടാക്കിയ നിയമം അവരെ ദ്രോഹിക്കുന്ന തരത്തിലാണ് അധികൃതർ ഉപയോഗിക്കുന്നത്. ചെറിയ കുടിലുകൾ പോലും കെട്ടുന്നത് തടഞ്ഞിരക്കുന്നതിനാൽ റേഷൻ കാർഡുപോലും ലഭ്യമല്ലാതാവുന്നു. സാധാരണക്കാരന് ചെറിയവീടുകൾ നിർമ്മിക്കുന്നതിന് പ്രയാസമില്ലാത്ത രീതിയിൽ ചെറിയ വീടു

കൾ നിർമ്മിക്കുന്നതിന് പ്രയാസമില്ലാത്തരീതിയിൽ ഈ നിയമത്തെ ഭേദഗതിചെയ്യേണ്ടതാണ്.

പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനും, കുടിലുകൾ മാറ്റുന്നതിനും, കോളനികൾ പരിഷ്ക്കരിക്കുന്നതിനും നിലവിലുള്ള പദ്ധതികൾക്ക് സാധ്യമല്ലെന്ന് വ്യക്തമായിരിക്കുന്നു. പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന ബൃഹത്തായ ഒരു പദ്ധതിക്കേ ഇത് മാറ്റിയെടുക്കാൻ കഴിയൂ. വാർഡ്തലത്തിൽ ഇതിന് ഉപഘടകങ്ങളും ആവശ്യമാണ്. ഗുണഭോക്താക്കൾ, എഞ്ചിനീയർമാർ, സാമൂഹ്യ സന്നദ്ധസംഘടനാ പ്രതിനിധികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ എന്നിവരെ ഉൾപ്പെടുത്തി വിപുലമായ ഒരു സംഘം രൂപീകരിക്കുകയും ആവശ്യവുമായി ബന്ധപ്പെടുത്തി ധനം, സാമഗ്രികൾ, ലേബർ എന്നിവ ഏതളവിൽ സ്വരൂപിക്കാൻ കഴിയുമെന്ന് കണ്ടെത്തുകയും വേണം.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. എഞ്ചിനീയർമാർ മുതൽ ലേബർ വരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിൽ എത്തിക്കുന്നതും നടപ്പാക്കുന്നതും ഈ ഏജൻസി വഴി ആക്കുക.

2. ഒരു നിശ്ചിത പരിധിക്കുമേൽ നിർമ്മാണ ചെലവ് വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.

3. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിന് പ്രത്യോക സംവിധാനമുണ്ടാക്കുക.

4. ചെലവു കുറഞ്ഞ വീട്ടുകൾക്ക് പ്രചാരം നൽകുക.

5. സർക്കാർ നൽകുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുന്നു.

ഈ പൊതു നിർദ്ദേശങ്ങൾക്ക് പുറമെ, നമ്മുടെ പഞ്ചായത്തിൽ തിരുവങ്ങൂർ അങ്ങാടിമുതൽ തെക്കോട്ട് കോരപ്പുഴ വരെ നാഷണൽ ഹൈവേയുടെ ബൈപാസ് റോഡിന് വേണ്ടി അക്വയർ ചെയ്ത ഭൂമിയിൽ ഉള്ള കെട്ടിടങ്ങൾ, മതിലുകൾ എന്നിവ സർക്കാരിൽ സമ്മർദ്ദം ചെലുത്തി പഞ്ചായത്തിന് വിട്ടു കിട്ടാൻ ശ്രമിക്കണം. 100 വീടുകൾക്കെങ്കിലും ആവശ്യമായ സാധന സാമഗ്രികൾ ഇതിൽ നിന്ന് ലഭിക്കുന്നു.

ഭവനരഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി ലഭ്യമാക്കേണ്ടതാണ്. വീട് വെക്കാനാവശ്യമായ ഭൂമി പഞ്ചായത്തിൽ ഒന്നിച്ചെവിടെയെങ്കിലും കണ്ടെത്താൻ ശ്രമിക്കുന്നത് വെറുതെയായിരിക്കും. 2, 3 വാർഡുകളിൽ 1/2 ഏക്കർ 1 ഏക്കർ ഭൂമി താരതമ്യേന കുറഞ്ഞ വിലക്ക് കിട്ടാൻ സാധ്യതയുള്ളതായി അറിയുന്നു. മറ്റുവാർഡുകളിൽ മൂന്നോ, നാലോ കുടുംബങ്ങൾക്ക് ആവശ്യമായ ഭൂമി താരതമ്യേന വില കുറഞ്ഞ ഭാഗങ്ങളിൽ കണ്ടെത്തി വാങ്ങിച്ചു നൽകണം.

കോളനികളിലെ കുടുംബങ്ങൾക്ക് ഇപ്പോഴത്തെ രീതി ധാരാളം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇത് പരിഹരിക്കാൻ ചെലവ് കൂടുതലാണെങ്കിലും ഫ്ളാറ്റ് സിസ്റ്റം മാത്രമെ നിർദ്ദേശിക്കാനുള്ളൂ. ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാവുന്ന വിധത്തിൽ ജലവിതരണ സാനിട്ടേഷൻ സിസ്റ്റവും ഇവിടങ്ങളിൽ ആവശ്യമാണ്.

അടുത്ത 5 വർഷങ്ങളിൽ പാർപ്പിട പ്രശ്നം പരമാവധി പരിഹരിക്കാനുള്ള ശ്രമത്തിൽ നമുക്ക് പങ്കാളികളാകാം.

## സാമൂഹ്യക്ഷേമം

ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനും, അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളാണ് സാമൂഹ്യക്ഷേമ രംഗത്ത് നിലവിലുള്ളത്.

കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകൾ നടപ്പാക്കുന്നവ, ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കുന്നവ, ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കുന്നവ, പട്ടികജാതി വികസന കോർപറേഷനും, വനിതാ വികസന കോർപറേഷനും നടത്തുന്നവ എന്നിങ്ങനെ പ്രധാനമായും നാലു വിഭാഗത്തിൽ പെടുന്നവയാണ് സാമൂഹ്യക്ഷേമ പദ്ധതികൾ.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ഇവയൊന്നും വേണ്ട വിധത്തിൽ പ്രയോജനപ്പെടുന്നില്ല എന്നതാണ് യഥാർത്ഥ്യം. ക്ഷേമ പദ്ധതികൾ ഏതെല്ലാം എന്നതിനെക്കുറിച്ച് ഗുണഭോക്താക്കൾക്കും സാമൂഹ്യ പ്രവർത്തകർക്കും ബോധ്യമില്ലായ്മ. ഇവ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥ തലത്തിലുള്ള ഉദാസീനത എന്നിവ പദ്ധതികളുടെ ക്ഷമത കുറക്കാൻ ഇടയാക്കുന്നു.

പഞ്ചായത്തിൽ ഈ രംഗത്ത് സേവനം ലഭിക്കുന്നത് പ്രധാനമായും പന്തലായനി ബ്ലോക്ക് ഡവലപ്മെന്റ് ആഫീസിന്റെ കീഴിലുള്ള വെങ്ങളം, തിരുവങ്ങൂർ, ചേമഞ്ചേരി വി. ഇ. ഒ സർക്കിളുകളിലൂടെയാണ്. നടപ്പിലാക്കിയ പദ്ധതികൾ മൂലം എന്ത് പ്രയോജനം ലഭിച്ചു എന്നറിയാൻ ഗുണഭോക്താക്കളുടെ ഇടയിൽ നടത്തുന്ന സർവെയിലൂടെ മാത്രമെ സാധിക്കുകയുള്ളൂ.

IRDP സർവെ പ്രകാരം 91–96 വരെയുള്ള കാലഘട്ടത്തിൽ കണ്ടെത്തിയത് ദരിദ്രവിഭാഗത്തിൽ 2476 കുടുംബങ്ങളാണ്. ഇതിൽ 23 കുടുംബങ്ങൾ Sc/St വിഭാഗത്തിൽ ഉള്ളവരാണ്. ഇതു വഴി സഹായം ലഭിച്ച കുടുംബങ്ങൾ 133 ആണ്. ഇതിൽ പട്ടികജാതിയിൽ ഉൾപ്പെടുന്ന 14 കുടുംബങ്ങൾ ഉണ്ട്.

**IRDP സർവെ പ്രാകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം**

തിരുവങ്ങൂർ വി. ഇ. ഒ സർക്കിൾ

| വാർഡ് | സർവെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ | Sc/St | സഹായം ലഭിച്ചവർ | Sc/St | സഹായം ലഭിച്ച് രേഖക്ക് മുകളിൽ ആയവർ | ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ |
|---|---|---|---|---|---|---|
| IV | 175 | 2 | | 2 | | |
| V | 173 | 1 | | 1 | | |
| VI | 140 | 1 | | 1 | | |
| VII | 206 | 9 | | 9 | | |
| VIII | 127 | - | | - | | |
| X | 217 | 1 | | 1 | | |
| ആകെ | 1038 | 14 | 159 | 14 | 66 | 982 |

## വെങ്ങളം വി.ഇ.ഒ സർക്കിൾ

| വാർഡ് | സർവെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ | Sc/St | സഹായം ലഭിച്ചവർ | Sc/St | സഹായം ലഭിച്ച് രേഖക്ക് | ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ |
|---|---|---|---|---|---|---|
| VI | 25 | - | | | | |
| VII | 137 | 2 | | | | |
| VIII | 150 | 2 | | | | |
| X | 56 | 1 | | | | |
| XI | 118 | 4 | | | | |
| ആകെ | 486 | 9 | 127 | 9 | 40 | 446 |

## ചേമഞ്ചേരി വി.ഇ.ഒ സർക്കിൾ

| | | | | | | |
|---|---|---|---|---|---|---|
| I, XII | 303 | | 42 | | | |
| II | 234 | | 41 | | | |
| III | 228 | | 23 | | | |
| IX | 187 | | 27 | | | |
| ആകെ | 952 | | 133 | 40 | | |
| | | | | | | |

സഹായം ലഭിച്ചവരുടെ കാര്യമായ കണക്ക് V.E.O മാരുടെ കൈവശം തന്നെയില്ല എന്നത് പട്ടികയൽ നിന്ന് കാണാം. ഇതുവരെ ലഭിച്ച വിവരങ്ങളിൽ ലഭിച്ച വായ്പ, സബ്സിഡി, ധനസഹായം ഇവ എത്രയെന്ന് വ്യക്തമല്ല. അവ യഥാർത്ഥത്തിൽ ഉദ്ദിഷ്ടകാര്യത്തിനായി ഉപയോഗിച്ചോ എന്നു വ്യക്തമല്ല. അതിനാൽ ഇതേക്കുറിച്ച് ഒരു വിലയിരുത്തൽ സാധ്യമല്ലാതായിരിക്കുന്നു.

## DWCRA പദ്ധതി പ്രകാരം സഹായ ലഭ്യത

സ്ത്രീകളുടെയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരക്ഷണമാണ് DWCRA

## DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരഭങ്ങൾ

| വാർഡ് | തൊഴിൽ സംരഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തന അംഗങ്ങൾ | പ്രവർത്തന ക്ഷമത |
|---|---|---|---|---|
| II | ശ്രീ കൃഷ്ണ കയർ നിർമ്മാണം | 92–93 | 10 | പ്രവർത്തിക്കുന്നു |
| IX | കൊളക്കാട് കയർ നിർമ്മാണം | 93–94 | 5 | പ്രവർത്തിക്കുന്നു |
| VII | ഡയറി യൂണിറ്റ് കാപ്പാട് | 91–92 | 10 | ഭാഗികം |
| XI | ഗ്രാനൈറ്റ് ജില്ലി നിർമ്മാണം | 93–94 | 10 | പ്രവർത്തിക്കുന്നു. |

## ട്രൈസം

18 വയസ്സു മുതൽ 35 വയസ്സുവരെയുള്ളവർക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം. ഈ പദ്ധതി പ്രകാരം ആകെ 37 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ 21 പേർ സ്വയം തൊഴിൽ കണ്ടെത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു. പരിശീലനം ലഭിച്ചതിൽ 60% പേർ ഇതേ തൊഴിലെടുത്തു കഴിയുന്നതായി കാണുന്നത് ശുഭ സൂചകമാണ്. വിനിയോഗ സാധ്യതയുള്ള തൊഴിൽ പരിശീലന പരിപാടികൾ

## ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ |
|---|---|---|---|---|
| | കാർപ്പന്ററി | 3 | 2 | 1 |
| | ഹാൻഡി ക്രാഫ്റ്റ് | 8 | 4 | 4 |
| | റേഡിയോ റിപ്പയർ | 1 | – | 1 |
| | വെൽഡിംഗ് | 1 | 1 | – |
| | ഇലക്ട്രിക്കൽ | 2 | 2 | – |
| | ഇലക്ട്രിക്കൽ വയറിംഗ് | 1 | 1 | – |
| | നെയ്ത്ത് | 3 | 1 | 2 |
| | പ്രിന്റിംഗ് | 3 | – | – |
| | കയർ | 10 | 10 | – |
| | പ്ലാസ്റ്റിക് വർക്സ് | 1 | – | 1 |
| | ഭക്ഷ്യ സംസ്കരണം | 3 | – | 3 |
| | വാച്ച് & ക്ലോക്ക് റിപ്പയർ | 1 | – | 1 |

വർദ്ധിപ്പിക്കേണ്ടതിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

## ടൂൾ കിറ്റ്.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിററ്

**ടൂൾ കിറ്റ് ലഭിച്ചവരുടെ വിവരങ്ങൾ**

| വാർഡ് | IRDP സർവെ പ്രകാരം കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവർ, | ഇനി സഹായത്തിന് അർഹതയുള്ളവർ |
|---|---|---|---|
| 1 | | 4 | |
| 2 | | 1 | |
| 3 | | 14 | |
| 4 | 3 | | |
| 5 | 15 | | |
| 6 | 10 | | |
| 7 | 8 | | |
| 8 | 3 | | |
| 9 | | 3 | |
| 10 | 2 | | |
| 11 | 4 | 1 | |
| 12 | | | |

പെൻഷൻ, ധനസഹായം സാമൂഹ്യ ക്ഷേമരംഗത്ത് റവന്യൂ വകുപ്പ് മുഖേന പെൻഷനുകൾ നിർധനരായ വിധവകളുടെ പെൺമക്കളും വിവാഹ ധനസഹായങ്ങൾ എന്നിവയാണ് ലഭ്യമാക്കുന്നത്.

**പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരങ്ങൾ**

| വില്ലേജ് | അഗതി പെൻഷൻ | വിധവാ പെൻ | വികലാംഗ പെൻ | വാർദ്ധക്യ പെൻ | അവശ കലാസാഹിത്യകാര പെൻഷൻ | അവശ കായികതാര പെൻഷൻ | ക്ഷയരോഗി പെൻഷൻ | കുഷ്ഠരോഗി പെൻഷൻ | കാൻസർ രോഗി പെൻഷൻ | കർഷക ത്തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|---|---|
| ചേമഞ്ചേരി | ഇല്ല | 273 | 148 | 168 | 1 | ഇല്ല | 33 | 26 | 13 | 365 | 1650 |
| | | 273 | 148 | 168 | 1 | -- | 33 | 26 | 13 | 365 | 1650 |

വനിത

## അങ്കൺ വാടികൾ

പഞ്ചായത്തിൽ അംഗൻ വാടികൾ ഇല്ല. ബാലവാടികൾ 5 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് പോഷകാഹാരം, പ്രതിരോധ കുത്തിവെപ്പ്, സംരക്ഷണം എന്നീ രംഗത്ത് പ്രവർത്തിക്കയാണ് ബാലവാടികളുടെ ലക്ഷ്യം. വികസന ബ്ലോക്കിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന 3 ബാലവാടികളാണ് ഇപ്പോഴുള്ളത് ചേമഞ്ചേരി, കൊളക്കാട്, തുവ്വക്കോട്, എന്നീ പ്രദേശങ്ങളിലാണ് ഇവ. ഇവയിൽ ശരാശരി 30 കുട്ടികൾ ഉണ്ട്. കുട്ടികൾക്ക് കളിക്കാൻ ആവശ്യമായ അത്രയും സാമഗ്രികൾ ഇല്ല എന്ന പരാതി ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. സാമ്പത്തിക പരാധീനത ഏറെയുള്ള പഞ്ചായത്തിന്റെ മറ്റു വാർഡുകളിൽ ബാലവാടികൾ ഇല്ല എന്നത് ഒരു ന്യൂനതയാണ്. കടലോരം ഉൾപ്പെട്ട് 4, 8, 10, 12 വാർഡുകളിലും 6ാം വാർഡിന്റെ കിഴക്കൻ ഭാഗത്തും 7ാം വാർഡിലും ബാലവാടികൾ പണിയണം എന്ന ആവശ്യം ഉയർന്നിട്ടുണ്ട്. ബാലവാടികൾക്കു പുറമെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പ്രീ പ്രൈമറി സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. ഹോളി ഏഞ്ചൽസ് പൂക്കാട് ചേമഞ്ചേരി യു. പി. സ്കൂൾ, യത്തീംഖാന കാപ്പാട്, പി.ടി. എ തിരുവങ്ങൂർ ഹൈസ്കൂൾ ക്രസന്റ് കണ്ണങ്കടവ് കോഴിക്കൽ നേഴ്സറി വെങ്ങളം എന്നിവ ഇവയിൽ 3 എണ്ണം ഇംഗ്ലീഷ് മീഡിയം നഴ്സറികളാണ്. ഇതേക്കുറിച്ചുള്ള വിലയിരുത്തൽ വിദ്യാഭ്യാസം എന്ന തലക്കെട്ടിൻ കീഴൽ ഉണ്ട്.

## മത്സ്യചന്ത, മാംസക്കടകൾ

പൂക്കാട്, തിരുവങ്ങൂർ, കാട്ടിലപ്പീടിക, കാപ്പാട് എന്നീ നാല് അങ്ങാടികളാണ് പഞ്ചായത്തിൽ ഉള്ളത്. ഇവയിൽ പൂക്കാട് അങ്ങാടിയിൽ മാത്രമാണ് മത്സ്യചന്തയുള്ളത്. എല്ലാ അങ്ങാടിയിലും മത്സ്യ മാർക്കററ് പണിയണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

മാംസക്കടകളുടെ ശുചിത്വത്തെക്കുറിച്ച് പരാതികൾ ഉയർന്നു വന്നിട്ടുണ്ട്. മൃഗഡോക്ടർ സർട്ടിഫൈ ചെയ്ത മൃഗങ്ങളെ മാത്രമെ മാംസമാക്കാവൂ എന്ന നിയമമുണ്ടെങ്കിലും ഇത് പാലിക്കുന്നില്ല.

മാംസക്കച്ചവടക്കാരുടെ ഇടയിൽ നടത്തുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ, ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധന കർശനമാക്കാൻ കഴിഞ്ഞേക്കും.


## കക്കൂസ് മൂത്രപ്പുര

വളരെയധികം ആളുകൾ എത്തുന്ന അങ്ങാടികളിൽ പൊതു മൂത്രപ്പുരയും കക്കൂസും അത്യാവശ്യമാണ്.

നിർദ്ദേശങ്ങൾ 1. ഒൻപതാം പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് ജനകീയ സഹകരണത്തോടെ സാമൂഹിക സമ്പത്തിക സർവ്വേ നടത്തുക. 2. ദാരിദ്ര്യരേഖയുടെ പരിധി ഉയർത്തുക. 3. മേൽ പറഞ്ഞവയുടെ അടിസ്ഥാനത്തിൽ അവശ ജനവിഭാഗങ്ങളെ കണ്ടെത്തി അർഹരായവർക്ക് മാത്രം ആനുകൂല്യങ്ങൾ അനുവദിക്കുക. 4. തൊഴിൽ പരിശീലന പരിപാടികളിൽ താത്പര്യമുള്ള വരെ മാത്രം ഉൾപ്പെടുത്തുക. 5. നടപ്പിലാക്കുന്ന പദ്ധതിയുടെ മോണിററിംഗ് നടത്തുക. 6. നിലവില്ലുള്ള സാമൂഹ്യ ക്ഷേമ പദ്ധതികൾ തുടർന്നും നടപ്പാക്കുക.

## ഐനുൽ ഹുദാ യത്തീംഖാന, കാപ്പാട്

സാമൂഹ്യ ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന പഞ്ചായത്തിലെ പ്രമുഖ സ്ഥാപനമാണ് ഐനുൽ ഹുദാ യത്തീംഖാന. അനാഥരായ മുസ്ലീം കുട്ടികളുടെ പ്രായപൂർത്തിയാകുന്നതുവരെയുള്ള സംരക്ഷണ ചുമതല ഈ സ്ഥാപനം ഏറ്റെടുത്തു നടത്തുന്നു. ഇവിടെ 118 അന്തേവാസികൾ ഉണ്ട്. ഈ സ്ഥാപനത്തിന്റെ കീഴിൽ കംപ്യൂട്ടർ സെന്റർ, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, സ്കൂളുകൾ(2), നഴ്സറി (3), ആശുപത്രി (1) എന്നിവ ഉണ്ട്.



116

# പട്ടികജാതി - പട്ടിക വർഗ്ഗക്ഷേമം

ചരിത്രപരവും സാമൂഹ്യ ആചാരപരവുമായി അനുഭവിച്ച തൊട്ടുകൂടായ്മയുടെ ഫലമായി സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നോക്കാവസ്ഥ അനുഭവിക്കുന്ന വിഭാഗമാണ് പട്ടികജാതിക്കാർ. കേരളത്തിലെ ജനങ്ങളിൽ പത്ത് ശതമാനത്തോളം വരുന്നു ഈ വിഭാഗം. ഇവരിൽ കാൽ ഭാഗവും കോളനികളിലാണ് കഴിഞ്ഞുകൂടുന്നത്. ബാക്കിയുള്ളവർ മറ്റു വിഭാഗക്കാരുമായി ഇടകലർന്നും.

ഈ വിഭാഗത്തിന്റെ ഉന്നമനം ഭരണഘടനാപരമായി ബാധ്യതയാണ്. അത് കൊണ്ടുതന്നെ സംസ്ഥാനസർക്കാരുകൾ പട്ടികജാതി-പട്ടികവർഗ്ഗവികസന വകുപ്പുകൾ രൂപീകരിച്ചുകൊണ്ട് ആ വകുപ്പ് മുഖേനയും, മറ്റു വകുപ്പുകൾ വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന തുകയുടെ ഒരു ഭാഗം ഉപയോഗിച്ചും ഈ രംഗത്ത് ക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പക്ഷെ നമ്മുടെ പദ്ധതി പ്രവർത്തനങ്ങൾക്കിടയിൽ സംഭവിക്കുന്ന ചോർച്ച ഏറ്റവുമധികം വന്നത് ഈ രംഗത്താണെന്ന് കാണാം.

കോഴിക്കോട് ജില്ലയിൽ മാത്രം ഇപ്പോൾ 600 ൽ അധികം പട്ടികജാതി കോളനികൾ ഉണ്ടെന്നാണ് കണക്ക്. ജില്ലാതലത്തിൽ രൂപം നൽകിയിട്ടുള്ള ഒരു വർക്കിംഗ് ഗ്രൂപ്പ് പ്രാദേശികമായ ആവശ്യങ്ങൾ പരിഗണിച്ച് പട്ടിക ജാതി വിഭാഗത്തിന് വേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന സ്ഥിതിവിശേഷമാണുണ്ടായിരുന്നത്. എന്നാൽ ഇത്തരം പദ്ധതികൾ തമ്മിൽ കോ-ഓഡിനേഷൻ ഇല്ലാതിരുന്നതിന്റെ ഫലമായി സംഭവിച്ച പാകപ്പിഴ പരിഹരിക്കുന്നതിന്റെ ഭാഗമായിരുന്നു ഒരു കാലത്ത് നടപ്പിലാക്കിയിരുന്ന " അംബേദ്ക്കർ ഗ്രാമം" എന്ന ആശയം.

1991 ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിൽ മൊത്തമുള്ള 31,226 ജനങ്ങളിൽ 2104 പേർ പട്ടികജാതിയിൽ പെട്ടവരാണ്. (6.7%) 1017 പുരുഷൻമാരും 1087 സ്ത്രീകളും. ജൻമിത്ത കാലഘട്ടത്തിൽ "തലപ്പുലയൻ " പട്ടം ഉണ്ടായിരുന്നവർ പോലും പടിക്ക് പുറത്തായിരുന്നു. കാർഷിക ഉൽപ്പാദന വർദ്ധനവിന്നായി വിയർപ്പ് ചിന്തിയിട്ടും അവഗണന മാത്രം ഏറ്റുവാങ്ങുവാൻ വിധിക്കപ്പെട്ടവർ.

4, 6, 7, 9 വാർഡുകളിലാണ് പട്ടികജാതിയിൽ പെട്ടവർ അധികം താമസിക്കുന്നത്. 10 അംഗീകൃത കോളനികളിലും 6 അംഗീകാരത്തിന്നായി സമർപ്പിക്കപ്പെട്ട കോളനികളിലും ആയി ഈ വിഭാഗത്തിൽ നല്ലൊരു ഭാഗം കഴിഞ്ഞു കൂടുന്നു. അംബേദ്ക്കർ ഗ്രാമപദ്ധതിക്ക് ശേഷം നടപ്പിലാക്കിയ IHDP കോളനികളിൽ (ഇന്റൻസീവ് ഹാബിറ്റേറ്റ് ഡവലപ്മെന്റ് പ്രോഗ്രാം.) ഒന്നു നമ്മുടെ പഞ്ചായത്തിലുണ്ട്. ഇത്തരം കോളനികളിലെ ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങൾ മുഴുവൻ (ഭക്ഷണം, പാർപ്പിടം, വെള്ളം, വെളിച്ചം, ഗതാഗതസൗകര്യങ്ങൾ മുതലായവ നിറവേറ്റപ്പെടണം എന്നാണ് വിവക്ഷിക്കുന്നത്.) പക്ഷെ ഈ കോളനിയിൽ പോലും ജീവിത സൗകര്യങ്ങൾ പരിമിതമാണ്.

ഈ വിഭാഗം ഇന്ന് നേടിയിട്ടുള്ള സാമൂഹ്യ പുരോഗതിയിൽ പ്രധാന പങ്ക് വഹിച്ചത് കേരളത്തിലെ അയിത്തോച്ചാടനവും ഭൂപരിഷ്ക്കരണവുമാണ്. ജൻമിയുടെ അനിഷ്ടത്തിന് വിധേയനായാൽ

സ്വന്തം കൂരപോലും നഷ്ടപ്പെട്ടിരുന്ന അവസ്ഥക്ക് അങ്ങിനെ മാറ്റം വന്നു. പക്ഷെ അങ്ങിനെ ലഭിച്ച പത്ത് സെന്റ് ഭൂമി വീണ്ടും വീണ്ടും വിഭജിക്കപ്പെട്ടു. സാമൂഹ്യമായ പിന്നോക്കാവസ്ഥക്ക് ഒരു ചെറിയ മാറ്റം സംഭവിച്ചിട്ടുണ്ടെങ്കിലും വിദ്യാഭ്യാസരംഗത്തും, തൊഴിൽ രംഗത്തും മറ്റും ഇന്നും നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു.

നാലു വിധത്തിൽ പെട്ട സ്കീമുകളാണ് ഈ വിഭാഗക്കാർക്ക് വേണ്ടി ഇന്ന് പ്രധാനമായും നടപ്പിലാക്കി വരുന്നത്.

1. വരുമാനം വർദ്ധിപ്പിക്കാനുള്ള സ്കീം.
2. പ്രാദേശിക പശ്ചാത്തല വികസനത്തിന് സഹായിക്കുന്ന കമ്മ്യൂണിറ്റി ബെനിഫിഷറി സ്കീം.
3. ആരോഗ്യ വിദ്യാഭ്യാസ രംഗത്തെ ആനുകൂല്യങ്ങൾ.
4. ഗ്രാമീണ തൊഴിൽദാന പദ്ധതികൾ (JRY പോലുള്ള)

ഇത്തരം പദ്ധതികൾ നടപ്പിലാക്കപ്പെട്ടിട്ടും പട്ടികജാതി വിഭാഗം വിവിധ രംഗങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ വിശകലന വിധേയമാക്കേണ്ടതുണ്ട്.

## വിദ്യാഭ്യാസം

പഴയ തലമുറയിൽ നിരക്ഷരർ ഏറെയുണ്ട്. പുതിയ തലമുറ സാക്ഷരരാണെങ്കിലും ഉന്നത വിദ്യാഭ്യാസം നേടിയവർ അംഗുലീപരിമിതമാണ്. വിദ്യാഭ്യാസം നേടുന്നതിന്നുള്ള പ്രചോദനത്തിന്റെയും സാഹചര്യത്തിന്റെയും അഭാവവും ധാരാളമുണ്ട്. വീട്ടിൽ പഠന സൗകര്യമില്ലായ്മയും പഠനത്തിൽ സഹായിക്കുന്നതിൽ രക്ഷിതാക്കളുടെ കഴിവില്ലായ്മയും പ്രധാന പ്രശ്നങ്ങളാണ്. SSLC വിജയിച്ചവരെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കാണാമെങ്കിലും പരിമിതമായ മാർക്കേ അവർക്ക് നേടുവാൻ സാധിച്ചിട്ടുള്ളൂ എന്നു കാണാം. ക്ലാസുകളിൽ പരാജയം ഏറ്റുവാങ്ങേണ്ടി വരുന്നവർ തുടർന്ന് പഠിക്കുവാൻ താൽപ്പര്യം കാണിക്കാത്തതിനാൽ വിദ്യാലയങ്ങളിലെ കൊഴിഞ്ഞു പോക്കിൽപെടുന്നവരിൽ ഒരു നല്ല ഭാഗം ഈ വിഭാഗത്തിൽ പെടുന്നവരാണ്.

## തൊഴിൽ

കാർഷിക രംഗത്തെ തകർച്ച ഈ രംഗത്ത് തൊഴിലിൽ കേന്ദ്രീകരിച്ചിരുന്ന പട്ടിക ജാതി വിഭാഗത്തിന്റെ തൊഴിൽ തട്ടിത്തെറിപ്പിച്ചതിനെ തുടർന്ന് നിലനിൽപ്പിന്ന് വേണ്ടി മറ്റു തൊഴിൽ രംഗങ്ങളിലേക്ക് കടക്കുവാൻ അവരെ പ്രേരിപ്പിച്ചു. കാർഷിക രംഗത്തെ തകർച്ചക്ക് പരിഹാരം കാണുവാൻ കഴിഞ്ഞാൽ അതിലൂടെ ഈ വിഭാഗത്തിന്റെ തൊഴിലവസരം വർദ്ധിപ്പിക്കാൻ ഇടയാകും. ഈ വിഭാഗം സ്ത്രീകളുടെ കൈത്തൊഴിലായിരുന്ന പായനെയ്ത്ത്, കൊട്ട നിർമ്മാണം, എന്നിവയും വിൽപ്പനയിൽ അനുഭവപ്പെടുന്ന പ്രയാസങ്ങൾ നിമിത്തം തകരാനിടയായി. തന്നിമിത്തം പാരമ്പര്യമായി ആർജ്ജിച്ച വൈദഗ്ധ്യം വേരറ്റു പോകുന്ന സ്ഥിതിയാണുള്ളത്. ഗ്രാമീണ ചന്തകളുടെ സംഘാടനം ഈ രംഗത്ത് വിപണന സാധ്യത വർദ്ധിപ്പിക്കുവാൻ ഉതകും.

## പാർപ്പിടം

കോളനികളിൽ താമസിക്കുന്നവരിലും അല്ലാത്തവരിലും പാർപ്പിടത്തിന്റെ അഭാവവും അസൗകര്യങ്ങളും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ചെറ്റക്കുടിലിൽ നിന്നും ഒരു പരിധിവരെ മോചനം നേടാൻ സർക്കാർ പദ്ധതികൾ സഹായിച്ചിട്ടുണ്ടെങ്കിലും ഒരു വീട്ടിൽ തന്നെ നിരവധി കുടുംബങ്ങൾ താമസി

ക്കേണ്ട അവസ്ഥ നിലവിലുണ്ട്. കോളനികളിൽ തന്നെ കക്കൂസ്, വെള്ളം, വെളിച്ചം, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥയുണ്ട്.

### പഞ്ചായത്തിലുള്ള പട്ടിക ജാതി കോളനികൾ

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് |
|---|---|---|---|---|---|
| 1 | 2 | പരത്തിക്കുന്ന് | 6 | 6 | ചാത്തനാംകുനി |
| 2 | 2 | വെള്ളാമ്പാട്ട് | 7 | 9 | തെക്കെപൊയിൽ |
| 3 | 3 | കിഴക്കെ മലയിൽ | 8 | 7 | പാണലിൽ |
| 4 | 3 | തെക്കെ ചാലിൽ | 9 | 7 | നെടുവയൽക്കുനി |
| 5 | 4 | അരങ്ങിൽ | 10 | 7 | വഴുതിനിപ്പാടം |

### അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടവ

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് |
|---|---|---|
| 1 | 1 | വെള്ളാക്കോട്ട് താഴെ |
| 2 | 4 | പുഞ്ചവയൽ |
| 3 | 9,5 | തെക്കെ കൊളക്കാട് |
| 4 | 10 | ശാന്തി നഗർ |
| 5 | 11 | കല്ലടത്താഴെ |
| 6 | 11 | കുന്നിയിൽത്താഴെ |

### *പ്രശ്നങ്ങൾ*

1. മിക്ക കോളനികളും വൈദ്യുതീകരിച്ചിട്ടില്ല. വൈദ്യുതീകരിച്ച കോളനിയിൽ തന്നെ എല്ലാ വീടുകൾക്കും വൈദ്യുതി ലഭിച്ചിട്ടില്ല.
2. കോളനികളിൽ കുടിവെള്ള പ്രശ്നം രൂക്ഷമാണ്.
3. പട്ടിക ജാതിയിൽ പെട്ടവരുടെ തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നു.
4. JRY പോലുള്ള പദ്ധതികൾ റോഡുനിർമ്മാണത്തിൽ കേന്ദ്രീകരിച്ചതിനാൽ ഈ പദ്ധതികളുടെ പ്രയോജനം പട്ടികജാതിയിൽ പെട്ടവർക്ക് കിട്ടുന്നില്ല.
5. കോളനികൾക്ക് പുറത്ത് താമസിക്കുന്ന ഈ വിഭാഗക്കാർക്ക് വീട് നിർമ്മാണത്തിന് ആവശ്യമായ സഹായ ധനം ലഭിക്കുന്നില്ല.
6. വീടുവെക്കാൻ ആവശ്യമായ ഭൂമിയില്ലാത്ത നിരവധി പട്ടികജാതികുടുംബങ്ങൾ ഉണ്ട്.

7. വിദ്യാഭ്യാസത്തിന്നാവശ്യമായ സൗകര്യങ്ങൾ ലഭിക്കുന്നില്ല. സ്കൂളിലെ കൊഴിഞ്ഞുപോക്ക് ഈ വിഭാഗത്തിൽ ധാരാളമുണ്ട്.

8. അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും ഈ വിഭാഗത്തിൽ ധാരാളമുണ്ട്.

9. കോളനികളിൽ ഗതാഗതസൗകര്യങ്ങൾ പരിമിതമാണ്.


*സാധ്യതകൾ*

1. പട്ടിക ജാതിയിൽ പെട്ട കുടുംബങ്ങൾക്ക് ടാപ്പ് കണക്ഷൻ നൽകുന്ന വിധത്തിൽ പഞ്ചായത്തിൽ ശുദ്ധ ജലവിതരണ പദ്ധതികൾ ആരംഭിക്കുക.


2. കാർഷിക രംഗത്തെ മുരടിപ്പ് മാറ്റുവാൻ ഉതുകുന്ന പദ്ധതികൾക്ക് രൂപം നൽകിക്കൊണ്ട് ഈ രംഗത്ത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക. പായ നെയ്ത്ത്, കരകൗശല വസ്തുക്കൾ ഇവയുടെ നിർമ്മാണം വ്യാവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.യും വിപണി കണ്ടെത്തുന്നതിന് ഗ്രാമ ചന്തകൾ സംഘടിപ്പിക്കുകയും ചെയ്യുക.

3. J.R.Y പോലുള്ള ഗ്രാമീണ തൊഴിൽദാന പദ്ധതികൾ, പട്ടികജാതിക്കാർക്ക്, വീടുനിർമ്മിക്കുന്നതിനും പഞ്ചായത്തിൽ കുടിവെള്ളം എത്തിക്കുന്നതിനും കേന്ദ്രീകരിക്കുന്ന വിധത്തിൽ പുന:സംഘടിപ്പിക്കുക.

4. കോളനികൾ കേന്ദ്രീകരിച്ച് അംഗൻ വാടികൾ സ്ഥാപിക്കുക. 5. പട്ടിക ജാതി വിഭാഗത്തിൽ പെട്ട കുട്ടികൾക്ക് പഠന സൗകര്യങ്ങൾ അനുവദിക്കുക. (ട്യൂഷൻ നൽകുന്നതിനായി പഞ്ചായത്തിലെ അഭ്യസ്ത വിദ്യരുടെ സഹായം ലഭ്യമാക്കുക) 6. എല്ലാ കോളനികളിലും ടി.വി. സെററുകൾ അനുവദിക്കുക. ബോധവൽക്കരണ പ്രവർത്തനങ്ങൾ കോളനികളിൽ കേന്ദ്രീകരിക്കുക. 7. പഞ്ചായത്തിലെ പട്ടികജാതി കോളനികളിലേക്ക് ഗതാഗത സൗകര്യങ്ങൾ ഉണ്ടാക്കുക. 8. തൊഴിൽ അഭ്യസിച്ചവർക്ക് തൊഴിൽ ഉപകരണങ്ങൾ നൽകുക. 9. തിരുവങ്ങൂർ ഹരിജൻ വെൽഫയർ സൊസൈറ്റി അഭിവൃദ്ധിപ്പെടുത്തുക.



120



# ചേമഞ്ചേരിയുടെ കലാസാംസ്ക്കാരിക പൈതൃകം

സമുജ്വലമായ ഒരു വർത്തമാനകാല ചരിത്രമാണ് ചേമഞ്ചേരിക്ക് പറയാനുള്ളത്. സ്വാതന്ത്ര്യസമരത്തിന്റെ വീരഗാഥകൾ വിരചിച്ച ഈ ഗ്രാമം ഭാരതത്തിന്റെ രാഷ്ട്രീയ ഭൂപടത്തിൽ സൗരപ്രഭവിതറുന്ന കേന്ദ്രങ്ങളിലൊന്നാണ്. നവോത്ഥാനത്തിന്റേയും സാമൂഹ്യോൽബുദ്ധതയുടേയും വിജയഗീതികളും നമുക്ക് ഓർക്കാനുണ്ട്.

ഹിന്ദുക്കളും മുസ്ലീങ്ങളുമാണ് ചേമഞ്ചേരിയിലെ പ്രധാന മതവിഭാഗങ്ങൾ. മതങ്ങൾ തമ്മിൽ സൗഹാർദ പൂർണമായ സഹവർത്തിത്വത്തിന്റെ ഓർമകളേ നാട്ടുകാർക്കുള്ളൂ.

കാപ്പാട് ജുമാഅത്ത്പള്ളി വളരെ പ്രാചീനമാണ്. പുരാതനമായ ഒരു ശിലാലിഖിതം ഇവിടെയുണ്ട്. ഇതിന്റെ പൊരുൾ വ്യാഖ്യാനിച്ചെടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ചീനച്ചേരിപ്പള്ളിയും വളരെ പുരാതനമാണ്.

മററുപ്രധാന മുസ്ലീം ആരാധനാലയങ്ങൾ താഴെപറയുന്നവയാണ്.

മാക്കാംപള്ളി, ഷേക്ക്പള്ളി, വെങ്ങളം പള്ളി , പൂക്കാട്പള്ളി വയലിൽ പള്ളി, കാപ്പാട് മുജാഹിദ്പള്ളി, വെററിലപ്പാറപ്പള്ളി, കൊളക്കാട് പള്ളി, കളത്തിൽ പള്ളി, കണ്ണംകടവ്, കോരപ്പുഴ, ഉമ്മർകണ്ടിപ്പള്ളി മുതലായവയാണ്.

സാമൂതിരിയുടെ അധീശത്വത്തിന്റെ തെളിവുകളുമായി നിലക്കൊള്ളുന്ന കാഞ്ഞിലശ്ശേരി ശിവക്ഷേത്രം പുരാതനവും പ്രസിദ്ധവുമാണ്. നൂററാണ്ടുകൾപ്പുറം തകർക്കപ്പെട്ടതും 50 വർഷത്തിനിപ്പുറം ജീർണോദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയതുമായ നരസിംഹപാർഥസാരഥിക്ഷേത്ര സമുച്ചയം പുരാതനവും ഇന്ന് ദേശീയ പാതയിൽ ഏററവും ശ്രദ്ധേയവുമാണ്.

പ്രധാനപ്പെട്ട മറ്റു ഹിന്ദുദേവാലയങ്ങൾ താഴെപറയുന്നവയാണ്. വെങ്ങളം ഹംസകുളങ്ങരക്ഷേത്രം, കാവിൽകോട്ടക്ഷേത്രം, പള്ളിയറയ്ക്കൽ ക്ഷേത്രം, എടവനക്കണ്ടിക്ഷേത്രം, ക്ഷേത്രപാലൻ കോട്ട, ഒറപൊട്ടും കാവ്, തിരുവങ്ങൂർ മഹാഗണപതിക്ഷേത്രം, കുഞ്ഞികുളങ്ങര മഹാഗണപതിക്ഷേത്രം, കന്നിമഠം ക്ഷേത്രം. മാപ്പിളകണ്ടിക്ഷേത്രം, വെള്ളാരിക്ഷേത്രം, ചോഴിയേക്കാട്ട് ക്ഷേത്രം, കുനിയേടത്ത് ക്ഷേത്രം, ആറുകണ്ടത്തിൽ ക്ഷേത്രം, പുതിയോട്ടിൽ ക്ഷേത്രം, പൊന്മനക്ഷേത്രം, പിച്ചകച്ചേരിക്ഷേത്രം, ആശാരികണ്ടിക്ഷേത്രം, അരിക്കിലാടത്ത് ക്ഷേത്രം, അയ്യപ്പൻകാവ്, ദാരംപറമ്പത്ത്, മള്ളിക്കണ്ടിക്ഷേത്രം, തിരുവങ്ങൂർ യോഗാനന്ദാശ്രമവും പൂക്കാട് മൗനഗുരുസമാധി മഠവും ശ്രദ്ധേയമായ സാംസ്കാരിക കേന്ദ്രങ്ങളായിരുന്നു. യോഗാനന്ദാശ്രമത്തിൽ സൗജന്യസംസ്കൃതപഠനവും മററും നടന്നപ്പോൾ മൗനഗുരു സമാധിമഠം സ്വാതന്ത്ര്യസമരതന്ത്രങ്ങളുടെ രഹസ്യകാര്യാലോചനകേന്ദ്രങ്ങളിലൊന്നായിരുന്നു.

എഡനിൽനിന്നുവന്നവരും വൈദേശികബന്ധത്തിന്റെ പൈതൃകം തെളിവായുമുള്ള ഏതാനുംപേർ കാപ്പാട് പ്രദേശത്ത് സ്ഥിരതാമസക്കാരായുണ്ട്. 70കഴിഞ്ഞിട്ടും ബാല്യകാലത്തു പഠിച്ച ഇംഗ്ലീഷി തിരിച്ചറിയാവുന്ന വൃദ്ധയും ജിഫ്രിത്തങ്ങളും മററും വ്യത്യസ്തമായ സംസ്കാരത്തിന് തെളിവാണ്.,

കാഞ്ഞിലശ്ശേരി ശിവക്ഷേത്രം, ഹംസകുളങ്ങര ശിവക്ഷേത്രം എന്നിവിടങ്ങളിലെ ശിവരാത്രി മഹോത്സവവും മലബാറിൽ അപൂർവമെന്ന് വിശേഷിപ്പിക്കാവുന്ന നരസിംഹപാർഥസാരഥിക്ഷേത്രത്തിലെ രഥോത്സവവും തിരുവങ്ങൂർ, പൂക്കാട് ഗണപതിക്ഷേത്രോത്സവങ്ങളും മററുക്ഷേത്രങ്ങളിലെ തിറയുത്സവങ്ങളും പിഷാരികാവ് ക്ഷേത്രത്തിലേക്കുള്ള ആഘോഷവരവുകളും നാടിന്ന് ഉണർവും ചൈതന്യവും കൂട്ടായ്മയും പ്രദാനംചെയ്യുന്നു.

വെങ്ങളത്തെ ഹംസകുളങ്ങരക്ഷേത്രവും തൊട്ടുരുമ്മിയെന്നോണം തലയുയർത്തിനിൽക്കുന്ന മുസ്ലീം പള്ളിയും ശംഖനാദവും തഖ്ബീർധ്വനിയും ഏകശ്രുതിയിൽ സമന്വയിച്ച് സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും നിദർശനങ്ങളായി നിലക്കൊള്ളുന്നു.

പെരുന്നാളും തിരുവോണവും പരസ്പരം സൽക്കരിച്ചും ആശീർവദിച്ചും കഴിയുന്നവരാണ് നമ്മുടെ ഗ്രാമീണർ. വിവാഹാദികർമങ്ങളിൽ പരസ്പരം ക്ഷണിച്ചും പങ്കെടുത്തും സൗഹൃദത്തിന്റെ അന്തരീക്ഷം വിപുലമായി വരുന്നു.

ജാതിവ്യവസ്ഥയുടെ അറപ്പുളവാക്കുന്ന ചരിത്രം ചേമഞ്ചേരിക്കുമുണ്ട്. അവർണർക്കും സഞ്ചാരത്തിന് നിർദ്ദിഷ്ട വഴികളുണ്ടായിരുന്നു. കൊയ്തുകഴിഞ്ഞ് നെല്ല് പത്തായത്തിലെത്തുവോളം സവർണഗൃഹങ്ങളിൽ പുലയർ ജോലികളിലേർപ്പെട്ടാൽ മററു സവർണർ പടികയറിവന്നു തീണ്ടിപ്പോകാതിരിക്കാനുള്ള അടയാളമായി കോണിക്കുതാഴെ കട്ടയും തോലും വയ്ക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. എന്നാൽ കർഷകന്റെ കളവും പത്തായവും നിറയാൻ, കാലത്ത് കതിരറുത്ത് വന്ന് മുളങ്കാലിൽ കെട്ടിപ്പൊക്കി 'പൊലിപൊലിയോ' എന്ന് കളം പെരുക്കുന്നത് കർഷകത്തൊഴിലാളിമുഖ്യനായ പുലയനായിരിക്കും. ക്ഷേത്രത്തിലേക്ക് കൊണ്ടുപോകുന്ന വഴിപാടുകൾ താഴ്ന്നജാതിക്കാർ തീണ്ടി അശുദ്ധമാക്കിയാൽ മാപ്പിളയെക്കൊണ്ടുതൊടീച്ച് ശുദ്ധമാക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. എന്നാൽ ഒരു മുസ്ലീം ശവംകണ്ടാൽ ആ പാപം തീരാൻ ആയിരം പുലയ ശവം കാണണമെന്നും വിശ്വസിച്ചിരുന്നു. അഞ്ചാറു ദശാബ്ദങ്ങൾക്കുമുമ്പ് സാമൂഹ്യപരിഷ്ക്കരണത്തിൻരെ ഭാഗമായി പന്തിഭോജനവും ഐത്തോച്ചാടനവും പ്രോത്സാഹിപ്പിച്ച ഒരു പ്രസ്ഥാനം നാട്ടിൽ നിലവിലുണ്ടായിരുന്നു. അതുമായി ബന്ധപ്പെട്ടവരെ യാഥാസ്ഥിതികർ മർദ്ദിച്ചവശരാക്കിയിരുന്നതായും കേട്ടറിവുണ്ട്.

നായന്മാർ, തിയ്യർ, ശാലിയർ, പുലയർ, പറയർ, മലയർ, വാണിയർ, മുക്കുവൻ, മുകയൻ, നമ്പൂതിരി, നമ്പീശൻ, മാരാർ, മാര്യാൻ, വാരർ, മണ്ണാൻ, പെരുവണ്ണാൻ, പരവൻ, പാണൻ, പരവൻ, ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ, കൊറവർ, വെളുത്താടൻ, വിളക്കത്തലവ തുടങ്ങിയവരാണ് ഇവിടുത്തെ പ്രധാനജാതിക്കാർ.

നാട്ടുകോയ്മകളും വൻകിട തറവാട്ടുകാരും ജന്മിമാരും രണ്ടുനേരവും പഴയരിച്ചോറുണ്ട് സുഭിക്ഷതയോടെ ജീവിച്ചപ്പോൾ സാമാന്യജനങ്ങളുടെ പ്രധാനഭക്ഷണം കപ്പയും നെല്ലിക്കയരച്ചു പാകം ചെയ്യുന്ന മത്തിയും മാത്രമായിരുന്നു. ഒരുനേരം കഞ്ഞികുടിക്കാൻ വകയുള്ളവർ നന്നെ കുറവായിരുന്നു.

സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊണ്ട കാലഘട്ടത്തിൽ ദേശീയ ബോധത്തിന്റെ ആവേശം നമ്മുടെ ഗ്രാമത്തിലും അതിശക്തമായി അലയടിച്ചു. സാഹസികരും അഭിമാനികളുമായ ചെറുപ്പക്കാർ എന്തു ത്യാഗവും സഹിക്കാൻ തയ്യാറായിരുന്നു. മററു പ്രദേശങ്ങൾക്ക് മാതൃകയെന്നോണമാണ് പൂക്കാട് കേന്ദ്രമാക്കി സമരതന്ത്രങ്ങൾ ആവിഷ്കരിച്ചത്. കേളപ്പജിയുടെ മകൻ പരേതനായ കുഞ്ഞിരാമൻ കിടാവിന്റേയും മററും സാങ്കേതികോപദേശത്തോടെ രഹസ്യകേന്ദ്രങ്ങളിൽവച്ച് മാറിമാറി സ്വതന്ത്രഭാരതം എന്ന പത്രം ഇവിടെവച്ച് അച്ചടിച്ചിരുന്നു. പോലീസിന്റെ പിടിയിലകപ്പെടുമെന്നായപ്പോൾ അവസാനം അച്ചുകൂടം കുളത്തിൽ താഴ്ത്തി.

ക്വിററ് ഇന്ത്യാ സമരത്തിന്റെ ഭാഗമായി 1942 ആഗസ്ത് 19ന് ചേമഞ്ചേരി റജിസ്ട്രാഫീസ്, ചേമഞ്ചേരി തീവണ്ടിയാപ്പീസ്സ്, തിരുവങ്ങൂർ തീവണ്ടിയാപ്പീസ് വില്ലേജാപ്പീസ് എന്നിവ ഒരു രാത്രികൊണ്ട് അഗ്നിക്കിരയാക്കിയ സമരനായകന്മാർ ഇന്നാട്ടുകാരായിരുന്നു. നീണ്ടകാലം ജയിൽ ശിക്ഷയും മർദ്ദനങ്ങളുമേൽക്കേണ്ടിവന്ന സമരനായകന്മാർക്കും അവരുടെ കുടുംബക്കാർക്കും സമാധാനത്തോടെ പൊറുക്കാൻ പോലീസ് അവസരം കൊടുത്തില്ല. ശ്രീ.തിക്കോടിയന്റെ 'അരങ്ങുകാണാത്ത നടനി'ലും ഉത്തരായനം സിനിമയിലും ഈ പ്രദേശത്തെക്കുറിച്ച് പരാമർശമുണ്ട്.

കിററ് ഇന്ത്യ സമരത്തിന്റെ സ്മാരകമായി ചേമഞ്ചേരി റജിസ്ററർ ആപ്പീസിനു സമീപം പണിത സ്മാരകസ്തൂപം ചേമഞ്ചേരിയിലെ അറിയപ്പെടുന്നവരും അല്ലാത്തവരുമായ സ്വാതന്ത്ര്യസമരസേനാനികളുടെ ഓർമ്മക്കായി സമർപ്പിക്കപ്പെട്ടതാണ്. സ്മാരകത്തിൽ പ്രത്യേകം പേർ രേഖപ്പെടുത്തിയ സമരസേനാനികൾ താഴെ പറയുന്നവരാണ്. സർവശ്രീ കുറത്തിശാലയിൽ മാധവൻനായർ, കെ.വി.മാധവൻ കിടാവ്, കാരോളി അപ്പുനായർ, കാരോളി ഉണ്ണിനായർ, യു.കെ.കൃഷ്ണൻനായർ, തറയിൽ ഉണ്ണിനായർ എന്നിവർ. സ്വാതന്ത്ര്യത്തിന്റെ ബലിപീഠത്തിൽ പ്രത്യക്ഷമായും പരോക്ഷമായും ആത്മസമർപ്പണം നടത്തിയ ഒട്ടനവധി പേരുണ്ട്. അവരെ ആദരപൂർവം സ്മരിക്കാനേ നമുക്ക് കഴിയൂ.

പെൺകുട്ടികൾ ഋതുമതികളാകുന്നതിനുമുമ്പ് നമ്പൂതിരിയെകൊണ്ട് താലികെട്ടിക്കൽ, ഋതുമതികളായാൽ ആർഭാടപൂർവം നടത്തുന്ന തിരണ്ടുകല്യാണം, കല്യാണത്തിന് പുകയിലകൊണ്ടുപോകൽ, താഴ്ന്ന ജാതിക്കാർക്ക് ക്ഷേത്രദർശനം തടയൽ, കല്യാണത്തിനും മററും ക്ഷണിക്കപ്പെടുന്നവരെ തട്ടുകളാക്കി തരംതിരിച്ച് ചോറും വിഭവങ്ങളും പ്രത്യേകം വിതരണം ചെയ്യുന്ന രീതി, ക്ഷണിക്കപ്പെടാത്തവരെ പറമ്പിലിരുത്തി ചോറും ചക്കക്കറിയും മാത്രം കൊടുത്ത് ദാനംചെയ്ത ഉദ്വേഗത്തോടെ ആട്ടിയോടിക്കൽ തുടങ്ങി ഒട്ടനവധി അനാചാരങ്ങൾ മുപ്പതുകൊല്ലം മുമ്പ് വരെ ഇവിടെ നിലനിന്നിരുന്നു.

പ്രമുഖരായ വൈദ്യന്മാരും മന്ത്രവാദികളും ഈ ഗ്രാമത്തിന്റെ ആവേശവും അഭിമാനവുമായി ജീവിച്ചിരുന്നു. പ്രശസ്ത വൈദ്യനും മന്ത്രവാദിയുമായിരുന്ന ഒറവങ്കര ചന്തുനായർ ഇന്ദ്രജാലം, മഹേന്ദ്രജാലം എന്നിവ കൂടി വശമാക്കിയിരുന്നത്രെ. ഇദ്ദേഹം ധനാഢ്യനും സ്ഥാനികളുമായ കാരം വെള്ളികുറുപ്പന്മാരുടെ ആസ്ഥാന വൈദ്യനായിരുന്നു. ഇദ്ദേഹത്തിന്റെ ശിഷ്യനായ കോയാമുട്ടി വൈദ്യർ, കോയോട്ടിവൈദ്യർ ഹന്നിവരും പ്രസിദ്ധരാണ്. എരിവൈദ്യർ, ഇമ്പിച്ചേക്കുവൈദ്യർ കല്ലുംപുറത്ത് ചാത്തുവൈദ്യർ, ഹുസൈൻവൈദ്യർ , കോയക്കൽമൊയ്തുവൈദ്യർ, പിലാക്കണ്ടി കുട്ടിരാമൻനായർ, കുഞ്ഞിക്കണാരൻനായർ എന്നിവരും പേരുകേട്ട വൈദ്യന്മാരായിരുന്നു. ഒറവങ്കര ചന്തുനായരുടെ അനിയൻ ചാത്തുനായർ ശിശുരോഗ വിദഗ്ധനായിരുന്നു. ശിശുക്കൾക്കു വരുന്ന ചില പ്രത്യേക രോഗങ്ങൾക്ക് അമ്മമാർക്കു ലഘു ചികിത്സനൽകി മുലപ്പാൽ വഴി രോഗം മാറ്റുന്ന സമ്പ്രദായവും ഇദ്ദേഹത്തിന് ഉണ്ടായിരുന്നത്രെ. അപസ്മാരചികിത്സയും ബാലചികിത്സയും നടത്തിയ ചെക്കിണിവൈദ്യരുടെ സേവനവും സതുത്യർഹമായിരുന്നു. പൂക്കാട് കോരൻ വൈദ്യർ, പെരുളി ചെറിയ ഉണ്ണിക്കുറുപ്പ് എന്നിവരും നാടിന് സേവനം സമർപ്പിച്ചവരായിരുന്നു.

പെരുളി ശങ്കരക്കുറുപ്പ് പ്രസിദ്ധ വിഷ വൈദ്യനായിരുന്നു. ശങ്കരക്കുറുപ്പിന്റെ ശിഷ്യരായി മുസ്ലീം, ക്രിസ്ത്യൻ,ഹിന്ദു മതവിഭാഗങ്ങളിപ്പെട്ട പേരുകേട്ട ചികിത്സകരുണ്ടായിരുന്നു. കുന്നിമഠത്തില്ലത്ത് വിഷ്ണുണ്ണി നമ്പൂതിരി ബാലചികിത്സക്കും വിഷവൈദ്യത്തിനും പേരുകേട്ട ആളായിരുന്നു.

ഗ്രാമം മുഴുക്കെ അംഗീകരിച്ച തുവ്വയിൽ കുഞ്ഞിപ്പാട്ടിഅമ്മ പേരെടുത്ത് വയറ്റാട്ടിയായിരുന്നു. പരവസമുദായത്തിൽപ്പെട്ട ചില സ്ത്രീകളും മററു ജാതിക്കാരായ സ്ത്രീകളും കഴിവുറ്റ വയററാട്ടിമാരായി ഈ നാട്ടിൻപുറത്തുണ്ടായിരുന്നു. മരുന്നുകൾ നൽകിയും ക്രൂരവും പ്രാകൃതവുമായ രീതികൾ സ്വീകരിച്ചും ഗർഭമലസിപ്പിക്കുന്ന സമ്പ്രദായവും ഇവിടെ നിലനിന്നിരുന്നു.

സംസ്കൃതത്തിൽ 'സാഹിത്യശിരോമണി' ബിരുദം നേടിയ കുഞ്ഞിക്കണ്ണൻ വൈദ്യർ പണ്ഡിതനും 'ഉപനിഷത്തുക്കളിലെ പതിന്നാലുരത്നങ്ങൾ' എന്ന കൃതിയുടെ കർത്താവുമാണ്. സുമാർ ഇരുപത് കൊല്ലംമുമ്പാണ് ഇദ്ദേഹം മരിച്ചത്. സൗജന്യമായി ഹോമിയോ ചികിത്സനടത്തിയിരുന്ന സ്വാതന്ത്ര്യസമരസേനാനി മമ്മിളി കേളപ്പൻ നായരുടെ സേവനവും ജനഹൃദയങ്ങളിലുണ്ട്.

കോൽക്കളിരംഗത്ത് പേരുകേട്ട കുന്നുമ്മൽ രാവുണ്ണിനായരാശാൻ മഹാമാന്ത്രികൻകൂടിയായിരുന്നു. പൊൻതോട്ട് രാവുണ്ണിനായരിൽനിന്ന് മന്ത്രവാദം പഠിച്ച ഇയാൾ പല പ്രമുഖരേയും തോല്പിച്ചിരുന്നത്രേ. മാടായിപ്പീടിക, വെററിലപ്പാറയിൽ, വരിക്കോളി തുടങ്ങിയ സ്ഥലങ്ങളിൽ കോൽക്കളിപ്പന്തലുകൾ ഉണ്ടായിരുന്നു. മഹാഭാരതം കഥയെ അടിസ്ഥാനമാക്കി രചിച്ച രാജസൂയവും കോലില്ലാതെ കളിക്കുന്ന ചുവടുകളിയും മററും പ്രസിദ്ധമാണ്. മുസ്ലീം, പുലയ വിഭാഗങ്ങളുടെ കോൽക്കളിയും പ്രചാരത്തിലുണ്ടായിരുന്നു. നിരക്ഷരനെങ്കിലും ധാരാളം പാട്ടുകൾ മനപ്പാഠമായിരുന്ന പാടത്തു കുനിരായൻ പേരെടുത്ത കോൽക്കളിയാശാനായിരുന്നു.

നാടൻ പാട്ടുകളുടെ മഹത്തായ പാരമ്പര്യം തന്നെ ഈ ഗ്രാമത്തിനുണ്ട്. മലയ സമുദായക്കാരാണ് ഇവരിൽ പ്രമുഖർ. ഗർഭിണികൾക്കു നടത്തുന്ന ബലിക്കളം, പുള്ളികുടി എന്നീ ചടങ്ങുകളിൽ സംഗീതം പ്രധാന

മാണ്. അരിപ്പറയുടേയും കിണ്ണത്തിന്റേയും താളമേളങ്ങളിൽ ഉച്ചസ്ഥായിയിൽ പാടുന്ന ഈ പാട്ടുകളും അനുബന്ധകർമങ്ങളും ഗർഭിണികളുടെ ഭയാശങ്കകൾ നീക്കാനായിരുന്നു. നാടുനീളെ സഞ്ചരിച്ച് നാഗദോഷം തീർത്തും മന്ത്രച്ചരടുകെട്ടിയും ഉപജീവനം കഴിച്ച അമ്മിണിഅമ്മ, ചെറിയോഞ്ഞൻ, പൊക്കായി, കുഞ്ഞാണ്ടി, ചെറിയോഞ്ഞന്റെ അമ്മ എന്നിവർ നല്ല ഗായകരായിരുന്നു. പുരുഷന്മാർക്കു നടത്തുന്ന എണ്ണമന്ത്രം എന്ന കർമ്മവും മലയർ നടത്തിയിരുന്നു.

പെരുമഴയത്തും പൊരിവെയിലത്തും മതിമറന്ന് പാടി മണ്ണിൽ പൊന്നുവിളയിച്ച ആയിരക്കണക്കിൽ സ്ത്രീപുരുഷഗായകന്മാർ വിവിധ സമുദായക്കാരായുണ്ട്. വടക്കൻപാട്ടുകളും ഒട്ടനവധി നാടൻപാട്ടുകളും ചുണ്ടിൽനിന്ന് ചുണ്ടിലേക്കും ഹൃദയത്തിൽനിന്ന് ഹൃദയത്തിലേക്കും പകർന്ന് ഇന്നും നിലനില്ക്കുന്നുണ്ട്.

ഈ ഗ്രാമത്തിന്റെ അഭിമാനമായി ഇപ്പോഴും സംഗീതസപര്യ നടത്തിക്കൊണ്ടിരിക്കുന്ന പ്രമുഖ സംഗീതാചാര്യനാണ് ശ്രീ.മലബാർ സുകുമാരൻ ഭാഗവതർ. 50 വർഷംമുമ്പ്, ഭാര്യയുടെ ചികിത്സാർത്ഥം ഒളവണ്ണയിൽനിന്ന് ചെക്കിണിവൈദ്യരുടെ അടുത്തെത്തി ഈ ഗ്രാമത്തിന്റെ ജീവനായി മാറിയ സുകുമാരൻ ഭാഗവതർക്ക് ആയിരക്കണക്കിൽ ശിഷ്യന്മാരുണ്ട്. ശാസ്ത്രീയ സംഗീതാസ്വാദനത്തിന് ജനസാമാന്യത്തെ സജ്ജമാക്കുന്നതിൽ ഇദ്ദേഹം കൈവരിച്ച നേട്ടം മഹത്തരമാണ്.

കേരളസംഗീതനാടക അക്കാദമി അവാർഡ് ജേതാവും പ്രശസ്ത നാട്യാചാര്യനുമായ ഗുരുചേമഞ്ചേരി കുഞ്ഞിരാമൻനായരുടെ സേവനവും വളരെക്കാലമായി ചേമഞ്ചേരിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു.

കേരളസംഗീതനാടക അവാർഡ് നേടിയ ശ്രീ.അഹമ്മദ്കുട്ടി മുസലിയാരും നമ്മുടെ പഞ്ചായത്തിലാണ്. മുസ്ലീങ്ങളുടെ തനതു കലയായ ദഫ്മുട്ടിന്റെ പ്രചാരണത്തിന് ഇദ്ദേഹം നടത്തിയ ശ്രമങ്ങൾ പ്രശംസനീയമാണ്. ഓപ്പാട്ട്, ദഫ്മുട്ട് പരിശീലിച്ച ധാരാളം കുട്ടികളും യുവാക്കളുമുണ്ട്.

കാഞ്ഞിലശ്ശേരി ക്ഷേത്രത്തോടനുബന്ധിച്ച് ചെണ്ടയിൽ ശ്രീ.കേശവമാരാർ, ശ്രീ.രാവുണ്ണിക്കുട്ടിമാരാർ, ശ്രീ.മദ്ദളം കൃഷ്ണൻനായർ, ശ്രീ.ഇലത്താളം കൃഷ്ണൻനായർ എന്നിവർ അറിയപ്പെടുന്ന കലാകാരന്മാരായിരുന്നു.

പുലയ സമുദായക്കാരുടെ ഇടയിൽ തുടികൊട്ട് നടപ്പുണ്ടായിരുന്നു. ജനനത്തിനും മരണത്തിനും വൈവിദ്ധ്യമാർന്ന പ്രകടനപരതയോടെ സന്തോഷവും സന്താപവും ഉദ്ഘോഷിക്കുന്നതിൽ ഇവർ നിപുണരായിരുന്നു. കുളികെട്ടെന്ന അനുഷ്ഠാന കലാരൂപവും ഇവരുടെ ഇടയിൽ നിലനിന്നിരുന്നു.

വിഷുദിവസം കുഞ്ഞികുളങ്ങര ഗണപതി ക്ഷേത്രത്തിൽ നടക്കുന്ന 'ചപ്പകെട്ട്' ഐതിഹ്യത്തിന്റെ പിൻബലമുള്ളതും രസകരവുമാണ്.

പഴയകാലത്തെ പ്രശസ്ത ചിത്രകാരനായിരുന്നു ശ്രീ.എരഞ്ഞിക്കൽ രാമൻമാസ്ററർ. ചിത്രകലാരംഗത്ത് പ്രവർത്തിക്കുന്ന യുവതലമുറയുടെ ഒരു മികച്ച നിരതന്നെ ഇന്ന് ഈ ഗ്രാമത്തിലുണ്ട്.

തച്ചുശാസ്ത്രവിദഗ്ധനായിരുന്ന ശ്രീ.കണ്ണഞ്ചേരി ഉണ്ണിആശാരി, പൊറാട്ടുനാടകസംഘവുമായി സഞ്ചരിച്ച തെയ്യക്കോപ്പു നിർമ്മാണവിദഗ്ധൻ കൂടിയായിരുന്ന ശ്രീ.മണ്ണാൻ കേളുക്കുട്ടി, കൊടുങ്ങല്ലൂർ തമ്പുരാനിൽനിന്ന് ജ്യോതിഷം പഠിച്ചുവന്ന ശ്രീ.മീത്തലെ ഒറവങ്കര കരുണാകരൻനായർ, കൊച്ചിരാജാവിന്റെ മാന്ത്രികനായിരുന്ന പണ്ഡിററ് വളപ്പിൽ കുഞ്ഞിരാൻനായർ തുടങ്ങി ഒട്ടേറെ പേരുടെ മായാത്ത സ്മരണകൾ ജനങ്ങളിലുണ്ട്.

പഴയ തമിഴ് നാടകത്തിന്റെ സ്വാധീനത്തിൽ രൂപംകൊണ്ട സംഗീത നാടകങ്ങൾ ഇവിടെയും സജീവമായി പ്രചരിച്ചിരുന്നു. ഏകദേശം 60 കൊല്ലങ്ങൾക്കുമുമ്പ്, അരങ്ങേറിയ രാമായണം ശ്രദ്ധേയമായിരുന്നു. പവിഴക്കൊടി, അല്ലിഅർജ്ജുന, സുഭദ്രാഹരണം, നല്ലതങ്ക, സദാരാമ, സ്യമന്തകം എന്നീ നാടകങ്ങൾ മുഖ്യങ്ങളാണ്.

പഞ്ചായത്തിന്റെ തെക്കൻ ഭാഗത്ത് തിയ്യസമുദായക്കാരുടെ ഇടയിൽ വട്ടക്കളി പ്രചാരത്തിലുണ്ടായിരുന്നു. ക്ഷേത്രങ്ങളിൽ തിറയാട്ടം നടത്തുന്ന പ്രമുഖ സമുദായങ്ങളായ മണ്ണാൻമാരും മലയരും ഈ ഗ്രാമത്തിലുണ്ട്. മിക്ക തറവാട്ടുക്ഷേത്രങ്ങളിലും ഇവർ 'തറ അവകാശി'കളാണ്.

ആറു ദശാബ്ദങ്ങൾക്കപ്പുറം പരദേശത്തുനിന്ന് ചേമഞ്ചേരിയിലെത്തി തിരുവാതിരക്കളിയും പാട്ടുകളും പഠിപ്പിച്ച് ഈ പ്രദേശത്തിന്റെ കലാസപര്യക്ക് ആക്കം പകർന്ന പൗലുമാസ്ററർ പഴയ തലമുറയുടെ മനസ്സിൽ ഇന്നും ജീവിക്കുന്നു.

സാമൂതിരി രാജവംശത്തിന്റെ സംഭാവനയായ കൃഷ്ണനാട്ടം കോരപ്പുഴ കടന്നുവന്നാൽ തിരുവങ്ങൂരങ്ങാടി സമീപമുള്ള ക്ഷേത്രപാലൻ കോട്ടയിൽ സേവകളിക്കണമെന്ന് കല്പനയുണ്ടായിരുന്നത്രേ. വർഷങ്ങളോളം ഈ സമ്പ്രദായം നിലനിന്നിരുന്നു.

തെങ്ങോലകൊണ്ട് ഇരട്ടോല, പലതരം കുട്ടകൾ എന്നിവ നിർമിക്കുന്നതിൽ വിരുതരായിരുന്നു തട്ടാരിക്കണ്ടി രാരുനായർ, ആലങ്ങോട്ട് കണ്ണൻനായർ തുടങ്ങിയവർ. ഈ കൗശലം വശമുള്ള വളരെകുറച്ചുപേരെ ഇന്ന് ജീവിച്ചിരിപ്പുള്ളൂ. ഇത് അടുത്ത തലമുറക്ക് കൈമാറാനുള്ള ശ്രമങ്ങൾ അനിവാര്യമാണ്.

ഒരുകാലത്ത് ഈ പഞ്ചായത്തിന്റെ ആസ്ഥാനം ഒരു പൂങ്കാവനമായിരുന്നിരിക്കാം. അതുകൊണ്ടാവാം പൂക്കാട് എന്ന വർണാഭമായ പേര് ഇതിനു കൈവന്നത്. പേര് അന്വർഥമാക്കുന്ന വിധം ദേശീയപാതയുടെ ഇരുവശങ്ങളിലും പ്രധാന റോഡുകളുടെ ഓരങ്ങളിലും പഞ്ചായത്തുവളപ്പിലും പൂമരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിക്ക് രൂപംകൊടുക്കണം. നമ്മുടെ പഞ്ചായത്തിലേക്ക് കടന്നുവരുന്നവരെ സ്വാഗതം ചെയ്യുന്ന ഈ മരങ്ങൾക്ക് 'സ്നേഹതരു' എന്ന് നമുക്ക് നാമകരണം ചെയ്യാം. മണ്ണിന്റെ ജലസംഭരണശേഷി വർദ്ധിപ്പിച്ചും പക്ഷികൾക്ക് ചേക്കേറാൻ ഇടം നൽകിയും അന്തരീക്ഷത്തിന് കുളിരുപകർന്നും ഇവ നാടിന് ഐശ്വര്യം പ്രദാനംചെയ്യും.

പാതവക്കത്ത് പാറാവുകാരെപ്പോലെ നിരന്നുനിന്ന് ഗ്രാമത്തെ കാത്ത അരയാൽ,പേരാൽ, ചെമ്പകം, പയന്, പുന്ന, കാഞ്ഞിരം തുടങ്ങിയമരങ്ങളും മാവ്, പ്ലാവ്, ഞാവൽ തുടങ്ങിയ ഫലവൃക്ഷങ്ങളും അപ്രത്യക്ഷമായി. വിവിധ കാരണങ്ങൾ കണ്ടെത്തി തണൽമരങ്ങളറുത്തുമാററിയവർ നാടിന്റെ വരദാനത്തിന്റെ കടയ്ക്കലാണ് മഴുപതിപ്പിച്ചത്. ഇന്ന് പരദേശികളായ മരങ്ങൾ ഒററയാന്മാരായി നില്ക്കുന്നു. പൂക്കാട് അങ്ങാടിക്കു തെക്കുവശത്തുണ്ടായിരുന്ന വെള്ളിപ്പഴമരം ഇന്നെവിടെയും കാണാനില്ല.

ധാരാളം കലാസമിതികളും ക്ലബുകളും ഈ പഞ്ചായത്തിലുണ്ട്. പൂക്കാട് കലാലയത്തിന് ഇതിൽ പ്രമുഖസ്ഥാനമാണുള്ളത്. 1974ൽ ആരംഭിച്ച കലാലയത്തിന് സ്വന്തമായി ഇരുനിലക്കെട്ടിടവും ഊർജ്ജസ്വലരായ പ്രവർത്തകരും കൈമുതലായുണ്ട്. ഒരു കലാസ്ഥാപനമെന്നതിലുപരി ഒരു കലാവിദ്യാലയമാണിത്. 1500 ഓളം വിദ്യാർത്ഥികൾ കലാഭ്യസനം നടത്തിക്കൊണ്ടിരിക്കുന്ന ഇവിടെ 20ഓളം അധ്യാപകരുണ്ട്. ശാസ്ത്രീയ സംഗീതം, ശാസ്ത്രീയനൃത്തങ്ങൾ, താളവാദ്യങ്ങൾ, തന്ത്രിവാദ്യങ്ങൾ, ചിത്രകല എന്നിവ പഠിപ്പിക്കുന്നതിനുപുറമെ പ്രശസ്തമായ രീതികൾ നാടൻകലാമേള, സംഗീതോത്സവം, ചിത്രകലാമത്സരം, കലോത്സവം തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികളും കലാലയം നടത്തിവരുന്നുണ്ട്.

കാലത്തിന്റെ വിളികേട്ടുണർന്ന് തനതുപ്രവർത്തനം കാഴ്ചവയ്ക്കുന്ന 'സ്മൃതി',സ്മരണ എന്നീ സംഘടനകൾ ശവസംസ്കാരച്ചടങ്ങുകൾ ഏററവും ചെലവു കുറഞ്ഞ രീതിയിൽ നടത്താനും സൗജന്യമായി നടത്താനും വിജയകരമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇവയുടെ പ്രവർത്തനം ഒന്ന് പന്ത്രണ്ട്, നാല് വാർഡുകൾ കേന്ദ്രികരിച്ചാണ്.

കോരപ്പുഴ സ്പൈമോക് മുൻകൈയെടുത്ത് നടത്തുന്ന ജലോത്സവവും തോണി തുഴയൽ മത്സരവും ഒരു മികച്ച കാൽവെപ്പാണ്.

കണ്ണൻകടവ് കേന്ദ്രീകരിച്ച് സാമൂഹ്യസാംസ്കാരിക രംഗത്ത് മാതൃകാപരമായി പ്രവർത്തിച്ച് വരുന്ന ക്രസന്റ് എഡ്യുക്കേഷണൽ ചാരിറ്റബിൾ സൊസൈറ്റി 1987ൽ സ്ഥാപിതമായതാണ്. കണ്ണൻകടവ്, കപ്പക്കടവ് റോഡിൽ 1993ൽ നിർമ്മിച്ച സ്വന്തമായ രണ്ട് നിലകെട്ടിടമുണ്ട്. ഈ കെട്ടിടത്തിൽ ഒരു പ്രീപ്രൈമറി സ്കൂൾ നടത്തിവരുന്നു. ജീവകാരുണ്യപ്രവർത്തനരംഗത്ത് സജീവമായി പ്രവർത്തിച്ചുവരുന്നു. മാപ്പിളകലകളുടെ തനിമ നഷ്ടപ്പെടാതെ വരുന്ന തലമുറകളിൽ കൈമാറുന്നതിന് മാപ്പിള കലാകേന്ദ്രം സ്ഥാപിക്കുവാൻ സംഘത്തിന് പദ്ധതിയുണ്ട്.

പ്രശംസാർഹമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന മറ്റു കലാസമിതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

***കലാംസാംസ്കാരിക സംഘടനകൾ***

പൂക്കാട് കലാലയം

സ്മൃതി ചേമഞ്ചേരി

രാജീവ് രത്നകലാവേദി ചേമഞ്ചേരി
രാഘവൻ മെമ്മോറിയൽ യൂത്ത്ക്ലബ്
റെഡ്സ്റ്റാർ ചേമഞ്ചേരി
സദസ്സ് തുവ്വപ്പാറ
ദേശസേവാ സംഘം പെരുവയൽ
ജോളി ബ്രദേഴ്സ് ചേമഞ്ചേരി
ജോളി കാപ്പാട്
നവജ്യോതി ചീനിച്ചേരി
യങ്ചാലഞ്ചേർസ് കണ്ണങ്കടവ്
നവചേതന വെങ്ങളം
സാറ്റിയോ വെങ്ങളം
വീവൺ വെങ്ങളം
രാജീവ്ജി കൾച്ചറൽ സൊസൈറ്റി തിരുവങ്ങൂർ
സീഷുട്ടേഴ്സ് കണ്ണങ്കടാവ്
സേക്സ് കൊളക്കാട്
ദേശസേവാ സമിതി കൊളക്കാട്
ശക്തി തുവ്വക്കോട്
രംഗം പൂക്കാട്
വോയ്സ് ഓഫ് തുവ്വക്കോട്
സരിഗ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് പൂക്കാട്
കൈരളി പൂക്കാട്
ദർശന പൂക്കാട്
ഫിനിക്സ് കാപ്പാട്
സരിഗ കാപ്പാട്
സതാര കാപ്പാട്
ചിരാത് കാപ്പാട്
സംസ്ക്കാര പൂക്കാട്
ക്രസന്റ് കണ്ണങ്കടവ്
ഫെയിംസ്പോ തിയേറ്റേർസ് തിരുവങ്ങൂർ
ചിത്രശാല പൂക്കാട്
കോരപ്പുഴ ആർട്സ് & സ്പോർട്സ്
ഉജാല കാപ്പാട്
കലാരംഗം തിരുവങ്ങൂർ
സമന്വയവെറ്റിലപ്പാറ
വാസ്കോകാപ്പാട്

പഞ്ചമാകാപ്പാട്

തിരുവങ്ങൂർ ആർട്സ് & സ്പോർട്സ് ക്ലബ്

ജനത ആർട്സ് & സ്പോർട്സ് ക്ലബ്ബ്

ഗ്രന്ഥശാല പ്രവർത്തനം സജീവമായിരുന്ന ഒരു പ്രദേശമാണ് ചേമഞ്ചേരി. മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന ഏതാനും കഗ്രന്ഥാലയങ്ങൾ നമുക്കുണ്ട്.

ചേമഞ്ചേരി പഞ്ചായത്ത് പബ്ലിക്ക് ലൈബ്രറി പൂക്കാട്

ബോധി ഗ്രന്ഥാലയം കാഞ്ഞിലശ്ശേരി

ദേശസേവാസമിതി, കൊളക്കാട്

സൈരി, തിരുവങ്ങൂർ

സുഭാഷ് സ്മാരകവായനശാല, ചേമഞ്ചേരി

എ.കെ.ജി.സ്മാരക വായനശാല

വികാസ് വായനശാല

സ്പൈമോക് കോരപ്പുഴ

പ്രിയദർശിനി ആർട്സ് & റീഡിംഗ് സെന്റർ കാപ്പാട്

പി.സി.എ.ലൈബ്രറികാട്ടിലപീടിക

മഹിളാസമാജം സാംസ്കാരിക നിലയം (ചേമഞ്ചേരി പഞ്ചായത്ത്)

ലോഹ്യാമന്ദിരം കൊളക്കാട് വായനശാല

നവജ്യോതി ചീനിച്ചേരി

സതാര

വാസ്കോഡഗാമ കപ്പലിറങ്ങിയ സ്ഥലവും ഒറപൊട്ടുംകാവും ചേർന്നുള്ള ടൂറിസ്റ്റുകേന്ദ്രം മനോഹാരിത കൊണ്ടും ചരിത്ര പ്രാധാന്യംകൊണ്ടും ഈ ഗ്രാമത്തിന് നേട്ടമാണ്. എന്നാൽ വർദ്ധിച്ചുവരാനിടയുള്ള ടൂറിസ്റ്റ് പ്രവാഹം ഗ്രാമത്തിന് ഗുണമായും ദോഷമായും ഭവിക്കാം. സാമൂഹ്യവിരുദ്ധരും മയക്കുമരുന്നു വില്പനക്കാരും അധോലോക നായകന്മാരും ഈ കേന്ദ്രത്തിലഴിഞ്ഞാടാനിടവന്നാൽ ഗ്രാമം മാറാവ്യാധികളുടെ പിടിയിലമരും.

എന്നാൽ ടൂറിസത്തെ ഉപയോഗപ്പെടുത്തി മലയാളക്കരയുടെ സാംസ്കാരികതനിമയെ അയൽ സംസ്ഥാനങ്ങളിലും വിദേശങ്ങളിലുമെത്തിക്കാൻ നമുക്കു കഴിയും. ഹൃദ്യമായ പെരുമാറ്റവും കാപട്യമില്ലാത്ത കച്ചവടതന്ത്രങ്ങളും പാരമ്പര്യബലിഷ്ഠമായ ആതിഥ്യമര്യാദകളും കാഴ്ചവെക്കാൻ നമുക്ക് കഴിയണം. സാമൂഹ്യപ്രവർത്തകരും കലാസംഘടനകളും രാഷ്ട്രീയ പ്രവർത്തകരും ഇതിന്നായി ഉണർന്നു പ്രവർത്തിക്കണം.

ഗാമാസ്മാരകം, ഒറപൊട്ടുംകാവ് തുടങ്ങിയവയുടെ ശില്പങ്ങളും കക്കകൾ, നാളികേരത്തിന്റെ പാഴ്വസ്തുക്കൾ എന്നിവ ഉപയോഗപ്പെടുത്തിയുള്ള കൗതുകവസ്തുക്കളും വിപണന സജ്ജമാക്കാൻ നമുക്ക് കഴിയണം. പൂക്കാട് ബീച്ച് റോഡ്, തിരുവങ്ങൂർ കാപ്പാട് റോഡ്, എന്നിവയുടെ പ്രവേശന സ്ഥലങ്ങളിൽ കമനീയമായ കമാനങ്ങളും വഴിനീളെ പൂമരങ്ങളും വച്ച് പിടിപ്പിച്ച് സന്ദർശകരെ ആകർഷിക്കുന്ന രീതിയിൽ സംവിധാനം ചെയ്യണം. ബീച്ചിൽ ആകർഷകമായ കാഴ്ചകൾ സജ്ജീകരിക്കണം.

പൂക്കാട് പബ്ലിക്ക് ലൈബ്രറി പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളതാണ്. ഇവിടെ പാർട്ട്ടൈം ലൈബ്രേറിയനുണ്ട്. വർഷങ്ങൾക്കുമുമ്പ് താലൂക്കിലെ ഏറ്റവും നല്ല ലൈബ്രറിക്കുള്ള ട്രോഫി ഈ ഗ്രന്ഥാലയം നേടിയിരുന്നു. മഹാകവി പി.കുഞ്ഞിരാമൻനായർ, ശ്രീ.പി.എൻ.പണിക്കർ എന്നിവർ ഇവിടം സന്ദർശിച്ചിട്ടുണ്ട്.

ധാരാളം വായനക്കാരും റഫറൻസ് ഗ്രന്ഥങ്ങളും മറ്റു പുസ്തകങ്ങളുമുണ്ടെങ്കിലും ഇന്ന് ഗ്രന്ഥശാല പരിതാപകരമായ അവസ്ഥയിലാണ്. ഗ്രന്ഥശാലയ്ക്ക് വിപുലമായ സൗകര്യങ്ങളോടെ പുതിയ കെട്ടിടം നിർമിക്കണം. അതിൽ വിശാലമായ വായനാമുറി, ബാലവിഭാഗം, വനിതാവിഭാഗം എന്നിവ ഉണ്ടായിരിക്കണം. പഞ്ചായത്തിലെ

മുഴുവൻ വിജ്ഞാനകുതുകികൾക്കും അനുഗ്രഹമാകത്തക്കവിധത്തിൽ ധാരാളം പുസ്തകങ്ങളും സജ്ജീകരിക്കണം. പഴകിയ പുസ്തകങ്ങൾ ബൈൻഡ് ചെയ്ത് വിതരണയോഗ്യമാക്കണം.

പഞ്ചായത്ത് ഓഫീസ് പരിസരത്ത് കുട്ടികളുടെ പാർക്കും 100 പേർക്കെങ്കിലും ഇരുന്ന് ടി.വി.കാണാനുള്ള ഭംഗിയുള്ള ടി.വി.കേബിനും നിർമ്മിക്കണം. ആഴ്ചയിൽ നിർദ്ദിഷ്ട ദിവസങ്ങളിൽ കുട്ടികളുടെ സർഗവാസനകൾ ഉണർത്താനും ദേശീയ ബോധവും സമർപ്പണമനോഭാവവും വളർത്താനും ഉതകുന്ന വീഡിയോ സിനിമാ പ്രദർശനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. വഴി തെറ്റുന്ന തലമുറയെ ദേശീയലക്ഷ്യങ്ങൾ കൈവരിക്കാനുള്ള കർമ്മധാരയിലേക്ക് കൊണ്ടുവരാൻ ബോധപൂർവ്വമായ ശ്രമങ്ങൾ ആവശ്യമാണ്.

നിർമ്മാണാത്മക പ്രവർത്തനങ്ങളിൽ ഇടപെടേണ്ട ആബാലവൃദ്ധം ജനങ്ങൾ ടി.വിക്കു മുമ്പിൽ നിഷ്ക്രിയരായിരുന്ന് രാഷ്ട്രപുനർനിർമാണ പ്രക്രിയക്ക് ഏല്പിക്കുന്ന കനത്ത നഷ്ടം മറ്റെങ്ങുമെന്നപോലെ ഇവിടെയും ദൃശ്യമാണ്. ഈ മാധ്യമം സൃഷ്ടിക്കുന്ന സാംസ്കാരികാപചയം ഇതിന്റെ അനന്തസാധ്യതകളുടെ ശോഭനമായ വശത്തിന് തടയിടുന്നു.

താരതമ്യേന ലളിതമായി മുമ്പ് രാത്രികാല വിവാഹങ്ങളായിരുന്നു നിലനിന്നിരുന്നത്. ഇന്ന് വിവാഹങ്ങൾ ഉത്സവങ്ങളായി മാറിയിരിക്കുന്നു. വിവാഹത്തോടനുബന്ധിച്ച ധൂർത്തുകൾ ഗ്രാമത്തിന്റെ സാമ്പത്തിക അടിത്തറ തകർത്തുകൊണ്ടിരിക്കുകയാണ്. ദേശീയ നഷ്ടത്തോടൊപ്പം പാവപ്പെട്ടവർ കടക്കെണിയിൽ പെടുകയും ചെയ്യുന്നു. വിവാഹത്തലേന്ന് വീടുകളിൽ രഹസ്യമായും പരസ്യമായും നടത്തുന്ന മദ്യവിതരണം ഒരു സാമൂഹ്യദുരന്തമായി പടർന്നുകൊണ്ടിരിക്കുകയാണ്. ഗ്രാമത്തിലെ കാരണവന്മാരും സാമൂഹികസാംസ്കാരിക രാഷ്ട്രീയ നായകന്മാരും ഒത്തുചേർന്ന് ഒരു പെരുമാറ്റച്ചട്ടം ആവിഷ്ക്കരിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

ഗൾഫ് പണത്തിന്റെ സ്വാധീനവും ഗൾഫ് ജീവിതത്തിന്റെ അനുഭവജ്ഞാനവും ചില ഭാഗങ്ങളിൽ വമ്പിച്ച സാമൂഹ്യമാറ്റത്തിനിടയാക്കിയിട്ടുണ്ട്. വൃത്തിഹീനമായ വീടും പരിസരവുമായി അനാരോഗ്യകരമായ ചുറ്റുപാടിൽ ജീവിച്ചിരുന്ന ആളുകൾ ആധുനിക സൗകര്യങ്ങളോടെ ഉയിർത്തെഴുന്നേറ്റ സന്തോഷകരമായ കാഴ്ചയാണ് അവിടങ്ങളിൽ കാണുന്നത്. എന്നാൽ കൂറ്റൻ കോൺക്രീറ്റ് കെട്ടിടങ്ങൾ പണിയാനുള്ള ത്വര നിരുത്സാഹപ്പെടുത്തേണ്ടിയിരിക്കുന്നു. ക്രിയാത്മകവും ഉല്പാദനാത്മകവുമായ തരത്തിൽ സമ്പത്ത് ഉപയോഗപ്പെടുത്താനുള്ള പ്രചാരണപ്രവർത്തനങ്ങളും പ്രേരണകളും അനിവാര്യമാണ്.

കായികരംഗങ്ങളിൽ ചേമഞ്ചേരിക്ക് നിർണായകമായ സ്ഥാനമുണ്ടായിരുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കളരി അഭ്യാസപരിശീലനക്കളരികൾ നിലനിന്നിരുന്നു. ഉണ്ണിയമ്പലക്കളരിയും തുലാംപൊയിൽ കളരിയും എടുത്തു പറയേണ്ടവയായിരുന്നു. കളരിഅഭ്യാസം പരിശീലിപ്പിക്കുന്ന ഗുരുക്കന്മാരും പരിശീലനം നേടി ദൃഢഗാത്രരായവരും പഞ്ചായത്തിൽ ഇപ്പോഴുമുണ്ടെന്നത് സന്തോഷകരമായ കാര്യമാണ്.

പൂക്കാട് പരിസരത്ത് പകിടകളി പ്രചാരത്തിലുണ്ടായിരുന്നു. മോക്ഷപ്പകിട എന്ന പ്രത്യേകകളിയിൽ നരകക്കള്ളിയിൽ പകിടപതിച്ചാൽ കുളിച്ചുവരണമെന്ന രസകരമായ നിയമം നിലനിന്നിരുന്നു. പൂക്കാട് ചാലിയത്തെരുവിൽ അത്തം മുതൽ തിരുവോണംവരെ ഉണ്ടായിരുന്ന പകിടകളി പുകൾപെറ്റതായിരുന്നു.

കുന്നാടത്ത് മമ്മുക്ക, രാരോത്ത് മമ്മുക്ക എന്നിവരുടെ നേതൃത്വത്തിൽ തിരുവങ്ങൂർ മൈതാനിയിൽ കാരടികളി നടന്നിരുന്നുവത്രെ.

ദശാബ്ദങ്ങൾക്കു മുമ്പ് തുടങ്ങിയ വോളിബാൾ കമ്പം ഇപ്പോഴും തുടരുന്നുവെന്നത് ആവേശകരമായ അനുഭവമാണ്. വീവൺ വെങ്ങളം, സ്വേറ്റ് തുവ്വക്കോട് എന്നിവ ശ്രദ്ധേയമായരീതിയിൽ വോളിബോൾ മത്സരങ്ങൾ നടത്തിവരുന്നു.

കാഞ്ഞിലശ്ശേരിയിൽ പഞ്ചായത്ത് വക മിനിസ്റ്റേഡിയം നിർമ്മിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിലും ഇത്തരം സ്റ്റേഡിയങ്ങൾ നിർമ്മിക്കുകയും കായികരംഗത്തെ പ്രതിഭകളെ കണ്ടെത്താനുള്ള വഴിയൊരുക്കുകയും വേണം.

പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കരാട്ടെ ക്ലാസുകൾ നിലവിലുണ്ട്.

കലാസമിതികളെ കർമ്മനിരതമാക്കാൻ വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. സമിതികൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും അങ്ങനെ രജിസ്റ്റർ ചെയ്ത സമിതികൾ വാർഷിക പദ്ധതികൾ തയ്യാറാക്കി യഥാകാലം നടപ്പിലാക്കുകയും വേണം. ഇങ്ങനെ നടത്തുന്ന മാസിക, ദ്വൈമാസിക, ത്രൈമാസിക

പരിപാടികൾക്ക് പഞ്ചായത്ത് ഗ്രാന്റുകൾ നല്കി പ്രോത്സാഹിപ്പിക്കണം പഞ്ചായത്ത് തലത്തിൽ സമിതികളെ കോ ഓർഡിനേറ്റ് ചെയ്യാൻ ശ്രമങ്ങൾ നടത്തണം. സമിതികളുടെ വളർച്ചയ്ക്ക് പൂക്കാട് കലാലയം പോലുള്ള സ്ഥാപനങ്ങൾക്ക് നൽകാൻ കഴിയുന്ന നേതൃത്വപരമായ പങ്ക് ഉപയോഗപ്പെടുത്തണം. കേരളോത്സവം പോലുള്ള പരിപാടികൾ വാർഡുതലത്തിൽ സംഘടിപ്പിക്കണമെന്ന നിർദ്ദേശം ചില വാർഡുകളിൽ നിന്നുയർന്നിട്ടുണ്ട്. പ്രതിഭാശാലികളെ കണ്ടെത്താൻ സമിതികൾ ഊർജ്ജിതമായ ശ്രമങ്ങൾ നടത്തണം.ഉപഭോ

സാംസ്ക്കാരിക രംഗത്തും സാമൂഹ്യക്ഷേമരംഗത്തും പ്രവർത്തിക്കുന്ന ഒരു പ്രധാനസംഘടനയാണ് ഉപഭോക്തൃ സംരക്ഷണസമിതി ചേമഞ്ചേരി, ഉപഭോക്തൃ സംരക്ഷണസമിതി ചേമഞ്ചേരി, ഉപഭോക്തൃ രംഗത്തെ ഒട്ടനവധി പരാതികൾ ഉപഭോക്താക്കൾക്ക് അനുകൂലമായി പരിഹരിക്കാൻ സംഘടനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റെ മുഴുവൻ ഭാഗത്തും ഉപഭോക്തൃബോധവത്കരണം എത്തിക്കേണ്ടത് അത്യാവശ്യമാണ്.

നാവിൻ തുമ്പിൽ ആദ്യാക്ഷരങ്ങൾ കുറിച്ച ഗുരുവരന്മാർ, ഓലക്കീറുകളിൽ അറിവും അനുഭവങ്ങളും അനുഭൂതികളും കുറിച്ചിട്ട മികവുറ്റ ഗ്രന്ഥകാരന്മാർ, ആടിയും പാടിയും ചിരിപ്പിച്ചും കഥപറഞ്ഞും സഹൃദയത്വം പങ്കുവെച്ച അനുഗൃഹീത കലാകാരന്മാർ, വീടും വീട്ടുപകരണങ്ങളും കൗതുകവസ്തുക്കലും നിർമ്മിച്ച കർമ്മകുശലന്മാർ, ആഭ്യന്തരവും വൈദേശികവുമായ ബന്ധങ്ങൾക്കെതിരെ പോരാടിയ ധീരദേശാഭിമാനികൾ, ആയുസ്സും ആരോഗ്യവും സൗഖ്യവും പ്രദാനം ചെയ്ത വിഖ്യാത ഭിഷഗ്വരന്മാർ, ആധ്യാത്മികോന്നതിക്ക് യത്നിച്ച സിദ്ധന്മാർ, പുരോഹിതന്മാർ, പകലന്തി പണിചെയ്ത മികവുറ്റ തൊഴിലാളികൾ തുടങ്ങി സാമൂഹ്യോന്നതിക്ക് വേണ്ടി പ്രയത്നിച്ച് മൺമറഞ്ഞ അനേകംപേരെ സ്മരിക്കാനുണ്ട്. മതിയായ രേഖകളോ സത്യാന്വേഷണത്തിനുവേണ്ട സമയമോ ലഭിക്കാത്തതിനാൽ അവരുടെയൊന്നും പേരുകൾ ഇവിടെ ചേർക്കാൻ കഴിഞ്ഞിട്ടില്ല. അനുസ്മരിക്കപ്പെട്ട പലരും ഈ നൂറ്റാണ്ടിൽ ജീവിച്ചവരാണ്. ശ്രമകരമായ ഗവേഷണത്തിലൂടെ കൂടുതൽ വിവരങ്ങൾ കണ്ടെത്താൻ കഴിയും. വർത്തമാനകാല പ്രതിഭകളിൽ പലരും കൺമുന്നിലുണ്ട്. പേരെടുത്ത് പരാമർശിക്കുക പ്രയാസകരമാണ്.

ആചാര്യമര്യാദകൾ, അനുഷ്ഠാനങ്ങൾ, തൊഴിലുകൾ, ഭക്ഷണരീതികൾ, വസ്ത്രധാരണരീതികൾ, ആഭരണങ്ങൾ, ഗൃഹോപകരണങ്ങൾ, ഗൃഹനിർമ്മാണം തുടങ്ങിയവയോരോന്നും പ്രാദേശികമായിത്തന്നെ ഗവേഷണമർഹിക്കുന്നു. ഉപരിപ്ലവവും അപൂർണവുമായ ഈ കുറിപ്പ് ഭാവി പ്രവർത്തനങ്ങൾക്ക് പ്രേരണയാകുമെന്ന പ്രത്യാശയോടെ ഉപസംഹരിച്ചുകൊള്ളുന്നു.

## പ്രശ്നങ്ങൾ

1. പ്രാദേശിക ചരിത്രത്തിൽ യുവതലമുറ ബോധവാന്മാരല്ല
2. സ്വാതന്ത്ര്യസമരസേനാനികളെക്കുറിച്ചുള്ള വിവരങ്ങൾ ചരിത്രത്തിൻരെ ഭാഗമല്ല.
3. ക്വിറ്റ് ഇന്ത്യാ സ്മാരകത്തിന്റെ സംരക്ഷണച്ചുമതല ആരിലും നിക്ഷിപ്തമല്ല.
4. പ്രശസ്തനാട്ടുവൈദ്യന്മാരുടെ ഫലസിദ്ധിയുണ്ടായിരുന്ന ഔഷധപ്രയോഗങ്ങൾ നഷ്ടമായിപ്പോയി
5. ജീവശാസ്ത്രപരമായ ഒരു സ്വാഭാവിക പ്രക്രിയയായ പ്രസവം ഇന്ന് പൂർണമായും സ്വകാര്യ ആശുപത്രികൾ കൈയടക്കിയിരിക്കുന്നു.
6. പഴയ നാടൻ പാട്ടുകളും കളികളും നാടൻ കലാരൂപങ്ങളും നഷ്ടമായി വരുന്നു.
7. ക്ഷേത്രവാദ്യകലാകേന്ദ്രത്തിന്റെ അഭാവം പ്രകടമായി കാണുന്നു.
8. തിറയാട്ടത്തിന് കെട്ടിയാട്ടക്കാർ കുറഞ്ഞുവരുന്നു.
9. കലാസമിതികൾക്ക് ഏകോപിച്ച പ്രവർത്തനമില്ല.
10. നാടൻ കരകൗശലവസ്തുനിർമ്മാണം അന്യമായിക്കൊണ്ടിരിക്കുന്നു
11. വിദേശടൂറിസ്റ്റുകൾക്ക് കാണാൻ കടൽത്തീരത്ത് പ്രകൃതിഭംഗിയല്ലാതെ മറ്റൊന്നുമില്ല.
12. കാപ്പാട് ഉത്സവം ഇപ്പോൾ നടക്കുന്നില്ല.

13. ഏതാനും വാർഡുകളിൽ ഗ്രന്ഥാലയങ്ങളും വായനശാലകളുമില്ല.
14. റഫറൻസ് ലൈബ്രറിയുടെ അഭാവമുണ്ട്.
15. കുട്ടികളുടെ പാർക്ക്, ടി.വി.കാണാനുള്ള സൗകര്യം എന്നിവയില്ല.
16. തണൽ മരങ്ങളും വൻമരങ്ങളും കാവുകളും നഷ്ടമായി
17. വിവാഹാർഭാടങ്ങളും ധൂർത്തും ഏറിവരുന്നു
18. ഗൾഫ് പണം വേണ്ടപോലെ ഉപയോഗപ്പെടുത്തുന്നില്ല
19. ദൃശ്യമാധ്യമങ്ങൾ വേണ്ടരീതിയിലല്ല ഉപയോഗപ്പെടുത്തുന്നത്.
20. നാടകങ്ങളും വാർഷികാഘോഷങ്ങളും കുറഞ്ഞുവരുന്നു.
21. പൊതുമൈതാനങ്ങളും ഓപ്പനെയർ തിയേറ്ററുകളും കുറവാണ്.
22. വനിതാ പ്രസ്ഥാനങ്ങൾ സജീവമല്ല.
23. കലാസമിതികളിൽ വനിതാപ്രാതിനിധ്യം കുറവാണ്.
24. ശവദാഹത്തിന് മരങ്ങൾ വെട്ടിനശിപ്പിക്കുന്നു.
25. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അനാശാസ്യ പ്രവർത്തനങ്ങളുണ്ടാവുമെന്ന് ആശങ്കിക്കുന്നു.

## സാധ്യതകൾ

1. സ്കൂൾതല ക്വിസ് മത്സരങ്ങളും ഉപന്യാസമത്സരങ്ങളും നടത്തി യുവതലമുറയെ പ്രാദേശിക ചരിത്രപഠനോത്സുകരാക്കാം.
2. എഫ്.എഫ്.ഹാളിൽ സമരസേനാനികളുടെ പടങ്ങളും ലഘുജീവചരിത്രവും പ്രദർശിപ്പിക്കണം. സ്വാതന്ത്രഭാരതം പത്രത്തിന്റെ കിട്ടാവുന്നത്ര പ്രതികൾ ഫ്രെയിം ചെയ്ത് പ്രദർശിപ്പിക്കണം.
3. ക്വിറ്റ് ഇന്ത്യാ സ്മാരകം യഥാകാലം അറ്റകുറ്റപ്പണികൾ നടത്തിയും മാർബിൾ ഫലകങ്ങൾ സ്ഥാപിച്ചും പുൽത്തകിടിയും പൂച്ചെടികളും വച്ചുപിടിപ്പിച്ചും കൂടുതൽ കമനീയമാക്കുകയും അന്യഭാഷക്കാർക്ക് തിരിച്ചറിയാൻ സ്തൂപത്തിന്റെ മുൻവശത്ത് ഇംഗ്ലീഷ് ഭാഷയിലുള്ള ഫലകം സ്ഥാപിക്കുകയും വേണം.
4. പഴയ ഗ്രന്ഥങ്ങൾ തേടിപ്പിടിച്ചും ജീവിച്ചിരിപ്പുള്ള നാട്ടുവൈദ്യന്മാരെയും അനുഭവസ്ഥരെയും കണ്ടും അമൂല്യങ്ങളായ ഔഷധപ്രയോഗങ്ങൾ രേഖപ്പെടുത്തിവെയ്ക്കണം.
5. നാടൻ വയറ്റാട്ടി സമ്പ്രദായം ആധുനിക വൈദ്യശാസ്ത്രത്തിന്റെ അനുഭവജ്ഞാനം കൂടി സമന്വയിപ്പിച്ച് പ്രബലപ്പെടുത്തണം. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ പ്രസവസംബന്ധമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
6. കലാസമിതികളുടെ സഹായത്തോടെ സർവേ നടത്തി നാടൻ പാട്ടുകളും കളികളും രേഖപ്പെടുത്താനും അവയ്ക്കായി മത്സരങ്ങൾ നടത്താനും കഴിയും.
7. കലാസമിതികളെ ഉപയോഗപ്പെടുത്തി വാദ്യകലാകേന്ദ്രങ്ങൾ തുടങ്ങാം. ഇങ്ങനെ പരിശീലനം കിട്ടിയവർക്ക് ഭാഗികമായെങ്കിലും വർഷത്തിൽ തൊഴിൽ ലഭിക്കും.
8. കെട്ടിയാട്ടക്കളരികൾ തുടങ്ങാനുള്ള പ്രോത്സാഹനവും ധനസഹായവും നൽകണം. മികച്ച കലാകാരന്മാരെ ആദരിക്കണം.
9. പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യുന്ന സമിതികളെ വിളിച്ചുചേർത്ത് വാർഷിക പദ്ധതികൾ നടപ്പാക്കാനുള്ള മാർഗരേഖകൾ ഉണ്ടാക്കാം. കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കാം. വാർഷികപദ്ധതിയ്ക്കുള്ള ധനസഹായം നൽകണം. യഥാകാലം പരിപാടികളും സാമ്പത്തിക വിനിയോഗവും വിലയിരുത്തണം.

10. കരകൗശല വസ്തുനിർമ്മാണപരിശീലനക്കളരികളും മത്സരങ്ങളും പ്രോത്സാഹനപരിപാടികളും വിപണനമേളകളും നടത്താം.

11. ടൂറിസത്തിന്റെ കാഴ്ചപ്പാടിൽ പുതിയ അവബോധമുണ്ടാകണം. കേരളീയ സംസ്ക്കാരത്തിന്റെ തനിമയും വിശുദ്ധിയും സന്ദർശകർക്ക് ബോധ്യമാകണം. ടൂറിസ്റ്റുകൾക്ക് സന്ദർശന സ്മരണ നിലനിർത്താൻ ഉതകുന്ന കൗതുകവസ്തുക്കൾ ലഭ്യമാക്കണം. ദേശീയ ചരിത്രസംഭവങ്ങൾ കടൽത്തീരത്ത് ചിത്രീകരിക്കാം.

12. രണ്ടുവർഷം പ്രശംസാർഹമായി നടത്തിയിരുന്ന കാപ്പാടുത്സവം ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെ പുനരുജ്ജീവിപ്പിക്കണം.

13. ആവശ്യമായ സ്ഥലങ്ങളിൽ ഗ്രന്ഥാലയങ്ങളും വായനശാലകളും സ്ഥാപിക്കണം. ഇതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കണം.

14. പൂക്കാട് പബ്ലിക്ക് ലൈബ്രറി വിപുലമായ സൗകര്യങ്ങളോടെ പുനർനിർമ്മാണം നടത്തി പഞ്ചായത്തിലെ മുഴുവൻ സാഹിത്യകുതുകികൾക്കും ഹൈസ്കൂൾ കോളേജ് വിദ്യാർഥികൾക്കും അധ്യാപകർക്കും ഉപയോഗപ്പെടുത്തക്കരീതിയിൽ സജ്ജമാക്കണം.

15. പഞ്ചായത്ത് ഓഫീസ് പരിസരത്ത് കുട്ടികളുടെ പാർക്ക്, പുൽത്തകിടി, ടി.വി, കേബിൻ എന്നിവയും ബാലചലച്ചിത്ര പ്രദർശന സൗകര്യങ്ങളും ഏർപ്പെടുത്തണം.

16. കഴിയാവുന്നിടത്തോളം പാതയോരങ്ങളിൽ തണൽ മരങ്ങളും ഫലവൃക്ഷങ്ങളും പൂമരങ്ങളും വച്ചുപിടിപ്പിക്കണം. കലാസാംസ്ക്കാരിക സംഘടനകളുടെ സഹായം ഇതിന്നായി ഉപയോഗപ്പെടുത്താം. സ്പോൺസർമാരെ കണ്ടെത്താം.

17. നാട്ടുകാരണവന്മാരും പഞ്ചായത്ത് ഭരണകൂടവം കലാസാംസ്ക്കാരിക രാഷ്ട്രീയ നായകന്മാരും ഒത്തുചേർന്ന് വിവാഹം സംബന്ധിച്ച മാർഗരേഖ തയ്യാറാക്കണം.

18. ഉല്പാദനക്ഷമമായ രംഗങ്ങളിൽ സമ്പത്ത് ഉപയോഗപ്പെടുത്താനുള്ള വിദഗ്ധോപദേശവും പ്രേരണയും ഗൾഫിൽ ജോലിയുള്ളവർക്ക് നൽകണം.

19. ദൃശ്യമാധ്യമങ്ങളുടെ ശരിയായ ഉപയോഗപ്പെടുത്തലിന് രക്ഷിതാക്കൾക്ക് പരിശീലനം നല്കണം. ടി.വി.പരിപാടികൾ പ്രതിലോമപരമാവുമ്പോൾ ശക്തിയായി പ്രതികരിക്കണം.

20. ഗ്രാമീണ കലാകാരന്മാരെ വളർത്തിയെടുക്കാനുതകും വിധം കലാസമിതികൾ സ്വന്തമായ നാടകങ്ങളും മറ്റുപരിപാടികളും അവതരിപ്പിക്കുകയും വാർഷികാഘോഷങ്ങൾ നടത്തുകയും വേണം.

21. കഴിയുന്നത്ര കേന്ദ്രങ്ങളിൽ മൈതാനത്തിനനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി യുവതലമുറയ്ക്ക് കായിക പരിശീലനങ്ങൾക്ക് അവസരമുണ്ടാക്കണം. സ്റ്റേജ് പരിപാടികൾക്ക് വേദി നിർമ്മിക്കണം.

22. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ മഹിളാ സമാജങ്ങളുണ്ട്. ഇവടെ ഏകോപിപ്പിച്ച് പുതിയ ഉണർവ്വ് പ്രദാനം ചെയ്യാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം.

23. കലാസമിതികളിലും ഗ്രന്ഥശാലകളിലും കൂടുതൽ വനിതാമെമ്പർമാരെ ചേർക്കാൻ ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തണം.

24. ചിരട്ട ഉപയോഗിച്ച് ശവസംസ്ക്കാരം നടത്തുന്ന ലളിതവും ചെലവുകുറഞ്ഞതുമായ രീതി അയൽ പ്രദേശങ്ങളിൽ നിലവിലുണ്ട്. അവ പഠിച്ച് പ്രയോത്തിൽ വരുത്താൻ നമുക്കു കഴിയണം. 'സ്മൃതി' സ്മരണപോലുള്ള സംഘടനകളുടെ സഹായം ഇതിന്നായി ഉപയോഗപ്പെടുത്താം.

25. എല്ലാ വിഭാഗങ്ങളിലും പെട്ട ആളുകൾ ഉൾക്കൊള്ളുന്ന ദേശസേവാസമിതികളോ പ്രസ്ഥാനങ്ങളോ രൂപീകരിച്ച് കടപ്പുറം നിതാന്തനിരീക്ഷണത്തിന് വിധേയമാക്കുക. ഞായറാഴ്ചകളിലും വിശേഷദിവസങ്ങളിലും ആവശ്യമെന്നുകണ്ടാൽ പോലീസ് സഹായം തേടുക. പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യണം.



## വനിത

അടുക്കളയിൽ തളച്ചിടപ്പെട്ട സ്ത്രീത്വത്തിന് കഴിഞ്ഞ തലമുറയിൽ പ്രാഥമിക വിദ്യാഭ്യാസത്തിനപ്പുറത്തേക്ക് എത്തിപ്പിടിക്കുവാൻ കഴിഞ്ഞിരുന്നില്ലെങ്കിലും നാടൻ പാട്ടുകളും തിരുവാതിരക്കളികളും ഒപ്പനയും ഹൃദിസ്ഥമാക്കുകയും അടുത്ത തലമുറക്ക് കൈമാറുകയും ചെയ്യുന്നതിൽ പങ്കുവഹിക്കുവാൻ കഴിഞ്ഞിരുന്നു.

ചരിത്രമുറങ്ങുന്ന കാപ്പാട് പ്രദേശത്ത് ഇന്നും ജീവിക്കുന്ന വന്ദ്യവയോധികയായ ജിഫ്രി തങ്ങൾ കുടുംബത്തിൽപെട്ട ഒരു സ്ത്രീ ഔപചാരികമായ വിദ്യാഭ്യാസം ലഭിച്ചില്ലെങ്കിൽ പോലും ഇംഗ്ലീഷ് അറബിക് ഭാഷകളിൽ നേടിയ പ്രാവീണ്യം അന്ന് കുടുംബങ്ങളിൽ വെച്ചുതന്നെ വിദ്യ അഭ്യസിക്കുവാൻ സൗകര്യം സിദ്ധിച്ചിരുന്നു എന്ന വസ്തുത വിളംബരം ചെയ്യുന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഉന്നതസമുദായത്തിന് മാത്രം പഠനസൗകര്യം അനുവദിക്കുന്നതും, സർവ്വസമുദായങ്ങൾക്കും പഠന സൗകര്യം അനുവദിക്കുന്ന പഞ്ചമം സ്കൂൾ എന്ന പേരിൽ അറിയപ്പെട്ടതും ആയ രണ്ടു വിധം വിദ്യാലയങ്ങൾ ഈ പ്രദേശത്ത് പ്രവർത്തിച്ചുവന്ന കാലഘട്ടത്തിൽ തന്നെ ഇരു വിഭാഗത്തിലും പെട്ട പെൺകുട്ടികൾ പ്രാഥമിക വിദ്യാഭ്യാസം നേടിയിരുന്നു. എന്നാൽ ഈ പ്രദേശത്ത് അലയടിച്ച തീവ്രമായ സ്വദേശി പ്രസ്ഥാനത്തോടൊപ്പം നിന്ന് പൊരുതുന്നതിൽ സ്ത്രീത്വം വഹിച്ച പങ്കിനെക്കുറിച്ച് അന്വേഷിക്കുമ്പോൾ നാമമാത്രമായ പ്രവർത്തനങ്ങൾ മാത്രമെ ഉണ്ടായുള്ളൂ എന്ന് കാണാം.

പഞ്ചായത്തിലെ പന്ത്രണ്ടു വാർഡുകളിലെയും ജനസംഖ്യ പരിശോധിക്കുമ്പോൾ പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളാണ് എന്ന് താഴെ കൊടുത്ത 1991 ലെ സെൻസസ് റിപ്പോർട്ട് സൂചിപ്പിക്കുന്നു.

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 1 | 1715 | 1970 | 3685 |
| 2 | 1036 | 1171 | 2207 |
| 3 | 1055 | 1136 | 2191 |
| 4 | 1740 | 1834 | 3574 |
| 5 | 1199 | 1313 | 2512 |
| 6 | 1241 | 1364 | 2605 |
| 7 | 1526 | 1634 | 3160 |
| 8 | 1894 | 1988 | 3882 |
| 9 | 989 | 1157 | 2146 |
| 10 | 1552 | 1640 | 3192 |
| 11 | 1048 | 1124 | 2172 |
| ആകെ. | 14995 | 16331 | 31326 |

അന്ന് പതിനൊന്ന് വാർഡുകൾ മാത്രമെ നിലവിലുണ്ടായിരുന്നുള്ളൂ. സെൻസസ് റിപ്പോർട്ട് പ്രകാരം ആറുവയസ്സുവരെ പ്രായമുള്ള കുട്ടികളുടെ കണക്ക് പരിശോധിക്കുമ്പോൾ ആൺകുട്ടികൽ 2002 ഉം പെൺകുട്ടികൾ 1899 ഉം എന്നാണ് കാണാൻ കഴിയുക. ജനസംഖ്യയിൽ സ്ത്രീകൾക്കുള്ള മുൻതൂക്കം നമ്മുടെ പഞ്ചായത്തിൽ നഷ്ടപ്പെടുന്നു എന്നതിന്റെ സൂചനയായി ഇതിനെ കാണേണ്ടിവരുമോ?

ഉന്നതമായ വിദ്യാഭ്യാസ യോഗ്യതകൾ നേടിയ സ്ത്രീകൾ നമ്മുടെ പഞ്ചായത്തിൽ കാണപ്പെടുമെങ്കിലും ഔദ്യോഗിക തലങ്ങളിൽ ഈ ഔന്നത്യം ഇല്ല എന്നു തന്നെ പറയാം. എങ്കിലും അദ്ധ്യാപനരംഗത്ത് പുരുഷൻമാരേക്കാൾ മുകളിലാണ് സ്ത്രീകളുടെ സ്ഥാനം.

സെൻസസ് റിപ്പോർട്ട് പ്രകാരം തൊഴിൽ മേഖലകളിൽ സ്ത്രീകൾ അവഗണിക്കപ്പെടുന്നു എന്ന് മനസ്സിലാക്കാം.

| തൊഴിൽ മേഖല | സ്ത്രീ | പുരുഷൻ |
|---|---|---|
| കൃഷി | 12 | 98 |
| കർഷകത്തൊഴിലാളി | 74 | 681 |
| മൃഗസംരക്ഷണം | 30 | 1282 |
| കക്കവാരൽ | 33 | 72 |
| ചെറുകിട വ്യവസായം | 53 | 93 |
| കുടിൽ വ്യവസായം | 898 | 607 |
| നിർമ്മാണത്തൊഴിൽ | 18 | 355 |
| കച്ചവടം വ്യവസായം | 26 | 1214 |
| ഗതാഗതം വാർത്താവിനിമയം | 19 | 651 |
| മറ്റുള്ളവ | 241 | 697 |
| ഭാഗികം | 477 | 547 |
| തൊഴിൽ രഹിതർ | 14410 | 8738 |

നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളിൽ 88 ശതമാനത്തിലധികം തൊഴിൽ രഹിതരാണെന്ന് സൂചിപ്പിക്കുന്ന ഈ കണക്കുകൾ സാമൂഹ്യപുരോഗതിക്ക് നേരേ വിരൽ ചൂണ്ടുന്നു. അമ്മ, ഭാര്യ, സഹോദരി എന്ന നിലകളിൽ എല്ലാം സമൂഹത്തിന്റെ ഒപ്പം നിന്ന് പ്രവർത്തിക്കുന്ന ഈ വിഭാഗത്തിന്റെ അധ്വാന ശേഷിയെ അടുക്കളക്കപ്പുറത്തുള്ള ലോകത്തിലേക്കും ഉൽപ്പാദന, സേവന മേഖലകളിലേക്കും കൈപിടിച്ചുയർത്തുവാൻ കഴിഞ്ഞാൽ ഉണ്ടാക്കാവുന്ന നേട്ടങ്ങൾ നിസ്സാരമായിരിക്കുമോ?

ചെറുകിട വ്യവസായങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ, പച്ചക്കറികൃഷികൾ ഇവയിലെല്ലാം തന്നെ സ്ത്രീകളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചുകൊണ്ട് ഉൽപ്പാദനരംഗത്തും, വായനശാല, ഗ്രന്ഥാലയ പ്രവർത്തനങ്ങൾ, സാംസ്കാരിക രംഗം, കലാരംഗം, മഹിളാ പ്രസ്ഥാനങ്ങൾ എന്നിവയിലൂടെ സേവന രംഗങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം ഉയർത്തുന്നത് നമ്മുടെ സമൂഹത്തിന്റെ വികാസത്തിന് അനുപേക്ഷണീയമാണ്. പൊതുരംഗത്തുള്ള വർദ്ധിച്ച സ്ത്രീ പങ്കാളിത്തം സാക്ഷരതാ പ്രവർത്തനത്തിലും ഇന്ന രൂപം കൊണ്ട ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലും പ്രകടമായി എന്ന യാഥാർത്ഥ്യം ആസൂത്രണത്തിന്റെ രംഗത്ത് വന്ന ജനപങ്കാളിത്തത്തിന്ന് സ്ഥായീഭാവം ആവശ്യപ്പെടുന്നു.

എൻ. ഇ. എസ് ബ്ലോക്കിന്റെ ആവിർഭാവത്തോടെ തന്നെ മഹിളാ സമാജങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപം കൊള്ളുകയും പ്രവർത്തനം നടത്തുകയും ചെയ്തിരുന്നു എന്ന യാഥാർത്ഥ്യം വിസ്മരിക്കുന്നില്ല. പക്ഷെ ഏറിയപങ്കും ഒറ്റപ്പെട്ട രീതിയിലായിരുന്നു അവ നടന്നിരുന്നത്. മഹിളാ സമാജങ്ങളോട് അനുബന്ധിച്ച് ബാലവാടികൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ രൂപം കൊണ്ടിരുന്നുവെങ്കിലും ഇന്ന് ഫലപ്രദമായി പ്രവർത്തിക്കുന്ന 3 ബാലവാടികളേ നമ്മുടെ പഞ്ചായത്തിലുള്ളൂ.

സ്ത്രീകളുടെ നേതൃത്വത്തിൽ ഏതാനും കച്ചവടസ്ഥാപനങ്ങളും DWCRA യൂണിറ്റുകളും ഈ അടുത്ത കാലത്തായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ നെൽകൃഷിയുടെ തകർച്ചയും കയർമേഖലയുടെ പുറകോട്ടടിയും തൊഴിൽ രംഗത്ത് നിന്നും നിരവധി സ്ത്രീകളെ അകറ്റിയിട്ടുമുണ്ട്. കയർ സഹകരണസംഘങ്ങളുടെ ആധുനിക വൽക്കരണത്തിലൂടെ നമ്മുടെ പഞ്ചായത്തിൽ കുറച്ച് സ്ത്രീകളെ തൊഴിൽ മേഖലയിലേക്ക് കൈ പിടിച്ച് ഉയർത്തുന്നതിന്നുള്ള ശ്രമം നടന്നുവരുന്നു എന്ന വസ്തുത പ്രതീക്ഷക്ക് അൽപ്പമെങ്കിലും വക തരുന്നതാണ്. കോഴിക്കോട്ട് സർവ്വോദയ സംഘത്തിന്റെ കീഴിൽ നെയ്ത്തു മേഖലയിൽ പ്രവർത്തിച്ചുവരുന്ന പെൺകുട്ടികൾക്ക് താരതമ്യേന തുഛമായ കൂലി മാത്രമാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. ഒരു നൂൽ നൂൽപ്പ് കേന്ദ്രവും, ഒരു നെയ്ത്തുകേന്ദ്രവുമാണ് പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

സ്ത്രീകൾക്കെതിരായ അക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ പൊതുവേ കുറവാണ്. എങ്കിലും മദ്യത്തിനും മയക്കുമരുന്നുകൾക്കും അടിമകളായ കുടുംബനാഥൻമാരുടെ വീടുകളിൽ നിന്നും ഉയർന്ന് കേൾക്കാറുള്ള സ്ത്രീകളുടെ രോദനം ഒറ്റപ്പെട്ടവയായി പരിഗണിക്കാവുന്ന വിധത്തിൽ നിന്നും മാറിക്കൊണ്ടിരിക്കുന്നു എന്ന വസ്തുത കൂടി പരിഗണിച്ച് മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും വിൽപ്പനക്കെതിരെ മനുഷ്യമനസാക്ഷിയെ തിരിച്ചു വിടേണ്ടതിന്റെ ആവശ്യകത വിളിച്ചോതുന്നു.

മുസ്ലീം സമുദായത്തിൽ സ്ത്രീധന സമ്പ്രദായം പരസ്യം തന്നെയാണ്. ഹിന്ദുക്കളിൽ അത്രത്തോളമില്ല. എങ്കിലും ആഭരണഭ്രമവും വിവാഹ ധൂർത്തും എല്ലാ സമുദായങ്ങളിലും നിലനിൽക്കുന്നു. വിവാഹത്തോടനുബന്ധിച്ച് കടക്കെണിയിൽ വീഴുന്ന കുടുംബങ്ങൾ നിരവധിയുണ്ട്. അത് കൊണ്ടു തന്നെ ആഭരണം കുറഞ്ഞു പോയെന്ന കാരണത്താൽ പെൺകുട്ടികൾ പീഠിപ്പിക്കപ്പെടുന്ന അവസ്ഥയും അപൂർവ്വം ചില കുടുംബങ്ങളിൽ നിലനിൽക്കുന്നു.

സ്ത്രീകൾ പ്രധാനമായും ജോലിചെയ്യുന്ന കയർ ഖാദി മേഖലകളിൽ കൂലി താരതമ്യേന വളരെ കുറവാണ്. കെട്ടിട നിർമ്മാണ മേഖലയിൽ ഇപ്പോൾ കുറച്ച് സ്ത്രീകൾ തൊഴിൽ ചെയ്തുവരുന്നുവെങ്കിലും തുല്യ ജോലിക്ക് തുല്യവേതനം എന്ന ആവശ്യം ആ വിഭാഗത്തിൽ നിന്നും ഉയരേണ്ടിയിരി

ക്കുന്നു. മത്സ്യ സംസ്കരണരംഗത്ത് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി പ്രവർത്തിക്കുന്ന പീലിംഗ് ഷെഡ്ഡുകളിൽ തികച്ചും അനാരോഗ്യകരമായ സാഹചര്യത്തിൽ സ്ത്രീകൾ തൊഴിൽ ചെയ്തു വരുന്നുണ്ട്. ഇങ്ങനെ തൊഴിലെടുക്കുന്ന സ്ത്രീകളുടെ വ്യക്തമായ കണക്ക് പഞ്ചായത്തിൽ പോലും ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്. ഏറ്റെടുത്ത ജോലി ഉത്തരവാദിത്വത്തോടെ ചെയ്തു തീർക്കുന്നതിൽ സ്ത്രീകൾ മുൻപന്തിയിലാണെങ്കിലും ഉത്തരവാദിത്വങ്ങൾ സ്വയം ഏറ്റെടുക്കുന്നതിൽ വിമുഖത പ്രദർശിപ്പിക്കുകയും ഏല്പിച്ചു കൊടുക്കുന്നതിൽ പുരുഷൻമാർ മടിക്കുകയും ചെയ്യുന്നതിനാൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അവർ വേറിട്ടു കിടക്കുന്നു.

അവകാശങ്ങൾ തിരിച്ചറിയുകയും അത് നേടിയെടുക്കാനുള്ള സമരപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു കൊണ്ടാണ് ഏതു രംഗത്തും ജനവിഭാഗങ്ങൾ നേട്ടമുണ്ടാക്കിയത്, സ്ത്രീകളും. ഇതു തന്നെയാണ് വിമോചനത്തിന്റെ പാത എന്ന് തിരിച്ചറിയേണ്ടതുണ്ട്.

***വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ :***

1. തൊഴിലില്ലായ്മ സ്ത്രീകളുടെ ഇടയിൽ രൂക്ഷമാണ്.
2. പഞ്ചായത്തിലെ മിക്ക വാർഡുകളിലേയും വീട്ടമ്മമാരും പെൺകുട്ടികളും, കുടിവെള്ളത്തിനായി പൈപ്പിന്നടുത്തും കിണറ്റിൻകരയിലും കാവൽ നിൽക്കേണ്ടിവരുന്നു.
3. പകലുറക്കവും പരദൂഷണവും ടെലിവിഷനുമായി ദിവസത്തിന്റെ ഒരു നല്ല ഭാഗം മിക്ക വീടുകളിലും ചെലവഴിക്കപ്പെടുന്നു.
4. അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകളിലാണ് കൂടുതലായിട്ടുള്ളത്.
5. 30% സംവരണം ലഭിച്ചിട്ടുപോലും സമൂഹത്തിന്റെ നേതൃ നിരയിലേക്കുയരുവാൻ സ്ത്രീകൾക്ക് സാധിച്ചിട്ടില്ല.
6. തൊഴിൽ പരിശീലനം ലഭിച്ച സ്ത്രീകൾ പോലും ജോലി ചെയ്യുന്നതിൽ വിമുഖരാണ്.
7. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല.
8. സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് തടസ്സം നിൽക്കുന്നു.
9. സർക്കാർ സഹായ പദ്ധതികളെക്കുറിച്ച് സ്ത്രീകൾ അജ്ഞരാണ്.
10. സാമാന്യ വിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയ ബോധ നിലവാരം സ്ത്രീകളിൽ കുറവാണ്.
11. ആരോഗ്യസംരക്ഷണം, ശുചിത്വബോധം ഇവയിൽ പിന്നോക്കം നിൽക്കുന്ന ഒരു വിഭാഗം സ്ത്രീകളിലുണ്ട്.
12. സ്ത്രീകൾക്ക് മാത്രമുണ്ടാവുന്ന രോഗങ്ങൾക്ക് യഥാവിധി ചികിത്സ ലഭിക്കുന്നില്ല.
13. കലാരംഗത്തെ പ്രതിഭകളായി വളരുന്ന പെൺകുട്ടികൾ വളർന്ന് കഴിയുമ്പോൾ അവർ മികവ് തെളിയിച്ച മേഖലയിൽ നേടിയ വൈദഗ്ധ്യം മുരടിച്ചു പോകുന്നു.

1. സ്വയം തൊഴിൽ സംരംഭങ്ങളെക്കുറിച്ചും സഹകരണസംരംഭങ്ങളിലൂടെ തൊഴിൽ കണ്ടെത്തുന്നതിനെക്കുറിച്ചും സ്ത്രീകളിൽ ബോധവൽക്കരണം നടത്തുക, വിത്തും വളവും ശരിയായ മേൽനോട്ടവും നൽകിക്കൊണ്ട് സ്ത്രീകളെ പച്ചക്കറി, പൂക്കളുടെ കൃഷിയിൽ ശ്രദ്ധ കേന്ദ്രീകരിപ്പിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നടത്തുക.

2. ശുദ്ധ ജല വിതരണം കൂടുതൽ ഫലവത്താക്കുക.

3. ലൈബ്രറികളുടെ ആഭിമുഖ്യത്തിൽ പുസ്തകങ്ങൾ സ്ത്രീകൾക്ക് എത്തിച്ചു കൊടുക്കുന്നതിന്ന് പരിപാടികൾ നടപ്പിലാക്കുക. നല്ല പുസ്തകങ്ങൾ സ്ത്രീകളിലേക്ക് എത്തിക്കുക.

4. അന്ധ വിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായ ബോധവൽക്കരണത്തിനായി സഹായക്കുന്ന കലാപരിപാടികൾ സ്ത്രീകളുടെ അയൽക്കൂട്ടങ്ങളിലേക്ക് എത്തിക്കുക.

5. ബഹു ജനസംഘടനകളുടെ നേതൃസ്ഥാനങ്ങളിലേക്ക് സ്ത്രീകളെ കൈപിടിച്ചുയർത്തുവാൻ ബോധപൂർവ്വം പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

6. വിദ്യാലയങ്ങളിലേക്ക് പോകുന്ന പെൺകുട്ടികളെ കമന്റടിക്കുകയും ശല്യം ചെയ്യുകയും ചെയ്യുന്ന കൗമാര പ്രായക്കാരായ ആൺകുട്ടികളെ പിന്തിരിപ്പിക്കുന്നതിന്ന് സമൂഹത്തിന്റെ ഇടപെടൽ ഉണ്ടാവണം. ബാലികാ വിവാഹങ്ങൾക്കെതിരേ സമുദായ നേതൃത്വത്തിൽ നിന്നു തന്നെ ഇടപെടൽ ഉണ്ടാവണം.

7. തൊഴിൽ പരിശീലനം നേടിയ പെൺകുട്ടികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക സർക്കാർ സഹായം സംബന്ധിച്ച് ബോധവൽക്കരണത്തിനായി സ്ത്രീകൾക്ക് വേണ്ടി കൗൺസിലിംഗ് നടത്തുക.

8. തൊഴിൽ നിയമങ്ങളിലുള്ള പരിജ്ഞാനം നൽകുന്നതിന്നായി ക്യാമ്പുകൾ സംഘടിപ്പി തൊഴിൽ മേഖലകളിലേക്ക് എത്തിക്കുക.

9. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ അംഗൻവാടികൾ സ്ഥാപിക്കുക.

10. സ്ത്രീകളിൽ ശാസ്ത്രീയ ബോധം ഉണ്ടാക്കുന്നതിനായി സന്നദ്ധസംഘടനകൾ വനിതാ വിഭാഗം ഉണ്ടാക്കുകയും സ്ത്രീകൾക്ക് വേണ്ടി പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ ഇവ പ്രസിദ്ധീകരിക്കുകയും ചെയ്യുക. ഇന്നുള്ള വനിതാ പ്രസിദ്ധീകരണങ്ങൾ പലതും ഉന്നത വിഭാഗങ്ങളിൽ പൊങ്ങച്ച ബോധം സൃഷ്ടിക്കുവാൻ മാത്രമേ ഉതകുന്നുള്ളൂ.

11. കോളനികളിലും ജനങ്ങൾ തിങ്ങിത്താമസിക്കുന്ന കടലോരങ്ങളിലും സ്ത്രീകൾക്ക് മാത്രമായി മൂത്രപ്പുരകളും കക്കൂസുകളും ഉണ്ടാക്കുക.

12. തിരുവങ്ങൂര് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു സ്ഥിരം ഗൈനക്കോളജിസ്റ്റിന്റെ തസ്തിക അനുവദിക്കുക.

## സഹകരണം

കോപ്പറാറെ എന്ന ലാറ്റിൻ പദത്തിൽ നിന്നാണ്. കോ-ഓപ്പറേഷൻ എന്ന ഇംഗ്ലീഷ് വാക്ക് ഉണ്ടായതെന്ന് അനുമാനിക്കുന്നു. കൂട്ടായി ജീവിക്കുക അന്യോന്യം ഒത്ത് ചേർന്ന് പ്രവർത്തിക്കുക എന്നൊക്കെയാണ്. സഹകരണത്തിന്റെ സാമാന്യമായ അർഥം

ഓരോരുത്തരും എല്ലാവർക്കുംവേണ്ടി

എല്ലാവരും ഓരോരുത്തർക്കും വേണ്ടി

ഇതാണ് സഹകരണത്തിന്റെ മുദ്രാവാക്യം കോർത്തു പിടിച്ച കരങ്ങളാണു സഹകരണത്തിന്റെ അടയാളം.

സഹകരണം മനുഷ്യസഹജമായ ഒരു വാസനയാണ്. പ്രകൃത്യാതന്നെ ഈ ഗുണം മനുഷ്യർക്കുള്ളത് കൊണ്ട് ഒരു മിച്ച് ജീവിക്കാനും കൂട്ടുചേർന്നു പ്രവർത്തിക്കാനും പരസ്പരം സഹായിക്കാനും അവർക്കു കഴിയുന്നു. ആ നിലയിൽ മനുഷ്യരാശിയോളം തന്നെ പഴക്കമുണ്ട് സഹകരണം എന്ന ആശയത്തിന്. കൂട്ടായ പ്രവർത്തനം കൊണ്ട് തങ്ങളേക്കാൾ ശക്തിയുള്ള ഇതര ജീവികളെ കീഴ്പ്പെടുത്താമെന്ന് പ്രാകൃത മനുഷ്യർ പഠിച്ചു. അങ്ങിനെ മത്സരം ഉപേക്ഷിച്ച് മനുഷ്യർ തമ്മിൽ യോജിച്ചും സഹകരിച്ചും പ്രവർത്തിക്കാൻ തുടങ്ങി. അന്ന് മുതലാണ് യഥാർത്ഥ മാനവ പുരോഗതി ദൃശ്യമാവാൻ തുടങ്ങിയത്. ഇതിൽ നിന്നും കൂട്ടു ചേർന്ന പ്രവർത്തനമാണ് മാനവ സംസ്കാരത്തിനും സാമൂഹ്യ പുരോഗതിക്കും നിദാനമെന്ന് വ്യക്തമാകുന്നു. മനുഷ്യ സമൂഹത്തിന്റെ നൻമക്കും നിലനില്പിനും സഹകരണം ഒരു അനുവാര്യഘടകമാണ് സ്വന്തം സാമ്പത്തിക കാര്യങ്ങളുടെ ഉന്നമനത്തിനായി വ്യക്തികൾ സമ ഭാവനയുടെ അടിസ്ഥാനത്തിൽ സ്വമേധയാ സംഘടിക്കുകയും നീതിപൂർവ്വം അതിന്റെ ഭരണകാര്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്ന ഒരു സ്വയം പ്രേരിത സംഘടിതരൂപമാണ് സഹകരണം. ജീവിതത്തിന്റെ നാനവശങ്ങളിലും പ്രായോഗത്തിൽ വരുത്താവുന്ന ഒരു മഹനീയ ആദർശമാണ് സഹകരണം.

പൊതു ജനനന്മയാണ് സഹകരണത്തിന്റെ ആത്യന്തികലക്ഷ്യം. പ്രകൃതി വിഭവങ്ങളുടെ കാര്യത്തിലും തൊഴിൽ ചെയ്യാൻ സന്നദ്ധരായ അഭ്യസ്ത വിദ്യരുടെ കാര്യത്തിലും കേരളം ആനുഗ്രഹീതമാണെങ്കിലും കേരളത്തിന്റെ സാമ്പത്തിക നില തികച്ചും ഭീതിജനകമാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ജനങ്ങളുടെ പ്രതിശീർഷ വരുമാനം തീരെ കുറവാണ്. ഉയർന്ന ജനസാന്ദ്രതയും മന്ദമായ വ്യവസായ പുരോഗതിയും തൊഴിൽ രംഗത്തെ പ്രശ്നങ്ങളുമാണ് ഈ സ്ഥിതിക്ക് പ്രധാന കാരണം. വികസ്വരരാജ്യങ്ങളുടെ സാമ്പത്തിക അഭിവൃദ്ധിക്കു സഹകരണ പ്രസ്ഥാനത്തിന് കാര്യമായ സംഭാവനകൾ ചെയ്യാൻ കഴിയുമെന്നു ഇത് വരെയുള്ള അതിന്റെ പ്രവർത്തനം തെളിയിച്ചിട്ടുണ്ട്. സാമ്പത്തിക ആസൂത്രണത്തിന് പ്രയോജനപ്രദമായ ഒരു ഉപകരണമായി സഹകരണ പ്രസ്ഥാനത്തെ ഇന്ത്യൻ ആസൂത്രകർ ഇതിനകം അംഗീകരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന മുടലെടുക്കുന്നതിന് മുൻപ് തിരു കൊച്ചി പ്രദേശത്ത് 1932ലെ സഹകരണ നിയമവും മലബാർ പ്രദേശത്ത് 1932ലെ മദിരാശി സഹകരണ നിയമവുമായിരുന്ന പ്രാബല്യത്തിലുണ്ടായിരുന്നത്. കേരള സംസ്ഥാന രൂപീകരിച്ചതിനു ശേഷവും ഇതേ നിയമം തന്നെ നമ്മുടെ സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിൽ തുടർന്നു വന്ന് സമഗ്രമായ കേരള സംസ്ഥാന സഹകരണ നിയമം നിലവിൽ വന്നത് 1969ലാണ്.

ചേമഞ്ചേരി പഞ്ചായത്തിൽ ആദ്യമായി നിലവിൽ വന്ന സഹകരണ പ്രസ്ഥാനം ഐക്യ നാണയ സഹകരണ സംഘം എന്ന പേരിലറിയപ്പെട്ടിരുന്ന ഇന്നത്തെ ചേമഞ്ചേരി സർവ്വീസ് സഹകരണബേങ്ക് ആണ്. കൂടാതെ കയർ വ്യവസായമേഖലയിലും കൈത്തറിമേഖലയിലും കക്ക വ്യവസായരംഗത്തും ക്ഷീരോത്പാദക രംഗത്തും, ഭവന നിർമ്മാണരംഗത്തും, മത്സ്യതൊഴിലാളിമേഖലയിലും ഇവിടെ സഹകരണ പ്രസ്ഥാനം വളർന്നുവന്ന്. മനുഷ്യജീവിതത്തിന്റെ നാനാതുറകളിലും വികാസത്തിന് ഉപയുക്തിമായ സഹകരണ പ്രസ്ഥാനത്തെ അതിന്റെ അർത്ഥത്തിലും വ്യാപ്തിയിലും വളർത്തിക്കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഗ്രാമസഭകളിലെ ചർച്ചകളിൽ വ്യവസായ രംഗത്തും കാർഷീകരംഗത്തും മറ്റിതര മേഖലകളിലും സഹകരണപ്രസ്ഥാനത്തെ വളർത്തിക്കൊണ്ടു വരണമെന്ന നിർദ്ദേശങ്ങൾ വ്യാപകമായി ഉയർന്നുവന്നിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളുടെ ഒരു വിലയിരുത്തൽ നടത്തിയെങ്കിൽ മാത്രമേ കൂടുതൽ മേഖലകളിലേക്ക് ഇത് വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് നമുക്ക് ചിന്തിക്കാനും ചർച്ചചെയ്യാനും കഴിയുകയുള്ളൂ.

ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന ഒരു സഹകരണ സംഘവും, ഭവന നിർമ്മാണ രംഗത്ത് ചേമഞ്ചേരി പഞ്ചായത്തിനോടൊപ്പം, ചെങ്ങോട്ടുകാവ്, കൊയിലാണ്ടി, മൂടാടി എന്നീ പഞ്ചായത്തുകളിൽ കൂടി പ്രവർത്തന പരിധിയുള്ള ചേമഞ്ചേരി റൂറൽ കോ-ഓപ് ഹൗസിംഗ് സൊസൈറ്റിയും കയർ വ്യവസായരംഗത്ത് പ്രവർത്തിക്കുന്ന 4 സംഘങ്ങളും ക്ഷീരവ്യവസായരംഗത്ത് പ്രവർത്തുക്കുന്ന രണ്ട് സംഘങ്ങളും ഒരു ഹരിജൻ വിവിധോദ്ദേശ സഹകരണ സംഘവും ഒരു മത്സ്യതൊഴിലാളി സഹകരണ സംഘവും രണ്ടു സ്ക്കൂൾ കോ-ഓപ് സൈസൈറ്റികളുമാണ് നമ്മുടെ പഞ്ചായത്തിൽ ഇന്ന് ഏറെക്കുറെ പ്രവർത്തനങ്ങൾ നടക്കുന്ന സഹകരണ സംഘങ്ങൾ. ഒട്ടനവധി സംഘങ്ങൾ റജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ പ്രവർത്തനമാരംഭിച്ചിട്ടില്ല.

## ചേമഞ്ചേരി സർവ്വീസ് സഹകരണബേങ്ക്

ഐക്യനാണയ സംഘം എന്ന പേരിൽ 1927ൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ച ഒരു സഹകരണ സംഘമാണിത്. നമ്മുടെ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ആദ്യത്തെ പടി ഇതാണെന്നു പറയാം. ക്രഡിറ്റ് മേഖലയിലുള്ള ഏക സഹകരണ സ്ഥാപനവും ഇത് തന്നെ. വളരെ പരിമിതമായ തോതിൽ വാടാക കെട്ടിടത്തിലായിരുന്നു ഇത് പ്രവർത്തിച്ചു വന്നത്. 1969ലെ കേരളാ സഹകരണനിയമം പ്രാബല്യത്തിൽ വന്നതോടെ ഈ സംഘം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘമായി പ്രവർത്തിച്ചു. കൃഷിക്കാർക്കും, മറ്റ് ഗ്രാമീണ മേഖലയിലെ ആളുകൾക്കും ധനസഹായം നല്ക്കുക, പമ്പ് സെറ്റ് കീടനാശിനി തളിക്കുന്ന ഉപകരണങ്ങൾ എന്നിവ വാടകക്ക് നല്ക്കുക, ചിട്ടികൾ നടത്തുക പൊതുവിതരണ മേഖലയിൽ റേഷൻ കടകൾ നടത്തുക, എന്നിവയായിരുന്നു ഇതിന്റെ പ്രവർത്തനങ്ങൾ, വളരെ നല്ല നിലയിൽ ഇതിന്റെ പ്രവർത്തനം നടന്നുവന്നു.

സ്വന്തമായി 15 സെന്റ് സ്ഥലവും ഒരു ഓഫീസ് കെട്ടിടവും ഈ സ്ഥാപനത്തിനു മുതൽകൂട്ടായുണ്ട്.

ഇന്നു ഈ ബേങ്കിൽ 2129 പേർ അംഗങ്ങളായുണ്ട്. സ്വന്തമായ ഓഫീസ് കെട്ടിടത്തിനു പുറമെ ഒരു ഗോഡൗണും ബേങ്കിനു സ്വന്തമായുണ്ട്. ബേങ്കിന്റെ ഓഹരി വില 10 രൂപയാണ്, അംഗീകൃത ഓഹരിമൂലധനം 45,50,000 രൂപയും പിരിഞ്ഞുകിട്ടിയ ഓഹരി 4,37,587 രൂപയുമാണ് സർക്കാർ ഓഹരി 77750 രൂപയാണ്. പൊതുജനങ്ങളിൽ നിന്നും സ്ഥിരം നിക്ഷേപമായി 18,94,572 രൂപയും മറ്റു നിക്ഷേപങ്ങളായി 8,26,907 രൂപയും ഉണ്ട്.

അംഗങ്ങൾ എടുത്തുവായ്പ തിരിച്ചടക്കുന്നതിൽ വരുത്തുന്ന വീഴ്ച ബേങ്കിന്റെ പ്രവർത്തനത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നു. ഏതാണ്ട് 10 ലക്ഷത്തോളം രൂപ അംഗങ്ങളിൽ നിന്നും കുടിശ്ശിക പിരിഞ്ഞുകിട്ടാനുണ്ട് മൊത്തം 5 ജീവനക്കാരാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഒരു വളം ഡിപ്പോയും സഹകരണ മാവേലിസ്റ്റോറും ഈ ബേങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഉത്സവവേളകളകളിൽ ചന്തകളും നടത്തിവരുന്നു.

## കൊയിലാണ്ടി സർവ്വീസ് കോ-ഓപ്. ബേങ്ക്:-

1963 ജൂലായ മാസ്ത്തിൽ പ്രവർത്തനമാരംഭിച്ച കൊയിലാണ്ടി സർവ്വീസ് ബേങ്കിന്റെ സേവനം അതിന്റെ പ്രവർത്തനമേഖലയായ ചേമഞ്ചേരി പഞ്ചായത്തിനും സ്തുത്യർഹമായ രീതിയിൽ ലഭിച്ചുവരുന്നു കൊയിലാണ്ടി സർവ്വീസ് ബേങ്കിലെ ഓഹരിഉടമകളിൽ രണ്ടായിരത്തോളമാളുകൾ ഈ പഞ്ചായത്തിലുള്ളവരാണ്. കാർഷിക വായ്പയും ഐ.ആർ.ഡി.പി. ലോണും ചേമഞ്ചേരിയിലെ ഓഹരി ഉടമകൾക്കു കൊടുക്കുന്ന കാര്യത്തിൽ ബേങ്ക് പ്രത്യേകം ശ്രദ്ധിച്ചു വരുന്നു.

## ചേമഞ്ചേരി റൂറൽ കോ.ഓപ്. ഹൗസിംഗ് സൊസൈറ്റി

ഭവന നിർമ്മാണരംഗത്ത് ചേമഞ്ചേരി നിവാസികൾക്കു പ്രശംസനീയമായ രീതിയിൽ സേവന മനുഷ്ഠിച്ചുവരുന്ന ഒരു സഹകരണ സ്ഥാപനമാണ് ചേമഞ്ചേരി റൂറൽ കോ-ഓപ്ഹൗസിംഗ് സൊസൈറ്റി. പാർപ്പിടം പ്രശ്നം രൂക്ഷമായ ചേമഞ്ചേരി പഞ്ചായത്തിൽ ഏതാണ് നൂറോളം വീടുകൾ നിർമ്മിക്കുവാൻ സൊസൈറ്റി വായ്പകൾ നല്കിയിട്ടുണ്ട്.

## കയർ വ്യവസായ സഹകരണ സംഘങ്ങൾ

**ചീനച്ചേരി കാപ്പാട് കയർവ്യവസായ സഹകരണ സംഘം**

കയർ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ മുൻപന്തിയിൽ നില്ക്കുന്ന ഒന്നാണിത്. കോഴിക്കോട് ജില്ലയിൽ തന്നെ നന്നായി പ്രവർത്തിക്കുന്ന ഏറ്റവും കൂടുതൽ ആസ്തിയുള്ള സഹകരണ സ്ഥാപനമാണിത.

1958 ജൂൺ ഒന്നിനാണ് ഈ സംഘം പ്രവർത്തനമാരംഭിച്ചത്. വാടകക്കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച സൊസൈറ്റി പിന്നിട് കാപ്പാട് കൈപ്പുഴ ഭാഗത്ത് സ്വന്തമായി സ്ഥലം വാങ്ങി ഓഫീസുംഗോഡൌണും പണിത്. 722 അംഗങ്ങളുള്ള ഈ സംഘത്തിന്റെ ഓഹരി വില 20 രൂപയാണ്. സംഘത്തിൽ 40 പുരുഷതൊഴിലാളികളും 310 സ്ത്രീതൊഴിലാളികളുമുണ്ട്. രണ്ട് എക്രയോളം സ്ഥലം സംഘത്തിനു സ്വന്തമായുണ്ടു. ശരാശരി 45 ക്വിന്റൽ ചൂടി ഈ സംഘം ഉത്പാദിപ്പിക്കുന്നു.

## ചേമഞ്ചേരി കയർ വ്യവസായ സഹകരണ സംഘം

കയർ വ്യവസായ സഹകരണസംഘങ്ങളുടെ പട്ടികയിൽ ചേമഞ്ചേരിയിൽ ആദ്യമായി ഉടലെടുത്ത സംഘമാണിത്. 1958 ഫിബ്രവരി 19നു സംഘം പ്രവർത്തനമാരംഭിച്ചു 10 രൂപയാണ് ഓഹരിവില. 40 പുരുഷന്മാരും 240 സ്ത്രീകളും ഇവിടെ തൊഴിൽ ചെയ്യുന്നു. വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. KAP പദ്ധതിപ്രകാരം 100 തൊഴിലാളികൾക്ക് ജോലിചെയ്യാൻ കഴിയുന്ന 100 മോട്ടോർ ഘടിപ്പിച്ച റാട്ടകൾ പ്രവർത്തിക്കുന്ന ഒരു യൂനിറ്റിന്റെ പ്രവർത്തനം പുരോഗമിച്ചു വരുന്നു ഇതിനായി 15 സെന്റ് സ്ഥലം സ്വന്തമായി വാങ്ങിയിട്ടുണ്ട്.

## വെങ്ങലം കയർ വ്യവസായ സഹകരണ സംഘം

1964ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൽ ആകെ 663 അംഗങ്ങളുണ്ട്. 30 പുരുഷന്മാരും 270 സ്ത്രീകളും സംഘത്തിന്റെ കീഴിൽ തൊഴിൽ ചെയ്യുന്ന സ്വന്തമായി ഗോഡൗണും ഓഫീസും സംഘത്തിനുണ്ട്. 100 തൊഴിലാളികൾക്കു കയർ നിർമ്മാണം നടത്താനുതകുന്ന യന്ത്രവൽകൃത യൂനിറ്റിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

## തുവ്വക്കോട് കയർ വ്യവസായ സഹകരണ സംഘം

1985ൽ റജിസ്റ്റർ ചെയ്ത സംഘം പ്രവർത്തനമാരംഭിച്ചത് 87ലാണ്, 622 മെമ്പർ മാരുള്ള ഈ സംഘത്തിന്റെ കീഴിൽ 158 സ്ത്രീകളും 20 പുരുഷന്മാരും തൊഴിലെടുക്കുന്നു സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. തൊണ്ട് തല്ലി തുമ്പുണ്ടാക്കി ചൂടിനിർമ്മിക്കുന്ന പ്രവർത്തിയാണ് ഇവിടെ നടക്കുന്നത്.

## മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾ

മത്സ്യ തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തിയാണ് ഈ സംഘങ്ങൾ രൂപീകൃതമായത്.15-12-87ൽ ആരംഭിച്ച കണ്ണങ്കടവ് ഏഴുകുടിക്കൽ ഫിഷർമെൻ ഡവലപ്പ്മെന്റ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഒരു സഹകരണസ്ഥാപനമാണ്. 178 സ്ത്രീകൾ ഉൾപ്പെടെ 1010 അംഗങ്ങൾ ഈ സംഘത്തിലുണ്ട്. മത്സ്യബന്ധനോപാധികൾ വാങ്ങുന്നതിനു അംഗങ്ങൾക്കു വായ്പകൾ നല്കിവരുന്നു.

## ക്ഷീരോത്പാദന സഹകരണ സംഘങ്ങൾ

ക്ഷീരോത്പാദനരംഗത്ത് രണ്ട് സൊസൈറ്റികൾ പഞ്ചായത്തിലുണ്ടെങ്കിലും രണ്ടിന്റെ പ്രവർത്തനം പൂർണ്ണതയിലെത്തിയിട്ടില്ല.


## പ്രശ്നങ്ങൾ

1. കയർ മേഖലയിൽ, തൊണ്ടു തല്ലാൻ വേണ്ടത്ര തൊഴിലാളികളെ ലഭിക്കുന്നില്ല.
2. കയർ മേഖലയിലെ കൂലി വ്യവസ്ഥ താരതമ്യേന വളരെ കുറവാണ്.
3. അനാരോഗ്യകരമായ ചുറ്റുപാടുകളിൽ നിന്നും വൃത്തിഹീനമായ അന്തരീക്ഷത്തിൽ ജോലി ചെയ്യേണ്ടിവരുന്നതുകൊ ണ്ട് സ്ത്രീ തൊഴിലാളികളെ ലഭിക്കുന്നില്ല.
4. തിരുവങ്ങൂരിലെ ഹരിജൻ വെൽഫെയർ സൊസൈറ്റി പ്രവർത്തനം നിശ്ചലമായിരിക്കുന്നു.
5. ക്ഷീരോത്പാദക രംഗത്ത് സൊസൈറ്റികളുടെ അപര്യാപ്തത.
6. വനിതാവ്യവസായ സഹകരണ സംഘങ്ങളുടെ അപര്യാപ്തത.
7. സഹകരണ സ്ഥാപനങ്ങളിലെ രാഷ്ട്രീയ അതിപ്രസരം.

## സാധ്യതകൾ

1. തൊഴിൽ സാധ്യത നഷ്ടപ്പെടാത്ത രീതിയിൽ കയർ മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കാം.
2. തൊഴിലാളികൾക്കും അർഹമായ കൂലികിട്ടുന്നരീതിയിൽ സഹകരണ സംഘം മുഖേന കയറിന്റെ ഉപോൽപ്പന്നങ്ങളും നിർമ്മിക്കാം.
3. സൊസൈറ്റി അംഗങ്ങൾ പ്രത്യേകം താല്പര്യമെടുത്താൽ ഹരിജൻ വെൽഫയർ സൊസൈറ്റി പ്രവർത്തനം സജീവമാക്കാം.
4. 1,12,2,5,4,3 വാർഡുകൾ കേന്ദ്രീകരിച്ചും 6,7,8,9,10,11 വാർഡുകൾ കേന്ദ്രീകരിച്ചും രണ്ടു ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ രൂപീകരിച്ചാൽ ക്ഷീരോൽപാദകരുടെ പ്രശ്നങ്ങൾക്കു ഒരു പരിധിവരെ പരിഹാരം കണ്ടെത്താം.
5. അഭ്യസ്ത വിദ്യരായ വനിതകളെ സംഘടിപ്പിച്ച് വനിതാവ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ചാൽ സ്ത്രീകളുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാം.
6. ഓരോരുരുത്തരും എല്ലാവർക്കും വേണ്ടി എല്ലാവരും ഓരോരുത്തർക്കും വേണ്ടി എന്ന സഹകരണ മന്ത്രം മുറുകെ പിടിച്ചാൽ സഹകരണ രംഗത്തെ അനോരോഗ്യകരമായ രാഷ്ട്രീയ മത്സരം ഒഴിവാക്കാനാകുമെന്ന പ്രാത്യാശയോടെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.





# വിഭവ സമാഹരണം.

മുരടിപ്പ് നേരിടുന്ന കാർഷിക വ്യാവസായിക രംഗങ്ങൾ പാഴായി പോക്കുന്ന മാനുഷിക സമ്പത്ത് "കേരളമോഡൽ" എന്ന പ്രകീർത്തിക്കപ്പെടുന്ന നമ്മുടെ അവസ്ഥയുടെ പ്രത്യേകതയാണ് ഇത്. ഈ സ്ഥിതിക്ക് സത്വരമായ മാറ്റം അനിവാര്യമാണ്. പാഴായി പോകുന്ന മനുഷ്യധ്വാനത്തെ കാർഷിക വ്യാവസായിക മേഖലകളിലേക്ക് കേന്ദ്രീകരിക്കുന്നതിന്ന് ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുകൊണ്ട് മാത്രമെ ഇന്നത്തെ ദുസ്ഥിതിക്ക് പരിഹാരം കാണുവാൻ സാധിക്കുകയുള്ളൂ. അതിന്റെ തുടക്കം എന്ന നിലയിൽ ഇന്ന് നടക്കുന്ന ജനകീയ ആസൂത്രണ പ്രവർത്തനത്തെ നമുക്ക് പ്രതീക്ഷയോടെ നോക്കിക്കാണാം.

ഈ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന സ്ഥാപനം എന്ന നിലയിൽ നമ്മുടെ പഞ്ചായത്തിന്റെ വരുമാനത്തെക്കുറിച്ചും ചെലവിനങ്ങളേക്കുറിച്ചും അവലോകനം ചെയ്യുമ്പോൾ കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കകം രണ്ടിലും കാര്യമായ വർദ്ധനവ് ഉള്ളതായിക്കാണാം. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന കോക്കനട്ട് കോംപ്ലക്സിന്റെ നിശ്ചലാവസ്ഥ പഞ്ചായത്തിന്റെ വരുമാനത്തിൽ ഇടിവ് വരുത്തിയിട്ടുണ്ട്. പ്രസ്തുത ഫാക്ടറി തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഊർജ്ജിത മാക്കേണ്ടിയിരിക്കുന്നു.

ഇവിടെ സുലഭമായി ലഭിക്കുന്ന മത്സ്യ സമ്പത്തിനെ വ്യാവസായികാ അടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുകയും ആവശ്യമാണ്.

*സാധ്യതകൾ*

1. വിദേശങ്ങളിൽ ജോലി ചെയ്യുന്ന നമ്മുടെ സുഹൃത്തുക്കളുടെ നിക്ഷേപങ്ങൾ ദേശീയ സമ്പാദ്യ പദ്ധതിയിലേക്ക് ആകർഷിക്കുന്നതിന്ന് സംഘടിതമായ പ്രവർത്തനം നടത്തുക.

2. പഞ്ചായത്തിൽ ആഴ്ച ചന്തകൾ സ്ഥിരമായി നടത്തുന്നതിലൂടെ കാർഷികവൃത്തിയിലേക്കും ചെറുകിട വ്യവസായങ്ങളിലേക്കും ജനങ്ങളെ നയിക്കുക. ആഴ്ച ചന്ത നടത്തിപ്പിലൂടെ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക.

3. പഞ്ചായത്തിന്റെ കീഴിലുള്ള എഫ്. എഫ്. ഹാൾ കൂടുതൽ സൗകര്യപ്രദമാക്കുകയും പൊതു പരിപാടികൾക്കായി വാടക പുതുക്കി നിശ്ചയിച്ച് നൽകുകയും ചെയ്യുക.

4. തിരുവങ്ങൂർ, കാട്ടിലെപീടിക എന്നീ കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുക.

5. പൂക്കാട്ടങ്ങാടിയിൽ ഒരു ടാക്സിസ്റ്റാന്റ് സ്ഥാപിക്കുക. തിരുവങ്ങൂർ, കാട്ടിലപ്പീടിക, കാപ്പാട് എന്നീ അങ്ങാടികളിൽ ഓട്ടോറിക്ഷ സ്റ്റാന്റ് സ്ഥാപിക്കുക.

## വരുമാനത്തിലെ വ്യതിയാനം

| ഇനം | 1991–92 | 1995–96 | വ്യതിയാനം | ശതമാനം. |
|---|---|---|---|---|
| a) കെട്ടിട നികുതി | 1,72,983.00 | 2,91,464.00 | 1,18481.00 | 68.49% |
| b) തൊഴിൽ നികുതി | 91,720.00 | 1,77,598.00 | 85,878.00 | 93.63% |
| c) വിനോദ നികുതി | 90,325.00 | 1,14,000.00 | 23,675.00 | 26.2% |
| d) ലൈസൻസ് ഫീസ് | 47489.00 | 55,606.00 | 8117.00 | 17% |
| e) ലേലങ്ങൾ | 20,749.00 | 39.008.00 | 18,259.00 | 88% |
| f) ഉപാധിരഹിത ഫണ്ട് | 2,00,000.00 | 3,09,550.00 | 1,09,550.00 | 54.77% |
| ജെ - ആർ- വൈ | 2,70,249.00 | 2,80,000.00 | 9,751.00 | 3.6% |
| ഗ്രാന്റുകൾ ആകെ വരവ് | 5,49 667.00 | 9,29,837.00 | 3,80,170.00 | 69.16% |

## ചെലവുകളിലെ വ്യതിയാനം

| ഇനം | 1991–92 | 1995–96 | വ്യതിയാനം | ശതമാനം. |
|---|---|---|---|---|
| a) എസ്റ്റാബ്ലിഷ്മെന്റ് | 4,12,123.00 | 6,83,621.00 | 2,71,478 | 66% |
| b) തെരുവ് വിളക്കുകൾക്ക് | 39,759.00 | 67,017.00 | 27,258.00 | 69% |
| c) വാട്ടർ ചാർജ്ജ് | 5.428.00 | 38,604.00 | 33,176.00 | 611% |
| d) പൊതുമരാമത്ത് | 3,89,973.00 | 10,05,507.00 | 61,55,34.00 | 158% |
| e) വിദ്യാഭ്യാസം പത്രമാസികകൾ, ലൈബ്രറി | 33,786.00 | 61,226.00 | 27,440.00 | 81% |
| f) ഇതര ചിലവുകൾ | 4,01,096.00 | 6,06,393.00 | 2,05,297.00 | 51% |

# ഉപസംഹാരം

സേവനോത്സുകരായ സാമൂഹ്യ പ്രവർത്തകരുടെ സമർപ്പണബോധമാണ് ഈ റിപ്പോർട്ടുകളുടെ വിജയത്തിന്നാധാരം. ഇനിയും ഒരു പാട് കാര്യങ്ങൾ സമാഹരിക്കാനും വിശകലനം ചെയ്യാനുമുണ്ട്. സമയ പരിമിതിമൂലം സംഭവിച്ച പോരായ്മകൾ ക്ഷമിക്കുക. വികസന സെമിനാറിൽ നടക്കുന്ന ചർച്ചയിലൂടെ റിപ്പോർട്ട് സമ്പന്നമാക്കാൻ നമുക്ക് കഴിയണം. വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മാർഗരേഖകളും നൽകിയ എല്ലാവരോടും ഞങ്ങൾക്കുള്ള ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ റിപ്പോർട്ട് സെമിനാറിനു മുമ്പാകെ സമർപ്പിക്കുന്നു.

# വികസന രേഖാശില്പികൾ

## കൃഷി ജലസേചനം

കെ. പി ഉണ്ണിഗോപാലൻ മാസ്റ്റർ (കൺവീനർ)

കെ. മൂസ്സ മാസ്ററർ

ബാലൻ പുതിയോട്ടിൽ

എൻ. കെ. കെ മാരാർ (ജില്ലാ റിസോർസ് പേഴ്സൺ)

സാലി

സജിനി സി.

ഹരിദാസൻ

എം. ഒ ഗോപാലൻ

സോമൻ മാസ്റ്റർ

കെ. കെ മുഹമ്മദ്

റഷീദ്

പുഷ്പ

## മൃഗസംരക്ഷണം, മത്സ്യബന്ധനം

കെ. പി രാമചന്ദ്രൻ (കൺവീനർ)

കെ. എം സുരേന്ദ്രൻ

ആർ. പി വത്സല

സബിത –(ജില്ലാ റിസോർസ് പേഴ്സൺ)

കെ. ശശിധരൻ

വാണി

പി. എം കോയ

രവീന്ദ്രൻ

കൈരളി

ബിന്ദു

**കുടിവെള്ളം ആരോഗ്യം**

എൻ. വി സദാനന്ദൻ (കൺവീനർ)

പി.പി ശ്രീധരൻ

സി. ശിവദാസ് (ജില്ലാ റിസോർസ് പേഴ്സൺ)

സക്കീന

ഉണ്ണി മാടഞ്ചേരി

ശേഖരൻ

ബൈജു

ടി. വി. ഉണ്ണികൃഷ്ണൻ

സി. കെ വിജയലക്ഷ്മി.

കമല കെ.

**വ്യവസായം ഗതാഗതം ഊർജ്ജം, സഹകരണം**

വിജയൻ കണ്ണഞ്ചേരി (കൺവീനർ)

എം. പി മൊയ്തീൻ കോയ

അശോകൻ കോട്ട് (ജില്ലാറിസോർസ് പേഴ്സൺ)

കെ. മധുസൂദനൻ

പ്രദീപൻ

ശശികുമാർ പാലയ്ക്കൽ

കെ. ലക്ഷ്മി.

ആർ. ടി ഗോവിന്ദൻ

**വിദ്യാഭ്യാസം സംസ്കാരം**

യു. കെ രാഘവൻ (കൺവീനർ)

മാടഞ്ചേരി സത്യനാഥൻ (ജില്ലാ റിസോർസ് പേഴ്സൺ)

രാധാകൃഷ്ണൻ കാര്യാവിൽ

സുനിൽ കുമാർ

പ്രൊഫ. കുട്ടൂസ്സ (ജില്ലാ റിസോർസ് പേഴ്സൺ)

പി. ദാമോദരൻ

കെ വി സുരേഷ് ബാബു.

ഹരീഷ് കുമാർ കുന്നുമ്മൽ

**സാമൂഹ്യക്ഷേമം, ഗൃഹനിർമ്മാണം, വനിത, പട്ടികജാതി ക്ഷേമം**

ഇ. രാമചന്ദ്രൻ (കൺവീനർ)

കെ. കെ കേശവൻ

ഗൗരി വൈലേരി

വി. ഗോപാലൻ മാസ്ററർ (ജില്ലാ റിസോർസ് പേഴ്സൺ)

ടി. പ്രഭാകരൻ

കെ. എം അനിൽകുമാർ

പി. രാജൻ

വി. ബാലചന്ദ്രൻ

ഒ. ശ്രീകുമാർ

വി. തങ്കപ്പൻപിള്ള

**നാ... ചരിത്രം ഭൗതികാവസ്ഥ**

ടി. പി മുരളീധരൻ (കൺവീനർ)

**വിഭവസമാഹരണം**

നസീർ ഹുസൈൻ സെക്രട്ടറി ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്

**കല**

എ. കെ രമേശ്

**ലേ ഔട്ട്**

വേണു ചിത്രശാല

**ഭൂപടം**


കെ. മധു.

**ഡി.ടി.പി**

**NIET** *Graphics Calicut.*



# CHEMANCHERY PANCHAYATH





# വികസനരേഖ

## നരിക്കുളം ഗ്രാമപഞ്ചായത്ത്

അരിക്കുളം ഗ്രാമപഞ്ചായത്ത്

# വികസന രേഖ

**1996**

# എഡിറ്റോറിയൽ ബോർഡ്

മാനേജിങ് എഡിറ്റർ

**കെ.കെ.നാരായണൻ**

ചീഫ് എഡിറ്റർ

**ജനാർദ്ദനൻ സി.എം.**

അംഗങ്ങൾ:

**എൻ.എസ്.നമ്പൂതിരി**

**പി.സി.കുഞ്ഞഹമ്മദ്**

**കാരയാട് ഗംഗാധരൻ**

**ടി.കെ.കരുണാകരൻ**

**ഏ.എം.സുഗതൻ**

**എൻ.പി.കുഞ്ഞിമൊയ്തീൻ**

**സി.പ്രഭാകരൻ**

കവർ ഡിസൈൻ

**ശിവാനന്ദൻ**

ലേ-ഔട്ട്

**ലേസർ ലൈൻസ് കോഴിക്കോട്,**

**ഫോൺ: 702223**

# ആസൂത്രകരോട് ........

ആസൂത്രണ പ്രക്രിയയുടെ ചരിത്രത്തിലെ ഒരു പുത്തൻ അനുഭവമാണ് ജനകീയാസൂത്രണ പ്രസ്ഥാനം. കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും വമ്പിച്ച ജനപങ്കാളിത്തത്തോടുകൂടി ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ തീരുമാനിച്ചിരിക്കയാണ്. അതനുസരിച്ച് ആസൂത്രണം താഴെത്തട്ടിൽ നിന്നാരംഭിക്കേണ്ടതുണ്ട്. നടന്നതും, നിലവിൽനടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികളെ വിലകുറച്ചുകാണുകയല്ല അതിന്റെ ഉദ്ദേശം. മറിച്ച് പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലുമുള്ള പോരായ്മകൾ കണ്ടെത്തി അവയ്ക്ക് പരിഹാരം കാണുന്ന വിധത്തിൽ ഒമ്പതാം പദ്ധതി ജനലക്ഷങ്ങളുടെ ആഗ്രഹങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായി എങ്ങനെ രൂപകല്പനചെയ്യാം എന്നു കണ്ടെത്തുകയാണ്.

ജനകീയാസൂത്രണത്തിന്റെ പ്രാഥമിക ഘട്ടം വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടലായിരുന്നു. ഇതിന്നുവേണ്ടി സംസ്ഥാന, ജില്ലാ, പഞ്ചായത്തുതലങ്ങളിൽ നിരവധി പേർക്കു പരിശീലനം ലഭിച്ചു. അരിക്കുളം പഞ്ചായത്തിൽ ഒമ്പതുപേർക്കു ജില്ലാതലത്തിലും 42 പേർക്കു പഞ്ചായത്തു തലത്തിലും പരിശീലനം കിട്ടിയിട്ടുണ്ട്. ഇവരുടെ കൺവീനർ ശ്രീ.എ.എം.സുഗതനാണ്.

പഞ്ചായത്തു ഭരണസമിതിയുടെയും പരിശീലനം നേടിയവരുടെയും കൂട്ടായ പരിശ്രമത്താൽ 1996 സപ്തംബർ പതിനാലിനും ഒക്ടോബർ രണ്ടിനും ഇടയിലുള്ള ആറു ദിവസങ്ങളിലായി പതിനൊന്നു വാർഡുകളിലും ഗ്രാമസഭകൾ വിജയകരമായി വിളിച്ചുചേർത്തു. ഓരോ വാർഡിലും ശരാശരി ഇരുനൂറ്റിയമ്പതിലധികം അംഗങ്ങളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കാൻ നമുക്കു കഴിഞ്ഞു. ഗ്രാമസഭകളോരോന്നും ഗഹനങ്ങളായ ചർച്ചകളാൽ സമ്പുഷ്ടമായിരുന്നു.

വിവിധ വിഷയങ്ങളെക്കുറിച്ച് വാർഡുകളിൽ നടന്ന ചർച്ചാനിർദ്ദേശങ്ങളുടെ ക്രോഡീകരണത്തിനു നിരവധി പേർ സഹായിച്ചു. പഠനപര്യടന സംഘവും, ദ്വിതീയ വിവരശേഖരണ സംഘവും, സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തല പഠനസംഘവും ശേഖരിച്ചെടുത്ത വിവരങ്ങൾ, നിലവിലുള്ള പദ്ധതി അവലോകനങ്ങൾ, ഗ്രാമസഭാ ക്രോഡീകരണങ്ങൾ എന്നിവയെല്ലാം ചേർത്തുവെച്ച് ചർച്ചകളും വിശകലനങ്ങളും നടത്തിയാണ് ഈ വികസന രേഖ ഞങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. സ്ഥിതിവിവരക്കണക്കുകൾ പലതും പൂർണ്ണമല്ലാത്തതിനാൽ പല പരിമിതികളും അനുഭവപ്പെട്ടിട്ടുണ്ട്. എങ്കിലും തെറ്റുകൾ

കടന്നു കൂടാതിരിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.

ഈ വികസന രേഖയുടെ കയ്യെഴുത്തു പ്രതി തയ്യാറാക്കിയവരോടും കവർ ഡിസൈനിംഗ്, ഡി.ടി.പി., പ്രൂഫ്‌വായന, അച്ചടി എന്നിവ നടത്തിയവരോടുമുള്ള ഹൃദയംഗമമായ നന്ദി ഞങ്ങൾ ഇവിടെ പ്രകാശിപ്പിക്കുന്നു.

ഈ രേഖ വികസന സെമിനാറിൽ ഗൗരവമായ ചർച്ചക്കു വിധേയമാക്കേണ്ടതുണ്ട്. പ്രസ്തുത ചർച്ചകളിലും തുടർന്നു നടക്കേണ്ട വികസന പ്രവർത്തനങ്ങളിലും മുഴുവൻ ഗ്രാമവാസികളുടെയും സമ്പൂർണ്ണമായ സഹകരണവും പങ്കാളിത്തവും പ്രതീക്ഷിച്ചുകൊണ്ട് 'അരിക്കുളം ഗ്രാമപഞ്ചായത്ത് വികസന രേഖ' നിങ്ങളുടെ മുന്നിൽ വിനയപുരസ്സരം സമർപ്പിക്കുന്നു.

- എഡിറ്റർ

152

# വിഷയവിവരം


1. ആമുഖം ........................................

   a. പഞ്ചായത്ത് - സ്ഥിതിവിവരക്കണക്ക് ........................................ 7

   b. ചരിത്ര പശ്ചാത്തലം ........................................ 8

   c. ഭൂപ്രകൃതി ........................................ 10

   d. ജനസംഖ്യയും അനുബന്ധ വിവരങ്ങളും ........................................ 12

2. വികസന മേഖലകൾ ........................................

   1. കൃഷി ........................................ 14
   2. ജനസേചനം ........................................ 21
   3. മൃഗസംരക്ഷണം ........................................ 24
   4. മത്സ്യബന്ധനം ........................................ 25
   5. വിദ്യാഭ്യാസം ........................................ 27
   6. കുടിവെള്ളം ........................................ 36
   7. പൊതുജനാരോഗ്യം ........................................ 38
   8. വ്യവസായം ........................................ 40
   9. പാർപ്പിടം ........................................ 44
   10. സാമൂഹ്യക്ഷേമം ........................................ 46
   11. വനിത ........................................ 49
   12. സഹകരണ മേഖല ........................................ 51
   13. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം ........................................ 55
   14. വിഭവ സമാഹരണം ........................................ 57
   15. വാർത്താവിനിമയം ........................................ 59
   16. ഗതാഗതം ........................................ 60
   17. ഊർജ്ജം ........................................ 66
   18. സംസ്കാരം ........................................ 69

# അരിക്കുളം ഗ്രാമപഞ്ചായത്ത്

## ഭരണസമിതി

പ്രസിഡണ്ട്



കെ.കെ.നാരായണൻ

വൈസ്. പ്രസിഡണ്ട്

**എ.കെ.എൻ.അടിയോടി**

സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

**പി.സി.കുഞ്ഞമ്മദ്**

### അംഗങ്ങൾ

എം.എം.ഗോപാലൻ

എം.ഗോപാലൻ നായർ

എൻ.കെ.സുകുമാരൻ കിടാവ്

അസീസ് ആണ്ടാറത്ത്

പി.പി.ദേവി


ടി.സുശീല

എൻ.വി.ഭാർഗ്ഗവി

കെ.പി.രോഹിണി

# അരിക്കുളം ഗ്രാമപഞ്ചായത്ത് വികസനരേഖ 1996

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | അരിക്കുളം ഗ്രാമ പഞ്ചായത്ത് |
| വില്ലേജ് | : | അരിക്കുളം |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | 1. അരിക്കുളം |
| | | 2. കാവുംവട്ടം |
| ബ്ലോക്ക് പഞ്ചായത്ത് | : | പന്തലായനി ബ്ലോക്ക് പഞ്ചായത്ത് |
| താലൂക്ക് | : | കൊയിലാണ്ടി |
| പാർലിമെന്റ് നിയോജകമണ്ഡലം | : | വടകര |
| അസംബ്ലി മണ്ഡലം | : | പേരാമ്പ്ര |
| ജില്ല | : | കോഴിക്കോട് |
| വിസ്തീർണ്ണം | : | 23.12 ചതുരശ്ര കിലോമീറ്റർ |
| അതിരുകൾ | : | വടക്ക് - നൊച്ചാട്, മേപ്പയൂർ പഞ്ചായത്തുകൾ |
| | | കിഴക്ക് - നടുവണ്ണൂർ പഞ്ചായത്ത് ചിറ്റാരിപ്പുഴ |
| | | തെക്ക് - കോരപ്പുഴ |
| | | പടിഞ്ഞാറ് - കീഴരിയൂർ, മേപ്പയൂർ പഞ്ചായത്തുകൾ |
| ജനസംഖ്യ | : | 25,110 |
| പുരുഷൻ | : | 12463 |
| സ്ത്രീ | : | 12647 |
| വാർഡുകൾ | : | പതിനൊന്ന് |



1962ൽ വില്ലേജ് പുനഃസംഘടനയെ തുടർന്ന് അരിക്കുളം നടേരി കാരയാട് വില്ലേജുകൾ കൂട്ടി ച്ചേർത്തുകൊണ്ടാണ് ഇന്നത്തെ അരിക്കുളം വില്ലേജ് രൂപംകൊണ്ടത്. 1962ൽ (GO.MS 196/61/DD Dated /28-12-62) അരിക്കുളം പഞ്ചായത്ത് രൂപീകരിച്ചു. 16-1-1962ൽ സ്പെഷൽ ആപ്പീസർ ഭരണചുമതല ഏറ്റെ ടുത്തു. വ്യത്യസ്ത വില്ലേജുകളായി നിലനിന്നകാലഘട്ട ത്തിലും അരിക്കുളം എന്ന പൊതു ചിന്താധാര ജനങ്ങ ളിൽ ഉണ്ടായിരുന്നു.

ആദ്യത്തെ പഞ്ചായത്ത് തിരഞ്ഞെടുപ്പുകഴിഞ്ഞ് 18-12-1963ൽ ഇ.പി.കുഞ്ഞികൃഷ്ണൻ നായർ പ്രസി ഡണ്ടും യു.കെ.കുഞ്ഞിച്ചോയി വൈസ് പ്രസിഡണ്ടും എ.ചന്തുക്കുട്ടി മാസ്റ്റർ, പി.ബാലകൃഷ്ണൻ നായർ എ.കെ.കൃഷ്ണൻ നായർ, കെ.കെ.ചാത്തു പുത്തുപ്പട്ട കുഞ്ഞിക്കണ്ണൻ നായർ, കെ.പി.ജാനകി എന്നിവർ മെമ്പർമാരുമായി ഭരണസമിതി ചുമതല ഏറ്റെടുത്തു. പിന്നീട് 1965 ആഗസ്റ്റ് 16ന് എ.കെ.കൃഷ്ണൻ നായർ പ്രസിഡണ്ടായി. അദ്ദേഹം രാജിവെച്ചതിനെതുടർന്ന് 15-6-68 മുതൽ യു.കെ.കുഞ്ഞിച്ചോയി പ്രസിഡണ്ടിന്റെ ചുമതല കൂടി വഹിച്ചുവന്നു. പി.ബാലൻ നായർ ജോലി ലഭിച്ചതുമൂലം പഞ്ചായത്ത് മെമ്പർ സ്ഥാനം രാജിവെച്ച ഒഴിലിൽ 3ാം വാർഡ് മെമ്പറായി ശ്രീ.കെ.പി.നാരായ ണൻ കിടാവ് തെരഞ്ഞെടുക്കപ്പെട്ടു.

1979ലെ തെരഞ്ഞെടുപ്പിൽ യു.കെ.കുഞ്ഞിച്ചോയി, പി.അബ്ദുള്ള, കെ.കെ.ചാത്തു, ആർ.കുഞ്ഞിപക്കി ഹാജി, കുഞ്ഞാമ്മദ് കോയ, കെ.കെ.നാരായണൻ പറയ മ്പത്ത് കോമപ്പൻ നായർ, പഴങ്കാവിൽ കുഞ്ഞിക്കണ്ണൻ, സി.നാരായണി അമ്മ എന്നിവരാണ് തിരഞ്ഞെടുക്കപ്പെ ട്ടത്. ഇവരിൽ യു.കെ.കുഞ്ഞിച്ചോയി പ്രസിഡണ്ടും കോമപ്പൻ നായർ വൈസ് പ്രസിഡണ്ടുമായിരുന്നു.

1988ലെ തെരഞ്ഞെടുപ്പിൽ യു.കെ.കുഞ്ഞിച്ചോയി എം.എം.ഗോപാലൻ, കെ.വി.റോസ മൂലയ്ക്കൽ മൊയ്തി, കെ.പി.നാരായണൻ കിടാവ്, കെ.പി.രോഹിണി, കെ.കെ.നാരായണൻ, കെ.എം.മൊയ്തി, എം.രാമുണ്ണിക്കുട്ടി, ഇ.കുഞ്ഞികൃ ഷ്ണൻ കിടാവ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. യു.കെ കുഞ്ഞിച്ചോയി പ്രസിഡണ്ടും എം.രാവുണ്ണി ക്കുട്ടി വൈസ് പ്രസിഡണ്ടുമായി.

1968 മുതൽ 1995 വരെ ശ്രീ.യു.കെ.കുഞ്ഞിച്ചോയി യായിരുന്നു പഞ്ചായത്ത് പ്രസിഡണ്ട്. പഞ്ചായത്തിന്റെ നാളിതുവരെയുള്ള വികസനത്തിൽ വിലപ്പെട്ട സംഭാവ നകൾ അദ്ദേഹം നൽകിയിട്ടുണ്ട്.

തെക്കും കിഴക്കും ഭാഗങ്ങളിൽ കോരപ്പുഴയും ചിറ്റാ രിപുഴയും പടിഞ്ഞാറ് ഒറവിങ്കൽ കുന്ന്, ധർമ്മകുന്ന് ചാവറകുന്ന് എന്നിവയും അതിരിടുമ്പോൾ വടക്ക് കിഴക്ക് ഭാഗത്ത് നൊച്ചാട് പഞ്ചായത്തിലെ അരിയോറ മലയും മേപ്പയൂരിലെ കോട്ടക്കുന്നും അതിരുകളാണ്. ഇവയ്ക്കിടയിൽ ചെങ്കൽ പ്രദേശങ്ങളും സമതലങ്ങളും ചെറിയ കുന്നുകളും താഴ്വരകളും കളിമൺ പ്രദേശ ങ്ങളും അടങ്ങിയതാണ് പഞ്ചായത്തിലെ ഭൂപ്രകൃതി.

ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ നാട്ടുകോയ്മ കളുടേയും ബ്രഹ്മസ്വം ദേവസ്വം ഊരാളന്മാരുടേയും ആധിപത്യത്തിലമർന്ന ഒരു പിന്നോക്ക കാർഷികസമൂ ഹമായിരുന്നു നിലവിലുണ്ടായിരുന്നത്. ജന്മിനാടുവാഴ ത്തിന്റെ ക്രൂരമായ അനുഭവങ്ങൾ ഈ പ്രദേശത്തും സാധാരണമായിരുന്നു. ജാതീയമായ ഉച്ചനീചത്വങ്ങളുടേ ഫലമായ അസമത്വങ്ങൾ നിലവിലുണ്ടായിരുന്നു. ഇതുമൂലം ഒരടിയായ്മ വ്യവസ്ഥിതിയാണ് ഉണ്ടായിരു ന്നതെന്നും വലിയൊരു ജനവിഭാഗം വിദ്യാഭ്യാസപര

മായും സാമ്പത്തികമായും വളരെ അടിത്തട്ടിലായിരുന്നെന്നും കാണാൻ കഴിയും.

20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ ദേശീയ ബോധം ഈ പഞ്ചായത്തിലും അലയടിച്ചിരുന്നു. തൊട്ടടുത്ത പന്തലായനി, മൂടാടി പ്രദേശങ്ങളിൽ ഉയർന്നുവന്ന സ്വാതന്ത്ര്യാഭിവാഞ്ഛ, സി.കെ.ഗോവിന്ദൻ നായർ, കേളപ്പജി, കുഞ്ഞിരാമൻ കിടാവ് എന്നിവരുടെ പ്രവർത്തനങ്ങളിലൂടെയുള്ള പ്രചോദനം ഇവ അരിക്കുളത്തെ ജനങ്ങളിലും ആവേശമുണർത്തി. ഉയർന്ന ദേശീയ ബോധം, അയിത്തത്തിനും അനാചാരങ്ങൾക്കും എതിരായ മുന്നേറ്റം ശക്തിപ്പെടാൻ പ്രേരകമായി. സോഷ്യലിസത്തെക്കുറിച്ചുള്ള നേരിയ അവബോധവും ജനങ്ങളിൽ വളർന്നുവരാൻ തുടങ്ങിയിരുന്നു.

1930 കളിൽ പ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപംകൊണ്ട പുരോഗമന പ്രസ്ഥാനങ്ങൾ സോഷ്യലിസത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പ്രചാരണങ്ങൾ ഒളിഞ്ഞും തെളിഞ്ഞും നടത്തിവരികയുണ്ടായി. കൃഷിഭൂമിയ്ക്കുവേണ്ടിയുള്ള പോരാട്ടം കർഷകസംഘത്തിന്റെ നേതൃത്വത്തിൽ ഈ കാലഘട്ടത്തിൽതന്നെയാണ് വളർന്നുവരാൻ തുടങ്ങിയത്. ഇതോടൊപ്പം അയിത്തത്തിനും ജന്മിത്വത്തിനും എതിരായ വികാരം ജനങ്ങളിൽ ശക്തിപ്പെടാൻ തുടങ്ങി. കുളത്തിൽ കുളി, സാമൂഹ്യമായ പന്തിഭോജനം എന്നിവ സംഘടിപ്പിക്കപ്പെട്ടു. അരിക്കളൂത്ത് തിരുമാലയാണ് ക്ഷേത്രക്കുളത്തിൽ കുളിച്ച് സാമൂഹ്യ അനീതിക്കെതിരെ പ്രതികരിച്ച പഞ്ചായത്തിലെ ആദ്യ വനിത. ഇതേ തുടർന്ന് മറ്റു പ്രദേശങ്ങളിലും ജാതിവിരുദ്ധ പോരാട്ടം ശക്തി പ്രാപിച്ചു. ഈ പോരാട്ടങ്ങളിലൂടെയാണ് 20ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയുടെ അവസാനമാകുമ്പോഴേക്കും കമ്യൂണിസ്റ്റ് പ്രസ്ഥാനം ഈ പ്രദേശത്തെ ഏറ്റവും വലിയ ബഹുജനപ്രസ്ഥാനമായി മാറിയത്.

കുറുമ്പ്രനാട് താലൂക്കിലെ കമ്യൂണിസ്റ്റ് കർഷക പ്രസ്ഥാനത്തിന് നേതൃത്വം നൽകിയവരിൽ പ്രമുഖനായിരുന്നു എ.കെ.കൃഷ്ണൻ നായർ. എരികണ്ടി കുഞ്ഞിരാമൻ നായർ, പുത്തുപ്പട്ട കുഞ്ഞിക്കണ്ണൻ നായർ എന്നിവരേയും എടുത്തുപറയേണ്ടിയിരിക്കുന്നു.

സ്വാതന്ത്ര്യാനന്തരകാലത്തും ബഹുജനസമരങ്ങളുടെ മുഖ്യധാര ഭൂമിക്കുവേണ്ടിയുള്ള പോരാട്ടമായിരുന്നു. കുടിയൊഴിപ്പിക്കൽ, പാട്ടശീട്ട് കൊടുക്കാതിരിക്കൽ, മേൽച്ചാർത്ത്, അന്യായമായ പാട്ടവർദ്ധനവ് എന്നിവക്കെതിരെ ശക്തമായ ബഹുജനപ്രക്ഷോഭങ്ങൾ കർഷകസംഘത്തിന്റെ നേതൃത്വത്തിൽ രൂപംകൊണ്ടു. കൃഷിക്കാരിൽ വളരെ കുറഞ്ഞൊരു ശതമാനം മാത്രമെ സ്വന്തമായി ഭൂമിയുള്ളവരായി ഉണ്ടായിരുന്നുള്ളൂ. ഭൂരിഭാഗവും കുടികിടപ്പുകാരും വെറുമ്പാട്ട കുടിയാന്മാരുമായിരുന്നു.

ജന്മിമാരുടെയും നാട്ടുകോയ്മകളുടെയും തറവാടുകളിൽ നടക്കുന്ന വിവാഹം, ശ്രാദ്ധം, ചോറൂണ് തുടങ്ങിയ വലുതും ചെറുതുമായ സകല ചടങ്ങുകൾക്കും ആവശ്യമായ വിഭവ സമാഹരണത്തിന് കുടിയാന്മാരെ തന്നെയാണ് ഏൽപ്പിക്കാറ്. ചേന, നേന്ത്രക്കായ, അരി എന്നുവേണ്ട എല്ലാ വിഭവങ്ങളും കുടിയാന്മാരിൽനിന്ന് ശേഖരിക്കുകയാണ് പതിവ്. ഇങ്ങിനെ കാഴ്ചവെക്കുന്നതിന് ഓശാരം വെക്കുക എന്നാണ് പറയാറ്. മുസ്ലിം കുടിയാന്മാർ പഞ്ചാരക്കലവും (മൺകലത്തിൽ ആറേകാൽ പലം) മുസ്ലിം ജന്മിമാർക്ക് നോമ്പോശാരവും പതിവായിരുന്നു.

കൃഷിരീതിയിൽ വലിയ അന്തരമുണ്ടായിരുന്നു. ഒരുപുകിൽ, രണ്ടു പുകിൽ കൃഷികളേ ഉണ്ടായിരുന്നുള്ളൂ. ദുർലഭം സ്ഥലങ്ങളിൽ പുഞ്ചയും നടത്തിവന്നിരുന്നു. ഉഴവുകാളകൾ കൃഷിക്കാരന്റെ ജീവിതത്തിൽ മുഖ്യഘടകമായിരുന്നു. കാളപൂട്ട് മത്സരം, കാളച്ചന്തകൾ എന്നിവ കർഷകസമൂഹത്തെ വളരെയധികം സ്വാധീനിച്ചിരുന്നു.

വയലുകളിൽ കുട്ടാടൻ, വെള്ളപ്പൂണാരൻ, ഓർപ്പാണ്ടി, മഞ്ഞക്കോയ്യാള, കല്ലുരുണി, കവുങ്ങിൻപൂത്താട, പള്ളിയാരൽ, ചിറ്റേനി, എന്നിവയും പറമ്പുകളിൽ മോടൻ കൃഷിക്ക് ചോമാല, നകര, പള്ള്യാരൽ, ഏച്ചിലാടൻ എന്നീ വിത്തുകളുമാണ് ഉപയോഗിച്ചിരുന്നത്. നടുവിളകളായി വിവിധ ഇനം ചേമ്പുകൾ കിഴങ്ങ്, പയർ, കൂർക്കിൽ, കണ്ടി, നീണ്ടി, ചെറുകിഴങ്ങ് എന്നിവയും മുത്താറിയും വ്യാപകമായിതന്നെ കൃഷിചെയ്തിരുന്നു. ഇഞ്ചി, മഞ്ഞൾ കുരുമുളക് എന്നിവയ്ക്കും ഇതേ പ്രാധാന്യം നൽകിയിരുന്നു. ജീവിതോപാധി എന്ന നിലയിൽ തേങ്ങയും നെല്ലും തന്നെയായിരുന്നു പ്രധാനമായും ഉല്പാദിപ്പിച്ചുവന്നിരുന്നത്.

സ്വന്തമായി ഭൂമി ഇല്ലാത്തവർ മുൻകാലങ്ങളിൽ നാട്ടുകോയ്മകളുടെ കൈവശമുണ്ടായിരുന്ന കിഴക്കൻ മലയോരപ്രദേശങ്ങളിൽ പോയി ഭൂമി പാട്ടത്തിനെടുത്ത് നെല്ലുൾപ്പെടെയുള്ള വിളകൾ കൃഷി ചെയ്തുവരാറുണ്ടായിരുന്നു. ഈ ഭൂമിയിലെ കൃഷിയ്ക്ക് അസ്ഥിര പുഞ്ചയെന്നായിരുന്നു പേർപറഞ്ഞിരുന്നത്. പാട്ടത്തിന്ന്

കയ്യും കണക്കുമില്ല. ജന്മിമാരുടേയും കാര്യസ്ഥന്മാരുടേയും നാവിൽ തോന്നുന്നത് പാട്ടമായി ഈടാക്കി വന്നു. ഇത് ഏകദേശം വിളവിന്റെ പകുതിയോളം തന്നെ എത്തുമായിരുന്നു.

അടുത്തകാലംവരെ കൂലി പണമായിനൽകിവന്നിരുന്നില്ല. നെല്ലായിരുന്നു കൊടുത്തിരുന്നത്. അന്യോന്യമുള്ള കൈമാറ്റങ്ങളിലും ഒന്നുകൊടുത്ത് മറ്റൊന്ന് സ്വീകരിക്കുന്ന സ്വഭാവമാണ് കൃഷിക്കാർ സ്വീകരിച്ചുവന്നത്.

സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിലും ഭൂമിയ്ക്കുവേണ്ടിയുള്ള സമരം തന്നെയായിരുന്നു. പ്രധാനം. കൂത്താളി സമരം ``ചത്താലും ചെത്തും കൂത്താളി'' എന്നമുദ്രാവാക്യം കൃഷിഭൂമിയ്ക്കുവേണ്ടിയുള്ള കൃഷിക്കാരന്റെ പോരാട്ടത്തിന്റെ ചരിത്രമായിരുന്നു. പാട്ടക്കുറവിന്നുവേണ്ടി കുടി ഒഴിപ്പിക്കാതിരിക്കാൻ മേൽചാർത്തിന്നെതിരായി നടന്ന ഒട്ടനവധി പ്രചാരണങ്ങൾ കൃഷിക്കാരിൽ അവകാശബോധമുണർത്തി. ഇത് വ്യാപകമായി നടന്ന പ്രക്ഷോഭങ്ങളുടേയും ഭാഗമായിരുന്നു. ഇതിന്റെയൊക്കെ ഫലമായി നിയമാനുസൃതം ജന്മിത്വം അവസാനിപ്പിക്കാൻ സാധിച്ചു. കീഴാളരായ കർഷക തൊഴിലാളികൾക്ക് ഭൂമികിട്ടി. ഇതോടൊപ്പം ജോലിസ്ഥിരതയ്ക്കും കൂലിവർദ്ധനവിനും സാമൂഹ്യ നീതിയ്ക്കും വേണ്ടി കർഷക തൊഴിലാളികൾ നടത്തിയ പോരാട്ടം അവന്റെ അവകാശബോധം ശക്തിപ്പെടുത്തി. പിച്ചക്കാശിൽനിന്ന് ഇന്നത്തെ കൂലിയിൽ എത്തിയ ചരിത്രം സംഘബോധത്തിന്റെ ചരിത്രമാണ്. കുടികിടപ്പ് നേടിയെടുക്കാനുള്ള സമരങ്ങളിലൂടെ മുഴുവൻ കുടികിടപ്പുകാർക്കും ഭൂമിനേടിക്കൊടുക്കാൻ കഴിഞ്ഞു. കാർഷിക പരിഷ്കരണം. കാർഷിക രംഗത്ത് സമൂലമായ പരിവർത്തനമുണ്ടാക്കി ഉല്പാദനം വർദ്ധിച്ചു. ജീവിതത്തിന്റെ സമസ്ത മേഖലകളിലേയും വളർച്ചയ്ക്ക് ഇതുമൂലം നാന്ദി കുറയ്ക്കാൻ കഴിഞ്ഞു. വിദ്യാഭ്യാസം ആരോഗ്യം തുടങ്ങിയരംഗങ്ങളിൽ ഉണ്ടായ കുതിച്ചുചാട്ടം എടുത്തുപറയേണ്ടതാണ്.

വിദ്യാഭ്യാസം പള്ളിക്കൂടങ്ങളിലെ രണ്ട് മൂന്ന് ക്ലാസ്സുകളിൽ അവസാനിച്ചിരുന്നു. നിലത്തെഴുത്ത് നാട്ടുഗുരിക്കന്മാരാണ് അറിവിന്റെ വെളിച്ചം തെളിയിച്ചിരുന്നത്. ഇന്ന് കാരയാട് എ.എം.എൽ.പി. സ്കൂൾ എന്നറിയപ്പെടുന്ന വിദ്യാലയം 1885 ലാണ് സ്ഥാപിച്ചത്. ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ കാവും വട്ടം എൽ.പി.സ്കൂൾ, ഊരള്ളൂർ എൽ.പി. കാവുംവും മാപ്പിള കാരയാട് ഈസ്റ്റ് കാരയാട് സൗത്ത് അരിക്കുളം ഗേൾസ് സ്കൂളുകളും സ്ഥാപിക്കപ്പെട്ടു. മിഷനറികളാൽ നടത്തപ്പെട്ട പഞ്ചമസ്കൂളും നടേരിഭാഗത്ത് പ്രവർത്തിച്ചിരുന്നു.

സമ്പുഷ്ടമായ ഒരു കലാപാരമ്പര്യം നമുക്കുണ്ടായിരുന്നു. പത്മശ്രീ മാണിമാധവചാക്യാരുടെ ജന്മംകൊണ്ട് അനുഗ്രഹീതമായ തിരുവങ്ങായൂർ പ്രദേശ ക്ഷേത്രവും എടുത്തുപറയേണ്ടതാണ്. ഈ ക്ഷേത്രത്തിലെ കൂത്തമ്പലത്തിൽ വെച്ചാണ് അദ്ദേഹം അരങ്ങേറ്റം നടത്തിയത്. നാടൻ കലകളായ തെയ്യം. മലക്കളി. പരിചക്കളി എന്നീ അനുഷ്ഠാന കലകളും കോൽക്കളിയും സാർവ്വത്രികമായിരുന്നു.

സ്വാതന്ത്ര്യാനന്തരകാലത്തെ നവോത്ഥാനപ്രസ്ഥാനം വയോജനവിദ്യാഭ്യാസം, ഗ്രന്ഥശാലാപ്രവർത്തനം എന്നിവയ്ക്ക് നേതൃത്വം കൊടുക്കുകയുണ്ടായി. വിവിധ കലാസമിതികളും രൂപം കൊണ്ടു. വയോജനവിദ്യാഭ്യാസത്തിന്ന് സ്വന്തമായി ഒരു പാഠാവലി നിശ്ചയിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്ത ബി.കൃഷ്ണൻ നായരുടെ പേര് ഇവിടെ സ്മരണീയമാണ്.

ഈ നൂറ്റാണ്ടിന്റെ തുടക്കംമുതൽ ഇന്നേവരെയുള്ള ചരിത്രം വളർച്ചയുടെ ചരിത്രമായിരുന്നു. ഭൂമിയില്ലാത്തവർക്ക് ഭൂമിയും ജോലിസ്ഥിരതയും വർദ്ധിച്ച കൂലിയും സാർവ്വത്രിക വിദ്യാഭ്യാസവും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തി. വികസനം ഇന്ന് പുതിയൊരു വഴിത്തിരിവിലെത്തിനില്ക്കുകയാണ്. കാർഷിക രംഗത്ത് വളർച്ചയുണ്ടായെങ്കിലും ഉല്പാദനക്ഷമത അതിനനുസരിച്ച് വളർന്നില്ല. തൊഴിലില്ലായ്മ പെരുകി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറഞ്ഞു.

പഞ്ചായത്തിന്റെ ഇന്നത്തെ സ്ഥിതിയിൽ നിന്ന് പുരോഗതിയിലേയ്ക്കുള്ള പ്രയാണത്തിന്ന് ഇവിടെ നമുക്ക് തുടക്കം കുറിക്കാം. പുതിയ വികസന സംസ്കാരത്തിന്ന് രൂപം കൊടുക്കാം.

## ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്ത് 4 ഭാഗങ്ങളാക്കി തിരിക്കാം.

1. കുന്നിൻമുകളിലുള്ള നിരപ്പായ പ്രദേശം
2. ചരിവുപ്രദേശം
3. സമതലം

4. വയൽ, ജലാശയം, ചതുപ്പുനിലം

ഇവയുടെ ഏകദേശം വിസ്തീർണ്ണവും ശതമാനവും താഴെ കൊടുക്കുന്നു.

| തരം | വിസ്തീർണം ഏക്കറിൽ | ശതമാനം |
|---|---|---|
| 1. കുന്നിൻ മുകളിലെ നിരപ്പുപ്രദേശം | 287.35 | 5 |
| 2. ചരിവു പ്രദേശം | 2011.46 | 35 |
| 3. സമതലം | 1913.20 | 33.29 |
| 4. വയൽ, ജലാശയം | 1535.04 | 26.71 |
| ആകെ | 5747.05 | 100.00 |

പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും കുന്നുകൾ സ്ഥിതിചെയ്യുന്നു. കുന്നുകളും അവയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളും ചെങ്കൽ പ്രദേശങ്ങളാണ്. സമതല പ്രദേശങ്ങളിലും മണ്ണിന്റെ നിരയുടെ അളവ് കൂടുമെങ്കിലും ചെങ്കൽ പ്രദേശങ്ങൾതന്നെ. വയലുകളിൽ 4,7,11 വാർഡുകളിൽ കളിമണ്ണ് കൂടുതൽ കാണപ്പെടുന്നു. 1൦ം വാർഡിൽ ചരിവു പ്രദേശങ്ങളിൽ ചുവന്ന മണ്ണുള്ള ഭാഗങ്ങളുമുണ്ട്. മൊത്തമുള്ള 1535.04 ഏക്കർ വയലിൽ 800 ഏക്രയോളം വെളിയന്നൂർ ചല്ലി എന്ന നീർക്കെട്ടു പ്രദേശമാണ്. ഇത് 1,2,3,4,11 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്നു.

## ഉയർന്ന നിരപ്പുസ്ഥലം

പഞ്ചായത്തിൽ വിവിധകുന്നുകളിലായി നിരന്ന സ്ഥലം വ്യാപിച്ചുകിടക്കുന്നു. എങ്കിലും രണ്ടാം വാർഡിലെ മഞ്ഞളാട് കുന്നിലാണ് ഈ തരത്തിലുള്ള സ്ഥലം കൂടുതലായി കാണപ്പെടുന്നത്. ഉറപ്പുള്ള ഒരു തരം ലാറ്ററേറ് മണ്ണാണിവിടെയുള്ളത്. ഇവിടെ മണ്ണൊലിപ്പ് താരതമ്യേന കുറവാണ്. ധാരാളം കശുമാവ് കൃഷി ചെയ്തിരുന്ന ഇവിടങ്ങളിൽ ഇപ്പോൾ അവയുടെ എണ്ണം വളരെ കുറവാണ്.

## ചരിവുകൾ

വിസ്തൃതിയിൽ 35% വരുന്ന ചരിവുപ്രദേശങ്ങൾ താരതമ്യേന മണ്ണ് കൂടുതലുള്ള പ്രദേശങ്ങളാണ്. ഇവിടെ ചരൽ നിറഞ്ഞ മണ്ണാണ് കാണപ്പെടുന്നത്. ഒന്നുമുതൽ മൂന്നുവരെ മീറ്റർ അടിയിലായി വെട്ടുകല്ല് കാണപ്പെടുന്നു. ഈ പ്രദേശങ്ങളിൽ മുഴുവൻ സ്ഥലവും തെങ്ങ്, മറ്റു ഫലവൃക്ഷങ്ങൾ, കുരുമുളക് എന്നിവ നന്നായി വളരും. കൃഷി ചെയ്യാൻ പറ്റാത്ത സ്ഥലം ഈ മേഖലയിൽ ഇല്ല.

## സമതലം

ചരിവുകൾക്കുതാഴെയായി കാണപ്പെടുന്ന സ്ഥലങ്ങളിൽ ചരൽ നിറഞ്ഞ ചുവന്ന മണ്ണും, മണൽ നിറഞ്ഞ മണ്ണും കാണപ്പെടുന്നു. ഈ മേഖലയിൽ ഭൂമിക്കടിയിൽ ഏതാണ്ട് ആണ്ട് മുഴുവൻ ജലം നിലനിൽക്കുന്നു. അതിനാൽ ഇവിടങ്ങളിലുള്ള കിണറുകളിൽ താരതമ്യേന ജലം വറ്റാറില്ല. എല്ലാ ഫലവൃക്ഷങ്ങളും തെങ്ങും പച്ചക്കറികളും ഇവിടെ സമൃദ്ധമായി വളരും. ഇവിടങ്ങളിലെ മണ്ണിന് ഫല വൃഷ്ടി കൂടുതലാണ്. വയലോട് ചേർന്നുകിടക്കുന്ന സ്ഥലങ്ങളിൽ പ്രധാനകൃഷിയായ തെങ്ങും കവുങ്ങും നന്നായി വളരുന്നുണ്ട്. വെളിയന്നൂർ ചല്ലിയുടെ തീരപ്രദേശങ്ങളിൽ വൃക്ഷങ്ങളെല്ലാം നന്നായി വളരുന്നു. പരമ്പരാഗത നാടൻ വിള്കൾ ഈ മേഖലയിൽ ഗണ്യമായി ഉല്പാദിപ്പിക്കാവുന്നതാണ്.

## വയൽ

1535 ഏക്കർ വയലുകളാണ് പഞ്ചായത്തിൽ ആകെയുള്ളത്. ഇതിൽ 800 ഏക്കറും വർഷം മുഴുവൻ വെള്ളം കെട്ടിക്കിടക്കുന്ന നീർക്കെട്ടു പ്രദേശമാണ്. ഇത് വെളിയന്നൂർ ചല്ലി എന്നറിയപ്പെടുന്നു. ഇത് പശിമയുള്ള കുറഞ്ഞ കളിമണ്ണാണ് ഇവിടെയുള്ളത്. വെള്ളം ഭീമിയിലേക്കിറങ്ങുന്നില്ല. ശരിയായ വിധത്തിൽ ജല നിർഗ്ഗമനാഗമന മാർഗ്ഗങ്ങൾ ഉണ്ടാക്കിയാൽ ഈ പ്രദേശത്ത് രണ്ടോ മൂന്നോ വിള നെൽകൃഷി നടത്താൻ കഴിയും.

ശേഷിക്കുന്ന വയലുകളെ മൂന്നായി തിരിക്കാം. വേനലിൽ കുറ്റ്യാടി ജലസേചന പദ്ധതിയുടെ കീഴിൽ ജലം ലഭിക്കുന്ന വയലുകളും ഭാഗികമായി ജലം ലഭിക്കുന്ന വയലുകളും ജലം തീരെ ലഭിക്കാത്ത വയലുകളും. അഞ്ചാംവാർഡിലെ മണ്ടംകുളത്തിൽ പൊയിൽ, പത്താം വാർഡിലെ പറയമ്പത്ത് താഴ 8ാം വാർഡിലെ പുത്തൂപ്പട്ട താഴ മുതലായ പ്രദേശങ്ങളിൽ കനാൽ ജലം ലഭിക്കാറില്ല. ഇതുപോലുള്ള മറ്റുസ്ഥലങ്ങളും പഞ്ചായത്തിലുണ്ട്. ഇവിടങ്ങളിൽ വേനല്ക്കാലത്ത് പച്ചക്കറി കൃഷിചെയ്യാൻ കഴിയും.

ഇറിഗേഷൻ പദ്ധതിയുടെ ഫീൽഡ് മറ്റും തോടുകളും കാര്യക്ഷമമാക്കിയാൽത്തന്നെ ജലം പാഴായി പോകുന്നതു

തടയാനും കൂടുതൽ പ്രദേശങ്ങളിൽ വെള്ളമെത്തിക്കാനും കഴിയും.

പഞ്ചായത്തുവക രണ്ടു പൊതുകുളങ്ങളെയുള്ളൂ. എന്നാൽ സ്വകാര്യ ഉടമയിൽ നൂറോളം കുളങ്ങൾ ഇവിടെയുണ്ട്. കുളങ്ങൾ പരിരക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

## ജനസംഖ്യയും അനുബന്ധവിവരങ്ങളും

96ലെ സാമൂഹ്യ സർവ്വെ പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 25110 ആണ്. ഇതിൽ 12463 പുരുഷന്മാരും 12647 സ്ത്രീകളുമാണ്. ഇത് 1000 പുരുഷന്മാർക്ക് 1015 സ്ത്രീകളുണ്ടെന്നു കാണിക്കുന്നു. പഞ്ചായത്തിൽ ആകെ 5206 വീടുകളാണുള്ളത്. അതുപ്രകാരം വീടൊന്നിൽ ശരാശരി 4.8 ആളുകളാണുള്ളത്.

പഞ്ചായത്തിന്റെ വിസ്തീർണ്ണം 23.12 സ്ക്വയർ കിലോമീറ്ററാണ്. ജനസാന്ദ്രത ച.കി.മീറ്ററിന് 1086 വരും. മൊത്തമുള്ള ജനങ്ങളിൽ 7033 പേർ ഏതെങ്കിലും തരത്തിലുള്ള തൊഴിലുകളിൽ ഏർപ്പെട്ടവരാണ്. ഇത് 28% വരും. എന്നാൽ തൊഴിൽ പങ്കാളിത്തനിരക്കിൽ പുരുഷന്മാർ 43% ഉള്ളപ്പോൾ സ്ത്രീ കേവലം 13.21% മാത്രമെയുള്ളൂ. ഇതു സ്ത്രീകളിലുള്ള തൊഴിലില്ലായ്മ രൂക്ഷതയെ കാണിക്കുന്നു.

തൊഴിലാളികളുടെ വിതരണം മേഖലാടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ കാർഷികമേഖലയിൽ 21.13% മാത്രമെയുള്ളൂവെന്ന് കാണാം. ചെറുകിട വ്യവസായ മേഖലയിലാകട്ടെ 6.63% പേർ മാത്രമെ പ്രവൃത്തിയെടുക്കുന്നുള്ളൂ. വാണിജ്യ മേഖലയിൽ 12.46% പണിയെടുക്കുന്നു.

സാക്ഷരതാനിരക്ക് 89.3 ആണ്. എന്നാൽ സ്ത്രീകളിൽ ഇത് 83.6 മാത്രമെയുള്ളൂ.

ജനങ്ങളിൽ ഭൂരിപക്ഷവും ഹിന്ദുക്കളും മുസ്ലിങ്ങളുമാണ്. ക്രിസ്തീയ കുടുംബങ്ങളും പഞ്ചായത്തിലുണ്ട്. ജാതിയുടെയും സമുദായത്തിന്റെയും സ്വാധീനം കുറ

**തൊഴിൽ പങ്കാളിത്ത നിരക്ക് - പട്ടിക**

| മേഖല | പുരുഷൻ | സ്ത്രീ | ആകെ | ശതമാനം |
|---|---|---|---|---|
| കർഷൻ | 417 | 55 | 472 | 6.72 |
| കർഷകതൊഴിലാളി | 1019 | 467 | 1486 | 21.13 |
| മൃഗസംരക്ഷണം, മത്സ്യബന്ധനം | 480 | 39 | 519 | 7.38 |
| ക്വാറി | 237 | 6 | 243 | 3.45 |
| സർവീസ് - റിപ്പേർ | 56 | 86 | 142 | 2.02 |
| ഉല്പാദന മേഖല | 316 | 150 | 466 | 6.63 |
| നിർമ്മാണം | 267 | 30 | 297 | 4.22 |
| കച്ചവടം, സാമ്പത്തികസ്ഥാപനം | 859 | 18 | 877 | 12.46 |
| ഗതാഗതം, വാർത്താവിനിമയം | | | | |
| മറ്റു മേഖലകൾ | 307 | 56 | 363 | 5.16 |
| ഭാഗികമായി തൊഴിലുള്ളവർ | 755 | 537 | 1292 | 18.38 |
| ആകെ | 5362 | 1671 | 7033 | 100 |

**ഉടമസ്ഥരുടെ എണ്ണം**

| 1-10 സെന്റ് | 10-25 സെന്റ് | 25-50 സെന്റ് | 50-100 സെന്റ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിനു മേൽ | ആകെ |
|---|---|---|---|---|---|---|---|
| 3118 | 2456 | 2400 | 1144 | 1052 | 450 | 165 | 10785 |
| 28.9% | 22.8% | 22.2% | 10.6% | 9.8% | 4.2% | 1.5% | |

ഞ്ഞുവരികയാണ്. ആഘോഷങ്ങളിലും മറ്റു ആവശ്യങ്ങളിലും ജാതിമത വർഗ്ഗഭേദമില്ലാതെ ആളുകൾ പങ്കെടുത്തു വരുന്നുണ്ട്.

ഭൂമിയില്ലാത്ത കുറച്ചുകുടുംബങ്ങളെ ഇന്ന് പഞ്ചായത്തിലുള്ള ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കളാണ് ഭൂരിപക്ഷവും. 10785 പേരിൽ നിക്ഷിപ്തമാണ് ഭൂമിയുടെ ഉടമാവകാശം. അവരുടെ ഇനം തിരിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു.

പട്ടിക പ്രകാരം 10 സെന്റിൽകുറവ് ഭൂമിയുള്ളവർ 28.9% ആണെന്നുകാണാം. 5 ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവരുടെ ശതമാനം 1.5 മാത്രമാണ്. മറ്റൊരു പ്രധാനവസ്തുത 73.9% ജനങ്ങളും 50 സെന്റിൽ താഴെമാത്രം ഭൂമിയുള്ളവരാണെന്നതത്രെ.

കാലവർഷവും തുലാവർഷവും പഞ്ചായത്തിൽ നന്നായി ലഭിക്കാറുണ്ട്. എന്നിരുന്നാലും വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. തിരുവാതിര, ചോതി ഞാറ്റുവേലകളിലാണ് ഏറ്റവും നന്നായി മഴലഭിക്കുന്നത്. വരൾച്ചകൊണ്ടും അതിവർഷംകൊണ്ടും കൃഷി നശിക്കാറുണ്ട് 6,7,8,9,11 വാർഡുകളിലൂടെ ഒഴുകുന്ന എലങ്കമൽ തോട്, 4,11 വാർഡുകളിലൂടെ ഒഴുകുന്നു. തുരുത്തിമഠത്തിൽ തോട് എന്നിവ വെളിയണ്ണൂർ ചല്ലിയിലെത്തുന്നു. 5ാം വാർഡിലൂടെ ഒഴുകുന്ന മാവട്ട് തോടാണ് മറ്റൊരു ഉപരിതല ജലസ്രോതസ്സ്. ഇത് കിഴരിയൂർ പഞ്ചായത്ത് വഴി നടേരി പുഴയിലെത്തുന്നു. വെളിയണ്ണൂർ ചല്ലി അരിക്കുളം, കീഴരിയൂർ പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്നു. ഇതിൽ എണ്ണൂറോളം ഏക്കർ അരിക്കുളം ഭാഗത്താണ് വരുന്നത്. 1,2,3, വാർഡുകൾ ഉൾപ്പെടുന്ന നടേരി ഭാഗത്തിന്റെ മൂന്നുഭാഗവും പുഴകളാൽ ചുറ്റപ്പെട്ടുകിടക്കുന്നു. ഇതിൽ മുതവോട്ട് പുഴ ഒരു ജല ശേഖരമാണ്.



# കൃഷി ജലസേചനം



## കൃഷി

ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽക്കേ കൃഷി മുഖ്യ തൊഴിലും ജീവനോപാധിയുമായി സ്വീകരിച്ചവരാണ് അരിക്കുളം പഞ്ചായത്തിലെ ജനങ്ങൾ . ഭൂപ്രഭുക്കളുടെയും നാട്ടുകോയ്മകളുടെയും കൈവശമായിരുന്നു ആദ്യകാലത്ത് കൃഷിഭൂമി. എന്നാൽ പിൽക്കാലത്ത് നടപ്പിലാക്കിയ ഭൂപരിഷ്ക്കരണ നിയമ പ്രകാരം കൃഷിഭൂമിയഥാർത്ഥ കർഷകർക്ക് ലഭിച്ചു. നെൽകൃഷിയും തെങ്ങുകൃഷിയുമാണ് പ്രധാന കൃഷികൾ. കമുക്, വാഴ, കുരുമുളക്, മരച്ചീനി, പച്ചക്കറികൾ, ചാമ മുത്താറി, കശുമാവ്, മാവ്, പയർവർഗ്ഗങ്ങൾ കിഴങ്ങുവർഗ്ഗങ്ങൾ വെറ്റില ഇഞ്ചി, മഞ്ഞൾ എന്നിവയും അക്കാലത്തെ വിളകളായിരുന്നു. മഴയെ ആശ്രയിച്ചുള്ള കൃഷിരീതിയായിരുന്നു നിലവിലുണ്ടായിരുന്നത്. കന്നി (വിരിപ്പ്) മകരം (മുണ്ടകൻ) എന്നീ വിളകളാണ് പ്രധാനമായും നെൽകൃഷിയിൽ ഉണ്ടായിരുന്നത്. തെങ്ങ്, കമുക് മരച്ചീനി, വെറ്റില, വാഴ, കശുമാവ് എന്നിവ പറമ്പുകളിലും കൃഷിചെയ്തിരുന്നു. കാർഷിക മേഖലയിൽ തൊഴിലെടുക്കാൻ ധാരാളം തൊഴിലാളികളെ ലഭിച്ചിരുന്നു. മറ്റു തൊഴിൽ മേഖലയിൽ വളരെ കുറവായിരുന്നു. ജൈവ വളങ്ങളുടെയും തൊഴിലാളികളുടെയും സുലഭത കൃഷി ആദായകരമാക്കി. ധാന്യ വിളകളുടെ സമൃദ്ധി അനുഭവപ്പെട്ടിരുന്നു. പിൽക്കാലത്ത് ജൈവ വളങ്ങളുടെ ദൗർലഭ്യവും തൊഴിലാളികളുടെ കുറവും രാസവളങ്ങളുടെ വിലകൂടുതലും കൃഷി ആദായകരമല്ലാതാക്കി. നെൽകൃഷിക്കാണ് ഇതിൽ കൂടുതൽ പരിക്കേറ്റത്. ഈ മേഖലയിൽ ഉൽപ്പാദനച്ചിലവ് കൂടുകയും ഉല്പാദനം കുറയുകയും ചെയ്തപ്പോൾ ജനങ്ങൾ താരതമ്യേന ആദായകരമായ നാണ്യവിളകളിലേക്ക് ശ്രദ്ധതിരിച്ചു. നിലവിലുള്ള നെൽവയലുകൾ നികത്തി തെങ്ങും വാഴയും കൃഷിചെയ്യാൻ ആരംഭിച്ചു. വയലുകൾ നികത്തി തെങ്ങ് കൃഷി ആരംഭിച്ചതോടെ നെൽകൃഷി മുരടിച്ചു.

ഭൂവിനിയോഗ രേഖ പ്രകാരം ഈ പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശം നോർത്തേൺ മിഡ്ലാന്റിന്റെ പരിധിയിൽ വരുന്നു. ശരാശരി വർഷപാതം 300cm ആണ്. ജൂൺ, ജൂലൈ, മാസങ്ങളിൽ മഴ കനക്കുകയും 90 മുതൽ 100 cm വരെ മഴലഭിക്കുകയും ചെയ്യുന്നു. ഏപ്രിൽ, മെയ് മാസങ്ങളിലാണ് ചൂട് ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത്. 26°c ചൂട് ഇക്കാലങ്ങളിൽ അനുഭവപ്പെടുന്നു. കാലാവസ്ഥ പരിശോധിക്കുമ്പോൾ വേനൽക്കാലം, മഴക്കാലം, മഞ്ഞുകാലം എന്നിവയാണ് അനുഭവപ്പെടുന്നത്.

ചെങ്കൽ മണ്ണാണ് ഈ പഞ്ചായത്തിൽ പൊതുവെ കാണപ്പെടുന്നത്. വയൽ പ്രദേശങ്ങളിൽ മണൽ ചേർന്ന പശിമരാശി മണ്ണും ചല്ലി പ്രദേശത്ത് (കോൾനിലം) കറുപ്പ് കലർന്ന ചളിമണ്ണും കാണപ്പെടുന്നു ചിലപ്രദേശങ്ങളിൽ കളിമണ്ണ് ഉണ്ട്. പൊതുവെ എല്ലാതരം കൃഷിക്കും ഉപയുക്തമായ മണ്ണാണ് പഞ്ചായത്തിൽ കാണപ്പെടുന്നത്.

അഞ്ച് ഏക്രയിൽ കൂടുതൽ കൃഷി ഭൂമി കൈവശമുള്ളവർ പഞ്ചായത്തിൽ ആകെ 165 പേർ ഉണ്ട്. പത്ത്

സെന്റ് വരെ ഭൂമിയുള്ളവരുടെ എണ്ണം മൂവ്വായിരത്തോളം വരും.

## നെൽകൃഷി

പഞ്ചായത്തിലെ പ്രധാന കൃഷിയാണ് നെല്ല്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കീഴിലുള്ള കനാൽ പ്രവർത്തനക്ഷമമായതിനുശേഷം പുതുതായി 330 ഹെക്ടർ ഭൂമിയിൽ പുഞ്ചകൃഷിചെയ്യാൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ വിരിപ്പ് വയലുകളിൽ (കന്നിവയൽ) തെങ്ങ് കൃഷിചെയ്യാൻ തുടങ്ങിയതോടെ കന്നികൃഷിഭൂമിയുടെ വിസ്തീർണ്ണം 120 ഹെക്ടറിൽനിന്ന് 60 ഹെക്ടറായി ചുരുങ്ങി. ഈ രൂപത്തിലാണ് മുന്നോട്ടുപോകുന്നതെങ്കിൽ കന്നികൃഷി അരിക്കുളത്തുകാർക്ക് ഓരോർമ്മ മാത്രമായി അവശേഷിക്കും. മുണ്ടകൻ (മകരം) കൃഷി ഭൂമിയുടെ വിസ്തീർണ്ണം 270 ഹെക്ടറാണ്. ഈ വിളയിലൂടെ വർഷത്തിൽ ശരാശരി 670 ടൺ നെല്ല് ഉൽപ്പാദിപ്പിക്കപ്പെടുന്നു. പുഞ്ചകൃഷിയുടെ വിസ്തീർണ്ണം 330 ഹെക്ടറാണ്. ഇതിൽ നിന്നും ശരാശരി 825 ടൺ നെല്ല് ഉൽപാദിപ്പിക്കാൻ കഴിയുന്നു.

കന്നിവിളയ്ക്ക് മുൻകാലങ്ങളിൽ വെള്ളപ്പുണാരൻ, തെക്കൻ ചിറ്റേനി, പള്ള്യാരൽ, തുടങ്ങിയ വിത്തുകളും മകരം കൃഷിക്ക്, കുട്ടാടൻ, വെതാണ്ടം ഇട്ടിക്കണ്ടപ്പൻ, ഓർപ്പാണ്ടി, ചിറ്റേനി എന്നീ വിത്തുകളും നാമമാത്രമായി കൃഷിചെയ്തിരുന്ന പുഞ്ചകൃഷിക്ക് പള്ള്യാരലും ഉപയോഗിച്ചിരുന്നു പറമ്പുകളിൽ മോടൻ കൃഷിയായി ചോമാലനകര, പള്ള്യാരൽ എന്നിവയും കൃഷിചെയ്തിരുന്നു. എന്നാൽ ഇന്ന് മോടൻ കൃഷി അപ്രത്യക്ഷമായി എന്നുതന്നെ പറയാം.

സ്വാതന്ത്ര്യാനന്തര കാലത്ത് ഹരിത വിപ്ലവത്തിന്റെ ഭാഗമായി കാർഷികമേഖലയിൽ വന്ന മാറ്റം ഈ പഞ്ചായത്തിലും പ്രതിഫലിച്ചു. പുതിയ വിത്തിനങ്ങളും രാസവളപ്രയോഗങ്ങളും സാർവത്രികമായി കൃഷി രീതിയിൽ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുതുടങ്ങി. ജലസേചന പദ്ധതികൾ രൂപംകൊണ്ടു ഉൽപ്പാദന ക്ഷമതയുള്ള പുതിയ വിത്തിനങ്ങൾ കണ്ടുപിടിക്കപ്പെട്ടു. ഈ ഇനത്തിൽ ഐ.ആർ.എട്ട്. ഒരു വലിയ മുന്നേറ്റംകുറിച്ചു. ഇതിനെ തുടർന്ന് ഒട്ടനവധി പുതിയ വിത്തുകളും പുറത്തിറക്കുകയുണ്ടായി. ജയ, നീരജ, ജ്യോതി, ത്രിവേണി, മസൂരി, കേശവൻ തുടങ്ങിയവ കൃഷിചെയ്യാൻ തുടങ്ങിയതോടെ നെല്ലുല്പാദന രംഗത്ത് വലിയ മുന്നേറ്റം ഉണ്ടായി. പഴയ വിത്തിനങ്ങൾ ഓരോന്നോരോന്നായി അപ്രത്യക്ഷമായി. ഈ വിത്തിനങ്ങൾക്ക് ഉൽപ്പാദനക്ഷമത കുറവായിരുന്നെങ്കിലും രോഗകീടാതികളെ ചെറുത്തുനിൽക്കാനുള്ള ശക്തിയുണ്ടായിരുന്നു. പുതിയ വിത്തിനങ്ങൾ രോഗ കീടാതികളിൽ നിന്നും വിമുക്തമല്ല. ശ്രദ്ധയോടുകൂടിയ പരിചരണം ഈ വിത്തുപയോഗിച്ചുള്ള കൃഷിക്ക് അത്യാവശ്യമാണ്.

പഴയ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്തപ്പോൾ ഹെക്ടറിന് 1250 കിലോ നെല്ല് ഉൽപ്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് പുതിയ വിത്തിനങ്ങളിലൂടെ അത് 2400 കി.ഗ്രാം വരെ ഉയർത്താൻ കഴിഞ്ഞു. പുതിയ വിത്തിനങ്ങളും ആധുനിക കൃഷിരീതികളും കർഷകരുടെ കൂട്ടായ്മയും ഒത്തൊരുമിച്ചാൽ ഹെക്ടറിന് 5000 കിലോ വരെ ഉയർത്താൻ കഴിയും. നെൽവയലുകൾ; തെങ്ങിൻ തോപ്പുകളും വാഴത്തോട്ടങ്ങളും, പാർപ്പിടങ്ങളുമായി മാറിയപ്പോൾ നെൽകൃഷിയുടെ വിസ്തീർണ്ണം കുറഞ്ഞു. ഇതുമൂലം ഉൽപ്പാദനക്ഷമത കൂടിയിട്ടും മൊത്തം ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടായില്ല. ഇലചുരുട്ടിപ്പുഴു തണ്ടുതുരപ്പൻ ചാഴി, മുഞ്ഞ, ഗാളീച്ച തുടങ്ങിയ കീടങ്ങളും ബ്ലാസ്റ്റ് പോളരോഗം തുടങ്ങിയ രോഗങ്ങളുമാണ് നെൽകൃഷിയിൽ കണ്ടുവരുന്നത്. ഇവ കൃത്യസമയത്ത് മരുന്നുപയോഗിച്ചാൽ നിയന്ത്രിക്കാൻ കഴിയുന്നതാണ്.

പഞ്ചായത്തിൽ ഇപ്പോൾ 10 പാടശേഖര സമിതികൾ നിലവിലുണ്ട്. പാടശേഖരസമിതികളിൽ മുഴുവൻ കർഷകരുടെയും പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. ഈ സമിതികളിലൂടെ ഇപ്പോൾ നൽകിവരുന്ന ഉൽപ്പാദനബോണസ് തുലോം കുറവാണ്. പാടശേഖര സമിതികൾ പുന:സംഘടിപ്പിച്ചുകൊണ്ട് സംഘകൃഷി സമ്പ്രദായം വ്യാപകമാക്കേണ്ടിയിരിക്കുന്നു.

വയലേലകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് മറ്റ് മേഖലകളിലെ തൊഴിലാളികളേക്കാൾ കൂലി കുറവാണ്. സ്ത്രീ തൊഴിലാളികൾക്കാണ് ഇതിൽ ഏറ്റവും കുറഞ്ഞ കൂലി. പുരുഷന്മാർക്ക് 75 രൂപ കൂലി ലഭിക്കുമ്പോൾ സ്ത്രീ തൊഴിലാളികൾക്ക് 35 രൂപയാണ് ലഭിക്കുന്നത്. കൂലിനിരക്കിലുള്ള അന്തരം കാർഷികമേഖലയിൽ നിന്നും മറ്റുമേഖലകളിലേക്ക് ചേക്കേറാൻ ഇവരെ പ്രേരിപ്പിക്കുന്നു.

ഒരുകാലത്ത് ഉഴുത്ത് കാളകൾ ഈ പ്രദേശങ്ങളിൽ സുലഭമായിരുന്നു. കാളകളുടെ എണ്ണത്തിന്റെ വലുപ്പം കർഷകരുടെ അന്തസ്സ് ഉയർത്തിയിരുന്നു. കാളപൂട്ടുമത്സരവും കാളച്ചന്തകളും നിലവിലുണ്ടായിരുന്നു. വർഷം തോറും കാളകളുടെ ക്രയവിക്രയങ്ങൾക്ക് വിദൂര ചന്ത

കളിൽപോലും കർഷക കാരണവൻമാർ ഉത്സാഹത്തോടെ പങ്കെടുത്തിരുന്നു. വിഷുദിവസം ഉഴവു കാളകളെ കുളിപ്പിച്ച കുറിതൊടുവിച്ച് വെള്ളരി ചക്ക തുടങ്ങിയ വിഭവങ്ങൾ നൽകി കർഷകർ തങ്ങളുടെ സ്നേഹവായ്പ പ്രകടിപ്പിച്ചിരുന്നു. വിഷു-അശ്വതി ഞാറ്റുവേലയുടെ തുടക്കം കൃഷി മഹോത്സവത്തിന്റെ തുടക്കമായിട്ടാണ് കർഷകർ ആഘോഷിച്ചിരുന്നത്. എന്നാൽ ഇന്നിതൊക്കെ ഓർമ്മമാത്രം. ഉഴവുകാളകൾ നാമമാത്രമായി. ഇവയുടെ സ്ഥാനം ടില്ലറും ട്രാക്ടറും ഏറ്റെടുത്തു.

**കാർഷികോപകരണങ്ങൾ**

| വാർഡ് | ഉഴവുപകരണങ്ങൾ | | | മരുന്ന് തളി ഉപകരണങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രെയർ | നാപ് സാക്ക ഡ്രെയർ | മറ്റുള്ളവ | മെതി യന്ത്രം | തെങ്ങു കയറ്റ യന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
| 1 | - | - | 9 | 3 | 6 | - | - | - | 3 |
| 2 | - | - | 6 | 2 | 4 | - | - | 1 | 4 |
| 3 | - | 1 | 6 | 2 | 4 | - | - | 1 | 6 |
| 4 | - | - | 6 | 2 | 6 | - | - | - | 5 |
| 5 | - | 1 | 6 | 3 | 4 | - | 1 | 1 | 5 |
| 6 | - | - | 4 | 3 | 2 | - | - | - | 3 |
| 7 | - | - | 6 | 1 | 4 | - | - | - | 7 |
| 8 | - | - | 6 | - | 3 | - | - | - | 5 |
| 9 | - | - | 6 | 1 | 1 | - | - | - | 4 |
| 10 | - | 1 | 4 | 1 | 3 | - | - | - | 4 |
| 11 | - | - | 3 | 2 | 2 | - | - | - | 4 |

## തെങ്ങ് കൃഷി

ഈ പഞ്ചായത്തിൽ 1500 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിചെയ്യുന്നു. ഇത് മൊത്തം കൃഷിഭൂമിയുടെ 65% വരും മൂന്ന് ലക്ഷത്തിൽപ്പരം തെങ്ങ് പഞ്ചായത്തിലുണ്ടന്ന് കണക്കാക്കപ്പെടുന്നു വാർഷിക ശരാശരി 1 കോടി 20 ലക്ഷം നാളികേരം ഉൽപ്പാദിപ്പിക്കപ്പെടുന്നു നാളികേരം ഉൽപ്പാദനത്തിൽ സംസ്ഥാന ശരാശരി 28 ആണെങ്കിൽ ഈ പ്രദേശത്ത് 40 നാളികേരം ഉൽപ്പാദിപ്പിക്കപ്പെടുന്നു. പഴയ കാലത്തെ അപേക്ഷിച്ച് തെങ്ങ് കൃഷി വ്യാപകമായിട്ടുണ്ട്. എന്നാൽ ഉൽപ്പാദനത്തിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല. ശാസ്ത്രീയ രീതിയും, വള പ്രയോഗവും, ജലസേചനവും കൂട്ടായ്മയും വഴി ഉല്പാദനം ഇരട്ടിപ്പിക്കാൻ കഴിയും പശ്ചിമ തീരകൊന്ന വർഗ്ഗ (WCT) ത്തിൽ പെട്ട തെങ്ങിനങ്ങളാണ്. ഇവിടങ്ങളിൽ കൃഷിചെയ്യുന്നത്. ഇതിന്

**തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ**

| വാർഡ് | തെങ്ങ് എണ്ണം | | | | | രോഗം ബാധിച്ച തെങ്ങ് | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽട്ട് | ലീപ റോട്ട് | ബഡ് റോട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 140 | 1350 | 23760 | 25110 | - | 18 | 4 | 6 | 5 | 33 |
| 2 | 136 | 1305 | 23120 | 24425 | - | 18 | 7 | 9 | 4 | 38 |
| 3 | 137 | 1360 | 23200 | 24,560 | - | 15 | 14 | 9 | 4 | 42 |
| 4 | 138 | 1390 | 23500 | 24890 | - | 20 | 7 | 8 | 3 | 38 |
| 5 | 131 | 1300 | 22250 | 23550 | - | 12 | 8 | 6 | 3 | 29 |
| 6 | 136 | 1350 | 23200 | 24550 | - | 10 | 8 | 8 | - | 26 |
| 7 | 136 | 1300 | 23100 | 24410 | - | 10 | 7 | 8 | - | 25 |
| 8 | 138 | 1395 | 23450 | 24845 | - | 12 | 7 | 7 | 2 | 28 |
| 9 | 143 | 1420 | 24300 | 25700 | - | 18 | 9 | 8 | - | 35 |
| 10 | 140 | 1420 | 23750 | 25170 | - | 20 | 9 | 7 | - | 36 |
| 11 | 125 | 1260 | 22100 | 22400 | - | 12 | 7 | 6 | - | 25 |

പുറമെ TXD, DXT, എന്നീ അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിനങ്ങളും ഉണ്ട്. എന്നാൽ ഇത് വ്യാപകമല്ല. കർഷകരിൽ വേണ്ടത്ര വിശ്വാസം ജനിപ്പിക്കാൻ ഇവയ്ക്ക് കഴിഞ്ഞിട്ടില്ല. കൂമ്പ് ചീയൽ ഓലരോഗം, ചെന്നിരൊലിപ്പ് വേര് ചീയൽ എന്നീ രോഗങ്ങളാണ് പ്രധാനമായും കണ്ടുവരുന്നത്. കൂമ്പ് ചീയൽ വ്യാപകമാണ് ശ്രദ്ധാപൂർവ്വമായ പരിചരണംകൊണ്ട് തെങ്ങ് രോഗങ്ങൾ നിയന്ത്രിക്കാവുന്നതാണ്.

## കവുങ്ങ്

നെല്ലും തെങ്ങും കഴിഞ്ഞാൽ പഞ്ചായത്തിലെ മുഖ്യ കൃഷിയാണ് കവുങ്ങ്. ഇത് ഏതാണ്ട് 20 ഹെക്ടർ സ്ഥലത്ത് വരും. ഏതാണ്ട് 30000 കവുങ്ങ് പഞ്ചായത്തിലുണ്ട്. 2 കോടി 10 ലക്ഷം അടക്ക പ്രതിവർഷം ഉൽപ്പാദിപ്പിക്കപ്പെടുന്നു ശാസ്ത്രീയമായ വള പ്രയോഗം നടക്കുന്നില്ലെങ്കിലും സമീപകാലത്ത് അടക്കയുടെ വിലകൂടുതൽ കർഷകരെ കവുങ്ങുകൃഷിയിലേക്ക് ആകർഷിച്ചിട്ടുണ്ട്. ചിട്ടയായ വളപ്രയോഗവും ജലസേചനവും നടത്തിയാൽ ഉൽപ്പാദനം ഇരട്ടിപ്പക്കാൻ കഴിയും. കവുങ്ങിനെ ബാധിക്കുന്ന മഹാളി തുടങ്ങിയ രോഗങ്ങൾ ഈ പഞ്ചായത്തിലില്ല.

## വാഴ

അടുത്ത കാലത്ത് പറമ്പുകളിൽനിന്നും വയലേലകളിലേക്ക് പറിച്ചുനടപ്പെട്ട കൃഷിയാണ് വാഴ. 80 ഹെക്ടർ സ്ഥലത്ത് വാഴ കൃഷിചെയ്യുന്നു. ഹെക്ടറിൽ 2500 വാഴ കൃഷി ചെയ്തുവരുന്നു ഇതിന്റെ സിംഹഭാഗവും നേന്ത്രവാഴയാണ്. റോബസ്റ്റ് വാഴ അടുത്തകാലത്ത് വ്യാപകമായിട്ടുണ്ട്. പണ്ടുകാലത്ത് വീട്ടുവളപ്പുകളിൽ വ്യാപകമായി കൃഷിചെയ്തിരുന്ന കദളി, മൈസൂർ, പൂവൻ, കുന്നൻ, വെണ്ണീറ്ററുമണ്ണൻ, തുടങ്ങിയ 300 ലധികം വാഴയിനങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. വാഴകൃഷിക്ക് അനുയോജ്യമായ മണ്ണാണ് ഇവിടെയുള്ളത്. വാഴകൃഷി ശാസ്ത്രീയ രീതിയിൽ ചെയ്യുകയാണെങ്കിൽ ഉല്പാദനം ഇരട്ടിയാക്കാൻ കഴിയും. ഏതാണ്ട് 25 ടൺ വിള ഇപ്പോൾ ഉൽപ്പാദിപ്പിക്കപ്പെടുന്നു കുരലടപ്പൻ, കണ്ടപ്പുഴു, കുറുനാമ്പ്, ഇലപുള്ളിരോഗം എന്നിവയാണ് വാഴയെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ.

## കുരുമുളക്

പഞ്ചായത്തിൽ 30 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷിചെയ്യുന്നു. കല്ല് വള്ളി, ഞാലിക്കോട്ട, ഉതിരൻകോട്ട, കരിങ്കോട്ട, തുടങ്ങിയ വള്ളികൾ ഇപ്പോൾ അപൂർവ്വമാണ്. ഇതിൽ കല്ലുവള്ളി മെച്ചപ്പെട്ടയിനം കൊടിയായിരുന്നു ഇവയിൽ കീടരോഗബാധയും ഇല്ലായിരുന്നു. ഇന്ന് പുതിയയിനം അത്യുൽപ്പാദന ശേഷിയുള്ള പന്നിയൂർ 1, കരിമുണ്ട തുടങ്ങിയവയാണ് കൃഷിചെയ്യുന്നത്. ഏകദേശം 4 ടൺ കുരുമുളക് ഉൽപ്പാദിപ്പിക്കാനുള്ള കുരുമുളക് വള്ളികൾ ഈ പഞ്ചായത്തിലുണ്ട്. ദ്രുതവാട്ടം, പൊള്ള് വണ്ട് തുടങ്ങിയ രോഗകീടാതികൾ കാണപ്പെടുന്നു. രോഗകീടാതികളെ ശാസ്ത്രീയ രീതിയിൽ നിർമ്മാർജനം ചെയ്താൽ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയും.

## വെറ്റില കൃഷി

മുൻകാലത്ത് പഞ്ചായത്തിൽ വളരെ വിപുലമായി നടന്നുവന്ന കൃഷിയായിരുന്നു വെറ്റില കൃഷി. കൃഷിനനയ്ക്കാൻ ഉപയോഗിച്ചിരുന്ന ഏത്തക്കൊട്ടകളും, കുണ്ടുകളും മിക്കഗൃഹങ്ങളിലും കാണാമായിരുന്നു. ജീവസന്ധാരണത്തിൽ വലിയൊരു വിഭാഗം ഈ കൃഷിയെ ഉപയോഗിച്ചിരുന്നു. ഇടക്കാലത്ത് ഈ കൃഷി തകർച്ചയെ നേരിട്ടെങ്കിലും ഇപ്പോൾ അരിക്കുളം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 75 കർഷകർ വെറ്റില കൃഷി ചെയ്യുന്നു. മുളയുടെ ദൗർലഭ്യം വെറ്റിലകൃഷിക്ക് ഭീഷണിസൃഷ്ടിക്കുന്നു. കാര്യമായ രോഗങ്ങളൊന്നും കാണപ്പെടുന്നില്ല ഏറെ സാധ്യതകളുള്ള കൃഷിയാണിത്.

## കശുമാവ്

കശുമാവ് പഞ്ചായത്തിലെ മറ്റൊരു പ്രധാന കൃഷിയാണ് 80 ഹെക്ടറോളം സ്ഥലത്ത് കശുമാവ കൃഷിചെയ്യുന്ന നടേരി, കാരയാട് ഭാഗങ്ങളിലാണ് കശുമാവ് കൃഷി കൂടുതലായി കാണപ്പെടുന്നത്. ഏകദേശം 14000ത്തോളം കശുമാവ് കാണപ്പെടുന്നു. 80 ടൺ കശുമാങ്ങ വർഷത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു തേയില കൊതുകും, തടിതുരപ്പൻ പുഴുമാണ്. കശുമാവിന്റെ ശത്രുക്കൾ. കശുമാവ് കൃഷിക്ക് വൻസാദ്ധ്യതയുള്ള മലഞ്ചെരുവുകൾ ധാരാളമുള്ള പ്രദേശമാണിത്.

## റബ്ബർ

റബ്ബർ അടുത്തകാലത്താണ് കൃഷിചെയ്യാനാരംഭിച്ചത് 30 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്നു. റബ്ബർ കൃഷിക്ക് വേണ്ട സഹായ സൗകര്യങ്ങൾ റബ്ബർ ബോർഡിൽ നിന്നും ലഭിക്കുന്നുണ്ടെങ്കിലും കൃഷി വ്യാപകമായിട്ടില്ല.

## ഇടവിളകൾ

കിഴങ്ങുവർഗ്ഗങ്ങൾ: മരച്ചീനി, കാത്ത്, കണ്ടി, കിഴങ്ങ്, ചെറു കിഴങ്ങ്, നീണ്ടികിഴങ്ങ്, കൂർക്ക വിവിധഇനം ചേമ്പുകൾ തുടങ്ങിയവ ധാരാളം കൃഷിചെയ്തിരുന്നു. ഇവയ്ക്കു പുറമെ ചാമ, മുത്താറി, പയർവർഗ്ഗങ്ങൾ മുതലായവ എല്ലാ പുരയിടങ്ങളിലും കൃഷിചെയ്തിട്ടുണ്ട്. ഇടവിള കൃഷികൾ മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിക്കുന്നു. ഭക്ഷണക്രമത്തിൽ ഇവക്കുള്ള സ്വാധീനവും വിപുലമായിരുന്നു. ഇന്ന് ഇത്തരം വിളകൾ കുറഞ്ഞുവരികയാണ്.

## ഇഞ്ചി : മഞ്ഞൾ

ഇഞ്ചി മഞ്ഞൾ തുടങ്ങിയവ എല്ലാവീടുകളിലും കൃഷി ചെയ്തുവന്നിരുന്നു. എന്നാൽ പിൽക്കാലത്ത് വിപണിയിലുണ്ടായ വിലയിടിച്ചിലാണ് ഈ കൃഷി നാശോന്മുഖമാവാനുണ്ടായ കാരണം. ഇന്ന് ഏകദേശം എട്ട് ഹെക്ടറിൽ ഇഞ്ചിയും പത്ത് ഹെക്ടറിൽ മഞ്ഞളും കൃഷിചെയ്തു വരുന്നുണ്ട്. സുഗന്ധവസ്തുക്കളിൽ ഇവയ്ക്കുള്ള സ്ഥാനം അവഗണിക്കാൻ കഴിയാത്തതാണ്. ഔഷധ ഗുണത്തിലും കാര്യമായ പങ്ക് വഹിക്കുന്നുണ്ട്. രോഗകീടബാധകൾ ഈ കൃഷിക്ക് കുറവാണ്. ആദായകരമായ കൃഷിയായതിനാൽ ഇത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്.

## ഔഷധ സസ്യങ്ങൾ

ആരോഗ്യരംഗത്ത് ഔഷധസസ്യങ്ങളുടെ പ്രാധാന്യം ഇന്ന് വീണ്ടും എടുത്തുപറയേണ്ടിയിരിക്കുന്നു. കുറുന്തോട്ടിയുണ്ടെങ്കിൽ വാതമില്ല എന്നാണ് ചൊല്ല്. ഒട്ടനവധി ഔഷധസസ്യങ്ങൾ നമ്മുടെ പറമ്പുകളിൽ മുമ്പുണ്ടായിരുന്നു. കുറുന്തോട്ടി; ആടലോടകം; ചിറ്റാമൃത്; ശതാവരി; ആവണക്ക്; കിരിയാത്ത; തുളസി; കഞ്ഞുണ്ണി; പ്രസാരണി; നിലമ്പരണ്ട; ശംഖുപുഷ്പം; സർപ്പഗന്ധി; കച്ചോലം, മുത്തങ്ങ, നിലപ്പന, കുവളം, പൂവാങ്കരുന്നില തുടങ്ങിയ നിരവധി ഔഷധ സസ്യങ്ങൾ ഉണ്ട്. ഉപകാരപ്രദമായ ഇത്തരം മരുന്നുകൾ ഉപയോഗശൂന്യമായ വഴിയിറമ്പുകളിലും സൗകര്യപ്രദമായ മറ്റു സ്ഥലങ്ങളിലും വെച്ചുപിടിപ്പിക്കുകയാണെങ്കിൽ ഇതും വലിയ ഒരു വരുമാനമാർഗ്ഗമാണ്.

## കൂൺ കൃഷി; പൂകൃഷി

വീട്ടമ്മമാർക്ക് ഒഴിവുസമയം ഉപയോഗിച്ചുകൊണ്ട് കുടുംബവരുമാനം വർദ്ധിപ്പിക്കുവാനുള്ള ഒരെളുപ്പ മാർഗ്ഗമാണ് കൂൺകൃഷി, പൂകൃഷി, തേനീച്ച വളർത്തൽ എന്നിവ. ഒരു വർഷത്തിൽ 20 കോടിരൂപയുടെ പൂക്കളാണ് കേരളത്തിൽ ഇറക്കുമതി ചെയ്യുന്നത് എന്നറിയുമ്പോഴാണ് ഇതിന്റെ പ്രാധാന്യം നമുക്ക് നമസ്സിലാവുന്നത്. കൂടുതൽ പോഷകമൂല്യമുള്ള ഒരു ഭക്ഷ്യവസ്തു എന്ന നിലയ്ക്ക് കൂൺ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്. അച്ചാർ: കറികൾ, ഓംലറ്റ് ബേക്കറി ഉല്പന്നങ്ങൾ എന്നിവ കൂൺ കൊണ്ടുണ്ടാക്കാൻ കഴിയും. മാർക്കറ്റിൽ കിലോയ്ക്ക 60 രൂപയാണ് കൂണിന്റെ ഇന്നത്തെ വില. അതുപോലെ പൂകൃഷിയും തേനീച്ച വളർത്തലും ഒരു ഉപതൊഴിലായി ത്തന്നെ കരുതണം. ഓർക്കിഡ് പുഷ്പങ്ങൾക്ക് ഇന്ന് മാർക്കറ്റിൽ തീ വിലയാണ്. ഇത് ശേഖരിക്കുകയും

**നടീൽ വസ്തുക്കളുടെ വിവരണം**

| ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| തെങ്ങ് | 795 | 780 | 630 |
| കശുമാവ് | - | 240 | - |
| കുരുമുളക് | 4200 | 5000 | 9000 |
| കമുക് | 400 | - | - |
| ജാതി | 60 | 90 | - |
| ഗ്രാമ്പൂ | - | 25 | 110 |
| കറുവപ്പട്ട | 100 | - | - |
| വാഴ | 2020 | 150 | - |
| മാവ് | 31 | - | 47 |
| നാരകം | 50 | - | - |
| ചാമ്പ | 50 | - | 10 |
| ഉറുമപ്പഴം | 20 | - | 5 |
| സപ്പോട്ട | - | 5 | 15 |
| അരി നെല്ല് | - | 50 | - |
| പേര | - | 10 | 10 |
| പ്ലാവ് | - | 5 | 20 |
| നെല്ലി | - | - | 5 |

പ്രദർശിപ്പിക്കുകയും ചെയ്യുന്നത് സമ്പന്നതയുടെ ഒരു പ്രതീകമായാണ് കണക്കാക്കുന്നത്. കുറ്റിമുല്ലകൃഷിക്ക് പറ്റിയ മണ്ണും കാലാവസ്ഥയുമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. വിപണന സാധ്യതയുള്ള ഈ കൃഷി ഉപയോഗപ്പെടുത്തുകയാണെങ്കിൽ വൻവികസനത്തിന് ഇത് തുടക്കം കുറിക്കും. തേനീച്ച വളർത്തലിലൂടെ തേനുല്പാദനം മാത്രമല്ല പരപരാഗണത്തിലൂടെ കൃഷിയുടെ അഭവൃദ്ധിയ്ക്കും ഇതു കാരണമാവുന്നുണ്ട്. കർഷക മിത്രമെന്ന നിലയ്ക്ക് തേനീച്ചകൾക്ക് ഒരു മാന്യമായ സ്ഥാനം തന്നെ കല്പിക്കേണ്ടതുണ്ട്.

## പഴവർഗ്ഗങ്ങളും പച്ചക്കറികളും

മാങ്ങ ചക്ക കൈതച്ചക്ക മുതലായവ പഴവർഗ്ഗങ്ങളിൽ പ്രാധാന്യമേറിയതാണ്. വാഴകൃഷിയിൽനിന്നും പഴങ്ങൾ വൻതോതിൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. ഇതിനു പുറമെ കശുമാങ്ങയും ധാരാളമുണ്ട്. നമ്മുടെ നിത്യോപയോഗങ്ങൾ കഴിഞ്ഞുള്ള പഴവർഗ്ഗങ്ങൾ വേണ്ട രൂപത്തിൽ സംസ്കരിക്കാൻ കഴിഞ്ഞാൽ കൂടുതൽ തൊഴിലവസരങ്ങളും കർഷകർക്ക് സാമ്പത്തിക നേട്ടവും കൈവരിക്കാൻ കഴിയും. കശുമാങ്ങയിൽ നിന്ന് ഇൻഡസ്ട്രിയൽ ആൽക്കഹോൾ ഉൽപ്പാദിപ്പിക്കാവുന്നതാണ്.

പച്ചക്കറികൃഷി വ്യാപകമായ രൂപത്തിൽ ഇന്നു നടന്നുവരുന്നില്ല. ഉദ്ദേശം മൂന്ന് ഹെക്ടർ സ്ഥലത്താണ് കൃഷിചെയ്തുവരുന്നത്. നമ്മുടെ ഭൂപ്രകൃതി അനുസരിച്ച് ഏറ്റവും കൂടുതൽ സാധ്യതയുള്ള കൃഷിയാണ് ഇത്. നിത്യോപയോഗത്തിന് ഇന്ന് ഏറെക്കുറെ ഇവ ഇറക്കുമതി ചെയ്യുകയാണ്. വെണ്ട, വഴുതിന, പാവൽ, പടവലം, വെള്ളരി. കുമ്പളം, മത്തൻ, ചീര, പച്ചമുളക്, കോവ കറിവേപ്പ്, പപ്പായ തുടങ്ങിയവ എല്ലാ .വീട്ടുവളപ്പിലും അടുക്കളത്തോട്ടമെന്ന നിലയ്ക്കും മുണ്ടകൻ കൊയ്തുള്ള നെൽവയലുകളിലും കൃഷിചെയ്തുകൊണ്ട് പച്ചക്കറിയുടെ ദൗർലഭ്യം ശാശ്വതമായി പരിഹരിക്കാൻ കഴിയുന്നതാണ്. പാടശേഖരങ്ങളിൽ ചുരുങ്ങിയത് പത്ത് ഹെക്ടർ ഭൂമിയെങ്കിലും ഇതിനായി ഉപയോഗപ്പെടുത്തണം.

## വളപ്രയോഗം കീടനാശിനി

മുൻകാലത്ത് പൂർണമായും ജൈവവളത്തെ ആശ്രയിച്ചായിരുന്നു ഈ കൃഷിരീതികളെല്ലാം നടത്തിയിരുന്നത്. തോൽ ചാണകം വെണ്ണീർ തുടങ്ങിയ വസ്തുക്കൾക്കൊന്നും ക്ഷാമമുണ്ടായിരുന്നില്ല. എന്നാൽ പിൽക്കാലത്ത് ഉണ്ടായ വനനശീകരണവും കടുംകൃഷിയും മണ്ണിന്റെ ഫലഭൂയിഷ്ടത കുറച്ചു രാസവളത്തിന്റെ ആവിർഭാവവും കൃഷിരീതിയിൽ വന്നിട്ടുള്ള സമൂലമായ മാറ്റത്തിന്റെയും ലക്ഷ്യം വൻതോതിലുള്ള ഉത്പാദന വർദ്ധനവായിയിരുന്നെങ്കിലും ആയതിന്റെ അമിതമായ ഉപയോഗം' മണ്ണിന്റെ ജൈവാവസ്ഥയക്ക് കാര്യമായ ക്ഷതമേല്പിച്ചു. ഈ പ്രശ്നം പരിഹരിക്കാൻ പരമാവധി ജൈവസ്തുക്കൾ ഉപയോഗിക്കേണ്ടതുണ്ട്. മണ്ണിന്റെ ഗുണത്തിനും തരത്തിനും അനുസരിച്ച് മാത്രമേ രാസവളം പ്രയോഗിക്കാവൂ.

ശാസ്ത്രീയമായ കൃഷിമുറ എന്നാൽ രാസവസ്തു

**വിളവിസ്തീർണ്ണവും ഉൽപാദനവും**

| വിള | വിസ്തീർണ്ണം | മൊത്തം ഉൽപാദനം | ഉല്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (വിരിപ്പു) | 60 her | 132.M.T | 2200 kg/her |
| " മുണ്ടകൻ | 270 " | 671 " | 2300 " |
| " പുഞ്ച | 330" | 825 " | 2500 " |
| പയർ | 12" | 4.32 " | 3100 " |
| എള്ള് | - | - | - |
| പച്ചക്കറി | 2" | 10 " | 5000 " |
| തെങ്ങ് | 1500 " | 178.5 Lakh No5 | 11900' |
| വാഴ | 81" | 1120" | 14000" |
| മരച്ചീനി | 10" | 150" | 15000" |
| കുരുമുളക് | 30" | 60" | 2000" |
| പ്ലാവ് | 200 " | 1560 " | 7800" |
| കശുമാവ് | 20" | 80" | 400" |
| മാവ് | 15" | 112-5 " | 7000" |
| റബ്ബർ | 30" | - | - |
| കമുക് | 20" | 1040" | 52" |
| വെറ്റില | 3" | 7.2 " | 2400" |

കീടനാശിനി എന്നിവയുടെ വർദ്ധിച്ച ഉപയോഗമാണെന്നാണ് കൃഷിക്കാർ ധരിച്ചിരുന്നത്. വിവിധതരം രോഗങ്ങൾക്ക് ഓരേ മരുന്നുതന്നെ ഉപയോഗിച്ചതിന്റെ ഫലമായി രോഗകീടങ്ങൾ മരുന്നുകളെ അതിജീവിക്കാൻ

**രാസവള കിടനാശിനി വിപണനം**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993-94 രാസവളം കി.ഗ്രാം | 1993-94 കീടനാശിനി ദ്രവം | 1993-94 കീടനാശിനി ഖരം | 1994-95 രാസവളം കി.ഗ്രാം | 1994-95 കീടനാശിനി ദ്രവം | 1994-95 കീടനാശിനി ഖരം | 1995-96 രാസവളം കി.ഗ്രാം | 1995-96 കീടനാശിനി ദ്രവം | 1995-96 കീടനാശിനി ഖരം |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | സർവ്വീസ് ബാങ്ക് അരിക്കുളം | 12900 | - | 80 | 35000 | - | 20 | 21900 | - | - |
| 2 | കാരയാട് സർവ്വീസ് ബാങ്ക് | 13600 | 6.4 ലി | 100 | 39200 | - | 130 | 28100 | - | 20 |
| 3 | കെ.കെ.ഫർട്ടിലൈസർ കാവുംവട്ടം | 5000 | 5-6 ലി | 300 | 48370 | 2.3ലി | 330 | 25890 | - | 250 |
| 4 | കൃഷിഭവൻ | - | 3ലി | 2 | - | 6ലി | 420 | - | 3ലി | 5 |

തുടങ്ങി. ഇത് കാർഷികരംഗത്ത് ഒട്ടനവധി പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇത് പരിഹരിക്കാനായ് സംയോജിത കീട രോഗപ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതുണ്ട് (IPM)

## പ്രശ്നങ്ങൾ

- നെൽപ്പാടങ്ങൾ മണ്ണിട്ടുനികത്തൽ
- രാസവളങ്ങളുടെ ഗണ്യമായ വിലവർദ്ധനവ്
- ജൈവവളങ്ങളുടെ ദൗർലഭ്യം
- ഉൽപ്പാദന ചിലവിനനുസൃതമായി ഉൽപ്പാദന വർദ്ധനവ് ഉണ്ടാവുന്നില്ല.
- ജലസേചന സൗകര്യങ്ങൾ കാര്യക്ഷമമല്ല.
- വിപണി സൗകര്യമില്ല.
- ന്യായമായ വില കിട്ടുന്നില്ല.
- നിർക്കെട്ട് വളയിറക്കലിന് പ്രയാസം സൃഷ്ടിക്കുന്നു.
- കാർഷിക മേഖലയിൽ കൂലി കുറവാണ്.
- യുവജനങ്ങൾക്ക് കാർഷിക വൃത്തിയിൽ താൽപര്യമില്ല. വിത്തുകൾ യഥാസമയം കിട്ടുന്നില്ല.
- കൃഷി രീതിക്കും സമയത്തിനും ഏകീകൃത സ്വഭാവമില്ല.
- വായ്പകൾ യഥാസമയം കിട്ടുന്നില്ല.
- കാർഷിക വൃത്തിയിൽ ശാസ്ത്രീയ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല.
- ചിലയിടങ്ങളിൽ മണ്ണിന് ഫലഭൂയിഷ്ടത കുറവാണ്.
- ഉൽപാദന ക്ഷമത കുറയുന്നു.
- ഉൽപ്പന്ന സംസ്ക്കരണത്തിന് സൗകര്യമില്ല.
- കൃഷി ഭവനുകളെ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല.

## സാധ്യതകൾ

- നെൽപ്പാടങ്ങൾ നികത്തുന്നതിനെതിരെയുള്ള നിയമം കർശനമായി നടപ്പിലാക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.
- കാലി വളർത്തൽ പ്രോത്സാഹിപ്പിക്കുക കംപോസ്റ്റ് നിർമ്മാണ് വ്യാപകമാക്കുക. മണ്ണിന്റെ ജൈവ സമ്പത്ത് നിലനിർത്തുന്ന രീതിയിൽ കൃഷി സമ്പ്രദായങ്ങൾ നടത്തുക. അമിതമായ രാസവള പ്രയോഗത്തിനെതിരായ ബോധവൽക്കരണം.
- കൂട്ടു കൃഷി വ്യാപകമാക്കുക. ആധുനിക കാർഷിക ഉപകരണങ്ങൾ ഉപയോഗിക്കുക.
- നിലവിലുള്ള തോടുകളും ഫീൽഡ് ബോത്തികളും റിപ്പയർ ചെയ്ത് കാര്യക്ഷമമാക്കുക. പുതിയവ നിർമ്മിക്കുക. ആവശ്യമായ സ്ഥലങ്ങളിൽ ഡ്രിപ്പ് ഇറിഗേഷൻ, കമ്മ്യൂണിറ്റി ഇറിഗേഷൻ തുടങ്ങിയവ നടപ്പിലാക്കുക.
- ഗ്രാമചന്തകൾ മാർക്കിറ്റിംഗ് സൊസൈറ്റികൾ എന്നിവയിലൂടെ വിപണന സൗകര്യം ലഭ്യമാക്കുക.
- 800 ഏക്രയോളം വരുന്ന വെളിയണ്ണൂർ ചല്ലിയുടെ മദ്ധ്യഭാഗത്ത് സൗകര്യപ്രദമായ തോടുകൾ നിർമ്മിച്ച് ജലസേചന-ജലനിർഗ്ഗമന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഒരു പുകിൽ രണ്ടു പുകലായി കൃഷി ചെയ്യുക. ഇതിന് കൃഷിക്കാരുടെ പ്രത്യേക സഹകരണസംഘം രൂപീകരിക്കുക.

- വിദ്യാഭ്യാസ പാഠ്യപദ്ധതി കൃഷിക്ക് പ്രാമുഖ്യം നൽകുക.
- പ്രാദേശികമായ വിത്തും തൈകളും ഉൽപ്പാദിപ്പിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
- ശാസ്ത്രീയമായ വിത്തുശേഖരണ സമ്പ്രദായം നടപ്പിൽ വരുത്തുക.
- കർഷകരുടെ കൂട്ടായ്മയ്ക്ക് പ്രാധാന്യം കൊടുക്കുക.
- കാർഷിക സഹായങ്ങളും കടങ്ങളും യഥാസമയം വിതരണം ചെയ്യണം.
- കാർഷികോൽപ്പന്ന സംസ്കരണ യൂണിറ്റുകളും കുടിൽ വ്യവസായങ്ങളും ആരംഭിക്കുക.
- വാർഡുകളിൽ കുമ്മായച്ചൂളകൾ സ്ഥാപിച്ച് ന്യായ വിലയ്ക്ക് കുമ്മായം വിതരണം ചെയ്യുക.
- നീർമറി വികസന പദ്ധതി നടപ്പിലാക്കുക.
- 110 K.V; 220 K.V വൈദ്യുതി ലൈനുകൾക്ക് ചുവട്ടിലായുള്ള തരിശു സ്ഥലങ്ങളിൽ കുറ്റിമുല്ല കൃഷി ചെയ്യുക. പൂവിന്റെ വിപണനത്തിന് വളരെ സാധ്യതയുണ്ട്. കശുമാവ് തോട്ടങ്ങൾക്കടുത്തും റബ്ബർ തോട്ടങ്ങൾക്കടുത്തും തേനീച്ച വളർത്തൽ വ്യാപകമാക്കുക.
- ഇഞ്ചി; മഞ്ഞൾ തുടങ്ങിയ ഇടവിള കൃഷി വ്യാപകമാക്കുക.
- ഔഷധ സസ്യങ്ങൾ നട്ടുവളർത്തുക.
- കാർഷികാവശ്യത്തിനുള്ള വൈദ്യുതി യഥാസമയവും സൗജന്യമായും ലഭ്യമാക്കുക.
- മണ്ണ് പരിശോധന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
- എലി നശീകരണ ക്യാമ്പയിൻ നടത്തുക.
- കൃഷിക്കാർക്ക് നൽകിവരുന്ന ഉൽപാദന ബോണസ് ഉൽപാദനോപാധികളായി വിതരണം ചെയ്യുക.
- വിള ഇൻഷുറൻസ് പദ്ധതി വ്യാപകമാക്കുക. രോഗം കൊണ്ടുള്ള നാശങ്ങൾക്കും ഇൻഷുറൻസ് ഏർപ്പെടുത്തുക.
- പച്ചില വളച്ചെടികൾ നട്ടുവളർത്തുക.
- പച്ചക്കറി കൃഷി വ്യാപകമാക്കുക. ജലസേചന പദ്ധതികളിൽ നിന്നും വെള്ളം കിട്ടാത്ത വയൽ പ്രദേശങ്ങളിൽ പച്ചക്കറി കൃഷിക്ക് പ്രാധാന്യം നൽകുക.
- വീട്ട് വളപ്പിൽ വാഴ കൃഷി പുനരുജ്ജീവിപ്പിക്കുക.
- കാഫലം കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയവ വെച്ചുപിടിപ്പിക്കുക.

## ജലസേചനം

കൃഷിയും ജലസേചനവും പരസ്പര പൂരകങ്ങളാണ്. കൃഷികൾക്കൊന്നും മുൻകാലങ്ങളിൽ ജലസേചനം ഒരു സമ്പ്രദായമെന്ന നിലയ്ക്ക് വികസിച്ചിട്ടില്ലായിരുന്നു. അപൂർവ്വ സ്ഥലങ്ങളിൽ വെറ്റിലക്കൊടിക്ക് ഏത്തക്കൊട്ട നന നിലനിന്നിരുന്നു. കുറ്റ്യാടി ജലസേചന പദ്ധതി നിലവിൽ വന്നതോടുകൂടിയാണ് പഞ്ചായത്തിൽ ജലസേചനം വ്യാപകമായത്. ഇതോടെ ഒരുപ്പൂ നിലങ്ങൾ ഇരുപ്പൂവായും ഇരുപ്പൂ മുപ്പൂവായും വികസിച്ചു. വെളിയണ്ണൂർ ചല്ലിയൊഴിച്ച് ജലസേചന സൗകര്യമുള്ള വയലുകളിലെല്ലാം ഇരുപ്പൂ വിളകൾ മുപ്പൂ വിളകളായി മാറിയിട്ടുണ്ട്. 70 ഹെക്ടർ തെങ്ങിൻ തോപ്പുകൾ പമ്പ് സെറ്റുകൾ ഉപയോഗിച്ച് ജലസേചനം നടത്തുന്നു.

മെയിൻ കനാലുകൾക്ക് പുറമെ 2000 മീറ്റർ നീളത്തിൽ ഫീൽഡ് ബോത്തികൾ നിലവിലുണ്ട്. ഇതിന് അനുപൂരകമായുള്ള ഡിസ്ട്രിബ്യൂട്ടറികളും മെയിൻ കനാലും ഉൾപ്പെടെയുള്ള ആയക്കെട്ട് 180 ഹെക്ടർ പ്രദേശമാണ്. പൊതുജലസേചനാവശ്യാർത്ഥമുള്ള കിണർകുളം ക്രോസ് ബാർ എന്നിവ ഇവിടെ ഇല്ല. ഇന്നുള്ളതിൽ കൂടുതൽ ജലസേചന സൗകര്യം ഇവിടെ വർദ്ധിപ്പിക്കേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

- കനാൽ ജലം വേണ്ട സ്ഥലത്തും യഥാസമയത്തും കിട്ടുന്നില്ല.
- കനാലിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നില്ല.
- നെൽകൃഷിക്ക് ഉപയോഗിക്കേണ്ട ജലം മറ്റു കൃഷികൾക്കായി ചോർത്തപ്പെടുന്നു.
- കനാൽ ജലം ലഭ്യമാക്കുന്നത് അനവസരത്തിലാണ്.
- ആവിശ്യാനുസരണം ഫീൽഡ് ബേർത്തികൾ നിർമ്മിക്കപ്പെടുന്നില്ല. കനാലുകളിലെ സ്ലൂയിസുകൾക്ക് ഷട്ടറുകൾ ഇല്ല.
- പ്രകൃതിദത്തമായ തോടുകൾ സംരക്ഷിക്കപ്പെടുന്നില്ല.
- മണ്ണൊലിപ്പു മൂലം തോടുകളും കനാലുകളും നികന്നുപോകുന്നു.

### സാധ്യതകൾ

- മരുതൂർ ചല്ലിയിൽ ഉപ്പോര് കയറുന്നത് തടയുക; ജല

നിർഗ്ഗമന മാർഗ്ഗങ്ങൾ ഏർപ്പെടുത്തുക.

- നടേരി ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ ന്യൂനതകൾ പരിഹരിക്കുക.
- കണ്ണിപ്പുഴ നിലത്തേക്ക് ഓരുവെള്ളം കയറുന്നത് തടയുക.
- നീലിവീട്ടിൽ താഴ നിന്ന് കണ്ണാട്ടട ഭാഗത്തേക്ക് ഫീൽഡ് ബോത്തി നീട്ടുക.
- മുത്താമ്പി പാലാഴി വയലിലേക്ക് കനാൽ ജലം എത്തിക്കുക.
- ആഴാവിൽ താഴെ നിന്ന് കണ്ണിപ്പുഴയിലേക്ക് തോട് നിർമ്മിക്കുക.
- മൂന്നാം വാർഡിൽ എടച്ചേരി താഴ മുതൽ മീറങ്ങാട്ട് താഴേക്ക് കൈത്തോട് നിർമ്മിക്കുക.
- വാരിക്കോട്ട് താഴെ മുതൽ കൈതക്കൽ താഴെവരെ ഫീൽഡ് ബോത്തി നിർമ്മിക്കുക.
- കാവുംവട്ടം പള്ളിത്താഴ തുടങ്ങിയ തോട് ആഴം കൂട്ടി വെളിയണ്ണൂർ ചല്ലി വഴി പെറോൽ നടവരെ എത്തിക്കുക.
- നാലാം വാർഡിൽ പൂവ്വത്തൂർ താഴെ മുതൽ തുരുത്തി മടത്തിൽ താഴ വരെ വയലിന്റെ നടുവിൽക്കൂടി തോട് നിർമ്മിക്കുക.
- ഇരുളാട്ട് താഴ മുതൽ തുരുത്തി മടത്തിൽ താഴ വരെ ചെറിയ തോട് നിർമ്മിക്കുക.
- നമ്പൂരിയത്ത് മീത്തൽ കൂടി ഒഴുകുന്ന ജലം അരിക്കുളം വയലിൽ എത്തിക്കുക.
- ചെട്ട്യാക്കണ്ടി താഴെ കൂടി പോകുന്ന കനാൽ കണ്ണൻ കണ്ടി താഴെ എത്തിച്ച് കരിയാത്ത് താഴെ ഇരുളാട്ട് താഴ വഴി പോകുന്ന തോടുമായി ബന്ധപ്പെടുത്തുക.
- മഠത്തിൽ താഴ മുതൽ ഒറവിങ്കൽ താഴ വരെ ഫീൽഡ് ബോത്തി നിർമ്മിക്കുക.
- മഠത്തിൽ താഴ മുതൽ പാറക്കണ്ടം വരെ പി.എച്ച് സെന്റർ വഴി ഫീൽഡ് ബോത്തി നിർമ്മിക്കുക.
- തൈക്കണ്ടി താഴ മുതൽ കുനിക്കാട്ടിൽ താഴ വരെ എത്തിയ തോട് പൂവത്തൂർ താഴ ഉള്ള തോടുമായി ബന്ധപ്പെടുത്തുക.
- അഞ്ചാം വാർഡിൽ ചേണ്യാം കണ്ടി താഴ ഭാഗത്ത് ഒരു അക്വഡേറ്റ് ഉണ്ടാക്കി മണ്ടം കുളത്തിൽ പൊയിൽതാഴെ വരെ വെള്ളം എത്തിക്കുക.
- വളേരി താഴ മുതൽ കാവുതേറി താഴ വരെ നിലവിലുള്ള തോട് പരിഷ്കരിക്കുക. തോട്ടിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ മൂട്ടുകൾ സ്ഥാപിച്ച് വെള്ളം കയറ്റാനും ഇറക്കാനും സംവിധാനം ഉണ്ടാക്കുക.
- ആറാം വാർഡിൽ കോഴിക്കോട്ട് മഠത്തിൽ താഴെ നിന്നും സൈഫണിൽ നിന്ന് റോഡരികിലൂടെ ഒരു തോട് വാകമോളി വയലിൽ എത്തിക്കുക.
- കോഴിക്കോട് മഠത്തിൽ താഴെ നിന്നും ചട്ടം വള്ളി താഴ വഴി കണ്ണമ്പത്ത് വയൽ മധ്യത്തിലൂടെ ഒരു തോട് കീറി പൂവ്വത്തൂർ താഴെ എത്തിക്കുക.
- ചരതാൽതാഴെ കെട്ട് പുനരുദ്ധരിക്കുക.
- ഏഴാം വാർഡിൽ കല്ലടത്താഴ ബണ്ട് നിർമ്മിച്ച് അരിക്കുളം നടുവണ്ണൂർ പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന 100 ഏക്കർ സ്ഥലത്ത് പുതുതായി കൃഷിയിറക്കാം.
- കുറന്താൽ താഴെ മുതൽ പുന്നക്കണ്ടി താഴെ വരെയും തുടർന്ന് തുള്ളിച്ചാരിതാഴെ വരെയും വെള്ളം എത്തിക്കുക.
- പള്ളിക്കൽ താഴെ മുതൽ കല്ലട താഴെ വരെ നീർച്ചാൽ നിർമ്മിക്കുക.
- എട്ടാം വാർഡിൽ നല്ലശ്ശേരി താഴ ചീർപ്പിൽ കൂടി കോളിയോട്ട് താഴ ഭാഗത്തേക്ക് വെള്ളം എത്തിക്കാൻ തോടുണ്ടാക്കുക.
- കൊളോക്കണ്ടി താഴ നിലവിലുള്ള ഫീൽഡ് ബോത്തി അറ്റ കുറ്റ പണി നടത്തി ഇടത്തിൽ താഴ റോഡ് മട്ടം-കോട്ട് താഴ റോഡ് എന്നിവയ്ക്ക് ഓവു പാലം പണിത് എച്ചിപ്പുറത്ത് താഴെ എത്തിക്കുക.
- വാവുള്ളാട്ട് താഴ മുതൽ തവ്വാക്കുറ്റി വരെ നിലവിലുള്ള തോടിന്റെ സൈഡ് കെട്ടുക.
- കൊങ്കോട്ട് താഴ (മേപ്പയ്യൂർ പഞ്ചായത്ത്) ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിച്ച് പാറക്കണ്ടി താഴ മുതൽ പള്ളിക്കാമ്പത്ത് താഴെ വരെ വെള്ളം എത്തിക്കുക.
- ഒമ്പതാം വാർഡിൽ മഠത്തും പറമ്പത്ത് താഴ മുതൽ തവ്വാക്കുറ്റിവരെ തോട് നിർമ്മിക്കുക.
- പള്ളിയിൽ നടമുതൽ തവ്വാ കുറ്റിവരെ നിലവിലുള്ള തോട് പരിഷ്കരിച്ച് ബണ്ഡുകൾ നിർമ്മിച്ച് ജലസേചന-ജലനിർഗ്ഗമന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- നല്ലശ്ശേരി താഴ ബണ്ടിൽ നിന്ന് കീഴ് ഭാഗത്തേക്ക് നീർച്ചാൽ നിർമ്മിക്കുക.

- അയനിക്കാട് ബ്രാഞ്ച് കനാൽ തുരുത്തിയിൽ താഴ ബോത്തി റിപ്പയർ ചെയ്യുക.
- ആഴാട്ട് വടക്കേയിൽ താഴ മുതൽ തവ്വാക്കുറ്റി വരെ ഫീൽഡ് ബോത്തി നിർമ്മിക്കുക.
- വെള്ളറംകോട്ട് താഴ മുതൽ കൊരേനാരി താഴ വരെ തോട് നിർമ്മിക്കുക.
- ഏക്കാട്ടൂർ വെള്ളം പൊയിൽ താഴ റോഡിന് ഓവു പാലം നിർമ്മിക്കുക.
- പത്താം വാർഡിൽ അയനിക്കാട് ബ്രാഞ്ച് കനാലിൽ നിന്ന് തട്ടാൻകണ്ടി ഭാഗത്തേക്ക് കൈക്കനാൽ നിർമ്മിക്കുക.
- മേൽപ്രം കണ്ടി താഴ നിലവിലുള്ള ബണ്ട് ശക്തിപ്പെടുത്തി A.K.G സെന്റർ വരെയുള്ള വയലിൽ വെള്ളം എത്തിക്കുക.
- സാധ്യമായ സ്ഥലങ്ങളിൽ എല്ലാം കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നടപ്പിൽ വരുത്തുക.
- വെളിയണ്ണൂർ ചല്ലിക്കായി നിർമിച്ച നമ്പൂരിക്കണ്ടി താഴ പമ്പ് ഹൗസ് പ്രവർത്തന ക്ഷമമാക്കുക.

## നടപ്പാതകൾ

- രണ്ടാം വാർഡിൽ പിലാക്കാട്ട് താഴ തോടിന്റെ പാർശ്വത്തിൽ നടപ്പാത നിർമ്മിക്കുക.
- ചെറിയേരി താഴ മുതൽ വടക്കുംമ്പാട്ട് ഇല്ലം താഴ വരെ നടപ്പാത നിർമ്മിക്കുക.
- മൂന്നാം വാർഡിൽ ചങ്ങനാശേരി താഴ മുതൽ മന്ദംകോത്ത് താഴ വരെ നടപ്പാത നിർമ്മിക്കുക.
- നെല്ല്യാടി താഴ മുതൽ ഇല്ലത്ത് താഴ വരെ നിലവിലുള്ള നടപ്പാത പുനരുദ്ധരിക്കുക.
- അഞ്ചാം വാർഡിൽ ചേണ്യാം കണ്ടി താഴ മുതൽ അരീക്കര താഴ വരെ നടപ്പാത നിർമ്മിക്കുക.
- ആറാം വാർഡിൽ കോറോത്ത് താഴ മുതൽ വയലിലൂടെ താഴോട്ടും മടത്തിൽ കുനി വരെയും നടപ്പാത നിർമ്മിക്കുക.
- 7-ാം വാർഡിൽ വാകമോളി അമ്പലത്തിനടുത്തുള്ള നടപ്പാത എടവനക്കുളങ്ങര ക്ഷേത്രം വരെ നീട്ടുക.
- 9-ാം വാർഡിൽ മൂലക്കൽ താഴ മുതൽ ചാക്യാട് താഴ വരെയും കുനിക്കുളങ്ങര താഴ മുതൽ എക്കാട്ടൂർ അക്വഡേറ്റ് വരെയും നടപ്പാത നിർമ്മിക്കുക.
- പത്താം വാർഡിൽ കൊരഞ്ഞി ഭാഗം മുതൽ തണ്ടേയിൽ താഴ വരെ നടപ്പാത നിർമ്മിക്കുക.
- 11-ാം വാർഡിൽ നാറണേരി താഴ നിന്ന് തുടങ്ങി കൊരട്ടിയിൽ താഴ വഴി ചല്ലിയിലേക്ക് ഫാം റോഡ് നിർമ്മിക്കുക.
- കുറ്റിപ്പുറത്ത് താഴ നിന്നും ചാക്യാട്ട് താഴ വരെ നടപ്പാത നിർമ്മിക്കുക.
- ചിരുവോത്ത് താഴ മുതുവനക്കുഴി താഴ നടപ്പാത നിർമ്മിക്കുക.
- പോക്കുളത്ത് താഴ കോതോളി താഴ നടപ്പാത നിർമ്മിക്കുക.

---



# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

ക്ഷീരാവശ്യത്തിനും കാർഷികാവശ്യങ്ങൾക്കും വേണ്ടി നമ്മുടെ പഞ്ചായത്തിൽ ധാരാളം കന്നുകാലികളെ വളർത്തിയിരുന്നു. നമ്മുടെ വയലുകളിൽ ആവശ്യമായിരുന്ന ജൈവ വളത്തിന്റെ ഏറിയ പങ്കും കന്നുകാലികളിൽ നിന്നും ലഭിച്ചിരുന്നു. ആട് വളർത്തലും കോഴി വളർത്തലും ആദായകരമായ തൊഴിലുകളായിരുന്നു. എണ്ണയാട്ടാനും നിലം ഉഴുവാനും കാളകളെ വൻതോതിൽ ഉപയോഗിച്ചിരുന്നു.

കാലികളെ അടുത്തുള്ള മേച്ചിൽ പുറങ്ങളിലേക്കും മലകളിലേക്കും കയറൂരി വിടുന്ന പതിവായിരുന്നു പണ്ടുണ്ടായിരുന്നത്. വൈകുന്നേരങ്ങളിൽ അവ തനിയെ തിരിച്ചെത്താറുണ്ടായിരുന്നു. പോറ്റുവാൻ നൽകി രണ്ടാമത്തെ പ്രസവം കഴിഞ്ഞ് തിരിച്ചു വാങ്ങുന്ന ഏർപ്പാടും വ്യാപകമായി ഉണ്ടായിരുന്നു.

കാലികളിന്ന് നാട്ടിൽ കുറഞ്ഞുവന്നിട്ടുണ്ട്. ഉഴവു കാളകളും നന്നേ കുറഞ്ഞു. പുല്ലിന്റെ ദൗർലഭ്യം, കാലിത്തീറ്റയുടെ വിലവർദ്ധനവ്, കുടുംബങ്ങളിലെ അംഗസംഖ്യ കുറയൽ എന്നീ കാരണങ്ങളാൽ പല കുടുംബങ്ങളിലും കാലി വളർത്തൽ കുറഞ്ഞു തുടങ്ങി. അത്യുൽപാദന ശേഷിയുള്ള ഇനങ്ങൾക്കായുള്ള തിരച്ചലിനിടയിൽ നാടൻ ജനസ്സുകൾ പലതും അപ്രത്യക്ഷമായി.

എരുമ, പോത്ത്, കാള എന്നിവയെ പഞ്ചായത്തിൽ പൊതുവെ വളർത്തുന്നില്ല. നെൽകൃഷി കുറഞ്ഞതിനാൽ വൈക്കോൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യേണ്ടി വന്നിരിക്കുന്നു. അതിന്റെ വിലക്കൂടുതൽ കാലി വളർത്തലിന് തടസ്സമാകുന്നുണ്ട്.

കോഴി വളർത്തലിലും നാടൻ ഇനങ്ങൾ പലതും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. നാടൻ കോഴിയുടെ മാംസത്തിന്റേയും മുട്ടയുടേയും രുചി സങ്കൽപങ്ങളിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. വൻതോതിൽ കോഴികളെ വളർത്തുന്ന യൂണിറ്റുകൾ പഞ്ചായത്തിലുണ്ട്. ഇവ നമ്മുടെ ആഭ്യന്തരാവശ്യത്തിന് തികയുന്നില്ല. അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ചണ്ടിക്കോഴികളെ നമുക്ക് ഉപയോഗിക്കേണ്ടി വരുന്നു.

കന്നുകാലികൾക്ക് കുളമ്പ് രോഗം മുതലായ രോഗങ്ങളും കോഴിക്ക് വസന്ത മുതലായ രോഗങ്ങളും പിടിപെട്ട് വൻ നാശം സംഭവിക്കാറുണ്ട്. മൃഗസംരക്ഷണത്തിന് പഞ്ചായത്തിൽ കൈത വയലിലുള്ള മൃഗസംരക്ഷണ കേന്ദ്രം, നടേരി സബ്ബ് സെന്റർ എന്നിവയുടെ പ്രയോജനം വിദൂര സ്ഥലങ്ങളിൽ ഉള്ളവർക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ കാര്യക്ഷമമാക്കാൻ നമുക്ക് കഴിയുന്നില്ല. അലഞ്ഞു തിരിയുന്ന പട്ടികൾ കൂടിവരുന്നതിനാൽ പല പ്രശ്നങ്ങളും ഉണ്ടാവാറുണ്ട്.

ക്ഷീര വികസന രംഗത്ത് സൊസൈറ്റികൾ കുറവാണെന്ന് മാത്രമല്ല ഉള്ളവ തന്നെ പ്രവർത്തിക്കുന്നവയുമല്ല.

കാലി വളർത്തലും കൃഷിയും പരസ്പര പൂരകമാണെന്ന ബോധം ജനങ്ങളിൽ വളർത്തിക്കൊണ്ടുവരേണ്ടത് അത്യാവശ്യമാകുന്നു. പഞ്ചായത്തിൽ മത്സ്യമാർക്കറ്റ് ഇല്ല.

### പ്രശ്നങ്ങൾ

- അശാസ്ത്രീയമായ അറവ് സമ്പ്രദായം ആരോഗ്യ പ്രശ്നങ്ങളും, പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കുന്നു.
- മത്സ്യകൃഷിക്ക് ആവശ്യമായ കുഞ്ഞുങ്ങളെ ലഭിക്കാൻ പ്രയാസം അനുഭവപ്പെടുന്നു.
- മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടങ്ങൾ ഇല്ല. ഉപ കേന്ദ്രങ്ങൾ ആവശ്യത്തിന് ഇല്ല.
- മൃഗാശുപത്രിയിൽ മുഴുവൻ സമയ ഡോക്ടർ ഇല്ല.
- അത്യുൽപാദന ശേഷിയുള്ള പശുക്കളുടെ കുറവ്.
- ക്ഷീര വിപണന സൗകര്യക്കുറവ്
- കന്നുകാലി ഇൻഷൂറൻസ് സൗകര്യം വ്യാപകമാവുന്നില്ല.
- ഉള്ള ആശുപത്രിയിൽ തന്നെ മരുന്നുകളും മറ്റും സൂക്ഷിക്കാൻ സൗകര്യം ഇല്ല.
- നടേരി, കാരയാട്, അരിക്കുളം കേന്ദ്രീകരിച്ച് മൂന്ന് മൃഗാശുപത്രിയെങ്കിലും ഉണ്ടാവേണ്ടതുണ്ട്.

### സാധ്യതകൾ

- സഹകരണാടിസ്ഥാനത്തിൽ ഇറച്ചിക്കോഴി വളർത്തു കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- 'വീട്ടുമുറ്റങ്ങളിൽ മുട്ടക്കോഴി വളർത്തൽ' പരിപാടി വ്യാപകമായി നടപ്പാക്കുക.
- പാൽ വിതരണത്തിനായുള്ള ക്ഷീര വികസന സൊസൈറ്റികൾ സ്ഥാപിക്കുക. സങ്കര വർഗ്ഗ കിടാരികളുടെ പരിചരണ പരിപാടി ഏർപ്പെടുത്തുക.
- സ്കൂൾ തലത്തിൽ പൗൾട്രി ക്ലബ്ബുകൾ സ്ഥാപിക്കുക.
- ആടു വളർത്തൽ വ്യാപകമാക്കുകയും അതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.
- സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക.
- മുട്ടയുൽപാദനം വർദ്ധിപ്പിക്കുന്നതിനായി മുട്ടക്കോഴികളെ വളർത്തുന്നതിനുള്ള കേന്ദ്രങ്ങൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.
- പേ വിഷബാധയ്ക്കെതിരെ, അലഞ്ഞു തിരിയുന്ന നായിക്കളെ നശിപ്പിക്കുകയും വളർത്തുന്നവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം വ്യാപകമാക്കുകയും ചെയ്യുക.

## മത്സ്യബന്ധനം

അരിക്കുളം പഞ്ചായത്തിന്റെ കിഴക്കും തെക്കു പടിഞ്ഞാറും അതിരുകളായുള്ള ചിറ്റാരിപ്പുഴ, കോരപ്പുഴ അവയോട് ബന്ധപ്പെട്ട് കിടക്കുന്ന ചല്ലി പ്രദേശം, തോടുകൾ എന്നിവയാണ് മത്സബന്ധനത്തിന് ഉപയോഗപ്പെടുന്ന സ്ഥലങ്ങൾ. മത്സ്യബന്ധനം തൊഴിലാക്കിയ കുറച്ചു പേർ മാത്രമേ നമ്മുടെ പഞ്ചായത്തിലുള്ളൂ. പുഴ മത്സ്യങ്ങളെയാണ് പ്രധാനമായും പിടിക്കുന്നത്. വിപണനം ആഭ്യന്തര വിപണിയിൽ തന്നെയാണ്. ചല്ലിയോട് ബന്ധപ്പെട്ടു കിടക്കുന്നതും വർഷം മുഴുവൻ ജലം കെട്ടി നിൽക്കുന്നതുമായ പ്രദേശങ്ങളിൽ മത്സ്യകൃഷി ആരംഭിക്കാവുന്നതാണ്. അതുപോലെ ശുദ്ധജല മത്സങ്ങൾ നാടൻ കുളങ്ങളിലും വളർത്താവുന്നതാണ്.

നഞ്ഞു കലക്കിയും തോട്ട പൊട്ടിച്ചും മീൻ പിടിക്കാൻ ശ്രമിക്കുന്നത് പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

### പ്രധാന പ്രശ്നങ്ങൾ

- ശാസ്ത്രീയമായ മത്സ്യ കൃഷിയെക്കുറിച്ചുള്ള അജ്ഞത.
- വള്ളങ്ങളും വലയും നിർമ്മിക്കാനുള്ള വർദ്ധിച്ച ചിലവ്
- വർഷം മുഴുവൻ തൊഴിൽ ലഭിക്കാനുള്ള പ്രയാസം
- മത്സ്യങ്ങൾക്ക് ഈയിടെയായി കണ്ടു വരുന്ന മഹാരോഗങ്ങൾ.
- കാലാവസ്ഥ പ്രതികൂലമാവുമ്പോൾ മത്സ്യ തൊഴിലാളി നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ.
- മത്സ്യ വിതരണ തൊഴിലാളികൾക്ക് യാതൊരു വിധ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല.

### സാധ്യതകൾ

- ആവശ്യമായ സ്ഥലങ്ങളിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുക.
- നടുവണ്ണൂർ അരിക്കുളം പഞ്ചായത്തുകളുടെ സംയുക്താഭിമുഖ്യത്തിൽ മുതുവോട്ടു പുഴയിൽ മത്സ്യം വളർത്തുന്ന പരിപാടിക്ക് രൂപം നൽകുക.

- [illegible]
- [illegible]
- [illegible]

[illegible]

---



# വിദ്യാഭ്യാസം

ഈ നൂറ്റാണ്ട് തുടങ്ങുന്നതിനു മുമ്പു തന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ ഉണ്ടായിരുന്നതായി കാണാം. ഇന്ന് കാരായാട് എ. എം. എൽ. പി. സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്ന വിദ്യാലയം 1885-ലാണ് സ്ഥാപിതമായത്. ഇന്നത്തെ അരിക്കുളം എൽ.പി.സ്കൂൾ `അരിക്കുളം ഗേൾസ് സ്കൂൾ' എന്ന പേരിലാണ് ആരംഭിച്ചത്. തുടർന്ന് അരിക്കുളം, കാവുംവട്ടം, ഊരള്ളൂർ എന്നിവിടങ്ങളിൽ ഈ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ തന്നെ ലോവർ എലിമെന്ററി സ്കൂളുകൾ നിലവിൽ വന്നു. പിന്നീട് പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിലും ഇത്തരം വിദ്യാലയങ്ങൾ ആവിർഭവിച്ചു.

മുമ്പ് കാലത്ത് വിദ്യാഭ്യാസം വരേണ്യവർഗ്ഗത്തിന്റെ മാത്രം കുത്തകയായിരുന്നു. സമൂഹത്തിലെ ബഹുഭൂരിപക്ഷം വരുന്ന അധ്വാനിക്കുന്ന ജനവിഭാഗത്തെ അധഃകൃതർ എന്ന് മുദ്ര കുത്തി വിദ്യാലയങ്ങൾ നിന്ന് അകറ്റി നിർത്തുന്ന സമ്പ്രദായം നമ്മുടെ പ്രദേശത്തും നിലനിന്നിരുന്നു. സ്വാതന്ത്ര്യ സമരങ്ങളോടൊപ്പം ശക്തി പ്രാപിച്ച സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടെ പ്രവർത്തന ഫലമായി ഈ വ്യവസ്ഥ കാലക്രമേണ ഇല്ലാതായി.

അക്കാലത്ത് സ്ത്രീകൾ വിദ്യാഭ്യാസത്തിൽ വളരെ പിന്നിലായിരുന്നു. ജാതിവ്യവസ്ഥയുടെ പിടിയിൽ പെട്ട് സ്ത്രീകൾ പുറത്തിറങ്ങാത്ത അവസ്ഥയുണ്ടായിരുന്നു.

പഠന സമ്പ്രദായം ഇന്നത്തെ രീതിയിലായിരുന്നില്ല. ഒന്നാം ക്ലാസ്സിൽ ചേർക്കുന്നതിനു മുമ്പുതന്നെ കുട്ടികളെ എഴുത്താശാന്മാരുടെ കീഴിൽ നിലത്തെഴുത്തിന് ഇരുത്തുമായിരുന്നു. ഇന്നത്തെ പ്രീപ്രൈമറിയുടെ പഴയ രൂപമായി ഈ സമ്പ്രദായത്തെ കണക്കാക്കാം. എല്ലാ അക്ഷരങ്ങളും എഴുതാനും ശരിയായി ഉച്ചരിക്കാനും പഠിച്ച ശേഷം മാത്രമേ കുട്ടികളെ ഒന്നാം ക്ലാസ്സിൽ ചേർത്തിരുന്നുള്ളൂ. കാര്യങ്ങൾ മനഃപാഠമാക്കി ഉരുവിടുവിടുന്നതിനാണ് പ്രാധാന്യം നൽകിയിരുന്നത്.

1932-ൽ അരിക്കുളത്ത് ഒരു ഹയർ എലിമെന്ററി സ്കൂൾ നിലവിൽ വന്നു. ഇവിടെ നിന്നാണ് ആദ്യമായി കുട്ടികളെ ഇ.എസ്സ്.എൽ.സി പരീക്ഷയ്ക്ക് അയച്ചത്. പിന്നീട് നടേരി, ഊരള്ളൂർ, കാരായാട് ഭാഗങ്ങളിലെ ലോവർ എലിമെന്ററി സ്കൂൾ ഹയർ എലിമെന്ററി സ്കൂളുകളായി ഉയർത്തപ്പെട്ടതോടെ പഞ്ചായത്തിൽ പ്രൈമറി വിദ്യാഭ്യാസ രംഗം കൂടുതൽ മെച്ചപ്പെട്ടു. എന്നാൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടായില്ല. ഏഴും എട്ടും കിലോമീറ്റർ നടന്നാണ് പഞ്ചായത്തിന് പുറത്തുള്ള `ബോർഡ് ഹൈസ്കൂളിൽ' കുട്ടികൾ ഉപരിപഠനത്തിന് പോയത്. എട്ടാം സ്റ്റാൻഡേർഡ് വരെ പ്രൈമറി തലത്തിലായിരുന്നു. ഹൈസ്കൂൾ തലത്തിൽ 9, 10, 11 എന്നീ ക്ലാസ്സുകളായിരുന്നു. ഈ ക്ലാസ്സുകളെ യഥാക്രമം ഫോർത്ത് ഫോം, ഫിഫ്ത്ത് ഫോം, സിക്സ്ത്ത് ഫോം എന്നിങ്ങനെയാണ് പേര് പറഞ്ഞിരുന്നത്.

എട്ടാം ക്ലാസ്സിലെ പൊതുപരീക്ഷയുടെ പേരായിരുന്നു

ഇ.എസ്സ്.എൽ.സി. ഈ പരീക്ഷയിൽ പാസ്സാവുന്ന കുട്ടികളെ മാത്രമേ ഹൈസ്കൂളിൽ ഫോർത്ത് ഫോമിൽ ചേർത്തുമായിരുന്നുള്ളു. ഓരോ കുട്ടിയും മാസത്തിൽ ആറ് രൂപ ഫീസ് നൽകേണ്ടിയിരുന്നു. അക്കാലത്ത് ഇതൊരു വലിയ സംഖ്യയായിരുന്നു. യാത്രാ ക്ലേശവും പണച്ചെലവും കാരണം അക്കാലത്ത് ധാരാളം കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം നേടാൻ കഴിഞ്ഞില്ല. കാലക്രമേണ വിദ്യാഭ്യാസം സൗജന്യവും സാർവത്രികവുമായി.

പ്രൈമറി വിദ്യാലയങ്ങൾ പഞ്ചായത്തിൽ വേണ്ടത്ര ഉടലെടുത്തെങ്കിലും ഒരു ഹൈസ്കൂൾ ഉണ്ടാകാൻ വീണ്ടും വർഷങ്ങൾ കഴിയേണ്ടിവന്നു. ഇപ്പോൾ പഞ്ചായത്തിലെ ഏക ഹൈസ്കൂൾ – കെ.പി.എം.എസ്.എം. ഹൈസ്കൂൾ 1979-ലാണ് സ്ഥാപിതമായത്.

സ്വാതന്ത്ര്യ ലബ്ദിക്കു മുമ്പ് തന്നെ അനൗപചാരിക വിദ്യാഭ്യാസം ഇവിടെ നിലവിലുണ്ടായിരുന്നു. ഈ രംഗത്ത് ആദ്യപഥികനാണ് മഠത്തിൽ ബി. കൃഷ്ണൻ നായർ. അദ്ദേഹം ഈ ആവശ്യത്തിനായി സ്വന്തം പാഠാവലി നിർമ്മിച്ചു വയോജന ക്ലാസ്സുകൾ നടത്തുകയുണ്ടായി. നടേരി ഗ്രാമീണ ബന്ധു വായനശാലയുടെ ആഭിമുഖ്യത്തിൽ ആഴാവിൽത്താഴെ കേന്ദ്രീകരിച്ചും വയോജന വിദ്യാഭ്യാസ ക്ലാസ്സുകൾ നടത്തപ്പെട്ടു. കാരായാട് ഭാഗത്തും അരിക്കുളത്തും ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി അനൗപചാരിക വിദ്യാഭ്യാസ ക്ലാസ്സുകൾ നടത്തിയിരുന്നു. 1978-ലെ എൻ.എ.ഇ.പി. പരിപാടിയുടെ ഭാഗമായി ഭാവനാ ഗ്രന്ഥശാലയിൽ വെച്ച് സാക്ഷരതാ ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. ഏകദേശം ഇരുപതോളം സ്ത്രീകളെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഇരുത്താൻ ഈ ഗ്രന്ഥശാലയ്ക്ക് കഴിഞ്ഞു. സമ്പൂർണ സാക്ഷരതാ യജ്ഞത്തിന്റെ ഭാഗമായി പഞ്ചായത്തിലുടനീളം സാക്ഷരതാ ക്ലാസ്സുകൾ സംഘടിപ്പിക്കപ്പെട്ടതോടെ ഈ രംഗത്ത് ഒരു കുതിച്ചു ചാട്ടം അനുഭവപ്പെട്ടു. നൂറുകണക്കിന് യുവതീ യവാക്കൾ ആവേശപൂർവ്വം ഇൻസ്ട്രക്ടർമാരായി പ്രവർത്തിക്കുവാൻ മുന്നോട്ട് വന്നു. അക്ഷരം പഠിക്കുന്നതിലുപരി വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ കുറിച്ച് ശക്തമായ അവബോധം ജനങ്ങളിൽ ഉളവാക്കുന്നതിന് ഈ യജ്ഞം സഹായിച്ചിട്ടുണ്ടെന്ന് നിസ്സംശയം പറയാം.

സെൻസസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ 6 വയസ്സിന് മുകളിലുള്ള ആകെ 21399 പേരിൽ 19043 പേർ സാക്ഷരരാണെന്ന് കാണുന്നു. സാക്ഷരതാ ശതമാനം 89. ഇതിൽ തന്നെ പുരുഷന്മാരുടെ സാക്ഷരതാ 91.3%-വും സ്ത്രീ സാക്ഷരത 82.55%-വും ആകുന്നു. സാക്ഷരതാ യജ്ഞത്തിന്റെ ഫലമായാണ് ഈ ആശാവഹമായ പുരോഗതി ഉണ്ടായത്.

ഇപ്പോൾ ഒരു ഹൈസ്കൂൾ, അഞ്ച് യു.പി.സ്കൂളുകൾ, ഏഴ് എൽ.പി.സ്കൂളുകൾ-ഇത്രയുമാണ് പഞ്ചായത്തിലെ വിദ്യാലയങ്ങൾ. ഇതിൽ ഒന്നാം വാർഡിലെ മരുതൂരിൽ സ്ഥിതി ചെയ്യുന്ന ഒരു ഗവൺമെൻറ് എൽ.പി.സ്കൂൾ ഒഴികെ മറ്റെല്ലാം സ്വകാര്യ മാനേജ്മെന്റിന്റെ കീഴിലാണ്. വേണ്ടത്ര കുട്ടികൾ ഇല്ലാത്തതിനാൽ നടേരിയിലുണ്ടായിരുന്ന കുറിച്ചിക്കര ഗവൺമെൻറ് എൽ.പി. സ്കൂൾ ലാഭകരമല്ല എന്ന പേരിൽ തള്ളിപ്പോയി. ഗവൺമെൻറ് മേഖലയിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലവിൽ വന്ന ഏകാധ്യാപക വിദ്യാലയങ്ങളും തള്ളിപ്പോയ കൂട്ടത്തിൽ പെടുന്നു.

പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള എല്ലാ വിദ്യാലയങ്ങളിലും കൂടി ഒന്നാം ക്ലാസ്സു മുതൽ പത്താം ക്ലാസ്സു വരെ ആകെ 4296 കുട്ടികൾ പഠിക്കുന്നു. ഇവരിൽ 2194 പേർ ആൺകുട്ടികളും 2102 പേർ പെൺകുട്ടികളുമാണ്. 182 അധ്യാപകരും 181 അധ്യാപികമാരുമാണ് ഈ സ്ഥാപനങ്ങളിലെല്ലാം കൂടി ജോലി ചെയ്യുന്നത്. സ്കൂളുകളുടെ പൊതു വിവരം കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 1 കാണുക

ഇപ്പോൾ പഠിക്കുന്ന മൊത്തം വിദ്യാർത്ഥികളിൽ 51% ആൺകുട്ടികൾ ആണ്. എന്നാൽ ഹൈസ്കൂൾ വിഭാഗത്തിൽ പെൺകുട്ടികളാണ് കൂടുതൽ- 52.33%.

സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ കണക്കിലെടുക്കുമ്പോൾ വേണ്ടത്ര ക്ലാസ്സ് മുറികൾ ഇല്ലാത്ത സ്കൂളുകളും ഉള്ളവയ്ക്കു തന്നെ മുറികൾ തമ്മിൽ വേർതിരിക്കുന്ന തട്ടികളില്ലാത്തവയും കുടിവെള്ള സംവിധാനം, കക്കൂസ്, മൂത്രപ്പുര, പാചക മുറി എന്നിവ ഇല്ലാത്ത സ്കൂളുകളും പഞ്ചായത്തിൽ ഉണ്ട്. ഓഫീസ് റൂം, സ്റ്റാഫ് റൂം എന്നീ സൗകര്യങ്ങൾ ഇല്ലാത്ത സ്കൂളുകളും ഉണ്ട്.

ഭൗതിക സാഹചര്യങ്ങളെ കാണിക്കുന്ന പട്ടിക ചുവടെ കൊടുക്കുന്നു.

പട്ടിക 2 കാണുക.

ടി.വി. സെറ്റ്, വി.സി.പി. സിനിമ പ്രൊജക്ടർ, ഓവർ ഹെഡ് പ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ ഇവയൊന്നും പഞ്ചായത്തിലെ ഒരു സ്കൂളിലും ഇല്ല. റേഡിയോ, ടേപ്പ് റിക്കാർഡ് - ഇവ ഏതാനും സ്കൂളുകളിൽ ഉണ്ട്.

പട്ടിക 1

## അരിക്കുളം ഗ്രാമപഞ്ചായത്ത്
## സ്കൂളിന്റെ പൊതുവിവരം

| ക്രമനമ്പർ | സ്കൂളിന്റെ പേര് | ഹൈസ്കൂൾ/ യു.പി/ എൽ.പി പ്രീപ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റു കുറിപ്പുകൾ ചുറ്റുമതിൽ അറ്റകുറ്റപണികൾ ഫർണീച്ചറുകൾ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1 | മരുതൂർ ജി.എൽ.പി | L.P | ✓ | - | - | - | 54 | 48 | 102 | 5 | 4 | 1 | .. | 15സെന്റ് | - | - | - |
| 2 | കാവുവട്ടം എ.യു.പി | U.P | - | ✓ | - | - | 282 | 244 | 526 | 20 | 20 | - | - | 21.6 ആർ | 160 Sq. M | 1/4ഏക്കർ | ചുറ്റുമതിൽ ഇല്ല അറ്റകുറ്റപ്പണികൾ നടക്കുന്നു. |
| 3 | കാവുംവട്ടംഎം.യു.പി | " | - | ✓ | - | - | 248 | 233 | 481 | 20 | 20 | .. | .. | 60 സെന്റ് | 20 സെന്റ് | 3ഏക്കർ | " |
| 4 | ഊരള്ളൂർ എം.യു.പി | " | - | ✓ | - | - | 260 | 257 | 517 | 21 | 21 | - | - | 1.1ഏക്കർ | 30 സെന്റ് | 25സെന്റ് | കമ്പിവേലിയുണ്ട്. അറ്റകുറ്റപ്പണികൾ നടക്കുന്നു. |
| 5 | ഊട്ടേരി എ.എൽ.പി | LP | - | ✓ | - | - | 72 | 49 | 121 | 5 | 5 | - | - | 1ഏക്കർ | 1/2ഏക്കർ | 1/4ഏക്കർ | ചുറ്റുമതിൽ ഇല്ല അറ്റകുറ്റപ്പണികൾ നടക്കുന്നു. |
| 6 | അരിക്കുളം യു.പി. | UP | - | ✓ | - | - | 188 | 161 | 349 | 15 | 15 | - | - | 1.1ഏക്കർ | 20 സെന്റ് | - | " |
| 7 | അരിക്കുളം എൽ.പി | LP | - | ✓ | - | - | 53 | 47 | 100 | 4 | 4 | - | - | 75സെന്റ് | 10 സെന്റ് | - | " |
| 8 | വാകമോളി എൽ.പി | LP | - | ✓ | - | - | 64 | 66 | 130 | 7 | 7 | - | - | 1.35ഏക്കർ | - | - | " |
| 9 | കാരയാട് എ.യു.പി. | UP | - | ✓ | - | - | 128 | 116 | 244 | 12 | 13 | - | 1 | 3500 മീറ്റർ | 2500 Sq.മീ | - | - |
| 10 | കാരയാട് എ.എം.എൽ.പി | LP | - | ✓ | - | - | 132 | 128 | 260 | 10 | 10 | - | - | 50സെന്റ് | 100 | - | - |
| 11 | കാരയാട് എ.എൽ.പി | LP | - | ✓ | - | - | 98 | 95 | 193 | 9 | 9 | - | - | 36സെന്റ് | 10സെ | - | ചുറ്റുമതിൽ ഉണ്ട് |
| 12 | കാരയാട് ഈസ്റ്റ് എൽ.പി | LP | - | ✓ | - | - | 60 | 51 | 111 | 6 | 6 | - | - | 20 സെ | - | - | - |
| 13 | കെ.പി.എം.എസ്.എം.ഹൈസ്കൂൾ | HS | - | ✓ | - | - | 555 | 607 | 1162 | 48 | 47 | - | 1 | 4.30ഏക്കർ | 1 ഏക്കർ | - | ചുറ്റുമതിൽ ഉണ്ട് |
| | ആകെ | | | | | | 2194 | 2102 | 4296 | 182 | 181 | | | | | | |

## സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെഎണ്ണം | | | ഇനിമുറികളുടെ ആവശ്യമുണ്ടെങ്കിൽ എണ്ണം. | ഇനി ആവശ്യമുള്ള കെട്ടിടം/ മുറിനിർമ്മിക്കാൻ സ്ഥലം ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം. | ഇനി ആവശ്യമുള്ളതിന്റെ എണ്ണം. | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ളസംവിധാനം പൈപ്പ്, കിണർ ഉണ്ട്/ഇല്ല | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചക മുറി | ഇനി ആവശ്യമായവയുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണീച്ചറുകൾ മതിയായതാണോ | ഡെസ്ക | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണീച്ചർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| ഊട്ടേരിഎ.എൽ.പി. | 4 | 2 | - | - | 4+1 | - | - | - | ഉണ്ട് | 2 | 10 | 2 | 1 | - | കിണർ ഉണ്ട് | - | ഉണ്ട് | ഇല്ല | ഇല്ല | 10 | 10 | 2 | 2 | കസേര 4 |
| ഊരള്ളൂർഎം.യു.പി | 16 | 6 | - | - | 17 | - | - | 2 | ഉണ്ട് | 4 | 4 | 2 | 1 | - | പൈപ്പ് ഉണ്ട | ഉണ്ട് | • | ഉണ്ട് | ഇല്ല | 15 | 15 | 3 | 5 | 2 |
| കാരയാട് യു.പി | 7 | 2 | - | - | 10 | - | - | - | ഉണ്ട് | 2 | 7 | 2 | 1 | - | ഉണ്ട് | ഉണ്ട് | • . | " | ഇല്ല | 7 | 7 | 2 | 2 | 6കസേര 2മേശ |
| കാരയാട് എ.എം.എൽ.പി | 10 | 4 | - | - | 10 | - | - | 2 | ഉണ്ട് | 1 | 2 | 2 | 1 | - | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 10 | 15 | 5 | 5 | 5കസേര 4അലമാര 5 മേശ |
| കാരയാട് എ.എൽപി | 7 | 4 | - | - | 8 | - | - | 3 | ഉണ്ട് | 2 | 6 | 1 | ഇല്ല | - | കിണർ ഉണ്ട് | ഉണ്ട് | ഉണ്ട് | " | ഇല്ല | 24 | 15 | 5 | 10 | അലമാര |
| കാരയാട് ഈസ്റ്റ് എൽ.പി | 5 | 0 | 2 | - | 2 | - | - | 5 | ഉണ്ട് | 2 | 10 | 2 | ഇല്ല | - | കിണർ ഉണ്ട് | ഇല്ല | ഇല്ല | " | ഇല്ല | 25 | 10 | 5 | 6 | അലമാര |
| അരിക്കുളം എൽ.പി | 4 | 4 | - | - | - | - | - | ഇല്ല | ഉണ്ട് | 1 | 10 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | താൽക്കാലികം | " | ഇല്ല | 25 | - | 1 | 1 | 1മേശ 2 കസേര |
| വാകമോളി എൽ.പി | 5 | 2 | - | - | 5 | - | - | 2 | ഉണ്ട് | 2 | 2 | 1 | ഇല്ല | ഇല്ല | കിണർ ഉണ്ട് | ഇല്ല | - | - | -- | 25 | 10 | 2 | 2 | 1മേശ 2 കസേര |
| മരുതൂർ ജി.എൽ.പി | 4 | 2 | - | - | 2 | - | - | 2 | - | 1 | 1.0 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | " | ഇല്ല | ഇല്ല | ഇല്ല | 2 | 10 | 2 | 4 | മേശ 1 കസേര 1 അലമാര 1 |
| കാവുംവട്ടം യു.പി | 17 | 3 | 6 | - | 3 | - | - | - | ഉണ്ട് | 2 | 50 | - | 1 | - | പൈപ്പ് | ഇല്ല | താൽക്കാലികം | ഉണ്ട് | മതിയാകും | - | - | - | - | 2അലമാര |
| കാവുംവട്ടം എ.യു.പി | 14 | 1 | 6 | - | 4 | 12 | - | ഇല്ല | ഉണ്ട് | 2 | - | 2 | 1 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | " | - | - | - | - | - |
| അരിക്കുളം യു.പി | 11 | 1 | 4 | - | 4 | 10 | - | ഇല്ല | ഉണ്ട് | 1 | 3 | 2 | 1 | ഇല്ല | കിണർ | ഇല്ല | ഉണ്ട് | ഇല്ല | " | 20 | 50 | 5 | 10 | - |
| കെ.പി.എം.എസ്.എം. | 27 | 6 | - | - | 31 | - | - | - | ഉണ്ട് | 2 | 30 | - | 2 | - | പൈപ്പ് | ഉണ്ട് | ഇല്ല | ഉണ്ട് | " | - | - | - | - | - |

പട്ടിക : 3

# അക്കാദമിക സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറിഉണ്ട്/ഇല്ല. പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല. | ലാബററ്ററി/സയൻസ് കോർണർ ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല. | പഠനോപകരണങ്ങൾ (മാപ്പുകൾ,ചാർട്ടുകൾ,ഗ്ലോബു കൾ) വേണ്ടത്രഉണ്ട്/ഇല്ല. | ദൃശ്യശ്രാവ്യഉപകരണങ്ങൾ എണ്ണം: റേഡിയോ | ടേപ്പ് റിക്കാർഡർ | ടി.വിസെറ്റ് | വി.സി.ആർ വിസിപി | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ബ്ലാക്ക് ബോർഡ്: ആവശ്യമുള്ളത് | നിലവിലുള്ളത് | 95-96ൽ ലഭിച്ച അധ്യയനവർഷം | സമരംമൂലംനഷ്ടപ്പെട്ട അധ്യയനദിവസം. | പ്രത്യേകപൊതുഅവധികളലൂടെനഷ്ടപ്പെട്ട അധ്യയനദിവസങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം/സജീവമല്ല | ക്ലാസ്റൂംപി.ടി.എകൾ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കിന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| ഊട്ടേരി ALP | • | x | • | • | • | | | | | | | 4. | 4 | 195 | - | 5 | സജീവം | അതെ |
| ഊരള്ളൂർ MUP | • | • | • | x | x | | | | | | | 16 | 16 | 195 | - | 5 | " | " |
| കാരയാട് UP | • | x | • | • | x | | | | | | | 7 | 7 | 189 | - | - | " | " |
| കാരയാട് AMLP | • | x | x | x | • | | | | | | | 13 | 10 | 189 | 4 | 1 | " | ഇല്ല |
| കാരയാട ALP | • | • | x | x | x | | | | | | | 9 | 4 | 189 | x | x | " | " |
| കാരയാട്ഈസ്റ്റ്LP | • | x | x | • | x | | | | | | | 5 | 5 | 1881/2 | 3 | - | " | " |
| അരിക്കുളംUP | x | • | x | x | x | | | | | | | 12 | 7 | 1881/2 | 4 | 3 | സജീവമല്ല | " |
| അരിക്കുളംLP | • | x | x | • | • | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 4 | 192 | - | 5 | സജീവം | " |
| വാകമോളിALP | • | x | x | x | • | | | | | | | 5 | 5 | 191 | x | - | • | അതെ |
| മരുതൂർGLP | • | • | x | • | • | | | | | | | 5 | 5 | 189 | 6 | 1 | • | " |
| കാവുംവട്ടംUP | • | • | • | x | x | | | | | | | 2( | 20 | 1881/2 | 8 | 31/2 | • | " |
| കാവുംവട്ടംMUP | • | • | • | x | x | | | | | | | 15 | 15 | 179 | 6 | 10 | • | " |
| കെ.പി.എം. എസ്.എംഹൈസ്കൂൾ | • | • | • | • | • | | | | | | | 27 | 27 | 172 | 17 | - | • | " |

പട്ടിക 3 കാണുക.

## അക്കാദമിക് നിലവാരം

ദ്വിതീയ വിവരക്കണക്ക് പ്രകാരം കഴിഞ്ഞ പരീക്ഷയുടെ അടിസ്ഥാനത്തിൽ 50% ത്തിൽ മാർക്ക് കിട്ടിയ കുട്ടികളുടെ ശതമാനം ഇപ്രകാരമാണ്.

3, 4, ക്ലാസ്സുകളിൽ 47%, അഞ്ചാം ക്ലാസ്സിൽ 29%, ആറിൽ 29.7%, ഏഴിൽ 37%.

എന്നാൽ ഹൈസ്കൂൾ ക്ലാസ്സിലെത്തുമ്പോൾ ശതമാനം കുത്തനെ ഇടിയുന്നതായി കാണാം. എട്ടാം ക്ലാസ്സിൽ 50-ൽ കൂടുതൽ മാർക്ക് കിട്ടുന്നവരുടെ ശതമാനം 2 എന്ന് കാണുന്നു. ഒമ്പതാം ക്ലാസ്സിലും ഏറെക്കുറെ ഇതുതന്നെയാണ് സ്ഥിതി.

9.5 അക്കാദമിക് നിലവാരം

പട്ടിക : 4

### കുട്ടികളുടെ പൊതുനിലവാരം

| ക്ലാസ് | ആകെ കുട്ടികൾ | 30%ൽ താഴെ മാർക്ക് കിട്ടിയ കുട്ടികൾ | 30-40 ശതമാനം മാർക്കുനേടുന്നവർ | 40-50 ശതമാനം മാർക്കു നേടുന്നവർ | 50-60 ശതമാനം മാർക്കു നേടുന്നവർ | 60%ത്തിൽ കൂടുതൽ മാർക്കു നേടുന്നവർ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 3-ാം സ്റ്റാൻഡേർഡ് | 390 | 49 | 82 | 82 | 67 | 110 |
| 4 | 355 | 56 | 61 | 71 | 49 | 118 |
| 5 | 337 | 86 | 80 | 75 | 52 | 44 |
| 6 | 333 | 96 | 81 | 57 | 44 | 55 |
| 7 | 341 | 96 | 51 | 65 | 71 | 58 |
| 8 | 440 | 397 | 26 | 10 | 4 | 3 |
| 9 | 370 | 327 | 30 | 5 | 5 | 3 |

പട്ടിക 4 കാണുക.

ഇതിന്റെ പ്രത്യാഘാതം എസ്.എസ്.എൽ.സി-വിജയശതമാനത്തിൽ പ്രകടമാവുന്നു. നമ്മുടെ കുട്ടികളുടെ പഠന നിലവാരം മോശമാണെന്ന് ഈ കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാവും. ഇതിന് സത്വരമായ പരിഹാരം കാണേണ്ടതായിരിക്കുന്നു.

കഴിഞ്ഞ അഞ്ചു കൊല്ലത്തെ നമ്മുടെ ഹൈസ്കൂളിലെ എസ്.എസ്.എൽ.സി- വിജയശതമാനം കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 5 കാണുക.

സ്കൂളിന്റെ പേര് KPMSM ഹൈസ്കൂൾ **എസ.എസ. എൽ.സി. വിജയശതമാനം**

പട്ടിക : 5

| 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| 26.4% | 26.73 | 35.03 | 23 | 32 |
| 290 | 302 | 314 | 318 | 302 |

ഇത് പരിശോധിച്ചാൽ നമ്മുടെ വിജയശതമാനം സംസ്ഥാന ശരാശരിയിലും താഴെയാണെന്ന് മനസ്സിലാവും. ആശാസ്യമല്ലാത്ത ഈ അവസ്ഥയും മാറ്റിയെടുക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്ന വിദ്യാഭ്യാസ പരിപാടി ഈ വഴിക്കുള്ള ആശാവഹമായ കാൽവെപ്പായി കണക്കാക്കാം.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഉപരിപഠനത്തിനുള്ള സംവിധാനങ്ങളോ നമ്മുടെ പഞ്ചായത്തിലില്ല.

കുറിപ്പ്:- മേൽപറഞ്ഞ കണക്കുകളെല്ലാം പഞ്ചായത്തിനുള്ളിലെ വിദ്യാലയങ്ങളിൽ മാത്രം പഠിക്കുന്ന കുട്ടികളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. പഞ്ചായത്തിന് വെളിയിലുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്ന ധാരാളം വിദ്യാർത്ഥികളുണ്ട്. ഇതു കൂടാതെ പഞ്ചായത്തിന് പുറത്തുള്ള കോളേജുകളിലും സാങ്കേതിക വിദ്യാലയങ്ങളിലുമായി ധാരാളം കുട്ടികൾ വേറെയും പഠിക്കുന്നു. ഇവരുടെയൊന്നും കണക്ക് ചേർക്കാൻ കഴിഞ്ഞിട്ടില്ല.

**അംഗനവാടികൾ:** ആകെ 18 അംഗനവാടികളാണ് പഞ്ചായത്തിൽ ഇപ്പോൾ ഉള്ളത്. ഇവയിൽ രണ്ട് എണ്ണത്തിനൊഴികെ ബാക്കിയുള്ളവക്ക് കെട്ടിടങ്ങൾ ഉണ്ട്. തണ്ടയിൽ താഴ, കാരായാട് ഈസ്റ്റ്- എന്നീ അംഗനവാടികൾക്ക് കെട്ടിടങ്ങൾ ഇല്ല. ഏഴ് എണ്ണത്തിന് കക്കൂസ് ഇല്ല. 14-എണ്ണത്തിന് കുടിവെള്ള സൗകര്യമില്ല. കളിസ്ഥലം ഒരെണ്ണത്തിനുപോലുമില്ല. 612- കുട്ടികളാണ് അംഗനവാടികളില്ലാം കൂടിയുള്ളത്.

നെഴ്സറി സ്കൂളുകളോ പ്രീപ്രൈമറി വിദ്യാഭ്യാസം നൽകുന്ന മറ്റു സ്ഥാപനങ്ങളോ ഇപ്പോൾ നിലവിൽ ഇല്ല. ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്ന രണ്ട് പാരലൽ കോളേജുകളുണ്ട്. എന്നാൽ എസ്.എസ്.എൽ.സി പാസാകുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠനം നൽകുന്നതിനുള്ള സ്ഥാപനങ്ങളൊന്നും ഇവിടെയില്ല.

## പ്രശ്നങ്ങൾ:

- സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ അപര്യാപ്തമാണ്. പഞ്ചായത്തിലെ ഏക സർക്കാർ സ്കൂളിന് സ്വന്തമായ സ്ഥലമോ കെട്ടിടമോ ഇല്ല.
- അഞ്ച് വിദ്യാലയങ്ങളിൽ കക്കൂസ് ഇല്ല. രണ്ടെണ്ണത്തിന് കുടിവെള്ള സംവിധാനം ഇല്ല.
- മൂന്ന് വിദ്യാലയങ്ങൾക്ക് സ്വന്തമായി കളിസ്ഥലങ്ങളില്ല.
- മിക്ക സ്കൂളുകൾക്കും ചുറ്റുമതിലോ വേലിയോ ഇല്ല.
- ലബോറട്ടറി സൗകര്യങ്ങളില്ല. പരീക്ഷണത്തിനും നിരീക്ഷണത്തിനും സൗകര്യമില്ലാത്തത് പഠനത്തെ ബാധിക്കുന്നു.
- ലൈബ്രറികൾ വിദ്യാലയങ്ങളിൽ പേരിനുണ്ടെങ്കിലും അവയിൽ കുട്ടികളുടെ അഭിരുചിക്കൊത്ത പുസ്തകങ്ങൾ വിരളമാണ്. കുട്ടികൾക്ക് പുസ്തകം വായിക്കാനുള്ള സൗകര്യം മിക്ക സ്കൂളുകളിലും ഇല്ല.
- സിലബസ് ഭാരം കൂടിയതാണെന്നും, പ്രാദേശിക ജീവിത രീതിയിമായി ബന്ധപ്പെട്ടതല്ലെന്നും ഗ്രാമസഭകൾ ആരോപിക്കുന്നു.
- അധ്യാപക വിദ്യാർത്ഥി അനുപാതം കൂടുതലായതിനാൽ പഠന നിലവാരം താഴുന്നു. പ്രൈമറി തലത്തിൽ ഇത് കൂടുതൽ പ്രകടമാവുന്നു.
- പാഠപുസ്തകങ്ങൾ വേണ്ട സമയത്ത് എത്തുന്നില്ല.
- അക്ഷരജ്ഞാനവും അക്കജ്ഞാനവും വേണ്ടത്ര ഇല്ലാത്ത കുട്ടികൾ പ്രൈമറി തലത്തിലുണ്ട്.
- വിദ്യാഭ്യാസം പരീക്ഷാധിഷ്ഠിതമായി ചുരുങ്ങുന്നു.
- നിലവിലുള്ള പരീക്ഷാ സമ്പ്രദായവും പ്രമോഷൻ രീതിയും ശാസ്ത്രീയമല്ല.
- അധ്യാപകർക്ക് പുനഃപരിശീലനം വേണ്ടസമയത്ത് നടത്താത്തതിനാൽ മാറിവരുന്ന പഠന സമ്പ്രദായം അവർക്ക് വേണ്ടത്ര ഉൾക്കൊള്ളാൻ കഴിയുന്നില്ല.
- നിലവിലുള്ള പരിശോധനാ സമ്പ്രദായം തീരെ അപര്യാപ്തമാണ്. ജനകീയ മോണിറ്ററിംഗ് നടക്കന്നില്ല.
- അധ്യാപക-രക്ഷാകർതൃ സംഘടനകൾ മിക്ക സ്കൂളുകളിലും പേരിൽ മാത്രം ഒതുങ്ങുന്നു.
- ഫലപ്രദമായി പ്രവർത്തിക്കുന്ന അധ്യാപക രക്ഷാകർതൃസമിതികൾക്ക് പ്രോത്സാഹനം നൽകുന്നില്ല.
- പ്രൈമറി സ്കൂളുകളിൽ പ്രധാന അധ്യാപകൻ ക്ലാസ്സ് ചാർജുകൂടി വഹിക്കേണ്ടി വരുന്നത് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.
- മിക്ക പ്രൈമറി വിദ്യാലയങ്ങളിലും കായികാധ്യാപകരില്ല.
- പ്രൈമറി തലത്തിൽ കൂടുതൽ ഭാഷകൾ പഠിക്കേണ്ടി വരുന്നത് മാതൃഭാഷാ പഠനത്തിന് വിഘാതം നിൽക്കുന്നു.
- അഞ്ചാംതരം നിലവിലുള്ള എൽ.പി.സ്കൂളിൽ ഹിന്ദി

അധ്യാപകരെ നിയമിക്കാൻ വ്യവസ്ഥയില്ലാത്തത് ഹിന്ദി പഠനത്തെ ബാധിക്കുന്നു.


- ഹൈസ്കൂൾ ക്ലാസ്സുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന അധ്യാപകരിൽ പലരും ഇംഗ്ലീഷ് ബിരുദമില്ലാത്തവരാണ്.
- വിദ്യാഭ്യാസത്തിന് പൊതുകലണ്ടറില്ല.
- ഹൈസ്കൂൾ ക്ലാസ്സുകളിൽ ഉച്ചഭക്ഷണം വിതരണം ചെയ്യുന്നില്ല.
- യാത്രാ പ്രശ്നം ഗുരുതരമാണ്.
- ഉന്നത വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും പഞ്ചായത്തിൽ സൗകര്യങ്ങളില്ല.
- 1, 2, 3 വാർഡുകൾ ഉൾക്കൊള്ളുന്ന നടേരി ഭാഗത്തുള്ള കുട്ടികൾക്ക് ഏഴാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഹൈസ്കൂളിൽ എത്താൻ 6 ഉം 7 ഉം കിലോമീറ്റർ നടക്കേണ്ടിവരുന്നു.
- കലോത്സവങ്ങളിൽ ആരോഗ്യകരമല്ലാത്ത മത്സരങ്ങൾ നിലനിൽക്കുന്നതുകൊണ്ട് യഥാർത്ഥ കലാപ്രതിഭകളെ കണ്ടെത്താൻ കഴിയുന്നില്ല.
- നിർദ്ധനരായ കുട്ടികൾക്ക് സാമ്പത്തിക സഹായം ചെയ്യാൻ സംവിധാനം ഇല്ലാത്തതിനാൽ കൊഴിഞ്ഞുപോക്ക് ഉണ്ടാവുന്നു.
- സാഹിത്യസമാജം, കയ്യെഴുത്ത് മാസിക, ചുമർ മാസിക മുതലായ പാഠ്യേതര പ്രവർത്തനങ്ങൾ മിക്ക സ്കൂളുകളിലും ഫലപ്രദമായി സംഘടിപ്പിക്കപ്പെടുന്നില്ല.
- അധ്യാപകരെ മറ്റു ജോലിക്ക് നിയോഗിക്കുന്നത് കുട്ടികളുടെ പഠനത്തെ ബാധിക്കുന്നു.

## സാധ്യതകൾ

- പഠനനിലവാരം മെച്ചപ്പെടുത്താൻ ജനകീയ മോണിറ്ററിംഗ് ഏർപ്പെടുത്തുക; സ്കൂൾ തലത്തിലും വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കുകയും മാതൃസംഗമം സംഘടിപ്പിക്കുകയും ചെയ്യുക.
- അധ്യയന വർഷാരംഭത്തിൽ തന്നെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടുപിടിച്ച് പരിഹാര ബോധനം നടത്തുക.
- പഞ്ചായത്തിലെ ഹൈസ്കൂൾ ലീഡ് സ്കൂൾ ആക്കി സ്കൂൾ കോംപ്ലക്സുകൾ രൂപീകരിക്കുകയും ഇതിന്റെ കീഴിൽ അധ്യാപകർക്ക് വിവിധ വിഷയങ്ങൾ രസകരമായി പഠിപ്പിക്കാൻ പരിശീലനം നൽകുകയും ചെയ്യുക.
- DIET-യുടെ സഹായത്തോടെ പുന: പരിശീലനം എല്ലാ അധ്യാപകർക്കും നടത്തുക.
- ശിൽപശാലകൾ നടത്തി പഠനോപകരണങ്ങൾ ചിലവ് കുറഞ്ഞ രീതിയിൽ നിർമ്മിക്കുക.
- സ്കൂൾ ലൈബ്രറികൾ കാര്യക്ഷമമാക്കുക.
- ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തി പരീക്ഷണത്തിനും നിരീക്ഷണത്തിനും സൗകര്യം ഏർപ്പെടുത്തുക.
- വിദ്യാഭ്യാസ സമിതികളുടെ ആഭിമുഖ്യത്തിൽ ക്ലാസ്സുകൾക്ക് തട്ടികളും മറ്റും നിർമ്മിച്ചുകൊടുക്കുക.
- വിദ്യാർത്ഥികളിൽ ആരോഗ്യശീലവും സമ്പാദ്യശീലവും വളർത്താനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- ഒന്നാം വാർഡിലെ സർക്കാർ സ്കൂളിനു വേണ്ട സ്ഥലം പഞ്ചായത്ത് ഭരണ സമിതിയും പൊതുജനങ്ങളും സംയുക്തമായി സംഘടിപ്പിക്കുകയും ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്യുക.
- 1, 2, 3-വാർഡുകളെ കേന്ദ്രീകരിച്ച് ഒരു സർക്കാർ ഹൈസ്കൂൾ സ്ഥാപിക്കുക. ഈ ആവശ്യത്തിന് വേണ്ട സ്ഥലം സൗജന്യമായി സംഘടിപ്പിക്കുകയോ നാമമാത്രമായ വിലയ്ക്ക് എടുത്തുകൊടുക്കുകയോ ചെയ്യുക.
- സിലബസ് പരിഷ്കരണം സംസ്ഥാനതലത്തിൽ നടത്തുക.
- പ്രൈമറി തലത്തിലെങ്കിലും അധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.
- ഇന്നത്തെ പരീക്ഷാ സമ്പ്രദായം പാടേ മാറ്റി സ്കൂൾ കുട്ടികളുടെ പഠന നിലവാരം അപ്പപ്പോൾ അളക്കാനുള്ള ശാസ്ത്രീയമാർഗ്ഗങ്ങൾ നടപ്പിലാക്കുക.
- ലോവർ പ്രൈമറി ക്ലാസുകളിൽ മാതൃഭാഷ മാത്രം പഠിപ്പിക്കുക.
- രാഷ്ട്രഭാഷാ എന്ന നിലയിൽ ഹിന്ദിക്ക് കൂടുതൽ പ്രാധാന്യം നൽകുക.
- പഠനമാധ്യമം മാതൃഭാഷയാക്കുക.
- അഞ്ചാംതരം നിലവിലുള്ള എൽ.പി.സ്കൂളുകൾ

യു.പി.യായി ഉയർത്തുകയോ അല്ലെങ്കിൽ അഞ്ചാം തരത്തിൽ ഹിന്ദി അധ്യാപനത്തിനുള്ള സൗകര്യം ഉണ്ടാക്കുകയോ ചെയ്യുക.

- ഉപരിപഠനത്തിന് ഉതകുമാറ് ഇന്നുള്ള ഹൈസ്കൂൾ ഹയർ സെക്കണ്ടറിയായോ വൊക്കേഷനൽ ഹയർ സെക്കണ്ടറിയായോ ഉയർത്തുക.
- പഞ്ചായത്തിൽ ഒരു പോളി ടെക്നിക്ക് സ്ഥാപിക്കുക.
- ടൈപ്പ് റൈറ്റിംഗ്, ഷോർട്ട് ഹാൻഡ് എന്നിവ പഠിപ്പിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
- ഇപ്പോൾ രൂപീകരിക്കപ്പെട്ട പഞ്ചായത്ത്, വാർഡ്, സ്കൂൾ തല വിദ്യാഭ്യാസ സമിതികളുടെ ആഭിമുഖ്യത്തിൽ പഠനപര്യടനങ്ങളും മറ്റും സംഘടിപ്പിക്കുക.
- അധ്യാപകരെ മറ്റു ജോലിക്ക് നിയോഗിക്കുന്നത് കുട്ടികളുടെ പഠനത്തെ ബാധിക്കാത്ത രീതിയിലായിരിക്കണം.
- പാഠപുസ്തകങ്ങൾ അധ്യായന വർഷാരംഭത്തിന് മുമ്പ് തന്നെ വിദ്യാലയങ്ങളിൽ എത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
- അധ്യാപക രക്ഷാകർതൃ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
- മാതൃകാപരമായി പ്രവർത്തിക്കുന്ന സമിതികൾക്ക് പ്രോത്സാഹനം നൽകുക.
- ക്ലാസ്സ് മുറികളും സ്കൂളും പരിസരവും ശുചിയാക്കി മോടി പിടിപ്പിച്ച് ആകർഷകമാക്കുകയും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും സ്കൂളിനോട് മതിപ്പും ബഹുമാനവും ഉണ്ടാക്കുകയും ചെയ്യുക.



# കുടിവെള്ളവും പൊതുജനാരോഗ്യവും

അരിക്കുളം പഞ്ചായത്തിൽ കുടി വെള്ളക്ഷാമം രൂക്ഷമാണ്. കിണറുകൾ ഇല്ലാത്തവർക്കും വരൾച്ചാ മാസങ്ങളിൽ കിണർ ജലം ലഭിക്കാത്തവർക്കും കുടിവെള്ളം എത്തിക്കാനുള്ള കാര്യമായ ജലവിതരണ പദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല. നിലവിൽ അരിക്കുളം ഓഞ്ഞിലോട് കുന്നിലുള്ള പതിനേഴ് ടേപ്പുകളുള്ള ഒരു പദ്ധതിയും വലിയ മലയിൽ ഒമ്പത് ടാപ്പുകളുള്ളതും പാലോട്ട് തറമ്മൽ പതിനൊന്ന് ടാപ്പുകളുള്ളതും ആയ മറ്റു രണ്ടു പദ്ധതികളും പത്തൊമ്പത് പൊതു കിണറുകളുമാണുള്ളത്. ഇവ തന്നെ പൂർണ്ണമായും പ്രവർത്തനക്ഷമമല്ല. നാല് കുഴൽ കിണറുകൾ ഉള്ളതിൽ രണ്ടെണ്ണം പ്രവർത്തനക്ഷമമല്ല. മേൽപറഞ്ഞ പദ്ധതികൾ എല്ലാം പൂർണ്ണമായി പ്രവർത്തനക്ഷമമായാലും അഞ്ച് ശതമാനം പേർക്ക് മാത്രമേ കുടിവെള്ളം എത്തിക്കാൻ കഴിയൂ. മൊത്തം വീടുകളിൽ 60%നും സ്വന്തമായി വെള്ളമുള്ള കിണറുകൾ ഉണ്ട്. 15%ത്തിന് ഭാഗികമായി ജലം ലഭിക്കാനുള്ള മാർഗ്ഗമുണ്ട്. ശേഷിക്കുന്ന 25% ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കണം. പഞ്ചായത്തിലെ മുഴുവൻ കോളനികൾക്കും ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർക്കും പുഴയോരങ്ങളിൽ ശുദ്ധജലം ലഭിക്കാത്തവർക്കും കുടിവെള്ളം എത്തിക്കാൻ പഞ്ചായത്തിൽ ശുദ്ധജല പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. സ്കൂളുകൾ, അംഗൻവാടി എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം ടേപ്പുകൾ ഉണ്ടായിരിക്കേണ്ടതാണ്. നിലവിലുള്ള ജലവിതരണ ടേപ്പുകൾ കൂടുതൽ പേർക്ക് ഉപയോഗിക്കാൻ പറ്റുന്ന സ്ഥലങ്ങളിലല്ല സ്ഥാപിച്ചിട്ടുള്ളത്.

## പ്രശ്നങ്ങൾ

- രൂക്ഷമായ കുടിവെള്ള പ്രശ്നമുള്ള ഉയർന്ന പ്രദേശങ്ങൾ പതിനൊന്ന് വാർഡുകളിലുമുണ്ട്.
- ഒന്നും രണ്ടും വാർഡുകളിൽ പുഴയോരത്ത് ഉപ്പ് വെള്ളമാണ് കിട്ടുന്നത്.
- നിലവിലുള്ള പദ്ധതികൾ തീരെ അപര്യാപ്തമാണ്.
- പൊതുടേപ്പുകൾ സ്ഥാപിച്ചിരിക്കുന്നത് യുക്തമായ സ്ഥലങ്ങളിലല്ല.
- കുഴൽക്കിണറുകൾ പ്രവർത്തനക്ഷമമല്ല.
- പൊതുടേപ്പുകൾ ദുരുപയോഗം ചെയ്യപ്പെടുന്നു.
- കഠിനമായ വരൾച്ചയിൽ വാഹനങ്ങൾ വഴി വിതരണം ചെയ്യുപ്പെടുന്ന ശുദ്ധജലം ഏറ്റവും ഉയർന്ന പ്രദേശങ്ങളിൽ ഉള്ളവർക്ക് ഗതാഗത സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ലഭിക്കുന്നില്ല.
- സ്കൂളുകൾക്കും അംഗൻവാടികൾക്കും ആശുപത്രികൾക്കും ജല ലഭ്യത ഉറപ്പു വരുത്തേണ്ടതാണ്.

## സാദ്ധ്യതകൾ

- 1, 2, 3 വാർഡുകളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിന് വലിയ മലയിൽ ഒരു ടാങ്ക് സ്ഥാപിച്ചാൽ മതി

യാവും.

- പുതിയേടത്ത് കണ്ടിതാഴ സർക്കാർ ഉടമസ്ഥതയിൽ ഒരു കിണറിനുള്ള സ്ഥലം നിലവിലുണ്ട്. അവിടെ കിണർ നിർമ്മിക്കണം.
- മഞ്ഞളാട് കുന്നിൽ ഇപ്പോഴുള്ള പദ്ധതി പൂർത്തീകരിക്കണം.
- നായാടൻ പുഴയ്ക്ക് സമീപമുള്ള ലിഫ്റ്റ് ഇറിഗേഷനുവേണ്ടി നിർമ്മിച്ച കിണർ ഉപയോഗപ്പെടുത്തി മുത്താമ്പി ഭാഗത്തേക്ക് കുടിവെള്ള ക്ഷാമം പരിഹരിക്കാം.
- പയർ വീട്ടിൽ കോളനിയിൽ നിന്ന് 800 മീറ്റർ പൈപ്പ് ലൈൻ നീട്ടി മഞ്ഞളാട് കുന്നിലെ ജലക്ഷാമം പരിഹരിക്കാം.
- അരിയിൽത്താഴെ കിണറും അതിനോടനുബന്ധിച്ച് റബ്ബർ തോട്ടത്തിലെ ടാങ്കും ഉപയോഗ യോഗ്യമാക്കണം.
- ഒറവിങ്കൽ കുന്നിൽ വെള്ളം എത്തിക്കുന്നതിനുവേണ്ടി കീഴരിയൂർ പഞ്ചായത്തിലെ രാജീവ് ഗാന്ധി ദശലക്ഷം ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി നിർമ്മിക്കുന്ന ജലവിതരണ പദ്ധതിയിൽ നിന്ന് പൈപ്പ് ലൈൻ നീട്ടുക.
- ഓഞ്ഞിലോട് കുന്നിൽ നിലവിലുള്ള ജലവിതരണ പദ്ധതിക്ക് കൂടുതൽ ഉയരത്തിൽ പുതിയ ടാങ്ക് നിർമ്മിച്ചാൽ ഓഞ്ഞിലോട് കുന്ന്, ചാവറ കുന്ന്, കള്ളർകുന്ന്, ഒറവിങ്കൽ കുന്ന് എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ കഴിയും.
- മാവട്ട് ഭാഗത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കുട്ടമ്പത്ത് കുന്നിൽ ടാങ്കും, പുതുക്കുടി താഴെ കിണറും സ്ഥാപിക്കുക.
- നടുവിലടത്ത് മീത്തൽ കോളനിയിൽ ഒരു കിണർ കുഴിക്കുക.
- പാണ്ടിപ്പാറയിൽ ഒരു ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കിയാൽ 6, 7, 8 വാർഡുകളിലെ ജലക്ഷാമം പരിഹരിക്കാൻ കഴിയും.
- ഊട്ടേറി കുന്നിൽ ഒരു ടേങ്കും, നടുവിലക്കണ്ടി താഴ ഒരു കിണറും കുഴിച്ചാൽ ഏഴാം വാർഡിലും എട്ടാം വാർഡിലെ മട്ടങ്കോട്ട് കുന്നിലും ചാലിൽ മീത്തൽ കോളനിയിലും കുടിവെള്ളം എത്തിക്കാൻ കഴിയും.
- പൂതേരിപ്പാറ കുടിവെള്ള പദ്ധതി ഉടൻ പൂർത്തീകരിക്കുക.
- തണ്ടയിൽ താഴെ നിലവിലുള്ള മിനി വാട്ടർ പദ്ധതി വിപുലീകരിക്കുക.
- മേപ്പയ്യൂരിലെ കോട്ടക്കുന്ന് പദ്ധതിയിൽ നിന്ന് പൈപ്പ് ലൈൻ നീട്ടിയാൽ മരുതിയാട്ട് കുന്നിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.
- കാപ്പു മലയിൽ ടാങ്കും മീറങ്ങാട്ട് താഴ കിണറും സ്ഥാപിച്ചാൽ 9, 10 വാർഡുകളിലെ ജലക്ഷാമം പരിഹരിക്കാം.
- മേപ്പയ്യൂരിലെ രാരാറ്റ കുന്നിലെ വാട്ടർ സ്കീമിലെ പൈപ്പ് ലൈൻ ഏകദേശം 300 മീറ്റർ നീട്ടിയാൽ 10-ാം വാർഡിലെ ഒന്നാം തിരിക്കൽ ഭാഗത്തും കോമത്ത് മീത്തൽ ഭാഗത്തും വെള്ളമെത്തിക്കാൻ കഴിയും.
- നൊച്ചാട് പഞ്ചായത്തിലുള്ള രാമല്ലൂർ വാട്ടർ സപ്ലൈ സ്കീമിൽ നിന്ന് എക്സ്റ്റൻഷൻ കൊടുത്താൽ മുന്നൂറ്റൻ ചാലിൽ, തീയർകണ്ടി മീത്തൽ, വെങ്കല്ലുള്ളതിൽ, മുതുകുന്ന് എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കാം.
- കോട്ടുകുന്നിൽ ടാങ്ക് സ്ഥാപിക്കാനും കൊരട്ടിയിൽ താഴ കിണർ കുഴിക്കാനും സ്ഥലം വാഗ്ദത്തം ചെയ്യപ്പെട്ടതാണ്. ഇവിടെ ശുദ്ധജല വിതരണ പദ്ധതി ആരംഭിച്ചാൽ 11-ാം വാർഡിലെ കോട്ട് കുന്ന്, പുത്തൂകുന്ന്, ഊട്ടേരി കുന്ന്, കാളികണ്ടി മീത്തൽ കുന്ന് എന്നിവിടങ്ങളിൽ ജലം എത്തിക്കാൻ കഴിയും.
- പഞ്ചായത്തിൽ നിലവിലുള്ള പൊതുകിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്തണം. കുഴൽ കിണറുകളുടെ ഇരുമ്പ് പൈപ്പ് മാറ്റി ഉപയോഗയോഗ്യമാക്കണം.
- സർവ്വോപരി മുതുവോട്ട് പുഴയിലെ ശുദ്ധജല സഞ്ചയം ഒരു ബൃഹത് പദ്ധതിയാക്കി പഞ്ചായത്ത് മുഴുവനും ജലവിതരണം നടത്താൻ കഴിയും. ഒന്നാം വാർഡിലുള്ള അരിയിൽ മീത്തൽ പ്രകൃതിദത്ത നീരുറവ ശേഖരിച്ച് നിർത്താനുള്ള സംവിധാനം ഉണ്ടാക്കിയാൽ താഴ്വരയിലുള്ള അൻപതോളം വീടുകളിൽ കുടിവെള്ളം എത്തിക്കാൻ കഴിയും.
- അരീച്ചാൽ കുന്നിൽ നിലവിലുള്ള കുടിവെള്ളം ക്ഷാമം തീർക്കാൻ അരീച്ചാൽക്കുളം വിപുലപ്പെടുത്തി നാഗത്ത് തറ കുന്നിൽ ടാങ്ക് കെട്ടുക.
- ചാവറകുന്നിൽ ടാങ്ക് സ്ഥാപിച്ചാൽ പൂവാറകുന്ന്, പനമ്പറ കുന്ന് എന്നീ സ്ഥലങ്ങളിൽ കുടിവെള്ളം എത്തി

ക്കുവാൻ കഴിയും (4, 5, 6, 7, 8 വാർഡുകളിൽ).

## പൊതുജനാരോഗ്യം

പഞ്ചായത്തിലെ ജനനനിരക്കും ശിശുമരണനിരക്കും വളരെ കുറവാണ് (യഥാക്രമം 2.56ഉം 3.34ഉം). മൊത്തത്തിലുള്ള മരണനിരക്ക് ആവട്ടെ 3.62 ആണ്. ജനസംഖ്യയിൽ 12.69% ആറ് വയസ്സിൽ താഴെയുള്ള കുട്ടികളാണ്. ആയിരത്തിന് ആറ് പേർ അംഗവൈകല്യം ഉള്ളവരാണ്. ആയിരത്തിന് 17 പേർ ക്ഷയരോഗികളും ഒരാൾ വീതം കുഷ്ഠരോഗികളും 2 പേർ കാൻസർ രോഗികളുമാണ്. ജല-വായു ജന്യരോഗങ്ങൾ യഥാക്രമം ആയിരത്തിന് 62, 32 എന്ന ക്രമത്തിലാണ്. മറ്റ് പകർച്ച വ്യാധികൾ 9 എന്ന ക്രമത്തിൽ കാണാൻ കഴിയും. വർഷകാലത്താണ് ജലജന്യ രോഗങ്ങൾ കൂടുതലായി കണ്ടുവരുന്നത്. കുട്ടികളിൽ 34% ലഘുവായ പോഷണ കുറവുള്ളവരും (ഒന്നാം ഗ്രേഡ്) എട്ട് ശതമാനം മിതമായ പോഷണക്കുറവ് ഉള്ളവരുമാണ് (രണ്ടാം ഗ്രേഡ്). ഈ കുട്ടികൾക്ക് അംഗനവാടികളിൽ നിന്ന് പൂരക പോഷകാഹാരം ലഭിച്ചുവരുന്നുണ്ട്. എന്നാൽ ഭക്ഷണ സാധനങ്ങൾ അംഗനവാടികളിൽ കൃത്യസമയത്ത് ലഭിക്കാത്തതിനാൽ പലപ്പോഴും പൂരക പോഷകാഹാര വിതരണ പദ്ധതി കാര്യക്ഷമമായി നടത്താൻ കഴിയാറില്ല. പഞ്ചായത്തിലെ എല്ലാ പ്രൈമറി സ്കൂളുകളിലും ഉച്ചഭക്ഷണ പരിപാടി നടത്താറുണ്ട്. എന്നാൽ ഭക്ഷണ സാധനങ്ങൾ കൃത്യസമയത്ത് ലഭിക്കാതിരിക്കുക എന്നത് ഇക്കാര്യത്തിലും ഒരു പ്രധാന പ്രശ്നമാണ്.

സർക്കാർ ഉടമസ്ഥതയിലുള്ള ഒരു പ്രൈമറി ഹെൽത്ത് സെന്ററും രണ്ട് സബ്ബ് സെന്ററുമാണ് ഈ പഞ്ചായത്തിലുള്ളത്. ഇവയിൽ മൊത്തം 16 ജീവനക്കാരുണ്ട്.

പഞ്ചായത്തിലെ 5206 വീടുകളിൽ 32.5% വീടുകളിൽ കക്കൂസ് ഇല്ല. കൂടാതെ ജല ലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ നിലവിലുള്ള കക്കൂസുകൾ പോലും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. ലക്ഷം വീട് കോളനികൾ തുടങ്ങിയ സ്ഥലങ്ങളിൽ കക്കൂസുകൾ നിലവിലുണ്ടെങ്കിലും കൃത്യമായി ഉപയോഗപ്പെടുത്തുന്നില്ല.

പൊതുനിരത്തുകളിലേക്ക് ഹോട്ടലുകളിൽ നിന്നും പച്ചക്കറി പലവ്യഞ്ജന കടകളിൽ നിന്നും തള്ളുന്ന അവശിഷ്ടങ്ങൾ നീക്കം ചെയ്യാൻ യാതൊരു സംവിധാനവും നിലവിലില്ല. വെള്ളം കെട്ടി നിൽക്കുന്ന സ്ഥലങ്ങൾ, കൊതുക് പെരുകുന്നതു മൂലമുള്ള രോഗങ്ങൾ പടരുന്നു. സ്കൂൾ പരിസരങ്ങളിലുള്ള കടകളിൽ നിന്നും വാങ്ങുന്ന ഗുണം കുറഞ്ഞ മിഠായികളും ഭക്ഷ്യവസ്തുക്കളും കുട്ടികൾക്ക് പലവിധ രോഗങ്ങൾക്ക് ഇട വരുത്തുന്നു.

പഞ്ചായത്തിലെ പലതരം പകർച്ചവ്യാധികൾക്കും മുഖ്യകാരണം ശുദ്ധജല ലഭ്യതയുടെ കുറവാണ്. 19 പൊതു കിണറുകളും നാല് ജലവിതരണ പദ്ധതികളും മാത്രമാണ് അതി വിസ്തൃതമായ ഈ പഞ്ചായത്തിലുള്ളത്. ഉയർന്ന പ്രദേശങ്ങളിൽ ആവശ്യത്തിന് ജലമെത്തിക്കാൻ കഴിയാത്തതുമൂലം ജനങ്ങൾക്ക് ശുചിത്വം പാലിക്കാൻ കഴിയുന്നില്ല. പൊതുജല വിതരണ പദ്ധതിയിലൂടെ ലഭിക്കുന്ന ജലത്തിന്റെ അളവ് തീരെ കുറവാണ്. കൂടാതെ അതിന്റെ ഗുണനിലവാരവും ഉറപ്പ് വരുത്തപ്പെടുന്നില്ല. ആവശ്യമായ സന്ദർഭങ്ങളിൽ ക്ലോറിനേഷൻ നടത്താതിരിക്കുന്നതും അമിതമായ ക്ലോറിനേഷനും ജലത്തിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു. കുഴൽ കിണറുകൾ ഇരുമ്പു പൈപ്പ് ഉപയോഗിച്ച് നിർമ്മിച്ചതിന്റെ ഫലമായി ഉപയോഗ ശൂന്യമായി തീർന്നിരിക്കുന്നു. പുഴയോര പ്രദേശങ്ങളിൽ കിണർ കുഴിച്ചാൽ ഉപ്പ് വെള്ളം ലഭിക്കുന്നതിനാൽ ശുദ്ധജലത്തിന്റെ അഭാവം മൂലം ഉണ്ടാകുന്ന രോഗങ്ങൾ കാണാൻ കഴിയും. വയൽ പ്രദേശങ്ങൾ നികത്തി വീട് വെച്ച സ്ഥലങ്ങളിലും വർഷകാലത്ത് ലഭിക്കുന്നത് ശുദ്ധജലമല്ല. ഇത് പലതരത്തിലുള്ള ജലജന്യ രോഗങ്ങൾക്കും കാരണമാകുന്നു.

### പ്രശ്നങ്ങൾ

- കിടത്തി ചികിത്സിക്കാൻ പറ്റിയ ആശുപത്രി നിലവിലില്ല.
- പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്യമല്ല.
- ജനസംഖ്യാനുപാതികമായി സബ്ബ് സെന്ററുകൾ ഇല്ല.
- ഹോമിയോ ആയുർവേദ ആശുപത്രികൾ ഇല്ല.
- 32% വീടുകൾക്ക് കക്കൂസില്ല.
- 25% ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമല്ല.
- സ്വകാര്യ മേഖലയിൽ രണ്ട് അലോപ്പതി ക്ലിനിക്കുകളും 7 ആയുർവേദ ഡിസ്പൻസറികളും രണ്ട് ഹോമിയോ ഡിസ്പെൻസറികളുമുണ്ട്.

### സാധ്യതകൾ

- ശുദ്ധജലത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുകയും ക്ഷാമമുള്ള സ്ഥലങ്ങളിൽ വെള്ളമെത്തിക്കുകയും ചെയ്യുക.

- അംഗനവാടികളിലെ പൂരക പോഷകാഹാരത്തിനുള്ള ഭക്ഷ്യവസ്തുക്കൾ യഥാസമയം വിതരണം ചെയ്യുക.
- സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടിക്കുള്ള ഭക്ഷ്യസാധനങ്ങൾ കാര്യക്ഷമമായി വിതരണം ചെയ്യുക.
- സ്കൂൾ പരിസരങ്ങളിലെ കടകളിൽ വിൽക്കപ്പെടുന്ന ഗുണംകുറഞ്ഞ ഭക്ഷ്യവസ്തുക്കളുടെ വിൽപന തടയുക.
- പൊതുസ്ഥലങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഏർപ്പെടുത്തുക.
- ആവശ്യമായ സ്ഥലങ്ങളിൽ പൊതുജനശ്മശാനം സ്ഥാപിക്കുക.
- നിലവിലുള്ള പ്രൈമറി ആശുപത്രിയിൽ മരുന്ന് എത്തിക്കുക.
- ആശുപത്രിയിൽ ശുദ്ധജലം എത്തിക്കുക.
- മത്സ്യമാർക്കറ്റും അറവുശാലയും ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുക.
- പൊതുസ്ഥലങ്ങളിൽ മൂത്രപ്പുരയും കക്കൂസും സ്ഥാപിക്കുക.
- അരിക്കുളം പ്രൈമറി ഹെൽത്ത് സെന്ററിലേക്കും സബ്ബ് സെന്ററിലേക്കും ഉള്ള റോഡ് ഗതാഗതയോഗ്യമാക്കുക.
- നടേരിയിലെ സബ്ബ് സെന്റർ പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തുക.
- പൊതുസ്ഥലങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള സംവിധാനമില്ല.
- അംഗനവാടികളിൽ പൂരക പോഷകാഹാര വിതരണത്തിനുള്ള ഭക്ഷ്യവസ്തുക്കൾ യഥാസമയം കിട്ടുന്നില്ല.
- സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടിക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ കൃത്യസമയത്ത് ലഭിക്കുന്നില്ല.
- നിലവിലുള്ള ശുദ്ധജല പദ്ധതികളിലൂടെ എത്തുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല.
- പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കാൻസർ രോഗികൾ താരതമ്യേന കൂടുതലായി കാണപ്പെടുന്നു. ഇതിനുകാരണം ആ പ്രദേശങ്ങളിൽ നിലനിൽക്കുന്ന അമിതമായ മദ്യപാനവും പുകവലിയും ആയിരിക്കാം.
- നടേരിയിൽ ഹോമിയോ ആശുപത്രിയും കാരയാട് ആയുർവ്വേദ ആശുപത്രിയും സ്ഥാപിക്കുക.
- അരിക്കുളം പ്രൈമറി ഹെൽത്ത് സെന്റർ 25 കിടക്കകൾ ഉള്ള ആശുപത്രിയായി ഉയർത്തുക. അനുബന്ധമായി ക്വാർട്ടേഴ്സ് നിർമ്മിക്കുക. ജനസംഖ്യാനുപാതികമായി സബ്ബ് സെന്ററുകൾ സ്ഥാപിക്കുക.
- നടേരിയിലുള്ള സബ്ബ് സെന്റർ പുതുക്കി പണിയുക. ആയുർവ്വേദ ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുക.
- എല്ലാ വീടുകളിലും കക്കൂസ് നിർമ്മിക്കുക.
- മദ്യപാനത്തിനും പുകവലിക്കും മയക്കു മരുന്നിനുമെതിരെ ബോധവൽക്കരണം നടത്തുക.
- ബഹുജനപങ്കാളിത്തത്തോടെ സ്കൂൾ പരിസരങ്ങളിലും പൊതുസ്ഥലങ്ങളിലും ശുചീകരണ പ്രവർത്തനം നടത്തുക.

--------

# വ്യവസായം

വ്യാവസായിക മേഖലയിൽ പഞ്ചായത്തിന്റെ ഇന്നത്തെ അവസ്ഥ ഒട്ടും ആശാവഹമല്ല. ആകെ തൊഴിലാളികളിൽ 6.6% പേർ മാത്രമെ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നുള്ളൂ. 7033 പേർ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുമ്പോൾ കേവലം 466 പേർ മാത്രമേ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നുള്ളൂ. വൻകിട വ്യവസായങ്ങളൊന്നും പഞ്ചായത്തിൽ നിലവിലില്ല. പരമ്പരാഗത വ്യവസായങ്ങളായ കളിമൺ, കയർ, കൊട്ട, പായ് നിർമ്മാണ മേഖലകളെല്ലാം തന്നെ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നു. ഈ രംഗങ്ങളിലെല്ലാം ഓരോ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ ഒരു ഓടുനിർമ്മാണ കേന്ദ്രം വനിതാ നൂൽ നൂൽപ് കേന്ദ്രം, വനിതാനെയ്ത്തു കേന്ദ്രം എന്നിവ പഞ്ചായത്തിലുണ്ട്. ഖാദിബോർഡിന്റെ കീഴിൽത്തന്നെ രണ്ടു ഹരിജൻ ഗ്രാമ വ്യവസായ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമല്ല. ഇതു കൂടാതെ 4 D.W.C.R.A യൂണിറ്റുകളും ഇവിടെ പ്രവർത്തിക്കുന്നു.

സ്വകാര്യമേഖലയിൽ ഒരു ബിസ്ക്കറ്റ് ഫാക്ടറിയും ഒരു ഈർച്ചമില്ലും ഇവിടെയുണ്ടെങ്കിലും രണ്ടും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. എന്നാൽ സ്വകാര്യമേഖലയിൽ ഒരു ആയുർവേദ ഔഷധ നിർമ്മാണശാലയും ഫർണിച്ചർ സ്ഥാപനവും നന്നായി നടക്കുന്നുണ്ട്.

പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം പട്ടിക ശ്രദ്ധിക്കുക.

പരമ്പരാഗത വ്യവസായങ്ങളിൽ കളിമൺ വ്യവസായവും കൊട്ട, പായ് നെയ്ത് വ്യവസായവും അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത കുറവായതിനാൽ മുരടിച്ചുകൊണ്ടിരിക്കുകയാണ്. കളിമണ്ണ് ഇവിടെ ആരും നൽകുന്നില്ല. ദൂരസ്ഥലങ്ങളിൽ നിന്നും കൊണ്ടുവന്നാണ് ഇപ്പോൾ പ്രവർത്തനം കുറച്ചെങ്കിലും നടക്കുന്നത്. എന്നാൽ കളിമണ്ണിനുള്ള വിലക്കൂടുതൽ, അവ കിട്ടിയിരുന്ന സ്ഥലങ്ങളിൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉത്ഭവിക്കയാൽ അവ നൽകുന്നത് നിരുത്സാഹപ്പെടുത്തൽ എന്നിവ ഈ മേഖല പ്രശ്നസങ്കീർണ്ണമാക്കുന്നു. ഈ നില തുടർന്നാൽ ഓടു കമ്പനി അധികം വൈകാതെ തന്നെ അടച്ചുപൂട്ടേണ്ടി വരും.

കൊട്ട, പായ് നിർമ്മാണ മേഖലയിലും അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവ് അനുഭവപ്പെടുന്നുണ്ട്. ഈറ്റ പഞ്ചായത്തിൽ തീരെയില്ല. കൈതോലയും കുറഞ്ഞുവരുന്നു. ഇടത്തട്ടുകാരുടെ ചൂഷണം ഈ മേഖലയെ തളർത്തുന്ന മറ്റൊരു പ്രധാന ഘടകമാണ്.

നൂൽനൂൽപ് കേന്ദ്രത്തിലും നെയ്ത്തു കേന്ദ്രത്തിലും വർഷത്തിൽ എല്ലാക്കാലവും പണി ഉണ്ടാവാറില്ല. പഞ്ഞ്, നൂൽ എന്നിവ കൃത്യസമയങ്ങളിൽ വേണ്ടത്ര ഉണ്ടാവാത്തതാണ് ഇതിനൊരു കാരണം. DWCRA യൂണിറ്റുകളിൽ ഉൽപാദന വസ്തുക്കൾക്ക് വിപണനത്തിനുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നില്ല. കയർ നിർമ്മാണ രംഗത്ത് ആധുനികവൽക്കരണവും ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണവും കൊണ്ടുവന്നാലെ അതിനും ദീർഘകാലം പിടിച്ചുനിൽക്കുവാൻ കഴിയുകയുള്ളൂ. തൊഴിൽ രഹിതരിൽ ഭൂരിപക്ഷം വരുന്ന സ്ത്രീകളെയും മറ്റു ദുർബ്ബല വിഭാഗങ്ങളെയും ഉയർത്തിക്കൊണ്ടുവരണമെങ്കിൽ ചെറുകിട വ്യവസായങ്ങൾ പഞ്ചായത്തിൽ ധാരാളമായി വളർത്...

| ക്രമ നമ്പർ | തൊഴിൽ സംരംഭത്തിന്റെ പേര് | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങൾ | പ്രവർത്തന ക്ഷമത |
|---|---|---|---|---|
| 1 | കയർ സഹകരണ സംഘം നടേരി | | 285 | നന്നായി പ്രവർത്തിക്കുന്നു |
| 2 | ഓട് നിർമ്മാണ കേന്ദ്രം, ഊരള്ളൂർ | 1978 | 20 | പ്രവർത്തിക്കുന്ന |
| 3 | ഖാദി നൂൽനൂൽപ്പ് കേന്ദ്രം | 1979 | 29 | നനായി പ്രവർത്തിക്കുന്നു |
| 4 | ഖാദി നെയ്തു കേന്ദ്രം | 1983 | 25 | പ്രവർത്തിക്കുന്നു. |
| 5 | DWCRA യൂണിറ്റ് അരിക്കുളം, ജല്ലി | 1991-92 | 10 | പ്രവർത്തനം മോശമാണ് |
| 6 | DWCRA യൂണിറ്റ് അരിക്കുളം, പപ്പടനിർമ്മാണം | 1993-94 | 10 | നനായി പ്രവർത്തിക്കുന്നു |
| 7 | DWCRA യൂണിറ്റ് അരിക്കുളം, ഇറച്ചിക്കോഴി | 1995-96 | 10 | നല്ല രീതിയിൽ പ്രവർത്തിക്കുന്നു. |
| 8 | അംബേദ്കർ യൂണിറ്റ് പായനെയ്ത് | 1991-92 | 10 | പ്രവർത്തനം മന്ദഗതിയിലാണ് |
| 9 | അമ്പാടി യൂണിറ്റ് ജല്ലി നിർമ്മാണം | 1995-96 | 10 | നന്നായി പ്രവർത്തിക്കുന്നു |
| 10 | DWCRA ഊരള്ളൂർ, റഡിമെയ്ഡ് | 1995-96 | 10 | നന്നായി പ്രവർത്തിക്കുന്നു. |
| | മറ്റുള്ളവ | | 60 | |
| | ആകെ | | 446 | |

ക്കൊണ്ടുവരികയും തൊഴിലവസരങ്ങൾ ഉണ്ടാക്കിയെടുക്കുകയും ചെയ്യേണ്ടതാണ്.

## നിലവിലുള്ള പ്രശ്നങ്ങൾ

- വ്യാവസായിക മേഖലയിൽ പഞ്ചായത്തിൽ നിലവിലുള്ള അവസ്ഥ പരിതാപകരമാണ്.
- ഉള്ള സ്ഥാപനങ്ങളിൽ തന്നെ തൊഴിലവസരങ്ങൾ കുറവ്.
- ഊർജ്ജത്തിൻരെ ലഭ്യതക്കുറവും അതു കിട്ടാനുള്ള പ്രയാസങ്ങളും.
- കളിമണ്ണ്, കൈതോല, ഈറ്റ മുതലായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം.
- പരമ്പരാഗത വ്യവസായമേഖലയിൽ ആധുനികവൽക്കരണത്തിന്റെ അഭാവം.
- അസംസ്കൃത വസ്തുക്കളുടെ വിതരണത്തിൽ ഇടത്തട്ടുകാരുടെ ചൂഷണം.
- പൊതുമേഖലയിലുള്ള വ്യവസായങ്ങൾ പഞ്ചായത്തിൽ ഒന്നുപോലും ഇല്ല.
- സ്വകാര്യമേഖലയിൽ വ്യവസായ സംരഭങ്ങൾ തുടങ്ങാത്ത അവസ്ഥ.
- കടത്തിനുള്ള വ്യവസ്ഥകൾ ഉദാരമല്ലാത്തതുകൊണ്ടുള്ള വിഷമങ്ങൾ.
- ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത.
- ലഭ്യമായ പ്രധാന വിഭവങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ഇല്ലായ്മ.
- സാങ്കേതിക പരിശീലനം നേടിയ വ്യക്തികളെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താതിരിക്കൽ.
- ഉൽപന്നങ്ങളുടെ വിപണന മേഖലകൾ ശക്തിപ്പെടുത്താതിരിക്കൽ.

## സാധ്യതകൾ

കയർ വ്യവസായ സഹകരണ സംഘം വിപുലപ്പെടുത്തണം. പഞ്ചായത്തിൽ കൊപ്ര വ്യവസായം ശക്തിപ്പെടുത്തി തൊണ്ടുമുഴുവൻ ഈ സംഘത്തിന്റെ പ്രവർത്തന മേഖലയിലേക്ക് എത്തിക്കാൻ കഴിയണം. ഉൽപന്നങ്ങൾ ആധുനികവൽക്കരണത്തിലൂടെ പുതുമയുള്ളതും ജനങ്ങൾക്കിഷ്ടപ്പെടുന്നവയുമാക്കി മാറ്റാൻ കഴിയണം. കയറും കയറുൽപന്നങ്ങലും നിർമ്മിക്കാൻ കഴിയണം.

- പായ നെയ്ത്തിനു അവശ്യം വേണ്ട കൈതോല ലഭിക്കുവാൻ കൈത പരമാവധി സ്ഥലങ്ങളിൽ വെച്ചുപിടിപ്പിക്കണം. കനാൽ പുറമ്പോക്കുകളിലും വയലിൽ തോടരുകിലും വൻതോതിൽ കൈത ഉൽപാദിപ്പിക്കാൻ കഴിയുന്നതാണ്. കൊട്ട നെയ്തിനാവശ്യമായ ഈറ്റ സഹകരണ സംഘങ്ങൾ വഴി ആവശ്യക്കാരന് എത്തിക്കാൻ കഴിയും.
- കൈതച്ചക്ക, മാമ്പഴം തുടങ്ങിയ ഫലങ്ങൾ ധാരാളമായി ഉണ്ടാക്കാൻ കഴിഞ്ഞാൽ ഒരു പഴ സംസ്കരണ ഫാക്ടറി പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. സ്കാഷുകൾ, ജാമുകൾ, തുടങ്ങിയവയുടെ നിർമ്മാണം കുടിൽ വ്യവസായമായും ആരംഭിക്കാം. പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന കശുമാങ്ങ ഇപ്പോൾ പാഴായിപ്പോവുകയാണ്. അതും സംസ്കരിച്ച് വിവിധ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. ഹുക്ക നിർമ്മാണം കുറച്ചുകാലം മുമ്പുവരെ വൻതോതിൽ ഉണ്ടായിരുന്നു. എന്നാൽ വിദേശങ്ങളിൽ വിപണി മാന്ദ്യം ഇടത്തട്ടുകാരുടെ ചൂഷണം എന്നിവ ആ വ്യവസായത്തെ തളർത്തിയിരിക്കുന്നു. ഹുക്ക നിർമ്മാണത്തൊഴിലാളികളെ കരകൗശല നിർമ്മാണവുമായി ബന്ധപ്പെടുത്തി പുതിയ തൊഴിൽ മേഖലകളിലേക്ക് തിരിച്ചുകൊണ്ടുവരാവുന്നതാണ്.
- റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് നല്ല മാർക്കറ്റുണ്ട്. വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിച്ച റെഡിമെയ്ഡ് വസ്ത്രനിർമ്മാണം ഊർജ്ജിതപ്പെടുത്താവുന്നതാണ്. പുതുമയും ഗുണനിലവാരവും നിലനിർത്തി ഈ രംഗം പരിപോഷിപ്പിക്കാൻ കഴിയും.
- മെഴുകുതിരി, ചോക്ക്, റബ്ബർ, പാള, പേപ്പർ ബാഗുകൾ ഇലക്ട്രോണിക് ഉൽപന്നങ്ങൾ, ക്ഷീരോൽപന്നങ്ങൾ കോൺക്രീറ്റ് ജനലുകളും വാതിലുകളും, നോട്ടുബുക്ക്, കുമ്മായം എന്നിവ നിർമ്മിക്കാനാവശ്യമായ ചെറുകിയ വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്.
- രണ്ടാം വാർഡിലുള്ള മഞ്ഞളാട് കുന്നിൽ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കാവുന്നതാണ്. കുറഞ്ഞ വിലക്ക് നിരപ്പായ ഭൂമി, ജലം, വൈദ്യുതി, റോഡ് സൗകര്യം എന്നിവ അവിടെ ലഭിക്കാൻ പ്രയാസമില്ല.
- ഒരു ഓട്ടോ ഗാരേജ് സ്ഥാപിക്കുക.
- ചെറുകിട വ്യവസായം തുടങ്ങാൻ ഗൾഫ് മലയാളികളിൽ നിന്നും മൂലധനം സ്വരൂപിക്കാവുന്നതാണ്.
- ഈ സാധ്യതകളെല്ലാം പരമാവധി ഉപയോഗപ്പെടുത്തി വ്യവസായരംഗത്ത് ഒരു കുതിച്ചു ചാട്ടം തന്നെ നമ്മൾ നടത്തേണ്ടതാണ്. ഉൽപന്നങ്ങൾ വർദ്ധിപ്പിക്കാനും തൊഴിലില്ലായ്മ പരിഹരിക്കാനും ഇതുകൊണ്ട് മാത്രമെ സാധിക്കുകയുള്ളൂ.

| സ്ഥാപനത്തിന്റെ പേര് | ഉൽപാദനം | | | വിൽപ്പന (രൂപയിൽ) | | |
|---|---|---|---|---|---|---|
| | 1993-94 | 94-95 | 95-96 | 93-94 | 95-96 | 97-98 |
| ഊരള്ളൂർ ഓട് നിർമ്മാണ കേന്ദ്രം | 179877 | 161659 | 222304 | 498042 | 547835 | 804416 |
| നടേരി കയർ സഹകരണ സംഘം | 278.195 ക്വിന്റൽ | 261.495 ക്വന്റൽ | 277.381 ക്വിന്റൽ | 389572 | 424182/50 | 494005 |

# പട്ടിക-3 വ്യവസായം

## ട്രൈസം-തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| ക്രമ നമ്പർ | പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എ ണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | വെൽഡിങ്ങ് | 1 | 1 | – | – |
| 2 | ആട്ടോമൊബൈൽ | 2 | 1 | 1 | – |
| 3 | കരകൗശല വസ്തു നിർമ്മാണം | 7 | 3 | 4 | – |
| 4 | വാച്ച് റിപ്പയറിംഗ് | 1 | – | – | 1 |
| 5 | പ്രിന്റിംഗ് കമ്പോസിങ്ങ് | 3 | 1 | 2 | – |
| 6 | പ്ലംബിംഗ് | 2 | – | 2 | – |
| 7 | പ്ലാസ്റ്റിക് കെയ്ൻ | 2 | 2 | – | – |
| 8 | നെയ്ത് | 3 | 2 | 1 | – |
| 9 | പപ്പട നിർമ്മാണം | 8 | 8 | – | – |
| 10 | പെയ്ന്റിംഗ് | 1 | – | 1 | – |
| 11 | വയറിംഗ് | 5 | 1 | 4 | – |
| 12 | ഭക്ഷ്യ സംസ്കരണം | 4 | – | 1 | 3 |
| | ആകെ | 39 | 19 | 16 | 4 |



# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

മനുഷ്യന്റെ പ്രാഥമിക സൗകര്യങ്ങളിൽ മുൻഗണനാ
മത്തിൽ കാണേണ്ടതും പരിഹരിക്കേണ്ടതുമാണ്
ർപ്പിട പ്രശ്നം. ഇന്ന് ഈ രംഗത്ത് നമുക്ക് ഒട്ടനവധി
ശ്നങ്ങളുണ്ട്. വിവിധ ധനസഹായ പദ്ധതികളിലൂടെയും
വനങ്ങളിലൂടെയും കുറച്ചൊക്കെ പരിഹാരം
ണാനും കഴിയും. ഗ്രാമങ്ങളിൽ മുമ്പുണ്ടായിരുന്ന കൂട്ട്
ടുംബ വ്യവസ്ഥിതിയല്ല ഇന്നുള്ളത്. ചെറു ചെറു കുടും
ങ്ങളായി ഇഴപിരിഞ്ഞു കഴിഞ്ഞ സാമൂഹ്യ വ്യവസ്ഥി
മൂലം ഈ പ്രശ്നം വളരെയധികം രൂക്ഷമായികൊണ്ടി
ക്കുകയാണ്. പഞ്ചായത്തിൽ ജനസാന്ദ്രത ചതുരശ്ര
ലോ മീറ്ററിന്ന് 1086 ആകുന്നു. ഇത് ഭൂമിയുടെ
രൂക്കം വ്യക്തമാക്കുന്നുണ്ട്.

പഞ്ചായത്ത് രേഖകളനുസരിച്ച് ഇന്ന് 5206 വീടുകളാ
ുള്ളത്. 12% വീടുകളാണ് വർഷം തോറും വർദ്ധിച്ചു
ാണ്ടിരിക്കുന്നത്. ഈ വീടുകളിൽ 368 കോൺക്രീറ്റ്
ട്ടിടങ്ങളും 2431 ഓട് മേഞ്ഞവയും 1527 ഓല മേഞ്ഞ
ടുകളുമാണ്. വിവിധ ധനസഹായ പദ്ധതികളിലൂടെ 209
ടുകൾ നിർമ്മിച്ചിട്ടുണ്ട്. ചേമഞ്ചേരി ഹൗസിങ്ങ്
ാസൈറ്റിയും ഹഡ്കൊയുമാണ് ഈ രംഗത്ത് സാമ്പ
ിക സഹായം ചെയ്യുന്ന ഏജൻസികൾ. സൊസൈറ്റി
വീടുകൾക്കായി 1105000 രൂപ വായ്പ നൽകിയിട്ടുണ്ട്.
ജനങ്ങൾക്ക് വീടോ സ്വന്തമായി സ്ഥലമോ ഇല്ല.
ാൺക്രീറ്റ് വീടുകളിൽ പലതും നല്ല നിലവാരമുള്ളതും
സൗകര്യമുള്ളവരുടേതുമാണ്.

പഞ്ചായത്തിൽ ഓരോ വർഷവും ശരാശരി 350 വീടു
് കൂടി വരുന്നതായി കാണാം. ഇവയിൽ 7% വീടുകളും
ാൺക്രീറ്റ് വീടുകളാണ്. ഇത്തരം വീടുകൾക്ക് പ്ലാനി
ിന്റെ അഭാവം മൂലം അനാവശ്യ ചിലവുകൾ ഉണ്ടാ
ന്നു. വീടുകൾ നിർമ്മിക്കുന്ന സ്ഥലങ്ങൾ പലതും

മണ്ണിട്ട് നികത്തി എടുക്കുന്നതിനാൽ അസ്തിവാരത്തിന്റെ പണിയിൽ ഉറപ്പിന്നുവേണ്ടി കൂടുതൽ കമ്പിയും സിമന്റും ഉപയോഗപ്പെടുത്തുന്നു. ഇത്തരം പ്രവർത്തികൾ ഭാരിച്ച ചിലവിന്ന് ഇടയാക്കുന്നു. ഇതിന്നു പുറമേ പ്രാദേശികമായി കിട്ടുന്ന വിഭവങ്ങൾ ഉപയോഗിക്കാതെ (ഉദ:- ഇഷ്ടിക, സുർക്കിപൊടി തുടങ്ങിയവ) ആർഭാടത്തിന്നു മാത്രമായി (ഉദാ:- ഗ്രാനെയ്റ്റ് മാർബിൾ) ഉപയോഗിക്കുന്നു.

നിർമാണ ചിലവ് കുറയ്ക്കാൻ വേണ്ടി നിർമ്മിക്കുന്നു എന്നു പറയുന്ന പല കെട്ടിടങ്ങളും ചിലവ് കുറയ്ക്കുന്നില്ല എന്നുമാത്രമല്ല ശൈലിയ്ക്കുവേണ്ടി ആർച്ചുകളും അർദ്ധ കമാനങ്ങളും കെട്ടി ആവശ്യത്തിൽ കൂടുതൽ സാമഗ്രികൾ ഉപയോഗിക്കുകയും ചെയ്യുന്നു. പഞ്ചായത്തിൽ ഇതിന്നുവേണ്ട സാമഗ്രികൾ ഉൽപാദിപ്പിക്കുന്നില്ല. ആയവ ദൂരെനിന്ന് ഇറക്കുമതി ചെയ്യുകയാണ്.

നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന പലരും പകുതി വൈദഗ്ധ്യം നേടിയവരാണ്. പരിചയ കുറവും ചിലവ് വർദ്ധിക്കുവാൻ കാരണമാകുന്നു. ഇവയ്ക്കു പുറമെ ഇടയ്ക്ക് വെച്ച് മാറുന്ന പ്ലാനുകൾ, കെട്ടിടസാമഗ്രികളുടെ തിരഞ്ഞെടുപ്പിൽ വരുത്തുന്ന മാറ്റങ്ങൾ എന്നിവയും നിർമ്മാണ രംഗത്ത് ചിലവ് കൂട്ടുന്നു. ഇത് പരിഹരിയ്ക്കാൻ ഈ രംഗത്ത് വിദഗ്ദ്ധോപദേശങ്ങൾ നൽകാൻ കഴിവുള്ള സ്ഥാപനങ്ങൾ പഞ്ചായത്തിലൊ സമീപത്തൊ ഇല്ല. വിദഗ്ധരായ കോൺട്രാക്ടർമാരും കുറവാണ്.

പലതരം ഗ്രാമീണ ഭവന നിർമ്മാണ പദ്ധതികൾ ഇന്ന് നിലവിലുണ്ടെങ്കിലും ഇവയെ ഏകോപിപ്പിക്കുവാൻ പഞ്ചായത്തിൽ സംവിധാനങ്ങൾ ഇല്ല. നമ്മുടെ ആവശ്യങ്ങൾ വിപുലവും വിഭവങ്ങൾ കുറവുമാണ്. അതുകൊണ്ടുതന്നെ സമഗ്രമായ ഒരു ഭവനനിർമ്മാണ പദ്ധതിക്ക് രൂപം കൊടുക്കേണ്ടതുണ്ട്. ഗുണഭോക്താക്കൾ, സന്നദ്ധ സംഘടനകൾ, വിവിധതരം ഏജൻസികൾ എന്നിവരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സമിതി രൂപീകരിയ്ക്കാവുന്നതാണ്. ഈ സമി

തിയ്ക്ക് ചുരുങ്ങിയ ചിലവിൽ കൂട്ടായി കെട്ടിടസാമഗ്രികൾ ഉൽപാദിപ്പിക്കുവാനും അവ അതത് കേന്ദ്രങ്ങളിൽ എത്തിച്ച് കൂട്ടിയോജിപ്പിക്കുവാനും അങ്ങിനെ ഐകരൂപ്യമുള്ള വീടുകൾ ഒരു പദ്ധതിയുടെ കീഴിൽ കൊണ്ടുവരുവാനും കഴിയും. അത്തരം വീടുകൾക്ക് അത്യാവശ്യം വേണ്ട സൗകര്യങ്ങൾ ഉണ്ടാവുമെന്ന് ഉറപ്പ് വരുത്തുകയും വേണം.

പഞ്ചായത്തിൽ JRY പദ്ധതിയിൽ 26 വീടുകൾക്ക് 401000 രൂപയും 300 ESP കക്കൂസുകൾക്ക് 41132 രൂപയും വിതരണം ചെയ്തിട്ടുണ്ട്. ഇതൊന്നും യഥാർത്ഥ ആവശ്യത്തിന്റെ വളരെ അടുത്തുപോലും എത്തുന്നില്ല. മുൻചൊന്നപോലെ സമഗ്രമായ ഒരു പദ്ധതിയിലൂടെ മാത്രമേ പാർപ്പിട പ്രശ്നം പരിഹരിയ്ക്കാൻ കഴിയുള്ളൂ.

ലക്ഷം വീട് നാല് സെൻറ് കോളനികളിലെ വീടുകൾ പലതും പുനർനിർമ്മാണം നടത്തേണ്ടവയാണ്. ഇവയുടെ നിർമ്മാണ കാലത്ത് ഗുണനിലവാരം കുറഞ്ഞ സാമഗ്രികളാണ് ഉപയോഗിച്ചുവന്നിരുന്നത്. എനിയും 830 വീടുകൾ കൂടിവേണമെന്ന് IRDP രേഖകൾ വ്യക്തമാക്കുന്നു. ഇതിന്നു പുറമെ മറ്റിതര വിഭാഗങ്ങളിൽ വർഷം തോറും ഉണ്ടാകാവുന്ന വർദ്ധനവ് കൂടി കണക്കിലെടുത്താൽ പദ്ധതി കാലയളവിൽ നല്ലൊരു മുതൽ മുടക്ക് ഈ രംഗത്ത് വേണ്ടി വരും.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപുരയുടെ സ്വഭാവം | | | | | വിവിധ ഭവന നിർമ്മാണ പദ്ധികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | |
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 600 | 116 | 55 | 210 | 133 | 14 | 72 |
| II | 740 | 127 | 68 | 280 | 220 | 15 | 30 |
| III | 580 | 84 | 53 | 225 | 191 | 5 | 22 |
| IV | 480 | 105 | 52 | 228 | 60 | 7 | 28 |
| V | 315 | 59 | 30 | 200 | 14 | 2 | 10 |
| VI | 348 | 20 | 10 | 143 | 166 | 4 | 5 |
| VII | 318 | 10 | 15 | 160 | 121 | 4 | 8 |
| VIII | 520 | 22 | 35 | 320 | 135 | 2 | 6 |
| IX | 557 | 15 | 20 | 230 | 272 | 10 | 10 |
| X | 435 | 8 | 10 | 250 | 156 | 3 | 8 |
| XI | 313 | 37 | 20 | 185 | 59 | 2 | 10 |
| ആകെ | 5206 | 603 | 368 | 2431 | 1527 | 68 | 209 |

| പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം | 91–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|
| 5820 | 3620 | 4215 | 4310 | 5315 | 5820 |

## പ്രശ്നങ്ങൾ

- ദുർബ്ബലവിഭാഗങ്ങൾക്ക് ആവശ്യത്തിന്നു വേണ്ട വീടുകൾ നിർമ്മിക്കപ്പെടുന്നില്ല.
- ഭൂരഹിതരുടെ വീടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വായ്പകൾ ലഭിയ്ക്കാനുള്ള പ്രയാസം.
- ലക്ഷം വീട് നാല് സെൻറ് കോളനികളിലെ വീടുകൾ പലതും തകർന്നു പോയിരിക്കുന്നു.
- അനുവദിച്ച കോളണി വീടുകളിൽ ആൾപ്പാർപ്പില്ല.
- കെട്ടിടങ്ങളുടെ വായ്പ അനുവദിയ്ക്കുമ്പോൾ ഉപഭോക്താക്കളുടെ താൽപര്യം അംഗീകരിക്കുന്നില്ല.
- കോളനികളിൽ പശ്ചാത്തല സൗകര്യങ്ങളില്ല.
- ഭവന വായ്പകൊണ്ട് വീടുകൾ നിർമ്മിയ്ക്കാൻ കഴിയുന്നില്ല.
- ക്ഷേമ നിധയിൽ നിന്ന് ഭവനവായ്പ അനുവദിയ്ക്കുന്നില്ല.
- കെട്ടിടനിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വിലക്കയറ്റവും.
- കോളനി ഭൂമികളുടെ പട്ടയം കിട്ടുന്നില്ല.

## സാദ്ധ്യതകൾ

- ദുർബ്ബല വിഭാഗങ്ങൾക്ക് പ്രത്യേക ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുവാൻ ഗുണഭോക്താക്കൾ, സന്നദ്ധ സംഘടനകൾ, വിവിധ തരം ഏജൻസികൾ എന്നിവരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സമിതി രൂപീകരിക്കുക.
- വീട് വെയ്ക്കാൻ പറ്റിയ സ്ഥലം കണ്ടെത്തുക.
- ഹൗസിങ്ങ് സൊസൈറ്റികളുടെ പ്രവർത്തന പരിധി കുറയ്ക്കുകയും പുതിയവ തുടങ്ങി പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുക.
- ആൾപ്പാർപ്പില്ലാത്ത കോളനി വീടുകൾ പുനർവിതരണം നടത്തുക.
- ചിലവ് കുറഞ്ഞ നിർമ്മാണ രീതി പ്രചരിപ്പിക്കുക. ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുക.
- ഭവന വായ്പ ചുരുങ്ങിയത് 35000 രൂപയാക്കുക.
- ക്ഷേമനിധിയിൽ നിന്ന് ഭവന വായ്പ അനുവദിയ്ക്കുക.
- കോളനി ഭൂമികളുടെ പട്ടയം വിതരണം നടത്തുക.
- പഞ്ചായത്തിൽ കെട്ടിട നിയമവ്യവസ്തകൾ നടപ്പിലാക്കുക.
- രാജീവ് ദശലക്ഷ ഭവന പദ്ധതിപ്രകാരം സ്ഥലവും വീടും ലഭ്യമാക്കുക.

## സാമൂഹ്യക്ഷേമം:

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ വിജയം ഗ്രാമ സമൂഹത്തിന്ന് ആയത് ഏതേത് അളവിൽ കിട്ടുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരുടെ ഉന്നമനത്തിന്നു വേണ്ടി സാംസ്കാരികവും തൊഴിൽ പരവുമായ പുരോഗതി ഉറപ്പ് വരുത്തണം. വികലാംഗർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ എന്നിവരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് സന്നദ്ധ സംഘടനകളെ വളർത്തുകയും അവയ്ക്കാവശ്യമായ ധനസഹായ പദ്ധതി കണ്ടെത്തുകയും ചെയ്യണം.

നമ്മുടെ സംസ്ഥാനത്തിലാണ് ഏറ്റവും കൂടുതൽ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഇതിന്നാവശ്യമായ നിയമങ്ങളും ചട്ടങ്ങളും ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്. ക്ഷേമ പെൻഷനുകൾ അർഹതപ്പെട്ടവർക്ക് തന്നെയാണ് കിട്ടുന്നതെങ്കിലും അർഹതപ്പെട്ട എല്ലാവർക്കും ആയത് കിട്ടുന്നില്ല എന്നും നമുക്ക് കാണാൻ കഴിയും. എല്ലാതരത്തിലുള്ള ഗുണഭോക്താക്കളേയും തെരഞ്ഞെടുക്കാൻ പ്രത്യേകാധികാരങ്ങളോടുകൂടിയ വിദഗ്ധസമിതി രൂപീകരിയ്ക്കേണ്ടതാണ്.

പഞ്ചായത്തിലെ സാമൂഹ്യ ക്ഷേമ പ്രവർത്തനം ഈ രൂപത്തിൽ നിലവിൽ വന്നിട്ടില്ല. രണ്ടുതരത്തിലുള്ള പദ്ധതികളാണ് നിലവിലുള്ളത്. ദാരിദ്ര്യനിർമ്മാർജ്ജനത്തിന്നുള്ള IRDP പദ്ധതിയും വിവിധ ജനവിഭാഗങ്ങൾക്കുള്ള പലതരം പെൻഷൻ പദ്ധതിയും.

സെൻസസ് കണക്കനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 25110 ആണ്. ഇവരിൽ 58% വും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. IRDP സർവ്വെ അനുസരിച്ച് 2998 ദരിദ്ര്യ കുടുംബങ്ങളിൽ സാമ്പത്തിക സഹായം ലഭിച്ചവർ 425 ഇത് 14.17% മാകുന്നു. സാമ്പത്തിക സഹായം കിട്ടിയതു മൂലം ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയവർ 4.86% അതായത് 146 കുടുംബങ്ങൾ. ഈ കണക്കനുസരിച്ച് വലിയൊരു വിഭാഗം ജനങ്ങൾ താഴെ തട്ടിൽ തന്നെയാണ് ജീവിയ്ക്കുന്നത്.

സർവ്വെ അനുസരിച്ച് പട്ടികജാതി വിഭാഗത്തിൽ 147 കുടുംബങ്ങളാണുള്ളത്. ഇവരിൽ 137 കുടുംബങ്ങൾക്കും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നവരുടെ തൊഴിൽ വൈദഗ്ധ്യം വളർത്തിയെടുക്കാൻ ഏർപ്പെടുത്തിയ ട്രൈസം പരിശീലനം നേടിയവർ പഞ്ചായത്തിൽ അധികമില്ല. ആകെ 39 പേർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം കിട്ടിയെങ്കിലും സ്വയം തൊഴിൽ കണ്ടെത്തിയവർ 19 പേരാണ്. വനിതകൾക്കുള്ള DWCRA പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിലുകൾ പലതും വൈവിദ്ധ്യമുള്ളതല്ല.

ഇന്ന് പഞ്ചായത്തിൽ 2431 പേർക്കാണ് വിവിധ പെൻഷൻ പദ്ധതികളിലൂടെ സഹായം കിട്ടുന്നത്. അർഹരായ മുഴുവൻ പേരേയും ഇത്തരം പദ്ധതികളിൽ ഉൾപ്പെടുത്താൻ കഴിയണം. പഞ്ചായത്തിൽ ഇന്ന് പെൻഷൻ കിട്ടുന്നവരുടെ ഇനം തിരിച്ച പട്ടിക താഴെ കൊടുക്കുന്നു.

സാമൂഹ്യക്ഷേമരംഗത്ത് അംഗൻവാടികൾക്കുള്ള സ്ഥാനം വളരെ പ്രാധാന്യമുള്ളതാണ്. പഞ്ചായത്തിൽ 18 അംഗൻവാടികൾ ഉണ്ട്. ഇവയിൽ ആവശ്യമായത്ര കളിക്കോപ്പുകളില്ല. കുടിവെള്ള സൗകര്യമില്ല. കക്കൂസുകളും ഇല്ല. സാമൂഹ്യ സർവ്വെ അനുസരിച്ച് മൂന്ന് വയസ്സു വരെ പ്രായമുള്ളവർ 1004ഉം മൂന്നു വയസ്സു മുതൽ അഞ്ചു വരെയുള്ളവർ 612ഉം കുട്ടികളാണ്. ഇവരെ മുഴുവൻ അംഗൻവാടികളിൽ എത്തിക്കുക എന്നുള്ളതാണ് പ്രധാനം. സർവ്വെ സൂചിപ്പിക്കുന്നത് കഴിഞ്ഞവർഷത്തെ ജനനം 209ഉം ശിശുമരണം 7 അതായത് 3.34%വും ആകുന്നു.

(പട്ടിക 2 കാണുക)

കാര്യക്ഷമമായ പൊതു വിതരണ സമ്പ്രദായം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിൽ ഇത് കുറച്ചൊന്നുമല്ല സഹായിക്കുന്നത്. 14 പൊതു വിതരണ കേന്ദ്രങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. മാവേലി സ്റ്റോറും സഹകരണ മാവേലി സ്റ്റോറുകളും പ്രവർത്തിക്കുന്നില്ല. പൊതുവിതരണ സ്റ്റോറുകളിലൂടെ ഭക്ഷ്യധാന്യങ്ങൾ പഞ്ചസാര, മണ്ണെണ്ണ എന്നിവയും തിരഞ്ഞെടുത്ത ചില കടകളിലൂടെ മറ്റ് നിത്യോപയോഗ സാധനങ്ങളും ചിലപ്പോൾ വിതരണം ചെയ്യുന്നുണ്ട്. പലവ്യഞ്ജനങ്ങൾ ആളോഹരി യൂനിറ്റടിസ്ഥാനത്തിൽ ഇത്തരം കടകളിൽനിന്ന് ലഭിക്കുന്നില്ല. ആവശ്യമായ ശാഖകൾ തുറന്ന് സഹകരണ മാവേലി സ്റ്റോറുകൾ ശക്തിപ്പെടുത്തുകയും ഉപഭോക്തൃ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുകയും ചെയ്താൽ ഈ രംഗത്തെ പ്രയാസങ്ങൾ ഒരളവുവരെ പരിഹരിയ്ക്കാൻ കഴിയും.

### പ്രശ്നങ്ങൾ

- അംഗൻവാടികൾ പ്രവർത്തിക്കുന്നതിൽ പോരായ്മകൾ ഉണ്ട്.
- മഹിളാസമാജങ്ങൾ പ്രവർത്തനക്ഷമമല്ല.
- അംഗൻവാടികളിൽ കുടിവെള്ളം, കളിസ്ഥലം, കളിക്കോപ്പുകൾ, കക്കൂസ് എന്നിവ ഇല്ല.
- അംഗൻവാടികളിലെ ജീവനക്കാർ കൃത്യസമയത്ത് ഗൃഹസന്ദർശനം നടത്തുന്നില്ല.
- ക്ഷേമനിധിയിലേയ്ക്കുള്ള അംശാദയം പഞ്ചായത്തുകളിൽ സ്വീകരിക്കുന്നില്ല.

## പട്ടിക-2 സാമൂഹ്യക്ഷേമം

## പെൻഷൻ, ധനസഹായങ്ങൾ-അരിക്കുളം പഞ്ചായത്ത്

| അഗതി പെൻഷൻ | വിധവാ പെൻഷൻ | വികാലംഗ പെൻഷൻ | വാർദ്ധക്യ കാല പെൻഷൻ | അവശ കലാകാര സാഹിത്യ പെൻഷൻ | ക്ഷയരോഗി പെൻഷൻ | കുഷ്ഠരോഗി പെൻഷൻ | കാൻസർ രോഗി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|
| - | 359 | 217 | 145 | 2 | 437 | 26 | 20 | 1225 | - |

- വിവിധ പെൻഷൻ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്താൻ സംവിധാനമില്ല.
- കുലാല വിഭാഗത്തിൽ പെട്ടവർക്ക് സംവരണമില്ല.
- ക്ഷേമ പദ്ധതികൾ കാര്യക്ഷമമല്ല.
- പൊതു വിതരണ ശൃംഖല മെച്ചപ്പെട്ടവയല്ല.
- വിദഗ്ധ തൊഴിൽ പരിശീലനം നേടിയവർക്ക് തൊഴിൽ ലഭിക്കുന്നില്ല.
- അവശജന വിഭാഗങ്ങൾ അപേക്ഷ നൽകിയിട്ടും ധന സഹായം ലഭിക്കുന്നില്ല.

## സാദ്ധ്യതകൾ

- വില കുറഞ്ഞ വസ്തുക്കളും പാഴ്‌വസ്തുക്കളും ഉപയോഗപ്പെടുത്തി കളിപ്പാട്ടങ്ങൾ നിർമ്മിക്കുവാൻ അമ്മമാരേയും യുവതികളേയും ഉപയോഗപ്പെടുത്തുക.
- പൈപ്പുകൾ നീട്ടി കുടിവെള്ള പ്രശ്നം പരിഹരിയ്ക്കുക. കിണർ കുഴിക്കുക. പഞ്ചായത്ത്/സാമൂഹ്യക്ഷേമ വകുപ്പ് പൊതുജനപങ്കാളിത്തം ഉപയോഗപ്പെടുത്തി കക്കൂസ് നിർമ്മിക്കുക.
- കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ കെട്ടിടം നിർമ്മിക്കുക.
- ക്ഷേമനിധി അംശാദായം പഞ്ചായത്തുകളിൽ സ്വീകരിക്കുക.
- വിവിധ പെൻഷനുകൾക്ക് അർഹരായവരെ കണ്ടെത്താൻ സാമൂഹ്യസർവ്വെ നടത്തുക.
- ക്ഷേമ പദ്ധതികളുടെ നടത്തിപ്പിന്റെ ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് നൽകുക.
- സഹകരണ മാവേലി സ്റ്റോറുകൾ ശക്തിപ്പിടുത്തുകയും എല്ലാ പൊതുവിതരണ കേന്ദ്രങ്ങൾ മുഖേനയും ഭക്ഷ്യധാന്യങ്ങൾക്കു പുറമെ പല വ്യജ്ഞനങ്ങൾ കൂടി വിതരണം നടത്തുക.
- വിദഗ്ധ പരിശീലനം നേടിയ തൊഴിലാളികൾക്ക് വിവിധ പദ്ധതികളിലൂടെ തൊഴിൽ ഉറപ്പ് വരുത്തുക.
- അർഹരായ എല്ലാവർക്കും ധനസഹായം അനുവദിയ്ക്കുക.
- ഉപഭോക്തൃ സംരക്ഷണസമിതികൾ രൂപീകരിച്ച് ബോധവൽക്കരണം നടത്തുക.
- മാവേലിസ്റ്റോർ സ്ഥാപിക്കുക.



# വനിത



പഞ്ചായത്തിലെ ജനസംഖ്യയിൽ 50.97% സ്ത്രീകളാണ്. എന്നാൽ പട്ടിക ജാതി വിഭാഗത്തിൽ സ്ത്രീകൾ 50.7% മാത്രമാണ്. പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 89.3% ആണെങ്കിലും സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 83.6% ആണ്. വിദ്യാലയങ്ങളിലും ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ കുറവാണ്. തൊഴിൽ മേഖലയിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവരായി 5362 പുരുഷന്മാർ ഉള്ളപ്പോൾ സ്ത്രീകൾ 1671 മാത്രമാണ്.

വിവിധ തൊഴിൽ മേഖലകളിലെ സ്ത്രീകളുടെയും പുരുഷന്മാരുടെയും പങ്കാളിത്തം പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

കുടിൽ വ്യവസായ മേഖലയിൽ മാത്രമാണ് സ്ത്രീകൾ മുൻതൂക്കമുള്ളത്. ഇതിനു കാരണം പരമ്പരാഗത വ്യവസായ മേഖലയായ കുട്ട, പായ ചകിരി നിർമ്മാണ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ് എന്നുള്ളതാണ്. തൊഴിൽ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം ആകെ തൊഴിലാളികളുടെ 23.75 ശതമാനം മാത്രമാണ്.

പൊതു പ്രവർത്തന രംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെയേറെ പരിമിതമാണ്. വനിതാ സംഘടനകളിൽ മാത്രമാണ് അവർ നേതൃത്വ പദവിയിൽ ഉള്ളത്. 19 മഹിളാസമാജങ്ങൾ നിലവിലുണ്ടെങ്കിലും അവ പ്രവർത്തനക്ഷമമല്ല.

വനിതകളുടെ മാത്രമായിട്ടുള്ള 6 തൊഴിൽ സ്ഥാപനങ്ങൾ നിലവിലുണ്ട്. 4 DWCRA യൂനിറ്റുകളും ഒരു ഖാദി നൂൽനൂൽപ്പ് കേന്ദ്രവും ഒരു ഖാദി നെയ്ത്ത് കേന്ദ്രവും. തൊഴിൽ മേഖലയിൽ സ്ത്രീകളുടെ വേതന നിരക്ക് പുരുഷന്മാരുടേതിനെക്കാൾ കുറവാണ്. അക്കാദമിക മേഖലയിൽ ഉന്നത വിജയം നേടുന്ന വനിതകൾ ധാരാളം ഉണ്ടെങ്കിലും ആനുപാതികമായി ഭരണരംഗത്തോ ഔദ്യോഗിക മേഖലയിലോ അവർക്ക് പങ്കാളിത്തം ഇല്ല.

സ്ത്രീകൾക്ക് പുരുഷന്മാരെ അപേക്ഷിച്ച് ജോലിഭാരം വളരെ കൂടുതലാണ്. തൊഴിലാളികളും ഉദ്യോഗസ്ഥകളു

## പട്ടിക 1

| തൊഴിൽ മേഖല | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| കർഷകർ | 417 | 55 | 472 |
| കർഷകതൊഴിലാളികൾ | 1019 | 467 | 1486 |
| മൃഗസംരക്ഷണം - മത്സ്യബന്ധനം | 480 | 39 | 519 |
| ക്വാറി | 237 | 6 | 243 |
| ഉൽപാദനം സർവ്വീസ് റിപ്പേർ | 56 | 86 | 142 |
| ഇതര ഉൽപ്പാദന മേഖല | 316 | 150 | 466 |
| കെട്ടിട നിർമ്മാണം | 267 | 30 | 297 |
| വ്യാപാരം സാമ്പത്തിക സ്ഥാപനങ്ങൾ | 859 | 18 | 877 |
| ഗതാഗതം വാർത്താവിനിമയം | 307 | 56 | 363 |
| മറ്റു മേഖലകൾ | 649 | 227 | 876 |
| ഭാഗികമായി തൊഴിലുള്ളവർ | 755 | 537 | 1292 |
| ആകെ | 5362 | 1671 | |

മായ സ്ത്രീകളുടെ കാര്യത്തിൽ ഈ ഭാരം ഇരട്ടിക്കുന്നു. പൊതുവിതരണ കേന്ദ്രങ്ങൾ വ്യാപാരസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സാധനങ്ങൾ വാങ്ങാൻ വരുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ആശുപത്രികളിൽ രോഗികളുടെ കൂടെ വരുന്നവരും പരിചാരകരും കൂടുതലും സ്ത്രീകളാണ്.

കുടുംബ ബന്ധങ്ങളിലും സാമൂഹിക ജീവിതത്തിലും പുരുഷമേധാവിത്വം നിലനിൽക്കുന്നു. സ്ത്രീധനം സംബന്ധമായ പീഢനങ്ങൾ കുറഞ്ഞ അളവിലെങ്കിലും നമ്മുടെ പഞ്ചായത്തിലും നിലനിൽക്കുന്നുണ്ട്. യാത്രാവേളകളിൽ സ്ത്രീകൾ പലതരം ശല്യങ്ങളും നേരിടേണ്ടിവരുന്നുണ്ട്. പുരുഷന്മാർക്കിടയിലെ മദ്യപാനത്തിന്റെ ഫലമായി സ്ത്രീകൾ വളരെയധികം ദുരിതം അനുഭവിക്കുന്നുണ്ട്. സ്ത്രീധനം നൽകാൻ കഴിയാത്തത്കൊണ്ടുമാത്രം നിരവധി യുവതികൾ അവിവാഹിതകളായി കഴിയുന്നുണ്ട്. ബാലികാ വിവാഹം ഇപ്പോഴും പഞ്ചായത്തിൽ നടക്കുന്നുണ്ട്.

പഞ്ചായത്തിലെ ജനസംഖ്യയിൽ കൂടുതലും സ്ത്രീകളാണെങ്കിലും സ്കൂളുകളിൽ പെൺകുട്ടികളെ അപേക്ഷിച്ച് ആൺകുട്ടികളാണ് കൂടുതൽ. ഇതിന് പ്രധാന കാരണം പെൺകുട്ടികൾ പ്രൈമറി സെക്കൻഡറി തലത്തിൽ വെച്ചു കൊഴിഞ്ഞുപോകുന്നതാണ്. പട്ടികജാതി വിഭാഗങ്ങൾക്കിടയിലും മുസ്ലിം പെൺകുട്ടികൾക്കിടയിലുമാണ് കൊഴിഞ്ഞുപോക്ക് കൂടുതൽ.

ഗൗരവമുള്ള വായന സ്ത്രീകൾക്കിടയിൽ കുറവാണ്. കലാ-സാംസ്കാരിക രംഗങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. കലാ-സാംസ്കാരിക രംഗങ്ങളിലും മറ്റു പൊതു പ്രവർത്തന മേഖലകളിലും പങ്കെടുക്കുന്ന സ്ത്രീകളെ അവജ്ഞയോടെ വീക്ഷിക്കുന്ന ഒരു പ്രവണത സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. ഇത് പൊതുരംഗത്തേക്ക് സ്ത്രീകൾ കടന്നു വരുന്നത് തടസ്സമായി നിൽക്കുന്നു.

## പ്രശ്നങ്ങൾ

- പൊതുപ്രവർത്തനരംഗത്ത് വനിതകളുടെ പങ്ക് കുറവാണ്.
- തൊഴിൽ രംഗത്ത് സ്ത്രീകൾക്ക് വേണ്ടത്ര അവസരങ്ങൾ ഇല്ല.
- കൂലി നിരക്കിൽ സ്ത്രീപുരുഷ അന്തരം നിലനിൽക്കുന്നു.
- തൊഴിൽ ശാലകളിലും പൊതു സ്ഥലങ്ങളിലും സ്ത്രീകൾക്ക് പ്രാഥമികാവശ്യം നിർവ്വഹിക്കാൻ സൗകര്യമില്ല.
- ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെ ആനുകൂല്യം അർഹമായ രീതിയിൽ സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
- സ്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികളിൽ കൂടുതലും സ്ത്രീകളാണ്.
- ബാലികാ വിവാഹം സ്ത്രീകളുടെ വിദ്യാഭ്യാസത്തെയും ആരോഗ്യത്തേയും പ്രതികൂലമായി ബാധിക്കുന്നു.
- സ്ത്രീകളുടെ ഇടയിൽ വായനാശീലം കുറവാണ്.
- അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകളുടെ ജീവിത പ്രയാസം വർദ്ധിപ്പിക്കുന്നു.
- സ്ത്രീധനം നൽകാൻ കഴിയാത്തതുകൊണ്ട് അനേകം യുവതികൾ അവിവാഹിതരായി കഴിയുന്നു. സ്ത്രീധന പ്രശ്നങ്ങൾ മൂലം വിവാഹ ജീവിതം തകർച്ചയെ നേരിടുന്നു.
- കുടുംബ ബന്ധങ്ങളിൽ പുരുഷ മേധാവിത്വം നിലനിൽക്കുന്നു.
- സ്ത്രീകൾ സ്വന്തം അവകാശങ്ങളെ കുറിച്ച് ബോധവതികളല്ല.

## സാധ്യതകൾ

- വനിതാ സംഘടനകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക. അവരെ പൊതു സംഘടനകളുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.
- വനിതാ സഹകരണ സംഘങ്ങൾ ആരംഭിക്കുക.
- സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ കഴിയുന്ന പരമ്പരാഗത കുടിൽ വ്യവസായങ്ങൾ ആരംഭിക്കുക.
- കൂടുതൽ DWCRA യൂനിറ്റുകൾ സ്ഥാപിക്കുക.
- കൃഷി മൃഗപരിപാലനം എന്നീ മേഖലകളിൽ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.
- തുല്യ ജോലിക്ക് തുല്യ വേതനം നടപ്പിലാക്കുക.
- സ്ത്രീകൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ പ്രാഥമികാവശ്യഹ്ങൾ നിറവേറ്റാനുള്ള സൗകര്യം ഏർപ്പെടുത്തുക.
- സ്ത്രീകൾക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- സ്കൂളുകളിൽ നിന്ന് പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുക.
- ഗ്രന്ഥശാലകളിൽ വനിതാ വിഭാഗം ആരംഭിക്കുകയും ഗൃഹപുസ്തക വിതരണ പദ്ധതി നടപ്പിലാക്കുകയും ചെയ്യുക.
- ബാലികാ വിവാഹം തടയുക.
- സ്ത്രീധനം, മദ്യം, അന്ധവിശ്വാസം അനാചാരങ്ങൾ എന്നിവക്കെതിരെ ബോധവൽക്കരണം നടത്തുക.
- സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തുക.

# സഹകരണ മേഖല

ജീവിതത്തിന്റെ സമസ്ത മേഖലകളിലും സ്വാധീനം ചെലുത്തുന്ന ഒരു മഹാ പ്രസ്ഥാനമാണ് സഹകരണം. കാർഷികവും അതിനോടനുബന്ധിച്ച മറ്റ് രംഗങ്ങളിലും ഭൂരിഭാഗം ജനതയെ പങ്കാളികളാക്കാൻ സഹകരണമേഖലയ്ക്ക് സാധിയ്ക്കേണ്ടതാണ്. ഈ രംഗത്ത് ആവശ്യമായ മൂലധനം കണ്ടെത്തി വായ്പാ മേഖല വികസിപ്പിയ്ക്കേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഈ പ്രസ്ഥാനം പൂർണമായും വളർച്ച പ്രാപിച്ചിട്ടില്ല. രണ്ടാം ലോകമഹായുദ്ധക്കാലം രാജ്യത്ത് പട്ടിണിയും ദാരിദ്ര്യവും കൊടുമ്പിരിക്കൊണ്ടു. ക്ഷാമം ജനജീവിതം തകർത്തുകളഞ്ഞു. ഒരുപിടി അരി പോലും കിട്ടാനുള്ള സാഹചര്യം ഇല്ലാതായി. ഉള്ളതിന്ന് തീവിലയും. സ്വാതന്ത്ര്യത്തിന്റെ ആദ്യവർഷങ്ങളിൽ ഈ സ്ഥിതി കൂടുതൽ ദയനീയമായിരുന്നു. ഗവൺമെണ്ട് ഭക്ഷ്യധാന്യവിതരണത്തിന്ന് നിയന്ത്രണം ഏർപ്പെടുത്തി. വളരെ ചുരുങ്ങിയ അളവിലെ ഇവ വിതരണം ചെയ്തിരുന്നുള്ളൂ. അവ കാര്യക്ഷമമായി വിതരണം ചെയ്യാൻ പി.സി.സികൾ രൂപീകരിച്ചു. ഇതിന്റെ ഭാഗമായിട്ടാണ് നമ്മുടെ പഞ്ചായത്തിലും ഭക്ഷ്യധാന്യ വിതരണത്തിന്നായി ഒരു സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചത്. ഇത് 1954-ൽ ഐക്യനാണയ സംഘമായും പിന്നീട് അരിക്കുളം സർവ്വീസ് സഹകരണ ബാങ്കായും വികസിച്ചു.

ഇതുപോലെ മറ്റൊന്ന് കാരയാട് വില്ലേജിൽ കേന്ദ്രീകരിച്ച് 1959-ൽ രൂപീകരിക്കുകയും പിന്നീട് സർവ്വീസ് സഹകരണ ബാങ്കായി വികസിക്കുകയും ചെയ്തു. ഈ രണ്ട് സംഘങ്ങളാണ് ഇന്ന് അരിക്കുളം പഞ്ചായത്തിൽ സഹകരണരംഗത്ത് എടുത്തു പറയാവുന്നത്.

ഇതിന്ന് പുറമെ അരിക്കുളം പട്ടികജാതി വ്യവസായ സഹകരണ സംഘം അരിക്കുളം കയർവ്യവസായ സഹകരണ സംഘം ഖാദിഗ്രാമവ്യവസായബോർഡിന്റെ കീഴിലുള്ള അരിക്കുളം പോട്ടറീസ്. പായ നെയ്ത്ത് സഹകരണ സംഘം. മൂന്ന് സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രണ്ട് ക്ഷീരോൽപാദക സംഘങ്ങൾ എന്നിവയാണ് ഈ മേഖലയിൽ ആകെ ഉള്ളത്. ക്ഷീരോൽപാദക സൊസൈറ്റികൾ രണ്ടും പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിലെ. ജനസംഖ്യാ നിരക്കും കാർഷിക മേഖലയെകുറിച്ചും അന്യത്ര പ്രതിപാദിയ്ക്കപ്പെട്ടതാണ്. ഇതനുസരിച്ചുള്ള വികാസം ബാങ്കിങ്ങിൽ ഉണ്ടായിട്ടില്ല. ഇവയുടെ വർദ്ധിച്ച ജനപങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതുണ്ട്.

പ്രാഥമിക സഹകരണസംഘങ്ങൾ വഴി കൃഷിയോടൊപ്പം വ്യത്യസ്ഥ മേഖലകൾക്ക് വായ്പകൾ ലഭ്യമാണ്.

1. കാർഷിക മേഖലയ്ക്ക് ഹ്രസ്വകാല വായ്പകൾ
2. മദ്ധ്യകാല വായ്പകൾ
3. ദീർഘകാല വായ്പകൾ
4. സ്വർണ്ണക്കടം
5. വിപണന സംവിധാനങ്ങൾക്കുള്ള സേവനം സംഘടിപ്പിയ്ക്കൽ.
6. സംസ്ക്കരണ. സംവിധാനം, സേവനരംഗം, സാമൂഹ്യക്ഷേമം.
7. വിദ്യാഭ്യാസം.

(പട്ടിക 1 കാണുക)

**പട്ടിക രണ്ട്**

| സ്ഥാപനത്തിന്റെ പേര് | ആകെ അംഗങ്ങൾ | ഒരു ഓഹരിയുടെ വില | അംഗീകൃത ഓഹരി മൂലധനം | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച നിക്ഷേപം | | | നൽകിയ വായപകൾ | | | | | | | പിരിഞ്ഞ കിട്ടാന ള്ള അ ധി കഴി കടങ്ങ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | സ്ഥിരം | ഹ്രസ്വ കാലം | ആകെ | കാർഷികം | ഐ.ആർ ഡി.പി. | വീടു നിർമ്മാണം | വിദ്യാഭ്യാസം | വ്യവസായം | സ്വർണ്ണ കടം | ആകെ | |
| അരിക്കുളം സർവ്വീസ് സഹകരണ ബാങ്ക് നമ്പർ എഫ് 1489 | 6823 | 25 രൂ | 35,50000 | 512417/50 | 38,96,769/40 | 1338600/70 | 5235370/10 | 2291160 | 552627 | 49201 | 455371 | 17000 | 3318683 | 6684042 | 2998094 |
| കാരയാട് സർവ്വീസ് സഹകരണ ബാങ്ക് നമ്പർ എഫ് 1702 | 2401 | 10 രൂ | 4,55000 | 372713 | 1135628 | 850978 | 1986606 | 116948 | 87269 | 30527 | – | – | 492847 | 1780591 | 1393954 |
| | 9224 | – | 8100000 | 885130/50 | 5032397/40 | 2189578 | 7221976/10 | 3461108 | 639896 | 79728 | 45531 | 17000 | 3811530 | 8464633 | 4392048 |

ഈ രണ്ട് ക്രഡിറ്റ് സംഘങ്ങളുടേയും വിവയിരുത്തിയാൽ കാർഷിക മേഖലയിലെ വായ്പ നില. മറ്റു രംഗങ്ങളിലെ സ്ഥിതി എന്നിവ വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിയും. മെമ്പർമാരിൽ ഭൂരിഭാഗവും ബാങ്കുകളുമായി ഇടപാട് നടത്തുന്നവരല്ല.

പലിശനിരക്കിലെ ഉയർന്ന തോതുണ്ടായിട്ടും വേണ്ടത്ര ഡപ്പോസിറ്റ് സമാഹരിയ്ക്കാൻ കഴിയുന്നില്ല. സമാഹരിച്ചവ ലാഭകരമായി പ്രവർത്തിപ്പിക്കുവാനും കഴിയുന്നില്ല. ഇതിന്നു പുറമെ കൊയിലാണ്ടി താലൂക്ക് കാർഷിക വികസന ബാങ്കിൽനിന്നും കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വിതരണം ചെയ്ത വായ്പകളും വിലയിരുത്തേണ്ടതുണ്ട്. പഞ്ചായത്തിലെ 321 പേർക്കാണ് വായ്പകൾ അനുവദിച്ചിട്ടുള്ളത്. 4582845 രൂപയാണ്. വിവിധ ഇനങ്ങളിൽ ലഭിച്ചിട്ടുള്ളത്.

ഹൗസിങ്ങ് സൊസൈറ്റിയും വീടുകൾ വായ്പ അനുവദിച്ചിട്ടുണ്ട്. 23 വീടുകൾക്ക് 1105000 രൂപ അനുവദിച്ചു.

ബാങ്കുകളിൽ നിന്ന് വിതരണം ചെയ്തിട്ടുള്ള വായ്പകൾ അധികം കൃഷിക്കാരും മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുകൊണ്ട് കൃത്യമായി തിരിച്ചടയ്ക്കുന്നില്ല. അതുകൊണ്ട് കൃത്യമായി തിരിച്ചടയ്ക്കുന്ന കൃഷിക്കാർക്ക് പുനർവായ്പകൾ നടത്താൻ കഴിയാതെ വരികയും ബാങ്കിങ്ങ് പ്രവർത്തനം മോശമാവുകയും ചെയ്യുന്നു. അടവ് ബാക്കി വരുത്തുന്ന കൃഷിക്കാരെ യഥാസമയം അറിയിക്കാനൊ മറ്റു നടപടികൾക്കൊ വേണ്ടത്ര ജാഗ്രതയില്ല. അതുകൊണ്ട് ഓവർഡ്യൂ വർദ്ധിക്കുകയാണ്.

പഞ്ചായത്തിന്റെ വികസന പദ്ധതികളിൽ സഹകരണ മേഖലയ്ക്ക് കാര്യക്ഷമമായ പങ്കാണ് വഹിയ്ക്കാനുള്ളത്. ആവശ്യമായ വിഭവങ്ങൾ സമഹാരിക്കയ്ക്കണം. സമാഹരിച്ചവ ലാഭകരമായി വിനിയോഗിക്കാൻ സാധിയ്ക്കണം. ഇതിന്ന് സഹകരണ നിയമത്തിലും ചട്ടങ്ങളിലും സാരമായ മാറ്റം ആവശ്യമാണ്. ധനമിടപാടിൽ കാര്യക്ഷമതയും വേഗതയും വേണം. അനാവശ്യമായ കാലതാമസം ഒഴിവാക്കേണ്ടതുണ്ട്.

പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രഥമലക്ഷ്യം കാർഷികാഭിവൃദ്ധിയാണെങ്കിലും ആ മേഖലയിൽ അക്കാദമിക യോഗ്യതയുള്ള ഒരു ജീവനക്കാരനും നിയമിക്കപ്പെടുന്നില്ല.

## പ്രശ്നങ്ങൾ

- സഹകരണ മേഖലയിലെ ക്രഡിറ്റ് ലിമിറ്റ് സമ്പ്രദായം പരിഷ്ക്കരിക്കണം.
- ബാങ്കുകൾക്ക് പണയാധാരം റജിസ്ട്രാക്കാൻ ഭീമമായ ചിലവും കാലതാമസവും ഉണ്ടാവുന്നു.
- നഷ്ടത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകൾക്ക് ഭരണ ചിലവ് താങ്ങാൻ ആവുന്നില്ല.
- മൂന്ന് വർഷം കൂടുമ്പോഴുള്ള തെരഞ്ഞെടുപ്പ് സംഘത്തിന്ന് അധിക ബാദ്ധ്യത വരുത്തുന്നു.
- ചിട്ടിനിയമം സംഘങ്ങൾക്ക് ചിട്ടി നടത്തുന്നതിന്ന് വിഘാതമായിരിക്കുന്നു.
- എഴുതിതള്ളിയ കാർഷിക കടം മുഴുവനും അനുദിച്ചു കിട്ടിയിട്ടില്ല.
- മാനേജുമെന്റിന്റെ കാര്യക്ഷമതയുടെ കുറവ്
- ഡിപ്പാർട്ടുമെന്റിന്റെ ഇടപെടൽ
- തിരിച്ചടവ് ഇല്ലായ്മ.

### കാർഷിക വികസന ബാങ്ക് പഞ്ചായത്തിൽ കൊടുത്ത വായ്പകളുടെ വിവരം.


| നമ്പർ | എത്രപേർക്ക് | ഏത് ഇനം | നൽകിയതുക |
|---|---|---|---|
| 1. | 152 | തെങ്ങ് കൃഷി കയ്യാല തുടങ്ങി | 2376360 |
| 2. | 110 | കിണർ, പമ്പ്സെറ്റ്, സി.സി.ഡിവി. | 811740 |
| 3. | 27 | കൊപ്ര വ്യവസായം | 693400 |
| 4. | 28 | കശുവണ്ടി, കുരുമുളക്, കോഴി ഡയറി | 352345 |
| 5. | 1 | ട്രാക്ടർ | 242000 |
| 6. | 3. | ചെറുകിട വ്യവസായം | 107000 |
| ആകെ | 321 | | 4582845 |

- ആവശ്യത്തിൽ അധികമുള്ള നിയമനങ്ങൾ
- പ്രാഥമിക സംഘങ്ങളിൽ കാർഷിക രംഗത്ത് അക്കാദമിക വൈദഗ്ധ്യം നേടിയ ജീവനക്കാരുടെ അഭാവം.
- ബാങ്കിങ്ങ് ഇടപാടിൽ വൈവിദ്ധ്യവൽക്കരണമില്ല.
- വിവിധോദ്ദേശ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

## സാദ്ധ്യതകൾ

- സഹകരണ സംഘങ്ങൾക്ക് കേഷ് ക്രഡിറ്റ് സമ്പ്രദായം നടപ്പിലാക്കുക.
- പണയക്കടം റജിസ്റ്ററാക്കുന്നതിനു പകരം ഇകിറ്റിബിൾ മോർട്ട്ഗേജ് രീതി അവലംബിക്കുക.
- നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ ഭരണ ചിലവിന്ന് ഗ്രാൻറ് അനുവദിക്കുക.
- ഭരണസമിതിയുടെ കാലാവധി അഞ്ച് വർഷമാക്കുക.
- തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അനാമത്ത് ചിലവുകൾ സഹകരണ വകുപ്പ് വഹിക്കുക.
- ഒരു ലക്ഷം രൂപവരെയുള്ള ചിട്ടി നടത്തുവാൻ സഹകരണ ബാങ്കുകളെ ചിട്ടിനിയമത്തിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കുക.
- 1989-ൽ എഴുതിതള്ളിയ കടം ഇനിയും കിട്ടാനുള്ളത് പലിശസഹിതം സംഘങ്ങൾക്ക് അനുവദിയ്ക്കുക.
- അരിക്കുളം കാരയാട് ബാങ്കുകളെ ലയിപ്പിച്ച് കാരയാട് ബാങ്ക് ശാഖയായി നിലനിർത്തുകയും നടേരിയിൽ മറ്റൊരു ശാഖ അനുവദിക്കുകയും ചെയ്യുക.
- കാലാകാലങ്ങളിൽ ജീവനക്കാർക്കും സഹകാരികൾക്കും നിർബന്ധമായും പുന:പരിശീലനം കൊടുക്കുക.
- കൃഷിയുമായി ബന്ധപ്പെട്ട അക്കാദമിക വിദ്യാഭ്യാസമുള്ളവരെ ബാങ്കുകളിൽ നിയമിക്കുക.
- കടം പിരിച്ചെടുക്കാൻ നിയമ നടപടികൾ ജാഗ്രതപ്പെടുത്തുക.
- ഓഡിറ്റിങ്ങ് അതത് കാലത്ത് കൃത്യമായി ചെയ്യുക.
- വിവിധ ആവശ്യങ്ങൾക്ക് വേണ്ടി താഴെ പറയുന്ന സംഘങ്ങൾ രൂപീകരിക്കുക.

1. ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ (മരം ഇരുമ്പ് തുടങ്ങിയ അടിസ്ഥാനമായി) രൂപീകരിക്കുക.
2. വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുക.
3. സഹകരണ ആശുപത്രി.
4. ലേബർ കോൺട്രാക്ട് സൊസൈറ്റി.
5. ആർടിസാൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
6. നാളികേരം അടിസ്ഥാനമായി സഹകരണസംഘം.
7. കൃഷി അടിസ്ഥാനമായി ചല്ലികൃഷിക്കാരുടെ സഹകരണസംഘം.
8. ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട വികസന സമിതി..



# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ചരിത്രപരവും സാമൂഹ്യപരവുമായ കാരണങ്ങളാൽ പിൻതള്ളപ്പെട്ടുപോയ ഒരു ജനവിഭാഗമാണ് പട്ടികജാതി പട്ടിക വർഗ്ഗക്കാർ. അധ:കൃതവർഗ്ഗം എന്ന മുദ്രകുത്തി സാമൂഹ്യധാരയിൽനിന്ന് ഒഴിച്ചുനിർത്തിയതിനാൽ വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ ഈ സമൂഹത്തിന്റെ ശാപമായിമാറി. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ പല പദ്ധതികളും നടപ്പിലാക്കിയിരുന്നുവെങ്കിലും അവ ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടു. പഞ്ചായത്തിൽ 2435 പട്ടികജാതിക്കാരാണുള്ളത്. ഇത് ജനസംഖ്യയുടെ 9.69 ശതമാനം വരും. ഇവരിൽ ഭൂരിഭാഗവും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഇവർ താമസിക്കുന്നത് ഒന്നുകിൽ ഉയർന്ന പ്രദേശങ്ങളിലോ അല്ലെങ്കിൽ വളരെ താഴ്ന്ന പ്രദേശങ്ങളിലോ ആണ്. ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ കുടിവെള്ളത്തിന്റെ ദൗർലഭ്യം അനുഭവിക്കുമ്പോൾ താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ മഴവെള്ളക്കെടുതിയുടെ ദുരിതങ്ങൾക്ക് വിധേയരാവുന്നു. ഇതിൽ വലിയൊരു വിഭാഗം കോളനികളിലും ലക്ഷം വീടുകളിലുമാണ് താമസിക്കുന്നത്. ഇവരുടെ വാസ സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വേണ്ടത്ര എത്തിക്കാൻ സാധിച്ചിട്ടില്ല.

ഇവരിൽ ഭൂരഭാഗവും കർഷക തൊഴിലാളികളാണ്. മറ്റുള്ളവർ പരമ്പരാഗത തൊഴിലുകളായ പായ നെയ്ത്ത് കൊട്ട നിർമ്മാണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നു. അസംസ്കൃത സാധനങ്ങൾ വേണ്ടത്ര ലഭ്യമല്ലാത്തതിനാൽ ഈ മേഖലയിൽ തൊഴിലവസരം കുറഞ്ഞുവരികയാണ്. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നത് തൊഴിൽ സാധ്യതയെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു.

വിദ്യഭ്യാസപരമായും ഇവർ പിന്നോക്കമാണ് സാംബവ കുടുംബങ്ങളിലുള്ളവർ സ്കൂളുകളിൽ പോകുന്നതുപോലും അപൂർവ്വമാണ്. പ്രൈമറി സെക്കന്ററി തലങ്ങളിൽ വെച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരിഭാഗം കുട്ടികളും കൊഴിഞ്ഞുപോകുകയാണ് പൊതുപ്രവർത്തന രംഗത്തും കലാസാംസ്കാരിക രംഗത്തും പ്രവർത്തിക്കുന്നവരുടെ എണ്ണം വളരെ പരിമിതമാണ്. കൈവശഭൂമിയുടെ വിസ്തീർണ്ണം വളരെ കുറവായതിനാൽ ശവമടക്കാൻ പോലും വളരെ ബുദ്ധിമുട്ടുകയാണ്. പഞ്ചായത്തിൽ പട്ടികജാതിക്കാരുടെ ഒരു സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വളരെ കുറഞ്ഞ ആളുകൾക്ക് മാത്രമേ ഈ സ്ഥാപനം മുഖേന തൊഴിൽ നൽകാൻ കഴിയുന്നുള്ളൂ.

### പ്രശ്നങ്ങൾ

- പട്ടികജാതിക്കാരുടെ വാസസ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്.
- പരമ്പരാഗത തൊഴിലുകൾക്കാവശ്യമായ അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും ഇടത്തട്ടുകാരുടെ ചൂഷ

ണവും .

- സ്വന്തമായി ഭൂമിയില്ലാത്തതിനാൽ ബാങ്ക് വായ്പകൾ കിട്ടാൻ പ്രയാസമാണ്.
- പട്ടികജാതിക്കാരായ വിദ്യാർത്ഥികളുടെ ഇടയിൽ കൊഴിഞ്ഞുപോക്ക് കൂടുതലാണ്.
- അഭ്യസ്തവിദ്യരായ യുവതീയുക്കൾക്ക് തൊഴിൽ ലഭിക്കുന്നില്ല.
- തൊഴിൽ പരിശീലനത്തിന് ആവശ്യമായ സൗകര്യമില്ല.
- പൊതു ശ്മശാനങ്ങൾ ഇല്ലാത്തതിനാൽ ശവമടക്കാൻ ബുദ്ധിമുട്ടേണ്ടിവരുന്നു.

## സാധ്യതകൾ

- കോളനികളിൽ പട്ടികജാതി ക്ഷേമവകുപ്പിന്റെയും സാമൂഹ്യവികസന വകുപ്പിന്റേയും സഹായത്തോടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- കനാൽ പുറമ്പോക്കുകളിലും മറ്റു പുറമ്പോക്കുകളിലും കൈത വച്ചു പിടിപ്പിച്ച് ആവശ്യത്തിന് കൈതോല ലഭ്യമാക്കുക.
- പട്ടികജാതി സഹകരണ സംഘം മുഖേന ഈറ്റ വിതരണം ചെയ്ത് ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് രക്ഷപ്പെടുത്തുക.
- സ്വയംതൊഴിൽ തുടങ്ങാൻ ആവശ്യമായ ബാങ്ക് വായ്പ ലഭ്യമാക്കുക.
- തൊഴിൽ പരിശീലന സ്ഥാപനങ്ങൾ ആരംഭിക്കുക.
- വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കു തടയാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.
- എല്ലാ വാർഡുകളിലും പൊതു ശ്മശാനങ്ങൾ ഏർപ്പെടുത്തുക.



# വിഭവസമാഹരണം

കാർഷിക സാമ്പത്തിക മേഖലകളിൽ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് അരിക്കുളം. ഒരു ദരിദ്ര പഞ്ചായത്ത് എന്ന് വേണമെങ്കിൽ വിളിക്കാം. മൊത്തം വരുമാനത്തിന്റെ 65%ത്തിലധികം ഭരണച്ചെലവിന് വേണ്ടി ചെലവഴിക്കപ്പെടുന്നു. അതുകൊണ്ട് തന്നെ വികസന പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിന് സ്വന്തം ഫണ്ടുണ്ടാകാറില്ല. ജെ.ആർ.വൈ. അൺടൈഡ്. ഗവ: ഗ്രാന്റുകൾ എന്നീ ഇനങ്ങളിൽ കിട്ടിവരുന്ന തുക ഉപയോഗിച്ചാണ് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇത് റോഡ് പണിയിലും അതിന്റെ അറ്റകുറ്റപ്പണിയിലുമായി അവസാനിച്ചുപോവുന്നു. 95-96ലെ വരവ് അന്യത്ര ചേർക്കുന്നു.

എന്നാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളും മറ്റു പദ്ധതിവിഹിതങ്ങളും നമ്മുടെ ആവശ്യത്തിന്റെ ചെറിയൊരു ശതമാനം പോലും പൂർത്തീകരിക്കാൻ പര്യാപ്തമല്ല. 95-96 ൽ ചെലവ് ചെയ്ത തുകയുടെ പട്ടിക ശ്രദ്ധിക്കുക.

വിവിധ ഗ്രാന്റുകളായി 1052317 രൂപയും നടപ്പു വർഷത്തെ പഞ്ചായത്ത് വരുമാനം 437248/45 രൂപയും മുൻവർഷത്തെ ബാക്കി 530288/55 രൂപയും കൂടി ആകെ വരവ് 2019854 രൂപയാണ്. വിവിധ പദ്ധതി വിഹിതമായി ക്കിട്ടുന്ന ഫണ്ടുപയോഗിച്ചാണ് പല വികസന പ്രവർത്തനങ്ങളും നടത്തിവരുന്നത്.

| ഇനം | ധനാഭ്യർഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 171906.05 | 146825.15 | 25080.90 |
| സർവ്വീസ് ചാർജ്ജ് | - | - | - |
| തൊഴിൽ നികുതി | 83275 | 52135 | 31140 |
| വിനോദ നികുതി | 26800 | 26800 | - |
| അഡി. വിനോദ നികുതി | 16080 | 16080 | - |
| പ്രദർശന നികുതി | 1688 | 1688 | - |
| പ്രദർശന നികുതിയിന്മേലുള്ള സർച്ചാർജ്ജ് | 422 | 422 | - |
| ലൈസൻസ് ഫീസ് | 15591 | 13581 | 2010 |
| കെട്ടിടനികുതി സർചാർജ്ജ് | - | - | - |
| വസ്തു കൈമാറ്റ നികുതി | 75% | 128278 | 128278 |
| സർക്കാർ ഗ്രാൻറ് ഒഴികെയുള്ള മറ്റു വരവുകൾ | 2860 | 2860 | - |
| സംഭാവന | 6000 | 6000 | - |
| ഡെപ്പോസിറ്റ് | 34983.75 | 34983.75 | - |
| മറ്റുള്ളവ | 7625.55 | 7625.55 | - |
| ആകെ | 495509.35 | 489688.45 | 5820.90 |

95-96 ലെ പഞ്ചായത്ത് ചെലവ് പട്ടിക

| ഇനം | തുക |
|---|---|
| ഭരണം | 469783.85 |
| പൊതുമരാമത്ത് | 264531.00 |
| വിദ്യാഭ്യാസം | 25808.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 61567.00 |
| തെരുവു വിളക്കുകൾ കത്തിക്കുന്നതിന് | 14100.00 |
| മറ്റുള്ളവ | 808189.70 |
| ആകെ | 1643979.55 |

ഗ്രാന്റുകൾ കൃത്യസമയത്ത് ലഭിക്കാറില്ല. മറ്റു പദ്ധതി ഇനത്തിലുള്ള വിഹിതം ഗവർമെൻറ് വർദ്ധിപ്പിക്കാറുമില്ല.

## പ്രധാന പ്രശ്നങ്ങൾ

- ഉൽപാദനരംഗത്തുള്ള മാന്ദ്യം വിഭവ സമാഹരണത്തിനു തടസ്സമാവുന്നു.
- ബിൽഡിംഗ് റൂൾ നടപ്പിലാക്കാത്തതു മൂലം കെട്ടിട നികുതി വരുമാനം കുറയുന്നു.
- പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകൾക്ക് NRI എക്കൗണ്ട് സൗകര്യമില്ല.
- NRI വരുമാനം പട്ടണങ്ങളിൽ കേന്ദ്രീകരിക്കുന്നു.
- മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തുന്നില്ല.
- വിവാഹം, ഉത്സവം, ഗൃഹനിർമ്മാണം എന്നിവയ്ക്കുള്ള ധൂർത്ത് വിഭവ ശോഷണത്തിനു കാരണമാകുന്നു.
- ഗ്രാമത്തിലെ പ്രധാനപ്പെട്ട ജലസമ്പത്തായ മുതുവോട്ട് പുഴ ഉപയോഗപ്പെടുത്തുന്നില്ല.

## സാധ്യതകൾ

- വിവിധ മേഖലകളിൽ ഉൽപാദനം വർദ്ധിപ്പിക്കുമ്പോൾ തൊഴിലവസരങ്ങൾ വർദ്ധിക്കുന്നു. കൂടുതൽ പേർ തൊഴിൽ രംഗത്തു കടന്നുവരുമ്പോൾ പഞ്ചായത്തിന്റെ വരുമാനവും വർദ്ധിക്കുന്നു. പഞ്ചായത്തിന്റേതായി മത്സ്യ മാർക്കറ്റുകളും പച്ചക്കറി ചന്തകളും ഏർപ്പെടുത്തുമ്പോൾ അവയിൽ നിന്നുള്ള വരുമാനം മുതൽക്കൂട്ടാവുന്നു.
- കെട്ടിടനിയമം നിലവിൽ വരുമ്പോൾ കെട്ടിടനികുതിയിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിയും.
- വിദേശ ഇന്ത്യക്കാരിൽ നിന്നും മൂലധനം ഇറക്കാൻ കഴിഞ്ഞാൽ പല വ്യവസായസംരംഭങ്ങളും തുടങ്ങാൻ കഴിയുന്നു.
- സന്നദ്ധ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് മനുഷ്യാധ്വാനശേഷി ഉപയോഗപ്പെടുത്താൻ സാധിക്കും.
- ഓരോ പ്രദേശത്തെയും ഗ്രാമീണ റോഡുകളുടെ നിർമ്മാണവും പരിരക്ഷയും പൂർണ്ണമായി അയൽക്കൂട്ടങ്ങളെ ഏൽപിച്ചാൽ അത്തരം പ്രവർത്തനങ്ങൾക്കു ചെലവിടുന്ന തുക മറ്റു ഉൽപാദന മേഖലകളിലേക്ക് തിരിച്ചുവിടാൻ കഴിയും. വർഷംതോറും റിപ്പയറിന് ചെലവിടുന്ന ഭീമമായ തുക ലാഭിക്കുകയും ചെയ്യാം.
- പഞ്ചായത്തിലുള്ള സഹകരണ ബാങ്കുകളുടെ പ്രവർത്തനം പൂർണ്ണമായും കാര്യക്ഷമമാക്കി ഉൽപാദന മേഖലയെ പുഷ്ടിപ്പെടുത്താൻ കഴിയും. ബാങ്കിങ്ങിതര സഹകരണ സംഘങ്ങളെയും ഇത്തരത്തിൽ ഉപയോഗപ്പെടുത്തേണ്ടതാണ്.
- കൃഷി ചെയ്യാതെ കിടക്കുന്ന വിശാലമായ ഭൂമികളിൽ പുതുതായി വിളയിറക്കി കൊണ്ട് ഉൽപാദനം വർദ്ധിപ്പിക്കുക വഴി കൂടുതൽ വിഭവങ്ങൾ ശേഖരിക്കാം.
- സാങ്കേതിക തൊഴിലാളികളുടെ വിജ്ഞാനം പരമാവധി ഉപയോഗപ്പെടുത്തി ഉൽപാദനമേഖലകളിൽ നവീകരണം നടപ്പിലാക്കണം.
- കൂട്ടുസംരംഭങ്ങളായി കൃഷിയും ചെറുകിട വ്യവസായങ്ങളും നടത്തി ഉൽപാദനം വർദ്ധിപ്പിക്കാനും വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ പലിശരഹിത വായ്പകൾ സമാഹരിച്ച് മൂലധനം സ്വരൂപിക്കാനും കഴിയും.

# വാർത്താ വിനിമയം


പഞ്ചായത്തിലെ പതിനൊന്നു വാർഡുകളിലായി മൊത്തം 500 ടെലിഫോൺ കണക്ഷനുകളാണ് നിലവിലുള്ളത്. 600-ൽ പരം പുതിയ അപേക്ഷകരും ഉള്ളതായിട്ടാണ് ഇതു സംബന്ധിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. കൊയിലാണ്ടി, മേപ്പയ്യൂർ എന്നീ രണ്ടു എക്സ്ചേഞ്ചുകളുടെ കീഴിലാണ് നിലവിലുള്ള കണക്ഷനുകൾ ഉള്ളത്. എക്സ്ചേഞ്ചുകളുമായുള്ള ദൂരം ഗുണഭോക്താക്കളെ സംബന്ധിച്ചേടത്തോളം സാമ്പത്തികമായ ഭാരം വർദ്ധിപ്പിക്കുന്ന സ്ഥിതിയാണ്.

എട്ടു കിലോമീറ്ററിൽ കൂടുതൽ ദൂരം എക്സ്ചേഞ്ചു നിന്ന് വരുമ്പോൾ ടെലിഫോൺ പ്രതിമാസ വാടക ഇരട്ടിയായി വർദ്ധിക്കുന്നു എന്നത് ഗുണഭോക്താക്കളെ സംബന്ധിച്ചേടത്തോളം പ്രയാസമുണ്ടാക്കുന്നു. പഞ്ചായത്ത് ആസ്ഥാനത്തിനടുത്തായി ഒരു എക്സ്ചേഞ്ച് സ്ഥാപിതമാകുന്ന പക്ഷം ഇന്നനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടുന്നതാണ് ഇതിനാവശ്യമായ പുതിയതും സുരക്ഷിതവും സൗകര്യപ്രദവുമായ ഒരു കെട്ടിടം വാടക അടിസ്ഥാനത്തിൽ നൽകുവാൻ നാട്ടുകാർ തയ്യാറായിട്ടുണ്ട്.

പഞ്ചായത്തിൽ തപാൽ സൗകര്യത്തിന്റെ കാര്യത്തിലും പരിമിതികളുണ്ട്. ഭൂമിശാസ്ത്രപരമായി നീളത്തിൽ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിൽ നടേരി, ഊരള്ളൂർ, അരിക്കുളം, കാരയാട് എന്നീ പ്രദേശങ്ങളിലായി നാലു പോസ്റ്റാഫീസുകളാണ് നിലവിലുള്ളത്. ഇവയിൽ നടേരി ഓഫീസിന്റെയും കാരയാട് ഓഫീസിന്റേയും പ്രവർത്തന പരിധി വളരെ വിപുലമാണ്. തപാലുരുപ്പടികൾ കൃത്യമായും യഥാസമയത്തും എത്തുന്നതിനു ബുദ്ധിമുട്ടുകൾ ഏറെയാണ്. ഈ ഓഫീസുകളുടെയെല്ലാം പ്രവർത്തനസമയ കാലത്ത് 9 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെയാണ് പബ്ലിക്ക് ടെലിഫോൺ ബൂത്തുകൾ പഞ്ചായത്തിൽ ഒരിടത്തുമില്ല. ഊരള്ളൂരിലേയും അരിക്കുളത്തേയും പോസ്റ്റ് ഓഫീസുകളിൽ ഫോൺ സൗകര്യമുണ്ടെങ്കിലും ഉച്ചക്ക് ശേഷം ഓഫീസ് പ്രവർത്തനമില്ലാത്തതു കാരണം ഇവയും പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.

## സാധ്യതകൾ

- അരിക്കുളത്ത് 1000 ലൈനുള്ള ടെലിഫോൺ എക്സ്ചേഞ്ച് സ്ഥാപിക്കുക
- കാരയാട് തറോലങ്ങാടിയിൽ പോസ്റ്ററോഫീസ് സ്ഥാപിക്കുക.



# ഗതാഗതം

രൂക്ഷമായ ഗതാഗത പ്രശ്നം അനുഭവിക്കുന്ന പഞ്ചായത്താണ് അരിക്കുളം. 23.2 ചതുരശ്ര കിലോമീറ്റർ വിസ്ത്രീർണ്ണമുള്ള ഈ പഞ്ചായത്തിൽ 155 കിലോമീറ്റർ റോഡ് ശൃംഗല ഉണ്ടായിട്ടും യാത്രാ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല എന്നത് വിരോധാഭാസമായി തോന്നിയേക്കാം.

പഞ്ചായത്തിലെ 20 K.M. റോഡ് ടാർ ചെയ്യുകയും 7 കിലോമീറ്റർ സോളിംഗ് നടത്തുകയും ചെയ്തപ്പോൾ ബാക്കി മുഴുവൻ ചെമ്മൺ പാതകളായി നിലകൊള്ളുന്നു. പഞ്ചായത്തിൽ 18 കി.മീ. ദൈർഘ്യമുള്ള 4 P.W.D റോഡുകളാണുള്ളത്.

പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്ത് പഞ്ചായത്താഫീസിന് മുമ്പിൽ കൂടി കടന്നുപോകുന്ന കൊയിലാണ്ടി-അരിക്കുളം-അഞ്ചാം പീടിക P.W.D റോഡാണ് ഏറ്റവും പ്രധാനപ്പെട്ട റോഡ്. നമ്മുടെ ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കാപ്പാടും, പെരുവെണ്ണാമൂഴിയും ബന്ധിപ്പിക്കുന്ന ഏറ്റവും ദൈർഘ്യം കുറഞ്ഞ റോഡുമാണിത്. 6 മീറ്റർ മാത്രം വീതിയുള്ളതും ധാരാളം കയറ്റിറക്കങ്ങളും വളവുകളും ഉള്ളതുമായ പ്രസ്തുത റോഡ് വാഹന ഗതാഗതത്തിന് പ്രയാസം അനുഭവപ്പെടുന്നു. ഈ റോഡ് വീതി കൂട്ടുകയും കയറ്റിറക്കങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുകോയ, രണ്ട് ബൈപ്പാസ് റോഡുകൾ നിർമ്മിക്കുകയോ ചെയ്താൽ പഞ്ചായത്തിന് വലിയ മുതൽക്കൂട്ടായിരിക്കും. ബൈപ്പാസ് റോഡുകളിൽ ഒന്ന് ഒറവിങ്കൽ താഴെ നിന്നാരംഭിച്ച് കണ്ണമ്പത്ത് വയലിൽ അവസാനിക്കുന്നതും മറ്റേത് തണ്ടയിൽ താഴെ നിന്ന് തുടങ്ങി കച്ചേരി താഴ അവസാനിക്കുന്നതുമാണ്.

പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്ത് കൂടിയുള്ള പേരാമ്പ്ര, ചേനോളി, കാരയാട്, പാറക്കുളങ്ങര, ഊരള്ളൂർ, അണേല, കൊയിലാണ്ടി റോഡാണ് പഞ്ചായത്തിലെ മറ്റൊരു പ്രധാന റോഡ്. താലൂക്ക് ആസ്ഥാനമായ കൊയിലാണ്ടിയെ കിഴക്കൻ മലയോര പ്രദേശങ്ങളുമായി ബന്ധപ്പെടുത്താൻ ഏറ്റവും എളുപ്പമായ റൂട്ടാണിത്. ഇതിന്റെ കൊയിലാണ്ടി മുതൽ ഊരള്ളൂർ വരെയുള്ള ഭാഗം PWD ഏറ്റെടുത്ത് പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനിടയിലുള്ള അണേല പാലത്തിന് അടുത്ത കാലത്ത് തറക്കില്ലിട്ടിട്ടുണ്ട്. പേരാമ്പ്ര മുതൽ കാരയാട് വരെയുള്ള ഭാഗം 1984-ൽ എം.എൽ.എ സ്കീമിൽ ബജറ്റിൽ ഉൾപ്പെടുത്തിയതാണ്. പക്ഷെ, നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടില്ല.


പഞ്ചായത്തിന്റെ നെടുകെയുള്ള രണ്ട് സമാന്തര റോഡുകൾ എന്ന നിലയ്ക്ക് മേൽപറഞ്ഞ രണ്ടു റോഡുകളും യാഥാർത്ഥ്യമായാൽ പഞ്ചായത്തിലെ യാത്രാ പ്രശ്നം വലിയൊരളവോളം പരിഹരിക്കാൻ കഴിയും.

ചങ്ങരംവള്ളി-കാവുന്തറ റോഡാണ് പഞ്ചായത്തിലെ മറ്റൊരു പ്രധാനപ്പെട്ട റോഡ്. മേപ്പയ്യൂർ അരിക്കുളം നടുവണ്ണൂർ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഈ റോഡ് പഞ്ചായത്തിന്റെ വടക്കൻ മേഖലയുടെ സമഗ്രമായ വികസനത്തിന് വഴിയൊരുക്കും.

പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു റോഡാണ് മിനിസ്റ്റേഡിയം റോഡ്. കൊയിലാണ്ടി അഞ്ചാം പീടിക PWD റോഡിനെ നടുവണ്ണൂർ പഞ്ചായത്തിലെ പള്ളിയത്ത് കുനിയുമായി ഈ റോഡ് ബന്ധിപ്പിക്കുന്നു. പഞ്ചായത്ത് മിനി സ്റ്റേഡിയത്തിൽ എത്തിപ്പെടാനുള്ള ഏക മാർഗ്ഗമാണ് ഇത്. കൂടിയാട്ടാചാര്യൻ പത്മശ്രീ മാണി മാധവ ചാക്യാരുടെ ജന്മഗൃഹത്തിന് മുമ്പിൽ കൂടി കടന്നുപോകുന്ന റോഡ് എന്ന നിലക്കും ഇതിന് പ്രാധാന്യമുണ്ട്. വലിയപറമ്പ് ലക്ഷം വീട് കോളനി എക്കാട്ടൂർ ഹരിജൻ കോളനി കല്ലാത്തറ കോളനി എരഞ്ഞോത്ത് കോളനി എന്നിവ ഈ റോഡിന്റെ സമീപത്തായതിനാൽ കോളനി നിവാസികൾക്കും ഈ റോഡ് വളരെ ഉപകരിക്കും.

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ കെ.പി. എം.എസ്.എം. സ്കൂളിന് മുന്നിലൂടെ കടന്നുപോകുന്ന

# അരിക്കുളം ഗ്രാമപഞ്ചായത്ത് - പ്രധാന റോഡുകൾ



ഊരള്ളൂർ മന്ദങ്കാ പറമ്പത്ത് റോഡും പ്രാധാന്യം അർഹിക്കുന്നു. ഇത് കേരഫെഡിലേക്കുള്ള പ്രധാനമാർഗ്ഗമായ മുത്താമ്പി-ഊരള്ളൂർ-നടുവണ്ണൂർ റോഡുമായി ബന്ധിപ്പിക്കുന്നതുമാണ്. പള്ളിമുക്ക് ചിറ്റാരിക്കടവ് അണേലക്കടവ് റോഡും അരിക്കുളം നിടുമ്പൊയിൽ റോഡും പഞ്ചായത്തിലെ മറ്റ് പ്രധാന റോഡുകളാണ്.

പഞ്ചായത്തിന്റെ റവന്യൂ വരുമാനത്തിൽ 66% വും ഭരണച്ചെലവുകൾക്കാണ് ഉപയോഗിച്ച് വരുന്നത്. ബാക്കി വരുന്ന തുച്ഛമായ സംഖ്യയും സർക്കാറിൽ നിന്നും കിട്ടുന്ന ഗ്രാന്റുമാണ് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നത്. ഇതിൽ ഭൂരിഭാഗവും റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കുമാണ് ചിലവഴിക്കുന്നത്. അത് പഞ്ചായത്തിലെ പല റോഡുകൾക്കുമായി വീതിക്കുന്നതിനാൽ പാഴായി പോകുന്ന അവസ്ഥയാണുള്ളത്.

പഞ്ചായത്തിലെ ചെമ്മൺ റോഡുകളിലധികവും ഗതാഗത യോഗ്യമല്ല. മഴക്കാലമാവുമ്പോൾ മിക്ക റോഡുകളും കുത്തിയൊലിച്ചുപോകുന്ന അവസ്ഥയാണുള്ളത്. ഫാം റോഡുകൾ മിക്കവാറും വെള്ളത്തിനടിയിലുമായിരിക്കും. ആവശ്യമായ കൾവർട്ടുകളും ഡ്രൈനേജുകളും ഇല്ലാത്തതാണ് ഇതിനു പ്രധാന കാരണം. ജനപങ്കാളിത്തത്തോടെയുള്ള സന്നദ്ധ പ്രവർത്തനം വഴി റോഡുകൾക്ക് അഴുക്കുചാലുകൾ നിർമ്മിക്കാവുന്നതാണ്.

യാത്രാദുരിതമാണ് പഞ്ചായത്ത് നേരിടുന്ന മുഖ്യപ്രശ്നങ്ങളിൽ ഒന്ന് മുമ്പ് കൊയിലാണ്ടി അരിക്കുളം അഞ്ചാംപീടിക റൂട്ടിൽ 19 ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നു. അതേസമയത്ത് ഇപ്പോൾ 7 ബസ്സുകൾ മാത്രമേ സർവ്വീസ് നടത്തുന്നുള്ളു. ഇതിൽ തന്നെ രണ്ടെണ്ണം അരിക്കുളം കൊയിലാണ്ടി റൂട്ടിലാണ് ഓടുന്നത്. കൊയിലാണ്ടി അണേല റൂട്ടിലും കൊയിലാണ്ടി ഊരള്ളൂർ റോട്ടിലും ബസ്സ് സർവ്വീസുകൾ കുറവാണ് യാത്രാ ദുരിതം അവസാനിപ്പിക്കാൻ ബസ്സ് സർവ്വീസുകളുടെ എണ്ണം വർധിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിൽ നാഷനൽ ഹൈവേ ഇല്ല. അരിക്കുളത്ത് നിന്ന് എട്ട് കിലോമീറ്റർ അകലെയുള്ള കൊയിലാണ്ടിയിലാണ് ഏറ്റവും അടുത്ത റയിൽവേ സ്റ്റേഷൻ ഉള്ളത്.

മുമ്പ് കാലത്ത് ജനങ്ങൾ യാത്രയ്ക്കും ചരക്ക് ഗതാഗതത്തിനും വള്ളങ്ങളെ ആശ്രയിച്ചിരുന്നു. പക്ഷെ, ആധുനിക യാത്രാ ഉപാധികൾ വന്നതോടെ ജലഗതാഗതം പൂർണ്ണമായി ഉപേക്ഷിച്ചിരിക്കയാണ്. പഞ്ചായത്തിന്റെ തെക്ക് ഭാഗത്തു കൂടി ഒഴുകുന്ന കോരപ്പുഴ കോഴിക്കോട് വടകര ഭാഗങ്ങളിലേക്ക് ജലഗതാഗതത്തിന് അനിയോജ്യമാണ്. രൂക്ഷമായ യാത്രാ പ്രശ്നം നിലനിൽക്കുന്ന ഈ അവസരത്തിൽ ജലഗതാഗതം പുനസ്ഥാപിക്കുന്നതിനെക്കുറിച്ച് ചിന്തിക്കാവുന്നതാണ്.

നിലവിലുള്ള റോഡുകൾ പുനഃരുദ്ധരിക്കുന്നതിലുപരി നിരവധി റോഡുകൾ പുതുതായി നിർമ്മിക്കാൻ എല്ലാ ഗ്രാമസഭകളിൽ നിന്നും ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. യുവജനസന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ മാത്രമേ ഇതിന് പരിഹാരം കാണാൻ കഴിയൂ. ജനപങ്കാളിത്തത്തോടെ ഇത്തരം പരിപാടികൾ സംഘടിപ്പിക്കുവാൻ നമുക്ക് പരിശ്രമിക്കാം.

### പ്രശ്നങ്ങൾ

- മിക്ക റോഡുകളും ടാർ ചെയ്തിട്ടില്ല
- റോഡുകൾക്ക് ആവശ്യമായ കൾവർട്ടുകളും ഓവുചാലുകളും ഇല്ല.
- റോഡിന് നടത്തുന്ന അറ്റകുറ്റ പണികൾ കാര്യക്ഷമമല്ല.

**പട്ടിക1**

| വരവ് | | ചിലവ് | | ശതമാനം (ഭരണച്ചിലവ്) |
|---|---|---|---|---|
| റവന്യൂ | ഗ്രാൻറ് | ഭരണച്ചിലവ് | വികസനം | |
| 713714 | 852371 | 469783.8 | 1112628 | 66% |

അവലംബം: പഞ്ചായത്ത് വരവ് ചെലവ് 95-96

● റോഡുകൾ കൂടുതലും കയറ്റിറക്കങ്ങൾ വളവ് തിരിവുകളും ഉള്ളവയാണ്.

● റോഡിൽ തന്നെ ഇലക്ട്രിക് പോസ്റ്റുകളും ഉള്ളത് അപകടങ്ങൾക്കും യാത്രാ ക്ലേശങ്ങൾക്കും കാരണമാകുന്നു.

● റോഡ് വികസനത്തിന് സൗജന്യമായി സ്ഥലം കിട്ടാത്ത അവസ്ഥ.

● ഫാം റോഡുകൾ മഴക്കാലത്ത് വെള്ളത്തിൽ മുങ്ങിക്കിടക്കുന്നു.

● കോളനികളിലേക്ക് യാത്രാ സൗകര്യങ്ങൾ ഇല്ല.

## സാദ്ധ്യതകൾ

● പ്രധാന റോഡുകൾ ടാർ ചെയ്യുക.

● ആവശ്യമായ സ്ഥലത്ത് കൾവർട്ടുകൾ നിർമ്മിക്കുക.

● റോഡുകളുടെ അറ്റകുറ്റ പണികൾ കാര്യക്ഷമമാക്കുക.

● ജനപങ്കാളിത്തത്തോടെ ഓവുചാലുകൾ നിർമ്മിക്കുക.

● ഫാം റോഡുകൾ മണ്ണിട്ട് ഉയർത്തുക.

● ആവശ്യമായ സ്ഥലങ്ങളിൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ പുതിയ റോഡുകൾ നിർമ്മിക്കുക.

## പുനരുദ്ധരിക്കേണ്ട റോഡുകളും നടപ്പാതകളും

1 ചങ്ങരംവള്ളി കാവുന്തറ റോഡ്

2 വെങ്കല്ലിൽ പീടിക മിനിസ്റ്റേഡിയം എക്കാട്ടൂർ റോഡ്

3. ഊരള്ളൂർ മന്ദങ്ങാ പറമ്പത്ത് റോഡ്

4 ഒറ്റക്കണ്ടം മൂഴിക്ക് മീത്തൽ ചിറ്റാരിക്കടവ് റോഡ്

5 അരിക്കുളം നെടുമ്പൊയിൽ റോഡ്

6 അരിക്കുളം സിനിമാ ടാക്കീസ് ഊരള്ളൂർ റോഡ്

7 അരിക്കുളം ഓയിൽമിൽ കോട്ടക്കുന്ന് ഊരള്ളൂർ റോഡ്

8 രാരോത്ത് മുക്ക് അണേല റോഡ്

9 മുത്താമ്പി അണേല ഫാം റോഡ്.

10 തടോളിത്താഴ കാവുംവട്ടം റോഡ്.

11. മുത്താമ്പി ആഴാവിൽത്താഴ് എളേടത്ത് മുക്ക് കാവുംവട്ടം റോഡ്.

12. മഞ്ഞളാട് കുന്ന് കോളനി റോഡ്.

13. ചേവരോത്ത് മീത്തൽ നൊച്ചാട് റോഡ്.

14. വടക്കേ തച്ചോളി മുക്ക് മലവെട്ടും ചാലിൽ റോഡ്.

15. വൈലോപ്പിള്ളി റോഡ്.

16. വെള്ളറംകോട്ട് മുക്ക് തലമറങ്ങാടി റോഡ്

17. തറമലങ്ങാടി ഏക്കാട്ടൂർ റോഡ്

18. മടത്തിൽ ക്കുനി കണിയാത്ത് താഴ ഫുട്പാത്ത്.

19. തുരുത്തിമുക്ക് കാവിൽപ്പള്ളി ഫുട്പാത്ത്.

20. പുനത്തിൽ മുക്ക് മലവെട്ടുംചാലിൽ റോഡ്.

21. തറമലങ്ങാടി എലങ്കമൽ റോഡ്.

22. മിനി സ്റ്റേഡിയം പടിഞ്ഞാറെയിൽ താഴ റോഡ്.

23. തട്ടാറപൊയിൽ വൈലോപ്പള്ളി റോഡ്.

24. വൈലോപ്പള്ളി കോമത്ത് മീത്തൽ റോഡ്.

25. പീടികക്കണ്ടി ഹരിജൻ കോളനി റോഡ്.

26. ഊരള്ളൂർ എടവനക്കുളങ്ങര റോഡ്.

27. കാളിയത്ത് മുക്ക് - പുത്തുപട്ട റോഡ്.

28. കാളിയത്ത് മുക്ക് - ചിറ്റാരക്കുഴി - ചേണികണ്ടി മുക്ക് റോഡ്.

29. എടത്തിൽ താഴ - നടക്കണ്ടി റോഡ്.

30. പൈങ്ങാറത്താഴ - മട്ടങ്കോട്ട് താഴ - നടുക്കണ്ടി മുക്ക് റോഡ്.

31. ചവറങ്ങാട്ട്കുന്ന് കോളനി റോഡ്.

32. കാളിയത്ത് മുക്ക് താപ്പള്ളിത്താഴ - പൈങ്ങാറത്താഴ റോഡ്.

33. പുത്തൂപ്പട്ട - പൂതേരിപ്പാറ റോഡ്.

34. തണ്ടയിൽ താഴ - പുത്തൂപ്പട്ട മുക്ക് റോഡ്.

35. കാവുവട്ടം - പട്ടേരിക്കണ്ടി - ഹരിജൻ കോളനി റോഡ്.

36. പട്ടേരിക്കണ്ടി മുക്ക് - ചിറ്റാരിക്കടവ് റോഡ്.

37. പടന്നയിൽ കോളനി റോഡ്.

38. കാവുംവട്ടം മൂഴിക്ക് മീത്തൽ - അയനിക്കാട് ടാൻസ്ഫോർമർ റോഡ്.

39. തെറ്റിക്കുന്നുമ്മൽ പാച്ചാക്കിൽ റോഡ്.

40. കോലാരമ്പത്ത് താഴ -കോരമ്പത്ത് താഴ റോഡ്.

41. കുറ്റ്യാപ്പുറത്ത് താഴ നടുവത്ത് താഴെ റോഡ്.

42. നരിക്കോട്ട് മീത്തൽ പഴങ്കാവ് കോളനി റോഡ്.

43. ഏ.ജി. പാലസ് - ചെറോൽ നട റോഡ്.

44. കാവുംവട്ടം - കുരുന്നംകുന്ന് റോഡ്.

45. കണ്ടമ്പത്ത് താഴ - മരുതൂർ റോഡ്.

46. പഞ്ചായത്ത് മുക്ക് - ഓത്തിലോട് കുന്ന് പോസ്റ്റാഫീസ് റോഡ്.

47. അരിക്കുളം - മാവാട്ട് റോഡ്.

48. മന്ദങ്ങാ പറമ്പത്ത് ഹൈസ്കൂൾ റോഡ്.

49. നടുവിലടത്ത് മീത്തൽ കോളനി റോഡ്.

50. മന്ദങ്ങാ പറമ്പത്ത് പൂച്ചക്കുന്ന് റോഡ്.

51. മന്ദങ്ങാപറമ്പത്ത് കിഴക്കേടത്ത് മുക്ക് റോഡ്.

52. മന്ദങ്ങാപറമ്പത്ത് മലയിൽ വളപ്പിൽ റോഡ്.

53. കൊളോക്കണ്ടി വടക്കേ പറമ്പ് റോഡ്.

54. തുളിച്ചാരിത്താഴ റോഡ്.

55. തടോളി താഴെ - ആഴാവിൽതാഴ റോഡ്.

56. ഹൈസ്കൂൾ - വാര്യര് കണ്ടിതാഴ റോഡ്.

57. തറമ്മലങ്ങാടി - കുനിക്കാട്ട് താഴ റോഡ്.

58. തയ്യുള്ളതിൽ മുക്ക് - മനത്താംകണ്ടി താഴ റോഡ്.

59. പുളിയാംകടവത്ത് താഴെ - പള്ളിക്കാറമ്പത്ത് മീത്തൽ റോഡ്.

60. തറമലങ്ങാടി - ചാക്യാറമ്പത്ത് മുക്ക് റോഡ്.

61. കുന്നക്കുടി താഴ - കല്ലടത്താഴ റോഡ്.

62. കല്ലടത്താഴ - പുതുശ്ശേരിമുക്ക് റോഡ്.

## ഗ്രാമസഭകളിൽ നിന്നും ആവശ്യപ്പെട്ട പുതുതായി നിർമ്മിക്കേണ്ട റോഡുകൾ.

1. കല്ലാത്തറ കോളനി റോഡ്.

2. എരഞ്ഞോത്ത് കോളനി റോഡ്.

3. ഈനാരിത്താഴ - മക്കാട്ട് താഴ - എക്കാട്ടൂർ ഫാം റോഡ്.

4. മടത്തുംപറമ്പത്ത് താഴ - ചാക്യാട്ട് താഴ കനാൽ സൈഡ് വഴി ഫാം റോഡ്.

5. ചാക്യാട്ടിൽ താഴ - നമ്മനത്താഴ ഫാം റോഡ്.

6. വെളിയങ്കോട്ട് വയൽ - മൊടോങ്ങൽത്താഴ റോഡ്.

7. തറമ്മലങ്ങാടി - കുയ്യടിത്താഴ - കട്ടയാട്ട് മുക്ക് റോഡ്.

8. കാരായാട് അമ്പലഭാഗം - നമ്മനത്താഴ - തണ്ടയിൽ താഴ ഫാം റോഡ്.

9. തയ്യുള്ളതിൽ മീത്തൽ ലക്ഷം വീട് കോളനി റോഡ്.

10. വെങ്കല്ലുള്ളതിൽ കൊരഞ്ഞിക്കുന്ന് - തട്ടാൻകണ്ടി ചാലിൽ റോഡ്.

11. പാളപ്പുറം ഹരിജൻസ് ശ്മശാനം റോഡ്.

12. തണ്ടയിൽ താഴ - പാലോട്ട് താഴ റോഡ്.

13. ആനപൊയിൽ അംഗനവാടി റോഡ്.

14. കിണറുള്ളതിൽ ഊട്ടേരിപള്ളി റോഡ്.

15. പൂച്ചക്കുന്ന് കൈതവയലിൽ റോഡ്.

16. കൈതവയൽ ഹൈസ്കൂൾ റോഡ്.

17. കുറ്റ്യാപ്പുറത്ത് താഴ - ചെമ്പോളിത്താഴ റോഡ്.

18. മാവട്ട് ആശ്രമം - കൂട്ടമ്പത്ത് കുന്ന് - കന്മനത്താഴ റോഡ്.

19. പറയച്ചാൽ കിഴക്കെ മുക്ക് കോറോത്ത് കുനി റോഡ്.

20. മഞ്ഞളാട് കുന്ന് കോളനി തേയിപ്പുറം റോഡ്.

21. മൂഴിക്ക് മീത്തൽ വടക്കേകണ്ടി താഴ ബണ്ട് റോഡ്.

22. വാര്യര് കണ്ടിതാഴ - മംഗലത്ത് താഴ റോഡ്.

23. ചാലിൽ മുക്ക് - വാകമോളി എൽ.പി. സ്കൂൾ റോഡ്.

## പട്ടിക 2

| ഇലട്രിക്കൽ സെക്ഷൻ | ട്രാൻസ്ഫോർമർ സ്ഥാപിച്ച സ്ഥലം | ട്രാൻസ്ഫോർമർ കപ്പാസിറ്റി |
|---|---|---|
| കൊയിലാണ്ടി | അരിക്കുളം | 100 KVA |
| | ഊരള്ളൂർ | 100 KVA |
| | വെളിയന്നൂർ ചല്ലി | 100 KVA |
| | കോമച്ചൻകണ്ടി മുക്ക് | 160 KVA |
| | ഒറ്റക്കണ്ടം | 100 KVA |
| | മൂഴിക്കൽ മീത്തൽ | 100 KVA |
| | പടന്നയിൽ കോളനി | 63 KVA |
| | ബിസ്കറ്റ് ഫാക്ടറി | 100 KVA |
| | മഞ്ഞാളാട് കുന്ന് | 63 KVA |
| മേപ്പയ്യൂർ | തണ്ടയിൽ | 100 KVA |
| | മഠത്തുംപറമ്പത്ത് താഴ | 100 KVA |
| | ഏക്കാട്ടൂർ | 250 KVA |
| | വാകമോളി | 100 KVA |

220 വീടുകളുള്ള മാവട്ട് പ്രദേശത്ത് 147 കുടുംബങ്ങൾ വൈദ്യുതിക്ക് വേണ്ടി 1989-ൽ മിനിമം ഗ്യാരണ്ടി വെച്ചിരുന്നു. പ്രസ്തുത സ്ഥലത്തേക്ക് വൈദ്യുത ലൈൻ വലിക്കാനുള്ള പ്രവർത്തനം ആരംഭിച്ചെങ്കിലും ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്.

പഞ്ചായത്തിൽ 4 ഹരിജൻ കോളനികൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. എല്ലാ കോളനികളും വൈദ്യുതീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 57.58% കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഈ പഞ്ചായത്തിൽ അർഹതയുള്ളവർക്കെല്ലാം കുടിർജ്യോതി പദ്ധതിപ്രകാരം വൈദ്യുതി കണക്ഷൻ നൽകേണ്ടതാണ്.

## പട്ടിക 3

| ആകെ കുടുംബ ങ്ങൾ | ദരിദ്ര രേഖയ്ക് താഴെയുള്ള കുടംബങ്ങൾ | ശതമാനം |
|---|---|---|
| 5206 | 2998 | 57.58 |

അവലംബം:- IRDP സർവ്വെ.

തെരുവ് വിളക്കുകൾക്കുവേണ്ടി പഞ്ചായത്ത് പ്രതിവർഷം 14100 രൂപ ചെലവഴിക്കുന്നു. 90 (60 വാട്ട്) ബൾബുകൾ സ്ഥാപിച്ചതായി വൈദ്യുത ഓഫീസുകളിൽ നിന്നുള്ള കണക്കുകൾ സൂചിപ്പിക്കുന്നു. പക്ഷെ, ഉദ്ദേശിച്ച ഫലം ജനങ്ങൾക്ക് ലഭിക്കുന്നില്ല.

## പട്ടിക 4.

| സെക്ഷൻ ഓഫീസ് | തെരുവുവിളക്കുകളുടെ എണ്ണം | പ്രതിമാസം സംഖ്യ |
|---|---|---|
| കൊയിലാണ്ടി | 65 | 845 |
| മേപ്പയ്യൂർ | 25 | 330 |

പാചകത്തിന് ഭൂരിഭാഗം കുടുംബങ്ങളും വിറകിനേയാണ് ആശ്രയിച്ചു വരുന്നത്. പുകയില്ലാത്ത അടുപ്പിന്റെ പ്രചരണം വളരെ കുറവാണ്. അനർട്ട്, ശാസ്ത്രസാഹിത്യ പരിഷത്ത് എന്നിവയുടെ സഹകരണത്തോടെ പുകയില്ലാത്ത അടുപ്പ് വ്യാപകമാക്കേണ്ടതുണ്ട്. അതുപോലെ പ്രഷർകുക്കറിന്റെ ഉപയോഗവും വർധിപ്പിക്കേണ്ടിയിരിക്കുന്നു. ഗ്യാസ്, മണ്ണെണ്ണ എന്നിവ പാചകത്തിന് ഉപയോഗിക്കുന്നവരുടെ എണ്ണം തുലോം പരിമിതമാണ്.

അനർട്ട്, റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ, ശാസ്ത്രസാഹിത്യ പരിഷത്ത് എന്നിവയുടെ സഹകരണവും ജനപങ്കാളിത്തവും ഉറപ്പ് വരുത്തി കാര്യക്ഷമമായ

ഊർജ്ജാസൂത്രണം നടപ്പിലാക്കിയാൽ ഈ രംഗത്ത് പഞ്ചായത്തിന് ശോഭനമായ ഭാവി കൈവരിക്കാൻ കഴി യുമെന്ന് പ്രത്യാശിക്കുന്നു.

## പ്രധാനപ്രശ്നങ്ങൾ

- രൂക്ഷമായ വോൾട്ടേജ് ക്ഷാമം.
- വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള നീണ്ട കാത്തി രിപ്പ്.
- കൃത്യസമയത്ത് മീറ്റർ റീഡിംഗ് എടുക്കാതിരിക്കൽ
- കേടു വന്ന വൈദ്യുതി ലൈൻ അറ്റകുറ്റ പണികൾ നടത്തുന്നതിനുള്ള കാലതാമസം.
- കത്താത്ത തെരുവ് വിളക്കുകൾ.
- റോഡ് മദ്ധ്യത്തിലുള്ള വൈദ്യുതി പോസ്റ്റുകൾ.
- വിറകിനുള്ള ക്ഷാമം.
- ഗ്യാസ് കണക്ഷൻ ലഭിക്കാനുള്ള കാലതാമസം.
- പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരണ കുറവ്.

## സാദ്ധ്യതകൾ

- നിർദ്ദിഷ്ട മേപ്പയ്യൂർ സബ്ബ് സ്റ്റേഷൻ സ്ഥാപിക്കൽ.
- താഴെ പറയുന്ന സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.

  a. കാരയാട് നന്മനത്താഴ

  b. എക്കാട്ടൂർ അംഗനവാടിക്ക് സമീപം.

  c. കാളിയത്ത് മുക്ക്.

  d. മന്ദങ്ങാപറമ്പത്ത്.

  e. ഉട്ടേരി പുതുക്കുടിതാഴ

- അരീക്കോട് - കണ്ണൂർ 220 K.V. വൈദ്യുത ലൈൻ ചാർജ്ജ് ചെയ്യൽ.
- ഊരള്ളൂർ മുതൽ പാറക്കുളങ്ങര വരെ 11 K.V. ലൈൻ വലിച്ച് കാരയാട് ഭാഗം കണ്ണൂർ സബ്ബ് സ്റ്റേഷന്റെ പരിധിയിൽ ആക്കൽ.
- പവർ മേപ്പിംഗ് നടത്തി ട്രാൻസ്ഫോർമറിൽ നിന്നുള്ള കണക്ഷനുകൽ തുലനം ചെയ്യൽ.
- വൈദ്യുതി ലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകൾ മുറിച്ച് മാറ്റൽ.
- മഠത്തുംപറമ്പത്ത് താഴ മുതൽ മഠത്തിൽകുനി വരെ നിലവിലുള്ള സിംഗിൾ ഫെയിസ് ലൈൻ 3 ഫെയിസ് ആക്കൽ.
- കോംപാക്ട് ഫ്ളൂറസെൻറ് ബൾബ് പ്രചരിപ്പിക്കൽ.
- അരിക്കുളത്ത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കൽ.
- ലൈൻ വലിക്കാൻ പ്രയാസമുള്ള സ്ഥലത്ത് അനർട്ടിന്റെ സഹായത്തോടെ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കൽ.
- പ്രധാന തെരുവുകളിൽ സോഡിയം വേപ്പർ ലാംപു കൾ സ്ഥാപിക്കൽ.
- വിറക് ക്ഷാമം പരിഹരിക്കാൻ ഫലവൃക്ഷങ്ങൾ നട്ടു പിടിപ്പിക്കൽ.
- പുകയില്ലാത്ത അടുപ്പുകൾ സാർവത്രികമാക്കൽ.
- പ്രഷർ കുക്കർ വ്യാപകമാക്കൽ.
- അരിക്കുളത്ത് ഒരു ഗ്യാസ് ഏജൻസി സ്ഥാപിക്കാ നുള്ള നടപടി സ്വീകരിക്കുക.
- അനർട്ടിന്റെ പദ്ധതിയിൽ പന്തലായിനി ബ്ലോക്ക് ഉൾപ്പെടുത്തൽ.
- ഊർജ്ജം പാഴാക്കുന്നതിനെതിരെ ബോധവൽക്ക രണം.
- വയറിംഗ് ജോലിക്ക് വിദഗ്ധ തൊഴിലാളികളെ മാത്രം ഉപയോഗിക്കൽ.



# സംസ്കാരം

നമ്മുടെ പഞ്ചായത്തിലെ മുഖ്യമതവിഭാഗാങ്ങൾ ഹിന്ദുക്കളും, മുസ്ലീങ്ങളുമാണ്. വിരലിലെണ്ണാവുന്ന ക്രസ്ത്യൻ കുടുംബങ്ങൾ ഇവിടെ താമസിക്കുന്നുണ്ട് ഹിന്ദുക്കളിലെ പ്രധാന ജാതി വിഭാഗങ്ങൾ നമ്പൂതിരി, എമ്പ്രാന്തിരി, നമ്പീശൻ, ചാക്യാർ, മാരാർ, നായർ, തീയ്യർ, വാണിയൻ, വെളുത്തേടൻ, മലയൻ, മൂന്നൂറ്റൻ, മണ്ണാൻ, പരവൻ, വേട്ടുവൻ, കുലാല വിഭാഗത്തിൽ പെട്ട ആന്ധ്ര നായന്മാർ പറയൻ തുടങ്ങിയവരാണ്. ഇതിൽ നായർ, തീയ്യർ എന്നീ രണ്ടു ജാതിക്കളിൽ പെട്ടവരാണ് പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷവും. മറ്റു ജാതികളിൽ പെട്ടവരുടെ എണ്ണം തുലോം തുച്ഛമാണ്. പട്ടികജാതിയിൽ പെട്ടവർ ജനസംഖ്യയുടെ 9.86 ശതമാനം മാത്രമാണ്. മുസ്ലീങ്ങൾ ഏകദേശം 30 ശതമാനം വരും. തികഞ്ഞ സാമുദായിക സൗഹൃദം നിലനിൽക്കുന്ന ഒരു പ്രദേശമാണ് നമ്മുടേത്. എന്ന് അഭിമാനപൂർവ്വം പറയാൻ കഴിയും. ജാതി മത സംഘർഷങ്ങൾ ഇവിടെയും ഒരിക്കൽപോലും തലപൊക്കിയിട്ടില്ല വിവാഹചടങ്ങുകളിലും ഉത്സവങ്ങളിലും ജാതി മതഭേദമന്യേ എല്ലാവരും പങ്കെടുക്കാറുണ്ട്.

നിരവധി ഹൈന്ദവ ക്ഷേത്രങ്ങളും മുസ്ലീം പള്ളികളും ഇവിടെ നിലവിലുണ്ട്. ഇതിൽ പ്രധാനപ്പെട്ടവ തിരുവങ്ങായൂർ ശവക്ഷേത്രം. അരീക്കുന്നത്ത് വിഷ്ണുക്ഷേത്രം ഒറവിങ്കൽ ഭഗവതി ക്ഷേത്രം ആഴാവിൽ കരിയാത്തൻ ക്ഷേത്രം നടേരി നരസിംഹമൂർത്തി ക്ഷേത്രം. എടവനകുളങ്ങര ഭഗവതി ക്ഷേത്രം ആഴാവിൽ കരിയാത്തൻ ക്ഷേത്രം കണ്ണമ്പത്ത് കരിയാത്തൻ ക്ഷേത്രം, മരുതൂർ വിഷ്ണു ക്ഷേത്രം, നാരായണ മംഗലത്ത് വിഷ്ണു ക്ഷേത്രം, കാരയാട് പരദേവത ക്ഷേത്രം എന്നീ ഹൈന്ദവ ക്ഷേത്രങ്ങളും മസ്ജിദ് തഖ്‌വ കാരയാട് കുരുടിവീട് മുക്ക് ജുമാ അത്ത് പള്ളി, തണ്ടയിൽ താഴ ജുമാ അത്ത് പള്ളി, ചെറുവൊടി ജുമാ അത്ത് പള്ളി ചെറുകുപ്പേരി ജുമാ അത്ത പള്ളി അരിക്കുളം ജുമാ അത്ത പള്ളി ഊരള്ളൂർ ജുമാ അത്ത് പള്ളി, ഊട്ടേരി ജുമാ അത്ത് പള്ളി എന്നീ മുസ്ലീം ആരാധാനാലയങ്ങളുമാണ് എല്ലാ ഉത്സവങ്ങളിലും ജാതിമതഭേദമന്യേ ജനങ്ങൾ പങ്കാളികളാവാറുണ്ട്. ഉത്സവങ്ങളെ മതപരമായ ആഘോഷങ്ങൾ എന്നതിലുപരി പ്രദേശിക ആഘോഷങ്ങൾ എന്ന നിലയിലാണ് ജനങ്ങൾ വീക്ഷിക്കുന്നത്.

അമ്പതുകളുടെ ആദ്യഘട്ടം വരെ ജാതീയമായ അതിർവരമ്പുകൾ ക്ഷേത്ര പ്രവേശനത്തിന് ഉണ്ടായിരുന്നെങ്കിലും ശക്തമായ അയിത്തോച്ചാടന പോരാട്ടങ്ങളെ തുടർന്ന് അത് അപ്രത്യക്ഷമായി. ഇപ്പോൾ എല്ലാ ജാതികളിലും പെട്ടവർ ഒരുപോലെ ക്ഷേത്രങ്ങളും ക്ഷേത്രകുളങ്ങളും ഉപയോഗിക്കുന്നുണ്ട്. എന്നാൽ സാമൂഹിക ജീവിതത്തിൽ അയിത്തം ചെറിയ തോതിലെങ്കിലും ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്നത് ഖേദകരമാണ്. ഇതിനെതിരെ ശക്തമായ ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു.

സാംസ്കാരിക രംഗത്ത് വളരെയേറെ ഉന്നതമായ ഒരു പാമ്പര്യം നമ്മുടെ പ്രദേശത്തിനുണ്ട്. പത്മശ്രീ മാണി മാധവചാക്യാരുടെ ജന്മം കൊണ്ട് അനുഗ്രഹീതമായ തിരുവങ്ങായൂർ ഈ പഞ്ചായത്തിലാണ്. മാണിമാധവചാക്യർ കൂത്ത് പഠിച്ചതും ആദ്യകാലത്ത് അവതരിപ്പിച്ചതും തിരുവങ്ങായൂർ ക്ഷേത്രത്തിലാണ്. തെയ്യം കലയിലും പ്രഗദഭരായ നിരവധി പേരെ സംഭാവനച്ചെയ്യാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. തൈക്കണ്ടി മീത്തൽ കുഞ്ഞിരാമൻ, എരഞ്ഞിക്കൽ മീത്തൽ, ചെരിയോഞ്ഞപണിക്കർ എടച്ചം പുറത്ത് മീത്തൽ ചെറിയ ഉണ്ണി., വണ്ണാറയ്കൽ കുഞ്ഞിരാമൻ തുടങ്ങിയവരുടെ പേരുകൾ സ്മരണീയങ്ങളാണ്. കോൽക്കളി, പരിചമുട്ടു കളി ദഫ് മുട്ട് എന്നീ പ്രചീന കലകൾ ഇന്നും നമ്മുടെ പ്രദേശത്ത് കെട്ടുപോകാതെ നിലനിൽക്കുന്നുണ്ട്. എന്നാൽ ഇത്തരം കലകൾ നാമവ

ശേഷമായിക്കൊണ്ടിരിക്കയാണ്.

ഗ്രന്ഥശാല പ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ ആദ്യ മായി ആരംഭിച്ചത് നടേരിയിലാണ്. പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥാലയം ഇപ്പോൾ ആർ.കെ.സ്മാരക ഗ്രന്ഥശാല എന്നപേരിൽ അറിയപ്പെടുന്ന ഗ്രാമീണ ബന്ധു വായനശാലയാണ്. അയ്യപ്പൻ കണ്ടി കുഞ്ഞിക്കണ്ണൻ, വി.കെ.കുഞ്ഞിരാമൻ മാസ്റ്റർ മരിയക്കണ്ടി നാരായണൻ നായർ പി.കൃഷ്ണൻ നമ്പീശൻ യു.കെ.കുഞ്ഞിച്ചോയി തുടങ്ങിയവരാണ് ഈ ഗ്രന്ഥശാലയ്ക്ക് തുടക്കമിട്ടത്. ഇതിനുശേഷം അരിക്കുളത്ത് സ്റ്റുഡന്റ്സ് / പബ്ലിക്ക് റീഡിങ്ങ് റൂം എന്നൊരു ഗ്രന്ഥാശാല ആരംഭിച്ചുവെങ്കിലും ഇത് കാലാന്തരത്തിൽ ക്ഷയിച്ചുപോയി. കേരള ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർ.കെ.സ്മാരക ഗ്രന്ഥശാല, നടേരി. ഭാവന ഗ്രന്ഥശാല അരിക്കുളം വൈലോപ്പിള്ളി സ്മാരക വായനശാല കാരയാട് എന്നിവയും എട്ട് മറ്റു ഗ്രന്ഥശാലകളുമാണ് ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുത്. ഇവയിൽ അരിക്കുളം സെൻട്രൽ ലൈബ്രറി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണ്.

(പട്ടിക 1 കാണുക)

മറ്റു ഗ്രന്ഥശാലകൾ സഫ്ദർഹാശ്മി സ്മാരക വായനശാല പൂതേരിപ്പാറ സെൻട്രൽ ലൈബ്രേറി, അരിക്കുളം. വിസ്ഡം ലൈബ്രേറി, ഊരള്ളൂർ, മെഹസ് ഏക്കാട്ടൂർ. എ.കെ.ജി. സ്മാരക വായനശാല, മാവട്ട്, വൈക്കം മുഹമ്മദ് ബഷീർ സ്മാരക ഗന്ഥശാല നടുക്കണ്ടിമുക്ക് കോറോത്ത് മായൻ സ്മാരക ഗ്രന്ഥശാല പാറക്കളങ്ങര പഞ്ചായത്ത് വായനശാല തറമൽ എന്നിവയാണ്.

താഴെകൊടുത്ത പട്ടികയിൽ നിന്ന് പഞ്ചായത്തിലെ ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ ഒരു ഏകദേശ വിവരം ലഭിക്കും ഗ്രന്ഥശാല പ്രസ്ഥാനം വേണ്ടത്ര സജീവമല്ല. ഗ്രന്ഥശാല സംഘത്തിൽ അഫിലിയേഷൻ ഉള്ള കേവലം മൂന്ന് ഗ്രന്ഥശാലകൾ മാത്രമാണ് വിശാലമായ ഈ പഞ്ചായത്തിൽ ഉള്ളത് ഇവയിൽ പോലും ഗ്രന്ഥശേഖരവും ആനുകാലിക പ്രസിദ്ധീകരണങ്ങളും അഗത്വവും പരിമിതമാണ്. അംഗങ്ങളിൽതന്നെ വനിതകളുടെയും കുട്ടികളുടേയും എണ്ണം തീരെ കുറവാണ്. പൊതുഉപയോഗത്തിനുള്ള റേഡിയോ സെറ്റുകൾ ഒരെണ്ണം പോലും ഇന്ന് നിലവിലില്ല. പൊതു ദർശനത്തിനുള്ള ടെലിവിഷൻ സെറ്റുകൾ നാലെണ്ണം മാത്രമാണ്.

കലാകായിക മേഖലയിലും സമ്പന്നമായ ഒരു പാരമ്പര്യം നമുക്കുണ്ട്. അമ്പതുകളിൽ ആരംഭിച്ച കൈരളീ കലാസമിതിയാണ് പഞ്ചായത്തിലെ ആദ്യത്തെ കലാസമിതി. ആർ.കെ.സ്മാരക വായനശാല സ്ഥാപിക്കാൻ നേതൃത്വം നൽകിയവർ

തന്നെയാണ് ഈ കലാസമിതിയും സ്ഥാപിച്ചത്. സാമൂഹിക പ്രാധാന്യമുള്ള ഇതിവൃത്തങ്ങൾ കൈകാര്യം ചെയ്യുന്ന അനവധി നാടകങ്ങൾ ഈ കലാസമിതിയുടെ നേതൃത്വത്തിൽ കുറുമ്പനാട് താലൂക്കിന്റെ പല ഭാഗങ്ങളിലും അവതരിപ്പിക്കുകയുണ്ടായി. ചെറുതും വലുതുമായ നിരവധി കലാസമിതികൾ രൂപംകൊള്ളുകയുണ്ടായി. എന്നാൽ ഇവയൊന്നും കാലത്തെ അതിജീവിക്കുകയു

| ക്രമ നമ്പർ | പേര് | സ്ഥാ. വർഷം | അംഗങ്ങൾ | ഗ്രന്ഥങ്ങളുടെ എണ്ണം | ഗ്രേഡ് | പ്രതിദിന വിതരണം | മറ്റുപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1. | ആർ.കെ സ്മാരക ഗ്രന്ഥാലയം നടേരി | 1947 | 236 | 4837 | B | 35 | കൃഷിപുസ്തക കോർണർ.ടി.വി |
| 2. | ഭാവന ഗ്രന്ഥശാല അരിക്കുളം | 1976 | 168 | 2500 | D | 15 | കൃഷി പുസ്തക കോർണർ, ടി.വി. റേഡിയോ മെക്കാനിസം ക്ലാസ്സ്. ടി.വി. |
| 3. | വൈലോപ്പിള്ളി സ്മാരക വായനശാല, കാരയാട്. | 1988 | 150 | 1623 | E | 10 | |

| നമ്പർ | വാർഡ് നമ്പർ | പേര് | സംഗീത നാടക അക്കാദമി സ്പോർട്സ് കൗൺസിൽ രജിസ്ട്രേഷൻ ഉണ്ടോ. | സ്വന്തമായി കെട്ടിടം ഉണ്ടോ. | മറ്റുപ്രവർത്തനം |
|---|---|---|---|---|---|
| 1 | 2 | കൈരളി കലാസമിതി | ഉണ്ട് | ഉണ്ട് | ഡാൻസ് ക്ലാസ് നാടക അവതരണം |
| 2. | 2 | യുവശക്തി | - | ഉണ്ട് | നാടക അവതരണം |
| 3. | 3 | മുദ്ര | - | ഉണ്ട് | |
| 4 | 5 | ശ്രീരഞ്ജിനി | ഉണ്ട് | - NYK | നൃത്തം ഉപകരണ സംഗീതം / നാടക അവതരണം |
| 5. | 8 | സൃഷ്ടി | - | ഉണ്ട് | വായനശാല നാടകാവതരണം |
| 6 | .9 | ബോധി | ഉണ്ട് | ഉണ്ട് NYK .WWF | ഡാൻസ് ക്ലാസ് സാമൂഹ്യ സാസംകാരിക പ്രവർത്തനങ്ങൾ |

പട്ടിക 2

ണ്ടായില്ല. പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള കലാ കായിക സംഘടനകൾ താഴെ പറയുന്നവയാണ്.

(പട്ടിക 2 കാണുക)

മറ്റു സംഘടനകളായ വിജ്ഞാനവേദി ബ്രൈറ്റ് പ്രിയ ദർശിനി, കൈരളി ബാലവേദി, യൂനീക്ക് വേദി മൂത്താമ്പി പപ്പൻ സ്മാരക കലാസമിതി വി.കെ.സ്മാരക കലാസ മിതി, യങ്ങ് ചാലഞ്ചേഴ്സ് യുവശക്തി എന്നിവ നടേരി ഭാഗത്തും ഭാവന സ്പോട്സ് ക്ലബ് ആൾക്കൂട്ടം സാംസ്കാരിക വേദി, സമന്വയ, ഹരിത, എന്നിവ അരിക്കു ളത്തും, വർണ്ണം, അനഘ, സൗഹൃദ, അനിദ്ര, എന്നിവ കണ്ണമ്പത്ത് ഭാഗങ്ങളിലും അദീന ഊട്ടേരിയിലും ധ്വനി ജനകീയ കലാസമിതി, സരിഗ, കാസ്, ഗ്രാന്മ, റിക്രിയേ ഷൻ സെന്റർ, ദർശന ഇസ്ക്ര കാരയാട്, സർഗ്ഗ, പൂലരി, ബോധി ബ്രദേഴ്സ്, കലിക എന്നിവ കാരരയാട് ഭാഗത്തും ഇസ്ക്ര ഉരള്ളൂർ ആശ ക്ലാസിക്ക് എന്നിവ ഊരള്ളൂരിലും പ്രവർത്തിക്കുന്നു.

ഈ കലാസമതികളിൽ ചുരുക്കം ചിലതുമാത്രേ സജീ വമായി പ്രവർത്തിക്കുന്നുള്ളൂ. ഭൂരിഭാഗം കലാസമിതി കളും കേവലം കേരംസ് കളിയിലും ചെസ് കളിയിലും ഒതുങ്ങി നിൽക്കുകയാണ്. പഞ്ചായത്തി കേരളോത്സവ ഘട്ടങ്ങളിൽ മാത്രമാണ് ഇവ എന്തെങ്കിലും പരിപാടികൾ സംഘടിപ്പിക്കുന്നത്. അരിക്കുളം ശ്രീരഞ്ജിനിയും, നടേരി കൈരളിയും കാരയാട് ബോധിയും ഡാൻസ് ക്ലാസുകൾ നടത്തുന്നുണ്ട്. ശ്രീരഞ്ജിനിയിൽ ഉപകരണസഗീതവും ശാസ്ത്രീയ സഗീതവും പഠിപ്പിക്കുന്നുണ്ട്.

ഈ സംഘടനകളിൽ പലതും കലാ-കായില സംഘ ടനകളാണെങ്കിലും കായികരംഗത്ത് സജീവ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. കായിക പരിശീലനങ്ങൾ വേനൽക്കാലത്ത് കനാലുക ളിലും വയലുകളിലും ഒതുങ്ങിനിൽക്കുന്നു. കളിക്കള ത്തിന്റെ അഭാവമാണ് ഇത് മുഖ്യകാരണം.

മാതൃഭൂമി, മലയാള മനോരമ, ദേശാഭിമാനി, കേരളകൗ മുദി, ചന്ദ്രിക, മാധ്യമം, ഇൻഡ്യൻ എക്സ്പ്രസ് എന്നീ പത്രങ്ങളാണ് പഞ്ചായത്തിൽ പ്രചാരത്തിലുള്ളത്. മാതൃഭൂമി, കലാകൗമുദി, ദേശാഭിമാനി, മലയാളമനോരമ, മംഗളം എന്നീ വാരികകളും ഭാഷാപോഷിണി, വനിത, ഗൃഹലക്ഷ്മി, ചില്ല, യൂറിക്ക, ബാലരമ, ബാലഭൂമി, ബാല മംഗളം, എന്നീ മാസികളും പ്രചാരത്തിലുണ്ട്.

## പ്രശ്നങ്ങൾ

- ഗ്രന്ഥശാലകൾ ജനസംഖ്യാനുപാതികമായി ഇല്ല
- നിലവിലുള്ള ഗ്രന്ഥശാലകളിൽ പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും കുറവാണ്
- ഗ്രന്ഥശാലകളിൽ അംഗസംഖ്യ കുറവാണ്.
- ഗ്രന്ഥശാല അംഗങ്ങളിൽ സ്ത്രീകളുടെയും കുട്ടികളുടേയും അംഗത്വം പരിമിതമാണ്.
- പഞ്ചായത്ത് ലൈബ്രറിയിലെ പുസ്തകങ്ങൾ ബൈന്റ് ചെയ്യാത്തതുകൊണ്ട് നശിച്ചുകൊണ്ടിരിക്കുന്നു.
- പഞ്ചായത്ത് ലൈബ്രറി കെട്ടിടം ശോചനീയമായ നിലയിലാണ്
- ആർ.കെ.സ്മാരക ഗ്രന്ഥശാല പ്രവർത്തിക്കുന്നത് പഞ്ചായത്ത് വക റിക്രിയേഷൻ സെന്റർ കെട്ടിടത്തിലാണ്. ഈ കെട്ടിടത്തിന് സ്ഥല സൗകര്യമില്ല.
- ഏഴാം വാർഡിൽ പഞ്ചായത്ത് ലൈബ്രറിക്കുവേണ്ടി എടുത്ത സ്ഥലത്ത് ലൈബ്രറി സ്ഥാപിച്ചിട്ടില്ല.
- ഭൂരിഭാഗം ഗ്രന്ഥശാലകളും ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റു ചെയ്തിട്ടില്ല.
- ഗ്രന്ഥശാലകളിൽ അനുബന്ധപ്രവർത്തനങ്ങൾ നടക്കുന്നില്ല.
- മൂന്നാം വാർഡിൽ ടി.വി.സ്ഥാപിക്കാൻ സ്ഥലം ഏർപ്പെടുത്തിയിട്ടും സ്ഥാപിച്ചില്ല.
- പൊതു റേഡിയോ സെന്ററുകൾ ഇല്ല
- `മ' പ്രസിദ്ധീകരണങ്ങൾ അമിത സ്വാധീനം ചെലുത്തുന്നു.
- കലാകായിക സംഘടനകളുടെ പ്രവർത്തനം സജീവമല്ല.
- പഞ്ചായത്തിൽ സാംസ്കാരിക നിലയം ഇല്ല
- പഞ്ചായത്ത് ഗ്രൗണ്ട് കളിക്കാൻ പറ്റിയ വിധത്തിലല്ല.
- പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിൽ കളിസ്ഥലം ഇല്ല.
- കായിക പരിശീലനം നടക്കുന്നില്ല.
- നാടൻ കലകൾക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.
- പ്രൈമറി തലത്തിൽ കായിക പരിശീലനത്തിന് സൗകര്യമില്ല.
- മാതൃഭാഷയ്ക്ക് അദ്ധ്യയനത്തിൽ പ്രാധാന്യം നൽകുന്നില്ല.

## സാധ്യതകൾ

- ഗ്രന്ഥശാലകൾ നിലവിലില്ലാത്ത വാർഡുകളിൽ പൊതു ജനപങ്കാളിത്തത്തോടെ ഗ്രന്ഥശാലകൾ സ്ഥാപിക്കുക.
- പഞ്ചായത്ത് ലൈബ്രറി കെട്ടിടം പുതുക്കി പണിയുക.
- ആർ.കെ. സ്മാരക ഗ്രന്ഥശാല പ്രവർത്തിക്കുന്ന കെട്ടിടവും സ്ഥലവും ഗ്രന്ഥശാലക്ക് വിട്ടുകൊടുത്ത് ഗ്രന്ഥശാല സംഘത്തിന്റെ സഹായത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുക.
- പഞ്ചായത്ത് ലൈബ്രറിക്കു വേണ്ടി ഏഴാം വാർഡിൽ എടുത്ത സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് ലൈബ്രറി സ്ഥാപിക്കുക.
- അഫിലിയേറ്റ് ചെയ്ത ലൈബ്രറികൾ ഗ്രന്ഥശാലസംഘത്തിൽ അഫിലിയേറ്റ് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
- ഗ്രന്ഥശാല പ്രവർത്തകർക്ക് ഗ്രന്ഥശാല ഭരണത്തിൽ പരിശീലനം നൽകുക.
- ഗ്രന്ഥശാലകളിൽ അംഗത്വ പ്രചരണ പ്രവർത്തനം നടത്തുക. വനിതാ- ബാല വിഭാഗങ്ങൾ ആരംഭിക്കുക.
- ഗൃഹപുസ്തക വിതരണ പരിപാടികൾ നടപ്പിലാക്കുക.
- സഞ്ചരിക്കുന്ന ഗ്രന്ഥശാല സ്ഥാപിക്കുക.
- വിദ്യാർത്ഥികൾക്ക് വേണ്ടി വായനാ മത്സരം സംഘടിപ്പിക്കുക.
- ഗ്രാമീണ ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കുക.
- അക്കദമിക്ക് സ്റ്റഡീ സെന്ററുകൾ ആരംഭിക്കുക.
- ബുക്ക് ബൈൻഡിങ്ങ് കോഴ്സ് സംഘടിപ്പിക്കുക.
- ജനകീയ പങ്കാളിത്തത്തോടെ ഗ്രന്ഥശാലകളിലെ പുസ്തക ശേഖരം വർദ്ധിപ്പിക്കുക.
- ഗ്രന്ഥശാലകളിൽ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക.
- ആധുനിക സംവേദനമാധ്യമങ്ങളുടെ ഉപയോഗം ഗ്രന്ഥശാലകളിൽ വ്യാപിപ്പിക്കുക.
- ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് ഗൗരവതരമായ വിഷയങ്ങളേയും ഗ്രന്ഥങ്ങളേയും അധികരിച്ച് ചർച്ചകൾ സംഘടിപ്പിക്കുക.
- പഞ്ചായത്തിലെ കലാസമിതികളുടെ ഏകോപന സമിതി രൂപീകരിക്കുക.
- നാടൻ കലകളിൽ പരിശീലനം നൽകുക.
- പഞ്ചായത്തിൽ വാർഡുതല കലാ മത്സരങ്ങൾ നടത്തിയ ശേഷം പഞ്ചായത്ത് തല കലോത്സവം നടത്തുക.
- പഞ്ചായത്തിൽ സാംസ്കാരിക നിലയം ആരംഭിക്കുക.

- പത്മശ്രീ മാണി മാധവ ചാക്യാരുടെ സ്മരണ നില നിർത്തുന്നതിന് കേന്ദ്ര സംസ്ഥാന ഗവർമെണ്ടുകളുടെ സഹായത്തോടെ ഒരു കലാകേന്ദ്രം നിർമ്മിക്കുക.
- പ്രൈമറി തലം മുതൽ കായിക പരിശീലനം ആരംഭിക്കുക.
- പഞ്ചായത്തിലെ അരിക്കുളം നടേരി ഭാഗങ്ങളിൽ ഗ്രൗണ്ട് നിർമ്മിക്കുക.
- വിവിധ സ്പോർട്സ് ഗെയിംസ് അത്‌ലറ്റിക് ഇനങ്ങൾക്ക് കോച്ചിംഗ് കേമ്പുകൾ സംഘടിപ്പിക്കുക.
- നിലവിലുള്ള പഞ്ചായത്ത് ഗ്രൗണ്ട് ഉപയോഗയോഗ്യമാക്കുക.

# മൂടാടി ഗ്രാമപഞ്ചായത്ത്
# സമഗ്ര വികസന രേഖ



**ജനകീയാസൂത്രണ പ്രസ്ഥാനം**


---

വികസന സെമിനാർ

9.11.1996

# മൂടാടി ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന രേഖ



**ജനകീയാസൂത്രണ പ്രസ്ഥാനം**

---

## വികസന സെമിനാർ

9.11.1996

### എഡിറ്റോറിയൽ ബോർഡ്

എം.കെ.മുഹമ്മദ്

ജോർജ്ജ് സേവ്യർ

കെ.ദാമോദരൻ

കെ.വിജയരാഘവൻ

കെ.പി.പ്രഭാകരൻ

കെ.കെ.രഘുനാഥൻ

ഇ.പി.ഗോപാലൻ നായർ

കെ.ജീവാനന്ദൻ

ആർ.വി.ഇബ്രാഹിം

സി.രാധ

ടി.പി.രാമചന്ദ്രൻ

- ആമുഖം
- ചരിത്ര പാശ്ചാത്തലം
- ഭൂപ്രകൃതിയും വിഭവങ്ങളും
- കൃഷിയും ജനസേചനവും
- മൃഗസംരക്ഷണവും, മത്സ്യബന്ധനവും
- വിദ്യാഭ്യാസം
- കുടിവെള്ളം–പൊതുജനാരോഗ്യം
- വ്യവസായം
- ഗതാഗതവും–ഊർജ്ജവും
- പാർപ്പിടം–സാമൂഹ്യക്ഷേമം
- സംസ്കാരം
- വനിത
- സഹകരണ മേഖല
- പട്ടികജാതി ക്ഷേമം
- വിഭവ സമാഹരണം

# ആമുഖം

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നും, ഗ്രാമങ്ങളുടെ സർവ്വതോമുഖമായ പുരോഗതി സാധ്യമായാൽ മാത്രമെ ഐശ്വര്യ സമ്പൂർണമായ ക്ഷേമ രാഷ്ട്രം കെട്ടിപ്പടുക്കാൻ സാധിക്കുകയുള്ളു എന്നുമുള്ള മഹാത്മജിയുടെ ആശയങ്ങൾക്ക് പഞ്ചായത്ത് രാജ് സംവിധാനം പുതിയ അർത്ഥവും ഭാവവും നൽകിയിരിക്കുകയാണ്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം പഞ്ചവത്സരപദ്ധതികളിലൂടെ സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനാണ് നാം ശ്രമിച്ചുകൊണ്ടിരുന്നത്. ഒട്ടേറെ നേട്ടങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ടെങ്കിലും അടിസ്ഥാനപരമായ വൈകല്യങ്ങളും നാം തുടർന്നുവന്ന ആസൂത്രണസംവിധാനത്തിന് ഉണ്ടായിരുന്നുവെന്ന് അനുഭവങ്ങൾ തെളിയിക്കുന്നു.

അധികാരത്തിൽനിന്നും അകറ്റിനിർത്തപ്പെട്ടിരുന്ന സാമാന്യ ജനതയ്ക്ക് അധികാരത്തിൽ പങ്കാളിത്തം നൽകുന്നതിനുള്ള ആദ്യചുവടുവെപ്പായി 64- ാം ഭരണഘടനാ ഭേദഗതിയെ വിശേഷിപ്പിക്കാം. നിർഭാഗ്യവശാൽ ഇത് നിയമമായില്ല. തുടർന്നുണ്ടായ 73,74 ഭരണഘടനാഭേദഗതി നിയമമാണ് അധികാര വികേന്ദ്രീകരണ ചരിത്രത്തിൽ ഒരു നൂതന അധ്യായം എഴുതിച്ചേർത്തത്. ഇതുവഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച വിപുലമായ അധികാരങ്ങളോടൊപ്പം, അവ സാമ്പത്തിക ഭദ്രതയും കൈവരിക്കേണ്ടതുണ്ട്. ഗ്രാമവികസനത്തിന്റെ ചാലക ശക്തി ഗ്രാമങ്ങളുടെ സമ്പത്താണല്ലോ. 1997 ഏപ്രിലിൽ ആരംഭിക്കുന്ന 9-ാം പദ്ധതിയുടെ 40 ശതമാനത്തോളം വിഹിതം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭിക്കുമെന്ന സാഹചര്യം സംജാതമായിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് ജനകീയാസൂത്രണത്തിലൂടെ 9-ാം പദ്ധതി ജനകീയ പദ്ധതിയാക്കിമാറ്റാൻ കേരള ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

നാടിന്റെ ഭാവിഭാഗധേയം നിർണ്ണയിക്കാൻ ഏതൊരു പൗരനുമുള്ള അവകാശത്തെ ജനകീയാസൂത്രണ പ്രസ്ഥാനം ഉറപ്പുവരുത്തുന്നു. വികസന ആസൂത്രണ പ്രക്രിയയിൽ വിപ്ലവകരമായ പരിവർത്തനം വരുത്തിക്കൊണ്ട് വികേന്ദ്രീകരണ, ആസൂത്രണ രംഗത്തെ മാറ്റത്തിലൂടെ നവീനമായ ഒരു വികസന ബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ നമുക്ക് സാധിക്കും. സ്വയം സമ്പൂർണ്ണ ഗ്രാമസൃഷ്ടിയിലൂടെ മാത്രമേ രാഷ്ട്രപുനർ നിർമ്മാണം സാധ്യമാകൂ എന്ന് പ്രവചിച്ച മഹാത്മാവിന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെടുമെന്ന് നമുക്ക് പ്രത്യാശിക്കാം.

11 വാർഡുകളും 27,000-ൽ ഏറെ ജനസംഖ്യയുമുള്ള മൂടാടി പഞ്ചായത്ത് കേരളത്തിലെ മറ്റേത് ഗ്രാമപഞ്ചായത്തിനെയും പോലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് ആവേശോജ്ജ്വലമായ തുടക്കം കുറിച്ചിരിക്കുകയാണ്. ലഭ്യമായ വിവരങ്ങളും സൗകര്യങ്ങളും പ്രയോജനപ്പെടുത്തി പഞ്ചായത്തിന്റെ സാമൂഹ്യവളർച്ചയിൽ ഒരു കുതിച്ചുചാട്ടം നമുക്ക് സാധിക്കണം.

മൂടാടിയിലെ അഭ്യസ്തവിദ്യരായ സന്നദ്ധപ്രവർത്തകരെ ഉപയോഗപ്പെടുത്തി തിരുവനന്തപുരത്തെ ഭൗമശാസ്ത്രപഠന കേന്ദ്രത്തിലെ വിദഗ്ധരുടെ സഹായത്തോടെ പഞ്ചായത്തിന്റെ വിഭവഭൂപടം നിർമ്മിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. 1996

മാർച്ച് മാസത്തിൽ നടത്തിയ പ്രസ്തുത പരിപാടിക്ക് ഒരാഴ്ച സമയം വേണ്ടി വന്നു. 55 സന്നദ്ധ സേവകരുടെ ശ്രമകരമായ പ്രവർത്തനത്തിലൂടെ ഭൂപട നിർമ്മാണത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു. പഞ്ചായത്തിലെ ജലസ്രോതസ്സുകൾ, റോഡുകൾ, പാലങ്ങൾ, കനാൽ, ഭൂമിശാസ്ത്രപരമായ മറ്റു പ്രത്യേകതകൾ എന്നിങ്ങനെ വിവിധ മേഖലകളെക്കുറിച്ചുള്ള വിലപ്പെട്ട രേഖകളുടെ സംഗ്രഹമാണ് ഈ ഭൂപടം. വിഭവഭൂപടം ശാസ്ത്രീയമായി നിർമ്മിച്ച ചുരുക്കം പഞ്ചായത്തുകളിൽ ഒന്നാണ് മൂടാടി ഗ്രാമപഞ്ചായത്ത്.

ഒരു ഹൈസ്കൂളും പതിനൊന്ന് പ്രൈമറി സ്കൂളുകളും ഉള്ള നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസ നിലവാരം ഉയർത്താനാവശ്യമായ ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ ``അധ്യാപക സംഗമം" നടത്തുകയും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്താൻ പ്രത്യേക പരീക്ഷ നടത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പരിഹാരബോധനവും അധ്യാപകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലന പരിപാടികളും നടന്നുവരുന്നു. പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു വിദ്യാഭ്യാസസമിതിയും 11 വാർഡ് സമിതികളും 50-ൽ ഏറെ സമ്പർക്ക സമിതികളും രൂപീകരിച്ചിട്ടുണ്ട്.

ഒരു തീരദേശ പഞ്ചായത്തായ മൂടാടിയിൽ കേരള ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഒട്ടേറെ ആരോഗ്യ രക്ഷാപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ജാപ്പാനീസ് പനിക്കെതിരായും, പടർന്നുപിടിച്ച ഛർദ്ദി അതിസാരത്തിനെതിരായും വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും പ്രതിരോധ മരുന്നുകൾ വിതരണം ചെയ്യുകയും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കലാകായിക രംഗങ്ങളിലെ ഗ്രാമീണ പ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്നും താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട് നാം. ഇതിന്റെ ഭാഗമായി ജില്ലാ- സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച വിദ്യാർത്ഥികൾക്ക് പ്രത്യേക പാരിതോഷികം നൽകിയിട്ടുണ്ട്.

വികേന്ദ്രീകരണ ആസൂത്രണത്തിന്റെ ഭാഗമായി ഒക്ടോബർ 3, 4, 5 തിയ്യതികളിൽ നടന്ന ജില്ലാതല പരിശീലന ക്യാമ്പിൽ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് 7 പേർ പങ്കെടുത്തു. 10.9.96 ന് പഞ്ചായത്ത് തലത്തിൽ പരിശീലകരുടെ ക്യാമ്പ് നടത്തി. വമ്പിച്ച ജനപങ്കാളിത്തത്തോടെ എല്ലാ വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ സംഘടിപ്പിച്ചു. പഞ്ചായത്തിലെ ഗ്രാമസഭകളിൽ പങ്കെടുത്ത 3206 പേരിൽ 1168 പേർ സ്ത്രീകളായിരുന്നു. സജീവമായ ഗ്രൂപ്പുചർച്ചകൾ എല്ലാ ഗ്രാമസഭകളെയും സമ്പുഷ്ടമാക്കി. ഒക്ടോബർ 29-ന് നടന്ന പഞ്ചായത്ത് തല രണ്ടാം ഘട്ട പരിശീലനക്യാമ്പിൽ 40 പേർ പങ്കെടുത്തു.

20-ാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ ഈ ചരിത്രദൗത്യം ഏറ്റെടുത്ത് അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന ഒരുകൂട്ടം നിസ്വാർത്ഥസേവകരുടെ മാതൃകാപരമായ പ്രവർത്തനം ഞങ്ങൾക്ക് ആവേശം നൽകുന്നു.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനപഥത്തിൽ കർമ്മോത്സുക

രായ ഇവരുടെ സേവനം ഈ പ്രവർത്തനത്തെ വിജയത്തിലെത്തിക്കുമെന്നതിൽ സംശയമില്ല. മൂടാടി ഗ്രാമപഞ്ചായത്തിന്റെ ഈ സമഗ്രരേഖ പഞ്ചായത്തിന്റെ വികസനം യാഥാർത്ഥ്യമാക്കാനുള്ള രൂപരേഖയായി കൃതാർത്ഥതയോടെ സമർപ്പിക്കുന്നു.

## പഞ്ചായത്ത് പൊതുവിവരം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മൂടാടി ഗ്രാമപഞ്ചായത്ത് |
| വാർഡുകൾ | : | 11 (പതിനൊന്ന്) |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | മൂടാടി |
| ബ്ലോക്ക് പഞ്ചായത്ത് | : | പന്തലായനി |
| മണ്ഡലങ്ങൾ | : | മൂടാടി, കടലൂർ |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | കാപ്പാട് |
| അസംബ്ലി മണ്ഡലം | : | കൊയിലാണ്ടി |
| വിസ്തീർണ്ണം | : | 16.02 ച:കി.മീ. |
| അതിരുകൾ | : | തെക്കും പടിഞ്ഞാറും അറബിക്കടൽ.<br>കിഴക്ക് അകലാപ്പുഴ, കൊയിലാണ്ടി മുൻസിപ്പാലിറ്റി<br>വടക്ക് തിക്കോടി പഞ്ചായത്ത്. |

| | | |
|---|---|---|
| ജനസംഖ്യ | : | 27653 |
| പുരുഷൻ | : | 13510 |
| സ്ത്രീ | : | 14143 |
| കുടുംബങ്ങൾ | : | 4263 |
| ജനസാന്ദ്രത | : | 1726 |

*പട്ടികജാതി/പട്ടികവർഗം:*

| | | |
|---|---|---|
| പുരുഷൻ | : | 1130 |
| സ്ത്രീ | : | 1079 |

| | | |
|---|---|---|
| പ്രസിഡണ്ട് | : | ശ്രീ. എം.കെ. മുഹമ്മദ് |
| വൈസ് പ്രസിഡണ്ട് | : | കുമാരി. സി. രാധ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | ശ്രീ. ടി.പി. രാമചന്ദ്രൻ |
| മെമ്പർമാർ | : | ശ്രീ. എം. ചേക്കുട്ടി ഹാജി |
| | | എൻ.കെ.വസന്ത |
| | | കെ.പി. കരീം |
| | | എം.പി. അജിത |
| | | മൊയില്യാട്ട് ദാമോദരൻ നായർ |
| | | പി.എൻ. ശാന്തമ്മ |
| | | പി.വി. ശിവൻ |
| | | വി.പി. ഭാസ്കരൻ. |



*എന്റെ ജീവിതമാണ്*
*എന്റെ സന്ദേശം*

M.K.Gandhi

# ചരിത്ര പശ്ചാത്തലം

ഏതൊരു പ്രദേശത്തിന്റെയും വർത്തമാന കാല സംസ്കൃതിരൂപം കൊള്ളുന്നത് പൂർവിക സമൂഹത്തിന്റെ ജീവൽ സംഭവങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും കാലാനുഗത കൈമാറ്റങ്ങളിലൂടെ ആർജിക്കുന്ന അഭിലഷണീയ മാറ്റങ്ങളിലൂടെയാണ്. ഐതിഹ്യങ്ങളിലും ചരിത്രാവശിഷ്ടങ്ങളിലും വൃദ്ധസ്മരണകളിലുമായി വ്യാപിച്ചുകിടക്കുന്ന, പൂർവ്വികരുടെ ജീവിതഗതിവിഗതികളെ സ്വാധീനിച്ച ബാഹ്യവും ആന്തരികവുമായ സാംസ്കാരിക സ്രോതസ്സുകളെ കണ്ടെത്താനുള്ള ഒരെളിയ ശ്രമമാണ് നാമിപ്പോൾ നടത്തുന്നത്.

## ഐതിഹ്യങ്ങൾ

പരശുരാമൻ ബ്രാഹ്മണർക്ക് ദാനംചെയ്ത 64 ഗ്രാമങ്ങളിൽ ഒന്നായാണ് കടലൂർ കേരളോൽപത്തിയിൽ പരാമർശിക്കപ്പെടുന്നത്. ആയിരക്കണക്കിനു തലമുറകൾ സഹസ്രാബ്ദങ്ങളിലായി ജീവിച്ചു മൺമറഞ്ഞ ഈ അനുഗ്രഹീത ഭൂപ്രദേശം, കാലത്തിന്റെ അനുസ്യൂത പ്രവാഹത്തിലൂടെ ഇന്ന് മൂടാടി പഞ്ചായത്തായി മാറിയിരിക്കുന്നു.

മലബാറിലെ മറ്റു ഗ്രാമങ്ങളെ അപേക്ഷിച്ച് നമുക്കുള്ള സവിശേഷവും ഉൽക്കൃഷ്ടവുമായ പാരമ്പര്യം വിഭിന്ന ജാതി മതവിഭാഗങ്ങൾ പ്രായോഗിക ജീവിതത്തിൽ പുലർത്തിയിരുന്ന സാഹോദര്യ മനോഭാവമാണ്. വിമംഗലം ക്ഷേത്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കെടുത്തുകൊണ്ട് കല്ലകത്ത് അബ്ദുവും സുഹൃത്തുക്കളും ഈ സാഹോദര്യത്തിന്റെ ആദികാല മാതൃകകളായി മാറിയ കഥ ഇന്നും നമുക്ക് മാർഗ്ഗദർശനം നൽകുന്നു.

മതങ്ങൾ തമ്മിലുള്ള പരസ്പര വിനിമയത്തിനു ദാഹരണമായി മരുമക്കത്തായ സമ്പ്രദായം പിന്തുടർന്നിരുന്ന മുസ്ലിം തറവാടുകളും ഈയടുത്ത കാലം വരെ നമ്മുടെ ഗ്രാമത്തിലുണ്ടായിരുന്നു.

സാമൂതിരി രാജാവിന്റെ സാമന്തന്മാരായിരുന്ന ഈയ്യോളി മൂത്തരചൻ, പടിഞ്ഞാറ്റിടത്തുന്നേമാങ്കൂട്ടിലോർ തുടങ്ങിയ ശിക്ഷാശിക്ഷണാധികാരങ്ങളുള്ള തറവാടുകളിലെ കാരണവന്മാരെ ചുറ്റിപ്പറ്റിയാണ് നമ്മുടെ ഐതിഹ്യങ്ങൾ പലതും. രാജാവിൽനിന്നായാൽപോലും ഔദാര്യങ്ങൾ സ്വീകരിക്കാത്ത അഭിമാനിയായ ഈയ്യോളി മൂത്തരചന്മാരെയും കീഴൂരമ്പലത്തെയും ബന്ധപ്പെടുത്തിയുള്ള നാടൻപാട്ട് ഇന്നും പ്രസിദ്ധമാണ്:

``ഈയ്യോളി മൂത്തരചന്റെ കുടവടിയാകുമ്പോൾ

കീഴൂരെപ്പൂവെടി പാതി"

അരചന്റെ സ്ഥാനചിഹ്നമായ കുട ക്ഷേത്രത്തിൽ പൂവെടി നടക്കുന്നതിനിടയിൽ എങ്ങിനെയോ തകർന്നുപോയതോടെ പൂവെടി പകുതിവെച്ചു നിലച്ചുപോയെന്നാണ് ഐതിഹ്യം. മൂടാടി കൂട്ടത്തിന്റെ വീരശൂരപരാക്രമങ്ങളുടെ കഥകൾ ഇന്നും ചരിത്രത്തിന്റെ ഭാഗമാണ്.

കുറുമ്പ്രനാട്ടിലെ ഐതിഹ്യങ്ങളിലെ വീരനായകനായ തച്ചോളി ഒതേനന്റെ കോഴിക്കോട്ടേക്കുള്ള യാത്ര വടക്കൻപാട്ടുകളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. നമ്മുടെ ഗ്രാമത്തിൽ ഇന്നു നിലവിലുള്ള നെല്ല്യാട്ട് ഇടവഴിയിലൂടയായിരുന്നു ആ യാത്ര. ഒതേനന്റെ ദൃഷ്ടി തറവാട്ടിലെ സ്ത്രീ സൗന്ദര്യങ്ങളിൽ പതിഞ്ഞതായി മനസ്സിലാക്കിയ കാരണവർ ഒതേനൻ മടങ്ങിവരുമ്പോഴേക്കും സ്ഥലം തിരിച്ചറിയാതിരിക്കാൻവേണ്ടി ഏതാനും മണിക്കൂറുകൾകൊണ്ട് കെട്ടിയ ഉയരംകൂട്ടിയ മതിൽ ഇന്നും അവിടെ കാണാം.

സാമൂതിരി കോവിലകം വകയായിരുന്ന പ്രസിദ്ധമായ കോട്ടയിൽ ക്ഷേത്രം പിൽക്കാലത്ത് ചില

ഉടമ്പടികൾ പ്രകാരം കൊടുങ്ങല്ലൂർ കോവിലകത്തിന് കൈമാറ്റം ചെയ്യപ്പെട്ടു. രാജാവ് ക്ഷേത്രസന്ദർശനത്തിന് എഴുന്നള്ളുമ്പോൾ വിശ്രമിക്കാൻവേണ്ടി നിർമ്മിച്ച കോവിലകമാണ് പിന്നീട് കൊയിലോത്തുംപടി അമ്പലമായി മാറിയത്.

സമുദ്രത്തിനഭിമുഖമായി തീരത്ത് സ്ഥിതിചെയ്യുന്ന അപൂർവ്വം ക്ഷേത്രങ്ങളിൽ ഒന്നായ ഗുരുപുണ്യകാവിൽ പ്രതിഷ്ഠ നടത്തിയത് പരശുരാമനാണെന്ന് വിശ്വസിക്കപ്പെടുന്നു. പിതൃബലിക്കായുള്ള പ്രസിദ്ധമായ ഒരു ക്ഷേത്രമാണിത്. കടലൂർ മുനമ്പിൽ സ്ഥിതിചെയ്യുന്ന ജുമാ മസ്ജിദിന് എട്ടു നൂറ്റാണ്ടുകളോളം പഴക്കമുണ്ട്.

വലിയമലയുടെ ചരിവിലുള്ള `വാഴയിൽ പാതാളം' എന്നുവിളിക്കപ്പെടുന്ന പ്രകൃതി നിർമ്മിതമായ രണ്ടു ചെങ്കൽ ഗുഹകൾ എന്നും നിഗൂഢതകളുടെ സങ്കേതമായിരുന്നു. ആ ഗുഹക്കത്തേക്ക് കയറിപ്പോയ ചേമൻനായരുടെ കഥ ഇന്നും പ്രചാരത്തിലിരിക്കുന്നു.

പന്നിവേട്ടക്ക് പോയ ചേമൻനായർ വെടികൊണ്ട പന്നിക്കു പിന്നാലെ ഗുഹക്കകത്തേക്കു കയറി. അവിടെ നടക്കുന്ന ചതുരംഗക്കളിയിലും കളിക്കാരിലും മുഴുകിപ്പോയ നായർക്ക് പിറ്റേദിവസം രാവിലെയേ വീട്ടിൽ തിരിച്ചെത്താനായുള്ളു. ഗുഹയ്ക്കകത്ത് കണ്ടതൊന്നും ആരോടും പറയരുതെന്ന നിർദ്ദേശം ലഭിച്ച ചേമൻനായർ തിരിച്ചു വീട്ടിലെത്തുമ്പോൾ തന്റെ ഒന്നാം ശ്രാദ്ധാചരണങ്ങൾ നടക്കുകയായിരുന്നുവത്രെ. മുഷിഞ്ഞ വേഷവും നീണ്ട താടിമീശകളുമായി ഒരു വർഷം പോയതറിയാതെ കയറിവന്ന ചേമൻനായരെ കണ്ട് ബന്ധുമിത്രാദികൾ അത്ഭുതപരതന്ത്രരായി. ഭാര്യയുടെ നിർബന്ധം സഹിക്കാതായപ്പോൾ വിലക്കു വകവെക്കാതെ താൻ എവിടെയായിരുന്നുവെന്ന് വെളിപ്പെടുത്തിയ ചേമൻനായർ തൽക്ഷണം മരിച്ചുവീണുവെന്നാണ് ഐതിഹ്യം. ഈ കഥയെ അധികരിച്ചുള്ള ചേമൻ നായർ തിറ മണ്ണങ്കിയിൽ ഇപ്പോഴും നടന്നുവരുന്നുണ്ട്.

വാഴയിൽ പാതാളത്തിനടുത്തായി ഹരിജനങ്ങളുടെ മാത്രമായ വാഴയിൽ അമ്പലത്തിൽ പൂജകളും ഉത്സവങ്ങളും പരികർമ്മങ്ങളുമെല്ലാം ഹരിജനങ്ങൾതന്നെ നിർവ്വഹിക്കുന്നു.

നാലാം വാർഡിലുള്ള കടലൂർ കടപ്പുറം പ്രസിദ്ധമായ ഒരു തുറമുഖമായിരുന്നുവെന്ന് വില്യം ലോഗൻ മലബാർ മാന്വലിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ തുറമുഖത്തിനോടടുത്ത് സ്ഥിതിചെയ്തിരുന്ന കോട്ട ടിപ്പുസുൽത്താൻ അദ്ദേഹത്തിന്റെ പടയോട്ടക്കാലത്ത് സന്ദർശിച്ചിരുന്നതായി പറയപ്പെടുന്നു.

## ചരിത്രം

മുൻപു സൂചിപ്പിച്ച സവർണ്ണ ജന്മിമാരുടെ അധീനതയിലായിരുന്നു ഗ്രാമം മുഴുവൻ. കർഷക കലാപങ്ങളുടെയും സമരങ്ങളുടെയും ചരിത്രപരമായ അഭാവം ഈ ജന്മിമാർ ചൂഷകരും ക്രൂരന്മാരും ആയിരുന്നില്ലെന്നുള്ളതിനുള്ള തെളിവായി കണക്കാക്കാവുന്നതാണ്.

കേരളഗാന്ധി കേളപ്പജിയുടെ ജന്മംകൊണ്ട് അനുഗ്രഹീതമാണ് നമ്മുടെ ഗ്രാമം. 1921-ൽ കേളപ്പജിക്ക് ചിങ്ങപുരം ഗ്രാമീണ വായനശാലയിൽ നൽകിയ സ്വീകരണത്തോടെയാണ് നമ്മുടെ പൂർവ്വികന്മാർ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ ഭാഗമായി മാറുന്നത്. കേളപ്പജിക്ക് ഇരിക്കാൻ സ്റ്റൂൾ നൽകിയതിന്റെ പേരിൽ കോഴിപ്പുറം ഗേൾസ് സ്കൂളിന്റെ അംഗീകാരം ബ്രിട്ടീഷ് ഗവൺമെന്റ് പിൻവലിച്ചതായി തിക്കോടിയൻ സൂചിപ്പിച്ചിട്ടുണ്ട്. കീഴരിയൂർ ബോംബ് കേസ് പ്രതികളും സ്വാതന്ത്ര്യസമര സേനാനികളുമായ ചേമ്പന്റവിട നാരായണൻനായർ കേളപ്പജിയുടെ മകൻ കുഞ്ഞിരാമൻ കിടാവ്, മരോളിച്ചം കണ്ടി ഗോവിന്ദൻ നായർ, വണ്ണാംകണ്ടി അച്ചുതൻ വൈദ്യർ എന്നിവരുടെ പ്രവർത്തനകേന്ദ്രമായിരുന്നു ചിങ്ങപുരം.

യശഃശരീരനായ സി.കെ. ഗോവിന്ദൻനായരുടെ പൂർവ്വികരുടേതായ ചിങ്ങപുരം കേളോത്ത് കുടുംബം വകയാണ് പുരാതനമായ കൊങ്ങന്നൂർ ഭഗവതി ക്ഷേത്രം.

കടുത്ത എതിർപ്പുകളെ അതിജീവിച്ചുകൊണ്ട് മുചുകുന്നിൽ 1925-ൽ കേളപ്പജി ഹരിജനങ്ങൾക്കു വേണ്ടി ഒരു വിദ്യാലയം സ്ഥാപിക്കുകയും ഹരിജനോദ്ധാരണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. സാമ്പത്തിക പരാധീനതകൾ കാരണം വിദ്യാലയ നടത്തിപ്പിന് തടസ്സം നേരിട്ടപ്പോൾ സർവന്റ്സ് ഓഫ് ഇന്ത്യ സൊസൈറ്റിയുടെ

ധനസഹായം ലഭിച്ചു. അങ്ങിനെ അടുത്തുതന്നെ യുള്ള പവുർ കുന്നിൽ കെട്ടിട സൗകര്യങ്ങളോടെ യുള്ള റസിഡൻഷ്യൽ സ്കൂൾ രൂപംകൊണ്ടു. ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച വി.ആർ. നായനാർ പിന്നീട് ഈ വിദ്യാലയത്തിന്റെ സാരഥിയായി വന്നു. ഗാന്ധിജി വിഭാവനം ചെയ്ത തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിക്ക് പ്രാധാന്യം നൽകുന്നതായിരുന്നു സ്കൂളിലെ പഠനസംവിധാനം. ഈ സ്കൂളിൽവെച്ച് മഹാകവി വള്ളത്തോൾ ഒരു ഹരിജൻ ബാലനെ ഹരിശ്രീ ചൊല്ലിച്ച് എഴുത്തിനിരുത്തുകയുണ്ടായി.

സ്വാതന്ത്ര്യസമരനായകനായ ഗോപാലകൃഷ്ണഗോഖലെയുടെ സന്ദർശനത്തോടെ വിദ്യാലയത്തിന്റെ പേര് ഗോഖലെ സ്കൂൾ എന്നും ഗ്രാമത്തിന്റെ പേര് ഗോപാലപുരം എന്നുമായി മാറി. സി.എച്ച്. കുഞ്ഞപ്പ, തിക്കോടിയൻ എന്നിവർ ഇവിടുത്തെ അദ്ധ്യാപകർ ആയിരുന്നു. മുൻമന്ത്രി വെള്ള ഈച്ചരൻ, ഉറൂബ്, കുഞ്ഞിരാമൻ കിടാവ് എന്നിവരൊക്കെ വിദ്യാഭ്യാസം നിർവ്വഹിച്ചതും ഇവിടെതന്നെ. ഇവരുടെയെല്ലാം സാന്നിദ്ധ്യവും പ്രവർത്തനങ്ങളും ഈ പ്രദേശത്തെ അധഃസ്ഥിത വിഭാഗത്തിന്റെ സാമൂഹ്യ ഉന്നമനത്തിന് വളരെയേറെ സഹായകമായിത്തീർന്നു.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽതന്നെ നമ്മുടെ പഞ്ചായത്തിൽ വിദ്യാലയങ്ങൾ ആരംഭിച്ചിരുന്നു. കോഴിപ്പുറം ബോയ്സ്, ഗേൾസ് സ്കൂളുകൾ, മുചുകുന്നിലുള്ള വിദ്യാലയങ്ങൾ, ഗോഖലെ സ്കൂൾ , കോടിക്കൽ സ്കൂൾ, വീമംഗലം സ്കൂൾ ഇവയെല്ലാം ഇക്കാലത്തുണ്ടായവയാണ്. ചിങ്ങപുരം വായനശാല പോലെയുള്ള സാംസ്കാരിക സ്ഥാപനങ്ങളുടെയും വിദ്യാലയങ്ങളുടെയും പ്രവർത്തനങ്ങൾ ദേശീയപ്രസ്ഥാനത്തിൽ സമുചിത പങ്ക് വഹിക്കാൻ നമ്മുടെ പൂർവ്വികരെ സന്നദ്ധരാക്കി. ഈ പഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരി ഒരവിൽ കുഞ്ഞികൃഷ്ണൻ നായർ ആയിരുന്നുവെന്നത് ഈയവസരത്തിൽ ഓർമിക്കേണ്ടതാണ്.

പഴയ ബ്രിട്ടീഷ് മലബാറിന്റെയും സ്വാതന്ത്ര്യാനന്തര മലബാർ ഡിസ്ട്രിക്ടിന്റെയും ഭാഗമായിരുന്ന കുറുമ്പ്രനാട് താലൂക്കിൽപെട്ട വൻമുഖം, മൂടാടി അംശങ്ങൾ ചേർന്ന് 1962-ൽ രൂപംകൊണ്ട ഒരു അവികസിത ഗ്രാമസമുച്ചയമാണ് നമ്മുടെ മൂടാടി പഞ്ചായത്ത്. ഈ പ്രദേശത്തിന്റെ ആലംബം (മുട്) ആഴിയിലേക്ക് തള്ളിനിൽക്കുന്നതുകൊണ്ട് ലഭിച്ച മുടാഴി എന്ന പേര് കാലാന്തരത്തിൽ രൂപപരിണാമം പ്രാപിച്ചു മൂടാടി ആയതായിരിക്കാമെന്ന് സ്ഥലനാമ ഗവേഷകർ അഭിപ്രായപ്പെടുന്നു. മത്സ്യത്തൊഴിലാളികൾക്കും കപ്പലുകൾക്കും വഴികാട്ടിയായി തല ഉയർത്തിനിൽക്കുന്ന കടലൂർ ലൈറ്റ് ഹൗസ് അത് സ്ഥാപിക്കപ്പെട്ട ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയിലെ ഉയരംകൂടിയ ദീപസ്തംഭങ്ങളിൽ രണ്ടാമത്തേതായിരുന്നു.

ഒരു വിനോദ സഞ്ചാരകേന്ദ്രമായിത്തീരാൻ പലതുകൊണ്ടും അർഹതപ്പെട്ടതാണ് നമ്മുടെ പഞ്ചായത്ത് എന്നത് കാലാകാലമായി അവഗണിക്കപ്പെട്ടുപോരുന്ന ഒരു വസ്തുതയാണ്. ആഴവും തിരമാലകളും കുറഞ്ഞ മനോഹരമായ കടൽത്തീരം, ദീപസ്തംഭവും തീരത്തിൽ നിന്ന് എളുപ്പത്തിൽ എത്തിച്ചേരാവുന്ന കുഞ്ഞാലിമരക്കാരുടെ സമുദ്രാസ്ഥാനമായിരുന്ന വെള്ള്യാംകല്ലും അകലാപ്പുഴയുടെ തീരത്ത് ഒരു ഉൾനാടൻ ഗ്രാമത്തിന്റെ സമസ്ത ചാരുതകളും ഇന്നും കാത്തുസൂക്ഷിക്കുന്ന മനോഹരമായ മുചുകുന്ന് ഗ്രാമവും സഞ്ചാരികൾക്ക് കൗതുകവും ആനന്ദവും പ്രദാനം ചെയ്യുമെന്നത് സംശയാതീതമാണ്.

സ്വാതന്ത്ര്യത്തിനുമുമ്പ് കെ.ബി. പ്രഭു സ്ഥാപിച്ച ശ്രീശൈലം വ്യാവസായിക കേന്ദ്രം ഒട്ടേറെ പേർക്ക് തൊഴിലവസരം നൽകിയിരുന്നു. പ്രഭൂസ് ഇങ്ക്, ഫ്രഞ്ച് പോളിഷ്, കുറൂസ് പൗഡർ, പുൽത്തൈലം തുടങ്ങി വൈവിധ്യപൂർണമായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചിരുന്ന 15-ഓളം വ്യവസായ യൂണിറ്റുകളുടെ ശൃംഖല ആയിരുന്നു ആ സ്ഥാപനം. പിൽക്കാലത്ത് തൊഴിൽ സമരങ്ങൾ കാരണം ഇവയെല്ലാം അടച്ചുപൂട്ടേണ്ടിവന്നത് ഖേദകരമായ വസ്തുതയാണ്.

സ്വാതന്ത്ര്യപൂർവ്വ അയിത്തോച്ചാടന പ്രവർത്തനങ്ങളും ഭൂപരിഷ്കരണ നിയമങ്ങളും നമ്മുടെ സാമൂഹ്യ സമ്പദ്വ്യവസ്ഥയിൽ അഭിമാനകരമായ മാറ്റങ്ങൾ ഉണ്ടാക്കിയെങ്കിലും കാർഷിക വ്യാവസായിക മേഖലയുടെ തളർച്ചയും, രൂക്ഷമായ തൊഴിലില്ലായ്മയും, വിദ്യാഭ്യാസ - ആരോഗ്യമേഖലകളിലെ ഗുണനിലവാരത്തകർച്ചയും ഇന്നും നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്.

# ഭൂപ്രകൃതിയും വിഭവങ്ങളും

## ഭൂപ്രകൃതി: അവലംബം പഠന പര്യടനം

*തലങ്ങ് വിലങ്ങു നടത്തം*

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ നാല് മേഖലകളായി തിരിക്കാം. സമതലം, ചതുപ്പുനിലം, കുന്നിൻപ്രദേശം, തീരപ്രദേശം.

| മേഖല | വിസ്തീർണ്ണം | ശതമാനം |
|---|---|---|
| **1. തീരം** | | |
| a) ചെങ്കൽപ്പാളി പ്രദേശം | 12 | 20 |
| b) മണൽപ്രദേശം | 8 | |
| **2. സമതലം** | | |
| a) പൂഴിമണൽപ്രദേശം | 18 | 40 |
| b) വളക്കൂറുള്ള ചളി കലർന്ന പ്രദേശം | 10 | |
| c) ചെമ്മണ്ണ് പ്രദേശം | 7 | |
| d) ചരൽ പ്രദേശം | 5 | |
| **3. ചതുപ്പുനിലം** | | |
| ചളി കലർന്ന കറുത്ത മണൽപ്രദേശം | 5 - 5 | |
| **4. കുന്നിൻ പ്രദേശം** | | |
| a) കടുപ്പമുള്ള ചെങ്കൽ പാറ പ്രദേശം | 18 | 35 |
| b) കല്ലു നിറഞ്ഞ ചെമ്മണ്ണ് | 12 | |
| c) കളിമണ്ണ് പ്രദേശം | 5 | |

### 1. തീരപ്രദേശം

ദേശീയപാതയുടെ തെക്കുപടിഞ്ഞാറായി 4.5 കി.മീ. നീളത്തിൽ നീണ്ടുകിടക്കുന്ന 1, 4 , 7, 9, 10 വാർഡുകൾ ഉൾപ്പെട്ട പ്രദേശമാണ് തീരപ്രദേശം. കേരളത്തിന്റെ തീരതടരേഖ പൊതുവെ ഋജുവാണെങ്കിലും ഭൂഭ്രംശങ്ങളുടെ ഫലമായുണ്ടായതെന്നനുമാനിക്കുന്ന രണ്ട് ഉൾവലിവുകളിൽ ഒന്ന് നമ്മുടെ പഞ്ചായത്തിലെ കടലൂരിലാണ്. കരയിൽ നിന്ന്നോക്കുമ്പോൾ തടരേഖക്കുണ്ടാകുന്ന അവതല സ്വഭാവം നിമിത്തം കര കടലിലേക്ക് തള്ളി നിൽക്കുന്നതിനാലാണ് പഞ്ചായത്തിന്റെ തെക്കും പടിഞ്ഞാറും അതിർത്തി കടലാവാൻ ഇടയായത്. സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 15 മീറ്റർ ഉയരത്തിലുള്ള ഗുരുപുണ്യകാവ് മുതൽ നന്തി ലൈറ്റ് ഹൗസിനുതാഴെ വരെ വരുന്ന ചെങ്കൽപ്പാളി നിറഞ്ഞ ഉയർന്ന പ്രദേശം. പിന്നെ കോടിക്കൽ കടപ്പുറം വരെ വരുന്ന മണൽപ്രദേശവുമാണ് ഈ മേഖല. ഗുരുപുണ്യകാവ്, മൂടാടി, മുത്തായം, കടലൂർ, കോടിക്കൽ എന്നിവയാണ് പ്രധാന കടൽത്തീരങ്ങൾ.

തെക്ക്- പടിഞ്ഞാറ് ഭാഗങ്ങളിൽ കടലിൽ കാണപ്പെടുന്ന ചെങ്കൽപ്പാറകളിൽ കല്ലുമ്മക്കായ (കടുക്ക) വ്യാപകമായ തോതിൽ കണ്ടുവരുന്നു. പ്രധാന കൃഷി തെങ്ങാണ്. തെങ്ങിന് ഏറ്റവും യോജിച്ച മണ്ണാണ് ഈ മേഖലയിൽ. കടലൂർ ഭാഗത്തുള്ള ഉപ്പുവെള്ളം കയറുന്ന ചതുപ്പായ ``ആവിക്കൽ" പ്രദേശങ്ങളിൽ മുൻകാലങ്ങളിൽ അനവധി ആളുകൾ തൊണ്ടു പൂഴ്ത്തി ചകിരി നിർമ്മാണത്തൊഴി

ലിൽ ഏർപ്പെട്ടിരുന്നു. തലച്ചുമടായി തൊണ്ട് തീരത്തെത്തിക്കാൻ ആളുകൾ വിമുഖത കാട്ടുന്നതിനാൽ ഈ ഏർപ്പാട് ഇന്ന് തീരെ നിന്ന മട്ടാണ്. ഈ മേഖലയിൽ മുത്തായം, കടലൂര്, കോടിക്കൽ എന്നീ ഭാഗങ്ങളിൽ മത്സ്യബന്ധനവുമായി മാത്രം ബന്ധപ്പെട്ട ദരിദ്രജനവിഭാഗങ്ങളുടെ കുടിലുകൾ മാത്രം കാണപ്പെട്ടിരുന്ന സ്ഥാനത്ത് ഗൾഫ് മേഖലയിൽ നിന്നുള്ള വരുമാനത്താൽ അനേകം കോൺക്രീറ്റ് മന്ദിരങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

### 2. സമതലം

വിസ്തൃതിയിൽ ഏറ്റവും കൂടുതൽ (40%) ഫലഭൂയിഷ്ഠവുമായ ഈ പ്രദേശം സമുദ്രനിരപ്പിൽ നിന്ന് 3-4 മീറ്റർ ഉയരത്തിലാണ്. ഇരുപത് വർഷങ്ങൾക്കുമുമ്പ് പകുതിയിലേറെ നെൽക്കൃഷിയാൽ സമൃദ്ധമായിരുന്ന ഈ പ്രദേശം വയലുകൾ നികത്തി പുരയിടങ്ങളാക്കി തെങ്ങുകൃഷിയും തുടങ്ങി, നെൽക്കൃഷി തീരെ അപ്രത്യക്ഷമായെന്നു പറയാം. തെങ്ങ് ആണ് പ്രധാന കൃഷി. ഇടവിളയായി കുരുമുളക്, കവുങ്ങ്, വാഴ എന്നിവയും നാമമാത്രമായുണ്ട്.

ദേശീയപാതയെയും പയ്യോളി-പേരാമ്പ്ര സംസ്ഥാന പാതയെയും ബന്ധിപ്പിക്കുന്ന നന്തി-കീഴൂർ റോഡ് ഈ മേഖലയിന്മേൽ സൂചിപ്പിച്ച മാറ്റത്തിന് ആക്കം കൂട്ടി. ചെമ്മൺപ്രദേശങ്ങളിൽ കുറച്ചുകാലം മുമ്പുവരെ ധാരാളമായി ഉണ്ടായിരുന്ന വെറ്റിലക്കൃഷി ഇന്ന് തികച്ചും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

### 3. ചതുപ്പുനിലം

സമതലത്തിനും കുന്നിൻപ്രദേശത്തിനും ഇടയ്ക്ക് വീതി വളരെ കുറഞ്ഞ ഈ പ്രദേശം 2, 3, 5, 8, 9 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്നു. ഈ പ്രദേശത്ത് മുമ്പ് കുട്ടാടൻ, പുഞ്ച എന്നിവ വൻതോതിൽ കൃഷിചെയ്തിരുന്നു. എന്നാൽ ഇന്ന് കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി പണിതീർത്ത ഇരിങ്ങൽ- ബ്രാഞ്ച് കനാലിന്റെ വികലമായ ആസൂത്രണത്തിന്റെ അശാസ്ത്രീയമായ നിർമാണം മൂലവും കർഷകർ വളരെയധികം വിഷമതകൾ അനുഭവിക്കുകയും, നെൽക്കൃഷിയിൽനിന്ന് മാറിനിൽക്കുകയും ചെയ്യുന്ന സ്ഥിതിയാണിന്നുള്ളത്.

### 4. കുന്നിൻപ്രദേശം

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ രണ്ടാം സ്ഥാനത്തു വരുന്ന ഈ പ്രദേശം സമുദ്രനിരപ്പിൽ നിന്ന് ഏതാണ്ട് 30- 35 മീറ്റർ ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്. പ്രദേശത്തിന്റെ കിഴക്കെ അതിര് അകലാപ്പുഴയാണ്. മുചുകുന്ന്, മൊയിലൂർകുന്ന്, വലിയമല, പുറമല (ശ്രീശൈലം), പച്ചൂർകുന്ന് എന്നീ കുന്നുകൾ ഉൾപ്പെടുന്ന ഈ പ്രദേശം പഞ്ചായത്തിന്റെ 2, 3, 5, 6, 8, 9, 10, 11 വാർഡുകൾ സ്പർശിക്കുന്നു. കശുമാവ് അല്ലാത്ത മറ്റു കാർഷിക വിളകൾ ഈ പ്രദേശങ്ങളിൽ ഇല്ലെന്നുതന്നെ പറയാം.

മണ്ണൊലിപ്പ് കാര്യമായില്ലെങ്കിലും ഗതാഗതസൗകര്യങ്ങൾ കൂടുതലായപ്പോൾ കഴിഞ്ഞ കുറച്ചു വർഷങ്ങളിലായി വൻതോതിൽ മണ്ണ് സമീപപ്രദേശങ്ങളിൽ കൊണ്ടുപോയി താഴ്ന്ന നിലങ്ങൾ നികത്തുന്ന പ്രവണത കാണുന്നുണ്ട്. പഞ്ചായത്തിൽ ചൂട് കൂടുതൽ അനുഭവപ്പെടുന്ന ഈ പ്രദേശങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അതിരൂക്ഷമായി അനുഭവപ്പെടാറുണ്ട്. പ്രദേശത്തിന്റെ കിഴക്കുഭാഗമായ കടുക്കുഴി, ചെമ്പോട്ടുവയൽ എന്നീ പ്രദേശങ്ങളിൽ സുലഭമായി കിട്ടുന്ന കളിമണ്ണുകൊണ്ട് വിവിധതരം മൺപാത്രങ്ങൾ ഉണ്ടാക്കിയിരുന്നു. മുമ്പ് ഈ പ്രദേശങ്ങളിൽ വെറ്റില ധാരാളമായി കൃഷിചെയ്തിരുന്നു. എന്നാൽ ഇന്ന് ഈ കൃഷികൊണ്ട് ഉപജീവനം നടത്തുന്നവർ കുറവാണെങ്കിലും പഞ്ചായത്തിൽ മൊത്തം ഉൽപ്പാദിപ്പിക്കുന്നതിന്റെ വെറ്റിലയുടെ ഭൂരിഭാഗവും ഈ പ്രദേശത്താണ്.

## ജലവിഭവങ്ങൾ

പഞ്ചായത്തിനകത്ത് നദികളോ തോടുകളോ എടുത്തുപറയാൻപറ്റുന്ന മറ്റു വലിയ ജലസ്രോതസ്സുകളോ ഇല്ലെന്നുതന്നെ പറയാം. ആകെയുള്ളത് കിഴക്കെ അതിരിലൂടെ ഒഴുകുന്ന അകലാപ്പുഴയാണ്. ഭൂവിനിയോഗത്തിൽ വരുന്ന മാറ്റങ്ങൾ നിമിത്തം നേരത്തെ ഉണ്ടായിരുന്ന പനയൻ തോട്, പുരത്തി തോട്, ചാക്കരത്തോട്, പറത്തോട്, കടലൂര്- ആവി എന്നീ 14.88 ഏക്കർ വരുന്ന തോടുകൾ പലതും ഇന്ന് നാമാവശേഷമായിട്ടുണ്ട് എന്നു പറയാം.

39 കുളങ്ങൾ ഉള്ളതിൽ 8 എണ്ണം ക്ഷേത്രക്കുളങ്ങളാണ്. കുളങ്ങളിൽ ഏറ്റവും വലുത് ചിങ്ങപുരത്തുള്ള ക്ഷേത്രക്കുളമാണ്. ഈ കുളങ്ങൾ ഒന്നും തന്നെ ജലസേചനാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നില്ല. 80 ശതമാനത്തോളം വീടുകളിൽ സ്വന്തമായുള്ള കിണറുകളാണ് ജലസ്രോതസ്സായി ഉപയോഗിക്കപ്പെടുന്നത്.

### കുളങ്ങളെ സംബന്ധിക്കുന്ന വിവരം:


| വാർഡ് | കുളം |
|---|---|
| 1. | നാരങ്ങോളി കുളം |
| 2. | പോവതി കുളം ആമ്പിച്ചി കുളം, പനാട്ടു കുളം |
| 3. | മൊഗേടത്ത് കുളം, പുതുക്കുളം, ഇല്ലത്ത് കുളം, മനപ്പുറത്ത് കുളം, കാരിശ്ശേരി കുളം |
| 4. | കുളങ്ങളില്ല |
| 5. | ചെട്ടിയത്ത് കുളം,തെക്കേട്ടിൽ കുളം, വെളുത്താടൻ വീട്ടിൽ കുളം, വഴങ്ങോട്ട് കുളം, മങ്കൂട്ടിൽ കുളം, പൊനത്തിൽ കുളം, എടവലത്ത് കുളം, വരിക്കാലിൽ കുളം, വാഴയിൽ കുളം(ഇറിഗേഷൻ വകുപ്പ് കുളം), മരക്കാട്ട് കുളം. |
| 6 | താഴത്ത് മനപ്പുറത്ത് കുളം തുവക്കുന്നത്ത് കുളം, പട്ടേരി പറമ്പിൽ കുളം, മങ്ങാട്ടത്ത് താഴ കുളം. |
| 7 | നങ്ങാത്ത് കുളം, |
| 8 | മരക്കുളം, എടോത്താനത്ത് കുളം, പൊയിലിൽ കുളം |
| 9 | ഒറവിൽ കുളം, അത്താണിക്കൽ കുളം |
| 10 | പാലക്കുളം, ചെട്ടിയത്ത് കുളം, ?ന്നത്ത് കുളം, ഒതയോത്ത് കുളം, പാലോളിക്കുളം. |
| 1' | കടുക്കുഴി, കാപ്പ്, ചേലക്കുണ്ട്, പരോത്ത് കുളം. |
| *കൂടാതെ 8 ക്ഷേത്രക്കുളങ്ങളുണ്ട്* | |

## ജൈവസമ്പത്ത്:

മലബാറിന്റെ ജൈവ വൈവിധ്യവും ജന ജീവിത സ്പന്ദനവും തേടി പഞ്ചായത്തിന്റെ കിഴക്കൻ അതിർത്തിയായ അകലാപ്പുഴയിലൂടെ വില്യം ലോഗൻ നടത്തിയ ചരിത്രപര്യടനം അനുഭവസ്പൃക്കായി മലബാർ മാന്വലിൽ രേഖപ്പെടുത്തുന്നതിങ്ങനെയാണ്.

പുഴയോരത്തെ ഹരിത വൃക്ഷതലപ്പുകൾക്ക് മുകളിൽ തലയുയർത്തി നിൽക്കുന്ന കുടപ്പനകൾ, കേര വൃക്ഷ ജനുസുകൾ, എഴുത്തോലപ്പനകൾ, ഫലസമൃദ്ധമായ മാവും, പ്ലാവും. സുഗന്ധം പരത്തുന്ന ഇലഞ്ഞി, ആലും, അരയാലും, വെളുത്ത പുന്നയും നിറയെ പൂത്തുനിൽക്കുന്ന ചമ്പകങ്ങളും, കൊന്ന, കാറ്റാടി, കാഞ്ഞിരം, മുരിക്ക്, ഇവയ്ക്കിടയിൽ അങ്ങിങ്ങായി കാണുന്ന ചന്ദനമരങ്ങൾ, അടിമുടി പൂവണിഞ്ഞ ചമത മരങ്ങൾക്കൊപ്പം ഹരിതാപമായ നാഗവൃക്ഷക്കാവും. വേഴാമ്പൽക്കൂട്ടങ്ങൾ-വിവിധയിനം മീൻകൊത്തിപക്ഷികൾ, കാട്ടുപൊന്തകൾക്ക് താഴെ വിശ്രമിക്കുന്ന മുതലകൾ മണൽത്തട്ടിലെ പരശതം ചുവന്ന ഞണ്ടുകൾ, നീലജലങ്ങളിൽ ഊളിയിടുന്ന നീർനായകൾ, ഇവയെല്ലാം ആരെയാണ് വിസ്മയിപ്പിക്കാത്തത്. എന്നാൽ ഒരു നൂറ്റാണ്ടിന്റെ പരിണാമം നമ്മുടെ താഴ്‌വരയേയും, പുഴയോരത്തെയും ഈ വിസ്മയത്തിന് അന്യവും, വന്ധ്യവുമാക്കി തീർത്തിരിക്കുന്നു.

ചാക്കര ചതുപ്പുനിലത്തിലും മുചുകുന്നിലെ കടുക്കുഴി പ്രദേശത്തും വർഷത്തിൽ ഏതാണ്ട് എല്ലാ കാലത്തും ജല ലഭ്യതയുണ്ട്. തീരപ്രദേശത്തെ ഒന്നാം വാർഡിലെ പല പ്രദേശങ്ങളിലും കിണറുകളിൽ ഉപ്പുകലർന്ന വെള്ളമാണ്. എന്നാൽ കിഴക്കുഭാഗത്ത് മുചുകുന്ന് പ്രദേശങ്ങളിലും 2-ാം വാർഡിലെ തെയ്യംപാടി പാറ, ഒന്നാം വാർഡിലെ കോടിക്കൽ, പത്താം വാർഡിലെ ഗുരുപുണ്യകാവ്, ഗോപാലപുരം എന്നീ പ്രദേശങ്ങളിൽ ജനുവരി മുതൽ ജൂൺവരെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. സമതലപ്രദേശത്ത് 8- 10 മീറ്റർ ആഴത്തിൽ വെള്ളം കിട്ടുമ്പോൾ കിഴക്കൻ കുന്നിൻപ്രദേശങ്ങളിൽ 20-25 മീറ്റർ വരെ ഉയരത്തിലുള്ള കിണറുകളിലും ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന ഇരിങ്ങൽ ബ്രാഞ്ച് കനാൽകൊണ്ട് ഉദ്ദേശിച്ച ഫലം കിട്ടുന്നില്ല എന്ന് മാത്രമല്ല, അശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത ഈ കനാലുണ്ടാക്കുന്ന നഷ്ടം ഏറെയാണ്.


ജലലഭ്യത
375 0 375 750M
സൂചകം
ഉയർന്നത്
ഇടത്തരം
താഴ്ന്നത്
കാലാനുസൃതം
N
തിക്കോടി പഞ്ചായത്ത്
അകലാപ്പുഴ
To Kannur
NH
To Kozhikode
കൊയിലാണ്ടി മുനിസിപ്പാലിറ്റി
അറബിക്കടൽ

# കൃഷി

## ജലസേചനം

(IUIJതന്ത്ര്യലബ്ധിക്കു മുമ്പ് പഞ്ചായത്തിൽ സമതലമേഖലയിൽ 60% ഭാഗത്ത് നെൽകൃഷി നടത്തിയിരുന്നു. ഉൽപ്പാദനക്ഷമതയും പ്രതിരോധശേഷിയിലും മുൻപന്തിയിലായിരുന്ന നാടൻവിത്തിനങ്ങൾ ഉപയോഗിച്ചുള്ള കൃഷി ലാഭകരവും വലിയ വിഭാഗം ജനങ്ങളുടെ മുഖ്യതൊഴിലുമായിരുന്നു. എന്നാൽ ഇന്നിത് 10% ആയി കുറഞ്ഞിരിക്കുന്നു. ഭൂപരിഷ്കരണനിയമം ഇതര മേഖലയിലെ മെച്ചപ്പെട്ട തൊഴിൽ സാധ്യത, മണ്ണിന്റെ ഘടനയിലുള്ള വ്യത്യാസം, ഗൾഫ് പണത്തിന്റെ സ്വാധീനം എന്നിവ ഈ പരിണാമത്തിന് ആക്കം വർധിപ്പിച്ചു.

എഴുപതുകളുടെ മധ്യത്തിൽ നെൽപ്പാടങ്ങൾ നികത്തി പാർപ്പിട സൗകര്യത്തിനും തെങ്ങ്കൃഷിക്കും വേണ്ടി ഉപയോഗപ്പെടുത്തുന്ന പ്രക്രിയ തുടങ്ങുകയും എൺപതുകളിൽ അതിന്റെ വേഗത വർധിക്കുകയും ചെയ്തു.

തേങ്ങക്ക് മെച്ചപ്പെട്ട വില കിട്ടിയതിനാലും തെങ്ങ് കൃഷി നെൽകൃഷിയേക്കാൾ ലാഭകരമായിത്തീരുന്നതുമാണ് പാടങ്ങളിൽ തെങ്ങ് നടാൻ പ്രേരിതമാക്കിത്തീർത്തത്.

നെൽപ്പാടങ്ങളുടെ ഈ അപചയംമൂലം വെള്ളരി, മത്തൻ, കയ്പ, ചീര, മുളക്, പടവലം, ഇളവൻ എന്നീ പച്ചക്കറികളുടെ ഉൽപ്പാദനം നിലച്ച അവസ്ഥതന്നെയാണ്. പാർപ്പിട പ്രശ്നം, കൂട്ടുകുടുംബ സമ്പ്രദായപതനം, ജനസംഖ്യാ വർധനവ് എന്നിവ കൃഷിഭൂമിയിൽ ചെലുത്തിയ സമ്മർദ്ദം നിമിത്തം മുൻകാലങ്ങളിൽ സുലഭമായി പുരയിടങ്ങളിൽ കൃഷിചെയ്തിരുന്ന ചേമ്പ്, ചേന, പയർ, മുത്താറി, ഉഴുന്ന്, കണ്ടിക്കിഴങ്ങ്, ചെറുകിഴങ്ങ്, ഇഞ്ചി, മഞ്ഞൾ, മരച്ചീനി എന്നീ കൃഷികൾ പാടെ നിലച്ചു. ഈ കാര്യത്തിൽ സ്വയം പര്യാപ്തമായിരുന്ന നമ്മുടെ പഞ്ചായത്ത് ഇപ്പോൾ പൂർണ്ണമായും പുറം മാർക്കറ്റുകളെ ആശ്രയിക്കേണ്ട ഗതികേടിലെത്തിച്ചേർന്നിരിക്കുന്നു.

### നെൽകൃഷി-വിള-വിസ്തീർണം

| നമ്പർ | വിള | വിസ്തീർണം ഹെക്ടറിൽ | ഉൽപാദനം | ഉൽപാദനക്ഷമത |
|---|---|---|---|---|
| 1. | നെല്ല് (ഒന്നാം വിള) | 20 | 40 ടൺ | 3 ടൺ |
| 2. | നെല്ല് (രണ്ടാം വിള) | 30 | 6 ടൺ | 3 ടൺ |
| 3. | നെല്ല് (മൂന്നാം വിള) | 80 | 160 ടൺ | 3 1/2 ടൺ |

# കാർഷികവിളകൾ

## ഇടവിളകൾ

| | 1 കായ്ക്കുന്നത് | 2 കായ്ക്കുന്നത് | 1 കായ്ക്കാത്തത് | 1 കായ്ക്കാത്തത് | വിസ്തീർണ്ണം |
|---|---|---|---|---|---|
| തെങ്ങ് | 301527 | 277420 | 156784 | 144250 | 1000ഹെക്ടർ |
| കവുങ്ങ് | 22240 | 20460 | 24611 | 22720 | 2 ഹെക്ടർ |
| കശുമാവ് | 11212 | 10310 | 12772 | 11750 | 20 ഹെക്ടർ |
| കുരുമുളക് | 41082 | 38000 | 34529 | 31760 | 12 ഹെക്ടർ |

| പ്ലാവ് | മാവ് | പുളി | പന | പപ്പായ | മുരിങ്ങ | കൊക്കോ | ജാതി | കറുവ | ഗ്രാമ്പു |
|---|---|---|---|---|---|---|---|---|---|
| 50000 | 56600 | 3050 | 6000 | 10365 | 12820 | 80 | 60 | 90 | 160 |
| A ഏത്ത വാഴ | C ഏത്ത വാഴ | കരിമ്പ് | പച്ചില വളം | മറ്റു വൃക്ഷങ്ങൾ | റബ്ബർ | എണ്ണ കുരുക്കൾ | വെറ്റില | കൈത ച്ചക്ക | മറ്റു വാഴ A |
| 140 | 237 | 5 | 2950 | 8000 | 25 | 5 | 50 | 1100 | 15800 |
| മറ്റു വാഴ C | കാലി ത്തീറ്റ | മൾ ബെറി | ഇഞ്ചി പ്പുല്ല് | മര ച്ചീനി | പഴ വർഗ്ഗം | പച്ച ക്കറികൾ | മധുര ക്കിഴങ്ങ് | ഇഞ്ചി | മഞ്ഞൾ |
| 5500 | 5 | 45 | 50 | 1950 | 65 | 1500 | 150 | 85 | 250 |

മുഖ്യവിളയായ തെങ്ങ്കൃഷിയിൽ എണ്ണത്തിൽ വർധനവുണ്ടായെങ്കിലും ഉത്പാദനക്ഷമതയിൽ പിറകോട്ട് പോയി. അശാസ്ത്രീയമായ തെങ്ങുകൃഷിരീതി, വളപ്രയോഗം, കീടങ്ങളുടെ ശല്യം, വർധിച്ച വൃക്ഷ സാന്ദ്രത, വൻതോതിലുള്ള വൃക്ഷ നശീകരണം മൂലം പച്ചില വളങ്ങളുടെ അഭാവം, ജലസേചനത്തിന്റെ ദൗർലഭ്യം എന്നിവ തെങ്ങിന്റെ ഉത്പാദനക്ഷമതയെ കാര്യമായി ബാധിച്ച ഘടകങ്ങളാണ്.

ഒരു ഏക്കർ പ്രദേശത്ത് 70, 80 എന്ന അംഗീകൃത വൃക്ഷസാന്ദ്രതക്കു പകരം, ഇപ്പോൾ ശരാശരി 120-നും 140-നും ഇടയിൽ തെങ്ങ് നമ്മുടെ പഞ്ചായത്തിൽ കൃഷി ചെയ്തുവരുന്നു. ഒരു തെങ്ങിൽനിന്ന് ശരാശരി ഉത്പാദനം 34 തേങ്ങയാണ്. സംസ്ഥാന ശരാശരി 38 ആണെന്ന് സൂചിപ്പിക്കട്ടെ. വൃക്ഷസാന്ദ്രതയിലുള്ള ഈ വർധനവ് ഉത്പാദനക്ഷമത വർധിപ്പിച്ചതുമില്ല; പച്ചക്കറി ഉൾപ്പെടെയുള്ള ഇടവിള കൃഷി അസാധ്യമാക്കിത്തീർക്കുകയും ചെയ്തു.

പഴം, പച്ചക്കായ എന്നിവയ്ക്ക് മാർക്കറ്റുകളെ ആശ്രയിക്കാത്ത ഒരവസ്ഥ ദശാബ്ദങ്ങൾക്കു മുമ്പ് ഉണ്ടായിരുന്നെങ്കിലും ഇന്ന് പറമ്പുകളിൽ വാഴകൃഷി തുലോം കുറവാണ്. മുമ്പ് വാണിജ്യാടിസ്ഥാനത്തിലും വാഴകൃഷി നമ്മുടെ പഞ്ചായത്തിൽ ചെയ്തിരുന്നില്ല.

വെറ്റിലകൃഷിയും വ്യാപകമായിത്തന്നെ നടത്തിയിരുന്ന കാലമുണ്ടായിരുന്നു. തിക്കോടിയിലെ വെറ്റില ചന്ത മുഖ്യമായും നമ്മുടെ പഞ്ചായത്തിലെ വെറ്റിലയെ ആശ്രയിച്ചായിരുന്നു നടത്തിയിരുന്നത്. ഈ കൃഷി 10 വർഷങ്ങൾക്കുമുമ്പ് സ്ത്രീകളുൾപ്പെടെ വലിയൊരു വിഭാഗം ജനങ്ങളുടെ ജീവിതോപാധിയായിരുന്നെങ്കിൽ ഇന്ന് പേരിനുമാത്രമാണ് ഈ കൃഷി നടത്തിവരുന്നത്.ഈ മേഖലക്കാവശ്യമായ വിദഗ്ധ തൊഴിലാളികളുടെ അഭാവം, പച്ചിലവളം, ചാണകം ഇവയുടെ ദൗർലഭ്യം, ജലസേചന സൗകര്യം ഇല്ലായ്മ, ആവശ്യമായ മുള കിട്ടാനില്ലാത്ത അവസ്ഥ ഇവയെല്ലാം ഈ കൃഷിയുടെ ശോചനീയാവസ്ഥയ്ക്ക് കാരണമായിത്തീർന്നിട്ടുണ്ട്.

ഒരു കാലത്ത് പുരയിടങ്ങളിൽ സുലഭമായിരുന്ന മാവ്, കവുങ്ങ്, ഈന്ത്, വൈവിധ്യമുള്ള പലതരം പടുമരങ്ങൾ, മറ്റു സസ്യങ്ങൾ ഇവയെല്ലാം തെങ്ങ്കൃഷിക്ക് വേണ്ടി വഴിമാറി വംശനാശം സംഭവിച്ചുകൊണ്ടിരിക്കയാണ്.

മണ്ണ് പരിശോധന സംവിധാനം സമീപ പ്രദേശത്ത് തന്നെ ലഭ്യമാണെങ്കിലും ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി, രാസവള പ്രയോഗം നടത്തുവാനോ ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്തു ഉത്പാദനം വർദ്ധിപ്പിക്കാനോ, കർഷകരുടെ ഭാഗത്ത് നിന്നോ, മറ്റു ബന്ധപ്പെട്ടവരിൽ നിന്നോ ബോധപൂർവ്വമായി യാതൊരു പ്രവർത്തനവും ഉണ്ടായിട്ടില്ല.

കാലി സമ്പത്ത് കുറഞ്ഞതിനാലും, പച്ചിലവളങ്ങൾ ലഭ്യമല്ലാത്തതിനാലും ജൈവ വള പ്രയോഗവും വളരെ കുറഞ്ഞിരിക്കുന്നു.

പഞ്ചായത്തിലെ ആകെ ജനസംഖ്യ 27653 ആണെങ്കിലും കർഷക തൊഴിലാളികളുടെ എണ്ണം വളരെ കുറവാണ്. (പു. 708+സ്ത്രീ 134) മറ്റു ആകർഷകമായ തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ വേതന വ്യവസ്ഥ കാർഷിക തൊഴിലാളികൾക്കും ലഭിക്കുന്നുണ്ടെങ്കിലും ഈ രംഗത്ത് വിദഗ്ധരായ തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥയാണുള്ളത്. അതോടൊപ്പം തന്നെ മെച്ചപ്പെട്ട കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗം വികസിച്ചിട്ടില്ല.

## നിലവിലുള്ള യന്ത്രോപകരണങ്ങൾ

| ട്രില്ലർ | നാടൻ പമ്പ് | ഹാൻഡ് സ്പ്രേയർ | നാപ് സാക് സ്പ്രേയർ | തെങ്ങ് കയറ്റ യന്ത്രം | പോർട്ടബിൾ പമ്പ് സെറ്റ് | ഹോപ്പ ബ്ലോക്ക് |
|---|---|---|---|---|---|---|
| 3 | 5 | 20 | 12 | 4 | 90 | 39 |

മേൽസൂചിപ്പിച്ച യന്ത്രോപകരണങ്ങൾ കൂടാതെ 60 ശതമാനം വീടുകളിലും ഗാർഹികോപയോഗത്തിനും, കൃഷിക്കുമായി ഉപയോഗപ്പെടുത്തുന്ന പമ്പുസെറ്റുകളും ഉണ്ട്.

ഗ്രാമസഭയിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ കാർഷിക രംഗത്ത് പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. നെൽപ്പാടം തുണ്ട് തുണ്ടുകളാക്കപ്പെട്ടതും സംഘടിതമായ കൃഷിമുറകൾ സ്വീകരിക്കാത്തതിനാലും നെൽകൃഷി ലാഭകരമായി നടത്താൻ കഴിയുന്നില്ല.

2. നീർക്കെട്ട്, കാളക്കുറ്റന്റെ ശല്യം

3. തേങ്ങക്ക് വേണ്ടത്ര വില കിട്ടുന്നില്ല.

4. ജൈവ-പച്ചില വളങ്ങൾ വേണ്ടത്ര ലഭ്യമല്ലാത്തതാണ്.

5. കീടങ്ങളുടെ ശല്യം, കൂമ്പ് ചീയൽ എന്നിവ.

6. കൃഷി വകുപ്പിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നുമുള്ള ആനുകൂല്യങ്ങൾക്ക് ഇപ്പോൾ ഭൂപരിധിയുള്ളതിനാൽ പരിമിതമായ ഭൂമിയുള്ള കർഷകർക്ക് ഇതിന്റെ ഗുണം കിട്ടുന്നില്ല.

7. മണ്ണു പരിശോധന സംവിധാനം വേണ്ടത്രയില്ല.

8. ചില സ്ഥാപനങ്ങളുടെ പേരിലും സർക്കാർ സ്ഥാപനങ്ങളുടെ പേരിലും ഭൂമി തരിശായി കിടക്കുന്നു.

9. ജലസേചന സൗകര്യങ്ങൾ പരിമിതമാണ്.

10. നല്ലയിനം വിത്തുകൾ, നടൽ വസ്തുക്കൾ വേണ്ടത്ര കിട്ടാനില്ല.

11. ശാസ്ത്രീയമായ കാർഷികമുറകൾ, കാർഷിക വികസന സാദ്ധ്യതകൾ, എന്നിവയിലുള്ള കർഷകരുടെ അവബോധം താഴ്ന്നതാണ്.

12. കർഷക തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.

13 കർഷക തൊഴിലാളികളുടെ ഉയർന്ന കൂലി നിരക്കും, സേവന നിലവാര തകർച്ചയും

14. വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്താൽ വിപണനത്തിനുള്ള സാധ്യത കുറവ്

15. കാർഷിക യന്ത്രോപകരണങ്ങൾ, സംരക്ഷണ സംവിധാനോപാധികൾ വേണ്ടത്ര സമീപത്ത് ലഭ്യമല്ല.

16. കൃഷി ഭവന്റെയും കൃഷി വകുപ്പിന്റെയും സേവനം കാര്യക്ഷമമായും യഥാസമയത്തും, സാർവ്വത്രികമായും കിട്ടുന്നില്ല.

17. പച്ചക്കറി കൃഷിയിൽ ജനങ്ങളുടെ വിമുഖത.

18. മറ്റ് വൃക്ഷങ്ങളായ മാവ്, പ്ലാവ്, കവുങ്ങ് മുതലായവ വച്ച് പിടിപ്പിക്കുന്നതിനുള്ള പ്രവണത കുറയുന്നു.

19. വിപണന സൗകര്യം ഉണ്ടെങ്കിലും വെറ്റില കൃഷി കുറഞ്ഞ് വരുന്നു.

20. കശുമാവ് കൃഷിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല.

21. പരമ്പരാഗതമായി കൃഷി ചെയ്ത് വന്നിരുന്ന കിഴങ്ങ് വർഗ്ഗം, പയർ വർഗ്ഗം, ധാന്യങ്ങൾ മുതലായ കൃഷി ചെയ്യാനുള്ള വിമുഖത.

22. ഔഷധ സസ്യങ്ങൾ മിക്കതും നശിച്ചുകൊണ്ടിരിക്കുന്നു.

23. അശാസ്ത്രീയമായി രൂപ കൽപന ചെയ്ത് ഇരിങ്ങൾ ബ്രാഞ്ച് കനാൽ ഉണ്ടാക്കുന്ന നഷ്ടം.

24. കടൽക്ഷോഭങ്ങളുള്ള പ്രദേശങ്ങളിൽ കടൽ ഭിത്തികെട്ടണം

## സാധ്യതകൾ

1. ജലസേചനത്തിനായി പഴ ജല സ്രോതസ്സുകളായ കുളങ്ങൾ, തോടുകൾ എന്നിവ വികസിപ്പിക്കുക.

2. വ്യാപകമായ ബോധവൽക്കരണ പ്രവർത്തനം.

3. സംഘടിതമായ കൃഷി സമ്പ്രദായം സ്വീകരിക്കൽ

4. കൃഷി ഭവന്റെ സേവനം വിപുലപ്പെടുത്തലും കാര്യക്ഷമമാക്കുകയും ചെയ്യുക.

5. എല്ലാ വിളകൾക്കും ഇൻഷുറൻസ് ഏർപ്പെടുത്തുക.

6. ആഴ്ച ചന്തകൾ ആരംഭിക്കുക.

7. യുവതലമുറയെ കാർഷിക രംഗത്തേക്ക് കൊണ്ടുവരാനാവശ്യമായ പ്രോത്സാഹനവും, പരിശീലനവും നൽകുക.

8. കാർഷകർക്ക് പ്രോത്സാഹനവും കാർഷിക വൃത്തിക്ക് മാന്യമായ അംഗീകാരവും നൽകുക.

9. പച്ചക്കറി കിറ്റുകൾ വിതരണം ചെയ്യുക.

10 ജൈവ ലഭ്യത വർദ്ധിപ്പിക്കാൻ ഓരോ വീട്ടിലും കംപോസ്റ്റ് ബിറ്റ് ഉണ്ടാക്കാനുള്ള പ്രോത്സാഹനം നൽകൽ.

11. കാളക്കൂറ്റൻമാരുടെ ശല്യം ശാശ്വതമായി പരിഹരിക്കുക.

12. കാർഷിക ആനുകൂല്യങ്ങൾക്കുള്ള ഭൂപരിധി എടുത്ത് കളയുക.

13. മണ്ണ് പരിശോധന നിർബന്ധമാക്കുക.

14. ഔഷധ സസ്യങ്ങളുടെ നടീൽ വസ്തുക്കൾ ലഭ്യമാക്കുക.

15. ഇരിങ്ങൽ ബ്രാഞ്ച് കനാൽ കോൺക്രീറ്റ് ലൈൻ ചെയ്യുക, യഥാസമയം ജല ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക.

16. കുറ്റിമുല്ല തുടങ്ങിയ അലങ്കാര ചെടികളുടെ നടീൽ വസ്തുക്കൾ ലഭ്യമാക്കുക.

17. തരിശ്ശായിക്കിടക്കുന്ന സ്ഥലത്ത് കൂട്ടു കൃഷി നടത്താനുള്ള ശ്രമം.

18. മൂടാടി പഞ്ചായത്തിലെ III-ാം വാർഡിലുള്ള 'പോവതിക്കുളം' വയലിൽ നിന്ന് തുടങ്ങി പള്ളിക്കരയിലെ നെയ്വരാണി പാലത്തിനടുത്ത് വരെയുള്ള പഴയതോട് ആഴവും വീതിയും കൂട്ടി അഭിവൃദ്ധിപ്പെടുത്തുക.

19. മുചുകുന്നിലെ XI-ാം വാർഡിലെ കാപ്പിലെ വെള്ളം മഴക്കാലത്ത് അകലാപ്പുഴയിലേക്ക് ഒഴുകിപ്പോകുകയാണ്. കാപ്പിൽ നിന്ന് വെള്ളം ഒഴുകുന്ന തോടിന് ചെക്ക് ഡാം സ്ഥാപിച്ച് വെള്ളം തടഞ്ഞ് നിർത്തി കൃഷിക്ക് ഉപയോഗപ്പെടുത്തണം.

20. ഗുരുപുണ്യ കാവിന്റെ തെക്ക് ഭാഗം നീർമറി പ്രദേശമാണ്. ഇതിനെ ഉപയോഗപ്പെടുത്തി പ്രവർത്തനങ്ങൾ. സംഘടിപ്പിക്കണം. ചാലി, പാച്ചാക്കൽ, ചാക്കര പ്രദേശങ്ങളിലെ വയലിൽ കെട്ടി നിൽക്കുന്ന ജലം ആഴത്തിലുള്ള തോടു വെട്ടി സംഭരിച്ചു ഈ പ്രദേശങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുക.

21. 'മരയ്ക്കാട്ട് താഴ' റെയിൽവെ ലൈൻ, മമ്മിളിത്താഴ, ഒതയോത്ത് താഴ എന്നീ സ്ഥലങ്ങളിൽ ഫീൽഡ് പൂത്തി, പാച്ചാക്കിൽ താഴ, അരുമം കണ്ടി താഴ ഫിൽഡ് പുത്തി.

22. പാലാഴിനട വീതികൂട്ടി വെള്ളം ഒഴിഞ്ഞ് പോകാനുള്ള സാവിധാനം ഉണ്ടാക്കുക.

23. ഇഞ്ചി, മഞ്ഞൾ എന്നീ ഇടവിളകളെ പ്രോത്സാഹിപ്പിക്കുക, ബഹുവിള കൃഷി വികസിപ്പിക്കുക.

24. തെങ്ങിൻ മണ്ടകൾ വൃത്തിയാക്കുന്നതിന് കർഷക തൊഴിലാളികളെ ബോധവാൻമാരാക്കുക.

25. 15 സെൻറ് ഭൂപരിധി ഉള്ളവർക്കും ധനസഹായം കിട്ടാനുള്ള സാധ്യത ഉണ്ടാവാൻ ആവശ്യമായ നിയമ ഭേദഗതി വരുത്തുക.

26. മൊബൈൽ മണ്ണു പരിശോധന എത്രയും വേഗം പ്രവർത്തനക്ഷമമാക്കുക.

37. തൊഴിൽദാന പദ്ധതിയുടെ ഭാഗമായി യുവജനങ്ങളെ കാർഷിക മേഖലയിൽ ചേർക്കാനുള്ള കാലാവധി നീട്ടുക.


28. വെറ്റില കൃഷിക്കാരുടെ സൊസൈറ്റി ഉണ്ടാക്കുകയും അതുവഴി മുള എത്തിച്ച് കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.


29. 'വലിയ മല ദാനഗ്രാമം' കോളനിയിൽ സൗരോർജ്ജം ഉപയോഗിക്കുവാൻ അനർട്ടു (ANERT)മായി ബന്ധപ്പെടുത്തുക.


30. കൂൺ കൃഷി പ്രോത്സാഹിപ്പിക്കുക്.

31. വെള്ളറക്കാട് ഡിസ്ട്രിബ്യൂട്ടറിയിൽ ഇരിങ്ങൽ ബ്രാഞ്ചു കനാലിലൂടെ വെള്ളം എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

30. മൂടാടി, മുത്താഴം, വളയിൽ എന്നിവിടങ്ങളിൽ കൽ ഭിത്തിക്കെട്ടണം







ഭൂവിനിയോഗം
സൂചകം
CO CO തെങ്ങ്
MC MC മിശ്രവിളകൾ
Ca Ca കശുമാവ്
P P P നെല്ല്
WL WL തരിശുഭൂമി
N
തിക്കോടി പഞ്ചായത്ത്
കൊയിലാണ്ടി മുനിസിപ്പാലിറ്റി
അറബിക്കടൽ
NH

# മൃഗസംരക്ഷണം

കാർഷിക മേഖലയെ പ്രധാനമായും താങ്ങി നിർത്തിയിരുന്നത് കന്നുകാലി വളർത്തലും, അനുബന്ധതൊഴിലുമായിരുന്നു. മുൻകാലങ്ങളിൽ എല്ലാ വിഭാഗം കർഷകരും കാലികളെ വളർത്തി പറമ്പും, നെൽപാടങ്ങളും ഉഴുകുന്നതിനും ഉപയോഗിച്ചിരുന്നു. കൂടാതെ മണ്ണിന് ജൈവ ഫല പുഷ്ടി നിലനിർത്തുന്നതിനും സഹായിച്ചിരുന്നു. കൂടാതെ മണ്ണിന് ജൈവ ഫലപുഷ്ടി നിലനിർത്തുന്നതിനും സഹായിച്ചിരുന്നു. കന്നുകാലി വളർത്തൽ ചാണക വിപണനം, മലബാറിലെ പ്രശസ്തമായ കിഴൂർ കന്നുകാലി ചന്തയെ ആശ്രയിച്ചുകൊണ്ടുള്ള കാലികളുടെ ക്രയവിക്രയം ഇവയുമായി ബന്ധപ്പെട്ട തൊഴിലിലേർപ്പെട്ടിരുന്നവർ ധാരാളമുണ്ടായിരുന്നു.

കാളവണ്ടികളെ ആശ്രയിച്ചുകൊണ്ട് ഗ്രാമപ്രദേശങ്ങളിലെ വ്യാപാരം, മാടുകളെ ആശ്രയിച്ചുകൊണ്ടുള്ള ഉഴവ് സമ്പ്രദായവും ഇന്ന് പൂർണ്ണമായും നിലച്ചിരിക്കുകയാണ്. റോഡുകളുടെ ആവിർഭാവവും നെൽകൃഷിയുടെ അപചയവും ഇതിന് പ്രേരകമായിട്ടുണ്ട്.

## വളർത്തു മൃഗങ്ങൾ

| | |
|---|---|
| പശു നാടൻ | 3984. |
| പശു - സങ്കരയിനം | 1018 |
| കൃത്രിമ ബീജസങ്കലനം നടത്തിയവ | 1062 |
| വിത്ത് കാള, കാള (അമ്പലക്കാള) | 428 |
| ആട് | 686 |
| നായ | 229 |
| താറാവ് | 9 |
| എരുമ | 1 |

കന്നുകാലികൾ എണ്ണത്തിൽ കുറവാണെങ്കിലും സങ്കരയിനത്തിൽപ്പെട്ട പുതിയ ജനുസുകൾ ആവിർഭവിച്ചു. ഒരു കാലത്ത് മിക്ക മുസ്ലിം കുടുംബങ്ങളും ആടിനെയും കോഴിയേയും വളർത്തിയിരുന്നു. ഗൾഫ് വരുമാനത്തിന്റെ സ്വാധീനം ഈ നിലക്ക് മാറ്റം വരുത്തിയിട്ടുണ്ട്.

എല്ലാ വിഭാഗം ജനങ്ങളുടെയും ഭക്ഷണത്തിൽ മാംസം മുഖ്യ ഘടകമായി മാറിയ ഇന്നത്തെ സാഹചര്യത്തിൽ ഈ ആവശ്യം നിറവേറ്റാനായി തമിഴ്നാട്ടിലെ നാമയ്ക്കലിൽ നിന്ന് കൊണ്ടുവരുന്ന 'ചണ്ടി കോഴി'കളെയാണ് ആശ്രയിക്കുന്നത്.

ക്ഷീര വിപണന രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളൊ, മറ്റ് സംവിധാനങ്ങളൊ നമ്മുടെ പഞ്ചായത്തിലില്ല. ചില ഭാഗങ്ങളിൽ പാലിന് ദൗർലഭ്യം നേരിടുമ്പോൾ മറ്റു ചില ഭാഗങ്ങളിൽ ആവശ്യക്കാരില്ലാതെ ഉൽപാദകന് വിഷമം നേരിടുന്ന അവസ്ഥയും നിലനിൽക്കുന്നു. മിൽമയുടെ രംഗ പ്രവേശമാണ് ഈ സ്ഥിതി വിശേഷം ഉണ്ടാക്കിയത്. മൊത്തത്തിൽ പാലിന്റെ ഉപഭോഗം വർദ്ധിച്ചതായിട്ടാണ് അറിവ്.

### പ്രശ്നങ്ങൾ

1. നെൽകൃഷി ഗണ്യമായി കുറഞ്ഞതോടെ വൈക്കോൽ ക്ഷാമം നേരിടുന്നു.

2. മേച്ചിൽ സ്ഥലത്തിന്റെ കുറവ്, കാലത്തീറ്റയുടെ വില വർദ്ധനവ്

3. മൃഗസംരക്ഷണത്തിൽ സർക്കാർ സംവിധാനം അപര്യാപ്തമാണ്.

4. നല്ലയിനം ആടുകളെ ലഭ്യമല്ലാത്തതും തീറ്റയ്ക്കാവശ്യമായ പച്ചില ലഭ്യമല്ലാത്തതും.

5. തെരുവ് നായ്ക്കളുടെയും, കുറുക്കന്റെയും, ശല്യം അനുഭവപ്പെടുന്നു.

## സാധ്യതകൾ

1. തീറ്റപുൽ കൃഷി വ്യാപകമാക്കുവാൻ വേണ്ട സൗകര്യം ഏർപ്പെടുത്തുക.

2. പാലുത്പാദന സഹകരണ സംഘങ്ങൾ ഉണ്ടാക്കുക.

3. പാൽ സംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കുക.

4. പ്രധാന തൊഴിൽ സംരംഭം എന്ന നിലയിൽ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക.

5. വെറ്റനറി സൗകര്യം മെച്ചപ്പെടുത്തുക.

6. ബ്ലോക്ക് അടിസ്ഥാനത്തിൽ കാലത്തീറ്റ നിർമ്മാണത്തിനുള്ള ചെറുകിട സാരഭങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

7. നല്ലയിനത്തിൽ ആടുകളെ ലഭ്യമാക്കുക.

8. ശാസ്ത്രീയ രീതിയിലുള്ള അറവ് ശാലകൾ സ്ഥാപിക്കുക (പഞ്ചായത്തിൽ രണ്ടെണ്ണമെങ്കിലും)

9. സഹകരണാടിസ്ഥാനത്തിൽ കന്നുകാലികളെ വളർത്താനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

10. നല്ലയിനം കന്നുകാലികളെ ലഭ്യമാക്കാനുള്ള സഹായം നൽകേണ്ടതാണ്.

11. ഇടവിളയായി തീറ്റ പുല്ല് കൃഷി ചെയ്യുക. അകലാപ്പുഴയുടെ തീര പ്രദേശങ്ങളിൽ തീറ്റപ്പുല്ല് കൃഷി ചെയ്യാൻ ലോണും സബ്സിഡിയും ഏർപ്പെടുത്തുക. പുൽവിത്ത് മൃഗാശുപത്രികളിലൂടെ സൗജന്യമായി ലഭ്യമാക്കുക.

12. പാലക്കുളത്തും മുചുകുന്നിലും വരാൻ സാധ്യതയുള്ള പാൽ സഹകരണ സംഘങ്ങൾ ഉടനെ തുടങ്ങാനുള്ള ഏർപ്പാട് ചെയ്യുക.

13. പ്രാദേശിക (പരമ്പരാഗത) സൊസൈറ്റികൾ രൂപീകരിക്കുക. വനിത സഹകരണ സംഘങ്ങൾ, ട്രഡീഷണൽ സൊസൈറ്റി സ്ഥാപിക്കുക.

14. മുട്ടക്കോഴി വളർത്തൽ താൽപര്യമുള്ള കർഷകന് 10 വീതം കോഴികളെ 50% സബ്സിഡിയിൽ വിൽക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

15. മുട്ടശേഖരിച്ച് വിൽപന നടത്താനുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

16. സ്കൂളുകളിൽ പൗൾട്രി ക്ലബ് പ്രോത്സാഹിപ്പിക്കുക.

17. ബ്ലോക്ക് അടിസ്ഥാനത്തിലുള്ള കാലിത്തീറ്റ ഉൽപാദനകേന്ദ്രം സ്ഥാപിക്കുക.

18. ഗുണ നിലവാരത്തിലുള്ള കാലിത്തീറ്റ കിട്ടാൻ ഗവ: അടിസ്ഥാനത്തിൽ സംവിധാനം ഏർപ്പെടുത്തുക.

19. മലബാറി ആടുകളെ വളർത്താനുള്ള ലോൺ കിട്ടുന്ന പ്രോജക്ടുകൾക്ക് രൂപം കൊടുക്കുക.

20. IRDP പരിധിയിൽ പെട്ടവർക്ക് ധന സഹായത്തോടെ നല്ലയിനം പശുക്കളെ കിട്ടാനുള്ള സാധ്യത ഉണ്ടാക്കുക.

21. പഞ്ചായത്തിലുള്ള കുത്തിവെയ്പിലൂടെയുണ്ടാകുന്ന കന്നുകുട്ടികളെ (സങ്കരയിനം) 50% സബ്സിഡിയുടെ ലഭ്യമാക്കുകയും, കാലത്തീറ്റ സാധ്യമാക്കുകയും ചെയ്യുക. കാളക്കുട്ടികളെ ലോൺ സബ്സിഡി മുഖേന സഹകരണാടിസ്ഥാനത്തിൽ വളർത്താനുള്ള സാധ്യത ആരായുക.

22. കർഷകർക്ക് ബോധവൽക്കരണം നടത്താൻ ജില്ലാടിസ്ഥാനത്തിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുക.

23. പഞ്ചായത്ത് തലത്തിൽ കോഴിവസന്ത തടയാൻ വാക്സിനേഷൻ പരിശീലനം നൽകുക.

24. മൃഗാശുപത്രി ഡോക്ടർക്ക് പുതിയ സംവിധാനം വരുന്നതോടൊപ്പം ട്രെയിനിംഗ് നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുക.

# മത്സ്യബന്ധനം

വ്യകദേശം 5 കി.മീ. വരുന്ന കടൽത്തീരമാണ് മത്സ്യബന്ധനത്തിന് പ്രധാനമായും ആശ്രയിക്കുന്നത്. ഉൾനാടൻ മത്സ്യബന്ധനം ഉപയോഗപ്പെടുത്തുവാൻ ആരും മുതിരുന്നില്ല. കുളങ്ങൾ മിക്കതും ചെറുതും വേനൽക്കാലത്ത് വറ്റിവരളുന്നതുമായതിനാൽ ശുദ്ധ ജലമത്സ്യ കൃഷി ചെയ്യുന്നില്ല. മത്സ്യബന്ധനവും വിപണനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന വലിയൊരു വിഭാഗം ജനങ്ങൾ ഈ മേഖലയിലുണ്ട്. ഈ പ്രദേശത്തെ കടലിൽ നിരയായി പാറക്കെട്ടുള്ളതിനാൽ കേരളത്തിൽ അപൂർവ്വമായി കാണുന്ന കല്ലുമ്മൽക്കായ് (കടുക്ക) ധാരാളമായി കിട്ടുന്ന പ്രദേശം കൂടിയാണത്. കയറ്റുമതിക്കും സംസ്കരണത്തിനും സാധ്യതയുള്ള ഒരു മത്സ്യബന്ധന മേഖലയാണിത്. ഈ മേഖലയെ പ്രോത്സാഹിപ്പിക്കുന്ന സംസ്കരണ കേന്ദ്രങ്ങളോ മറ്റു അടിസ്ഥാന സൗകര്യങ്ങളോ ഇവിടെയില്ല. അതുകൊണ്ട് തന്നെ ഈ രംഗത്തെ കയറ്റുമതി സാധ്യതകൾ വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. മത്സ്യത്തൊഴിലാളികൾ മുൻകാലങ്ങളിൽ ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയരായിരുന്നെങ്കിൽ, ഇന്ന് മെച്ചപ്പെട്ട വരുമാനം അവർക്ക് കിട്ടുന്നുണ്ട്. അതുകൊണ്ട് തന്നെ അവരുടെ ജീവിത നിലവാരവും മെച്ചപ്പെട്ടിട്ടുണ്ട്.

ഈ പ്രദേശത്ത് സാധാരണ മത്സ്യ ഇനങ്ങളെ കൂടാതെ പ്രത്യേകമായി കിട്ടുന്ന മത്സ്യ ഇനങ്ങൾ ആനക്കൊഞ്ച്, കുടുമ്പിരി, ഞണ്ട്, കനിമീൻ, ഉടുമ്പൻ സ്രാവ് എന്നിവയാണ്.

## മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലാളികൾ

| | |
|---|---|
| മുഖ്യതൊഴിലായി സ്വീകരിച്ചവർ | 530 |
| ഭാഗിക തൊഴിൽ | 263 |
| വിപണനം | 106 |
| വല നന്നാക്കൽ | 47 |
| സംസ്കരണം | ഇല്ല |
| ഉൾനാടൻ മത്സ്യബന്ധനം | ഇല്ല |
| യന്ത്രം ഘടിപ്പിച്ച നാടൻ വള്ളം | 32 |
| യന്ത്രം ഘടിപ്പിക്കാത്തത് | 84 |

മത്സ്യവിപണനത്തിനുള്ള പൊതുസംവിധാനം വളരെ പരിമിതമാണ്. പഞ്ചായത്തിൽ ആകെ നാല് വിപണന കേന്ദ്രങ്ങളാണ് ഉള്ളത്. എന്നാൽ ഒരു സ്ഥലത്ത് മാത്രമേ മത്സ്യമാർക്കറ്റ് ഉള്ളു.

## ഗ്രാമസഭയിൽ നിന്ന് ഉയർന്ന പ്രധാന പ്രശ്നങ്ങൾ

1. സംസ്കരണ സംവിധാനങ്ങളുടെ അഭാവം

2. പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് നേരിടുന്ന വിഷമതകൾ

3. ചെമ്മീൻ കൃഷി സാധ്യതകൾ ഉപയോഗപ്പെടുത്തിയിട്ടില്ല.

4. മത്സ്യവിപണന സ്ഥലങ്ങളിൽ മാലിന്യവും ദുർഗന്ധവും പ്രശ്നങ്ങളുണ്ടാക്കുന്നു.

5. നിലവിൽ പൊതു മത്സ്യ മാർക്കറ്റുകളൊന്നുമില്ല.

6. നാടൻ വള്ളങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് വിദേശ കപ്പലുകളുടെ ട്രോളിങ്ങ് നിർത്തലാക്കുക.

7. ഉപഭോക്താവിന് ലഭിക്കുന്ന മത്സ്യം ഗുണ മേന്മ കുറഞ്ഞതും വില കൂടുതലുള്ളതുമാണ്.

8. വർഷകാലങ്ങളിലുണ്ടാകുന്ന കടൽക്ഷോഭം മൂലം കോടിക്കൽ കടപ്പുറം വള്ളങ്ങൾ അടുപ്പിക്കാൻ പ്രയാസമുണ്ട്.

9. മുത്തായം, വളയൽ, കുന്നുമ്മൽത്താഴ, കോടിക്കൽ, എന്നീ മത്സ്യബന്ധന കേന്ദ്രങ്ങളിലെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കണം.

10. കീടനാശിനികളുടെ അമിതമായതും ശ്രദ്ധയില്ലാത്തതുമായ ഉപയോഗം മത്സ്യങ്ങൾ നശിക്കാൻ കാരണമാകുന്നുണ്ട്.

## സാധ്യതകൾ

1. ആവിയിലും, ചാക്കര ഭാഗത്തും ഉൾനാടൻ മത്സ്യകൃഷി സാധ്യത ഉപയോഗപ്പെടുത്തണം.

2. കല്ലുമ്മക്കായ് ശാസ്ത്രീയമായി കൃഷി ചെയ്യാനുള്ള സാധ്യതകൾ കണ്ടെത്തുക, ധനസഹായം നൽകുക.

3. തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനാവശ്യമായ തോണിയും, വലയും ലഭ്യമാക്കുക.


4. മത്സ്യബന്ധനത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്.


5. കോടിക്കൽ - പുലിമുട്ട് കെട്ടുക.

6. ഉൾനാടൻ മത്സ്യ-സഹകരണ സംഘങ്ങൾ രൂപീകരിച്ച് ആവശ്യമായ ധനസഹായം നൽകുക.

7. ഓരു - ജലമത്സ്യ വികസന ഏജൻസിയും, ശുദ്ധജല മത്സ്യവികസന ഏജൻസിയുമായി ബന്ധപ്പെട്ട് പ്രവർത്തനം നടത്തുക.

8. കോടിക്കൽ - ഫിഷ് ലാൻഡിംഗ് സെന്റർ സ്ഥാപിക്കുക.




സ്കൂളുകൾ,
ഗ്രന്ഥശാലകൾ,
വായനശാലകൾ
സൂചകങ്ങൾ
PS ലോവർ പ്രൈമറി സ്കൂൾ
UPS അപ്പർ പ്രൈമറി സ്കൂൾ
HS ഹൈസ്കൂൾ
RR വായനശാല
L ഗ്രന്ഥശാല
N
തിക്കോടി പഞ്ചായത്ത്
കൊയിലാണ്ടി മുനിസിപ്പാലിറ്റി
അറബിക്കടൽ

# വിദ്യാഭ്യാസം

ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ആദ്യരൂപം എഴുത്തു പള്ളികൾ ആയിരുന്നു. അതിന്റെ നേതൃത്വം എഴുത്തച്ഛന്റെ വംശപരമ്പരയിൽപെട്ട ഗുരിക്കന്മാർക്കായിരുന്നു. അവിടെ മലയാളം മാത്രമല്ല സിദ്ധരൂപം, അമരം, കാവ്യ നാടകം മുതലായ സംസ്കൃത ഭാഷാപരമായ കാര്യങ്ങളും പഠിപ്പിച്ചിരുന്നു.

ഈ നൂറ്റാണ്ടിന് മുമ്പ് ജന്മിത്തത്തിന്റെയും അയിത്തത്തിന്റെയും കാലഘട്ടത്തിൽ ഈ പ്രദേശത്ത് വിദ്യാഭ്യാസം സവർണ്ണർക്കും സമ്പന്നർക്കും വിധിക്കപ്പെട്ടതായിരുന്നു. അക്കാലത്ത് പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം മാത്രമേ ഇവിടെയുണ്ടായിരുന്നുള്ളൂ.

മുചുകുന്നിൽ ശ്രീ തുന്നാരി കുഞ്ഞുണ്ണിനായർ 1860 ൽ സ്ഥാപിച്ച പ്രാഥമിക വിദ്യാലയമാണ് ഈ പ്രദേശത്തെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനമെന്ന് പറയപ്പെടുന്നു. കോഴിപ്പുറം ഭാഗത്ത് ആൺകുട്ടികൾക്കും ചിങ്ങപുരത്ത് പെൺകുട്ടികൾക്കും പ്രത്യേകമായി വിദ്യാലയം നടത്തിയിരുന്നു. പിന്നീട് ഈ രണ്ടു സ്കൂളുകളും സംയോജിപ്പിച്ച് കോഴിപ്പുറം യു.പി സ്കൂളായി ഉയർത്തപ്പെട്ടു. ദിവംഗതനായ ശ്രീ. വി.കെ.കൃഷ്ണമേനോന്റെ ശ്രമഫലമായി 1966ൽ ഈ വിദ്യാലയം സി.കെ ഗോവിന്ദൻ നായർ സ്മാരക ഹൈസ്കൂളായി ഉയർത്തപ്പെട്ടു.

ഈ ഹൈസ്കൂൾ സ്ഥാപിതമായതിനു ശേഷമാണ് പഞ്ചായത്തിലെ സ്ത്രീ വിദ്യാഭ്യാസരംഗത്ത് ഒരു നവോത്ഥാനം സംജാതമായത്. പ്രാഥമിക വിദ്യാഭ്യാസത്തെ തുടർന്നുള്ള പഠനത്തിനായി വിദൂരസ്ഥലങ്ങളിലെ വിദ്യാലയങ്ങളെ ആശ്രയിക്കേണ്ട സ്ഥിതി ആയിരുന്നു അന്നുണ്ടായിരുന്നത്. 20-30 നാഴിക ദിവസേന കാൽനടയായി പോയി കോഴിക്കോട്ട് മാത്രമുണ്ടായിരുന്ന ട്രെയിനിങ് സ്കൂളുകളിൽ നിന്ന് പരിശീലനം നേടി അധ്യാപകരായവർ അക്കാലത്ത് മാനേജർമാർ ഭിക്ഷയായി കൊടുക്കുന്ന പ്രതിഫലം മോഹിച്ചവരല്ല; മറിച്ച് പൊതു പ്രവർത്തനത്തിന്റെയും ദേശീയപ്രസ്ഥാനത്തിന്റെയും മുൻനിരയിൽ പ്രവർത്തിക്കുന്നവർ കൂടി ആയിരുന്നു.

കേളപ്പജിയുടെ നേതൃത്വത്തിലുള്ള ഹരിജനോദ്ധാരണത്തിന്റെയും ദേശീയ പ്രസ്ഥാനത്തിന്റെയും ഫലമാണ് ഹരിജനങ്ങൾക്കും മറ്റു പിന്നോക്കക്കാർക്കും വിദ്യാഭ്യാസം ലഭ്യമായത്. ഭൂപരിഷ്ക്കരണനിയമം മൂലം ഭൂമിയുടെ അവകാശം കൈവന്നതും വിദ്യാഭ്യാസത്തിന്റെ ആവശ്യകത എല്ലാവിഭാഗം ജനങ്ങളിലും പ്രകടമായതുമാണ് ഈ രംഗത്ത് സാർവ്വത്രികത കൈവരിക്കാനിടയാക്കിയത്.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ സ്ത്രീകൾ വിദ്യാഭ്യാസ രംഗത്ത് പിൻതള്ളപ്പെട്ടിരുന്നെങ്കിൽ നൂറ്റാണ്ടിന്റെ പകുതിയോടെ മാറ്റം പ്രകടമാകുകയും ഇപ്പോൾ അന്തരം ഒട്ടുമില്ലാതായി തീർന്നിട്ടുമുണ്ട്. കാൽ നൂറ്റാണ്ടിന് മുമ്പ് ഈ പ്രദേശത്തുള്ള മുസ്ലിം പെൺകുട്ടികൾ വിദ്യാഭ്യാസസൗകര്യം വേണ്ടപോലെ ഉപയോഗപ്പെടുത്തിയിരുന്നില്ല. എന്നാൽ മുസ്ലിം വിദ്യാർത്ഥിനികൾക്ക് ഏർപ്പെടുത്തിയ പ്രത്യേക സ്കോളർ ഷിപ്പും ഗൾഫ് വരുമാനം വഴി മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയും സമീപത്ത് ഹൈസ്കൂൾ വന്നതും പൊതുവെ മനോഭാവത്തിൽ വന്ന മാറ്റവും ഈ സമുദായത്തിലെ പെൺകുട്ടികൾക്ക് സാർവ്വത്രികമായ വിദ്യാഭ്യാസം ലഭിക്കാൻ ഇടയാക്കിയിട്ടുണ്ട്.

# വിദ്യാലയ വിവരങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെഎണ്ണം | | |
|---|---|---|---|---|---|---|---|---|
| | | | 88-89 | 91-92 | 95- 96 | MAIL | FEMAIL | TOTAL |
| 1. | സി.കെ.ജി.എം ഹൈസ്കൂൾ, ചിങ്ങപുരം | എയിഡഡ് | | | 2493 | 49 | 41 | 90 |
| 2. | ഗോഖലെ.യു.പി. സ്കൂൾ | " | | | 350 | 5 | 9 | 14 |
| 3. | ജി.യു.പി.സ്കൂൾ വൻമുഖം | ഗവ: | | | 708 | 18 | 6 | 24 |
| 4. | വന്മുഖം കോടികൽ എം.യു.പി.സ്കൂൾ | എയിഡഡ് | | | 812 | 17 | 11 | 28 |
| 5. | മുചുകുന്ന് യുപി. സ്കൂൾ | " | | | 473 | 9 | 10 | 19 |
| 6. | മുചുകുന്ന് നോർത്ത് യു.പി.സ്കൂൾ | " | | | 532 | 14 | 8 | 22 |
| 7. | വിമംഗലം യു.പി. സ്കൂൾ | " | | | 326 | 4 | 11 | 15 |
| 8. | ഗവ: എൽ.പി.സ്കൂൾ പുറക്കൽ-പാറക്കാട് | ഗവ : എയ്ഡഡ് | | | 160 | 4 | 2 | 6 |
| 9. | മൂടാടി M.L.P.S | | | | 101 | 2 | 3 | 5 |
| 10 | വിവഞ്ചേരി L.P.S | " | | | 231 | 5 | 4 | 9 |
| 11. | വൻമുഖം എളമ്പിലാട് M.L.P.സ്കൂൾ | " | | | 169 | 3 | 5 | 8 |
| 12. | മൂടാടി സൗത്ത് L.P. സ്കൂൾ | " | | | 110 | 5 | 5 | 10 |
| | | | | | **6465** | **135** | **115** | **250** |

6465 വിദ്യാർത്ഥികളെയും 250 അധ്യാപകരെയും ഉൾക്കൊള്ളുന്ന 5 എൽ.പി.സ്കൂളും 6 യു.പി.സ്കൂളുകളും ഒരു ഹൈസ്കൂളും ഉൾപ്പെടുന്നതാണ് പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസ സംവിധാനം. ഇതിൽ സർക്കാർ വിദ്യാലയങ്ങളായി ഒരു L.P സ്കൂളും ഒരു U.P സ്കൂളും മാത്രമാണ് ഉള്ളത്. ഇത് കൂടാതെ മലബാർ പബ്ലിക് സ്കൂൾ എന്ന അൺ എയിഡഡ് സ്ഥാപനവും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന CBSC അംഗീകാരമുള്ള നന്തിയിലെ ശ്രീ സത്യസായി ഇംഗ്ലീഷ് മീഡിയം ഹയർ സെക്കന്ററി സ്കൂളും മറ്റ് അഞ്ച് സമാന്തര വിദ്യാലയങ്ങളും ഈ രംഗത്ത് സേവനം നടത്തുന്നുണ്ട്. അന്തർ ദേശീയ തലത്തിൽ ശ്രദ്ധ പിടിച്ചു പറ്റിയ, മുസ്ലിം ജന സാമാന്യത്തിന്റെ മതപഠനകേന്ദ്രമായ നന്തി ദാറുസലാം അറബിക് കോളേജും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് മുചുകുന്നിൽ പ്രവർത്തിക്കുന്ന കൊയിലാണ്ടി SARBTM ഗവ കോളേജ് ഒഴികെ മറ്റ് സാങ്കേതിക വിദായഭ്യാസ

സ്ഥാപനങ്ങളോ തൊഴിൽ പരിശീലനം നൽകാൻ കഴിയുന്ന ഉന്നത സ്ഥാപനങ്ങളോ ഈ പഞ്ചായത്തിലില്ല.

കഴിഞ്ഞ രണ്ട് ദശകങ്ങൾക്കകം ഈ പഞ്ചായത്തിൽ പുതുതായി വിദ്യാലയങ്ങൾ അനുവദിക്കുകയോ നിലവിലുള്ളവ ഉയർത്തപ്പെടുകയോ ചെയ്തിട്ടില്ല. 5-ാം വാർഡ് ഒഴികെ എല്ലാവാർഡുകളിലും വിദ്യാലയങ്ങൾ ഉള്ളതിനാൽ പ്രാഥമിക വിദ്യാഭ്യാസത്തിനായി ഒരു കി.മി. കൂടുതൽ സഞ്ചരിക്കേണ്ടിവരുന്നില്ല. പട്ടിക ജാതി വിഭാഗത്തിൽപെട്ട ആളുകൾ കൂടുതൽ താമസിക്കുന്ന വലിയ മല പ്രദേശത്തെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനായി വളരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നു. മിക്ക പ്രാഥമിക വിദ്യാലയങ്ങളുടെയും ഭൗതിക പഠന സാഹചര്യങ്ങൾ അപര്യാപ്തമാണ്. ഈ കാര്യത്തിൽ സർക്കാർ ഉടമയിലുള്ള പുറക്കൽ പാറക്കാട് ഗവ. L.Pസ്കൂളിന്റെ നില അല്പം ഭേദമാണ്. പ്രൈമറി ക്ലാസുകളിലെത്തുന്ന വിദ്യാർത്ഥികളുടെ പൊതു ആരോഗ്യ, ശുചിത്വനിലവാരം വളരെമെച്ചപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രത്യേക സ്കൂൾ ആരോഗ്യപദ്ധതിയുടെ ഭാഗമായി പരിശോധനയ്ക്ക് വിധേയമായ കുട്ടികളിൽ വിളർച്ച, ദന്തരോഗങ്ങൾ, കാഴ്ച സംബന്ധമായ അസുഖങ്ങൾ എന്നിവ കണ്ടുവരുന്നു. ഈ പരിപാടി കാര്യക്ഷമമാക്കാത്തതും തുടർന്ന് വിദഗ്ധ ചികിത്സയും ആരോഗ്യ ശുശ്രൂഷയും ലഭിക്കാത്തതും ഈ പരിപാടി ചടങ്ങായി മാറുന്നു എന്ന ബോധം പൊതുവെ രക്ഷിതാക്കളിലുണ്ടായിട്ടുണ്ട്.

പഠിതാവിനെ കേന്ദ്രീകരിക്കേണ്ട വിദ്യാഭ്യാസം ഇപ്പോൾ രക്ഷിതാവിനെ കേന്ദ്രീകരിച്ച് വൈകാരിക മിഥ്യാധാരണകൾക്ക് വാശവദമായി യാഥാർത്ഥ്യ ബോധത്തിന് നിരക്കാത്ത പ്രവണതകൾ വെച്ച് പുലർത്തുന്ന പ്രക്രയയായി അധഃപതിച്ചിരിക്കുന്നു. വിദ്യാർത്ഥിയുടെ പ്രാമുഖ്യം നഷ്ടപ്പെടുന്നതോടൊപ്പം വിദ്യാഭ്യാസം ഒരു സാമൂഹ്യ പ്രക്രയ അല്ലാതായിത്തീർന്നിട്ടുണ്ട്. സാമ്പത്തിക ശേഷി ഉള്ളവരും നല്ലപദവിയിലുള്ള ഇടത്തരക്കാരും സമീപത്തുള്ള പൊതുവിദ്യാഭ്യാസ സൗകര്യം ഉപയോഗപ്പെടുത്താൻ വിമുഖത കാട്ടുന്നത് മൂലം അത്തരക്കാരുടെ സഹായവും ശ്രദ്ധയും സാധാരണ സ്കൂളുകളുടെ ഭൗതിക അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിൽ ലഭ്യമാകുന്നില്ല. സമീപത്തുള്ള വിദ്യാലയങ്ങളെ അവഗണിച്ച് അകലെയുള്ള അൺ എയിഡഡ് വിദ്യാലയങ്ങളിലും ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലും നഴ്സറിസ്കൂളിലും വിദ്യാർത്ഥികളെ ചേർക്കുന്ന പ്രവണത ഈ പഞ്ചായത്തിലെ പല സ്കൂളുകളുടെയും അധ്യാപകരുടെയും നിലനിൽപിനെ തന്നെ ബാധിച്ചിട്ടുണ്ട്. അഡ്മിഷൻ കുറയുന്നതിനും ഇത് കാരണമാണ്.

നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിൽ 6.2% പട്ടികജാതി വിഭാഗത്തിൽപ്പെടുന്നു. ഈ വിഭാഗത്തിൽപ്പെടുന്നവർക്കുള്ള ആനുകൂല്യങ്ങളും അവരുടെ പൊതു സാമൂഹ്യ നിലവാരത്തിലുള്ള ഉയർച്ചയും അവരുടെ കുട്ടികളെ മുഴുവനായും സ്കൂളിൽ എത്തിക്കാൻ സഹായിക്കുന്നു. എന്നാൽ മൊത്തം തോൽക്കുന്നവരിൽ 9% പേർ ഈ വിഭാഗത്തിൽപ്പെടുന്നവരാണ് ഇങ്ങനെ ആണെങ്കിലും ഈ വിഭാഗത്തിൽ ആരും തന്നെ പഠനം നിർത്തുന്നില്ല. 4-ാം തരത്തിന് ശേഷം പഠനം നിർത്തുന്ന പ്രവണത വളരെകുറച്ച് വിദ്യാർത്ഥികളിൽ കാണുന്നു. മൊത്തം വിദ്യാർത്ഥികളിൽ 52% ആൺകുട്ടികളും 48% പെൺകുട്ടികളുമാണ്. എന്നാൽ 10-ാം തരത്തിൽ ഈ അനുപാതം നേർവിപരീതമാണ്.

മിക്കവിദ്യാലയങ്ങളിലെയും അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ അപര്യാപ്തമാണെങ്കിലും ഉള്ളവ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിൽ വൈമുഖ്യവും കാണുന്നുണ്ട്. "ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്" പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂരിപക്ഷം വിദ്യാലയങ്ങളിലും നല്ല ഗ്രന്ഥശേഖരവും പഠനോപകരണങ്ങളും ലഭ്യമായിട്ടുണ്ട്. ഇവ ഫലപ്രദമായി ഉപയോഗിക്കാനുള്ള വൈമനസ്യവും ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനകുറവും കണ്ടുവരുന്നുണ്ട്.

കായിക വിദ്യാഭ്യാസത്തിന് അത്യാവശ്യം വേണ്ട കളിസ്ഥലത്തിന്റെ പരിമിതി എല്ലാവിദ്യാലയങ്ങളിലുമുണ്ട്. എല്ലാ വിദ്യാലയങ്ങളിലും മൂത്രപ്പുര ഉണ്ടെങ്കിലും L.P സ്കൂളുകളിൽ ഒന്നും തന്നെ കക്കൂസുകളില്ല. ഉച്ചഭക്ഷണം പാകം ചെയ്യാൻ വേണ്ട സ്ഥിരമായ സംവിധാനം എവിടെയുമില്ല.

വിദ്യാലയങ്ങളിലെ കലാ കായികരംഗത്തെ പാഠാനുബന്ധപ്രവർത്തനങ്ങൾ വെറും മാമൂലായി നടത്തുന്ന കോംപ്ലക്സ് - സബ് ജില്ലാ - ജില്ലാതല മത്സരങ്ങളിലൊതുങ്ങുന്നു. ഈ രംഗത്ത് വേണ്ടത്ര ശ്രദ്ധ

ചെലുത്താൻ കഴിയാതിരുന്നതിനാൽ പഞ്ചായത്തിൽ ഈ രംഗത്തുള്ള പ്രതിഭകളെ കണ്ടെത്താനോ, ഉയർത്തിക്കൊണ്ടുവരാനോ സാധിച്ചിട്ടില്ല. പാഠ്യാനുബന്ധമേഖലക്ക പൊതുവെ ഗൗരവമേറിയ പരിഗണനലഭിക്കുന്നില്ലെങ്കിലും കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ എല്ലാതലങ്ങളിലുമുളള മത്സരങ്ങളിലും പെൺക്കുട്ടികളുടെ പങ്കാളിത്തം ഉണ്ടായത് അഭികാമ്യമായ ഒരു മാറ്റമാണ്. സംസ്ഥാന യുവജനോത്സവങ്ങളിൽ രണ്ട് തവണ മലയാളം കവിതാപാരായണത്തിൽ മികവ് പ്രകടമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പ്രാഥമിക വിദ്യാഭ്യാസം വഴി ശരിയായി ലഭിക്കേണ്ട അക്ഷരജ്ഞാനവും അക്കജ്ഞാനവും ഉറപ്പുവരുത്താൻ സാധിക്കാത്തതാണ് ഈ വിഭാഗത്തിലെ മുഖ്യ പ്രശ്നങ്ങൾ. പ്രൈമറി തലത്തിലുള്ള അധ്യാപകർക്ക് മേൽ സൂചിപ്പിച്ച ലക്ഷ്യം പൂർണ്ണമായി നിറവേറ്റാനുതകുന്ന ശാസ്ത്രീയ പരിശീലനത്തിന്റെ അഭാവം ഗൗരവമേറിയതാണ്. ഇതുകൊണ്ട് തന്നെ വിദ്യാർത്ഥികൾക്ക് കിട്ടേണ്ട വൈവിധ്യമാർന്ന പഠന അനുഭവങ്ങളും മറ്റ് നൂതന പഠന സന്ദർഭങ്ങളും ലഭിക്കാതെ പോകുന്നു. പ്രാഥമിക വിദ്യാലയങ്ങളിലെങ്കിലും ശാസ്ത്രീയമായ പരിശീലനം ലഭിച്ച വിദഗ്ധരായ അധ്യാപകരുടെ സേവനം ഉറപ്പുവരുത്തേണ്ടതുണ്ട്. പഞ്ചായത്തിന്റെ വടക്കെ അറ്റത്തായ കിടക്കുന്ന സി.കെ.ജി സ്മാരക ഹൈസ്കൂളാണ് ഈ പ്രദേശത്തെ ഏക സെക്കന്ററി വിദ്യാഭ്യാസ സ്ഥാപനം. 1966-ൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ ഇന്ന് 90 അധ്യാപകരും 2500ൽപരം വിദ്യാർത്ഥികളും ഉണ്ട്. ഈ വിദ്യാലയത്തിലെ S.S.L.C വിജയശതമാനം 1972ൽ 60% എത്തിയതൊഴികെ പിന്നീടുള്ള വർഷങ്ങളിൽ 30% ന് മുകളിലെത്താൻ കഴിഞ്ഞിട്ടില്ല. നിയന്ത്രണത്തിന് അതീതമായുള്ള അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം ഭരണഅക്കാദമി രംഗത്തെ ഏകോപനത്തിന്റെയും നിയന്ത്രണത്തിന്റെയും പോരായ്മ, വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന തീരപ്രദേശങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ ആധിക്യം പഠനിലവാരത്തെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുള്ള അന്തരീക്ഷത്തിന്റെ പോരായ്മ ഇവയെല്ലാം സെക്കന്ററി തലത്തിലുള്ള നിലവാരത്തകർച്ചക്ക് കാരണമായിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന് ഉതകുന്ന കൊയിലാണ്ടി ഗവ: കോളേജ് നമ്മുടെ പഞ്ചായത്തിലാണെങ്കിലും ഉപരിപഠനത്തിനായി നഗരപ്രദേശങ്ങളിലെ കോളേജുകളേയും ആശ്രയിക്കുന്നുണ്ട്. ആവശ്യമായ ഭൗതിക സൗകര്യങ്ങളുണ്ടെങ്കിലും മാനവിക വിഷയങ്ങളിലെ ബിരുദ പഠനത്തിനുള്ള സൗകര്യമേ ഇവിടെയുള്ളു.

## ഗ്രാമസഭയിൽ നിന്നും വന്ന ചില പ്രശ്നങ്ങൾ

1) പ്രൈമറി തലത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും ആവശ്യമായ അക്കജ്ഞാനവും അക്ഷരജ്ഞാനവും ലഭിക്കുന്നില്ല.

2) മിക്ക വിദ്യാലയങ്ങളിലും അടിസ്ഥാനസൗകര്യങ്ങളുടെ അഭാവമുണ്ട്.

3) ഉച്ചക്കഞ്ഞി വിതരണം ഫലപ്രദമാകുന്നില്ല.

4) സ്കൂളുകളിൽ പരിമിതമായ കളിസ്ഥലമേയുള്ളൂ.

5) ടെലിവിഷനും, മറ്റ് മാധ്യമങ്ങളും മൂലം പഠനത്തിലും വായനശീലത്തിലുമുള്ള വിരസത.

6) ഭാരിച്ച സിലബസ്

7) മാറിവരുന്ന സിലബസിനനുസരിച്ച് അധ്യാപകർക്കുള്ള ശാസ്ത്രീയപരിശീലനത്തിന്റെ കുറവ്.

8) നിലവിലുള്ള ലൈബ്രറി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിലുള്ള അനാസ്ഥ; വായനാശീലത്തെയും പഠനനിലവാരത്തെയും ബാധിക്കുന്നു.

9) പഠനാനുബന്ധപ്രവർത്തനങ്ങളിൽ വേണ്ടത്ര സഹകരിക്കുന്നതിൽ അധ്യാപകർക്കുള്ള വിമുഖത.

10) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മറ്റു സ്ഥാപനങ്ങളിലും ഉത്തരവാദിത്തം ഏറ്റെടുക്കപ്പെടുമ്പോൾ അധ്യാപനത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താൻ സാധിക്കാതെ വരുന്നു.

11) പഠന ഉപകരണവും ലാബ് സംവിധാനവും മറ്റ് സൗകര്യങ്ങളും ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

12) വൈവിധ്യമാർന്ന അനുഭവം നൽകാനുതകുന്ന ആധുനിക ദൃശ്യ, ശ്രാവ്യ ഉപകരണങ്ങളുടെ കുറവ്.

13) അശാസ്ത്രീയവും വികലവുമായ പരീക്ഷാ സമ്പ്രദായവും മൂല്യനിർണ്ണയരീതിയും.

14) ഉള്ള സൗകര്യം ഉപയോഗിച്ച് കലാകായിക രംഗം വേണ്ടത്ര കാര്യക്ഷമമല്ല.

15) അധ്യാപനത്തെ വിലയിരുത്താനും ദിശാഗതി നിയന്ത്രിക്കാനുമുള്ള ഔദ്യോഗിക സംവിധാനത്തിന്റെയും പോരായ്മ.

16) സമൂഹത്തിനുതകുന്ന നിർമ്മാണപ്രവർത്തനങ്ങളിലും മറ്റ് സന്നദ്ധപ്രവർത്തനങ്ങളിലും വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തുന്നില്ല.

## ഗ്രാമസഭയിൽ നിന്ന് വന്ന നിർദ്ദേശങ്ങൾ

1) പ്രൈമറി തലത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും അത്യാവശ്യമായ അക്ഷര - അക്കബോധമുണ്ടോയെന്ന് ഉറപ്പുവരുത്തണം.

2) എല്ലാ വിദ്യാലയങ്ങളിലും അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തണം.

3) ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തണം.

4) കായിക രംഗത്തെ പ്രോത്സാഹിപ്പിക്കാൻ പൊതുഭൗതികസാഹചര്യം കണ്ടെത്തണം.

5) എല്ലാ അധ്യാപകർക്കും ആവശ്യമായ പുനഃ പരിശീലനം പ്രാദേശിക തലത്തിൽ ഉറപ്പുവരുത്തണം.

6) ഉള്ള ലൈബ്രറി ഉപയോഗിച്ച് കുട്ടികളുടെ വായനാശീലത്തെ പ്രോത്സാഹിപ്പിക്കണം.

7) ഇപ്പോഴുള്ള ജനകീയ വിദ്യാഭ്യാസ പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തി അധ്യാപകരുടെ പങ്കാളിത്തം എല്ലാ തരത്തിലും ഉറപ്പുവരുത്തണം.

8) പഞ്ചായത്തിൽ ഏകീകരിച്ച ശാസ്ത്രീയമായ മൂല്യനിർണ്ണയത്തിന് വേണ്ട സംവിധാനം ഉണ്ടാക്കണം.

9) സന്നദ്ധപ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കാൻ നാഷണൽ സർവീസ് സ്കീം പോലുള്ള പദ്ധതി സ്കൂളുകളിൽ ആരംഭിക്കണം.

10) കുട്ടികൾക്ക് തൊഴിൽ ആഭിമുഖ്യം വളർത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കണം.

11) സ്കൂൾ ആരോഗ്യ പരിപാടി വിപുലവും കാര്യക്ഷമവുമാക്കുക.

12) രക്ഷിതാക്കൾക്ക് മാറിവരുന്ന പാഠ്യപദ്ധതി പരിചയപ്പെടുത്തുന്ന ക്ലാസുകൾ സംഘടിപ്പിക്കണം.

13) സ്കൂളികളിലെ പരിഹാരബോധന ക്ലാസുകൾ രാവിലെ ആക്കുക.

14) സ്കൂളുകളിലെ കായിക പരിശീലനത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കുക. പ്രസ്തുത അധ്യാപക തസ്തികകൾ നിലനിർത്തുന്നതിന് തടസ്സമായ പ്രശ്നങ്ങൾ നീക്കുക.

15) പുറക്കൽ പാറക്കാട് ഗവ: L.P സ്കൂൾ U.P സ്കൂളായി ഉയർത്തുക.

16) മുചുകുന്ന് കോളേജിലെ സ്റ്റാഫിന് ക്വാർട്ടേഴ്സുകൾ പണിയുക. സയൻസ് വിഷയങ്ങളിലും ക്ലാസുകൾൽ ആരംഭിക്കുക.

17) സ്കൂളുകളിലെ അധ്യാപക നിയമനം പഞ്ചായത്തിന് വിട്ടുകൊടുക്കുക.

18) വൻമുഖം ഗവ: U.P സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുക. (നിലവിൽ വാടക ഇനത്തിൽ വർഷം 40,000 രൂപ വാടകയായി നൽകേണ്ടിവരുന്നു. (സ്വന്തമായി സ്ഥലം നിലവിലുണ്ട്).

19) അധ്യാപക വിദ്യാർത്ഥി അനുപാതം 1,2 ക്ലാസുകളിലെങ്കിലും കുറയ്ക്കുക.

20) മുചുകുന്ന് ഗവ: കോളേജിലേക്കുള്ള യാത്രാപ്രശ്നം പരിഹരിക്കുക.

21) വന്മുകം, കോടിക്കൽ യു.പി.സ്കൂൾ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുക.

22) മുചുകുന്നിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കുക.

23) ഗോഖലെ യു.പി.സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുക.

24) മുചുകുന്ന് വലിയമല കോളനി പ്രദേശത്ത് ഒരു പ്രൈമറി വിദ്യാലയം സ്ഥാപിക്കുക.

25) സ്കൂളുകളിലെ പ്രവർത്തന സമയം ഏകീകരിക്കുക.

# കുടിവെള്ളവും പൊതുജനാരോഗ്യവും

പഞ്ചായത്തിലെ 80% വീടുകളിലും കുടിവെള്ളത്തിന്റെ മുഖ്യസ്രോതസ്സ് കിണറുകളാണ്. ഉപ്പുവെള്ളം ലഭിക്കുന്ന 1,4 വാർഡുകളും കുന്നിൻ പ്രദേശങ്ങളായ 5,6,8,9,10,11 എന്നീ വാർഡുകളിലും ശുദ്ധജല പ്രശ്നം രൂക്ഷമാണ്. ഗുരുപുണ്യകാവ് വാട്ടർ സപ്ലൈ. സ്കീം, ഹിൽ ബസാറിൽ കേരള വാട്ടർ അതോറിറ്റി സ്കീം, വീരഞ്ചേരി വാട്ടർസപ്ലൈ സ്കീം. കൊളപ്പുറമ്പ് ശുദ്ധജല വിതരണപദ്ധതി. എന്നിവയാണ് ഇപ്പോൾ നിലവിലുള്ള ചെറുകിട ശുദ്ധ ജല പദ്ധതികൾ. വെള്ളത്തിന്റെ ഉപയോഗം വർദ്ധിച്ചതും സ്രോതസ്സിൽ നിന്നുള്ള ലഭ്യത കുറഞ്ഞതുകൊണ്ട് കുടിവെള്ളപ്രശ്നം രൂക്ഷമാകുവാൻ കാരണമായത്.

ഇപ്പോൾ 12 പൊതുകിണർ, 6 കുഴൽകിണർ, 107 പൊതുടാപ്പുകൾ ഇവ മാത്രം ആശ്രയിച്ചാണ് ശുദ്ധജലവിതരണ സംവിധാനമുള്ളത്.

പഞ്ചായത്തിലെ 60% വീടുകൾക്കും കക്കൂസുകളുണ്ട്. 1,4,7,9,10, വാർഡുകൾ തീരദേശത്തായതിനാലും 5,6,11 വാർഡുകൾ കോളനി സ്ഥിതി ചെയ്യുന്ന കുന്നിൻ പ്രദേശത്തായതിനാലും ശരിയായി രീതിയിലുള്ള കക്കൂസുകളുടെ എണ്ണം കുറവാണ്. യൂനിസെഫ് നിർദ്ദേശിച്ച മാതൃകയിലുള്ള ഇരട്ട കുഴികളോട് കൂടിയ ചെലവു കുറഞ്ഞ കക്കൂസുകളാണ് ഈ പ്രദേശങ്ങളിൽ അഭികാമ്യം. മലിനജലം ഒഴുക്കിക്കളയാനുള്ള പ്രത്യേക സംവിധാനം ഭൂരിഭാഗം വീടുകളിലും പൊതുസ്ഥലങ്ങളിലും ഇല്ല. ഖര രൂപത്തിലുള്ള മാലിന്യം സംസ്ക്കരിക്കാനുള്ള സംവിധാനം പഞ്ചായത്തിൽ ഇല്ല. മത്സ്യമാർക്കറ്റിൽ നിന്നും അനധികൃതമായ അറവ് കേന്ദ്രങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്ക്കരിക്കാനുള്ള സംവധാനവും തീരെ ഇല്ലെന്നു തന്നെ പറയാം.

മുചുകുന്നിലുള്ള പി.എച്ച് സെന്ററും നന്തി, മുചുകുന്ന്, പാറക്കാട് എന്നിവടങ്ങളിലുള്ള കുടുംബക്ഷേമ കേന്ദ്രങ്ങളും ഒരു ആയുർവേദ ഡിസ്പൻസറിയുമാണ് പഞ്ചായത്തിലെ സർക്കാർ പൊതുജനാരോഗ്യ. സംവിധാനം. മൂടാടിയിലും നന്തിയിലുമുള്ള രണ്ടു സ്വകാര്യാശുപത്രികളും മറ്റു സ്വകാര്യ ആതുരസേവന കേന്ദ്രങ്ങളും ഇതിനോടനുബന്ധമായുണ്ട്. സഹകരണമേഖലയിലുണ്ടായിരുന്ന ഏക സ്ഥാപനമായിരുന്ന ചാത്തുണ്ണിമാസ്റ്റർ സ്മാരക സഹകരണാശുപത്രി ഇന്നു പ്രവർത്തന രഹിതമാണ്.

കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി ഈ പഞ്ചായത്തിലെ ഏതാനും പ്രദേശങ്ങൾ ആരോഗ്യവകുപ്പിന്റെ പ്രത്യേക നിരീക്ഷണത്തിലാണ്.

കുടുംബക്ഷേമ സംവിധാനത്തിൽ എല്ലാ മതവിഭാഗങ്ങളിൽപെട്ട ജനങ്ങളും പൂർണ്ണമായി സഹകരിക്കുന്നുണ്ട്. സ്ഥിരമായി കുട്ടികളിൽ കണ്ടുവരുന്ന പ്രൈമറി കോംപ്ലക്സ് എന്ന രോഗം ഈ പഞ്ചായത്തിലും കണ്ടുവരുന്നു. വർഷകാലങ്ങളിൽ പ്രത്യേകിച്ചും കടലോരപ്രദേശങ്ങളിലും കോളനി പ്രദേശങ്ങളിലും ശുചിത്തമില്ലായ്മകൊണ്ടും മലിനീകരണം കൊണ്ടും വയറിളക്കം, ഛർദ്ദി മുതലായ രോഗങ്ങൾ കൂടുതലായി കണ്ടുവരുന്നു.

## പ്രശ്നങ്ങൾ

1. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഇല്ല.

2. ഈ കേന്ദ്രങ്ങളിൽ നിന്നു കിട്ടേണ്ട ആരോഗ്യ സേവനം വേണ്ട രീതിയിൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ലഭിക്കുന്നതിന് പര്യാപ്തമല്ല.

3. ഏക സബ്ബ്സെന്റർ അപര്യാപ്തമാണ്.

4. ആയുർവേദ ഡിസ്പൻസറിക്ക് സ്വന്തമായി കെട്ടിടമില്ല.

5. രോഗസാധ്യത കൂടുതലുള്ള തീരപ്രദേശങ്ങ ളിൽ പൊതുജനാരോഗ്യസേവന കേന്ദ്രങ്ങളില്ല.

6. 40% വീടുകളിലും കക്കൂസില്ല.

7. മാലിന്യം സംസ്ക്കരിക്കാനുള്ള സംവിധാനം ഇല്ല.

8. ഡ്രയിനേജ് സംവിധാനം അപര്യാപ്തമാണ്.

9. മിക്കവാറും എല്ലാ വാർഡുകളിലും ശുദ്ധജല ക്ഷാമം രൂക്ഷമാണ്.

10. നിലവിലുള്ള കുഴൽ കിണറുകൾ പ്രവർത്ത നരഹിതവും ഇപ്പോഴുള്ള ചെറുകിടശുദ്ധജല വിത രണപദ്ധതി ആ പ്രദേശങ്ങളുടെ തന്നെ ആവശ്യം നിറ വേറ്റാൻ പറ്റാത്തതുമാണ്.

11. കൊതുകു നിർമ്മാർജ്ജന പ്രവർത്തനം കാര്യ ക്ഷമമല്ല.

## സാധ്യതകൾ

1. ശുദ്ധജല വിതരണത്തിന് ജലക്ഷാമം നേരിടുന്ന എല്ലാ പ്രദേശങ്ങളിലും പൊതുകിണറുകളും കുഴൽകിണറുകളും നിർമ്മിക്കുക. നിലവിലുള്ള ശുദ്ധജല പദ്ധതികൾ വിപുലീകരിച്ചാൽ മൂടാടി ഗുരു പുണ്യ കാവ്, കുളപ്പറമ്പ്, ഹിൽബസാർ വീരഞ്ചേരി പ്രദേശങ്ങളിൽ ഒരളവുവരെ പ്രദേശങ്ങളിൽ ഒരള വോളം ശുദ്ധജലക്ഷാമം പരിഹരിക്കാവുന്നതാണ്.

2 പെരുവണ്ണാമൂഴി ശുദ്ധജല വിതരണ പദ്ധതി ഉടൻ നടപ്പാക്കുക.

3. ചുരുങ്ങിയത് 7 പേരെങ്കിലുമടങ്ങിയ ഒരു രജി സ്ട്രേഡ് സംഘത്തിന് കുഴൽ കിണറും ടാങ്കും ഉണ്ടാക്കി. (മൊത്തം ചെലവിന്റെ 10% മാത്രം ഗുണ ഭോക്താക്കൾ വഹിച്ചാൽ മതി വെള്ളം കൃഷിയിടങ്ങ ളിലും മറ്റും എത്തിച്ചുകൊടുക്കാനുള്ള സംവിധാനം സർക്കാർ തലത്തിൽ ഇപ്പോൾ നിലവിലുണ്ട്. ഈ പഞ്ചായത്തിലും ഈ സംവിധാനം ഉപയോഗപ്പെടു ത്താവുന്നതാണ്.

4. ഹിൽ ബസാറിൽ ആരോഗ്യവകുപ്പിന് കൈമാ റിയിട്ടുള്ള ഒരേക്കർ സ്ഥലത്ത് SEPസ്കീമിൽ നില വിൽ അംഗീകരിച്ച ബഡ്ജറ്റിലുള്ള 12 കിടക്കകളുള്ള ആശുപത്രി സ്ഥാപിക്കാൻ നടപടി ത്വരിതപ്പെടു ത്തുക. കൂടാതെ ആവശ്യത്തിനുള്ള ജീവനക്കാരെ നിയമിക്കുകയും അവർക്ക് താമസ സൗകര്യത്തിന് ക്വാർട്ടേഴ്സ് പണിയുകയുംവേണം. കോടിക്കൽ ബീച്ച്, വെള്ളറക്കാട് എന്നിവിടങ്ങളിൽ 5 സെന്റ് സ്ഥലം വീതം ആരോഗ്യ വകുപ്പിന് നല്കിയാൽ കുടും ബക്ഷേമ ഉപകേന്ദ്രത്തിൽ കെട്ടിടം ഉണ്ടാക്കാവുന്ന താണ്.

5. ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിക്ക് പഞ്ചാ യത്തിൽ സൗക്യപ്രദമായ സ്ഥലം കണ്ടെത്തി കെട്ടിടം പണിയേണ്ടതാണ്.

6. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ടു ആരോഗ്യ സ്ഥിതി കാണിക്കുന്ന ഹെൽത്ത കാർഡ് സമ്പ്രദായം പഞ്ചായത്ത് തലത്തിൽ മുൻകൈയെടുത്ത് ചെയ്യേ ണ്ടതാണ്.

7. ആരോഗ്യ വകുപ്പിന്റെ ഫീൽഡ് സ്റ്റാഫിനെ ഉപ യോഗപ്പെടുത്തി ജനപങ്കാളിത്തത്തോടുകൂടി വാർഡു കൾ തോറും രോഗപ്രതിരോധപ്രവർത്തനങ്ങളെപ്പറ്റി ക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്.

8. കൊതുകു നിവാരണത്തിന് പഞ്ചായത്ത് തല ത്തിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുമായി സഹകരിച്ചു സംവിധാനം ഉണ്ടാക്കേണ്ടതാണ്. കൂടാതെ ടൗണു കളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുകയും ഓടകൾ ശുചീകരിക്കുകയും പുതിയ ഓടകൾ നിർമ്മിക്കു കയും വേണം. വീടുകളിലെ മലിയനജലം സോക്കേജ് പിറ്റുകൾ ഉണ്ടാക്കി സംസ്ക്കരിക്കാനുള്ള പ്രക്യയയെ പ്പറ്റി വീടുകൾ തോറും ബോധവല്ക്കരണം നടത്താ വുന്നതാണ്.

9. ശാസ്ത്രീയാടിസ്ഥാനത്തിൽ മൂടാടി, നന്തി, എന്നിവിടങ്ങളിൽ അറവു ശാല സ്ഥാപിച്ചാൽ ഇപ്പോ ഴുള്ള മാലിന്യങ്ങൾ കൊണ്ടുണ്ടാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഒരളവോളം പരിഹാരം ഉണ്ടാവും. കൂടാതെ മൂടാടി ടൗണിൽ മത്സ്യമാർക്കറ്റ് സ്ഥാപിക്കു കയും വേണം.

10. കച്ചവടസ്ഥാപനങ്ങൾ പ്രത്യേകിച്ച് ഹോട്ടലു കൾ കൊണ്ടുണ്ടാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരി ഹരിക്കാൻ സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കു മ്പോൾ അനുബന്ധസൗകര്യങ്ങൾ ഉണ്ടോയെന്ന് പരി ശോധിക്കാൻ ആരോഗ്യവകുപ്പുമായി അന്വേഷിക്കേ ണ്ടതാണ്.

11. തീരപ്രദേശങ്ങളിൽ ഇരട്ട കുഴികളോടുകൂടിയ ചെലവു കുറഞ്ഞ കക്കൂസുകൾ നിർമ്മിച്ചു കൊടു

ക്കാവുന്നതാണ്. കക്കൂസില്ലാത്ത കോളനി പ്രദേശങ്ങളിൽ കുറേ വീടുകൾക്ക് ഒരു സെപ്റ്റിക്ക് ടാങ്കിലേക്ക് കണക്ഷൻ കൊടുക്കുന്ന രീതിയിൽ കക്കൂസുകൾ നിർമ്മിച്ചാൽ കോളനികളിലെ കുടിവെള്ളമലിനീകരണത്തിന് പരിഹാരം കാണാൻ കഴിയും.

12. ശാസ്ത്രീയമായതും ചെലവുകുറഞ്ഞതുമായ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി സന്നദ്ധ സംഘടനകളുടെയും മറ്റു ഏജൻസികളുടെയും സഹായത്തിൽ പഞ്ചയാത്തിലെ കക്കൂസില്ലാത്ത മുഴുവൻ ദുർബലവിഭാഗത്തിൽപെട്ട കുടുംബങ്ങൾക്കും കക്കൂസു നിർമ്മിക്കാനുള്ള പദ്ധതി നടപ്പാക്കുക.

13. കെട്ടിക്കിടക്കുന്ന ജലസ്രോതസ്സുകളിൽ മരുന്നു തളിച്ച് കൊതുക് നിർമ്മാർജ്ജനം ത്വരിതപ്പെടുത്തുക.

14. ടി.ബി രോഗികളെ കണ്ടെത്താനുള്ള ശ്രമത്തിന് ജനപങ്കാളിത്വം ഉറപ്പുവരുത്തുക.


15. പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

16. പാറക്കാട്, മുചുകുന്ന്, കടലൂർ എന്നിവിടങ്ങളിലുള്ള കുടുംക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുക.

17. തീരദേശ ഡിസ്പൻസറി സ്ഥാപിച്ചാൽ തീരപ്രേദശങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്.

18. നന്തി മൂടാടി ടൗണുകളിൽ പൊതുമൂത്രപ്പുര സ്ഥാപിക്കുക.

19. മൂടാടി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഫീൽഡ് സ്റ്റാഫിന്റെ ഭരണപരമായ നിയന്ത്രണം മേലടി PHC ലെ മെഡിക്കൽ ഓഫീസറുടെ കീഴിലേക്ക് മാറ്റിയാൽ ആരോഗ്യ പ്രവർത്തനങ്ങൾ കൂടുതൽകാര്യക്ഷമതയോടെ ഏകോപിപ്പിച്ചു നടത്താൻ കഴിയും.



# വ്യവസായം

## അവലോകനം

പരമ്പരാഗത വ്യവസായത്തിന്റെ വളക്കൂറുള്ള നമ്മുടെ പഞ്ചായത്തിൽ പതിറ്റാണ്ടുകൾമുമ്പുതന്നെ പ്രശസ്തമായ വ്യവസായസ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നു. ശ്രീശൈലം കേന്ദ്രമായി നിരവധിപേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചിരുന്ന പതിനഞ്ചോളം യൂണിറ്റുകളടങ്ങിയ ഒരു വ്യവസായ എസ്റ്റേറ്റ് സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചിരുന്നു. തൊഴിൽക്കുഴപ്പങ്ങളും മറ്റും കാരണം അവയെല്ലാം അയൽ സംസ്ഥാനങ്ങളിലേക്ക് ചേക്കേറുകയാണുണ്ടായത്. കെൽട്രോൺ TV യൂണിറ്റ് മൂടാടിയിൽ സ്ഥാപിച്ചതോടെ ഇതിന്റെ അനുബന്ധയൂണിറ്റുകൾ എന്നനിലയിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മഹിളകളുടെ അഞ്ചു യൂണിറ്റുകൾ നല്ലനിലയിൽ പ്രവർത്തിച്ചിരുന്നു. ടെലിവിഷൻ നിർമ്മാണം നിലച്ചതോടെ 60 പരം പേർക്ക് തൊഴിലവസരങ്ങൾ നൽകിപോന്ന അനുബന്ധയൂണിറ്റുകളും തിരോധനം ചെയ്തു.

കുടിൽ വ്യവസായങ്ങളായ പായനെയ്ത്ത്, കുട്ട, മുറം, കയർ നിർമ്മാനം, കളിമൺ പാത്രനിർമ്മാണം എന്നിവയൊക്കെ പഞ്ചായത്തിൽ ഏതാണ്ട് നിലച്ചമട്ടാണ്. ആധുനിക സാങ്കേതികവിദ്യയെ സമന്വയിപ്പിക്കാൻ കഴിയാഞ്ഞതാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. കൈത്തറി ഇതിനുനെയ്ത്തിന്റെ ഈറ്റില്ലമായിരുന്ന മൂടാടിയിൽ ഇപ്പോൾ അതിന്റെ സ്ഥിതി പരിതാപകരമാണ്. അസംസ്കൃത വസ്തുക്കളുടെ ക്രമാതീതമായ വിലക്കയറ്റവും താഴ്ന്ന കൂലിനിരക്കും, യന്ത്രത്തറികളുടെ കടന്നുകയറ്റവും മൂലം നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ഈ മേഖലയിൽ 25 കുടുംബങ്ങൾ മാത്രമാണ് ഇപ്പോൾ ജോലിചെയ്യുന്നത്. നന്തി, മൂടാടി, മുചുകുന്ന്, ഭാഗങ്ങളിലെ ചൂടി വടകരചന്തയിലെ പ്രധാനയിനമായിരുന്നു. തൊണ്ടിന്റെ ലഭ്യതക്കുറവും ആലുവാ ചൂടികളുടെ ഇറക്കുമിതിയും മറ്റു വിപണന പ്രശ്നങ്ങളുംകൊണ്ട് വഴിമുടിനിൽക്കുകയാണ് ഇപ്പോൾ ഈ മേഖല.

പഞ്ചായത്തിലെ ആധുനിക വ്യവസായങ്ങളുടെ സ്ഥിതിയും ആശാവഹമല്ല. നാട്ടുകാരുടെ അക്ഷീണ പരിശ്രമത്താൽ നിലവിൽ വന്ന മൂന്നാം വാർഡിലെ കെൽട്രോൺ ടി.വി, യൂണിറ്റ് കടുത്ത പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ടി.വി നിർമ്മാണത്തിൽ റിക്കാർഡ് വളർച്ച കൈവരിച്ച് ലാഭകരമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ടിവിനിർമ്മാത്തിൽ നിന്നും പിൻവലിക്കുന്നത്. അതോടനുബന്ധിച്ച് പ്രവർത്തിക്കുന്ന അനുബന്ധ യൂണിറ്റുകളെയും ബാധിച്ചു. ഇപ്പോൾ ടെലി കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളാണ് ഇവിടെ നിർമ്മിക്കുന്നത്.

മൂടാടി പാലക്കുളം പ്രദേശത്തുള്ള മലബാർ ഓർഗാനിക്സ് ലിമിറ്റഡ് എന്ന സ്വകാര്യ മരുന്നു നിർമ്മാണ കമ്പനി ഏഷ്യയിൽതന്നെ മികച്ചതെന്ന നിലയിലാണ് നിലവിൽ വന്നത്. 4 സ്ത്രീകളടക്കം 35 തൊഴിലാളികൾ ജോലിചെയ്യുന്നതും 8 ഏക്കർ സ്ഥലത്ത് അത്യാധുനിക യന്ത്രോപകരണങ്ങൾ സ്ഥാപിച്ച് കോടികൾ മുടക്കി ആരംഭിച്ചതുമായ ഈ സ്ഥാപനം കാപ്സ്യൂൾ കോമ്പൗണ്ട് വിപണനത്തിൽ പ്രതിസന്ധിയിലായതുമൂലം മറ്റു ഏജൻസികൾക്ക് കൈമാറുന്നതിനെക്കുറിച്ച് പോലും ചിന്തിക്കുകയാണിപ്പോൾ.

പഞ്ചായത്തിലെ വ്യവസായ രംഗത്തെ ഈ പരിതാപകരമായ അവസ്ഥയിലും ചില നുറുങ്ങുവെട്ടങ്ങളും പ്രതീക്ഷകളും ഇല്ലെന്നല്ല. സഹകരണമേഖലയിൽ പ്രവർത്തിക്കുന്നു. മുചുകുന്ന് ഓട് ഫാകടറി നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണ്.

36തൊഴിലാളികൾ പ്രവർത്തിക്കുന്നു. ഇവിടെ നിർമ്മിക്കുന്ന ഓടുകൾക്ക് പൊതുവിപണിയിൽ ഡിമാന്റുണ്ട്. ഈ സ്ഥാപനത്തിന് അനുബന്ധമായ റീജ്യണൽ പോട്ടറി ട്രെയിനിംഗ് സെന്ററിൽ പതിനഞ്ചു പേർ ജോലി ചെയ്യുന്നു. മുചുകുന്ന് കയർ സൊസൈറ്റിയും മുചുകുന്നു സർവ്വോദയ സംഘത്തിന്റെ നൂൽനൂൽപു കേന്ദ്രവും നല്ലനിലയിൽ പ്രവർത്തിച്ചു വരുന്ന മററു സ്ഥാപനങ്ങളാണ്. നൂൽനൂൽപു രംഗത്ത് ഹിൽബസാറിൽ ഖാദി ബോർഡിന്റെ ഒരു നൂൽനൂൽപു കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. തൊഴിലാളികളിടെ കുറഞ്ഞ വേതനനിരക്കും പഞ്ഞിയുടെ വിലക്കൂടുതലും ഈ രംഗം നേരിടുന്ന പ്രശ്നങ്ങളാണ്. ഇരുപത് തൊഴിലാളികൾ ജോലിചെയ്യുന്ന വീരവഞ്ചേരി സോപ്പുയൂണിറ്റും നന്നായി പ്രവർത്തിച്ചുവരുന്നു.

ഒമ്പതാം വാർഡിൽ പ്രവർത്തിക്കുന്ന ജ്യോതി ബേക്കറി സഹകരണസംഘം വനിതാ സംരംഭങ്ങൾക്ക് ഒരു മാതൃകയാണ്. സ്വകാര്യരംഗത്ത് പ്രതീക്ഷ നൽകുന്ന മറ്റൊരു സ്ഥാപനമാണ് മുചുകുന്നിലെ `ബെസ്റ്റ് ഫുഡ് പ്രൊഡക്ട്സ്' ഇവിടെ നിർമ്മിക്കുന്ന സീസൺ ബ്രെഡ് വിപണിയിൽ നന്നായി വിറ്റഴിക്കപ്പെടുന്നു.

ഇലക്ട്രോണിക്സ് രംഗത്ത് മൂടാടിയിൽ പ്രവർത്തിക്കുന്ന ലാലാക് ഇലക്ട്രോണിക്സ് എടുത്തു പറയത്തക്കതാണ്. വയർ വൗൺഡ് റസിസ്റ്റർ എന്ന ഇവിടുത്തെ ഉൽപന്നത്തിന് ഡൽഹി, മദ്രാസ് കേന്ദ്രങ്ങളിൽ വിപണന മേഖലയുണ്ട്. മൂടാടിയിലെ ഇന്ദു കമ്പോണന്റ്സ് എന്ന സ്ഥാപനവും മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു. ഉയർന്ന ഗുണനിലവാരമുള്ള ഇവിടുത്തെ ഉൽപന്നങ്ങൾ കേരളത്തിലും പുറത്തുള്ള പ്രമുഖ സ്ഥാപനങ്ങൾ ഉപയോഗപ്പെത്തുന്നു. 4 തൊഴിലാളികൾ ഇവിടെ ജോലിചെയ്യുന്നു.

ഔഷധനിർമ്മാണരംഗത്തെ രണ്ടു സ്ഥാപനങ്ങളാണ് മുചുകുന്നിലെ ടി.കെ ആയുർവ്വേദിക് ഫാർമസ്യൂട്ടിക്കൽസും ശ്രീ ശങ്കരൻ വൈദ്യരുടെ സ്ഥാപനവും മൂടാടിയിലെ കൈലാസ് വുഡ് ഇൻഡസ്ട്രീസും, നന്തിയിലെ ഈർച്ചമില്ലും മൂടാടിയിലെ ട്രാൻസ്ഫോർമർ കോർ നിർമ്മാണകേന്ദ്രവും വികസന സാധ്യതയുള്ള മറ്റു സ്ഥാപനങ്ങളാണ്. വിരവഞ്ചേരി വില്ലേജ് ഇൻഡസ്ട്രിയൽ കോ ഓപ്പസൊസൈറ്റി 10-ാം വാർഡിലെ സ്മോൾസ്കെയിൽ ഇൻഡസ്ട്രിയൽ കോ ഓപ്പ.സൊസൈറ്റി എന്നിവയും ഏറെ പ്രതീക്ഷകളുണർത്തുന്നു.

സഹകരണ രംഗത്ത് തകർച്ചയിലായ മറ്റൊരു സ്ഥാപനമാണ് മൂടാടി കൈത്തറി സഹകരണ സംഘം. ഇതിന്റെ പുനരുജ്ജീവനും ചർച്ച ചെയ്യപ്പെടേണ്ടതാണ്. മൂടാടിയിലെ കാർപന്റേഴ്സ് സൊസൈറ്റിയുടെ ചരിത്രം മാനാർഹമാണ്. മാനേജ്മെന്റിന്റെ പിഴവുമൂലവും തൊഴിലാളികളുടെ അപര്യാപ്തത മൂലവും തീർത്തും നിശ്ചലമായി നാമാവശേഷമായ ഈ സ്ഥാപനം 1986ൽ പുനരുജ്ജീവിക്കുകയും തകർച്ചയിൽ നിന്നും രക്ഷപ്പെട്ട് കഴിഞ്ഞ 10 വർഷമായി ലാഭകരമായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

മേൽപറഞ്ഞ സ്ഥാപനങ്ങൾക്കു പുറമെ സ്വകാര്യ വ്യക്തികൾ നടത്തുന്ന ഓയിൽ മിൽ, ഫ്ളോർമിൽ, വെൽഡിങ്ങ് ഇൻഡസ്ട്രീസ് എന്നിവയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നന്നായി പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ എണ്ണവും തൊഴിലാളി പങ്കാളിത്തവും പട്ടികയായി താഴെ കൊടുക്കുന്നു.

| സ്ഥാപനങ്ങൾ | എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| ഫർണീച്ചർ, തടി | 11 | 55 |
| തുണി | 2 | 15 |
| ഭക്ഷ്യവസ്തു | 2 | 40 |
| കയർ | 1 | 5 |
| എൻജിനീയറിംഗ് | 8 | 35 |
| ഔഷധനിർമ്മാണം | 2 | 8 |
| ഇലക്ടോണിക്സ് | 3 | 150 |
| ഓയിൽമിൽ | 3 | 6 |
| ഫ്ളോർമിൽ | 7 | 14 |
| സോപ്പ് യൂണിറ്റ് | 1 | 20 |
| നൂൽനൂല്പ്, നെയ്ത്ത് | 2 | 40 |
| കളിമണ്ണ്, ഓട് | 2 | 50 |

## പരമ്പരാഗത വ്യവസായങ്ങൾ

കൈത്തറി
കയർ
മൺപാത്രങ്ങൾ
ബീഡി
മരപ്പണി

## വ്യവസായ രംഗത്തെ പ്രശ്നങ്ങൾ

1. പരമ്പരാഗത വ്യവസായങ്ങൾ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നു.

2. വൈദ്യുതിക്ഷാമം രൂക്ഷമാണ്.

3. S.S.I രജിസ്ട്രേഷനും മറ്റു ലൈസൻസുകളും ലഭിക്കാൻ പ്രയാസം നേരിടുന്നു.

4.വായ്പ സൗകര്യങ്ങൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

5. സമ്പന്നർ പോലും വ്യവസായരംഗത്ത് പണം മുടക്കാൻ വിമുഖത കാട്ടുന്നു.

6. ഗൾഫ് കുടിയേറ്റക്കാരെ വ്യവസായരംഗത്തേക്ക് ആകർഷിക്കാൻ കഴിയുന്നില്ല

7. വ്യവസായ മാനേജ്മെന്റ് സംബന്ധിച്ച പരിശീലനത്തിന്റെ അഭാവം

8. വിപണന സൗകര്യങ്ങളുടെ അഭാവം.

9. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവും ലഭിക്കുന്നവ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയാത്തതും.

## സാധ്യതകൾ

1. വിദേശ മലയാളികളുടെ സഹായത്തോടെ പഞ്ചായത്തിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങണം.

2. പഞ്ചായത്തിൽ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റും അതോടനുബന്ധിച്ച് ഒരു ഇൻഡസ്ട്രിയൽ കോച്ചിംഗ് സെന്ററും ആരംഭിക്കുക.

3. പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക.

4.നിലവിലുള്ള ഖാദി യൂണിറ്റുകൾ വകസിപ്പിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യുക.

5. കാർഷികോപകരണങ്ങൾ നിർമ്മിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുക.

6.മെഴുകുതിരി നിർമ്മാണം, സോപ്പ് നിർമ്മാണം, ബുക്ക് ബൈൻഡിംഗ്, പാക്ക് നിർമ്മാണം തുടങ്ങിയവ ചെറുകിടവ്യവസായങ്ങൾ ആരംഭിക്കണം.

7. കെൽട്രോൺ യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.

8. നാളീകേര സംസ്ക്കരണയൂണിറ്റ് ആരംഭിക്കുക.

9. വനിതാ സഹകരണ സംഘങ്ങൾ മുഖേന റെഡിമെയ്ഡ് യൂണിറ്റുകൾആരംഭിക്കുക.

10. കരകൗശല വസ്തുക്കളുടെ നിർമ്മാണം സഹകരണാടിസ്ഥാനത്തിൽ നടത്തുക.

11. പരമ്പരാഗത വ്യവസായങ്ങളായ പായ്നെയ്ത്ത്, കുട്ടനിർമ്മാണം, കയർഉല്പന്നങ്ങളുടെ നിർമ്മാണം, മൺപാത്രനിർമ്മാണം എന്നിവ വികസിപ്പിക്കുക.

12. വനിതാ സഹകരണ സംഘങ്ങൾ മുഖേന ബേക്കറി യൂണിറ്റുകൾ ആരംഭിക്കുക.

13. പുൽത്തൈല വ്യവസായം പുനരുജ്ജീവിപ്പിക്കുക.

14. ഇളനീർ പാർലറുകൾ ആരംഭിക്കുക.

15. കശുമാങ്ങ ഉപയോഗിച്ച് പുതിയ ഉല്പന്നങ്ങളുടെ നിർമ്മാണം ആരംഭിക്കുക.

16. കളിമൺ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

17. മൂടാടി കൈത്തറി സഹകരണ സംഘം, 10-ാം വാർഡിലെ കൈത്തറി യൂണിറ്റുകളും പുനരുജ്ജീവിപ്പിക്കുക.

18. കോടിക്കൽ ഐസ് പ്ലാന്റ് സ്ഥാപിക്കുക.

19. സ്റ്റെബിലൈസർ, ഇലക്ട്രോണിക്സ് ചോക്ക്, സാറ്റലൈറ്റ് ടി.വി. റസീവറുകൾ തുടങ്ങിയ ഇലക്ട്രോണിക്സ് ഇലക്ട്രിക്കൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക.

# ഗതാഗതം - ഊർജ്ജം

## ഗതാഗതം

ഈ പഞ്ചായത്തിൽ ആകെ 80.905 കി.മി. നീളത്തിൽ റോഡുകൾ ഉണ്ട്. ഇതിൽ 12 കി.മി വരുന്ന റോഡ് പഞ്ചായത്ത് വക ടാർ ചെയ്തതും 4 കി.മി NH 17 ഉം ആണ്. ഇത് നമ്മുടെ പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 4 ശതമാനം വരും. അതായത് 160 ഏക്കർ (65ഹെക്ടർ) നമ്മുടെ പഞ്ചായത്തിന്റെ വിസ്തീർണ്ണം 1602 ഹെക്ടർ ആണെന്ന കാര്യം ഇത്തരുണത്തിൽ ഓർക്കേണ്ടതായിട്ടുണ്ട്.

1995-96ലെ കണക്ക് പ്രകാരം പഞ്ചായത്ത് ഫണ്ടിൽനിന്നും 2,57,514 രൂപയും സർക്കാർ ഗ്രാന്റിൽ നിന്ന് 2,05113 രൂപയും അടക്കം ആകെ 462627 രൂപ റോഡുകൾക്കും നടപ്പാതകൾക്കും വേണ്ടി മാത്രം ഈ പഞ്ചായത്തിൽ നിന്നും ചിലവഴിച്ചിട്ടുണ്ട്. ഇങ്ങനെ വരുമ്പോൾ പഞ്ചായത്തിലെ വരുമാനത്തിന്റെ സിംഹഭാഗവും റോഡുകൾക്കും നടപ്പാതകൾക്കും വേണ്ടിയാണ് ചിലവഴിച്ചിട്ടുള്ളത് എന്ന കാര്യം വ്യക്തമാണ്. പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും റോഡുകൾ ഉണ്ടെങ്കിലും ഇവയിൽ പലതും ഗതാഗതയോഗ്യമല്ല. ഓവുചാലുകൾ ഉള്ള റോഡുകൾ വളരെ ചുരുക്കം മാത്രമെയുള്ളൂ. മെറ്റൽ ചെയ്ത റോഡുകൾ തന്നെ തർ ചെയ്യാത്തത് കൊണ്ട് ഉപയോഗശൂന്യമായി കൊണ്ടിരിക്കുകയാണ്. പല വാർഡുകളിൽ നിന്നും പുതിയ റോഡുകൾക്കും, നടപ്പാതകൾക്കും വേണ്ടി ആവശ്യങ്ങൾ ഉയർന്നു വന്നിരിക്കുകയാണ്. ഇവയിൽ പലതും ശ്രമദാനങ്ങളിലൂടെ പൂർത്തീകരിക്കാൻ കഴിയുന്ന വാഗ്ദാനവും ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്.

### പ്രശ്നങ്ങളും സാധ്യതകളും

1. നിലവിലുള്ള റോഡുകൽ സാരക്ഷിക്കുക.

2. റോഡിന്റെ വശങ്ങൾ കെട്ടിടനില്ക്കുന്ന വെള്ളം തിരിച്ചുവിടാനാവശ്യമായ ഓവു പാലങ്ങളും നീർച്ചാലുളും നിർമ്മിക്കുക. ഇതിന് സഹായകരമായ രീതിയിൽ ഓരോ വാർഡുകളിലും ജനകീയ സമിതികൾക്ക് രൂപം നല്കുക.

3. പൂർത്തീകരിക്കാത്ത റോഡുകളും നടപ്പാതകളും എത്രയും പെട്ടെന്ന് പൂർത്തീകരിക്കുക.

4. വളരെ അത്യാവശ്യമായ പ്രദേശങ്ങളിൽ മാത്രം പുതിയ റോഡുകളും നടപ്പാതകളും നിർമ്മിക്കുക.

## ഊർജ്ജം.

പഞ്ചായത്തിൽ 2551 വീടുകൾക്ക് മാത്രമെ വൈദ്യുതി ലഭിച്ചിട്ടുള്ളൂ. ലഭ്യമായ കണക്കനുസരിച്ച് 2378 വീടുകളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല. ഗുണഭോക്താക്കൽ നേരിടുന്ന ഏറ്റവും വലിയ പ്രയാസം വോൾട്ടേജ് കമ്മിയാണ്. വൈദ്യുതി തീരെ എത്തിപ്പെടാത്ത പ്രദേശങ്ങളും ഈ പഞ്ചായത്തിലുണ്ട്. വൈദ്യുതിയുടെ ഏറിയ പങ്കും ഗാർഹികആവശ്യങ്ങൾക്ക് തന്നെയാണ് ഉപയോഗിക്കുന്നത്. വൈദ്യുതി രംഗത്ത് വർദ്ധിച്ചു വരുന്ന വോൾട്ടേജ് കമ്മി ചെറുകിട വ്യവസായ സാരംഭങ്ങൾക്ക് ഒരു ഭീഷണി തന്നെയാണ്.

ഇവിടെ ഭൂരിഭാഗം വീടുകളിലും വിറകടുപ്പാണ് ഉപയോഗത്തിലുള്ളത്. വിറകിന്റെ ദൗർലഭ്യവും വിലകൂടുതലും ഇന്നൊരു വലിയ പ്രശ്നം തന്നെയാണ്. വളരെ ചുരുക്കം വീടുകളിൽ മാത്രമേ പാചക വാതകം ഉപയോഗിക്കുന്നുള്ളൂ. അത് ലഭിക്കാനാവട്ടെ വളരെ പ്രയാസങ്ങൾ ഉണ്ട് താനും.

## ഈ പഞ്ചായത്തിലെ തെരുവ് വിളക്കുകൾ

| സോഡിയംവേപ്പർ വിളക്കുകൾ | ബൾബുകൾ | ഫ്ളൂറസന്റ് വിളക്കുകൾ |
|---|---|---|
| 6 (ആറ്) | 249 (ഇരുന്നൂറ്റി നാല്പത്തി ഒമ്പത്) | 6 (ആറ്) |

## നടപ്പു വർഷത്തിൽ പ്രവർത്തനം നടന്ന് കൊണ്ടിരിക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ

| മൊത്തം തടങ്കൽ തുക | 12,63,136 രൂപ |
|---|---|
| പ്രദേശം | പദ്ധതി |
| 1. നാരങ്ങോളി കുളം | ട്രാസ് ഫോർമർ സ്ഥാപിക്കുക<br>3ഫയ്സ് വലിക്കുക |
| 2 നന്തി ബീച്ച് | 3ഫെയ്സ് വലിക്കുക. |
| 3 ഗോപാലപുരം | ട്രാൻഫോർമർ സ്ഥാപിക്കുക. |
| 4 കടലൂർ മസ്ജിദ് റോഡ് | ട്രാൻസ്ഫോർമർ സ്ഥാപിക്കുക |
| 5 കെൽട്രോൺ റോഡ് | 3 ഫെയ്സ് ലൈൻ (400 മീറ്റർ) |
| 6 20ാം മൈൽ | ട്രാൻസ്ഫോർമർ സ്ഥാപിക്കുക. |

### പ്രശ്നങ്ങളും സാധ്യതകളും

1. നിലവിൽ വൈദ്യുത ലൈൻ ഉള്ള പഞ്ചായത്ത് റോഡുകളിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക

2. വ്യവസായ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന രീതിയിൽ വൈദ്യുതി വിഛേദിക്കുന്ന സമ്പ്രദായം നിർത്തലാക്കുക.

3. എല്ലാവീടുകളും വൈദ്യുതീകരിക്കുക

4 പുറക്കൽ, ചാക്കര, മൂടാടി, മുചുകുന്ന്, വടക്കു ഭാഗം, മുകേരി, കോട്ടയത്ത്, ഞട്ടിക്കരപ്പാലം എന്നീ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

5 പാചക വാതകം എളുപ്പം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

6 പുകയില്ലാത്ത അടുപ്പുകൾ വിതരണം ചെയ്യുക.

7. ജൈവ വാതക പ്ലാന്റുകൾ നിർമ്മിക്കാൻ ആവശ്യത്തിന് സഹായവും നിർദ്ദേശവും നല്കുക.

8. ആവശ്യത്തിന് ഊർച്ചപ്പൊടി അടുപ്പുകൾ വിതരണം ചെയ്യുക.

9 രണ്ട്, മൂന്ന് വാർഡുകളിലൂടെ കടന്ന് പോകുന്ന 11 K.V ലൈൻ NH17 ലെ ലൈനിലേക്ക് മാറ്റുക.

10. ഒ.വൈ.സിയിൽ പണമടച്ച് കാത്തിരിക്കുന്നവർക്ക് എത്രയും പെട്ടെന്ന് കണക്ഷൻ കൊടുക്കുക.

11. മുചുകുന്ന് വടക്കുഭാഗം, മുകേരിഭാഗം, കൊട്ട്യാത്ത് ഭാഗം എന്നീ പ്രദേശങ്ങൾ വൈദ്യുതീകരിക്കുക.

12. രാത്രികാലങ്ങളിൽ വൈദ്യുതപ്രവാഹം നിലക്കുമ്പോൾ മറ്റു ഭാഗങ്ങളിൽ നിന്നും വൈദ്യുതി ലഭിക്കാൻ വേണ്ട സ്വിച്ചുകൾ സൗകര്യ പ്രദമായ സ്ഥലങ്ങൾ സ്ഥാപിക്കുക.

13. വൈദ്യുത ചോർച്ചയുടെ ശതമാനം തടയാൻ വാർഡ് തലത്തിൽ ജനകീയ കമ്മിറ്റികളിൽ രൂപീകരിക്കുക.

14. നെരത്ത് പുറായിൽ പീടിക, ചെറുവാനത്ത് മീത്തൽ, വലിയമലല നാലുസെന്റ്, കോളനികൾ വൈദ്യുതീകരിക്കുക.

# പാർപ്പിടം സാമൂഹ്യക്ഷേമം

പാർപ്പിടരംഗത്ത് മൂന്ന് ദശാബ്ദങ്ങൾക്കു മുമ്പുണ്ടായിരുന്ന സ്ഥിതി മാറി കുടിലുകളുടെയും ഓലപ്പുരകളുടെയും സ്ഥാനത്ത് കോൺക്രീറ്റ് കെട്ടിടങ്ങൾ സ്ഥാനം പിടിച്ചിരിക്കുന്നു. ഗൾഫ് പണത്തിന്റെ സ്വാധീനം ഈ രംഗത്തും പ്രകടമായി കാണുന്ന പഞ്ചായത്തുകളിലൊന്നാണ് ഇത്. ഗൾഫ് മേഖലയിൽ നിന്നും നേടുന്ന പണത്തിന്റെ ബഹുഭൂരിഭാഗവും ഭവന നിർമ്മാണമേഖലയിൽ തന്നെയാണ് ചെലവിടുന്നത്. ഉല്പാദന മേഖലയിലേക്ക് ഈ പണം തിരിച്ചു വിടുന്നതിന് യാതൊരു ശ്രമവും നടക്കുന്നില്ല. ഭവന നിർമ്മാണരംഗത്ത് ബോധപൂർവ്വമായ ഒരുമിതത്വം നമ്മൾ സ്വീകരിച്ചേ മതിയാവൂ. എന്നാൽ ദുർബ്ബലജനവിഭാഗങ്ങളുടെ പാർപ്പിട പ്രശ്നങ്ങൾക്ക് കാര്യമായ പരിഹാരം കാണാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. വീടില്ലാത്തവരും കുടിലുകളിൽ താമസിക്കുന്നവരുമായി ഏകദേശം 70 ഓളം കുടുംബങ്ങളുണ്ട് ഇത് മൊത്തം കുടുംബങ്ങളുണ്ട്. ഇത് മൊത്തം കുടുംബങ്ങളുടെ 15 ശതമാനത്തോളം വരുന്നു. ഭവന നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനം പഞ്ചായത്തിലില്ല.

വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ വായ്പകൾക്കായി ധാരാളം പേർ അപേക്ഷ സമർപ്പിച്ചെങ്കിലും വളരെ ചുരുക്കം പേർക്ക് മാത്രമേ ഈ ആനുകൂല്യം ലഭിച്ചുള്ളൂ. മത്സ്യഫെഡ്, ബ്ലോക്ക്, പഞ്ചായത്ത് എന്നിവയിലൂടെ ഭവനനിർമ്മാണത്തിന് നൽകിയ സഹായങ്ങൾ വളരെ പരിമിതമായിരുന്നു. സഹകരണ സംഘങ്ങൾ, എൽ.ഐ.സി തുടങ്ങിയ സ്ഥാപനങ്ങൾ വീടു നിർമ്മാണത്തിന് വായ്പകൾ നൽകുന്നെങ്കിലും അമിതമായ പലിശയും, സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥകളും, കാലതാമസവും സാധാരണക്കാർക്ക് പ്രയാസമുണ്ടാക്കുന്നു. ഭവനനിർമ്മാണവസ്തുക്കളുടെ അമിതമായ വിലക്കയറ്റവും കൂലിവർദ്ധനവും പാവപ്പെട്ടവർക്ക് ഭവനനിർമ്മാണം ഇന്നും ഒരു മരീചികയാക്കിയിരിക്കയാണ്. ചെലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണപദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്. നിർമ്മിതി പോലുള്ള സ്ഥാപനങ്ങൾക്ക് ഈ രംഗത്ത് ഏറെ പ്രവർത്തിക്കാൻ കഴിയും. നെൽപാടങ്ങൾ നികത്തി വീടു വെയ്ക്കുന്ന പ്രവണതയും വ്യാപകമായി കണ്ടുവരുന്നു. ഇത് കാർഷികമേഖലയെ കാര്യമായി ബാധിക്കുന്നു.

പുതിയ തീരദേശ സംരക്ഷണനിയമം പാർപ്പിട രംഗത്ത് സങ്കീർണ്ണമായ പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. പാർപ്പിടപ്രശ്നം അതിരൂക്ഷമായി നിലനിൽക്കുന്ന 1,4,7,9,10 എന്നീ തീരദേശമുൾക്കൊള്ളുന്ന വാർഡുകളിലെ മത്സ്യത്തൊഴിലാളികൾക്ക് ഈ നിയമം വളരെ പ്രതികൂലമായി ബാധിക്കുന്നു. കൂടാതെ ഈ നിയമമൂലം പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും വീടുവെക്കുന്നതിനായി ജനങ്ങൾ കുടിയേറിപ്പാർക്കാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കും. ഇത് ഭൂമിയുടെ വില ക്രമാതീതമായി കൂടാൻ കാരണമായിത്തീർന്നിട്ടുണ്ട്.

ഭൂരഹിത കുടുംബങ്ങൾക്ക് പുതുതായി സ്ഥലവും പാർപ്പിടസൗകര്യവും കണ്ടെത്തുകയെന്നത് പഞ്ചായത്ത് നേരിടുന്ന മറ്റൊരു വെല്ലുവിളിയാണ്. ഇതിനു പുറമെ കക്കൂസുകൾ ഇല്ലാത്ത വളരെയധികം വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

## 1. സാധ്യതകൾ

വീടില്ലാത്ത എല്ലാ കുടുംബങ്ങളുടെയും കണക്കെടുത്ത് ഒരു നിശ്ചിതകാലയളവിനുള്ളിൽ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം മുൻനിർത്തി ഇന്ന ഭവന നിർമ്മാണപദ്ധതികൾ നടപ്പാക്കി വരുന്ന എല്ലാ ഏജൻസികളുമായും ബന്ധപ്പെട്ടു ഗ്രാമപഞ്ചായത്ത് ഒരു പദ്ധതി തയ്യാറാക്കണം. ഒരു

വർഷത്തിൽ 150 വീടുകൾ വീതം പണിയുന്നതിന് പദ്ധതിയുണ്ടായാൽ 9-ാം പദ്ധതിക്കാലം കഴിയുന്നതോടെ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം കൈവരിക്കാവുന്നതാണ്.

2. കിട്ടുന്ന ധനസഹായം യഥാസമയം നിർദ്ദേശിക്കപ്പെട്ട വ്യവസ്ഥയിൽ ഉപയോഗപ്പെടുത്തുന്നതിന് ഗുണഭോക്താക്കളെ ബോധവൽക്കരിക്കുന്നതിന്നുള്ള പരിപാടികൾ തയ്യാറാക്കണം.

3. ഭൂരഹിതരായ കുടുംബങ്ങളുടെ രജിസ്ട്രേഷൻ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുയും വേണം. ഇങ്ങിനെ ചെയ്യുമ്പോൾ 10-ൽ കൂടുതൽ കുടുംബങ്ങൾ ഒരേ സ്ഥലത്ത് ആവാത്ത നിലയിൽ സ്ഥലം വാങ്ങണം.

4 ലക്ഷം വീടുകളും ദരിദ്രവിഭാഗങ്ങൾ താമസിക്കുന്നവീടുകൾ റിപ്പയർ ചെയ്യുന്നതിന് ധനസഹായം നൽകണം.

5 എല്ലാ വിഭാഗം ജനങ്ങൾക്കും പട്ടയം ലഭ്യമാക്കണം. നിർമ്മിതി കേന്ദ്രം മുഖേനയും കൂട്ടായ്മയിലൂടെയും നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.

തീരദേശ പരിപാലന നിയമത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണം.

## 14(a) കെട്ടിടനികുതി സംബന്ധിച്ച വിവരങ്ങൾ (95-96) Ref.E

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | | മറ്റുള്ളവ | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകൾ |
|---|---|---|---|---|---|---|---|
| | | ഒന്നിൽ കൂടുതൽ നിലയുള്ളവ | ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | |
| | | | കോൺക്രീറ്റ് | ഓട് | ഓല | | |
| I | 741 | 49 | 163 | 331 | 180 | മണ്ഡപം7 പമ്പ്ഹൗസ് 11=18 സ്കൂൾ 1, | ലക്ഷം വീട് 13 |
| II | 799 | 60 | 215 | 279 | 223 | മണ്ഡപം 8 സാംസ്ക്കാരിക കേന്ദ്രം1 -പമ്പ്ഹൗസ് 12 =22 | |
| III | 580 | 59 | 162 | 217 | 136 | പമ്പ് ഹൗസ് 4 -ക്ഷേത്രം, പള്ളി 2 6 | |
| IV | 349 | 47 | 86 | 139 | 83 | പമ്പ്ഹൗസ്3 -ലൈറ്റ്ഹൗസ്1=4 | |
| V | 685 | 58 | 82 | 292 | 248 | മണ്ഡപം 1 - പമ്പ്ഹൗസ് 4= 5 | |
| VI | 417 | 30 | 60 | 120 | 200 | ക്ഷേത്രം1 മണ്ഡപം 4 -പള്ളി 2=7 | |
| VII | 782 | 60 | 200 | 300 | 200 | സ്കൂൾ ഹോസ്റ്റൽ 20 പള്ളി-2 =22 | |
| VIII | 677 | 90 | 100 | 350 | 125 | സ്കൂൾ 5 പള്ളി 2 -മദ്രസ 3 ക്ഷേത്രം 2 =12 | |
| IX | 527 | 80 | 125 | 220 | 100 | പള്ളി1 ക്ഷേത്രം 1=2 | |
| X | 692 | 100 | 135 | 250 | 200 | പള്ളി 1 മദ്രസ 1ക്ഷേത്രം 2 ഫാക്ടറി 1 സ്കൂൾ-2 =7 | |
| XI | 562 | 52 | 60 | 190 | 250 | സ്കൂൾ 2 മദ്രസ 2 മണ്ഡപം 4 ക്ഷേത്രം 2 =10 | 4സെന്റ് കോളനി വീട് } 5 |
| ആകെ | 6821 | 685 | 1388 | 2688 | 1945 | 115 | |

**14(b)**

| പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം | 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| | 6207 | 6296 | 6466 | 6641 | 6821 |

## 11.5 ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP) സർവ്വേ പ്രകാരം | വിവിധ പരിപാടി കളിലായി അനുവധിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനിയും പൂർത്തീ കരിക്കാനുള്ളവീട് | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| I | 75 | - | - | - | 75 |
| II | 60 | - | - | - | 60 |
| III | 40 | 5 | 4 | 1 | 35 |
| IV | 60 | - | - | - | 60 |
| V | 80 | 27 | 17 | 10 | 53 |
| VI | 45 | 5 | 2 | 3 | [illegible] |
| VII | 65 | 1 | 1 | - | [illegible] |
| VIII | 70 | 16 | 9 | 7 | 5[illegible] |
| IX | 60 | - | - | - | 60 |
| X | 63 | - | - | - | 63 |
| XI | 59 | 3 | 2 | 1 | 56 |
| | 677 | 57 | 35 | 22 | 622 |

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കുന്നതിന് ഐ.ആർ.ഡി.പി, വിവധ പെൻഷൻ പദ്ധതികൾ, ഭവനനിർമ്മാണസഹായം, വികലാംഗർക്കുള്ള സഹായം അംഗൻവാടികൾ തുടങ്ങിയ പദ്ധതികളാണ് നിലവിലുള്ളത്. 1992ലെ സർവ്വേയും 93,95 എന്നീ വർഷങ്ങളിലെ കൂട്ടിച്ചേർക്കലുകളും ഉൾപ്പെടെ 2173 കുടുംബങ്ങൾ ഐ.ആർ.ഡി.പിയിൽ ഉൾപ്പെടുന്നു. ഇത് മൊത്തം കുടുംബങ്ങളുടെ 47%ത്തോളം വരും. പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപെട്ട 63 കുടുംബങ്ങളും ജനറൽ വിഭാഗത്തിൽ 2110 കുടുംബങ്ങളുമാണുള്ളത്. ഇതിൽത്തന്നെ സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള 694 കുടുംബങ്ങളും വികലാംഗർ കുടുംബനാഥന്മാരായട്ടുള്ള 103 കുടുംബങ്ങളും ഉൾപ്പെടുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും സഹായം നൽകിയിട്ടുണ്ടെങ്കുലും വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താത്തതിനാൽ മിക്കവരും ദാരിദ്ര്യരേഖയ്ക്ക് താഴെ തന്നെ നിൽക്കുന്നു.

മന്ദബുദ്ധികളുടെ രക്ഷാകേന്ദ്രമായും അവരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും വേണ്ടി അന്തർദേശീയ ഏജൻസിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന. കേരളത്തിലെ ഒരേഒരു സ്ഥാപനമാണ് നന്തിയിലെ ആശാനികേതൻ ഏകദേശം 50 ഓളം അന്തേവാസികൾക്ക് പരിചരണം നൽകി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള മഹത്തായ പ്രവർത്തനം ഈ സ്ഥാപനം നടത്തുന്നു.

## പ്രശ്നങ്ങൾ

ശരാശരി 45 കുടുംബങ്ങളായാണ് ഓരോ വർഷവും ഐ.ആർ.ഡി.പി പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം നൽകുന്നത്. എന്നാൽ ഒരു നിശ്ചിതസമയപരിധിക്കുള്ളിൽ ദരിദ്രവിഭാഗങ്ങളെ മുഴുവൻ ഉയർത്തിക്കൊണ്ടുവരാൻ ഇതു തീരെ പര്യപ്തമല്ല. ട്രൈസു പരിശീലന പദ്ധതിയിൽ വളരെകുറച്ച് ആളുകൾക്ക് മാത്രമേ അവസരം ലഭിക്കുന്നുള്ളൂ.

വിവിധപെൻഷൻ പദ്ധിതികൾ ഉണ്ടെങ്കിലും അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അംഗൻവാടികളിൽ ഭൂരിഭാഗത്തിനും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. വികലാംഗർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

## സാധ്യതകൾ

പട്ടികജാതി പട്ടികവർഗ്ഗം ഒഴിച്ചുള്ള സ്ത്രീകൾക്ക് സാമൂഹ്യക്ഷമ വകുപ്പ് സ്വയം തൊഴിൽ കണ്ടെത്താൻ നൽകുന്ന ധനസഹായം 2000 രൂപയിൽനിന്ന് 5000 രൂപയെങ്കിലും ആക്കി വർധിപ്പിക്കണം. മിശ്രവിവാഹത്തിനുള്ള ഗ്രാന്റ് വർദ്ധിപ്പിക്കണം.

സംയോജിത ശിശുവികസന ക്ഷേമപദ്ധതിയിൽപ്പെട്ട അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്നാവശ്യമായ സ്ഥലം ലഭ്യമാക്കുകയും കെട്ടിടനിർമ്മാണത്തിനായി ഇപ്പോൾ നൽകിവരുന്ന 25,000 രൂപ 40,000 രൂപയായെങ്കിലും വർധിപ്പിക്കണം. ഫർണിച്ചർ, കളിക്കോപ്പുകൾ, മെയിന്റനൻസ് എന്നിവയ്ക്ക് ഫണ്ട് അനുവദിക്കണം.

അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം വർധിപ്പിക്കണം. അംഗൻവാടികളിൽ കൂടി കുട്ടികൾക്കും അമ്മമാർക്കും ആവശ്യമായ പോഷകാഹാരങ്ങളും മരുന്നുകളും വിതരണം ചെയ്യണം. പ്രതിരോധ കുത്തിവെപ്പു കേമ്പുകളും ബോധവൽക്കരണ കേമ്പുകളും സംഘടിപ്പിക്കണം.

ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മുഴുവൻ കുടുംബങ്ങളെയും ഉയർത്തുന്നതിന് പദ്ധതി തയ്യാറാക്കണം.

വികലാംഗർക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ വിപുലീകരിക്കണം.

അനുബന്ധം 11

# മൂടാടി ഗ്രാമപഞ്ചായത്ത്

## 11.1 IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC / ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവരുൾപ്പെടെ) |
|---|---|---|---|---|---|---|
| I | 368 | 7 | 29 | 7 | 5 | 363 |
| II | 267 | 1 | 05 | 01 | 2 | 265 |
| III | 157 | 1 | 5 | I | 2 | 155 |
| IV | 144 | – | 1 | – | 1 | 143 |
| V | 238 | 19 | 30 | 10 | 8 | 230 |
| VI | 143 | 10 | 28 | 10 | 7 | 136 |
| VII | 228 | 4 | 16 | 2 | 4 | 224 |
| **VIII** | **178** | **6** | **37** | **5** | **10** | **168** |
| IX | 153 | 3 | 18 | 2 | 3 | 150 |
| X | 141 | 2 | 19 | 2 | 4 | 137 |
| XI | 156 | 10 | 29 | 4 | 6 | 150 |
| | 2173 | 63 | 217 | 44 | 52 | 2121 |

# മൂടാടി പഞ്ചായത്തിലെ അംഗൻവാടികളുടെ വിവരങ്ങൾ

**ആകെ അംഗൺവാടികൾ - 24**

| അംഗൻ വാടി നമ്പർ | അംഗൻവാടിയുടെ പേര് | വാർഡ് നമ്പർ | കെട്ടിടമുള്ളവ | കെട്ടിടമില്ലാത്തത് (ഇപ്പോൾ പ്രവർത്തിക്കുന്നത്) | സ്ഥലം കിട്ടിയിട്ടുണ്ടോ |
|---|---|---|---|---|---|
| 24 | മുചുകുന്ന് കോളേജ് | VI | SCP കെട്ടിടം | - | |
| 25 | മുചുകുന്ന് | VI | – | പഞ്ചായത്ത്കെട്ടിടം വായനശാല | |
| 26 | മുചുകുന്ന് സോമക്ലബ് | VI | M.P Fund പാസ്സായി | ക്ലബിന്റെ കെട്ടിടം | ഉണ്ട് |
| 27 | മുചുകുന്ന് ഓട്ടുകമ്പനി | XI | SCP കെട്ടിടം | – | |
| 28 | മുചുകുന്ന് മനോളിപീടിക | V | SCP കെട്ടിടം | – | |
| 29 | കമലവയൽ (കെൽട്രോൺറോഡ്) | III | – | ഷെഡ്ഡ് | ഇല്ല |
| 30 | തിക്കോടി മദ്രസ | II | – | ഷെഡ് | ഇല്ല |
| 31 | തിക്കോടി ലൈറ്റ്ഹൗസ് | IV | – | ഷെഡ്ഡ് | ഇല്ല |
| 32 | പാച്ചാക്കൽ | V | SCP കെട്ടിടം | – | |
| 33 | എളമ്പിലാട് | II | – | വാടക കെട്ടിടത്തിൽ | ഇല്ല |
| 34 | കരിപ്പൊയിൽ | I | – | ഷെഡ്ഡ് | ഇല്ല |
| 35 | കോടിക്കൽ ബീച്ച് | I | ജനറൽ സെക്ടർ | | |
| 36 | മരക്കുളം | VIII | – | ഷെഡ്ഡ് | ഇല്ല |
| 37 | വീരവഞ്ചേരി | III | – | ഷെഡ്ഡ് | ഇല്ല |
| 38 | വെള്ളറക്കാട് | IX | – | ഷെഡ്ഡ് | ഇല്ല |
| 39 | നന്തി ഗെയിറ്റ് | VII | – | – | ഇല്ല |
| 40 | വീമംഗലം | VII | മഹിളാസമാജം കെട്ടിടം | – | |
| 41 | വളയിൽ ബീച്ച് | IV | – | ഷെഡ്ഡ് | ഇല്ല |
| 42 | ആച്ചോത്ത് | IX | – | ഷെഡ്ഡ് | ഇല്ല |
| 43 | പാലക്കുളം | X | പഞ്ചായത്ത് എടുത്തു കൊണ്ടിരിക്കുന്ന കെട്ടിടം | - | - |
| 44 | പാറക്കാട് | IX | - | ഷെഡ്ഡ് | |
| 102 | മൊയിലൂർ കുന്ന് | VIII | CPWP കെട്ടിടം | – | - |
| 103 | ചിങ്ങപുരം | II | CPWP കെട്ടിടം | – | - |
| 122 | വലിയ മല കോളനി | V | SCP കെട്ടിടം | – | - |

# വികലാംഗ സർവ്വേ

വൈകല്യം സംഭവിച്ചവരുടെ എണ്ണം

| ചലന വൈകല്യം | കാഴ്ച വൈകല്യം | കേൾവി, സംസാരം | മന്ദബുദ്ധി | മറ്റിനം | ആകെ |
|---|---|---|---|---|---|
| 158 | 68 | 88 | 64 | 16 | 394 |

## 11.2 ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം- വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I | – | – | – | – | – |
| II | ഇലക്ട്രോണിക്സ് | 1 | - | 1 | - |
| III | ഫുഡ് പ്രോസസിങ്ങ് | 1 | 1 | - | - |
| IV | - | - | - | - | - |
| V | പ്രിന്റിങ് & കമ്പോസിങ്ങ് | 1 | - | 1 | - |
| ,, | കരകൗശല വസ്തുനിർമ്മാണം | 1 | - | 1 | - |
| VI | വാച്ച് റിപ്പയർ | 1 | - | 1 | - |
| ,, | കരകൗശല വസ്തു നിർമ്മാണം | 1 | - | | - |
| VII | - | - | - | - | |
| VIII | ഹാൻഡിക്രാഫ്റ്റ്സ് | 1 | 1 | - | - |
| ,, | പ്ലംബിങ് | 1 | 1 | - | - |
| ,, | വയറിങ് | 1 | 1 | - | - |
| IX | ബേക്കിങ് | 7 | 7 | - | - |
| ,, | ഹാൻഡിക്രാഫ്റ്റ്സ് | 1 | - | 1 | - |
| ,, | വയറിങ് | 1 | 1 | - | - |
| X | ബേക്കിങ് | 1 | 1 | - | - |
| | | 19 | 13 | | |

# സംസ്കാരം

നിരവധി ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച നമ്മുടെ രാജ്യത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്രത്തിൽ ഒറ്റപ്പെട്ട് നിൽക്കുന്ന ഒന്നായിരുന്നില്ല നമ്മുടെ ഗ്രാമം. അതീവസമ്പന്നമായ ഒരു സാംസ്കാരിക ചരിത്രം നമുക്ക് അവകാശപ്പെടാവുന്നതാണ്.

ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ സ്വാതന്ത്ര്യ സമരത്തിന്റെ ഉത്തേജകങ്ങളായി സാംസ്കാരിക പ്രവർത്തനങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. ഇതിന്റെ പിന്നണിയിൽ മുഖ്യപ്രേരകശക്തിയായി പ്രവർത്തിച്ചിത് അക്കാലത്തെ അദ്ധ്യാപക പ്രസ്ഥാനമാണ്. ചിങ്ങപുരം അന്നത്തെ പ്രധാന സാംസ്കാരിക പ്രവർത്ത്ന കേന്ദ്രമായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിൽ മലബാറിൽ നാടകങ്ങൾ അവതരിപ്പിച്ചിരുന്നത് തമിഴ് നാട്ടിൽ നിന്ന് വന്ന ചില നാടക സംഘങ്ങളായിരുന്നു. എന്നാൽ ആ കാലത്ത് മലബാറിലെ തന്നെ ആദ്യത്തെ സ്ഥിരം നടകവേദി ചിങ്ങപുരത്തായിരുന്നു. കൊട്ടകകെട്ടി ടിക്കറ്റ് വെച്ചായിരുന്നു. നാടകങ്ങൾ അവതരിപ്പിച്ചിരുന്നത് 'സ്യമന്തം' നാടകം ഇതിൽ എടുത്തുപറയത്തക്കതാണ്. ഈ നാടകം ബ്രിട്ടീഷ് ഭരണാധികാരികൾക്കെതിരാണെന്ന കാരണം പറഞ്ഞ് അന്നത്തെ വൻമുകം അധികാരി ആവശ്യപ്പെട്ടതനുസരിച്ച് '144' പ്രഖ്യാപിച്ച് ഭരണാധികാരികൾ നാടകശാല തന്നെ പൊളിച്ചുമാറ്റുകയുണ്ടായി. ആ നാടകത്തിലെ ചില ഗാനശകലങ്ങളാണ് ബ്രിട്ടീഷുകാരെ പ്രകോപിപ്പിച്ചത്.

അന്നത്തെ നാടക പ്രവർത്തനങ്ങൾക്ക് നേതൃതം നൽകിയ എടത്തോളി അച്ചുതൻ നായർ, സി.ടി.പത്മനാഭൻ നായർ, പി.ടി. കുഞ്ഞന്തൻ നായർ, ചന്തുനായർ, പടിഞ്ഞാറയിൽ ഗോപാലൻ നായർ തുടങ്ങിയവർ സ്മരണീയരാണ്.

സാമൂതിരിപ്പാടിന്റെ കൃഷ്നനാട്ട സംഘം നമ്മുടെ പഞ്ചായത്തിലെ സാമൂതിരിപ്പാട് അധികാരങ്ങൾ നൽകിയ തറവാടുകളിൽ കൃഷ്നാട്ടം അവതരിപ്പിച്ചുരുന്നു. സേവകളി എന്നാണ് ഇവിടെ പറഞ്ഞിരുന്നത്.

സാമ്രാജ്യവിരുദ്ധ പോരാട്ടത്തിന്റെ ഭാഗമായി ഹിന്ദി പ്രചാരണം, ഖാദി പ്രചാരണം, അയിത്തോച്ചാടന പ്രവർത്തനങ്ങൾ എന്നിവ ഇവിടെ നടന്നിട്ടുണ്ട്. അതുപോലെ വായനാശാല പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. 1934-35 കാലങ്ങളിലാണ് നമ്മുടെ പഞ്ചായത്തിൽ ആദ്യത്തെ വായനശാല സ്ഥാപിച്ചത്. ചിങ്ങപുരം ഗ്രാമീണ വായനശാല പ്രസിദ്ധ സാഹിത്യകാരൻ തിക്കോടിയൻ ഉൾപ്പെടെയുള്ളവർ മുൻകയ്യെടുത്താണ് സ്ഥാപിച്ചത്. 1952 ൽ കേളപ്പജിയുടെ നേതൃത്വത്തിൽ ആരംഭിച്ച ദേശീയ വിലാസം വായനശാല മുചുകുന്ന് സ്ഥാപിതമായെങ്കിലും അൽപം കാലാ കൊണ്ട് നാമാവശഷേമായി. പിന്നീട് 1957ൽ മുചുകുന്നിൽ തന്നെ കണ്ണൻ മാസ്റ്ററുടെ നേതൃത്വത്തിൽ രൂപീകൃതമായ വായനശാല യങ്ങ്മെൻസ് ആർട്സ് ആന്റ് റീഡിങ്ങ് റൂം എന്ന പേരിൽ ഇപ്പോഴും അതേ സ്ഥലത്ത് പ്രവർത്തിക്കുന്നു. എടുത്തു പറയത്തക്ക മറ്റൊരു സാംസ്കാരിക സ്ഥാപനമാണ് 1953ൽ ആരംഭിച്ച മൂടാടി ശ്രീ നാരായണ ലൈബ്രറി & റീഡിങ്ങ് റൂം. Dr.M.R.വിജയരാഘവൻ, ശ്രീ.ഊരളാത്ത് കുഞ്ഞിരാമൻ മാസ്റ്റർ എന്നിവർ ഈ വായനശാല ആരംഭിക്കുന്നതിൽ മുൻകൈയ്യെടുത്ത് പ്രവർത്തിച്ചവരാണ്. ഇന്നു സ്വന്തം കെട്ടിടത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു ഗ്രന്ഥശാലയാണിത്.

അതി പ്രാചീനമായ നിരവധി നാടൻ കലകൾ ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു. കൂളികെട്ട്, കുതിരക്കോലം, സ്ത്രീകൾ മാത്രം അനുഷ്ടിക്കുന്ന മുടിയാട്ടം, പൂരക്കളി, കോൽക്കളി, തച്ചോളിക്കളി,

അമ്പെയ്ത്ത് എന്നീ കലാരൂപങ്ങൾ പ്രചാരത്തിലിരുന്നതായി കാണാം. മലയ സമുദായത്തിൽപ്പെട്ടവർ മറ്റുള്ളവർക്ക് വേണ്ടി നടത്തിയിരുന്ന ബലിക്കള, എണ്ണ മന്ത്രം, തെയ്യാട്ട്, മാരൻപാട്ട് എന്നീ അനുഷ്ടാന കലകളും പ്രചാരത്തിലുണ്ടായിരുന്നു. ഇവയിൽ പല കലാരൂപങ്ങളും ഇന്ന് അന്യം നിന്നു പോയ അവസ്ഥയിലാണ്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ മലവെള്ളപാച്ചിലിൽ എങ്ങിനെ നാടിന്റെ സമ്പത്തായ ഈ കലാരൂപങ്ങൾക്ക് നിലനിൽക്കാനാവും!

നിരവധി ഉൽസവങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. ഇന്നും ഉൽസവങ്ങൾ നടക്കുന്നുണ്ടെങ്കിലും പഴയ കാലങ്ങളിൽ നടന്നിരുന്ന തരത്തിലുള്ള ആചാരങ്ങളോ പരിവേഷങ്ങളോ ഇന്നില്ല. നമ്മുടെ പഞ്ചായത്തിൽ മുപ്പതോളം ഹിന്ദു മുസ്ലിം ദേവാലയങ്ങളുണ്ട്. ഹിന്ദുക്ഷേത്രങ്ങൾ ഒരു കാലത്ത് പ്രധാന സാംസ്കാരിക കേന്ദ്രങ്ങളായിരുന്നു. ആയിരക്കണക്കിന് ജനങ്ങൾ ഒത്തുചേർന്ന് ആഘോഷിക്കുന്നവയായിരുന്നു ഇവിടങ്ങളിലെ ഉൽസവങ്ങൾ. ഇന്ന് ഇതിനെല്ലാം ധാരാളം മാറ്റം വന്നിട്ടുണ്ട്.

ഹിന്ദു-മുസ്ലിം ജനവിഭാഗങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗവും. നാമമാത്രമായ മറ്റു വിഭാഗങ്ങൾ ഇവിടെയുണ്ട്. ഹിന്ദുക്കളിൽ തന്നെ വിവിധ ജാതി വിഭാഗങ്ങളിലായിട്ടാണ് ജനങ്ങൾ ജീവിക്കുന്നത് ആദ്യകാലങ്ങളിലുണ്ടായിരുന്ന അയിത്തം, ഉച്ചനീചത്വം എന്നിവ തീരെ ഇല്ലെന്ന് തന്നെ പറയാം.

ഈ പഞ്ചായത്തിൽ ശ്രീനാരായണ ലൈബ്രറി & റീഡിംഗ് റൂം, മുചുകുന്ന് യെങ്ങ് മെൻസ്, ആർട്ട്സ് & റീഡിങ്ങ് റൂം, കേളപ്പജി സ്മാരക വായനശാല, വെള്ളറക്കാട് സുഭാഷ് വായനശാല & കലാസമിതി, പീപ്പിൾസ് ലൈബ്രറി & റീഡിംഗ് റൂം, എ.കെ.ജി ഗ്രന്ഥാലയം വീരവഞ്ചേരി, ഗ്രാമീണ ലൈബ്രറി ഞെട്ടിക്കരപ്പാലം, ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ സഹായത്തോടു കൂടി പ്രവർത്തിക്കുന്ന യുവശക്തി പാറക്കാട് എന്നിവ കൂടി പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ എല്ലാ ഗ്രന്ഥശാലകളോടുമൊപ്പം വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള ഗ്രന്ഥശാല നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പഞ്ചായത്ത് ഫണ്ട് മുഖേന ലൈബ്രറികൾക്ക് പത്രം വിതരണം ചെയ്യപ്പെടുന്നുണ്ടെങ്കിലും പഞ്ചായത്ത് ഫണ്ടിന്റെ ചെറിയൊരു ശതമാനം (0.43%) മാത്രമേ ഇവയ്ക്കു വേണ്ടി നീക്കിവെക്കപ്പെടുന്നുള്ളൂ.

ഇവിടെ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ മിക്കവയും സ്ഥാപിക്കപ്പെട്ടത് നാട്ടിൻ പുറങ്ങളിൽ നിന്ന് പുസ്തകം ശേഖരിച്ച് കൊണ്ടാണ്. കേരള ഗ്രന്ഥശാലാ സംഘത്തിന്റെ സഹായം ലഭിക്കുന്ന ഗ്രന്ഥാലയങ്ങൾ ശ്രീനാരായണ ലൈബ്രറി & റീഡിങ്ങ് റൂം, മുചുകുന്ന് യങ്ങ് മെൻസ് ആർട്സ് ആന്റ് റീഡിങ്ങ് റൂം, പീപ്പിൾസ് ലൈബ്രറി & റീഡിങ്ങ് റൂം, കേളപ്പജി സ്മാരക വായനശാല എന്നിവയാണ്.

ഗ്രന്ഥാലയങ്ങൾ പ്രവർത്തിക്കുന്നുവെങ്കിലും ഗ്രന്ഥാലയങ്ങളെ ഉപയോഗപ്പെടുത്തുന്ന രീതി കുറഞ്ഞുവരികയാണ്. നേരത്തെ വലിയതോതിൽ പുസ്തകങ്ങൾ ഓരോ ലൈബ്രറികളിൽ നിന്നും വിതരണം ചെയ്യപ്പെട്ടിരുന്നുവെങ്കിലും ഇന്ന് വളരെ ചുരുങ്ങിയ തോതിൽ മാത്രമേ വിതരണം നടക്കുന്നുള്ളൂ.

അതിവേഗം കേരളീയ സമൂഹം ഉപഭോക്തൃ സംസ്കാരത്തിന്റെ അടിമകളായി മാറികൊണ്ടിരിക്കുന്നതും, ഇലക്ട്രോണിക് മാധ്യമങ്ങളുടെ വർദ്ധിച്ച തോതിലുള്ള തള്ളിക്കയറ്റവും നമ്മുടെ വായനക്ഷമതയെ തകർത്തുകൊണ്ടിരിക്കുന്നു. ഗ്രന്ഥശാലകളിൽ അംഗത്വമെടുത്ത സ്ത്രീകളുടെ എണ്ണം നന്നേ കുറവാണ്.

സ്വാതന്ത്ര്യ സമര കാലഘട്ടങ്ങളിൽ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്നിരുന്നുവെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്നതിൽ കേളപ്പജി വഹിച്ച പങ്ക് വളരെ വലുതാണ്. ഹരിജനങ്ങൾക്കായി പ്രത്യേകം വിദ്യാലയം സ്ഥാപിച്ചതും ഇവയിൽ പ്രധാനപ്പെട്ടതാണ്. അതുപോലെ വായനശാലകൾ കേന്ദ്രീകരിച്ച് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇന്ന് നമ്മുടെ പഞ്ചായത്തിൽ പ്രൈമറി മുതൽ കോളേജ് വരെ തലങ്ങളിൽ വിദ്യാലയങ്ങളുണ്ട്. 5 എൽ.പി. സ്കൂളുകൾ, 6 U.P. സ്കൂളുകൾ, ഒരു ഹൈസ്കൂൾ, ഒരു കോളേജ് CBSC സിലബസ് അനുസരിച്ച് പ്രവർത്തിക്കുന്ന ശ്രീ. സത്യസായി വിദ്യാപീഠം, ആശാനികേതൻ എന്ന മന്ദബുദ്ധികൾക്കായുള്ള കേന്ദ്രം, മൂടാടിയിലെ മലബാർ

പബ്ലിക് സ്കൂൾ എന്നിവയും നഴ്സറികളും അംഗൻവാടികളും ഇവിടെയുണ്ട്.

നിരവധി കലാസാംസ്കാരിക സംഘടനകൾ നമ്മുടെ പഞ്ചായത്തിനകത്ത് പ്രവർത്തിച്ചിരുന്നു. ഇവയിൽ ചിലത് മാത്രമേ ഇന്ന് നിലനിൽക്കുന്നുള്ളൂ. കയ്യെഴുത്ത് മാസികകൾ തയ്യാറാക്കുക, പ്രസംഗപരിശീലനക്ലാസുകൾ സംഘടിപ്പിക്കുക, സാക്ഷരതാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നിവ പ്രധാന പ്രവർത്തനങ്ങളായിരുന്നു. എന്നാലിന്ന് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന കലാസാംസ്കാരിക സംഘടനകൾ ഇല്ലെന്ന് തന്നെ പറയാം. പല സാംസ്കാരിക സംഘടനകളും വാർഷികാഘോഷ പരിപാടികൾ നടത്തുക എന്നതിൽ മാത്രമാണ് അവരുടെ പ്രവർത്തനം കേന്ദ്രീകരിക്കുന്നത്.

കേരളത്തിൽ അറിയപ്പെടുന്ന പ്രൊഫഷണൽ നാടകഗ്രൂപ്പായ `സോമ കോഴിക്കോട്' നമ്മുടെ പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ പതിനാറോളം കലാ സാംസ്കാരിക സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. കേരള സംഗീത നാടക അക്കാദമിയുടെ അംഗീകാരം ഉള്ളവയാണ് കടലൂർ യുവജന കലാവേദി. മൂടാടി റെഡ്സ്റ്റാർ കലാവേദി, `അനശ്വര' മുചുകുന്ന്, വന്മുകം മൈകോ കലാസാംസ്കാരിക സംഘടന എന്നീ സ്ഥാപനങ്ങൾ നിലവിലുള്ള കലാസാംസ്കാരിക സംഘടനകളിലൂടെ നിരവധി കലാകാരന്മാരെ വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. തുടി, കോൽക്കളി, ദഫ്മുട്ട്, അയക്കോൽക്കളി എന്നിവ നമ്മുടെ പഞ്ചായത്തിലെ പ്രധാന കലാരൂപങ്ങളാണ്.

കലാസാംസ്കാരിക സംഘടനകൾ സമൂഹത്തോടുള്ള കടമകൾ നിർവ്വഹിക്കപ്പെടുന്ന തരത്തിലേക്കുള്ള പ്രവർത്തനങ്ങൾ ഇനിയും നടത്തേണ്ടതുണ്ട്. മിക്ക സംഘടനകൾക്കും അവയുടെ പങ്ക് നിർവഹിക്കാൻ സാധിക്കുന്നില്ല. പഞ്ചായത്ത് തലത്തിൽ നടക്കുന്ന മത്സരങ്ങളിലും അതുപോലെ അതിനുമുകളിൽ നടക്കുന്ന മത്സരങ്ങളിലുമൊക്കെ പങ്കെടുക്കുന്നുണ്ട്. നിരവധി പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇവയ്ക്ക് ഏറ്റെടുക്കാൻ കഴിയും. ഇലക്ട്രോണിക് മാധ്യമങ്ങളുടെ വർദ്ധിച്ച തോതിലുള്ള ഉപഭോഗം കലാസാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ക്ഷീണിപ്പിക്കുന്നതായി കാണാം.

ഇന്നത്തെ പ്രവർത്തന രീതികളിൽ നിന്ന് സാംസ്കാരിക സ്ഥാപനങ്ങൾ മുന്നോട്ട് പോകേണ്ടതുണ്ട്. അതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് നാം സജ്ജരാവേണ്ടതുണ്ട്. നമ്മുടെ ഗ്രാമത്തിന്റെ ഉൾത്തുടിപ്പുകൾ ഏറ്റുവാങ്ങാൻ, അവയുടെ വഴികാട്ടിയാവാൻ പുതിയ സാമൂഹ്യാവബോധം സൃഷ്ടിക്കാൻ ഒക്കെ ഈ സാംസ്കാരിക സ്ഥാപനങ്ങൾ മുന്നിട്ടിറങ്ങണം.

നിരവധി പത്രമാസികകൾ നമ്മുടെ പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും പത്രങ്ങളുടെ പ്രചാരണവും തമ്മിൽ വലിയ അന്തരം കാണാവുന്നതാണ്. `മാതൃഭൂമി', `കേരളകൗമുദി', `മലയാള മനോരമ', `ദേശാഭിമാനി', `ചന്ദ്രിക', `മാധ്യമം' എന്നീ പത്രങ്ങളാണ് ഇവിടെ കൂടുതലായി പ്രചാരത്തിലുള്ളത്. പത്രവായനയിൽ മുമ്പുണ്ടായിരുന്ന താൽപര്യം കുറഞ്ഞുവരുന്നതായി കാണാം. അതുപോലെ മാസികകൾ, വാരികകൾ എന്നിവയുടെ പ്രചാരണം വേണ്ടത്ര ഉണ്ടെന്ന് പറയാൻ കഴിയില്ല. പൈങ്കിളി വാരികകൾ സ്ത്രീകൾക്കിടയിൽ സ്വാധീനം ചെലുത്തുന്നുണ്ട്. നിലവാരം പുലർത്തുന്ന വാരികകൾ, മാസികകൾ എന്നിവയുടെ പ്രചാരണം തുലോം കുറവാണ്. `മാതൃഭൂമി', `കലാകൗമുദി', `ദേശാഭിമാനി', `ചന്ദ്രിക' തുടങ്ങിയ വാരികകൾ ചെറിയ തോതിൽ പ്രചാരത്തിലുണ്ട്. അതുപോലെ നാമമാത്രമായ തോതിൽ വനിതാമാസികകളും ഇവിടെ പ്രചാരത്തിലുണ്ട്.

കായിക രംഗത്ത് നമ്മുടെ പഞ്ചായത്തിൽ വളരെ ചെറിയ തോതിലുള്ള പ്രവർത്തനങ്ങൾ മാത്രമേ നടക്കുന്നുള്ളൂ. വോളിബോൾ, ഫുട്ബോൾ എന്നിവ ഒരുകാലത്ത് നമ്മുടെ എല്ലാ പ്രദേശങ്ങളിലെയും പ്രധാന കായിക വിനോദമായിരുന്നു. എന്നാലിന്ന് ഇവയുടെ സ്ഥാനം ക്രിക്കറ്റ് ഏറ്റെടുത്തതായി കാണാം. വോളിബോൾ മത്സരങ്ങളും ഫുട്ബോൾ മത്സരങ്ങളും ജനങ്ങളുടെ ഹരമായിരുന്നു. ഇന്നവയൊക്കെ നമുക്ക് അന്യമായിരിക്കുന്നു. ക്രിക്കറ്റ്, ഷട്ടിൽ-ബാഡ്മിന്റൺ എന്നിവയാണ് പ്രധാനമായും ഇന്ന് നടക്കുന്ന കായികവിനോദങ്ങൾ എന്നു പറയാവുന്നത്. കായിക ശേഷിയെ വികസിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഇനിയും നാം നടത്തേണ്ടതുണ്ട്.

പഞ്ചായത്ത് തലത്തിൽ കായിക മത്സരങ്ങൾ നട

ക്കാറുണ്ട്. നിരവധി കായികപ്രതിഭകളെ നമുക്ക് വളർത്തി എടുക്കാൻ കഴിയും. അതിനുള്ള സാധ്യതകൾ നമുക്കുണ്ട്. ഈ സാധ്യതകളെ ഉപയോഗപ്പെടുത്താനുള്ള താൽപര്യം ഉണ്ടാക്കാൻ കഴിയണം.

ഇലക്ട്രോണിക് മാധ്യമങ്ങൾ വളരെ വലിയ തോതിൽ നമുക്കിടയിൽ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. T.Vയുടെ ഉപയോഗം വ്യാപകമായി കൊണ്ടിരിക്കുന്നു. അവ ചെലുത്തുന്ന സ്വാധീനം നമ്മുടെ സാമൂഹ്യ ജീവിതത്തിൽ സാരമായ മാറ്റം വരുത്തിയിട്ടുണ്ട്. നമ്മുടെ പെരുമാറ്റത്തിൽ, പ്രതികരണങ്ങളിൽ സ്വഭാവങ്ങളിൽ ഒക്കെ സ്വാധീനം ചെലുത്തുന്നുണ്ട്. നേരത്തെ സൂചിപ്പിച്ചത് പോലെ നമ്മുടെ അറിവിന്റെ ചക്രവാളങ്ങൾ വികസിപ്പിക്കുന്നതിൽ പങ്ക് വഹിച്ചിരുന്ന വായനശാലകൾ, ഗ്രന്ഥശാലകൾ എന്നിവയോടുള്ള ആഭിമുഖ്യം കുറക്കുന്നതിന് ഇത്തരം മാധ്യമങ്ങളുടെ തള്ളിക്കയറ്റം ഇടയാക്കുന്നു. ഇലക്ട്രോണിക മാധ്യമങ്ങളിലൂടെ പ്രദർശിപ്പിക്കുന്ന പരിപാടികൾ പലതും നമുക്ക് ആവശ്യമുള്ളവയാണെന്ന് പറയാൻ വയ്യ. ജനവികാരങ്ങളെ പ്രതിഫലിപ്പിക്കാൻ കഴിയുന്ന തരത്തിൽ സാമൂഹിക ബോധത്തെ വളർത്താൻ കഴിയുന്ന തരത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റേതായ സാംസ്കാരികനിലയം സ്ഥാപിക്കണം. സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രമായി മാറാൻ ഇതിനുകഴിയണം.

2. നാടിന്റെ പുരാതന ചരിത്രം, ഐതിഹ്യങ്ങൾ എന്നിവ ശേഖരിച്ചു വെക്കുന്നതിന് സംവിധാനം ഉണ്ടാക്കണം.

3. പഞ്ചായത്തിലെ കലാസാംസ്കാരിക സ്ഥാപനങ്ങൾക്ക് പൊതുവായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് പഞ്ചായത്ത് മുൻകൈയെടുക്കണം.

4. പഞ്ചായത്തിലെ മുഴുവൻ വായനശാലകൾക്കും, കലാസമിതികൾക്കും പത്രം പഞ്ചായത്ത് വക നൽകണം.

5. പ്രധാന സാംസ്കാരിക സംഘടനകൾക്ക് T.V. നൽകണം.

6. മൺമറഞ്ഞുപോയ നാടൻ കലകൾ കണ്ടെത്തി അവ പുനരാവിഷ്കരിക്കുന്നതിന് മുൻകയ്യെടുക്കണം.

7. പഞ്ചായത്തിന്റേതായ ലൈബ്രറി സ്ഥാപിക്കണം.

8. സ്ത്രീകളുടെ വായനാശീലത്തെ പ്രോത്സാഹിപ്പിക്കാൻ സഞ്ചരിക്കുന്ന ഗ്രന്ഥശാല സ്ഥാപിക്കുന്നതിന് ലൈബ്രറികളെ മുൻകയ്യെടുപ്പിക്കണം.

9. സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കാൻ പൊതുവേദി ഉണ്ടാവണം.

10. രാജാറാം മോഹൻറോയ് ഫൗണ്ടേഷൻ ഫണ്ട് ലഭ്യമാക്കുന്നതിന് ശ്രമം നടത്തണം.

11. കുട്ടികളുടെ പഠനത്തെ ദോഷകരമായി ബാധിക്കുന്ന ഇന്നത്തെ T.V. പരിപാടികളിൽ സാരമായ മാറ്റം വരുത്തുന്നതിന് ബന്ധപ്പെട്ടവരോട് ആവശ്യപ്പെടേണ്ടതാണ്.

12. ഉത്സവങ്ങളോടനുബന്ധിച്ച് പ്രധാന സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കാൻ കഴിയണം.

13. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കണം.

14. പഞ്ചായത്തിന്റേതായ പൊതുകളിസ്ഥലം സ്ഥാപിക്കണം.

15. വിവാഹത്തോടനുബന്ധിച്ചുള്ള അമിതമായ ധൂർത്തും സ്ത്രീധന സമ്പ്രദായവും അവസാനിപ്പിക്കുന്നതിന് ബോധവത്ക്കരണം നടത്തണം.

16. മദ്യത്തിനെതിരെ യുവജനങ്ങളിൽ പ്രത്യേകിച്ചും ബോധവൽക്കരണപ്രവർത്തനം സംഘടിപ്പിക്കണം.

17. പഞ്ചായത്ത് വക നൽകുന്ന T.V. സെറ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള സമയം പഞ്ചായത്ത് ക്ലിപ്തപ്പെടുത്തണം.

18. പൊതുപ്രാധാന്യമുള്ള പരിപാടികൾ പ്രദർശിപ്പിക്കുവാൻ പഞ്ചായത്ത് T.V.കൾ ഉപയോഗപ്പെടുത്താൻ കഴിയണം.

19. ദരിദ്രജനവിഭാഗങ്ങളിൽപ്പെട്ട ധാരാളം കലാകാരന്മാർ പഞ്ചായത്തിലുണ്ട്. ഇത്തരക്കാർ മത്സരങ്ങളിലും മറ്റും വിജയം വരിക്കുമ്പോൾ പ്രോത്സാഹനമെന്ന രീതിയിൽ സാമ്പത്തിക സഹായം ചെയ്യുക.

20. പ്രകൃതി നിർമ്മിതമായ വാഴയിൽ ഗുഹ സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കേണ്ടതാണ്.

# വനിത

## സ്ത്രീകളുടെ പദവി

സാമൂഹിക മുന്നേറ്റത്തിൽ പ്രധാന ഘടകമാവേണ്ട സ്ത്രീ സമൂഹത്തെ നാം വേണ്ടത്ര പരിഗണിച്ചതായി പറയാൻ കഴിയില്ല. സ്ത്രീകൾ ആണെങ്കിൽ തങ്ങൾ അടിച്ചമർത്തപ്പെട്ടവരാണെന്ന പരമ്പരാഗത വിശ്വാസത്തിൽ നിന്ന് മോചനം നേടിയിട്ടുമില്ല. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നിരവധി വനിതാ നേതാക്കൾ നമ്മുടെ രാജ്യത്തിനകത്ത് വളർന്നുവെങ്കിലും ഇത്തരത്തിലുള്ള യാതൊരു പ്രവർത്തനത്തിലും ബന്ധപ്പെടാതെ വീട്ട് ജോലികളിൽ മാത്രം മുഴുകി കഴിയുകയായിരുന്നു നമ്മുടെ പഞ്ചായത്തിലെ സ്ത്രീ സമൂഹം. സ്ത്രീകളിൽ സാമൂഹിക ബോധം വളർത്തുന്നതിന് വേണ്ടിയുള്ള യാതൊരു പ്രവർത്തനവും ഇവിടെ നടന്നതുമില്ല. സ്ത്രീകൾക്കിടയിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടക്കാതിരുന്നതും ഇതിനു കാരണമാണ്. അന്ധവിശ്വാസങ്ങളിൽ നിന്നും, പരമ്പരാഗത വിശ്വാസങ്ങളിൽ നിന്നും മോചിതരാവാൻ ഇവർക്ക് കഴിയാതെ പോയി. സാമൂഹ്യ പ്രവർത്തനത്തിന്റെ മേഖലയിലായാലും, തൊഴിൽ മേഖലയിലായാലും വേണ്ടത്ര പരിഗണന കൊടുക്കാൻ ആദ്യകാലങ്ങളിൽ ശ്രദ്ധ ചെലുത്തിയിരുന്നുമില്ല. ഇന്ന് ആ സ്ഥിതിക്ക് കുറേയേറെ മാറ്റം വന്നിട്ടുണ്ടെങ്കിലും പ്രതീക്ഷക്കനുസരിച്ച് മാറിയിട്ടില്ല.

മേൽ സൂചിപ്പിച്ച തരത്തിൽ സ്ത്രീ സമൂഹത്തിനിടയിൽ കാര്യമായി മാറ്റം വരാതിരുന്നതിനു കാരണം വിദ്യാഭ്യാസം നേടുന്നതിന് കഴിയാതെ പോയതാണ്. ആദ്യകാലങ്ങളിൽ എഴുത്ത് പള്ളിക്കൂടത്തിൽ ചേർന്ന് വിദ്യാഭ്യാസം നേടുന്നതിന് സാഹചര്യമുണ്ടായിരുന്നു എന്നാൽ പിന്നോക്ക ജാതികളിൽ പെട്ടവർക്ക് വിദ്യാഭ്യാസ സൗകര്യം നിഷേധിക്കപ്പെട്ടിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായിട്ടാണ് ഈ സ്ഥിതിക്ക് തെല്ലങ്കിലും മാറ്റം വന്നത്. നമ്മുടെ പഞ്ചായത്തിൽ തന്നെ പഞ്ചമി സ്കൂളും ഗോപാലപുരം സ്കൂളും സ്ഥാപിച്ചതിനെ കുറിച്ച് നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ? അതുപോലെ ഇന്ന് നിലവിലില്ലെങ്കിലും കെട്ട് കല്ല്യാണം ഇവിടെ ഉണ്ടായിരുന്നു.

നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയിൽ 56% സ്ത്രീകൾ ആണെന്ന് കാണാം. 91ലെ സെൻസസ് അനുസരിച്ച് 14143 സ്ത്രീകളാണ്. പുരുഷൻമാരെക്കാൾ 1636 കൂടുതലാണ്. 6 വയസ്സുവരെയുള്ള പെൺകുട്ടികളുടെ എണ്ണം 1786 ആണ്. ആൺ കുട്ടികളെക്കാൾ 86 പേർ കുറവ്. പട്ടികജാതി-വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട 1079 പേർ ഇവിടെ ഉണ്ട്. അതുപോലെ സ്ത്രീ സാക്ഷരത 10,462 ആണ്. ഇത് പുരുഷൻമാരെക്കാൾ (11097) കുറവാണെന്ന് കാണാൻ കഴിയും. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വേണ്ടത്ര ഇവർക്കിടയിൽ നടന്നില്ല എന്നതിന് തെളിവാണിത്. അതുപോലെ തന്നെ ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യമില്ലായ്മയും, സാമ്പത്തിക അസമത്വങ്ങളും വിദ്യാഭ്യാസം നേടുന്നതിന് തടസ്സമായി നിന്നിട്ടുള്ളതായി കാണാം. തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. 91ലെ സെൻസസ് അനുസരിച്ച് കൃഷി ചെയ്യുന്ന സ്ത്രീകളുടെ എണ്ണം 43 മാത്രമാണ്. കർഷക

തൊഴിലാളികളായ സ്ത്രീ 134 പേരും, കന്നുകാലികളെ വളർത്തുന്നതിൽ ഏർപ്പെട്ടിരിക്കുന്ന 35 സ്ത്രീകളും ഇവിടെയുണ്ട്. കുടിൽ വ്യവസായത്തെ ആശ്രയിച്ച് ജീവിക്കുന്ന 373 പേരും, നിർമ്മാണ-സംസ്കരണ യൂനിറ്റ് രംഗത്ത് പ്രവർത്തിക്കുന്ന 238 പേരും, നിർമാണ തൊഴിലാളികളായ 10 പേരും, കച്ചവടം തൊഴിലാക്കിയ പത്ത് പേരും മറ്റു മേഖലകളിൽ ജോലി ചെയ്യുന്ന 357 സ്ത്രീകളും ഇവിടെയുണ്ട്. തൊഴിലൊന്നുമില്ലാതെ 12,424 സ്ത്രീകൾ നമ്മുടെ പഞ്ചായത്തിൽ ഉള്ളതായി കാണാം. ഇത് സൂചിപ്പിക്കുന്നത് തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് കാര്യമായ പങ്കാളിത്തം ഇല്ല എന്നുള്ളതാണ്. രൂക്ഷമായ തൊഴിലില്ലായ്മ ഈ വിഭാഗത്തിൽ ഉണ്ട്. ഉന്നത വിദ്യാഭ്യാസം നേടിയ സ്ത്രീകൾ ഇന്നുണ്ടെങ്കിലും അവർക്ക് ഉപജീവനത്തിനാവശ്യമായ തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. നേരത്തെ നെൽകൃഷിയുമായി ബന്ധപ്പെട്ട തൊഴിലുകളിൽ സ്ത്രീകൾ ഏർപ്പെട്ടിരുന്നു. നെൽകൃഷി കുറഞ്ഞുവരികയും നെൽവയലുകൾ നികത്തപ്പെട്ടതോടെ ആ രംഗത്ത് തൊഴിൽ നഷ്ടപ്പെടുകയായിരുന്നു.

ആരോഗ്യപരിപാലനത്തിൽ വളരെയേറെ ശ്രദ്ധിക്കാൻ കഴിയുക സ്ത്രീകൾക്കാണ്. ആരോഗ്യ പ്രവർത്തനങ്ങൾ ആദ്യകാലങ്ങളിൽ കുറവായിരുന്നല്ലോ. വിദ്യാഭ്യാസമില്ലായ്മയും മറ്റും ആരോഗ്യ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിന് തടസ്സമായിരുന്നിട്ടുണ്ട്. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന്, കക്കൂസ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിലൊക്കെ വേണ്ടത്ര ഗൗരവത്തോടെയുള്ള പ്രവർത്തനങ്ങൾ ഇല്ലായിരുന്നു. ഇന്ന് ഈ അവസ്ഥയ്ക്ക് കുറെയേറെ മാറ്റം വന്നിട്ടുണ്ട്. അസുഖം വരുമ്പോൾ മന്ത്രവാദികളേയും ജ്യോത്സ്യരെയും സമീപിക്കുന്ന അവസ്ഥ നേരത്തെ ഉണ്ടായിരുന്നെങ്കിലും, ഇന്ന് ഈ അവസ്ഥയ്ക്ക് ചെറിയ മാറ്റം വന്നിട്ടുണ്ട്.

കുടുംബങ്ങളുടെ പ്രധാനകണ്ണി സ്ത്രീകൾ ആണെങ്കിലും സ്ത്രീകളുടെ നിയന്ത്രണത്തിലുള്ള കുടുംബങ്ങൾ ഏറെയുണ്ടെന്ന് പറയാൻ കഴിയില്ല. തൊഴിൽ മേഖലകളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവുള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. സ്ത്രീകളുടെത് എന്ന് പറയാവുന്ന വ്യവസായ സ്ഥാപനങ്ങൾ ഇവിടെയില്ല. ചുരുക്കം ചില സ്ഥാപനങ്ങളിൽ സ്ത്രീകൾ ജോലി ചെയ്ത് വരുന്നുണ്ട്. സ്ത്രീകൾ മാത്രം നടത്തുന്ന സ്ഥാപനങ്ങൾ 6 എണ്ണമെ നമ്മുടെ പഞ്ചായത്തിലുള്ളൂ. മൂടാടിയിലെ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ കേന്ദ്രം, പാറക്കാട്, ബേക്കറി, കടലൂർ കയർ യൂനിറ്റ്, മുചുകുന്നിലെ ക്ഷീരോത്പന്ന യൂണിറ്റ്, ഖാദി കൈത്തറി, പ്രിയദർശനി പായ നെയ്ത്ത് കേന്ദ്രം ഇവയാണ് സ്ത്രീകൾ നടത്തുന്ന ചെറുകിട സ്ഥാപനങ്ങൾ. കാർഷിക മേഖലയിൽ സ്ത്രീകൾക്ക് നേരത്തെ തൊഴിൽ ലഭിച്ചിരുന്നു. കാർഷിക രംഗത്ത് മുതൽ മുടക്ക് കുറഞ്ഞതും നെൽകൃഷി ആദായകരമല്ലാത്തതിനാലും ആ രംഗത്ത് തൊഴിൽ ചെയ്ത് വരുന്ന സ്ത്രീകൾക്ക് തൊഴിൽ നഷ്ടപ്പെടുകയാണ് ഉണ്ടായത്. നാമമാത്രമായ തോതിലാണ് ഈ രംഗത്ത് തൊഴിൽ ലഭിക്കുന്നത്. ഓട്, ഇഷ്ടിക നിർമ്മാണ കേന്ദ്രങ്ങൾ, ഖാദി കൈത്തറി സംഘങ്ങൾ, നെയ്ത്ത്, ചുമട്, കെട്ടിട നിർമ്മാണം എന്നീ മേഖലകളിലാണ് ഇന്ന് തെല്ലെങ്കിലും ജോലി ലഭിച്ച് വരുന്നത്. പട്ടിക ജാതി വിഭാഗത്തിൽ പെട്ടവർ പരമ്പരാഗതമായി ചെയ്ത് വരുന്ന പായ നെയ്ത്ത്, കുട്ട നിർമ്മാണം എന്നീ മേഖലകളിലും തൊഴിൽ സാധ്യതകൾ കുറഞ്ഞ് വരികയാണ്.

നേരത്തെ സൂചിപ്പിച്ചത് പോലെ രൂക്ഷമായ തൊഴിലില്ലായ്മ ഈ രംഗത്തുണ്ട്. അഭ്യസ്തവിദ്യരായ നിരവധി സ്ത്രീകൾ ഇന്ന് ഇവിടെയുണ്ട്. യാതൊരു തൊഴിലും ചെയ്യാനില്ലാതെ അടുക്കള ജോലികളിൽ മാത്രം ശ്രദ്ധിച്ചിരിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഇവർക്ക് ജോലി കൊടുക്കാവുന്ന സ്ഥാപനങ്ങൾ ഉണ്ടാക്കാനുള്ള സാധ്യതകൾ ഉണ്ട്. ഗ്രൂപ്പടിസ്ഥാനത്തിലും സഹകരണ അടിസ്ഥാനത്തിലും ഉള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ കഴിയും. കുടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകളെ കുറിച്ച് ആലോചിക്കണം.

പൊതു പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകളുടെ എണ്ണം വളരെ പരിമിതമാണ്. പൊതു പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് പൊതുവെ വിമുഖതയാണ് ഇത് കാണിക്കുന്നത്. ശക്തമായ സാമൂഹ്യ ബോധം ഉളവാക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. നമ്മുടെ പഞ്ചാ

യത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തന രംഗത്തും യുവജന സംഘടനകളിലും വിരലിലെ ണ്ണാവുന്ന വനിതകളെ ഉള്ളു.

നമ്മുടെ പഞ്ചായത്തിലെ അംഗൻവാടികളിൽ സ്ത്രീകൾ ജോലി ചെയ്യുന്നുണ്ടെങ്കിലും അവരുടെ വരുമാനം വളരെ തുച്ഛമാണ് അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. അംഗൻവാടികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പഞ്ചായത്തിലെ ജനങ്ങളുടെ വികസനബോധത്തെ തട്ടിയുണർത്താൻ കഴിയണം.

വീട്ടിലെ പുരുഷൻമാരുടെ മദ്യപാനം, വിവാഹത്തിലെ ധൂർത്ത്, സ്ത്രീധന സമ്പ്രദായങ്ങൾ എന്നിവ സ്ത്രീകളുടെ ജീവിതത്തെ ബാധിക്കുന്നവയാണ്. കുട്ടികളുടെ വിദ്യാഭ്യാസത്തെ മുതിർന്നവരുടെ മദ്യപാനം വല്ലാതെ ബാധിക്കുന്നുണ്ട്. ഇതിനെതിരായ ബോധവൽക്കരണം ആവശ്യമാണ്. സ്ത്രീധന നിരോധന നിയമം പ്രാബല്ല്യത്തിൽ ഉണ്ടെങ്കിലും ചില മതവിഭാഗങ്ങളിൽ ഇപ്പോഴും സ്ത്രീധന സമ്പ്രദായം ഉണ്ട്. ഇതിനെതിരായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്.

## പ്രശ്നങ്ങൾ സാധ്യതകൾ

1. സ്ത്രീകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം- ബാഗ് നിർമാണം, കസേര മടയൽ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, എന്നീ മേഖലകളിൽ സാധ്യതയുണ്ട്.

2. അടുക്കളത്തോട്ടങ്ങളിൽ പച്ചക്കറി കൃഷി നടത്താൻ സ്ത്രീകൾ മുൻകൈ എടുക്കണം.

3. സഹകരണ രംഗത്ത് സോപ്പ്, സോപ്പ് പൊടി, അച്ചാർ, കയർ പിരി എന്നിവ കൊണ്ടുവരാൻ കഴിയും.

4 സ്ത്രീ പീഢനകേസുകളിൽ പഞ്ചായത്ത് തലത്തിൽ തന്നെ പരിഹാരം കാണണം.

5 പൊതു ജനപ്രവർത്തനങ്ങളിൽ സ്ത്രീകളെ രംഗത്തിറക്കുന്നതിന് രാഷ്ട്രീയപാർട്ടികൾ, യുവജനസംഘടനകൾ, വായനശാലകൾ കലാസമിതികൾ എന്നിവ മുൻകൈ എടുക്കണം.

6 സ്ത്രീധന സമ്പ്രദായം അവസാനിപ്പിക്കുന്നതിനും വിവാഹധൂർത്ത് ഇല്ലാതാക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തണം.

7 മഹിളാ സമാജങ്ങൾ സജീവമാക്കണം. ഇത് വഴി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം.

8 അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. ഇവിടെ ജോലിചെയ്യുന്നവർക്ക് മെച്ചപ്പെട്ട വേതനം നല്കുന്നതിന് കഴിയണം. വർക്കർമാരെയും ഹെൽപ്പർമാരെയും അതാത് പ്രദേശങ്ങളിൽ നിന്ന് നിയമിക്കണം.

9 ടി.വി പരസ്യങ്ങളിൽ ആഭാസകരമായ രീതിയിൽ സ്ത്രീകളെ ഉപയോഗിക്കുന്നത് നിരോധിക്കണം.


10. അശ്ലീല പോസ്റ്ററുകളും, അശ്ലീല സിനിമകളും നിരോധിക്കുന്നതിനുള്ള നിയമ നടപടികൾ കർശ്ശനമായി നടപ്പിലാക്കണം.

11. മദ്യം ഘട്ടംഘട്ടമായി നിരോധിക്കണം. മദ്യവർജ്ജനത്തിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം.

12. മദ്യം നിരോധിക്കുന്നതിനും, ബോധവൽക്കരണത്തിനും സഹായകമായ നിലപാട് പഞ്ചായത്ത് സ്വീകരിക്കണം.

13. ഖാദി മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് വേതനം മെച്ചപ്പെടുത്തണം.

14. തുല്യ ജോലിക്ക് തുല്യ വേതനം നടപ്പിലാക്കണം.



# സഹകരണരംഗം

സഹകരണപ്രസ്ഥാനത്തിന് വേരോട്ടമുണ്ടാക്കാൻ കഴിഞ്ഞ ഒരു പഞ്ചായത്താണ് നമ്മുടേതെന്ന് പറയാൻ കഴിയില്ല. ഈ നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ തന്നെ സഹകരണാടിസ്ഥാനത്തിൽ സർവ്വീസ് സൊസൈറ്റി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. 1922-ൽ രൂപീകരിച്ച വീമംഗലം വിവിധോദ്ദേശ ഐക്യനാണയ സംഘമാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സഹകരണസംഘം. ഇതേ കാലയളവിൽതന്നെ മൂടാടിയിൽ ഇത്തരത്തിലുള്ള മറ്റൊരു സംഘവും പ്രവർത്തിച്ചിരുന്നു,. ഈ രണ്ട് സഹകരണസംഘങ്ങളും കൂടിച്ചേർന്ന് 1975 ൽ മൂടാടി പഞ്ചായത്ത് സർവ്വീസ് സൊസൈറ്റിയായി മാറി. ഈ സർവ്വീസ് സൊസൈറ്റിയാണ് 1980-ൽ ഇന്ന് അറിയപ്പെടുന്ന മൂടാടി സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്കായി മാറിയത്. 1922-ൽ രൂപീകരിച്ച വിമംഗലം വിവിധോദ്ദേശ ഐക്യനാണയ സംഘം കൃഷിക്കാർക്ക് ചുരുങ്ങിയ നിരക്കിൽ വായ്പ നൽകുന്നതിനും രാസവളം വിതരണം ചെയ്യുന്നതിനും വേണ്ടിയാണ് രൂപീകരിച്ചിരുന്നത്. ദേശീയപ്രസ്ഥാനത്തിന്റെയും സ്വാതന്ത്ര്യാനന്തരകാലത്തുള്ള ബഹുജന പ്രസ്ഥാനങ്ങളുടെയും ഇടപെടലുകൾ കൊണ്ടാണ് സഹകരണസ്ഥാപനങ്ങൾ ഉയർന്നു വന്നതെന്ന് പറയാൻ കഴിയില്ല.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ മൂടാടി സർവ്വീസ് സഹകരണ ബാങ്കിനെ കൂടാതെ നിരവധി സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 16-ഓളം സഹകരണസംഘങ്ങൾ നിരവധി മേഖലകളിൽ പ്രവർത്തനം നടത്തുന്നുണ്ട്. ഇവയിൽ ക്രെഡിറ്റ് സൊസൈറ്റി എന്നുപറയാവുന്നത് മേൽസൂചിപ്പിച്ച മൂടാടി സർവീസ് സഹകരണബാങ്ക് മാത്രമാണ്. മറ്റുള്ളവയെല്ലാം നോൺക്രെഡിറ്റ് സൊസൈറ്റികളാണ്. മാർക്കറ്റിംഗ് സഹകരണസംഘമോ, ഉപഭോക്തൃസഹകരണസംഘമോ, ക്ഷീരോൽപാദന സഹകരണസംഘമോ ഇവിടെ പ്രവർത്തിക്കുന്നില്ല. സഹകരണസ്ഥാപനങ്ങളുടെ വിശദവിവരം പട്ടികയിൽ കൊടുത്തിട്ടുണ്ട്.

ഈ സഹകരണസംഘങ്ങൾ മിക്കവയും മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നവയല്ല. ലാഭകരമായി പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ നാമമാത്രമാണ്. സഹകരണമേഖലയുടെ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇന്ന് നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നത് മൂടാടി സർവ്വീസ് സഹകരണബാങ്കാണ്.

5692 പേർ സഹകരണബാങ്കിൽ അംഗങ്ങളായുണ്ട്. വിവിധ ഇനങ്ങളിലായി 11,01,376 രൂപ വായ്പയായി നൽകിയിട്ടുണ്ട്. ജീവനക്കാരുടെ കാര്യക്ഷമതയും, ജനങ്ങളുടെ സഹകരണവും നല്ല നിലയിൽ ലഭിക്കുന്നുണ്ട്. കഴിഞ്ഞ വർഷം മാത്രം ഈ ബാങ്കിൽ അംഗമായിരുന്ന 2649 പേർക്ക് 1,05,76,602 രൂപ വായ്പയായി കൊടുത്തിട്ടുണ്ട്. ദുർബല വിഭാഗങ്ങൾക്ക് കറവപ്പശുവിനെ വാങ്ങുന്നതിനും, സ്വയംതൊഴിൽ കണ്ടെത്തുന്നതിനും, പെട്ടിക്കട തുടങ്ങുന്നതിനുമായി 3,18,726 രൂപ ഐ.ആർ.ഡി.പി വായ്പ നൽകിവരുന്നുണ്ട്. കിണർ കുഴിക്കുന്നതിനും, പമ്പ് സെറ്റ് വാങ്ങുന്നതിനും സഹായം നൽകിവരുന്നു. രാസവളവിതരണവും ഓണക്കാലത്ത് ഓണച്ചന്തകളും നടത്തിവരുന്നുണ്ട്. കശുവണ്ടി കുത്തകസംഭരണവും നടത്തിവന്നിരുന്നു.

നിരവധി പ്രശ്നങ്ങൾ ഇവിടുത്തെ സഹകരണ സംഘങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്.

1) കാർഷികമേഖലയിൽ കൃഷിക്കാർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കാൻ കഴിയുന്നില്ല.

2) അപ്പക്സ് ബാങ്കുകളുടെ പലിശനിരക്ക് വളരെ കൂടുതലാണ്.

3) വായ്പ സൗകര്യങ്ങൾ ലളിതമല്ലാത്തതിനാൽ വായ്പ നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നു.

4) ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

5) അപ്പക്സ് ബാങ്കുകൾ നോൺ ക്രെഡിറ്റ് സൊസൈറ്റികളുടെ വികസനത്തിനും പുരോഗതിക്കും സഹായകരമായ നിലപാട് സ്വീകരിക്കുന്നില്ല.

6) മത്സ്യതൊഴിലാളി സഹകരണസംഘങ്ങൾ കാര്യക്ഷമമല്ല.

7) രാഷ്ട്രീയാതിപ്രസരം സഹകരണ സംഘങ്ങളുടെ വളർച്ചയ്ക്ക് സഹായകരമാകുന്നില്ല.

8) ജനങ്ങളുടെ മൊത്തത്തിലുള്ള കൂട്ടായ്മ ഇല്ലാത്തത്.

9) രാഷ്ട്രീയത്തിനതീതമായ സഹകരണ ബോധം ഇല്ലായ്മ.

## നിർദ്ദേശങ്ങൾ

1. ഇന്നത്തെ വായ്പാനടപടിക്രമങ്ങൾ ലഘൂകരിക്കണം.

2. നമ്മുടെ പഞ്ചായത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും നിർമിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സഹകരണസ്ഥാപനം പഞ്ചായത്ത് തലത്തിൽ രൂപവൽക്കരിക്കണം.

3. പ്രവർത്തനരഹിതമായ സഹകരണസ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

4. ക്ഷീരോല്പാദക സഹകരണസംഘങ്ങൾ രൂപീകരിക്കണം.

5. നെൽകൃഷി, തെങ്ങ്കൃഷി രംഗത്ത് കൂട്ടുകൃഷി സാരംഭങ്ങൾ ആരാഭിക്കണം.

6. വനിതകളുടേതായ സഹകരണസംഘങ്ങൾ രൂപീകരിക്കണം. (ബേക്കറി, സോപ്പു നിർമ്മാണം, അച്ചാർ നിർമ്മാണം തുടങ്ങിയവ)

7. നാളീകേരം ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ സഹകരണസംഘങ്ങൾ രൂപീകരിക്കണം.

8. പുൽത്തൈലം ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ സഹകരണസംഘം രൂപീകരിക്കണം.

9. കൺസ്യൂമർ സൊസൈറ്റികൾ രൂപീകരിക്കണം.

10. മാർക്കറ്റിംഗ് സൊസൈറ്റികൾ രൂപീകരിക്കണം.

11. കളിമണ്ണ് ഉപയോഗിച്ചുള്ള വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സഹകരണസ്ഥാപനങ്ങൾക്ക് സാധ്യതയുണ്ട്.

12. സഹകരണ മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ കഴിയും.

13. ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ സാധ്യതകൾ ആരായണം.

14. റെഡിമെയ്ഡ് വസ്ത്രനിർമ്മാണ രംഗത്ത് സഹകരണസംഘങ്ങൾക്ക് സാധ്യതകൾ ഉണ്ട്.

15. പരമ്പരാഗത തൊഴിലുകൾ (പായ നെയ്ത്ത് തുടങ്ങിയവ) ചെയ്യുന്നവർക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തുനതരത്തിൽ അവ വികസിപ്പിക്കണം.

16 കശുമാങ്ങ ഉപയോഗിച്ചുള്ള പാനീയങ്ങൾ

## സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| KDC ബാങ്ക് | IRDPഗോൾഡ് ലോൺ കാർഷിക -കാർഷികേതര വായ്പകൾ | 31,31,502 |
| സ്റ്റേറ്റ് ഗവൺമെന്റ് | ബിൽഡിങ്ങ് വായ്പകൾ | 57500 |
| നിക്ഷേപങ്ങൾ | വ്യക്തികളിൽ നിന്ന് | 1,03,81,212 |

## നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ടും കിട്ടാനുള്ളവ

| ക്രമനമ്പർ | വായ്പാസ്വഭാവം | ആകെ വായ്പതുക | ആകെ വായ്പ തുകയിൽ അവധിബാക്കി |
|---|---|---|---|
| 1 | കാർഷിക വായ്പ | 259160 | 99893 |
| 2 | ഐ.ആർ.ഡി.പി വായ്പ | 709791 | 167898 |
| 3 | കാർഷികേതര വായ്പ | 4706135 | 1234173 |
| 4 | പണ്ടം പണയം വായ്പ | 4421358 | 476608 |
| 5 | ഭവന നിർമ്മാണ വായ്പ | 4935 | 1054 |
| | **ആകെ** | **10101376** | **1979626** |

നിർമ്മിക്കുന്ന സഹകരണസംഘങ്ങൾ രൂപീകരിക്കണം.

### നിലവിലുള്ള സഹകരണസംഘങ്ങൾ

1. മൂടാടി സർവ്വീസ് സഹകരണബാങ്ക്
2. കെൽട്രോൺ എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി
3. കാർപ്പന്ററി വർക്കേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി - പാലക്കുളം
4. വില്ലേജ്- ഖാദി വുഡ് ഇൻഡസ്ട്രീസ് - വീരവഞ്ചേരി
5. മുചുകുന്ന് നോർത്ത് കയർ സഹകരണ സംഘം
6. മുചുകുന്ന് കയർ സഹകരണസംഘം
7. മത്സ്യതൊഴിലാളി വികസനക്ഷേമസഹകരണസംഘം
8. മത്സ്യതൊഴിലാളി ക്ഷേമ സഹകരണസംഘം - കടലൂർ
9. പ്രിയദർശിനി പായ നെയ്ത്ത് സഹകരണ സംഘം - മുചുകുന്ന്
10. പട്ടികജാതി സഹകരണസംഘം - ഹിൽബസാർ
11. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം സഹകരണസംഘം - മൂടാടി

1. സ്കൂൾ കോ ഓപ്പറേറ്റീവ് സൊസൈറ്റി - സി.കെ.ജി ഹൈസ്കൂൾ
2. വീരവഞ്ചേരി ഏരിയ സ്കൂൾ കോ ഓപ്പറേറ്റീവ് സൊസൈറ്റി
3. വന്മുകം ഗവ: യു.പി.എസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി
4. വീമംഗലം എ.യു.പി.എസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

നമ്മുടെ പഞ്ചായത്തിൽ പതിനൊന്നു വാർഡുകളിലായി 1130 പുരുഷന്മാരും 1079 സ്ത്രീകളും ഉൾപ്പെടെ മൊത്തം പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവരായി 2209 അംഗങ്ങളുണ്ട്. ഇത് മൊത്തം ജനസംഖ്യയുടെ 8 ശതമാനത്തോളം വരും.

സാമൂഹ്യമായ അടിച്ചമർത്തലിൽനിന്നും പൂർണ്ണമായും മോചനം നേടിയവരാണിവർ എന്ന് അവകാശപ്പെടാൻ കഴിയില്ല. കേരളഗാന്ധി കേളപ്പജി തന്റെ രാഷ്ട്രീയപ്രവർത്തന കാലയളവിൽ ബഹുജനപ്രസ്ഥാനത്തിലും സർവോദയ പ്രസ്ഥാത്തിലും വഹിച്ച നേതൃത്വപരമായ പങ്കും ഭൂപരിഷ്കരണനിയമം മൂലം ലഭിച്ച കുടികിടപ്പ് അവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഈ വിഭാഗത്തിൽ പെട്ട ബഹുഭൂരിപക്ഷത്തിനും ഒരുപരിധി വരെ സാമൂഹ്യപുരോഗതി കൈവരിക്കാൻ സഹായകരമായിട്ടുണ്ട്. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാൻ നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചു എങ്കിലും അവയൊന്നും ലക്ഷ്യപ്രാപ്തിയിൽ എത്തിയില്ല. പദ്ധതിയുടെ ഗുണഭോക്താക്കളായിത്തീരേണ്ട ഈ വിഭാഗക്കാർക്ക് പദ്ധതിസംബന്ധമായ അവബോധമില്ലായ്മയാണ് പ്രധാനകാരണം.

ലക്ഷംവീട്, നാല്സെന്റ് കോളനി എന്നിവയുൾപ്പെടെ 12 കോളനികളിലായി ഏകദേശം 279 കുടുംബങ്ങൾ താമസിക്കുന്നു.

| വാർഡ് നമ്പർ | ജനസംഖ്യ | | | | | | |
|---|---|---|---|---|---|---|---|
| | മൊത്തം ജനസംഖ്യ | | | പട്ടിതജാതി/പട്ടികവർഗം | | | |
| | പു | സ്ത്രീ | ആകെ | പു | സ്ത്രീ | ആകെ | % |
| 1 | 1831 | 2009 | 3840 | 99 | 113 | 212 | |
| 2 | 1620 | 1752 | 3372 | 57 | 44 | 101 | |
| 3 | 976 | 1017 | 1993 | 74 | 73 | 147 | |
| 4 | 815 | 950 | 1765 | 23 | 24 | 47 | |
| 5 | 1312 | 1329 | 2641 | 236 | 227 | 563 | |
| 6 | 869 | 902 | 1771 | 126 | 109 | 235 | |
| 7 | 1693 | 1512 | 3205 | 112 | 102 | 214 | |
| 8 | 1229 | 1315 | 2544 | 144 | 136 | 280 | |
| 9 | 850 | 952 | 1802 | 33 | 31 | 64 | |
| 10 | 1318 | 1392 | 2710 | 103 | 96 | 199 | |
| 11 | 997 | 1013 | 2010 | 123 | 124 | 247 | |
| **ആകെ** | **13510** | **14143** | **27653** | **1130** | **1077** | **2209** | **8%** |

*അവലംബം . ലെ സൻസസ് റിപ്പോർട്ട്*

## പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ

| ക്രമനമ്പർ | കോളനികളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം | ജനസംഖ്യ |
|---|---|---|---|
| 1 | ദാനഗ്രാംഹരിജൻ കോളനി | 41 | 204 |
| 2 | ഗോപാലപുരംഹരിജൻ കോളനി | 15 | 170 |
| 3 | മോയിലൂർകുന്ന് മിച്ചഭൂമി ഹരിജൻകോളനി | 15 | 45 |
| 4 | മുചുകുന്ന് ഹരിജൻകോളനി(വാർഡ്-5) | 17 | 81 |
| 5 | മുചുകുന്ന് ഹരിജൻകോളനി(വാർഡ്-6) | 11 | 52 |
| 6 | നെരവത്ത് ഹരിജൻകോളനി | 53 | 132 |
| 7 | ചെറുവാനത്ത് മീത്തൽ കോളനി | 43 | 80 |
| 8 | പാലക്കുളം കോളനി | 17 | 55 |
| 9 | കിള്ളവയൽ കോളനി | 18 | 91 |
| 10 | വീമംഗലം കോളനി | 10 | 50 |
| 11 | പൊവതിവയൽ നിലംകോളനി | 24 | 146 |
| 12 | കുറൂളിനിലം കോളനി | 15 | 95 |
| | ആകെ | 279 | 1201 |

*അവലംബം ജില്ലാപ്ലാനിങ് ഓഫീസ് കോഴിക്കോട് മാർച്ച് 1993*

ഈ വിഭാഗത്തിൽ വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണം കൂടിവരുന്നുണ്ട്.

മുതിർന്നവരിൽ അക്ഷരാഭ്യാസം കുറഞ്ഞവരുണ്ട്. കുട്ടികൾ സ്ഥിരമായി സ്കൂളിൽ പോകുന്നുണ്ട്. S.S.L.C പരീക്ഷയിൽ തോൽക്കുന്ന കുട്ടികളിൽ അധികവും തുടർന്നുപഠിക്കുന്നില്ല. സാമ്പത്തിക ബാധ്യതയാണ് ഇതിനു കാരണമായി പറയുന്നത്.

കുടിലിൽ താമസിക്കുന്നവരും തീരെ വീടില്ലാത്തവരും ഉണ്ട്.

കോളനികളിൽ താമസിക്കുന്നവർക്ക് ശുദ്ധജല വിതരണസൗകര്യം ലഭിക്കുന്നില്ല. കക്കൂസ് സൗകര്യങ്ങൾ എല്ലാ കുടുംബങ്ങൾക്കും ലഭിച്ചിട്ടില്ല.

വൈദ്യുതീകരിക്കാത്ത വീടുകൾ നിരവധിയാണ്. കോളനികൾക്ക് പുറത്ത് താമസിക്കുന്നവർക്കും അടിസ്ഥാന സൗകര്യങ്ങൾ വളരെ പരിമിതമാണ്.

കൂടുതൽപേരും പായമടയൽ, കുട്ടനിർമാണം എന്നീ പരമ്പരാഗത തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്നു. ന്യൂനപക്ഷം മാത്രമേ കാർഷിക മേഖലയിൽ ജോലി ചെയ്യുന്നുള്ളൂ. ചുരുക്കം ചിലർ സർക്കാർ മേഖലയിലും ജോലി ചെയ്യുന്നുണ്ട്.

### പ്രശ്നങ്ങൾ

പരമ്പരാഗത തൊഴിൽ ചെയ്യുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം.

വിപണിയിലെ വിലക്കുറവ്.

ആരോഗ്യരക്ഷാപ്രവർത്തനങ്ങളിലുള്ള ശുഷ്കാന്തിയില്ലായ്മ.

അടിസ്ഥാനസൗകര്യങ്ങളുടെ കുറവ്.

## നിർദേശങ്ങൾ

1) വീടും കക്കൂസും ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും അവ നിർമിച്ചുകൊടുക്കുന്നതിന് സഹായധനം നൽകുകയും ഇപ്പോൾ നൽകിവരുന്ന സഹായധനം വർധിപ്പിക്കുകയും വേണം.

2) കോളനികൾ ശുദ്ധജല വിതരണസൗകര്യം ലഭ്യമാക്കണം.

3) വീടുകൾ വൈദ്യുതീകരിക്കുന്നതിന് സഹായധനം നൽകണം.

4) പരമ്പരാഗത തൊഴിൽമേഖലയിൽ അസംസ്കൃതവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തണം.

5) സ്വയം തൊഴിൽസംരംഭകർക്ക് സാമ്പത്തിക സഹായം വർധിപ്പിക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യണം.

6) പരമ്പരാഗത തൊഴിൽമേഖലയിൽ സഹകരണാടിസ്ഥാനത്തിൽ സംവിധാനങ്ങൾ ഉണ്ടാക്കണം.

7) പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം വർധിപ്പിക്കണം.

8) കോളനികളിൽ വായനശാല, ടി.വി ഇവ സ്ഥാപിക്കണം.

9) വലിയമല കോളനിയിൽ പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനം വേണം.

10) മെച്ചപ്പെട്ട ആരോഗ്യസ്ഥിതി കൈവരിക്കാൻ ബോധവൽക്കരണവും മുഴുവൻ സമയവും പ്രവർത്തിക്കുന്ന ആരോഗ്യരക്ഷാസംവിധാനങ്ങളും ഉണ്ടാവണം.

11) റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണവും വിപണനവും മറ്റു ചെറുകിട വ്യവസായ യൂണിറ്റുകളും ആരംഭിച്ച് സ്വയം തൊഴിൽ സാധ്യതകൾ വർധിപ്പിക്കണം.


12) തയ്യൽ പരിശീലനകേന്ദ്രവും പരിശീലനം നേടിയവർക്ക് സൗജന്യമായി തയ്യൽമെഷീൻ നൽകുകയും വേണം.

13) എസ്.എസ്.എൽ.സി തോറ്റവർക്ക് പാരലൽ വിദ്യാഭ്യാസത്തിന് നൽകുന്ന ധനസഹായം വർധിപ്പിക്കുകയും ഇരുപത്തഞ്ച് ശതമാനം മാർക്ക് വേണമെന്ന നിബന്ധന എടുത്തുകളയുകയും വേണം.

14) എസ്.എസ്.എൽ.സി യ്ക്ക് കൂടുതൽ മാർക്ക് നേടി വിജയിക്കുന്ന പഞ്ചായത്തിലെ എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമായി കേഷ് അവാർഡ് ഏർപ്പെടുത്തണം.

15) ഐ.എച്ച്.ഡി.പി കോളനികളായി പ്രഖ്യാപിക്കുന്നതിന് ഇന്നുള്ള നിബന്ധനകൾ ലഘൂകരിക്കണം.

16) വിവിധ ഏജൻസികൾ നൽകുന്ന എല്ലാ പദ്ധതിസഹായങ്ങളും കർശനമായി മോണിറ്ററിംങ്ങ് നടത്തണം.



# വിഭവസമാഹരണം

(വരുമാനസ്രോതസ്സുകൾ പരിമിതമായ ഈ പഞ്ചായത്തിന്റെ പ്രധാനവരുമാന മാർഗ്ഗങ്ങൾ സർക്കാർ ഗ്രാന്റുകളും, തൊഴിൽ നികുതിയും കെട്ടിടനികുതിയും ലൈസൻസ് ഫീ ഇനത്തിലും കിട്ടുന്ന വരുമാനങ്ങളാണ്. ഇത്തരത്തിൽ ലഭിക്കുന്ന വരുമാനം തന്നെ റോഡുകളുടെയും പ്രത്യുല്പാദനപരമല്ലാത്ത മറ്റു ആസ്തികളുടെ സൃഷ്ടിക്കാണ് ഇക്കാലമത്രയും ഉപയോഗിച്ചിരുന്നത്.

അതുകൊണ്ടുതന്നെ ഉല്പാദനമേഖലയിലെ വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമായ ധനം കണ്ടെത്താൻ പഞ്ചായത്ത് ഏറെ വിഷമിക്കുന്നു. 3 ഗ്രാമീണ ബാങ്കുകളും ഒരു സർവ്വീസ് സഹകരണബാങ്കുമാണ് മുഖ്യധനകാര്യസ്ഥാപനങ്ങൾ. എന്നാൽ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റാൻ ഈ സ്ഥാപനങ്ങളെക്കൊണ്ട് കഴിയുന്നില്ല. അതിനാൽ അമിതപലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാടുകാരെയും ഹുണ്ടികക്കാരെയും ആശ്രയിക്കേണ്ട ഗതികേടിലാണ് ഭൂരിഭാഗം സാധാരണക്കാരും. ഈ പ്രവണത ജനതയുടെ സാമൂഹ്യ സാംസ്കാരിക രംഗത്ത് അപചയം സൃഷ്ടിച്ചിട്ടുണ്ട്.

ജനസംഖ്യയുടെ 20 %-ഓളം ആളുകൾ വിദേശത്ത് ജോലിചെയ്ത് സ്വരൂപിക്കുന്ന വരുമാനം അഭിലഷണീയമായ മേഖലകളിലല്ല ഉപയോഗപ്പെടുത്തുന്നത്.

ഗ്രാമസഭയിൽനിന്ന് വിഭവ സമാഹരണവുമായി ബന്ധപ്പെട്ടുവരുന്ന പ്രധാന പ്രശ്നങ്ങൾ.

1. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ജനങ്ങളിൽനിന്നും സാധനസാമഗ്രികളായോ, മനുഷ്യപ്രയത്ന രൂപത്തിലോ ആയ സഹകരണം നേടാൻ കഴിയുന്നില്ല.

2. ധനകാര്യ സ്ഥാപനങ്ങൾക്ക് ബഹുജനങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടത്ര കഴിയുന്നില്ല.

3. പഞ്ചായത്തുകളുടെ വരുമാനസ്രോതസ്സുകളുടെ സാധ്യത മുഴുവൻ ആരാഞ്ഞിട്ടില്ല.

4. പഞ്ചായത്തിന്റെ വികസനമേഖലകളിൽ ഗൾഫ് മേഖലയിൽനിന്നുള്ള വരുമാനം ഫലപ്രദമായി സ്വരൂപിക്കാനോ, വിനിയോഗിക്കാനോ കഴിയുന്നില്ല.

## സാധ്യതകൾ

1. സാമൂഹ്യ ആസ്തികളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ മനുഷ്യാധ്വാനവും മറ്റു വിഭവങ്ങളും പരമാവധി പ്രയോജനപ്പെടുത്താനുള്ള ശ്രമം നടത്തണം.

2. മുഴുവൻ കുടുംബങ്ങളെയും ദേശീയ സമ്പാദ്യപദ്ധതിയിൻ കീഴിൽ കൊണ്ടുവരുന്നപക്ഷം, അതിൽനിന്നു ലഭ്യമാകുന്ന വിഭവത്തിന്റെ നല്ലൊരു പങ്ക് പഞ്ചായത്തിന് ലഭിക്കുന്നു.

3. അത്യാർഭാടമായി നിർമിക്കുന്ന കെട്ടിടങ്ങളിൽ നിന്നുള്ള വരുമാനം വർധിപ്പിക്കേണ്ടതല്ലേയെന്ന് പരിശോധിക്കേണ്ടതാണ്.


4. പഞ്ചായത്തിന്റെ നേതൃത്വത്തിൽ വികസനസമിതിപോലുള്ള സംവിധാനമോ, ട്രസ്ററുകളോ രൂപീകരിച്ച് വിദേശത്തു ജോലിചെയ്യുന്നവരുടെ വരുമാനവും അതുപോലെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായവും സ്വരൂപിച്ച് വികസന പ്രവർത്തനങ്ങൾ നടത്താനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

ഏറെക്കാലമായി നാം ആഗ്രഹിച്ചിരുന്ന അധികാര വികേന്ദ്രീകരണം എന്ന സ്വപ്നം യാഥാർത്ഥ്യമാകാൻ പോകുന്ന ഈ അവസരത്തിൽ മൂടാടി പഞ്ചായത്തിലെ നല്ലവരായ ജനങ്ങളുടെ ആഗ്രഹങ്ങൾക്കും പ്രതീക്ഷക്കുമൊത്തുയരാൻ പഞ്ചായത്ത് ഭരണ സമിതിക്ക് കഴിയുമെന്ന ആത്മവിശ്വാസത്തോടെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വിജയകരമായ പ്രവർത്തനത്തിൽ ഞങ്ങളെ സഹായിച്ച എല്ലാ മാന്യ വ്യക്തികളേയും നന്ദിപൂർവ്വം സ്മരിക്കട്ടെ.

പഞ്ചായത്ത് ബോർഡ് അംഗീകാരം നൽകിയ ഈ വികസന രേഖ തയ്യാറാക്കുന്നതിന് അഹോരാത്രം പ്രവർത്തിച്ച എഡിറ്റോറിയൽ ബോർഡംഗങ്ങൾ, ജില്ലാ തല പരിശീലകർ, പഞ്ചായത്ത് തല പരിശീലകർ, വികസന റിപ്പോർട്ടിലേക്കാവശ്യമായ വിലയേറിയ വിവരങ്ങൾ നൽകിയ സർവ്വശ്രീ തിക്കോടിയൻ, മുചുകുന്നിലെ കണ്ണൻ മാസ്റ്റർ, ദാമോദരൻ മാസ്റ്റർ, ഇമ്പിച്ചുട്ടി മാസ്റ്റർ, കണ്ടോത്ത് ഗോവിന്ദൻ മാസ്റ്റർ, യു.കുഞ്ഞിരാമൻ മാസ്റ്റർ, പി.രാമൻ മാസ്റ്റർ എന്നിവരോട് ഞങ്ങൾക്കുള്ള കൃതജ്ഞത പ്രത്യേകം ഇവിടെ രേഖപ്പെടുത്തുന്നു. കൂടാതെ ഈ റിപ്പോർട്ട് എഡിറ്റു ചെയ്യുന്നതിന് ഞങ്ങളെ സഹായിച്ച ഡോ.ഒ.കെ.ശ്രീനിവാസൻ, ശ്രീ.കെ.കെ.സുഗതൻ എന്നിവർക്കും ഗ്രാമസഭകളിൽ പങ്കെടുത്ത് അതാത് പ്രദേശങ്ങളിലെ പ്രശ്നങ്ങളും അവയ്ക്കുള്ള വിലപ്പെട്ട നിർദേശങ്ങളും സമർപ്പിച്ച പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും റിപ്പോർട്ടിലേക്കാവശ്യമായ ഒട്ടേറെ വിവരങ്ങൾ നൽകിയ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർക്കും നന്ദി രേഖപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപം കൊടുക്കുന്ന വികസന പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം പഞ്ചായത്തിലെ ജനങ്ങളിൽ നിക്ഷിപ്തമാണ്; മൂല്യബോധമുള്ള കൂട്ടായ്മയിലൂടെ പ്രാദേശികമായ വിഭവങ്ങളും മനുഷ്യാധ്വാനവും പരമാവധി സമാഹരിച്ച് വികസന രംഗത്ത് ഒരു പുത്തനുണർവ്വ് സൃഷ്ടിക്കുന്നതിന് നമുക്ക് സാധിക്കണം. എല്ലാ നല്ല മനസ്സുകളും ഞങ്ങളുടെ കൂടെയുണ്ടാകുമെന്ന പ്രതീക്ഷയോടെ........

**എം.കെ.മുഹമ്മദ്,**
പ്രസിഡണ്ട്,
മൂടാടി ഗ്രാമപഞ്ചായത്ത്




Printed at Geethanjali Offset Prints, 

281

# ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

## സമഗ്രവികസന രേഖ


# കേരളം



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്

# സമഗ്രവികസന രേഖ



# ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്
# ഭരണസമിതി

| | | |
|---|---|---|
| പ്രസിഡണ്ട് | - | എം.പി. ജമീല |
| വൈസ് പ്രസിഡണ്ട് | - | പി.പി. മമ്മത്കോയ |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | - | കെ.എം.ബാലകൃഷ്ണൻ നായർ |

## അംഗങ്ങൾ

കെ. ഗീത

കെ.എൻ. ഭാസ്ക്കരൻ

രാരങ്കണ്ടി ബാലകൃഷ്ണൻ

പി.പി. ഉഷ

എ. രമേഷ്

ടി. കുട്ടികൃഷ്ണൻ

കെ. ബാലൻ

കെ. സരോജിനി ടീച്ചർ



എം.പി.ജമീല



പി.പി.മമ്മത്കോയ




കെ.എം.ബാലകൃഷ്ണൻ നായർ



കെ.ഗീത




കെ.എൻ.ഭാസ്കരൻ



രാരൻകണ്ടി
ബാലകൃഷ്ണൻ



പി.പി. ഉഷ



എ.രമേശ്



ടി.കുട്ടികൃഷ്ണൻ



കെ.കെ.ബാലൻ



കെ.സരോജിനി
ടീച്ചർ

# ഉള്ളടക്കം


| നമ്പർ | വിഷയം | പേജ് |
|---|---|---|
| I | ആമുഖം. | 5 |
| II | സാമൂഹിക സാംസ്കാരിക ചരിത്രപശ്ചാത്തലം. | 7 |
| III | ഭൂപ്രകൃതിയും വിഭവങ്ങളും. | 11 |
| IV | വികസനമേഖലകൾ. | 14 |
| 1. | കൃഷിയും ജലസേചനവും. | 15 |
| 2. | മൃഗസംരക്ഷണം.. | 23 |
| 2A. | മത്സ്യബന്ധനം. | 26 |
| 3. | വിദ്യാഭ്യാസം. | 28 |
| 4. | കുടിവെള്ളം. | 37 |
| 4A. | പൊതുജനാരോഗ്യം. | 42 |
| 5. | വ്യവസായം. | 47 |
| 6. | ഗതാഗതം, ഊർജ്ജം, മാർക്കറ്റ്. | 50 |
| 7. | പാർപ്പിടം. | 61 |
| 7A | സാമൂഹ്യക്ഷേമം. | 64 |
| 8. | സംസ്കാരം. | 68 |
| 9. | വനിത. | 74 |
| 10 | സഹകരണം. | 77 |
| 11. | പട്ടികജാതി പട്ടികവർഗ്ഗക്ഷേമം. | 80 |
| 12. | വിഭവസമാഹരണം. | 82 |
| 12A | വനം. | 88 |
| V | അനുബന്ധം. | 89 |


പഞ്ചായത്തിലെ ജനകീയാസൂത്രണ പരിശീലകരുടെ പേര് വിവരം


# ചെങ്ങോട്ടുകാവ്

## ഗ്രാമപഞ്ചായത്ത് പൊതുവിവരം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേർ | - | ചെങ്ങോട്ടു കാവ് ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | - | ചെങ്ങോട്ടു കാവ് |
| ബ്ലോക്ക് പഞ്ചായത്ത് | - | പന്തലായനി |
| ജില്ലാ പഞ്ചായത്ത് | - | കോഴിക്കോട് |
| താലൂക്ക് | - | കൊയിലാണ്ടി |
| അസംബ്ലി മണ്ഡലം | - | കൊയിലാണ്ടി |
| പാർമെൻറ് മണ്ഡലം | - | വടകര |
| വിസ്തീർണ്ണം | - | 13.60 ചതുരശ്ര കി.മീറ്റർ |
| അതിരുകൾ | - | പടിഞ്ഞാറ് അറബിക്കടൽ, കിഴക്ക് ഉള്ളൂർ പ്പുഴ,തെക്ക് ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്, വടക്ക് കൊയിലാണ്ടി മുനിസിപ്പാലിറ്റി |
| ജനസംഖ്യ | - | 23.437 (പ്രാഥമിക വിവരസർവ്വേ-ഒക്ടോബർ 96) |
| പുരുഷൻമാർ | - | 11534 |
| സ്ത്രീകൾ | - | 11894 |
| ജനസാന്ദ്രത | - | 1723.3/ചതുരശ്ര കി.മീറ്റർ |
| സ്ത്രീ പുരുഷ അനുപാതം | - | 1:1.03 |
| അക്ഷരാഭ്യാസമുള്ളവർ | - | 17,387 |
| വാർഡുകൾ | - | 11 |
| പ്രസിഡണ്ട് | - | എം.പി. ജമീല |
| വൈസ്പ്രസിഡണ്ട് | - | പി.പി. മമ്മത്കോയ |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | - | കെ.എം. ബാലകൃഷ്ണൻ നായർ |
| പഞ്ചായത്ത് സെക്രട്ടറി | - | ടി. ദേവദാസൻ |

# ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്

# സാമൂഹ്യ ആസ്തികൾ



# ചെങ്ങോട്ടുകാവ്

## ഗ്രാമപഞ്ചായത്ത് പൊതുവിവരം

### സാമൂഹ്യ ആസ്തികൾ മാപ്പിൽ നമ്പർപ്രകാരമുള്ള ആസ്തികൾ

1. ജി.എം.യു.പി. ആന്തട്ട
2. ജി.എം.എൽ.പി സ്കൂൾ മാടാക്കര
3. ജി.എൽ.പി. സ്കൂൾ, ഏഴുകുടിക്കൽ
4. വില്ലേജ് ഓഫീസ്, ചെങ്ങോട്ടുകാവ്
5. പൊയിൽക്കാവ് യു.പി. സ്കൂൾ
6. പൊയിൽക്കാവ് ഹൈസ്കൂൾ
7. വില്ലേജ് എക്സ്ടൻഷൻ ഓഫീസ്
8. ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് ഓഫീസ്
9. സർക്കാർ മൃഗാശുപത്രി
10. കൃഷിഭവൻ
11. എടക്കുളം പോസ്റ്റ് ഓഫീസ്
12. ചെങ്ങോട്ട് കാവ് ഈസ്റ്റ് യു.പി. സ്കൂൾ
13. മേലൂർ എൽ.പി. സ്കൂൾ
14. എളാട്ടേരി എൽ.പി. സ്കൂൾ
15. പ്രൈമറി ഹെൽത്ത് സെൻറർ
16. ചേലിയ യു.പി. സ്കൂൾ
17. മേലൂർ സർവ്വീസ് സഹകരണ ബാങ്ക്
18. കെ.കെ. കിടാവ് മെമ്മോറിയൽ യു.പി. സ്കൂൾ
19. ഗവ.ആയുർവ്വേദ ആശുപത്രി
20. ചേലിയ കയർ സൊസൈറ്റി
21. കഥകളി വിദ്യാലയം, ചേലിയ
22. എടക്കുളം വിദ്യാതരംഗിണി എൽ.പി. സ്കൂൾ

# I. ആമുഖം

നമ്മുടെ സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിൽ ഒരു പുതിയ അധ്യായം രചിച്ചുകൊണ്ട് ജനകീയാസൂത്രണ പ്രസ്ഥാനം വിജയകരമായി മുന്നേറുകയാണ്. നാളിതുവരെ നടന്ന വികസന പ്രവർത്തനങ്ങളിൽ നിന്നു വ്യത്യസ്ഥമായി പദ്ധതിവിഹിതത്തിന്റെ ഒരു ഭാഗം ഉപയോഗിച്ച് താഴെതട്ടിൽ നിന്നുതന്നെ പദ്ധതികൾ കെട്ടിപ്പൊക്കാനാണ് നാം കൂട്ടായി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതൊരു പുതിയ അനുഭവമാണ്, ഒരു പുതിയ സമീപനരീതിയാണ്. സമൂഹത്തിലെ മുഴുവൻ ജനവിഭാഗങ്ങൾക്കും പങ്കാളിത്തമുള്ളൊരു വികസനതന്ത്രമാണിതിലൂടെ ഉരുത്തിരിയാൻ പോകുന്നത്.

വികസനമെന്നാൽ ജനങ്ങളുടെ ജീവിതനിലവാരം പടിപടിയായുയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണ്. ഇതിനു സാധിക്കണമെങ്കിൽ നമ്മുടെ കാർഷിക വ്യവസായരംഗങ്ങളിൽ വമ്പിച്ച പുരോഗതി ഉണ്ടായേ പറ്റൂ. സേവന മേഖലയുടെ ഗുണനിലവാരം പതിന്മടങ്ങ് വർദ്ധിച്ചേ പറ്റൂ. ഈ പുരോഗതികളുടെ ഫലങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗത്തിനും ലഭ്യമാവുകയും അത് ദീർഘകാലത്തേക്ക് അനുഭവപ്പെടുന്നതുമാകണം. എങ്കിലേ വികസനം അതിന്റെ യഥാർത്ഥ അർത്ഥത്തിൽ നടന്നതായി കണക്കാക്കാനാവൂ.

ഈ യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ടാണ് സംസ്ഥാനഗവൺമെന്റ് 9ാം പദ്ധതിവിഹിതത്തിന്റെ 35-40% തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കാനും പദ്ധതിയുടെ ഒരു പങ്ക് താഴെ തലത്തിൽനിന്ന് രൂപീകരിച്ചു തുടങ്ങാനും തീരുമാനിച്ചത്. നമ്മുടെ പ്രശ്നങ്ങൾ കൂട്ടായി ചർച്ചചെയ്തുകൊണ്ട്, ആവശ്യമായ പഠനങ്ങൾ നടത്തിയും വിവരങ്ങൾ ശേഖരിച്ചും പ്രശ്നപരിഹാരത്തിനുള്ള വഴികൾ കണ്ടെത്താൻ ഗ്രാമതലത്തിലുള്ളവരെ കൂടി പ്രാപ്തരാക്കുകയാണിതുകൊണ്ടുദ്ദേശിക്കുന്നത്.

നമ്മുടെ പ്രശ്നങ്ങൾ എണ്ണിയാൽ തീരാത്തവയാണ്. അവയെല്ലാം ഒറ്റയടിക്കു പരിഹരിക്കുക സാധ്യമല്ലെന്നു നമുക്കറിയാം. പ്രശ്നങ്ങൾ പരിഹരിക്കാൻ പണമായും സാധനങ്ങളായും മനുഷ്യശക്തിയായുമൊക്കെ ധാരാളം വിഭവങ്ങൾ വേണം. നമ്മുടെ കയ്യിലുള്ള വിഭവങ്ങളോ ?. പരിമിതവും. അപ്പോൾ ആസൂത്രിതമായി വേണം നീങ്ങാൻ. പ്രാധാന്യമർഹിക്കുന്നത് ഏതാണെന്നു കണ്ടെത്തണം. മുൻഗണനാക്രമം നിശ്ചയിക്കണം. ചുരുക്കത്തിൽ ആസൂത്രണമില്ലാതെ നമുക്കു നിലനിൽക്കാനോ മുന്നേറാനോ സാധ്യമല്ല.

പരമാവധി വിഭവങ്ങൾ സമാഹരിച്ചുകൊണ്ട് നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ എങ്ങനെ ലക്ഷ്യപ്രാപ്തിയിലെത്തിക്കാമെന്നാണ് 9ാം പദ്ധതിയിലൂടെ നാം പരിശോധിക്കുന്നത്. സങ്കുചിത വിചാരങ്ങൾക്കും സ്വാർത്ഥതാൽപര്യങ്ങൾക്കും ഇതിൽ സ്ഥാനമില്ല. എനിക്കെന്തു കിട്ടും എന്നതിൽ നിന്നുമാറി എനിക്കെന്തു ചെയ്യാൻ കഴിയുമെന്നതിലേക്ക് വളരാൻ നമുക്കു കഴിയും. അങ്ങനെ പദ്ധതിവിഹിതത്തിന്റെ 35-40%ത്തെ ഏറ്റവും ഗുണകരമായ വിധത്തിൽ പ്രയോജനപ്പെടുത്താൻ നമുക്ക് ഒത്തുചേർന്ന് പരിശ്രമിക്കാം.

നമ്മുടെ പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനം രൂപം കൊള്ളുന്നത് 1996 ഒക്ടോബർ 9ന് ചേർന്ന പഞ്ചായത്തുതല സംഘാടക സമിതി യോഗത്തോടെയാണ്. തുടർന്ന് എല്ലാ വാർഡുകളിലും വാർഡുതല സംഘാടക സമിതികൾ നിലവിൽവന്നു. പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെ പ്രാതിനിധ്യവുമായി ഗ്രാമസഭകൾക്കു മുന്നോടിയായി വിളമ്പരജാഥ സംഘടിപ്പിച്ചു. പഞ്ചായത്തിലെ വിവിധസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ യോഗം 3 തവണ വിളിച്ചു ചേർത്തു.

സംസ്ഥാനതലത്തിൽ നടത്തിയ ജനകീയാസൂത്രണപരിശീലന പരിപാടിയെത്തുടർന്നു രണ്ടു ഘട്ടങ്ങളിലായി ജില്ലാ പഞ്ചായത്തുതല പരിശീല

ങ്ങൾ ഇതിനകം നടന്നു കഴിഞ്ഞു. മുഴുവൻ ജനപ്രതിനിധികൾക്കും പുറമെ സംസ്ഥാനപരിശീലകനായി ഒരാളും ജില്ലാ പരിശീലകരായി 10 പേരും പഞ്ചായത്തു പരിശീലകരായി 39 പേരും നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ പരിശീലകരെ ഉപയോഗപ്പെടുത്തി പഞ്ചായത്തു തല പരിശീലനങ്ങളും സംഘാടനപ്രവർത്തനങ്ങളും ഭംഗിയായി നടത്തുവാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്.

9-ാം പദ്ധതി ആസൂത്രണത്തിൻെറ ഭാഗമായി നടന്ന വിശേഷാൽ ഗ്രാമസഭകൾ ഫലപ്രദമായി സംഘടിപ്പിക്കുവാൻ നമുക്കു സാധിച്ചിട്ടുണ്ട്. ആഗസ്റ്റ് 15നു ആരംഭിച്ച ഗ്രാമസഭകൾ 29-ാം തിയ്യതി ആയതോടെ പൂർത്തിയായി. ആകെ 11 വാർഡുകളിലായി 1597 പുരുഷന്മാരും 670 സ്ത്രീകളുമടക്കം 2267 പേരാണ് പങ്കെടുത്തത്. പരിശീലകരായ പ്രവർത്തകർ ഓരോ ഗ്രാമസഭയ്ക്കും സൃഷ്ടിപരമായ നേതൃത്വം നൽകി.

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന നിർദ്ദേശങ്ങളെ ക്രോഡീകരിച്ചു കൊണ്ടുമാത്രം പഞ്ചായത്തിൻെറ പദ്ധതികെട്ടിപ്പൊക്കാൻ കഴിയില്ല എന്നതിനാൽ നമ്മുടെ പഞ്ചായത്ത് വളരെ പ്രധാനപ്പെട്ട മറ്റൊരു തീരുമാനം കൂടി എടുത്തു. പരിമിതമായ സമയം ഉപയോഗിച്ച് പ്രാഥമിക വിവരങ്ങൾ സമാഹരിക്കുവാനുള്ള ഒരു സർവ്വെ നടത്തുക എന്നതായിരുന്നു അത്. ഗ്രാമസഭകളിൽനിന്നും സെമിനാറിലേക്കു തെരഞ്ഞെടുത്ത ഓരോ വാർഡിലേയും 25-30 പേരെ കൂടി ഉപയോഗിച്ചാണ് ഈസർവ്വേ പൂർത്തിയാക്കിയത്. ഇതിനുപുറമേ ധാരാളം സാമൂഹ്യപ്രവർത്തകരും ഈ സർവ്വെ വിജയിപ്പിക്കുന്നതിൽ മുഖ്യപങ്കുവഹിച്ചു. ഈ പ്രവർത്തനം സ്വമേധയാ ഏറ്റെടുത്തു വിജയിപ്പിച്ച മുഴുവൻ പേരെയും അഭിനന്ദിക്കുകയാണ്. ഈ വിവരങ്ങളും വിവിധസ്ഥാപനങ്ങളിൽനിന്നും സമാഹരിച്ച ദ്വിതീയ സ്ഥിതിവിവരക്കണക്കുകളും ചേർത്തുകൊണ്ടാണ് ഗ്രാമസഭാ നിർദ്ദേശങ്ങളെ നാം സമീപിക്കേണ്ടത്.

അങ്ങനെ നമ്മുടെ പഞ്ചായത്തിൻെറ പ്രശ്നങ്ങളെ ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ പശ്ചാത്തലത്തിൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവലോകനം ചെയ്യാനും വിശകലനം ചെയ്യാനും അതുവഴി നിഗമനങ്ങളിലെത്താനുമാണു ഇവിടെ ശ്രമിച്ചിട്ടുള്ളത്. ദീർഘനാളത്തെ കൂട്ടായ്മയിലൂടെ ഉരുത്തിരിഞ്ഞു വന്ന ഈ രേഖ പൂർണ്ണമല്ലെങ്കിലും അഭിമാനത്തോടെ ഞങ്ങൾ പഞ്ചായത്തിലെ ജനങ്ങൾക്കായി സമർപ്പിക്കുന്നു.

**പട്ടിക I-1**

**ഗ്രാമസഭ പങ്കാളിത്തം**

| വാർഡ് | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| 1 | 176 | 110 | 286 |
| 2 | 82 | 67 | 149 |
| 3 | 150 | 50 | 200 |
| 4 | 214 | 67 | 281 |
| 5 | 134 | 29 | 163 |
| 6 | 178 | 37 | 215 |
| 7 | 153 | 48 | 201 |
| 8 | 153 | 71 | 224 |
| 9 | 124 | 45 | 169 |
| 10 | 114 | 46 | 160 |
| 11 | 119 | 100 | 219 |
| ആകെ | 1597 | 670 | 2267 |

# II. സാമൂഹിക സാംസ്കാരിക ചരിത്രപശ്ചാതലം

പഴയ കുറുമ്പ്രനാട് താലൂക്കിലെ 104 അംശങ്ങളിൽപെട്ട എടക്കുളം, മേലൂര് എന്നീ അംശങ്ങൾ ചേർന്നാണ് 1962-ൽചെങ്ങോട്ടു കാവ് പഞ്ചായത്ത് രൂപീകൃതമായത്. ദേശീയപാതയും തീവണ്ടിപ്പാതയും സമാന്തരമായി മൂന്നുകിലോമീറ്ററോളംഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു.

ഇരുപതാം നൂറ്റാണ്ടിൻെറ ആദ്യദശകങ്ങളിൽ ഒരു കാർഷിക സംസ്കാരമായിരുന്നു ഈ പ്രദേശത്തിനുണ്ടായിരുന്നത്. പലേടത്തുമായി ചിതറിക്കിടന്നിരുന്ന പാടങ്ങളിൽ ഒരുപ്പൂവും ഇരുപ്പൂവും ചിലതിൽ മുപ്പൂവും കൃഷി ചെയ്തിരുന്നു. തെങ്ങ്, കവുങ്ങ്, കുരുമുളക് തുടങ്ങിയ കൃഷികൾക്കൊപ്പം വെറ്റിലക്കൃഷിയും ഒരു പ്രധാന വരുമാനമാർഗ്ഗമായിരുന്നു. വെറ്റിലക്കൊടിയെ ആധാരമാക്കി ചെയ്ത പറമ്പുകൃഷിയുടേതായ ഒരു ജീവിതശൈലിയും അന്നുണ്ടായിരുന്നു. നനക്കാനുള്ള വെള്ളം പുരയിടങ്ങളിലെ ആഴമുള്ള കിണറുകളെ ആശ്രയിച്ചുള്ളതായിരുന്നു. ഇതിന്നുള്ള ഏത്തം നാടൻ കൃഷിക്കാരൻെറ എഞ്ചിനീയറിംഗ് വൈദഗ്ധ്യമായിരുന്നു. വേനൽക്കാല പച്ചക്കറികൃഷി അന്നു സാർവ്വത്രികമായിരുന്നു. വലിയ അയിത്തം കല്പിക്കപ്പെട്ടിരുന്ന ഹരിജനങ്ങൾ ഗ്രാമജീവിതത്തിൽ നിന്നകന്നു പാടങ്ങളുടെ മദ്ധ്യത്തിലുള്ള ചാളകളിലായിരുന്നു താമസിച്ചിരുന്നത്. എടവലത്ത്, മേപ്പാട്ട്, മതുകുറ്റിൽ, പുത്തലം, പുനം, പൊറ്റമ്മൽ തുടങ്ങിയ ജന്മി കുടുംബങ്ങളുമായി ബന്ധപ്പെട്ട ഒരു ഫ്യൂഡൽ സാമൂഹ്യവ്യവസ്ഥയായിരുന്നു അന്നു നിലവിലുണ്ടായിരുന്നത്. ഇടക്കിടെ ജന്മിമാർ നടത്തിയിരുന്ന പൊളിച്ചെഴുത്തിലൂടെ കുടിയാന്മാർ വളരെ യാതന അനുഭവിച്ചിരുന്നു.

അയിത്താചരണം അതിൻെറ പാരമ്യത്തിൽ എത്തിയിരുന്നു. സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായി വിദേശവസ്ത്ര ബഹിഷ്ക്കരണം, ഖാദിപ്രവർത്തനം, ക്ഷേത്രപ്രവേശനം തുടങ്ങിയ പല നീക്കങ്ങളും നടക്കുകയുണ്ടായി. സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ച്നടന്ന ചേമഞ്ചേരി സബ് റജിസ്ട്രാഫീസ് തീവെപ്പു കേസ്സിൽ വട്ടക്കണ്ടി ഉണ്ണിനായർ,വടക്കേ പണിക്കോട്ടിൽ ചന്തുക്കുട്ടിനായർ എന്നിവർ ശിക്ഷിക്കപ്പെട്ട് ജയിൽ വാസം അനുഭവിച്ചിട്ടുണ്ട്.

1940-കളിൽ കോൺഗ്രസ്സിൽ നിന്ന് ഒരു വിഭാഗം വേർതിരിഞ്ഞ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് രൂപം കൊടുത്തു. ഞാണംപൊയിലിലായിരുന്നു അവരുടെ പ്രവർത്തനകേന്ദ്രം. മലബാറിലെ കർഷകപ്രക്ഷോഭത്തിൻെറ ഭാഗമായി 1948-ൽഈ പഞ്ചായത്തിലും പ്രക്ഷോഭങ്ങൾ നടന്നിട്ടുണ്ട്. ഈ സമരത്തിനു നേതൃത്വം നല്കിയ ഗോപാലൻകുട്ടി നായർ പിന്നീട് നടന്ന സേലം വെടിവെപ്പിൽ രക്തസാക്ഷിത്വം വരിച്ചു.

ഇരുപതാം നൂറ്റാണ്ട് പിറക്കുന്നതിനു മുമ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങളെന്ന നിലയ്ക്ക് ഏതാനും എഴുത്തുപള്ളികളായിരുന്നുഇവിടെ ഉണ്ടായിരുന്നത്. ക്രമേണ ആധുനികരീതിയിലുള്ള വിദ്യാലയങ്ങൾ ഉടലെടുത്തു. പിന്നീടുണ്ടായ മലബാറിലെ അദ്ധ്യാപക പ്രസ്ഥാനത്തിൻെറ വളർച്ചയിൽ ഇവിടുത്തെ അദ്ധ്യാപകസമൂഹവും സജീവമായ പങ്കുവഹിച്ചിട്ടുണ്ട്.

ഈ നൂറ്റാണ്ടിലെ 3,4 ദശകങ്ങളിൽ ഇവിടത്തെ ചില വ്യക്തികൾ ഗുജറാത്തിലെത്തുകയും ടയർ വ്യവസായത്തിലേർപ്പെടുകയുമുണ്ടായി. അവരുടെ പിൻഗാമികളായി നിരപവധിപേർ ഇന്നും പുറംനാടുകളിലുണ്ട്. പല കുടുംബങ്ങളുടേയും വരുമാനമാർഗ്ഗം ടയർവ്യവസായവുമായി ബന്ധപ്പെട്ടാണുള്ളത്. അതുപോലെ കഴിഞ്ഞ രണ്ടു പതിറ്റാണ്ടിനുള്ളിൽ നിരവധി പേർ ഗൾഫ് മേഖലയിലും ജോലി ചെയ്ത് വരുന്നു. പഞ്ചായത്തിൻെറ സാമ്പത്തികാടിത്തറയിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ സാരമായി സ്വാധീനം ചെലുത്തുന്നുണ്ട്.

ജനസംഖ്യ വർദ്ധിച്ചതോടെ കൃഷിസ്ഥ

ലങ്ങൾ തുണ്ടുതുണ്ടായി വിഭജിക്കപ്പെടുകയും കൃഷി ആദായകരമല്ലാതായിത്തീരുകയും ചെയ്തു. കുറ്റ്യാടിക്ക നാലിൻെറ രണ്ടു കിലോമീറ്റർ ഭാഗം ഈ പഞ്ചായത്തി ലുണ്ടെങ്കിലുംഅത് ഇന്നു കാർഷികാഭിവൃദ്ധിക്കു പ്രയോജനപ്പെടുന്നില്ല. ജലദൗർല്ലഭ്യം കാരണം വേനൽക്കാല പച്ചക്കറികൃഷികൾ പാടങ്ങളിൽ അപ്ര ത്യക്ഷമായിരിക്കയാണ്. ആധുനിക വിദ്യാഭ്യാസം അഭ്യസ്തവിദ്യരെ കൃഷിയിൽനിന്നും കൈത്തൊഴിലു കളിൽ നിന്നും അകറ്റിക്കൊണ്ടിരിക്കുന്നു.

1950-കളിൽ കുറുമ്പ്രനാട് ഡവലപ്പ്മെൻറ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ നൂൽ നൂല്പു കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ സ്ഥാപിത മായി. ഇന്ന് നൂറുകണക്കിന് യുവതികൾ നൂൽ നൂൽ പ്പിൽ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നു. ആചാര്യവിനോ ബഭാവെ ആരംഭിച്ച സർവ്വോദയപ്രസ്ഥാനവും അതിൻെറ ഭാഗമായുള്ള ഭൂദാനയജ്ഞവും ഈ പ്രദേ ശത്ത് സജീവമായിരുന്നു.

സ്വാതന്ത്ര്യാനന്തര കാലഘട്ടം അടിക്കടി യുള്ള പരിവർത്തനങ്ങളുടേതായിരുന്നു. വിവിധകാല ഘട്ടങ്ങളിൽ രൂപം കൊണ്ട ഭൂപരിഷ്ക്കരണനിയമം ഫ്യൂഡൽ ജന്മിത്തത്തെ തുടച്ചുമാറ്റി. പ്രശ്നപരിഹാ രത്തിനു പ്രതാപശാലികളുടെ മാദ്ധ്യസ്ഥമെന്നത് സംഘടിതശക്തികളുടെ അവകാശസമരങ്ങൾക്കു വഴി മാറി. സേവന വേതനവ്യവസ്ഥകൾ സംഘടിതപ്രസ് ഥാനങ്ങളുടെ വിലപേശൽ ശക്തിയെ ആശ്രയിച്ചാ യിത്തീർന്നു. നിരവധി കലാസാംസ്കാരിക പ്രസ്ഥാ നങ്ങൾ ഉടലെടുക്കുകയും നാനാരംഗങ്ങളിലും ബോധ വൽക്കരണ പ്രവർത്തനങ്ങൾ നടക്കുകയുമുണ്ടായി. പഴയ പല പ്രശ്നങ്ങളും അപ്രത്യക്ഷമായപ്പോൾ പുതി യവ പലതും ഉദയം ചെയ്തു. ഉല്പാദനമേഖല മുര ടിക്കുകയും ഉപഭോക്തൃസംസ്കാരം വികസിക്കുകയും ചെയ്തിരിന്നു.

പ്രഗത്ഭരായ നിരവധി സാമൂഹ്യസാംസ്കാ രിക പ്രവർത്തകരുടെ ജന്മം കൊണ്ട് അനുഗ്രൃഹീത മാണ് നമ്മുടെ പഞ്ചായത്ത്. പ്രശസ്ത ആര്യവൈദ്യനും സാമൂഹ്യപരിഷ്കർത്താവുമായിരുന്ന ശ്രീ.കെ. ആർ.കി ടാവ്, കേരളത്തിലുടനീളം അറിയപ്പെടുന്ന കഥകളി ആചാര്യൻ ശ്രീ ചേമഞ്ചേരി കുഞ്ഞിരാമൻ നായർ, ഗവേഷകനും ചരിത്രപണ്ഡിതനുമായ ശ്രീ എം.ആർ. രാഘവവാര്യർ എന്നിവർ ഈ കൂട്ടത്തിൽപെടുന്നു.

1990-ൽ കേരളത്തിൽ നടപ്പിലാക്കിയിരുന്ന സാക്ഷരതാ പ്രസ്ഥാനം ഈ പഞ്ചായത്തിലും കാര്യക്ഷമമായി നടക്കുകയുണ്ടായി. നിരവധി സാക്ഷ രതാക്ലാസ്സുകളും ബോധവൽക്കരണക്ലാസുകളും നടത്ത പ്പെട്ടു. 1993-ൽ തുടർസാക്ഷരതാ പ്രവർത്തനത്തിനു വേണ്ടി ജനവിദ്യാകേന്ദ്രങ്ങൾ രൂപീകൃതമായി. നവ സാക്ഷരരെ ജനസാമാന്യത്തോടൊപ്പം വികസന പ്രക്രി യയിൽ പങ്കാളികളാക്കുക എന്ന ലക്ഷ്യം വെച്ച് ജന വിദ്യാ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ കൂട്ടായ പ്രവർത്തനങ്ങൾ സംഘടിക്കപ്പെട്ടു. പച്ചക്കറികൃഷി യിൽ പഞ്ചായത്ത് സ്വയം പര്യാപ്തത നേടും എന്നു പ്രഖ്യാപിച്ചു.ഗ്രാമീണ ഉല്പന്നവില്പനക്കായി ഗ്രാമ ച്ചന്തകൾ രൂപപ്പെടുത്തി. ജനകീയാസൂത്രണത്തിൻെറ പ്രാഥമിക രൂപങ്ങൾ ഈ പ്രവർത്തനങ്ങൾ കൈവ രിക്കുകയുണ്ടായി. ഈ നടപ്പാതയിലൂടെ ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന മുദ്രാവാക്യവുമായി ചെങ്ങോട്ടുകാവ് പഞ്ചായത്ത് ആസൂത്രണ പ്രക്രിയ യിലേക്ക് പ്രവേശിക്കുന്നു.

## *ഭരണചരിത്രം*

1962 ജനുവരി 1ന് ആണ് ചെങ്ങോട്ടുകാവ് പഞ്ചായത്ത് രൂപീകൃതമായത്. ശ്രീ വള്ളിക്കാട്ടിൽ അപ്പു നായരായിരുന്നു പ്രഥമപ്രസിഡണ്ട്. ശ്രീ. പി.കെ. ബീരാൻ കുട്ടി വൈസ് പ്രസിഡണ്ടും സർവ്വശ്രീ എം.ശങ്കരൻ നമ്പൂ തിരി, തൊണ്ടിയിൽ ഗോപാലൻ, വടക്കെകുഴിയിൽ ചങ്ങ രൻ, കിഴക്കെയിൽ കുഞ്ഞിരാമൻ, വള്ളിക്കാട്ടിൽ അച്ചു തൻ നായർ, വളേരി കുഞ്ഞികൃഷ്ണൻനായർ എന്നിവർ അംഗങ്ങളായുള്ള ഭരണസമിതി 1963 ഡിസംബർ 23-ന് അധികാരമേറ്റു. 1964 ജനുവരിയിൽ ശ്രീമതി മേലേങ്കണ്ടി മാണിക്യടീച്ചറെ വനിതാപ്രതിനിധിയായി നോമിനേറ്റു ചെയ്തു.

ശ്രീ വള്ളിക്കാട്ടിൽ അപ്പുനായരും ശ്രീ എം. ശങ്കരൻ നമ്പൂതിരിയും സിണ്ടിക്കേറ്റ് ബാങ്ക് ജീവനക്കാ രായതിനെ തുടർന്ന് അംഗത്വം രാജിവച്ചു. 1970 ജൂലായ് 25-നു ചേർന്ന ഭരണസമിതി ശ്രീ കിഴക്കയിൽ കുഞ്ഞി രാമനെ പ്രസിഡണ്ടായി തെരഞ്ഞെടുത്തു. അദ്ദേഹം രോഗബാധിതനായി കിടപ്പിലായപ്പോൾ 1972 മുതൽ അന്നത്തെ വൈസ് പ്രസിഡണ്ടായിരുന്ന ശ്രീമതി കെ.

പി.ജാനു പ്രസിഡണ്ടിൻെറ ചുമതല നിർവ്വഹിച്ചു. 1973 ആഗസ്റ്റിൽ, മെമ്പറായിരുന്ന ശ്രീ വള്ളിക്കാട്ടിൽ അച്ചുതൻ നായർ ആക്ടിങ്ങ് പ്രസിഡണ്ടായി.

ചില അംഗങ്ങളുടെ രാജാജിയും ശേഷിച്ച വരിൽ ചിലർ തുടർച്ചയായി ഭരണസമിതി യോഗങ്ങളിൽ പങ്കെടുക്കാത്തതിനെയും തുടർന്ന് കോറം തികയാതെ യോഗങ്ങൾ നടത്താൻ കഴിയാതെ വന്നു. ഈ ഭരണപ്രതിസന്ധിക്ക് പരിഹാരമായി ഗവൺമെൻറ് ഉത്തരവുപ്രകാരം ശ്രീ ടി. ശങ്കരൻ മാസ്റ്റർ പ്രസിഡണ്ടും ഇ. നാരായണൻ എം.എൽ.എ, ടി.കെ. ഗോപാലൻ, പി.കെ. ബീരാൻ കുട്ടി, വി.കെ. ശങ്കരൻ, ഹാജി മുഹമ്മദ് മുസല്യാർ, വി. അച്ചുതൻ നായർ, കെ.പി. ജാനു എന്നിവർ അംഗങ്ങളുമായി എട്ടംഗ ഭരണസമിതി നിലവിൽ വന്നു. ഈ സമിതി 1979 ആഗസ്റ്റ് 4 വരെ അധികാരത്തിൽ തുടർന്നു.

1979 സെപ്തംബർ 27-ന് പൊതുതിരഞ്ഞെടുപ്പിലൂടെ ശ്രീ പി. ചാത്തപ്പൻമാസ്റ്റർ പ്രസിഡണ്ടും ശ്രീ കലൂർ കൃഷ്ണൻനായർ വൈസ്പ്രസിഡണ്ടുമായി പുതിയ ഭരണസമിതി അധികാരമേറ്റു. സർവ്വശ്രീ പി. വിശ്വൻ, പി.പി. മമ്മതുകോയ, കെ.ശാന്ത, എം.പി. ദാമോദരൻ, കെ.വി. ഭാസ്കരൻ, കെ.പി. ഭാസ്കരൻ നായർ, ആനോതി ദാമോദരൻ എന്നിവരായിരുന്നു അംഗങ്ങൾ.


1984 സെപ്തംബറിൽ സർക്കാർ ഉത്തരവിലൂടെ ഭരമസമിതി പിരിഞ്ഞു പോകുകയും ഉദ്യോഗസ്ഥഭരണം നിലവിൽ വരികയും ചെയ്തു. 1988 ഫിബ്രവരി മാസം ഉദ്യോഗസ്ഥ ഭരണത്തിനു വിരാമമിട്ടുകൊണ്ട് ശ്രീ. പി. ചാത്തപ്പൻ മാസ്റ്റർവീണ്ടും പ്രസിഡണ്ടായി ഭരണമേറ്റു. ശ്രീ പി. ഉമ്മർ വൈസ്പ്രസിഡണ്ടും സർവ്വശ്രീ പി. വിശ്വൻ, ഏരത്ത് ഗോവിന്ദൻ നായർ ഡോ.പി.കെ. ബാലകൃഷ്ണൻ, എം.പി. ദാമോദരൻ, എ.കെ. ഗോപാലൻ, കെ.എം. ചന്ദ്രിക, പി.കെ. ദേവി, അഞ്ചാളംകണ്ടി ബാലൻ നായർ എന്നിവർ അംഗങ്ങളുമായിരുന്നു. ഈ ഭരണസമിതി 7 വർഷവും 8 മാസവും ഭരണം നടത്തി.

പഞ്ചായത്തീരാജ് നിയമപ്രകാരം നടന്ന പൊതു തെരഞ്ഞെടുപ്പിലൂടെ നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി 1995 ഒക്ടോബർ 4-ന് അധികാരമേറ്റു. ശ്രീമതി. എം.പി. ജമീലയാണ് പ്രസിഡണ്ട്. ശ്രീ. പി.പി. മമ്മതുകോയ വൈസ് പ്രസിഡണ്ടും ശ്രീ. കെ.എം. ബാലകൃഷ്ണൻ നായർ സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാനുമാണ്. സർവ്വശ്രീ രാരൻകണ്ടി ബാലകൃഷ്ണൻ, എ. രമേശ്, കെ.എൻ. ഭാസ്ക്കരൻ, കെ. സരോജനി ടീച്ചർ, ടി. കുട്ടിക്കൃഷ്ണൻ, കെ. ഗീത, ഉഷാകുമാരി, കെ.കെ. ബാലൻ എന്നിവരടക്കം 11 അംഗങ്ങളാണ് ഭരണസമിതിയിലുള്ളത്.

കക്ഷിരാഷ്ട്രീയത്തിൻെറ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടക്കാറുള്ളതെങ്കിലും ഭരണകാര്യങ്ങളിൽ കക്ഷിരാഷ്ട്രീയത്തിനതീതമായയ കാഴ്ചപ്പാടാണ് ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ തുടർന്നു വരുന്നത് എന്ന വസ്തുത പ്രത്യേകം ശ്രദ്ധേയമാണ്.



# വാർഡുകൾ



CHENGOTTUKAY PANCHAYATH
WARD MAP
SCALE 1:2500
ULLIERY PANCHAYATH
KUNIAN RIVER
INDEX
PANCHAYATH BOUNDARY.
WARD BOUNDARY.
RAILWAY LINE
N H 17.
ROADS.
CHEMANCHERY PANCHAYATH
MUNICIPALITY
ARABIAN SEA
I
II
III
IV
V
VII
VIII
IX
X
XI

# III ഭൂപ്രകൃതിയും വിഭവങ്ങളും

13.60 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള താരതമ്യേന ചെറിയൊരു പഞ്ചായത്താണ് ചെങ്ങോട്ടുകാവ്. ചെങ്ങോട്ടുകാവ് പഞ്ചായത്ത് പൂർണ്ണമായും ചെങ്ങോട്ടുകാവ് വില്ലേജിലാണ്. 11 വാർഡുകളുള്ള പഞ്ചായത്തിൻെറ പടിഞ്ഞാറേ അതിര് അറബിക്കടലും കിഴക്ക് ഉള്ളൂർ പുഴയും തെക്ക് ചേമഞ്ചേരിപഞ്ചായത്തും വടക്ക് കൊയിലാണ്ടി മുൻസിപ്പാലിറ്റിയും ആണ്.

ചെറിയ ചെറിയ കുന്നുകളും ചരിവുപ്രദേശങ്ങളും സമതലങ്ങളും പാടങ്ങളും തീരപ്രദേശങ്ങളുമടങ്ങുന്നതാണ് ചെങ്ങോട്ടുകാവിൻെറ ഭൂപ്രകൃതി. കുന്നുകൾ ഭൂരിഭാഗവും പഞ്ചായത്തിൻെറ കിഴക്കുഭാഗത്താണ് വ്യാപിച്ചിരിക്കുന്നത്. നാഷനൽ ഹൈവേക്കും റെയിൽവേ ലൈനിനും പടിഞ്ഞാറോട്ട് പൊതുവെ തീരപ്രദേശമാണ്. ഇവിടെ തീരത്തോടടുക്കുന്തോറും മണൽ കൂടിവരുന്നതായും ചെമ്മണ്ണ് കുറഞ്ഞു വരുന്നതായും കാണാം. പടിഞ്ഞാറ് നിന്നു കഴക്കോട്ടു സഞ്ചരിക്കുമ്പോൾ തീരസമതലം കഴിഞ്ഞാൽ അല്പാല്പമായുയർന്നുവരുന്ന ചെമ്മണ്ണു നിറഞ്ഞ പ്രദേശങ്ങളും ചെറുകുന്നുകളും കാണാം. ഈ കുന്നുകളുടെ കിഴക്കോട്ട് പാടങ്ങൾ നിറഞ്ഞ സമതലങ്ങളാണ്. വീണ്ടും കിഴക്കോട്ടു കുന്നുകളായി. പഞ്ചായത്തിൻെറകിഴക്കെ അറ്റം എക്കൽമണ്ണു നിറഞ്ഞ തീരപ്രദേശമാണ്.

### *മൺതരങ്ങൾ*

ചെങ്കൽപ്രദേശം, ചരൽപ്രദേശം, പാറ, പൂഴി പ്രദേശം പശിമരാശി മണ്ണ് എന്നിങ്ങനെ 5 മൺ തരങ്ങളാണ് പഞ്ചായത്തിലുള്ളത്.

### *ജലലഭ്യത*

വർഷത്തിൽ ശരാശരി 3761 മി.മീ.മഴ നമുക്കു ലഭിക്കുന്നു. ഇത് സംസ്ഥാനശരാശരിയേക്കാളും ജില്ലാ ശരാശരിയേക്കാളുംഅല്പം കൂടുതലാണ്. (സംസ്ഥാന ശരാശരി 3063 മി.മീ. ജില്ലാ ശരാശരി 3667 മി.മീ) തെക്കുപടിഞ്ഞാറൻ മൺസൂൺ കാലത്താണ് നമ്മുടെ സമീപപ്രദേശങ്ങൾ പോലെ തന്നെ നമുക്കും കൂടുതൽ മഴലഭിക്കുന്നത്.

പഞ്ചായത്തിൽ ആകെ 2893 കിണറുകളും 56 കുളങ്ങളും ഉണ്ട്. കുന്നിൻ പ്രദേശങ്ങളിൽ ജലലഭ്യതക്കുറവുണ്ട്. കിണർസാന്ദ്രത ഒരു ച.കി.മീറ്ററിന് 212.7 ആണ്.

### *ഭൂവിനിയോഗം*

തെങ്ങുകൃഷിയാണ് പഞ്ചായത്തിൽ കൂടുതലും. തെങ്ങു കഴിഞ്ഞാൽ രണ്ടാം സ്ഥാനം കവുങ്ങിനാണ്. പഞ്ചായത്തിൻെറ മധ്യഭാഗത്താണ് അല്പം നെൽകൃഷിയുള്ളത്. ചില കുന്നിൻ പ്രദേശങ്ങളിൽ കശുമാവും അല്പം ചില ഇടങ്ങളിൽ വെറ്റിലകൃഷിയും നടത്തുന്നു. പഞ്ചായത്തിൻെറ കിഴക്കൻ മേഖലകളിൽ ചെങ്കൽ ക്വാറികൾ കണ്ടു വരുന്ന തീരപ്രദേശത്താണ് ജനവാസം കൂടുതലുള്ളത്.

പട്ടിക III.1

പ്രധാനവയലുകൾ

| വയൽ | വാർഡ് |
|---|---|
| തുരുത്തിയിൽ താഴപാടം | 3,4,6,8 |
| ചെറുകുനി താഴവയൽ | 3,4 |
| എരഞ്ഞിവയൽ | 1 |
| കൊണ്ടംവള്ളി വയൽ (പാലാഴി) | 1 |
| വെൺതോട് വയൽ | 1 |
| ഒയലോട്ടുതാഴവയൽ | 3 |
| കുയിമി വയൽ താഴ | 3 |
| നരിക്കുനി താഴവയൽ | 3 |
| കക്കാട്ട് താഴവയൽ | 3 |
| എടച്ചാലിൽ താഴവയൽ | 4 |

| | |
|---|---|
| വെള്ളച്ചേരി താഴവയൽ | 4 |
| ഞാണംപൊയിൽ | 6 |
| അത്തറപാടം | 6 |
| ചാലിൽപാടം | 6 |
| മേപ്പാട്ട് താഴ | 11 |
| കുറ്റിയിൽ താഴവയൽ | 11 |
| കരിപ്പവയൽ | 7 |
| കക്കറ വയൽ | 7 |
| കലൂർ താഴ | 8 |
| പൊറ്റപൊയിൽ | 8 |
| ചെറിയായത്ത് താഴവയൽ | 8 |
| പാവറനിലം | 9 |
| മാടവയൽ | 5 |

പട്ടിക III.2

പ്രധാനകുന്നുകൾ

| കുന്ന് | വാർഡ് |
|---|---|
| കോളൂർ കുന്ന് | 7 |
| പാറം കോട്ടു കുന്ന് | 6 |
| നെല്ലൂളിക്കുന്ന് | 6 |
| കക്കാട്ടു കുന്ന് | 3 |
| ആയങ്കോട് കുന്ന് | 4 |
| കാളക്കനാരികുന്ന് | 4 |
| കുറ്റ്യാടിക്കുന്ന് | 4 |
| കാര്യാട് കുന്ന് | 4 |
| കോട്ടകുന്ന് | 11 |
| പൊയിലും കുന്ന് | 11 |
| ഒരുവ കുന്ന് | 11 |
| കാവുമേതരിക്കുന്ന് | 11 |
| കോണത്തുകുന്ന് | 11 |
| തുരുത്തികുന്ന് | 8 |

പട്ടിക III.3

ഭൂവിനിയോഗം

| കൃഷി | | കൃഷിചെയ്യുന്ന സ്ഥലം/ഹെക്ടർ |
|---|---|---|
| നെല്ല് | 1-ാം വിള | 40 |
| | 2-ാം വിള | 52 |
| | 3-ാം വിള | 5 |
| | പയർ | 4 |
| | പച്ചക്കറി | 10 |
| | തെങ്ങ് | 1181 |
| | വാഴ | 5 |
| | മരച്ചീനി | 1.7 |
| | കുരുമുളക് | 15 |
| | കശുമാവ് | 5 |
| | കവുങ്ങ് | 10 |
| | വെറ്റില | 1 |

കൃഷിഭവൻ രേഖകൾ

### *ജനപ്രകൃതി*

96 ഒക്ടോബർ മാസത്തിൽ എടുത്ത പ്രാഥമിക വിവരസർവ്വെ പ്രകാരം 11534 പുരുഷന്മാരും 11894 സ്ത്രീകളുമടക്കം 23437 പേരാണ് പഞ്ചായത്തിലുള്ളത്. സ്ത്രീപുരുഷ അനുപാതം 1: 1.03 ആണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 320 കുടുംബങ്ങളിലായി 1750 പേർ താമസിക്കുന്നു. 5 വയസിനു താഴെ 656 ആൺകുട്ടികളും 676 പെൺകുട്ടികളുമടക്കം 1332 കുട്ടികളാണുള്ളത്.


ജനസാന്ദ്രത ച.കി.മീറ്ററിന് 1723.3 ആണ്. സംസ്ഥാന ശരാശരി ച.കി.മീറ്ററിന് 749ഉം ജില്ലാ ശരാശരി 1118 ഉം ആണ്.

ജനവാസയോഗ്യമായ ഭൂപ്രകൃതി, വിദ്യാഭ്യാസസൗകര്യങ്ങൾ, മത്സ്യബന്ധനത്തിനുതകുന്ന നീണ്ട കടൽതീരം നല്ല കാലാവസ്ഥ ഗതാഗതസൗകര്യങ്ങൾ സാമൂഹിക സാംസ്കാരിക രംഗത്തെ ഔന്നത്യം നഗരങ്ങളോടുള്ള സാമീപ്യം എന്നിവ വർദ്ധിച്ച ജനസാന്ദ്രതയ്ക്ക് കാരണമായി കണക്കാക്കാം. സ്ത്രീപുരുഷാനുപാതത്തിലുള്ള വ്യത്യാസം നേരിയ തോതിലേക്കായി മാറിക്കൊണ്ടിരിക്കുന്നു. ഇതിന്റെ കാരണങ്ങൾ പഠന വിഷയമാക്കേണ്ടതാണ്.

പട്ടിക III.4

| വാർഡുതല ജനസംഖ്യാ വിവരപ്പട്ടിക | | | | | | | |
|---|---|---|---|---|---|---|---|
| വാർഡ് | പുരുഷൻമാർ | സ്ത്രീകൾ | ആകെ | പട്ടിക ജാതി കുടുംബങ്ങൾ | ഹിന്ദു കുടുംബങ്ങൾ | മുസ്ലീം കുടുംബങ്ങൾ | ക്രിസ്ത്യൻ കുടുംബങ്ങൾ |
| 1 | 1325 | 1301 | 2626 | 32 | 483 | 3 | 1 |
| 2 | 725 | 802 | 1527 | 6 | 253 | 17 | - |
| 3 | 1097 | 1097 | 2194 | 30 | 337 | 88 | - |
| 4 | 1193 | 1444 | 2637 | 37 | 444 | 54 | - |
| 5 | 885 | 1011 | 1896 | 32 | 286 | 67 | - |
| 6 | 1128 | 1155 | 2283 | 11 | 361 | 54 | 1- |
| 7 | 1303 | 1281 | 2584 | 78 | 476 | 64 | 3 |
| 8 | 918 | 907 | 1825 | 14 | 266 | 78 | 1 |
| 9 | 926 | 845 | 1771 | 26 | 304 | 90 | - |
| 10 | 1219 | 1219 | 2438 | 4 | 167 | 195 | - |
| 11 | 824 | 832 | 1656 | 13 | 356 | 19 | 1 |
| ആകെ | 11543 | 11894 | 23437 | 283 | 3733 | 629 | 7 |

(പ്രാഥമിക വിവര സർവ്വേ – ഒക്ടോബർ 96)



# IV. വികസന മേഖലകൾ

# 1. കൃഷിയും ജലസേചനവും

ഏതൊരു നാടിൻേറയും അഭിവൃദ്ധി പ്രധാനമായും കൃഷിയിൽ അധിഷ്ഠിതമായിരിക്കുന്നു. കല, സംസ്കാരം എന്നിവ രൂപപ്പെട്ടു വന്നതുപോലും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടാണ്. തന്നെ സ്നേഹിക്കുന്നവർക്ക് എല്ലാ ഐശ്വര്യങ്ങളുംപ്രദാനം ചെയ്യാൻ സദാ സന്നദ്ധയായി നിൽക്കുന്ന സർവ്വം സഹയായ ഭൂമീദേവിക്കുള്ള പൂജയത്രേ കൃഷി.

കൃഷിക്ക് വളരെയേറെ പ്രസിദ്ധിനേടിയ ഒരു പ്രദേശമായിരുന്നു ഇത്. പഞ്ചായത്തിൻെറ കിഴക്കുള്ള പുഴയോരങ്ങളിൽ ചളികൊണ്ട് ബണ്ടുകെട്ടി 'ഓർപ്പാണ്ടി', പോലുള്ള അപൂർവ്വ നെല്ലിനങ്ങൾ കൃഷിചെയ്തിരുന്നു. ചേലിയ ഭാഗത്ത് നടക്കാറുണ്ടായിരുന്ന ആവേശകരമായ കാളപൂട്ടിൻെറ മധുരസ്മരണകൾ പഴമക്കാരുടെ മനസ്സിൽ ഇന്നും അവശേഷിക്കുന്നുണ്ട്. ജലസേചനത്തിനായി വീടുകളിൽ ഉപയോഗിക്കുന്ന ഏത്തത്തിൻെറ ഹൃദയഹാരിയായ സംഗീതം പ്രഭാതവേളകളിൽ നാട്ടിൻ പുറത്തിൻെറ ഉണർത്തുപാട്ടായിരുന്നു. ചേമ്പ്, പച്ചമുളക്, ചെറുകിഴങ്ങ്, കാച്ചിൽ നാടൻ വാഴകൾ എന്നിവയിൽ ഹരിതാഭ പൂണ്ട പറമ്പുകൾ എങ്ങും കാണാമായിരുന്നു. കൊയ്ത് കാലത്ത് വയലുകളിൽ 'താപ്പടി' പെറുക്കുന്ന കുട്ടികളുടെ ബഹളവും വീടുകളിൽ നിന്നുയരുന്ന അവിലിടിയുടെ താളാത്മകതയും ഇന്ന് വെറും ഓർമ്മകൾമാത്രം. ഒരുപ്പൂ, ഇരുപ്പൂ കൃഷിക്കുശേഷം, വിസ്തൃതമായ നെൽവയലുകൾ, കയ്പ, പടവലം വെള്ളരി, ഇളവൻ, മത്തൻ എന്നിവയുടെ കൃഷിക്കളമായി മാറുന്നു. വെള്ളരി കൃഷിക്കാർ കാവൽ പന്തലുകളിൽ അരങ്ങേറിയിരുന്ന 'വെള്ളരി നാടകങ്ങൾ.

കർഷക ഹൃദയങ്ങളിലെ കലാഭിരുചിയ്ക്ക് നിദർശനമായി നാം ഇന്നും ഓർമ്മിക്കുന്നു.

## *കാർഷിക ചരിത്രം*

പഞ്ചായത്തിലെ ഭൂമി ആദ്യകാലത്ത് സാമൂതിരി രാജാവിൻേറതായിരുന്നുവെന്നാണ് മനസ്സിലാവുന്നത്. രാജസ്ഥാനത്തുനിന്ന് ബ്രാഹ്മണർക്ക് ലഭിച്ചിരിക്കാം. ബ്രാഹ്മണർ കാർഷികവൃത്തിയിൽ പൊതുവെ വിമുഖരായതിനാൽ തങ്ങൾക്ക് കിട്ടിയ ഭൂമി, കൃഷി നടത്താനായി പല സ്ഥാനികളെ ഏല്പിക്കുകയും സ്ഥാനികൾ ആയത് തങ്ങളുടെ കീഴിലുള്ളവർക്ക് പാട്ടം വാരം നിശ്ചയിച്ച് ഏല്പിക്കുകയും ചെയ്തിരിക്കാം. കുറെഭൂമി ക്ഷേത്രാവശ്യത്തിനായി നീക്കിവെച്ചിരുന്നു. വില്ലേജ് ആപ്പീസ് രേഖകൾ പ്രകാരം ഭൂമിയുടെ പ്രധാന ജന്മാവകാശികൾ താഴെ പറയുന്നവരാണ്.

**പട്ടിക 1:1**

| | ജന്മിയുടെ പേര് | വിസ്തീർണ്ണം |
|---|---|---|
| 1. | മുതുകുറ്റിൽ ദേവസ്വം | 164 ഏക്കർ |
| 2. | കൊടക്കാട്ട് പണിക്കർ | 67 ഏക്കർ |
| 3. | മാവിളി അമ്മ | 65 ഏക്കർ |
| 4. | മേപ്പാട്ടോറ് | 87 ഏക്കർ |
| 5. | പൊയിൽക്കാവ് ദേവസ്വം | 63 ഏക്കർ |
| 6. | പുളിയേരികിടാവ് | 83 ഏക്കർ |
| 7. | കൊണ്ടംവെള്ളി ദേവസ്വം | 38 ഏക്കർ |
| 8. | പാറക്കലമ്മ | 46 ഏക്കർ |
| 9. | സാമൂതിരി രാജാവ് | 62 ഏക്കർ |
| 10. | കൊരയങ്ങാട് ദേവസ്വം | 28 ഏക്കർ |
| 11. | കോതമംഗലം ദേവസ്വം | 22 ഏക്കർ |
| 12. | പുനത്തുന്നവല് | 86 ഏക്കർ |
| 13. | പുത്തലത്തുന്നവല് | 46 ഏക്കർ |
| 14. | കിഴുമ്പറമ്പത്ത് | 42 ഏക്കർ |

(അവലംബം - വില്ലേജ് ഓഫീസ് രേഖകൾ)

ഭൂപരിഷ്ക്കരണ നിയമം മൂലം പാട്ടവ്യവസ്ഥ അവസാനിക്കുകയും ഭൂമി ചെറിയ കർഷകരുടെ കൈവശമാകുകയും ചെയ്തു. കൂട്ടുകുടുംബ തകർച്ചയോടെ മുഴുവൻ ഭൂമിയും തുണ്ടുകളായി വിഭജിക്കപ്പെട്ടു.

## പട്ടിക 1:2

| ഭൂമിയുടെ വിതരണം (പ്രാഥമിക വിവര സർവ്വെ ഒക്ടോ. 96) | |
|---|---|
| കൈവശഭൂമിയുടെ വിസ്തീർണ്ണം | കുടുംബങ്ങളുടെ എണ്ണം |
| 5 സെൻറിൽ താഴെ കൈവശം | 351 |
| 5 മുതൽ 10 സെൻറ് വരെ | 860 |
| 10 മുതൽ 25 വരെ | 1456 |
| 25 മുതൽ 50 വരെ | 1177 |
| 50 സെൻറ് മുതൽ 2 ഏക്കർ വരെ | 696 |
| 2 ഏക്കറിൽ അധികം | 60 |

മേൽപട്ടികയിൽ നിന്ന് 10 മുതൽ 25 വരെ സെൻറ് ഭൂമിയുടെ ഉടമകളാണ് പഞ്ചായത്തിൽ അധികമുള്ളത് എന്ന് കാണാം.

പഞ്ചായത്തിലെ ആകെഭൂമി, പുരയിടം നിലം പുറമ്പോക്ക് എന്നിങ്ങനെ വിഭജിച്ചാൽ താഴെ പറയുന്ന പട്ടികപ്രകാരം ആകെ ഭൂമിയുടെ 30% നെൽകൃഷിക്കുവേണ്ടി വിനിയോഗിച്ചിരുന്നുഎന്നു കാണാം.

## പട്ടിക 1:3

| | ഭൂമിയുടെ തരം | അളവ് |
|---|---|---|
| 1. | പുരയിടം | 2222 ഏക്കർ |
| 2. | നിലം | 969 ഏക്കർ |
| 3. | പുറമ്പോക്ക് | 99 ഏക്കർ |
| 4. | തരിശ് | 15 ഏക്കർ |
| | ആകെ | 3305 ഏക്കർ |

## പട്ടിക 1:4

| പുറമ്പോക്ക് ഭൂമിയുടെ വിവരം അവലംബം: വില്ലേജ് ആപ്പീസ് | |
|---|---|
| റെയിൽ | 6.26 ഏക്കർ |
| കനാൽ | 13.69 ഏക്കർ |
| റോഡ് | 16.00 ഏക്കർ |
| കുളം മുതലയായവ | 13.43 ഏക്കർ |
| പുഴ | 49.62 ഏക്കർ |
| **ആകെ** | **99 ഏക്കർ** |

കാലക്രമത്തിൽ കൃഷി ഒരു മുഴുവൻ സമയതൊഴിൽ അല്ലാതായി. കൂലിചെലവ് വർദ്ധന വളത്തിൻെറ വിലകൂടുതൽ മുതലായ കാരണങ്ങളാൽ നെൽകൃഷി കുറയുകയും കർഷകരുടെശ്രദ്ധ ദീർഘകാല വിളവുകളിലേക്ക് തിരിയുകയും ചെയ്തു. ജനസംഖ്യാവർദ്ധനവിനനുസരിച്ച്പുതിയ വീടുകൾ നിർമ്മിക്കാനും നാണ്യവിളകൾ കൃഷി ചെയ്യാനുമായി നെൽ വയലുകൾ നികത്തപ്പെട്ടു തുടങ്ങി. അടുത്തു നടന്ന ഒരു സർവ്വേ പ്രകാരം പഞ്ചായത്തിൽ 400 മുഴുവൻസമയ കർഷകരും 1397 കർഷക തൊഴിലാളികളും ഉണ്ടെന്നാണ് മനസ്സിലാവുന്നത്. ഇവരിൽ അധിക പേരും നെൽ ഒഴിച്ചുള്ള കൃഷിയിലാണ് ഏർപ്പെട്ടിരിക്കുന്നത്.

കർഷകരുടെ ശ്രദ്ധ നെല്ലിൽ നിന്നും തെങ്ങിലേക്ക് തിരിഞ്ഞതായി കാണാം. വയലുകൾ തരിശിടാനും തോട്ടങ്ങളാക്കി തെങ്ങുവളർത്താനും തുടങ്ങി. ഇതുമൂലം കാർഷിക രംഗത്ത് പ്രവർത്തിച്ചിരുന്ന വളരെയധികം പേർക്ക് തൊഴിലില്ലാതായി എന്ന ദുഃഖ സത്യം തെളിഞ്ഞു വരുന്നു. കൂലിചെലവും കാർഷിക രംഗത്ത് മരവിപ്പ് ഉണ്ടാക്കിയിട്ടുണ്ട് എന്ന് താഴെ ചേർത്ത കണക്കിൽ നിന്ന് തെളിയുന്നു.

## പട്ടിക 1:5

| കൂലിചെലവ് | | |
|---|---|---|
| ജോലി ഇനം | പുരുഷൻ | സ്ത്രീ |
| ഉഴവ് | 150.00 | - |
| ഞാറു നടൽ | - | 50.00 |
| കൊത്ത് കിള | 100.00 | - |
| വിത | 85.00 | 50.00 |
| കളപറിക്കൽ | - | 50.00 |

ഉഴവു സാധനങ്ങളുടേയും ഉപകരണങ്ങളുടെയും ദൗർലഭ്യവും നെൽകൃഷി രംഗത്ത് തളർച്ച ഉണ്ടാക്കിയിട്ടുണ്ട്.

## പട്ടിക 1:6

| | ഉഴവ് ഉപകരണങ്ങൾ | നിലവിലുള്ള എണ്ണം |
|---|---|---|
| 1. | ഉഴവു കാള | 5 ജോഡി |
| 2. | ട്രാക്ടർ | ഇല്ല |
| 3. | ട്രില്ലർ | 3 |
| 4. | റോക്ക് സ്പ്രെയർ | 6 |
| 5. | നാപ്സ്റ്റിക്ക് സ്പ്രെയർ | 5 |

നെല്ലിൽ നിന്നും തെങ്ങു കൃഷിയിലേക്കുള്ള മാറ്റവും ഉദ്ദേശിച്ച ഫലം ഉളവാക്കിയിട്ടില്ല എന്നുകാണാം. നാളികേരത്തിൻെറയും അടക്കയുടേയും ഉല്പാദനം തീരെ തൃപ്തികരമല്ല. ആകെ കൃഷി ഭൂമിയിൽ മൂന്നിൽ രണ്ടു ഭാഗത്ത് ഇന്ന് തെങ്ങ് കൃഷിയുണ്ട്. ശാസ്ത്രീയമായ പരിചരണമില്ലായ്മയും ഈ കൃഷിയിലുള്ള

അജ്ഞതയും ജലദൗർലഭ്യവുമാണ് പ്രധാന പ്രശ്നങ്ങൾ. പഞ്ചായത്തിലെ 104560 തെങ്ങുകളിൽ നിന്നായി വർഷത്തിൽ 3136800 തേങ്ങയാണ് ലഭിച്ചത്. കേരളത്തിന്റെ ഒരു തെങ്ങിൽ നിന്നുള്ള ശരാശരി ഉല്പാദനം 38 ആയിരിക്കെ ഈ പഞ്ചായത്തിൽ ആയത് 30 മാത്രമാണ്. അടക്കയുടെ ഉല്പാദനവും വളരെ കുറവാണ്.

നെൽകൃഷിയുടെയും മറ്റു കൃഷികളുടെയും കാര്യത്തിൽ വെള്ളം ഒരു പ്രധാന പ്രശ്നമായി മാറിയിരിക്കുകയാണ്. പ്രധാന ജലസ്രോതസ്സുകളായിരുന്ന കുളങ്ങളും തോടുകളും നശിച്ച കൊണ്ടിരിക്കയോ പലതും നശിച്ചു പോകയോ ചെയ്തിരിക്കുന്നു.

ഇന്നുള്ള കുളങ്ങളുടെയും മറ്റു ജലസ്രോതസ്സുകളുടേയും വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 1:7

| വാർഡ് | തോട് | കുളം |
|---|---|---|
| 1. | വെൺതോട്<br>കണോളി പൊയിൽ<br>കാരോൽ താഴ ഫീൽഡ് ബൂത്തി | മേലൂർ ക്ഷേത്ര കുളം, കച്ചേരി കുളം, പുളിയോട്ടു കുളം, ചെറുവലത്ത് കുളം, തൈക്കണ്ടികുളം, കൊണ്ടം വെള്ളി ക്ഷേത്രക്കുളം, അയ്യോളി കുളം, പാലോട്ടേരി താഴകുളം, കോയിക്കുളങ്ങരക്കുളം, കുന്നംകുളം, ഇല്ലത്തുതാഴകുളം. |
| 2. | അത്തറച്ചാൽ | വെതോളികുളം, കുണ്ടംകുളം |
| 3. | | മണക്കുളം, പീടികക്കണ്ടി സർക്കാർകുളം, കിഴുപ്പുറത്ത് താഴകുളം, കാഞ്ഞിലാരി താഴക്കുളം, പാലോട്ട് കുളം, മണലിൽതൃക്കോവിൽ ക്ഷേത്രക്കുളം, ആലങ്ങോട്ട് ക്ഷേത്രക്കുളം. |
| 4. | | കുന്നാരികുളം, പാറക്കൽ താഴകുളം, മൂത്തേടത്ത്കുളം |
| 5. | | പുനത്തുംപടിക്കൽ ക്ഷേത്രക്കുളം, മാടാഞ്ചിക്കുളം, തൊറോത്ത് കുളം, ആനിക്കാട്ട്കുളം, രാമൻകുളം, വയനോത്ത് ക്ഷേത്രക്കുളം, വടക്കയിൽ താഴക്കുളം. |
| 6. | കുരിച്ചിക്കണ്ടിക്കുളം മുതൽ അത്തറച്ചാൽ വരെ | നെടൂളികുളം, നെല്ലൂളിക്കുളം, പുത്തൻകുളം, പുറ്റാട്ട് താഴകുളം, കണ്ണഞ്ചേരി കുളം, പാവക്കോട്ട്കുളം, കളത്തിൽകുളം, |
| 7. | | പൊയിൽക്കാവ് ക്ഷേത്രക്കുളം, പാറക്കുളം, മുളിയപ്പുറത്ത് കുളം, മനത്താങ്കണ്ടിതാഴകുളം, കോളൂർ ക്ഷേത്രക്കുളം. |
| 8. | | തൊങ്ങോട്ടുകാവ് കുളം, മുതുകുറ്റിൽ ക്ഷേത്രക്കുളം, കുരിച്ചിക്കണ്ടിക്കുളം, തറക്കാട്ട്താഴെകുളം, പൊറ്റമ്മൽ ക്ഷേത്രക്കുളം, തുരുത്തിക്കുളം, കിഴുമ്പറത്ത് താഴക്കുളം, പുത്തൻകുളം, ആന്തട്ടക്ഷേത്രക്കുളം, മാനത്താനത്ത് താഴകുളം. |
| 9 | | പുത്തൻകുളം, ആന്തട്ട ക്ഷേത്രകുളം, മനത്താനത്ത് താഴെകുളം, മുട്ടികുളം |
| 10. | ഏഴുകുടിക്കൽ തോട് | – |
| 11. | | ഇല്ലക്കുളം, തോട്യാടത്ത്താഴകുളം, തെക്കയിൽ ക്ഷേത്രക്കുളം പുത്തൻപുരയിൽ താഴക്കുളം. |

മഴയെമാത്രം ആശ്രയിച്ചിരുന്ന കാലത്ത് ഈ ജലസ്ത്രോതസ്സുകൾ കർഷകർക്ക് ഒരനുഗ്രഹമായിരുന്നു. ചില തോടുകൾ നികന്നുപോയതുകൊണ്ട് പലസ്ഥലത്തും നീർക്കെട്ടും അനുഭവപ്പെടുന്നുണ്ട്. മേലൂർഭാഗത്തുനിന്ന് ചെങ്ങോട്ടുകാവിലൂടെ ചേമഞ്ചേരി ഭാഗത്തേക്കുണ്ടായിരുന്ന തോട് കേടുവന്നതിനാൽ നീർക്കെട്ടുകൊണ്ട് 200 ഏക്രയിലധികം വയൽ കൃഷിചെയ്യാൻ യോഗ്യമല്ലാതായി. അതുപോലെ കുറവങ്ങാട് നിന്ന് പാളപ്പുറത്ത് താഴെക്കൂടി വന്നിരുന്ന തോടിൻെറ നാശം മൂലം നീർക്കെട്ടുണ്ടായി 500 ഏക്കറിലധികം വയൽ നീർക്കെട്ടുകൊണ്ട് ഉപയോഗയോഗ്യമല്ലാതായിരിക്കുന്നു. വികസനമെന്ന പേരിൽ അശാസ്ത്രീയമായ റോഡുനിർമ്മാണവുംപ്രകൃത്യാ ഉള്ള നീരൊഴുക്കിനെ തടഞ്ഞിട്ടുണ്ട്. കീരൻ തോടിനു മുകളിലൂടെ നിർമ്മിച്ച റോഡ് ഇതിനുദാഹരണമാണ്. പഞ്ചായത്തിലെ പലസ്ഥലങ്ങളിലും വയൽനികത്തി വീടുണ്ടാക്കിയതും ജലദൗർലഭ്യത്തിനും നീർക്കെട്ടിനും കാരണമായിട്ടുണ്ട്. വേനൽക്കാലത്ത് ജലലഭ്യതക്കുവേണ്ടി നിർമ്മിച്ച കുറ്റ്യാടി കനാലിൻെറ സ്ഥിതിയും ഇതുതന്നെ. ആവശ്യമില്ലാത്തപ്പോൾ വെള്ളം തുറന്നുവിടുന്നതുമൂലം പലഭാഗത്തും നീർക്കെട്ടുണ്ടാവുന്നു. 2 കിലോമീറ്റർ നീളമുള്ള പ്രധാന കനാൽ പല കൈവഴികളിലായി 13 ഏക്കർ സ്ഥലത്ത്വ്യാപിച്ചു കിടക്കുന്നു. കൈവഴികളുടെ സംരക്ഷണമില്ലായ്മ മൂലം പലപ്പോഴും വേനൽക്കാല പച്ചക്കറികളുടെ നാശത്തിനാണ് കനാൽ വഴിയൊരുക്കുന്നത്. ആവശ്യമുള്ള സമയത്ത് കനാലിൽ വെള്ളം ഉണ്ടാവാറുമില്ല.പമ്പുസെറ്റ് വെച്ച് ജലസേചനം നടത്തുന്നവരുടെഎണ്ണം വിരലിലെണ്ണാവുന്നതേ ഉള്ളൂ.

രോഗങ്ങളും കർഷകരെ വിഷമിപ്പിക്കുന്നുണ്ട്. തെങ്ങിനും നെല്ലിനും പച്ചക്കറിക്കും കീടബാധയുണ്ട്. ജൈവവളം തീരെകിട്ടാനില്ല. രാസവളങ്ങളുടെ വിലക്കൂടുതലും പ്രശ്നമാണ്.

പച്ചക്കറി ഉല്പാദനത്തിൻെറ സ്ഥിതി വളരെ ശോചനീയമാണ്. മണ്ണിൽ ജോലി ചെയ്യുക എന്നത്ഒരു അഭിമാനക്ഷതമായി പലരും കാണുന്നു. ഇടവിളകൾ അപ്രത്യക്ഷമായി സ്വന്തമായി കൃഷിചെയ്ത് ഭക്ഷിക്കുക എന്ന കാർഷിക സംസ്കാരത്തിന് പകരം എല്ലാം ചന്തയിൽ പോയി വാങ്ങുകഎന്ന ഉപഭോക്തൃസംസ്കാരം ജനങ്ങളിൽ വളരുകയാണ്. പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവക്ക് ഈ പഞ്ചായത്ത് ഇന്ന് മറ്റു ജില്ലകളേയും തമിഴ്നാടിനേയും ആശ്രയിക്കുകയാണ്. അഞ്ചുവർഷത്തിനുള്ളിൽ പച്ചക്കറിക്കടകളുടെ എണ്ണം അഞ്ചിരട്ടിയായി വർദ്ധിച്ചിട്ടുണ്ട്.

പട്ടിക 1:8

| പച്ചക്കറി വിനിയോഗം | | | |
|---|---|---|---|
| പച്ചക്കറിയുടെ പേര് | | 1 മാസത്തിൽ ഉപയോഗിക്കുന്നത് | കൃഷി ചെയ്യുന്നത് |
| 1. | മരച്ചീനി | 15000 കിലോ | 50കിലോ |
| 2. | കായ | 18000 കിലോ | 100കിലോ |
| 3. | ചേന | 3000 കിലോ | 50 കിലോ |
| 4. | തക്കാളി | 10000 കിലോ | ഇല്ല |

മേൽപട്ടികയിൽ നിന്ന് പ്രധാനപച്ചക്കറികൾക്ക് മറ്റുള്ളവരെ തികച്ചും ആശ്രയിക്കേണ്ടി വരുന്നുഎന്ന് മനസ്സിലാക്കാം.

## *നടപ്പു പദ്ധതികൾ*

കാർഷികരംഗത്ത് ഉല്പാദനവർദ്ധനവിനായി സർക്കാർ ആവിഷ്ക്കരിച്ച പല പദ്ധതികളും ജനങ്ങൾക്ക് ഉപകാരപ്രദമല്ലാതെ പോകുന്നു എന്നത് ഒരു ദുഃഖസത്യമാണ്. പലപ്പോഴും ഇത്തരം പരിപാടികളെപ്പറ്റി കർഷകർക്ക് അറിവുകിട്ടുന്നില്ല. പാടശേഖരസമിതി, കേരകർഷകസമിതി, കുരുമുളക് സംരക്ഷണസമിതി എന്നിവയുടെ പ്രവർത്തനവും തൃപ്തികരമല്ല. സർക്കാർവിവിധ പരിപാടികളിലൂടെ നൽകുന്ന സഹായധനം പലരും ദുരുപയോഗപ്പെടുത്തുന്നതായി പരാതിയുമുണ്ട്.

| പട്ടിക 1:9 | നടപ്പുപദ്ധതികൾ | | |
|---|---|---|---|
| പദ്ധതി | ഉദ്ദേശ്യം | സഹായധനം നൽകിയത് | ആനുകൂല്യം ലഭിച്ചവർ |
| 1. ഐ.പി.ഡി.എസ് | സുഗന്ധദ്രവ്യ കൃഷിയുടെ സമഗ്ര വികസനം, ഗ്രാമ്പൂ കുരുമുളക് മഞ്ഞൾ തുടങ്ങിയവ | തൈകൾക്ക് വിലക്കുറവ് | 7 |
| 2. കുരുമുളക് പ്രദർശനത്തോട്ടം | 50 കാലുകളിൽ 50 വള്ളികൾ ചുരുങ്ങിയത് നടുക | 515/- | 3 |
| 3. കുരുമുളക് കൂടുതൽ സ്ഥലത്ത് വെച്ചുപിടിപ്പിക്കൽ | രാസവളം ജൈവവളം നൽകൽ | - | |
| 4. പച്ചമുളക് പ്രദർശനത്തോട്ടം | 25 സെൻറ് സ്ഥലത്തെങ്കിലും നടുക | 300/- | 2 |
| 5. ഗ്രാമ്പൂ പ്രദർശന തോട്ടം | 25 എണ്ണം നട്ടുപിടിപ്പിക്കുക | 1200/- | 2 |
| 6. പ്രത്യേക ഘടക പദ്ധതി | 50 പേർക്ക് വിത്തും വളവും നൽകുക | സൗജന്യവിത്തും 10 രൂപ വീതം വളത്തിനും. | 50 |
| 7. യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽ ദാനം | മിനിനഴ്സറി കൊപ്രചേവ് | 50% സബ്സിഡി | 3 |
| 8. സമഗ്രനാളികേര വികസന പദ്ധതി | കിണർ കുഴിക്കൽ പമ്പ്സെറ്റ് വാങ്ങൽ തെങ്ങ് കയറ്റയന്ത്രം സാമൂഹ്യജലസേചനം പട്ടികജാതിക്കാർക്ക് കിണർ | 85% സബ്സിഡി 123500/- | |
| 9. കർഷകവികസന സമിതി രൂപീകരണം | കൃഷി വർദ്ധിപ്പിക്കൽ | 100രൂ | |
| 10. നീർമറി | 9-ാം പദ്ധതിയിൽ ഉൾപ്പെടുത്തുന്നു | | |
| 11. നെൽക്കൃഷി പദ്ധതി | വിത്തുൽപ്പാദന പരിപാടി മിനി കിറ്റ് വിതരണം | ഏക്കറിൽ 100 രൂപ ബോണസ്സ് | 40 |
| 12. മരുന്ന്, നടീൽ വസ്തുക്കൾ വില്പന | | | |
| 13. മഹാളിമരുന്ന് തളി | കവുങ്ങിന് രോഗനിയന്ത്രണം | 1 ഏക്കറിന് 400 ക | 5 പേർ |
| 14. വിള ഇൻഷൂറൻസ് | തെങ്ങിന് | 1000/- | 1 |
| 15. പ്രകൃതിക്ഷോഭ സഹായം | നശിച്ച തെങ്ങിന് സഹായം | 75രൂപ | 6 |
| 16.പച്ചക്കറി ഉല്പാദനം | പച്ചക്കറി ഉല്പാദനവർദ്ധനവ് | 24500 | 6 |

അവലംബം: കൃഷിഭവൻ രേഖകൾ

മേൽപദ്ധതികളുടെ ഗുണം വേണ്ടപോലെ പ്രയോജനപ്പെട്ടിട്ടില്ല.

ചുരുക്കിപ്പറഞ്ഞാൽ നെല്ല്, തെങ്ങ്, പച്ചക്കറി കൃഷികളിൽ വേണ്ടത്ര താല്പര്യം ജനങ്ങൾക്ക് പല കാരണങ്ങളാലും ഇല്ല എന്നത് സ്പഷ്ടമാണ്.

എത്രയും പെട്ടന്ന് ഈ മേഖലകളിലുള്ള മരവിപ്പ് മാറ്റണ്ടത് അത്യാവശ്യമാണെന്ന് മനസ്സിലാക്കിയാൽ ജനവിദ്യാകേന്ദ്രത്തിൻേറയും മേലൂർ ശ്രീരാമകൃഷ്ണാശ്രമത്തിൻെറയും കൃഷിഭവൻേറയും പഞ്ചായത്തിൻേറയു ആഭിമുഖ്യത്തിൽ മൂന്നുകൊല്ലമായി ചില പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ടെന്നത് ആശ്വാസകരമാണ്. വിഷുവിന് നടക്കുന്ന ഗ്രാമച്ചന്തയാണ് അതിൽ പ്രധാനം. എല്ലാവീട്ടിലും ഒരു അടുക്കളത്തോട്ടം ഉണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടെ എല്ലാ വാർഡുകളിലും നിരന്തരമായ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. കർഷകർക്കാവശ്യമായ പച്ചക്കറി വിത്തുകൾ സൗജന്യമായി വിതരണം ചെയ്തു വരുന്നു. വ്യക്തികളും സംഘങ്ങളും ഉണ്ടാക്കിയ പച്ചക്കറി തോട്ടങ്ങൾക്ക് സമ്മാനങ്ങൾ നൽകുകയും പഞ്ചായത്തിലെ പഴയ കൃഷി വിദഗ്ധരെ ആദരിക്കുകയും ചെയ്തു വരുന്നുണ്ട്. അടുത്ത കാലത്ത് കൂൺ കൃഷിയിലും പരിശീലനം നൽകി വരുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി ഫലമായി കൃഷിമാന്യമായ ഒരു തൊഴിലാണെന്നും കാർഷികോല്പാദന വർദ്ധന ഉണ്ടാവുന്നില്ലെങ്കിൽ അതിഭയങ്കരമായ ഭക്ഷ്യപ്രതിസന്ധി ഉണ്ടാവുമെന്നും ഉള്ള ബോധം ജനങ്ങളിൽ പ്രത്യേകിച്ച് യുവാക്കളിലും വിദ്യാർത്ഥികളിലും ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം ബോധവൽക്കരണ പ്രവർത്തനങ്ങളുടെ അംഗീകാരമെന്നനിലയിൽ കേരളത്തിലെ 100 പച്ചക്കറി പഞ്ചായത്തുക്കളിൽ ഒന്നായി ഈ പഞ്ചായത്തിനെ തെരഞ്ഞെടുത്തതായി ബഹു. കൃഷി മന്ത്രി ഈയിടെ പ്രസ്താവിക്കുകയുണ്ടായിഇത്തരം പ്രവർത്തനങ്ങൾ നമുക്ക് പ്രതീക്ഷക്ക് വക നൽകുന്നു.

## *പ്രശ്നങ്ങൾ*

- കനാൽ ജലം കൃഷിക്ക് ആവശ്യമുള്ളപ്പോൾ കിട്ടുന്നില്ല.
- ആവശ്യമില്ലാത്തപ്പോൾ തുറന്നുവിടുന്നതിനാൽ കൃഷിനശിക്കുന്നു. പുഴയോരങ്ങളിൽ ബണ്ട് ഇല്ലാത്തതിനാലും ഉപ്പുവെള്ളം കയറുന്നു.
- പന്തലായനി കുറുവങ്ങാട് സ്ഥലങ്ങളിൽ നിന്ന് വെള്ളം കീരൻതോടു വരെ വന്ന് നീർക്കെട്ട് ഉണ്ടാക്കുന്നു.
- മേലൂർഭാഗത്തുള്ള വെള്ളം മുമ്പുണ്ടായിരുന്ന തോട് വേണ്ട വിധം സംരക്ഷിക്കാതിരുന്നതിനാൽ ഒന്ന്, ഒൻപത്, അഞ്ച്, ഏഴ് വാർഡുകളിൽ നീർക്കെട്ടുണ്ടാകുന്നു.
- തെങ്ങിന് തെങ്ങോലപ്പുഴു ബാധയും കൂമ്പുചീയലും വ്യാപകമായിട്ടുണ്ട്. കൊമ്പൻചെല്ലിയുടെ ഉപദ്രവവും ഉണ്ട്. വാഴക്ക് കുമ്പടക്കൽ രോഗം പരന്നിട്ടുണ്ട്.
- ഏപ്രിൽ മെയ് മാസങ്ങളിൽ ജലദൗർല്ലഭ്യം അനുഭവപ്പെടുന്നു.
- പച്ചക്കറിക്കും വെറ്റിലക്കും വിപണനസൗകര്യം ഇല്ലാത്തതിനാൽ വേണ്ടത്രവില കിട്ടുന്നില്ല.
- മണ്ണുപരിശോധന നടക്കുന്നില്ല
- കൃഷിഭവൻെ മേൽനോട്ടവും സഹായവും കർഷകർക്ക് ലഭിക്കുന്നില്ല.
- വെറ്റിലകൃഷിക്ക് വേണ്ടതായ അസംസ്കൃത സാധനങ്ങളുടെ ലഭ്യത കുറവാണ്.
- രാസവളത്തിൻെറ വില വളരെ കൂടുതലാണ്. പഞ്ചായത്തിൽ വളം ഡിപ്പോ ഇല്ല.
- പച്ചിലവളത്തിൻേറയും മറ്റു ജൈവവളങ്ങളുടേയും ലഭ്യത വളരെ കുറവാണ്
- വീടുകൾക്കും നാണ്യവിളകൾക്കുമായി വയൽ നികത്തപ്പെടുന്നതിനാൽ നെൽകൃഷിഭൂമി കുറയുന്നു.
- ചുരുങ്ങിയ ഭൂമിയുള്ളവർക്ക് പമ്പുസെറ്റ് വെക്കാൻ ലോൺ കിട്ടുന്നില്ല
- കനാലിന് അക്വയർ ചെയ്തസ്ഥലത്ത് 3ാം വാർഡിൽ തരിശായി കിടക്കുന്നു.
- കാർഷികവൃത്തയിൽ താല്പര്യം കുറഞ്ഞതിനാൽ പുരയിടങ്ങൾ ഇടവിളകളില്ലാതെ തരിശായി കിടക്കുന്നു.

- കൃഷിചെയ്യാൻ താല്പര്യമുള്ളവർക്ക് കൃഷിഭൂമി ഇല്ല
- നല്ല നടീൽ വസ്തുക്കൾ ലഭ്യമല്ല
- ധാരാളം മിനിനഴ്സറികൾ സ്ഥാപിക്കാൻ സംവിധാനം ഉണ്ടാകണം.
- കുന്നിൻപ്രദേശങ്ങളായ മങ്ങാട്-ചേലിയ എളാട്ടേരി മുതലായ ഭാഗങ്ങളിൽ മണ്ണൊലിപ്പ് ഉണ്ട്
- കൃഷിഭൂമി തുണ്ട് തുണ്ടായതിനാൽ നല്ല കൃഷി രീതികൾ അവലംബിക്കാൻ സാധിക്കുന്നില്ല
- ഉഴവുകാളകളോ, ടില്ലറുകളോ ആവശ്യത്തിന് ലഭിക്കുന്നില്ല
- അമിതരാസവള പ്രയോഗം കൊണ്ടും ജൈവവളമില്ലായ്മകൊണ്ടും മണ്ണിന്റെ ഫലഭൂയിഷ്ഠത കുറഞ്ഞിരിക്കുന്നു.

## സാധ്യതകൾ

- കുറ്റ്യാടി കനാൽ ജലം ജനുവരി 15ന് ശേഷം തുറന്നു വിടുകയും ആവശ്യമനുസരിച്ച് ഷട്ടറുകൾ സ്ഥാപിക്കുകയും വേണം.
- പോത്തൻകൈ, ഒരുവക്കുന്നത്ത്, പൂതപ്പാറ, പൊക്കിലാരിതാഴ-മയിലാടുംപാറ എന്നിവിടങ്ങളിൽബണ്ട് കെട്ടുകയും കൃഷ്ണൻ നായർ നടബലപ്പെടുത്തുകയും വേണം. കനാലിന് ഷട്ടർ ഇടണം.
- കോലാറൊടി നിലത്തിന് കിഴക്കുഭാഗത്തും കാത്തുറ്റിയിലൂടെ എള്ളുപറമ്പിൽ താഴെ വരെയും പാളപ്പുരത്തു താഴക്കുടി തോടു നിർമ്മാണം
- നേരത്തെയുണ്ടായിരുന്ന മേലൂർഭാഗത്ത്നിന്ന് ചേമഞ്ചേരി വരെയുള്ള തോട് നന്നാക്കിയെടുത്ത് സംരക്ഷിക്കണം.
- എതിർപ്രാണികളെ വിട്ട്തെങ്ങോലപ്പുഴുവിന്റെ ശല്യം ഇല്ലാതാക്കാം. പരമ്പരാഗത കീടനാശിനിപ്രയോഗത്തിലൂടെ കീടബാധ തടയാം. നാടൻ കീടനാശിനികൾ ഉണ്ടാക്കുന്ന യൂനിറ്റ് തുടങ്ങണം.
- മഴവെള്ളം പാഴായിപ്പോകാതെ സംഭരിക്കുവാൻ കുളങ്ങൾ കേടുപാടുകൾ തീർക്കണം. പറമ്പുകളിൽ കുഴികളുണ്ടാക്കി മഴവെള്ളം സംഭരിക്കണം.
- ആഴ്ചച്ചന്തകൾ നടത്തി വിപണനസൗകര്യം ഉണ്ടാക്കണം.
- മണ്ണു പരിശോധനാ സംവിധാനം ഏർപ്പെടുത്തണം. മൊബൈൽ യൂനിറ്റിന്റെ പ്രവർത്തനം സാർവ്വത്രികമാക്കണം.
- കൃഷിഭവന്റെ നിർദ്ദേശങ്ങൾ കർഷകർ അറിയാൻവേണ്ടി റേഷൻഷാപ്പുകളിലും വായനശാലകളിലും ക്ലബ്ബുകളിലും പ്രസിദ്ധപ്പെടുത്തണം.
- വെറ്റില/കൃഷി ചെയ്യാൻ കൂടുതൽ പേർക്ക് പരിശീലനം നൽകണം. അസംസ്കൃതസാധനങ്ങൾ ലഭിക്കാൻ സംവിധാനം ഉണ്ടാക്കണം.
- രാസവളങ്ങൾക്ക് സബ്സിഡി കിട്ടണം. ഒരു വളം ഡിപ്പോ തുടങ്ങണം.
- പാടങ്ങളിലെ വരമ്പുകളിലും പറമ്പുകളുടെ അതിരിലും ശീമക്കൊന്ന നട്ടു പിടിപ്പിക്കണം. ഇഷ്ടംപോലെ ലഭിക്കുന്ന ചകിരിച്ചോറ് ഉപയോഗിച്ച് ജൈവവളനിർമ്മാണയൂനിറ്റ് തുടങ്ങണം.
- നെൽവയലുകൾ നികത്തുന്നത് കർശനമായി നിരോധിക്കണം.
- പമ്പ്സെറ്റ് വെക്കാനുള്ള ചട്ടങ്ങൾ ലഘൂകരിക്കണം.
- അക്വയർ ചെയ്ത സ്ഥലത്ത് കനാൽ നിർമ്മിക്കുകയോ കൃഷിചെയ്യാൻ അനുവദിക്കുകയോ ചെയ്യണം.
- കൃഷിയുടെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണക്ലാസുകൾ നടത്തണം.
- തരിശ്ഭൂമികളും കൃഷിചെയ്യാതെ ഒഴിച്ചിട്ടിരിക്കുന്ന പറമ്പുകളും താല്പര്യമുള്ള വ്യക്

തിക്കോ സംഘത്തിനോ സൗജന്യമായോ പാട്ടത്തിനോ കൃഷിചെയ്യാൻ അനുവദിക്കണം.

- തട്ടുതട്ടായി കൃഷിചെയ്യാനും മണ്ണൊലിപ്പ് തടയാനുള്ള പരിപാടികൾ ഉണ്ടാക്കണം. ബണ്ട് കെട്ടണം.
- കൂട്ടുകൃഷി സമ്പ്രദായവും തുണ്ട് ഭൂമി കൃഷിക്കാരുടെ യോജിച്ചുള്ള കൃഷിപരിപാടികളും നടപ്പിലാക്കണം.
- നല്ലഇനം ഉഴവുകാളകളേ വളർത്താൻ ധനസഹായം ലഭിക്കണം. ഓരോ വാർഡിലേക്കും . ഓരോടില്ലർ അനുവദിക്കണം.
- രാസവളത്തിൻെറ അമിത പ്രയോഗം നിരുത്സാഹപ്പെടുത്തണം. പച്ചിലകൃഷി പ്രോത്സാഹിപ്പിക്കണം.

## *മറ്റുസാധ്യതകൾ*

- മേലൂർ ഭാഗത്തുനിന്ന് ചേമഞ്ചേരി വരെയുള്ള തോട്കേടുപാടുകൾ തീർക്കാൻ കർഷകരുടേയും യുവജനങ്ങളുടേയും സൗജന്യസേവനം ലഭ്യമാണ്.
- ഒന്നാം വാർഡിലെ പുളിയോട്ടുകുളം ജലസേചനത്തിനായി വിട്ടുതരാൻ തയ്യാറാണ്
- ഒന്നാം വാർഡിൽ പല സംഘങ്ങളും കൂട്ടുകൃഷി നടത്താൻ തയ്യാറാണ്. കാരോൽതാഴ, കൊണ്ടംവെള്ളി താഴ, കണോളി പൊയിൽ എന്നീ സ്ഥലങ്ങളിൽ ഇങ്ങനെ ചെയ്യാം.
- ഒന്നാം വാർഡിലെ കണോളി, മേച്ചം കോട്ട്, കൊണ്ടേരി, കൊഴാപ്പുറത്ത്, വട്ടക്കണ്ടി, മണ്ണാത്തിപ്പറമ്പ്, നരിക്കുനി, കോതേരിമഠം എന്നീ ഒഴിഞ്ഞുകിടക്കുന്ന പറമ്പുകൾ പച്ചക്കറി കൃഷിക്കായി ഉപയോഗിക്കാവുന്നതാണ്.
- ഒന്നാം വാർഡിൽ ഇപ്പോഴുള്ള ഒരു ചെറുനഴ്സറി വിപുലപ്പെടുത്താവുന്നതാണ്.
- വാഴ, പച്ചക്കറി, സുഗന്ധവ്യഞ്ജനം എന്നീ കൃഷികൾക്കായി 25 പേരടങ്ങുന്ന സംഘങ്ങളെ ഓരോ വാർഡിലും സംഘടിപ്പിക്കാവുന്നതാണ്.
- കാരോൽതാഴ ഫീൽഡ്ബൂത്തി കച്ചേരിപാറവരെ നീട്ടിയാൽ 500 ഏക്കർ സ്ഥലം നെൽകൃഷിക്ക് ഉപയോഗിക്കാം.
- മതിലാരി ഭാഗത്ത് കനാലിന് ഒരു ഷട്ടറിട്ടാൽ ധാരാളം സ്ഥലത്ത് പുഞ്ചക്കൃഷി നടത്താം.
- കീരൻതോട്ടിന് മുകളിലുണ്ടാക്കിയ ഫുട്പാത്തിന് കുറച്ച് പൈപ്പുകൾകൂടി ഇട്ടാൽ നീർക്കെട്ട് ഒഴിഞ്ഞുകിട്ടും.
- അഞ്ചാംവാർഡിലെ വിസ്തൃതമായ രാമൻകുളം ഉപയോഗിച്ച് കരിപ്പവയൽ,തൊറോത്ത്താഴ എന്നിവിടങ്ങളിൽ ധാരാളം കൃഷി നടത്താം. ഈ കുളം സർക്കാരിന് സൗജന്യമായി ലഭിക്കും.
- നൂഞ്ഞി എന്ന ചതുപ്പു നിലം വേണ്ടപോലെ ഉപയോഗിച്ചാൽ നൂറുകണക്കിന് സ്ഥലത്ത് കൃഷി നടത്താം.
- അത്തര ജലശേഖരം പുനരുദ്ധരിച്ചാൽ വിശാലമായ പാടത്ത് ധാരാളം കൃഷിചെയ്യാം.
- ഏഴുക്കുടിക്കൽതോട് സ്വർണ്ണക്കുളവുമായി ബന്ധിപ്പിച്ചാൽ ധാരാളം തരിശ്നിലത്ത് കൃഷി ചെയ്യാം.
- കനാൽവക്കുകളിലും പാടത്ത് വരമ്പുകളിലും പറമ്പുകളിലെ അതിരിലും ശീമക്കൊന്ന ധാരാളമായി നട്ടുപിടിപ്പിക്കാം.
- എല്ലാവാർഡുകളിലും കാർഷിക വികസന സമിതികൾ രൂപീകരിച്ച് പ്രശ്നങ്ങൾ പരിഹരിച്ചാൽ കാർഷിക ഉല്പാദനം വളരെയേറെ വർദ്ധിപ്പാക്കാവുന്നതാണ്.
- സ്കൂൾ വിദ്യാർത്ഥികളെ ഉപയോഗിച്ച് മഴക്കാലത്ത് ധാരാളം വൃക്ഷതൈകൾ ലഭ്യമാക്കാം.

# 2. മൃഗസംരക്ഷണം

കാർഷികഗ്രാമമായ ചെങ്ങോട്ടുകാവ് പഞ്ചായത്തിൽ കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കാലിവളർത്തൽ ഉഴവമാടുകളായും പാലുത്പാദനത്തിനും മാത്രമല്ല കാർഷിക മേഖലയിൽ ആവശ്യമായ ജൈവവളങ്ങളുടെ മുഖ്യസ്രോതസ്സും കന്നുകാലാകളായിരുന്നു. കാലിവളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീകരിച്ച അനേകം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. പശു, ആട് എന്നിവയാണ് വളർത്തുമൃഗങ്ങളിൽ മുഖ്യ. വളർത്തു പക്ഷികളിൽ കോഴിയും. 1987-ലെ കന്നുകാലി സെൻസെസിൽ കോഴിക്കോട് ജില്ലയിൽ ചെങ്ങോട്ടുകാവ് പഞ്ചായത്തിലെ മൂന്നാം വാർഡിൽ ആണ്. ഏറ്റവും കൂടുതൽ കന്നുകാലികൾ ഉള്ളതെന്ന് കാണുകയുണ്ടായി. ഒരു പതിറ്റാണ്ടിനിടയ്ക്ക് പഞ്ചായത്തിൽ പശു, ആട് മുതലായ പരമ്പരാഗത വളർത്തു മൃഗങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. (താരതമ്യപഠനം - പട്ടിക 2.1, 2.2)

പട്ടിക 2-1

കന്നുകാലി സെൻസെസ് 1987

| പശു | | കാള | | ആട് | കോഴി | താറാവ് |
|---|---|---|---|---|---|---|
| നാടൻ | സങ്കരം | നാടൻ | സങ്കരം | | | |
| 1200 | 2180 | 60 | 88 | 1150 | 29950 | 5 |

പട്ടിക. 2-2

1996 - ൽ നിലവിലുള്ള കന്നുകാലികൾ

| വാർഡ് | പശു | | ആട് | കോഴി | ഇറച്ചികോഴി | കുരങ്ങ് | |
|---|---|---|---|---|---|---|---|
| | നാടൻ | സങ്കരം | | | | | |
| 1 | 141 | 56 | 16 | 62 | 100 | - | |
| 2 | 92 | 22 | 36 | 190 | - | | |
| 3 | 108 | 89 | 12 | 146 | - | | |
| 4 | 63 | 30 | 28 | 98 | - | | |
| 5 | 53 | 36 | 09 | 30 | 250 | | |
| 6 | 114 | 10 | 12 | 86 | - | - | |
| 7 | 82 | 38 | 26 | 240 | - | 1 | |
| 8 | 99 | 31 | 04 | 130 | - | - | |
| 9 | 22 | 45 | 30 | 134 | - | - | |
| 10 | 31 | 11 | 20 | 117 | - | - | |
| 11 | 40 | 06 | 40 | 53 | - | - | |
| ആകെ | 845 | 374 | 233 | 1286 | 350 | - | |

(പ്രാഥമിക വിവര സർവ്വേ - ഒക്ടോബർ)

കാർഷിക ജോലിക്ക് നിലം ഉഴുന്നതിന് കാളകളെ ഉപയോഗിക്കുന്നതും തീരെ കുറഞ്ഞിട്ടുണ്ട്. കാലി വളർത്തൽ കുറഞ്ഞതിൻെറ ഫലമായി കാർഷികാഭിവൃദ്ധിയും കുറഞ്ഞു കൊണ്ടിരിക്കുന്നു. ഉയർന്ന മൃഗപരിപാലന ചെലവും പാലിൻെറ വിപണനസാദ്ധ്യതാ കുറവുമാണ് കാലിവളർത്തൽ നേരിടുന്ന മുഖ്യപ്രശ്നം. കൂടാതെ കാലിത്തീറ്റ, തീറ്റപ്പുൽ എന്നിവയ്ക്ക് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. നാടൻ ഇനങ്ങൾക്കൊപ്പംമുന്തിയ ജനുസ്സിൽപെട്ട കാലികളേയും കർഷകർ വളർത്തുന്നു. കാലിവളർത്തലിന് അവശ്യം വേണ്ട മേച്ചിൽസ്ഥലങ്ങൾ കുറവാണ്. മൃഗസംരക്ഷണരംഗത്ത് പഞ്ചായത്തിലെ ഏക സ്ഥാപനം ചെങ്ങോട്ടുകാവ് ടൗണിന് വടക്കുഭാഗം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ മൃഗാശുപത്രിയാണ്. ഇവിടുത്തെ സൗകര്യങ്ങൾ പരിമിതമാണ്. പഞ്ചായത്തിൽ രണ്ട് ക്ഷീരസഹകരണസംഘങ്ങൾ ഉണ്ട്. ഒന്ന് ചെങ്ങോട്ടുകാവിലും മറ്റേത് ചേലിയയിലും പ്രവർത്തിക്കുന്നു. രണ്ട് സൊസൈറ്റികളുടെയും പ്രവർത്തനം തൃപ്തികരമല്ല. ചേലിയ യൂനിറ്റിൽ 4 സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്ന പാൽ ഉൽപ്പന്ന യൂനിറ്റ് സർക്കാർ സഹായത്തോടെ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിൽ ആടുവളർത്തൽ വളരെ കുറഞ്ഞിട്ടുണ്ട്. ഏകദേശം ഒരു ഡസനോളം ഇറച്ചികോഴി വളർത്തൽ യൂനിറ്റുകൾ സ്വകാര്യ വ്യക്തികളുടെതായി ഉണ്ട്. മുട്ടക്കോഴി വളർത്തൽ, കാട വളർത്തൽ, പന്നിവളർത്തൽ, താറാവ് വളർത്തൽ തുടങ്ങിയവ പഞ്ചായത്തിൽ അന്യം വന്നിരിക്കുന്നു.

## *പ്രശ്നങ്ങൾ*

- നിലവിലുള്ള മൃഗാശുപത്രിയ്ക്ക് സ്വന്തമായ കെട്ടിടം ഇല്ല.
- പാലിൻെറ വിപണനത്തിന് ആവശ്യമായ സൗകര്യം ഇല്ല
- കാലിത്തീറ്റ, തീറ്റപ്പുൽ എന്നിവ ചുരുങ്ങിയ വിലയ്ക്ക് കിട്ടുന്നില്ല
- കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ സംവിധാനം ഇല്ല.
- അത്യുത്പാദന ശേഷിയുള്ള പശു, ആട്, എന്നിവ വളർത്താൻ ധനസഹായം നൽകാൻ ബാങ്കിംഗ് സ്ഥാപനങ്ങൾ തയ്യാറില്ല.
- ആധുനിക രീതിയിലുള്ള ആലകൾ ഇല്ല
- നല്ലയിനം ആടുകളെ ലഭിക്കുന്നില്ല
- അലഞ്ഞുതിരിയുന്ന പട്ടികളെ കാലാകാലങ്ങളിൽ നശിപ്പിക്കുന്നില്ല.
- ക്ഷീരകർഷകർക്ക് സർക്കാർ തലത്തിൽ പെൻഷൻ പദ്ധതി ഇല്ല.
- സീൽ ചെയ്യാത്ത മൃഗങ്ങളെ കശാപ്പു ചെയ്യുന്നു.


## സാധ്യതകൾ

- ഐ.ആർ.ഡി.പി.പോലുള്ള പദ്ധതികളിൽ പേർ ഉൾപ്പെട്ടിട്ടില്ലെങ്കിലും കാലിവളർത്തുവാൻ ആഗ്രഹിക്കുന്ന കർഷകർക്ക്ഇത് പ്രകാരമുള്ള ധനസഹായം ലഭിക്കണം. ഇതിന് വേണ്ട നിയമഭേദഗതികൾ ഉണ്ടാവണം.
- സർക്കാരിൽനിന്നും ചെങ്ങോട്ടുകാഴി ക്ഷീര സൊസൈറ്റിക്ക് ലഭിച്ചിട്ടുള്ള 21,500 രൂപയുടെ ഗ്രാൻറ് ഉപയോഗിച്ച് ക്ഷീരോൽപ്പന്ന യൂനിറ്റ് ആരംഭിച്ചാൽ 4 വനിതകൾക്ക് തൊഴിലവസരം കിട്ടും. ഇത് എത്രയും പെട്ടെന്ന് ആരംഭിക്കണം.
- ചണ്ടിക്കോയി ഇറക്കുമതി നിർത്തണം. പ്രാദേശിക ഇറച്ചികോഴി വളർത്തലിന് മൃഗാശുപത്രി വഴി നല്ലിയിനം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ നടപടി ആവശ്യമാണ്.
- വളർത്തുനായകൾക്ക് ലൈസൻസ് സമ്പ്രദായം നിർബന്ധമാക്കണം.
- എഗ്ഗർനെഴ്സറി, സ്കൂൾ പൗൾട്രിക്ലബ്ബ് എന്നിവ ആരംഭിക്കണം.
- പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ മൃഗാശുപത്രിക്ക് സ്വന്തമായ കെട്ടിടം പണിയണം. ഇതിനുള്ളപണം സർക്കാർ സഹായത്തോടൊപ്പം ക്ഷീരകർഷകരിൽനിന്നും സ്വരൂപിക്കാവുന്നതാണ്. ഇവിടെ മൃഗങ്ങളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സംവിധാനവും ലബോറട്ടറി സംവിധാനവും ആവശ്യമാണ്.

ചേലിയ പ്രദേശത്ത് ഒരു മൃഗാശുപത്രി കൂടി ആവശ്യമാണ്.

- മൂന്ന് വാർഡുകൾ കേന്ദ്രീകരിച്ചുകൊണ്ട് ഒരു പാൽസൊസൈറ്റി വീതം ആവശ്യമാണ്. സൊസൈറ്റയിൽ എത്തുന്ന പാൽ മുഴുവൻ സംഭരിച്ച് വിപണനം ചെയ്യാൻ സംവിധാനം വേണം. മിൽമയുടെ കോഴിക്കോട് ഡയറി മിച്ചം വരുന്ന പാൽ എടുക്കണം. പാൽ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് കോഴിക്കോട് ജില്ലയിൽ ഒരു ഓ-കോപ്പറേറ്റീവ് സൊസൈറ്റി ആരംഭിക്കണം.
- വാർഡുകൾ തോറും സഞ്ചരിക്കുന്ന മൃഗാശുപത്രി ആവശ്യമാണ്
- വാർഡുകൾതോറും മൃഗഡോക്ടറുടെ സേവനം ഉപയോഗപ്പെടുത്തുവാൻ ഒരു നിശ്ചിതസമയം വാർഡുകൾ തോറും കേന്ദ്രീകരിച്ച് ചികിത്സ നടത്താവുന്നതാണ്. 9 മണിമുതൽ 12 വരെയും 2 മണി മുതൽ 5 വരെയുമുള്ള ചികിത്സാസമയമാണ് കർഷകർക്ക് സൗകര്യപ്രദം.
- കാലിത്തീറ്റ കോഴിത്തീറ്റ എന്നിവ സബ്സിഡി നിരക്കിൽ സൊസൈറ്റി വഴി വിതരണം ചെയ്യണം. ഇങ്ങനെ ചെയ്താൽ ഇടനിലക്കാരെ ഒഴിവാക്കാവുന്നതാണ്.
- തീറ്റപ്പുൽ വളർത്തുവാൻ സൗജന്യമായി വിത്ത്, വളം, എന്നിവ വീടുകളിൽ വിതരണം ചെയ്യണം. 1,6,9,8 വാർഡുകളിലൂടെ കടന്നുപോകുന്ന മെയിൻ കനാലിൻെറ വശങ്ങൾ തീറ്റപ്പുൽ വളർത്തലിന് ഉപയോഗിക്കുവാൻ സാധ്യതയേറെയാണ്.
- സങ്കരയിനം പശുക്കളെ വളർത്താൻ ആധുനികരീതിയിലുള്ള ആലകൾ ആവശ്യമാണ് ഇതിന് സബ്സിഡിയോടു കൂടിയവായ്പ ബാങ്കുകൾ വഴി വിതരണം ചെയ്യണം.
- സ്ത്രീകളുടെ തൊഴിലവസരം വർദ്ധിപ്പിക്കുവാൻ ആട് വളർത്തൽ യൂനിറ്റ് ആരംഭിക്കാവുന്നതാണ്.
- അലഞ്ഞുതിരിയുന്ന പട്ടികളെ യുദ്ധകാലാടിസ്ഥാനത്തിൽ നശിപ്പിക്കുവാൻ പഞ്ചായത്ത് തലത്തിൽ ശ്രമം വേണം.
- ക്ഷീരകർഷകർക്ക് പെൻഷൻ നൽകാൻ സർക്കാർതലത്തിൽ ശ്രമം വേണം.
- പ്രൈമറി ഹെൽത്ത് സെൻറർ സ്വന്തം കെട്ടിടത്തിൽ നിലവിൽ വന്നാൽ ഇപ്പോഴുള്ള ആരോഗ്യവകുപ്പിൻെറ സബ് സെൻറർ മൃഗാശുപത്രിയാക്കി മാറ്റാവുന്നതാണ്.

സീൽ ചെയ്ത മൃഗങ്ങളെ മാത്രം കശാപ്പു ചെയ്യുവാൻ അനുമതി കൊടുക്കുക, ലൈസൻസിങ്ങ് സമ്പ്രദായം കർശനമാക്കുക.



# 2A. മത്സ്യബന്ധനം

ചെങ്ങോട്ടുകാവ് പഞ്ചായത്ത് ഒരു തീരദേശ പഞ്ചായത്താണ് പടിഞ്ഞാറ് അറബിക്കടലും കിഴക്ക് ഉള്ളൂർ പുഴയുമാണ് പഞ്ചായത്തിന്റെ അതിർത്തി. ഏകദേശം 3.5 കി.മീറ്ററോളം കടലോരം പഞ്ചായത്തിൽ ഉണ്ട്. 7,9,10 വാർഡുകൾ കടലുമായി ബന്ധപ്പെട്ടുകിടക്കുന്നു. പഞ്ചായത്തിൽ ഏതാണ്ട് 550 പേർ മത്സ്യബന്ധനവും വിപണനവും ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവരും പരമ്പരാഗത മത്സ്യതൊഴിലാളികളുമാണ്. എന്നാൽ ഭൂരിഭാഗം തൊഴിലാളികൾക്കും സ്വന്തമായി മത്സ്യബന്ധന ഉപകരണങ്ങൾ ഇല്ല. പഞ്ചായത്തിൽ മൊത്തം 8 ചുണ്ടൻവള്ളം, 55 ചെറിയ തോണികളും 13ഫൈബർ തോണികളും ഉണ്ട്. മറ്റ് മേഖലകളിലെന്നപോലെ യന്ത്രവൽക്കരണം ഈ രംഗത്തും വന്നിരിക്കുന്നു. മുൻകാലങ്ങളിൽ സാധാരണ ഓടങ്ങളിൽ ചുക്കാൻ ഉപയോഗിച്ച് തുഴഞ്ഞായിരുന്നു തൊഴിലാളികൾ ജോലിക്ക് പോയിരുന്നത്. അതിനാൽ ചെലവ്വളരെ കുറവായിരുന്നു. യന്ത്രവൽകരണം വന്നതോടെ ചെലവ് വർദ്ധിച്ചു. എന്നാൽ ആഴക്കടലിൽ പോയി മീൻ പിടിയ്ക്കാം എന്നതാണ് ഇതിന്റെ നേട്ടം. ചെലവിനനുസരിച്ച വരുമാനം ഇവർക്ക് ലഭിക്കുന്നില്ല. മത്സ്യതൊഴിലാളികൾ ഭൂരിഭാഗം പേരും ഭാഗികമായി മാത്രം തൊഴുലുള്ളവരും ദരിദ്രരുമാണ്. മത്സ്യം സ്റ്റോക്ക് ചെയ്യുന്നതിനുള്ള സംവിധാനം ഇല്ലാത്തതിനാൽ പിടിക്കുന്ന മത്സ്യങ്ങൾ പ്രാദേശികമായി വിപണനം ചെയ്യുന്നത് കുറവാണ്. നമുക്കാവശ്യമായ മത്സ്യം മറ്റു സ്ഥലങ്ങളിൽ നിന്നുമാണ് ഇവിടെ എത്തുന്നത്. മത്സ്യഫെഡ് തൊഴിലാളികൾക്ക് ചുണ്ടൻവള്ളം, എഞ്ചിൻ, ഫൈബർ തോണികൾ എന്നിവ വാങ്ങുന്നതിന് വായ്പ അനുവദിക്കാറുണ്ടെങ്കിലും പലിശനിരക്ക് താങ്ങാവുന്നതിലുമേറെയാണ്. മത്സ്യതൊഴിലാളികൾക്ക് അപകട ഇൻഷുറൻസ്, പെൻഷൻ, ക്ഷേമനിധി തുടങ്ങിയ സാമൂഹിക സുരക്ഷിതത്വപദ്ധതികൾ ഉണ്ട്. പഞ്ചായത്തിലെ 300 തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങളാണ് കൂടാതെ 45പേർക്ക് മത്സ്യതൊഴിലാളി പെൻഷൻ ലഭിക്കുന്നു. എഴുക്കുടിക്കാൽ മത്സ്യസഹകരണ സംഘം 10-ാം വാർഡിലും ക്ഷേമനിധിഓഫീസ് 9-ാം വാർഡിലെ അരങ്ങാടത്തും പ്രവർത്തിച്ചുവരുന്നു. സ്വകാര്യമേഖലയിൽ മൂന്ന് ചെമ്മീൻ സംസ്കരണശാലകൾ പഞ്ചായത്തിൽ ഉണ്ട്. ഇവിടെ 135 വനിതകൾക്കും 16 പുരുഷൻമാർക്കും തൊഴിൽ ലഭിക്കുന്നു. ശാസ്ത്രീയരീതിയിലുള്ള ചെമ്മീൻ കൃഷി, ശുദ്ധജല മത്സ്യകൃഷി എന്നിവ പഞ്ചായത്തിൽ നാമമാത്രമായി ഉണ്ട്. മത്സ്യതൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് ലഭിക്കുന്നില്ല. പിലാപ്പി, കൂരാൻ,ഞണ്ട്, ചെമ്മീൻ തുടങ്ങിയ മത്സ്യങ്ങളെ ജലാശയങ്ങളിൽ നിന്നും ലഭിക്കുന്നു. ശാസ്ത്രീയ ചെമ്മീൻകൃഷി ഓരുജല മത്സ്യകൃഷി, ശുദ്ധജല മത്സ്യകൃഷി എന്നിവ വളർത്താകുന്ന പറ്റിയ അനവധി ജലാശയങ്ങളും കുളങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ജലാശയങ്ങളിൽ വളരുന്ന മത്സ്യങ്ങൾക്ക് മത്സ്യരോഗം എളുപ്പത്തിൽ പിടിപെടുന്നു. ജലാശയങ്ങളെ വേണ്ടപോലെ ഉപയോഗിക്കാത്തതുകൊണ്ട് പായൽ മൂടികിടക്കുന്നു.

### *പ്രശ്നങ്ങൾ*

- പ്രധാന അങ്ങാടികളിൽ മത്സ്യമാർക്കറ്റുകൾ ഇല്ല.
- മത്സ്യതൊഴിലാളികൾക്ക് വേണ്ടത്ര മണ്ണെണ്ണ ലഭിക്കുന്നില്ല
- പഞ്ചായത്തിൽ മത്സ്യം സൂക്ഷിക്കുവാൻ കോൾഡ്സ്റ്റോറേജ് സൗകര്യം ഇല്ല.
- എഞ്ചിൻ വർക്ക്ഷോപ്പ് ഇല്ല
- ഒരു കുടുംബത്തിലെ തന്നെ അംഗങ്ങൾക്ക് തൊഴിലുപകരണങ്ങൾ ലഭിക്കുന്നില്ല.
- കടലോരവുമായി ബന്ധപ്പെട്ട പ്രാദേശികമായി മത്സ്യവിപണന സംവിധാനം ഇല്ല.
- മത്സ്യതൊഴിലാളിസ്ത്രീകൾക്ക് വേണ്ടത്ര തൊഴിൽസംരംഭങ്ങൾ ഇല്ല.
- ചെമ്മീൻകൃഷി, ശുദ്ധജലമത്സ്യകൃഷി എന്നി

വക്ക് പറ്റിയ അനേകം ജലാശയങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നു.

## സാധ്യതകൾ

- മത്സ്യതൊഴിലാളികൾക്ക് വേണ്ടത്ര അളവിൽ മണ്ണെണ്ണ ലഭിക്കുവാൻ ഒരു മണ്ണെണ്ണ ബങ്ക് ആവശ്യമാണ്.
- തൊഴിലാളികൾക്ക് അനുവദിക്കുന്ന മണ്ണെണ്ണ മാസത്തിൽ ഒരിക്കൽ ഒന്നിച്ച് വാങ്ങണം എന്ന നിബന്ധന ഒഴിവാക്കണം.
- പഞ്ഞമാസങ്ങളിൽ മത്സ്യതൊഴിലാളികൾ ഭൂരിഭാഗവും തൊഴിൽ രഹിതരായിരിക്കും ഇതിനു പരിഹാരമെന്നനിലയിൽ വലനെയ്ത്ത്, മത്സ്യ സംസ്കരണം എന്നിവ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.
- 7,10 വാർഡുകളിലെ തീരപ്രദേശത്ത് വേണ്ടത്ര വെളിച്ചം എത്തിക്കണം.
- മത്സ്യത്തിന് താങ്ങുവില നിശ്ചയിക്കണം.
- ആഴക്കടൽ മത്സ്യബന്ധനം നിരോധിക്കണം
- നിലവിലുള്ള തീരസംരക്ഷണനിയമത്തിൽ അയവ് ഉണ്ടാക്കുവാൻ വേണ്ട നിയമനടപടികളും ഭേദഗതികളും ഉണ്ടാക്കണം.
- ഫിഷറീസ് ആശുപത്രി ആരംഭിക്കണം.
- പഞ്ചായത്തിലെ പ്രധാന മത്സ്യവിപണന കേന്ദ്രങ്ങളായ പൊയിൽക്കാവ്, ചെങ്ങോട്ടുകാവ്, ചേലിയ, അരങ്ങാടത്ത് എന്നീ സ്ഥലങ്ങളിൽ മത്സ്യമാർക്കറ്റുകൾ ഇല്ലാത്തത് വളരെയേറെ വിഷമങ്ങൾ സൃഷ്ടിക്കുന്നു. അതിനാൽ പഞ്ചായത്ത് ഈ സ്ഥലങ്ങളിൽ മാർക്കറ്റുകൾ നിർമ്മിക്കണം.
- മത്സ്യതൊഴിലാളികൾക്കും വേണ്ടത്ര മണ്ണെണ്ണ അനുവദിക്കണം എല്ലാ മത്സ്യ തൊഴിലാളികൾക്കും മണ്ണെണ്ണ പെർമിറ്റ് നൽകാൻ നടപടി കൈക്കൊള്ളണം.
- മത്സ്യം സൂക്ഷിക്കുവാൻ കോൾഡ്സ്റ്റോറേജ് സൗകര്യം ഇല്ലാത്തതിനാൽ പ്രാദേശികമായി പിടിക്കുന്ന മത്സ്യം പ്രാദേശികമായി വിപണനം ചെയ്യാനോ സൂക്ഷിച്ചുവെക്കാനോ കഴിയുന്നില്ല. അതിനാൽ പഞ്ചായത്തിൽ ഒരു കോൾഡ്സ്റ്റോറേജ് സംവിധാനം ആരംഭിക്കാവുന്നതാണ്.
- യന്ത്രവൽക്കരണം മത്സ്യബന്ധനരംഗത്ത് പ്രാവർത്തികമായതോടെ എഞ്ചിൻ സ്പെയർ പാർട്ടുകളും, റിപ്പയറിംഗുംചെയ്യാൻ മത്സ്യതൊഴിലാളികൾ വളരെ ബുദ്ധിമുട്ടേണ്ടി വരുന്നു. അതിനാൽ മത്സ്യഫെഡിൻെറ സഹായത്തോടെ പഞ്ചായത്തിൽ ഒരു എഞ്ചിൻവർക് ഷോപ്പ് ആരംഭിക്കാൻ ശ്രമം വേണം.
- മത്സ്യഫെഡിൻെറ ആഭിമുഖ്യത്തിൽ ഇപ്പോൾ വ്യത്യസ്ഥ കുടുംബത്തിലെ അംഗങ്ങൾക്കാണ് നാടൻതോണി ഫൈബർതോണി മുതലായവ വിതരണം ചെയ്യുന്നത്. ഇത് ഒരേ കുടുംബത്തിലെ മൂന്ന് പേർക്ക് ധനസഹായം നൽകിയാൽ കൂടുതൽ സൗകര്യമാണ്. ലോൺ എളുപ്പത്തിൽ തിരിച്ചടയ്ക്കാൻ കഴിയും.
- മത്സ്യതൊഴിലാളി സ്ത്രീകളുടെ തൊഴിലവസരം വർദ്ധിപ്പിക്കുവാൻ സഹകരണസംഘങ്ങൾ വഴി, മത്സ്യസംസ്കരണയൂനിറ്റ് ആരംഭിക്കുവാനും, സ്ത്രീകൾക്ക് മത്സ്യവിപണനം ചെയ്യുവാനും ധനസഹായം അനുവദിക്കണം.
- രണ്ടാം വാർഡിലെ കുയിപ്പിൽതാഴെപാടം ചെമ്മീൻ കൃഷിക്ക് അനുയോജ്യമാണ്.
- മൂന്നാംവാർഡിൽ ഒതയോത്ത് താഴെനിന്നും ഒരു വമ്മൽ താഴെവരെ ബണ്ട്കെട്ടിയാൽ ഏകദേശം 7 ഏക്രയോളം സ്ഥലത്ത് ശുദ്ധജല മത്സ്യകൃഷിക്ക് സാധ്യതയുണ്ട്.
- നാലാം വാർഡിൽ മയിലാടൻ പാറമുതൽ തുരുത്തിയിൽ താഴെവരെ ബണ്ട് കെട്ടിയാൽ ശാസ്ത്രീയ ചെമ്മീൻകൃഷിക്ക് ഉപയോഗിക്കാം.
- ആറാംവാർഡിൽ ഉള്ള വടക്കെയിൽ താഴെപാടം പുനത്തിൽ താഴെപാടം ഓറോട്ടുകുനി കുളം എന്നീ സ്ഥലങ്ങളിൽ ശുദ്ധജല മത്സ്യകൃഷി ചെയ്യുവാൻ സാധ്യതയേറെയാണ്.
- ആറാം വാർഡിനോട് തൊട്ട് കിടക്കുന്ന സ്വകാര്യവ്യക്തികളുടെ എല്ലാ സൗകര്യത്തോടും കൂടിയ സ്ഥലം ശാസ്ത്രീയ ചെമ്മീൻകൃഷിക്ക് അനുയോജ്യമാണ്.
- പതിനൊന്നാം വാർഡിൽ കുറ്റിയിൽ താഴെ നിന്നും ഐരാഞ്ഞിയിൽ താഴെവരേയും ഉള്ള 20 ഏക്കർ സ്ഥലത്ത് ബണ്ട് കെട്ടിയാൽ ശുദ്ധജല മത്സ്യകൃഷിക്ക് അനുയോജ്യമാണ്.

# 3. വിദ്യാഭ്യാസം


കേരളത്തിലെ മറ്റേതൊരു പ്രദേശത്തേയും പോലെ നമ്മുടെ ഗ്രാമത്തിലും ഈ നൂറ്റാണ്ടിന്മുമ്പു തന്നെ മഹാന്മാരായ വ്യക്തികളുടെ കഠിനമായ പരിശ്രമഫലമായാണ് വിദ്യാഭ്യാസപ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. അതിന് ഉത്തമോദാഹരണമാണ് ചേലിയ കക്കാട്ട് എഴുത്തച്ഛൻ എന്ന പേരിലറിയപ്പെട്ടിരുന്ന കക്കാട്ട് കുഞ്ഞിക്കണ്ണൻ നായർ സ്ഥാപിച്ച എഴുത്തുപള്ളിക്കൂടം. ഇവിടെ കുട്ടികളെ അരിയിലെഴുതിച്ചതിനുശേഷം ഗണപതിയെഴുത്ത് കഴിയുന്നതുവരെ നിലത്ത് പനയോലകൊണ്ടുണ്ടാക്കിയ തുടക്കിലിരുത്തിയാണ് പഠിപ്പിച്ചിരുന്നത്. അയിത്താചാരം നിലനിന്നിരുന്ന അക്കാലത്ത് പിന്നോക്കസമുദായത്തിൽപെട്ടവർ പള്ളിക്കൂടത്തിലെത്തുന്നത് വളരെ അപൂർവ്വമായിരുന്നു. ഗണാഷ്ടകം, മുകുന്ദാഷ്ടകം, മണിപ്രവാളം തുടങ്ങിയവയ്ക്ക് ശേഷം സിദ്ധരൂപം ശ്രീരാമോദന്തം എന്നീ സംസ്കൃതകാവ്യങ്ങളും പഠിപ്പിക്കാറുണ്ടായിരുന്നു. പെൺകുട്ടികളെ പ്രത്യേകമായി ശീലാവതി, ശകുന്തള വാക്യം എന്നിവ പഠിപ്പിച്ചു പോന്നു. എന്നാൽ ചുരുക്കംചിലർ മാത്രമെ ഈ വിദ്യാഭ്യാസത്തെ ഉപയോഗപ്പെടുത്തിയിരുന്നുള്ളൂ എന്നതാണ് വസ്തുത.

പഞ്ചായത്തിലെ ആദ്യത്തെ സ്കൂളുകൾ ചെങ്ങോട്ടുകാവ് കണ്ണൻ കിടാവിൻെറ സ്കൂൾ, ചേലിയ സ്കൂൾ, ആന്തട്ട സ്കൂൾ എന്നിവയാണ്. കക്കാട്ട് കുഞ്ഞിക്കണ്ണൻനായർ പടിഞ്ഞാറയിൽ കൃഷ്ണൻ നായർ, വടക്കയിൽ രാമൻ കിടാവ്, കക്കാട്ട് ഉണ്ണീരിക്കുട്ടി മാസ്റ്റർ എന്നിവർ ആദ്യകാല അദ്ധ്യാപകരായിരുന്നു.

ഈ വിദ്യാലയത്തിൽനിന്ന് 4-ാംതരം പാസാവുമ്പോൾ കിട്ടുന്ന സർട്ടിഫിക്കറ്റ് ലഭിച്ചവർ അദ്ധ്യാപക പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുമായിരുന്നു. അതുകൊണ്ട് തന്നെ ചേമഞ്ചേരി, എടക്കുളം, എളാട്ടേരി, ഉള്ളൂർ, പുത്തഞ്ചേരി എന്നിവിടങ്ങളിൽ നിന്നും വളരെയേറെപ്പേർ പഠിക്കാൻ ഇവിടെ എത്താറുണ്ടായിരുന്നു.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ചിരുന്ന ഗ്രാമീണവായനശാലകൾ നമ്മുടെ പഞ്ചായത്തിൻെറ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ സ്വാധീനം ചെലുത്തിയിരുന്നതാണ് കാണാം.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി ഈ പഞ്ചായത്തിലുള്ളവർ എലത്തൂർ കൊയിലാണ്ടി എന്നിവിടങ്ങളിലായിരുന്നു പോയിരുന്നത്. 1957-ൽ പൊയിൽക്കാവ് ഹൈസ്കൂൾ സ്ഥാപിതമായതോടെ ഇതിന് പരിഹാരമുണ്ടായി. ഇന്ന് ഒരു ഹൈസ്കൂളടക്കം 11 വിദ്യാലയങ്ങൾ നിലവിലുണ്ട്. പഞ്ചായത്തിലെ മൊത്തം 4969 കുട്ടികൾ ഈ വിദ്യാലയങ്ങളിൽ (5 എൽ. പി. സ്കൂൾ, 5 യു.പി. സ്കൂൾ, 1 ഹൈസ്കൂൾ) പഠിക്കുന്നു .



പട്ടിക 3.1

### സ്കൂളിലെ ആകെ കുട്ടികൾ

| ക്രമ നമ്പർ | സ്കൂൾ | ഉടമസ്ഥത | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ |
| 1. | പൊയിൽക്കാവ് ഹൈസ്ക്കൂൾ | മാനേജ്മെൻറ് | 781 | 743 | 1524 |
| 2. | പൊയിൽക്കാവ് യു.പി. സ്കൂൾ | " | 529 | 515 | 1044 |
| 3. | ചെങ്ങോട്ടുകാവ് ഈസ്റ്റ് യു.പി. സ്കൂൾ | " | 374 | 289 | 663 |
| 4. | ചേലിയ യു.പി. സ്കൂൾ | " | 161 | 128 | 289 |
| 5. | മേലൂർ എൽ.പി. സ്കൂൾ | " | 62 | 49 | 111 |
| 6 | എളാട്ടേരി എൽ.പി. സ്കൂൾ | " | 67 | 58 | 125 |
| 7. | വിദ്യാതരംഗിണി എൽ.പി. സ്കൂൾ | " | 76 | 63 | 139 |
| 8. | കെ.കെ. കിടാവ് മെമ്മോറിയൽ യു.പി. സ്കൂൾ | " | 187 | 187 | 374 |
| 9 | ആന്തട്ട ഗവൺമെൻറ് യു.പി. സ്കൂൾ | സർക്കാർ | 269 | 253 | 522 |
| 10 | മാടക്കര ഗവൺമെൻറ് യു.പി. സ്കൂൾ | " | 60 | 52 | 112 |
| 11 | എഴുകുടിക്കൽ ഗവൺമെൻറ് യു.പി.എസ്. | " | 33 | 33 | 66 |
| | ആകെ | | 2599 | 2370 | 4969 |

അവലംബം: ദ്വിതീയ വിവരശേഖരണം

ഇവരിൽ ചെറിയ ശതമാനം കുട്ടികൾ സാമൂഹിക സാമ്പത്തിക കാരണങ്ങളാൽ കൊഴിഞ്ഞു പോകുന്നുണ്ട്. എസ്സി വിഭാഗത്തിൽപ്പെട്ട 243 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്.

പട്ടിക 3.2

### SC/ST വിദ്യാർത്ഥികളുടെ കണക്ക്

| ആകെ കുട്ടികൾ | LP | | | UP | | | ഹൈസ്കൂൾ | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 243 | 6 | 4 | 10 | 75 | 71 | 146 | 44 | 43 | 87 |

ഈ പഞ്ചായത്തിലെ ഭൂരിഭാഗം കുട്ടികളും പൊതു വിദ്യാലയങ്ങളിലാണ് പോകുന്നത്. ഏകദേശം 250 കുട്ടികൾ അകലങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പോകുന്നു. ഇതിൻെറ കാരണങ്ങൾ പഠനവിധേയമാക്കേണ്ടതാണ്.

രാഷ്ട്രഭാഷാപഠനത്തിന് പ്രാധാന്യം നൽകുകയും അതിൽ പ്രാവീണ്യം നേടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുകയും ചെയ്ത ഒരു പഴയ സ്ഥാപനമായിരുന്നു പൊയിൽക്കാവ് കേന്ദ്രമായി പ്രവർത്തിച്ചിരുന്ന തുളസീ വിദ്യാമന്ദിർ. സംസ്കൃത പണ്ഡിതന്മാരായിരുന്ന പലരും ഈ പഞ്ചായത്തിലുണ്ടായിരുന്നു. ചെറുവലത്ത് ചാത്തുനായർ മലയിൽ രാരുക്കുട്ടി വൈദ്യർ, പാലോട്ടേരി രാവുണ്ണി നായർ, കോതമോളി വടക്കേടത്ത് കൃഷ്ണൻ നായർ എന്നിവർ ഇവരിൽ ചിലരാണ്.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ

ഇല്ലാത്ത ഈ പഞ്ചായത്തിൽ നിന്ന് കോഴിക്കോട്, വടകര, കൊയിലാണ്ടി തുടങ്ങിയ സ്ഥലങ്ങളിലേക്കാണ് ഉന്നത വിദ്യാഭ്യാസത്തിനായി കുട്ടികൾ പോകുന്നത്. ഈ പഞ്ചായത്തിൽ 3 പാരലൽ കോളേജുകൾ പ്രവർത്തിക്കുന്നു. 3 ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങൾ സാങ്കേതിളും പഞ്ചായത്തിലുണ്ട്.

ഹൈസ്ക്കൂളിലെ വിജയശതമാനം കുറവാണെങ്കിലും കഴിഞ്ഞ കാലത്തിൽ നിന്നും വളരെ മുന്നോട്ട് പോയിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തെ S.S.L.C വിജയ ശതമാനത്തിൻെറ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 3.3

| ക്ലാസ് | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| S.SL.C (P.H.S) | 34% | 36% | 36.5% | 37% | 37% |

മറ്റ് സ്ക്കൂളുകളിലെ 96-97 വർഷത്തെ 3 മുതൽ 7 വരെ ക്ലാസുകളിലെ പാദവാർഷിക പരീക്ഷയുടെ മാർക്കും പട്ടികയായി ചേർക്കുന്നു.

പട്ടിക 3.4

| ക്ലാസ് | ആകെ കുട്ടികൾ | 30%ത്തിന് താഴെ | 30%നും 40%നും ഇടയ്ക്ക് | 40%നും50%നും ഇടയ്ക്ക് | 50%നും60%നും ഇടയ്ക്ക് | 60%ന് മുകളിൽ |
|---|---|---|---|---|---|---|
| III | 400 | 105 | 66 | 73 | 73 | 113 |
| IV | 439 | 98 | 54 | 74 | 81 | 124 |
| V | 578 | 94 | 74 | 90 | 78 | 118 |
| VI | 531 | 122 | 78 | 83 | 61 | 99 |
| VII | 599 | 130 | 97 | 87 | 66 | 77 |

ഈ പട്ടികയിൽ നിന്നും പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളിലേയും വിദ്യാഭ്യാസ നിലവാരം കുറഞ്ഞതായി കാണുന്നു. നിരവധി വസ്തുതകൾ ഇതിനു കാരണമായി കാണാം. ഇവ പഠനവിധേയമാക്കേണ്ടതുണ്ട്. ദൃശ്യമാധ്യമങ്ങളുടെ ദോഷകരമായ വ്യാപനം, നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങൾ, വിദ്യാർത്ഥി സമരങ്ങൾ, പരീക്ഷാ സമ്പ്രദായത്തിലെ പാകപ്പിഴവുകൾ, അദ്ധ്യാപകരുടെ പുനഃ പരിശീലമില്ലായ്മ തുടങ്ങിയ ചില കാരണങ്ങൾ ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

കലാകായിക മത്സരങ്ങൾ, യുറീക്കാ വിജ്ഞാനോത്സവങ്ങൾ, ബാല ശാസ്ത്ര കോൺഗ്രസ് മറ്റു രംഗങ്ങളിലുള്ള മത്സരങ്ങൾ എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിച്ച് മോശമല്ലാത്ത നിലവാരം പുലർത്തുന്ന വിദ്യാലയങ്ങൾ ഇവിടെയുണ്ട്. കൊയിലാണ്ടി ഉപജില്ലയിലെ കലാകായിക മേളകളിൽ മിക്ക വർഷങ്ങളിലും നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളാണ് ട്രോഫികൾ നേടിയെടുക്കാറുള്ളത് എന്നത് അഭിമാനകരമാണ്.

L.S.S., U.S.S. (സ്ക്കോളർഷിപ്പ്) പരീക്ഷകളിൽ പലപ്പോഴും ജില്ലാതലത്തിൽ തന്നെ കൂടുതൽ വിദ്യാർത്ഥികളെ വിജയിപ്പിക്കുവാനും നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഈ പഞ്ചായത്തിൽ 4 ബാല വാടികളും പി.ടി.എ നടത്തുന്ന 3 പ്രീ പൈമ്രറി സ്ക്കൂളുകളും 1ഇംഗ്ലീഷ് മീഡിയം നഴ്സറി സ്ക്കൂളും ഉണ്ട്. ഏകദേശം 250 ഓളം കുട്ടികൾ ഇവിടങ്ങളിൽ പോകുന്നു. ഏകദേശം 23437 നടുത്ത് ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ഇത് അപര്യാപ്തമാണ്. ആയിരത്തിന് 1 എന്ന അനുപാതം പാലിക്കപ്പെടേണ്ടതുണ്ട്. മുസ്ലീം മത പഠന കേന്ദ്രങ്ങളായ 8 മദ്രസകൾ ഇവിടെയുണ്ട്. ഇവയുടെ പ്രവൃത്തി സമയം കുട്ടികളുടെ പഠനത്തെ ബാധിക്കുന്നു.

പഞ്ചായത്തിൽ ജോലി ചെയ്യുന്ന 189 അദ്ധ്യാപകരിൽ 60%ത്തോളം തദ്ദേശിയരാണ്.

പട്ടിക 3.5 അദ്ധ്യാപരെ സംബന്ധിച്ച വിവരങ്ങൾ

| സ്ക്കൂൾ | അദ്ധ്യാപകർ | | |
|---|---|---|---|
| | ആൺ | പെൺ | ആകെ |
| മേലൂർ AL.PS | 1 | 3 | 4 |
| മാടാക്കര G.L.P | 3 | 2 | 5 |
| ഏഴുകുടിക്കൽG.L.P | 5 | 0 | 5 |
| എളാട്ടേരി L.P. | 2 | 2 | 4 |
| വിദ്യാ തരംഗിണി L.P. | 3 | - | 3 |
| ആന്തട്ട G.U.P. | 9 | 11 | 20 |
| ചെങ്ങോട്ട് കാവ് E.U.P | 13 | 14 | 27 |
| പൊയിൽക്കാവ് U.P. | 20 | 14 | 34 |
| ചേലിയ യു.പി | 7 | 9 | 16 |
| കെ.കെ.കിടാവ് U.P | 13 | 4 | 17 |
| പൊയിൽക്കാവ് H.S. | 27 | 26 | 53 |
| ആകെ | 103 | 85 | 188 |


പഞ്ചായത്തിലെ വിദ്യാഭ്യാസ നിലയെക്കുറിക്കുന്ന പട്ടിക

| വാർഡ് | പ്രൈമറി | | ഹൈസ്ക്കൂൾ | | ബിരുദം | | ബിരുദാനന്തര ബിരുദം | | സാങ്കേതികം | | പ്രൊഫഷനൽ | |
|---|---|---|---|---|---|---|---|---|---|---|---|---|
| നമ്പർ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| I | 502 | 518 | 630 | 632 | 48 | 45 | 6 | 7 | 32 | 4 | 22 | 20 |
| II | 310 | 304 | 314 | 299 | 18 | 24 | 1 | | 6 | 0 | 6 | 5 |
| III | 463 | 460 | 457 | 388 | 63 | 42 | 2 | 2 | 17 | 9 | 10 | 6 |
| IV | 477 | 415 | 384 | 301 | 54 | 48 | 10 | 10 | 21 | 10 | 13 | 11 |
| V | 364 | 204 | 321 | 276 | 41 | 43 | 6 | 2 | 18 | 12 | 14 | 6 |
| VI | 449 | 420 | 499 | 411 | 30 | 32 | 10 | 4 | 31 | 3 | 17 | 6 |
| VII | 541 | 537 | 546 | 528 | 50 | 46 | . | 2 | 33 | 11 | 12 | 16 |
| VIII | ലഭ്യമല്ല | | | | | | | | | | | |
| IX | 219 | 238 | 331 | 240 | 34 | 22 | 17 | 4 | 38 | 4 | 11 | 2 |
| X | 437 | 424 | 252 | 243 | 58 | 24 | - | . | . | - | | |
| XI | 431 | 400 | 323 | 327 | 13 | 10 | - | | 17 | 2 | 10 | 27 |
| ആകെ | 4105 | 3848 | 3730 | 3323 | 692 | 601 | 69 | 55 | 191 | 59 | 105 | 72 |

അവലംബം: പ്രാഥമിക വിവര സർവ്വേ

പഞ്ചായത്തിലെ പഠിച്ചു കൊണ്ടിരിക്കുന്ന ചെറിയ ശതമാനം കുട്ടികളിൽ വേണ്ടത്ര അക്ഷര ബോധവും അക്കബോധവും ഇല്ല. പരിഹാര ബോധന പരിപാടികൾ കുറെകൂടി ശക്തമാക്കേണ്ടതുണ്ട്.

കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഈ പഞ്ചായത്തിലും വിദ്യാഭ്യാസ സമിതിയും വാർഡു സമിതികളും സമ്പർക്ക സമിതികളും പ്രവർത്തിക്കുന്നു. ജൂലായ് മാസത്തിൽ നടത്തിയ പ്രീടെസ്റ്റിന്റെ അടിസ്ഥാനത്തിൽ ഏകദേശം 20% ത്തോളം വിദ്യാർത്ഥികളിൽ അക്ഷരജ്ഞാനവും സംഖ്യാബോധവും വേണ്ടത്ര ഇല്ലാത്തവരാണെന്ന് മനസ്സിലാക്കിയിട്ടുണ്ട്. ഇത് സംസ്ഥാനത്തെ മറ്റു പല ജില്ലകളെ അപേക്ഷിച്ച് കുറവാണ്.



പട്ടിക 3:7

## ഭൗതിക സാഹചര്യങ്ങൾ

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകൾ | കെട്ടിടം | | | മുറി | | | മൂത്രപ്പുരകൾ | ഒരേ സമയം [illegible] ഉപയോഗിക്കാം | [illegible] എണ്ണം | കക്കൂസ് | [illegible] | കുടിവെള്ളം | വൈദ്യുതി | പാചകപ്പുര | സ്റ്റാഫ്റൂം | ഫർണിച്ചർ മതി | ഇനി ആവശ്യമായ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അസ്ഥിരം | താൽക്കാലികം | | | | | | | | | | | ഡസ്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| മേലൂർ A.L.P. | 4 | 1 | 1 | - | - | 4 | - | 1 | 5 | 1 | 1 | - | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 10 | 15 | 4 | 4 | 6 |
| മാടാക്കരG.L.P. | 4 | - | 1 | 2 | - | 3 | 4 | 2 | 2 | 1 | 1 | - | " | " | " | " | " | 22 | 10 | 2 | 3 | - |
| ഏട് കുടിക്കൽG.L.P. | 4 | - | 1 | - | - | 4 | - | 2 | 2 | - | 1 | - | ഇല്ല | " | ഇല്ല | " | " | 4 | 8 | 4 | 4 | - |
| എളാട്ടേരി A.L.P | 4 | 2 | - | - | 1 | - | 5 | 1 | 10 | - | 1 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | " | " | 20 | 20 | - | 2 | 1 |
| വിദ്യാതരംഗിണി A.L.P | 4 | 1 | 1 | - | 4 | 4 | – | 1 | 5 | - | – | 1 | " | ഇല്ല | " | " | " | 15 | 10 | 2 | - | 1 |
| ആന്തട്ട G.L.P | 15 | 1 | 1 | - | 6 | 5 | - | 2 | 10 | 20 | 2 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | " | 80 | 20 | 1 | 5 | - |
| ചെങ്ങോട്ട് കാവ്E.U.P | 20 | 6 | - | - | 22 | – | – | 2 | 10 | 2 | 1 | - | " | " | " | ഉണ്ട് | ഉണ്ട് | - | - | – | – | - |
| പൊയിൽകാവ് U.P. | 27 | 5 | 5 | 4 | - | – | – | 2 | 20 | 2 | 1 | - | " | " | " | " | ഇല്ല | 27 | 32 | 12 | 10 | - |
| ചേലിയ U.P. | 11 | 3 | 1 | 1 | 9 | 3 | 2 | 2 | 10 | - | 1 | - | " | ഇല്ല | " | " | " | 50 | 50 | 5 | 10 | - |
| കെ.കെ.കിടാവU.P. | 12 | 5 | 1 | - | 14 | 3 | - | 2 | 10 | 2 | 1 | 3 | " | ഉണ്ട് | " | " | " | 10 | 10 | 4 | 4 | 1 |
| പൊയിക്കാവ് H.S. | 35 | 3 | 6 | - | 19 | 2 | - | 5 | 25 | 2 | 2 | - | " | " | ഇല്ല | " | " | 25 | 25 | 20 | 20 | - |



318

ഒരു വിദ്യാലയത്തെ സംബന്ധിച്ച് പ്രഥമ പരിഗണന നൽകേണ്ടത് അതിന്റെ അക്കാദമിക് സൗകര്യങ്ങൾക്കാണ്. ഇവിടത്തെ അക്കാദമിക്ക് സൗകര്യങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 3.8 **അക്കാദമിക് സൗകര്യങ്ങൾ**

| സ്കൂളിന്റെ പേര | ലൈബ്രറി | ലബോറട്ടറി | പഠനോപകരണങ്ങൾ | ബ്ലാക്ക് ബോർഡ് | | 95- 96 ൽ ലഭിച്ച അദ്ധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ട.ദിനങ്ങൾ | പ്രത്യേക പൊതു അവധി നഷ്ട ദിനങ്ങൾ | മാതൃസംഗമം | പി.ടി.എ.കാസ ടിസ്ഥാനത്തിൽ |
|---|---|---|---|---|---|---|---|---|---|---|
| | | | | ആവശ്യമുള്ളവ | നിലവിലുള്ളവ | | | | | |
| വിദ്യാതരംഗിണി L.P.S | ഉണ്ട് | ഉണ്ട് | ഇല്ല | 4 | 4 | 191 | 1 | 8 | ഉണ്ട് | ഇല്ല |
| മാടാക്കര G.L.P.S | ഇല്ല | ഇല്ല | ഇല്ല | 3 | 2 | 185 | - | - | ഉണ്ട് | ഇല്ല |
| ഏഴുകുടിക്കൽ G.L.P.S | ഉണ്ട് | " | " | 2 | 4 | 195.5 | - | 4.5 | " | ഉണ്ട് |
| മേലൂർ L.P.S | ഇല്ല | " | " | 4 | 4 | 188.5 | 4 | 4 | " | ഉണ്ട് |
| എളാട്ടേരിL.P.S | ഉണ്ട് | " | ഉണ്ട് | 4 | 4 | 191 | 1 | 8 | " | ഉണ്ട് |
| പൊയിൽക്കാവ്U.P.S | " | ഉണ്ട് | " | 24 | 14 | 191 | 9 | 3 | " | ഇല്ല |
| ചെങ്ങോട്ട്കാവ് ഈസ്റ്റ് U.P.S | " | " | " | 24 | 24 | 180.5 | - | 10 | " | ഉണ്ട് |
| കെ.കെ.കിടാവ് മെമ്മോറിയൽ U.P.S | " | ഉണ്ട് | " | 12 | 12 | 196 | 5 | 9 | " | ഉണ്ട് |
| ആന്തട്ട G.U.P.S | ഇല്ല | ഇല്ല | " | 15 | 15 | 211 | 4 | 2 | " | ഉണ്ട് |
| ചേലിയ U.P.S | ഉണ്ട് | " | ഉണ്ട് | 13 | 13 | 194 | - | 2 | " | ഉണ്ട് |
| പൊയിൽക്കാവ് H.S | ഉണ്ട് | ഉണ്ട് | ഉണ്ട് | 35 | 35 | 180 | 20 | - | ഇല്ല | ഉണ്ട് |

ഇതിൽനിന്നും പഠനനിലവാരം മോശമാകുന്നതിനൽ ഇവയുടെ പോരായ്മ വഹിക്കുന്ന പങ്ക് മനസ്സിലാക്കാം.

ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന പ്രശ്നങ്ങളും സാധ്യതകളും താഴെ ചേർക്കുന്നു.

## പ്രശ്നങ്ങൾ

- പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ പൊയിൽക്കാവ് ഹൈസ്ക്കൂളിന്റെ വിജയ ശതമാനം കുറവാണ്.
- പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് പഠനനിലവാരം മോശമാണ്.
- ഹൈസ്ക്കൂളിൽ ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ കുറവാണ്.
- സിലബസ് പരിഷ്കരണത്തിൽ ഉണ്ടാവുന്ന കാലതാമസം വിദ്യാഭ്യാസ പുരോഗതിയെ ബാധിക്കുന്നു.
- ഹൈസ്ക്കൂളിനോടനുബന്ധിച്ച് ഹെൽത്ത് ക്ലബ്ബുകളില്ലാത്തതിനാൽ ആരോഗ്യശീലങ്ങളിൽ കുട്ടികൾ വേണ്ടത്ര ബോധവാൻമാരല്ല.
- പാഠപുസ്തകങ്ങൾ എത്തിക്കുന്നതിലുള്ള

- കാലതാമസം പഠന നിലവാരത്തെ ബാധിക്കുന്നു.
- പഞ്ചായത്തിലെ സ്ക്കൂളുകളിൽ ആവശ്യത്തിന് ഭൗതികോപകരണങ്ങളോ പഠനോപകരണങ്ങളോഇല്ല.
- പഞ്ചായത്തിലെ സർക്കാർ സ്ക്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയമാണ്.
- എൽ.പി.യു.പി. സ്ക്കൂൾ പ്രധാനദ്ധ്യാപകരുടെ ജോലി ഭാരം പ്രൈമറി വിദ്യാഭ്യാസത്തെ ബാധിക്കുന്നു.
- സർക്കാർ സ്ക്കൂളുകളിലെ തുന്നൽ-കലാ-കായികാദ്ധ്യാപകരുടെ ഒഴിവുകൾ നികത്താനുള്ള കാലതാമസം കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകളുടെ വളർച്ചയെ ബാധിക്കുന്നു.
- പി.ടി.എ, മാതൃസംഗമം എന്നിവയുടെ കാര്യക്ഷമതയില്ലായ്മ പഠനനിലവാരത്തിൽ പ്രകടമാവുന്നു.
- സ്ക്കൂളുകളിലെ മൂത്രപ്പുര, കക്കൂസ്, ശുദ്ധജലം എന്നിവയുടെ അപര്യാപ്തത കുട്ടികളുടെ ശുചിത്വബോധത്തേയും ആരോഗ്യത്തേയും ദോഷകരമായി ബാധിക്കുന്നു.
- പഞ്ചായത്തിലെ കുട്ടികളുടെ സാമൂഹ്യവും സാമ്പത്തികവും ആയ പിന്നോക്കാവസ്ഥ കൊഴിഞ്ഞു പോക്കിന് കാരണമാവുന്നു.
- ഒന്നാം ക്ലാസ് പ്രവേശനത്തിന് ജനനസർട്ടിഫിക്കറ്റ് നിർബ്ബന്ധമല്ലാത്തതിനാൽ 5 വയസ്സ് പൂർത്തിയാക്കാതെ പ്രവേശനം ലഭിക്കുന്ന കുട്ടികളുടെ ഉപരിപഠനത്തെ അത് ബാധിക്കുന്നു.
- പഞ്ചായത്തിലെ സ്ക്കൂളുകളിൽ കലാ-കായിക-പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല.
- സ്ക്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി വേണ്ടത്ര കാര്യക്ഷമമല്ല.
- സ്ക്കൂളുകളിൽ വായനാമുറി, ലൈബ്രറി, ലബോട്ടറി എന്നിവ ആവശ്യത്തിനില്ല.
- സ്ക്കൂൾ വിദ്യാർത്ഥികൾക്കിടയിലുള്ള നിരക്ഷരത കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇപ്പോഴും ഗണ്യമായ തോതിൽ നിലനിൽക്കുന്നു. (തീരദേശ മുസ്ലീം വിദ്യാർത്ഥികൾക്കിടയിൽ കൂടുതൽ)
- മുസ്ലിം വിദ്യാർത്ഥികളുടെ മതപഠന സമയം സ്ക്കൂൾ വിദ്യാഭ്യാസത്തെ ബാധിക്കുന്നു.
- M.L.L വിദ്യാഭ്യാസ പരിപാടിയുടെ പുസ്തകങ്ങൾ വേണ്ടസമയത്ത് ലഭിക്കാത്തത് ആ പദ്ധതിയുടെ പരാജയത്തിന് കാരണമാകുന്നു.
- പഞ്ചായത്തിൽ സാങ്കേതിക വിദ്യാലയങ്ങൾ ഇല്ല.
- ചില വിദ്യാലയങ്ങളിൽ നിലനിൽക്കുന്ന അദ്ധ്യാപക പ്രശ്നം ആ വിദ്യാലയങ്ങളിലെ കുട്ടികളെ ബാധിക്കുന്നു.
- ശിശു വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല.
- പഞ്ചായത്തിൽനിന്നും അകലെയുള്ള അൺ എയ്ഡഡ് വിദ്യാലയങ്ങളിലേക്കുള്ള പോക്ക് വർദ്ധിച്ചുവരുന്നു.
- പ്രൈമറി തലത്തിൽ മാതൃഭാഷയോടുള്ള അവഗണന ദേശസ്നേഹത്തിന് വിഘാതമാവുന്നു.
- നിലവിലുള്ള ബാലവാടിക്കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയമാണ്.
- ബാലവാടിക്കെട്ടിടങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ കുറവാണ്.
- പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും ബാല

വാടികളോ ഫീഡിംഗ് സെൻറുകളോ അംഗണ വാടികളോ ഇല്ല.

- തുടർ സാക്ഷരതാ പരിപാടികൾ ഒന്നും തന്നെ നിലവിലില്ല.
- പഞ്ചായത്തിലെ പല സ്ക്കൂളുകളിലേക്കുമുള്ള പ്രധാനവഴികൾ യാത്രായോഗ്യമല്ലാത്തവയാണ്.

## സാധ്യതകൾ

- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സഹായിക്കാൻ തൊഴിലില്ലായ്മാ വേതനംപറ്റുന്ന ഉന്നത വിദ്യാഭ്യാസം നേടിയവരുടെ സേവനം ഉപയോഗപ്പെടുത്തി വാർഡ് തലത്തിൽ കോച്ചിംഗ് സെൻറുകൾ ആരംഭിക്കാം.
- പഠനത്തിൽ മുന്നോക്കം നിൽക്കുന്ന നിർധനരായ വിദ്യാർത്ഥികളെ ദത്തെടുക്കൽ പരിപാടി ആസൂത്രണം ചെയ്യാം.
- മതസ്ഥാപനങ്ങളെ ഉൾപ്പെടുത്തി വെൽഫയർ കമ്മറ്റി രൂപീകരിക്കാം.
- മികച്ച പഠന നിലവാരം പുലർത്തുന്ന നിർധനരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്താം.
- രക്ഷിതാക്കൾക്കും ഉന്നത വിദ്യാഭ്യാസം വേണ്ടവർക്കുമായി പഞ്ചായത്ത് തലത്തിൽ ഒരു മാർഗ്ഗ നിർദ്ദേശകസമിതി രൂപീകരിക്കാം.
- വിദ്യാലയങ്ങളോടനുബന്ധിച്ചുള്ള സമ്പർക്ക സമിതികൾ ശക്തമാക്കാം.
- മതസ്ഥാപനാധികാരികളെ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ പി.ടി.എ.രൂപീകരിക്കാം.
- L.S.S., U.S.S. സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കാനും സർട്ടിഫിക്കറ്റുകൾ നൽകാനുമുള്ള പരിപാടി നടപ്പിലാക്കാം.
- ഹൈസ്ക്കൂളിലേക്ക് പ്രവേശനം നേടുന്ന കുട്ടികൾക്ക് MET പരിപാടി നടപ്പിലാക്കാം.
- ശാസ്ത്രാദ്ധ്യാപകരെ പങ്കെടുപ്പിച്ച് ശാസ്ത്രോപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അവ ലഭ്യമാക്കാം.
- 4-ാം തരം വരെയുള്ള കുട്ടികൾക്ക് ആഴ്ചയിലൊരു ദിവസം പാലും മുട്ടയും നൽകാനുള്ള പരിപാടി ആസൂത്രണം ചെയ്യാം.
- പി.ടി.എ.നടത്തുന്ന നഴ്സറികൾ സർക്കാർ ഏറ്റെടുക്കാം.
- ബാലവാടി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായുള്ള ഫണ്ടിൻെറ 1/3 ഭാഗം ജനങ്ങളിൽ നിന്ന് സംഭരിക്കാം.
- സ്കൂളുകൾ വൈദ്യുതീകരിച്ചാൽ തുടർ സാക്ഷരതാ കേന്ദ്രങ്ങളാക്കി മാറ്റാം.
- ഇംഗ്ലീഷ് വിദ്യാഭ്യാസം മെച്ചപ്പെടുത്തുാൻ ആ വിഷയങ്ങളിൽ വൈദഗ്ദ്യം നേടിയവരെത്തന്നെ നിയമിക്കാം.
- എല്ലാ പ്രൈമറി വിദ്യാലയങ്ങളോടും അനുബന്ധിച്ച് പ്രീ പ്രൈമറി സ്ക്കൂളുകൾ ഏർപ്പെടുത്താംഎല്ലാം വിദ്യാലയങ്ങളിലും വാർഷികാഘോഷങ്ങൾ നിർബന്ധമാക്കാം.
- കൃഷി പാഠ്യവിഷയമായ ഒരു സാങ്കേതിക വിദ്യാലയം സ്ഥാപിക്കാം.
- സിലബസ് ലഘൂകരിക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്താം
- പാഠ്യേതര പ്രവർത്തങ്ങളിൽ കൂടി ഊന്നി നിന്നുകൊണ്ട് വിദ്യാർത്ഥികളിലെ കർമ്മോത്സുകതയെ ത്വരിതപ്പെടുത്തുകയും അതുവഴി അവരെ മികച്ച പഠനത്തിലേക്ക് നയിക്കുകയുമാണ് നാം ചെയ്യേണ്ടത്.
- NCC, സക്കൗട്ട് പ്രസ്ഥാനങ്ങളുടെ സന്നദ്ധ പ്രവർത്തനത്തെ പ്രയോജനപ്പെടുത്താം.
- പൊതുവായ ധാരണയുടെ അടിസ്ഥാനത്തിൽ സ്ക്കൂൾ പ്രവർത്തന സമയം പുനഃക്രമീകരിക്കാം.
- വിവിധ ക്ലബുകളുടെ പ്രവർത്തനം ഫലപ്രദമാക്കി വിദ്യാർത്ഥികളുടെ പഠനനിലവാരവും പ്രവർത്തനങ്ങളോടുള്ള ആഭിമുഖ്യവും വളർത്താം.

# 4. കുടിവെള്ളം

പഞ്ചായത്തിലെ കുടിവെള്ള രംഗം പൊതുവെ ആശാവഹമായ ചിത്രമല്ല വരച്ച്കാട്ടുന്നത്. ഭൂമിശാസ്ത്രപരമായ കിടപ്പ് തന്നെ പ്രധാനകാരണം. പടിഞ്ഞാറൻ അതിർത്തിയിലെ വിസ്തൃതമായ കടൽ തീരവും കിഴക്കെ അതിർത്തിയിലെ ഉള്ളൂർ പുഴയും ഇവയുടെ നിരവധി കൈവഴികളും പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളേയും ഉപ്പ് വെള്ളത്താൽ മലിനമാക്കുന്നു. ഓരു വെള്ളമെത്താത്ത കൃഷിയോഗ്യമായ പലസ്ഥലങ്ങളിലും കിണർ കുഴിക്കുമ്പോൾ കടൽച്ചെളിയും മരപ്പൊടിയും കാണപ്പെടുന്നു. വിവിധവാർഡുകളിലുള്ള ജനസാന്ദ്രതയേറിയ കുന്നിൻപ്രദേശങ്ങൾ അതിരൂക്ഷമായ ജലദൗർല്ലഭ്യതയാണ് അനുഭവിക്കുന്നത്. മുൻകാലങ്ങളിൽ ശുദ്ധജലം സുലഭമായിരുന്ന പ്രദേശങ്ങളും ഇന്ന് മാർച്ച് മാസത്തോടെ തന്നെ വരൾച്ചയെ നേരിടുകയാണ്.

പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കിണറുകളേയാണ് കുടിവെള്ളത്തിന് ആശ്രയിക്കുന്നത്. മൂന്ന് ചെറുകിട ശുദ്ധജല വിതരണ പദ്ധതികളും മുപ്പതു പൊതുകിണറുകളും അഞ്ച് കുഴൽ കിണറുകളും പൊതു രംഗത്തെ ജലവിതരണ രംഗത്തുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനംഒട്ടും തൃപ്തികരമല്ല. പൊതുകിണറുകളും കുഴൽകിണറുകളും ഏറെയും ഉപയോഗശൂന്യമായിരിക്കുകയാണ്. ചിലത് നവീകരിക്കാൻ പോലും കഴിയാതെ പൂർണ്ണമായും തകർന്ന നിലയിലാണ്. ശുദ്ധജലവിതരണ പദ്ധതികളുടെ പ്രവർത്തനവും കാര്യക്ഷമമല്ല. ഇവ വർദ്ധിച്ചുവരുന്ന കുടിവെള്ള ആവശ്യം നിറവേറ്റാൻ അപര്യാപ്തവുമാണ്.

## പഞ്ചായത്തിലെ കുടിവെള്ള ലഭ്യതയെ കുറിക്കുന്ന പട്ടികകൾ

പട്ടിക 4-1 പൊതുമേഖല ശുദ്ധജലവിതരണ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | ഉടമസ്ഥത | പ്രയോജനപ്പെടുന്ന വാർഡുകൾ | ടാപ്പുകളുടെ എണ്ണം | പ്രയോജനപ്പെടുന്ന വീടുകൾ |
|---|---|---|---|---|---|
| 1. | മേലൂർ മിനിവാട്ടർ സപ്ലൈ സ്കീം | പഞ്ചായത്ത് | 1 | 32 | 96 |
| 2. | എളാട്ടേരി ട്യൂബ്‌വെൽ വാട്ടർ സപ്ലൈ സ്കീം | K.W.A | 2,11 | 19 | 53 |
| 3. | ചെങ്ങോട്ടു കാവ് റൂറൽ വാട്ടർ സപ്ലൈ സ്കീം | K.W.A | 3,4 | 51 | 152 |
| ആകെ | | | | 102 | 301 |

പട്ടിക 4.2 പൊതുകിണറുകൾ

| വാർഡ് | എണ്ണം |
|---|---|
| 1 | 5 |
| 2 | 1 |
| 3 | 2 |
| 4 | 4 |
| 5 | 1 |
| 6 | - |
| 7 | 10 |
| 8 | 1 |
| 9 | - |
| 10 | 4 |
| 11 | 2 |
| ആകെ | 30 |

പട്ടിക 4.3 പൊതു കുഴൽകിണറുകൾ

| വാർഡ് | എണ്ണം |
|---|---|
| 1 | - |
| 2 | 1 |
| 3 | - |
| 4 | 2 |
| 5 | - |
| 6 | 1 |
| 7 | - |
| 8 | - |
| 9 | - |
| 10 | - |
| 11 | 1 |
| ആകെ | 5 |

| പട്ടിക 4.4 | കുളങ്ങൾ |
|---|---|
| വാർഡ് | എണ്ണം |
| 1 | 11 |
| 2 | 2 |
| 3 | 7 |
| 4 | 3 |
| 5 | 7 |
| 6 | 7 |
| 7 | 5 |
| 8 | 7 |
| 9 | 4 |
| 10 | - |
| 11 | 4 |
| ആകെ | 57 |

| പട്ടിക 4.5 | സ്വകാര്യ കിണറുകൾ | | |
|---|---|---|---|
| വാർഡ് | ആകെ വീടുകൾ | സ്വന്തമായി കിണർ ഉള്ളവർ | സ്വന്തമായി കിണർ ഇല്ലാത്തവർ |
| 1 | 487 | 307 | 180 |
| 2 | 270 | 168 | 102 |
| 3 | 425 | 312 | 113 |
| 4 | 499 | 295 | 204 |
| 5 | 353 | 258 | 95 |
| 6 | 427 | 301 | 126 |
| 7 | 543 | 322 | 221 |
| 8 | 345 | 265 | 80 |
| 9 | 394 | 297 | 97 |
| 10 | 362 | 190 | 172 |
| 11 | 389 | 178 | 211 |
| ആകെ | 4494 | 2893 | 1601 |

| പട്ടിക 4.6 | ജലക്ഷാമം | | | | |
|---|---|---|---|---|---|
| വാർഡ് | വരൾച്ച | കുന്ന് | പാറ | ഉപ്പ് | ആകെ |
| 1 | 105 | 46 | - | 1 | 152 |
| 2 | 82 | 15 | 11 | 1 | 109 |
| 3 | 165 | 6 | 10 | 96 | 277 |
| 4 | 189 | 71 | 38 | 62 | 360 |
| 5 | 128 | | 2 | 13 | 143 |
| 6 | 112 | 50 | 4 | 25 | 191 |
| 7 | 309 | 24 | 20 | 40 | 393 |
| 8 | 171 | 12 | 2 | - | 185 |
| 9 | - | - | - | - | - |
| 10 | 81 | - | - | 144 | 225 |
| 11 | - | 98 | - | 34 | 132 |
| ആകെ | 1342 | 322 | 87 | 416 | 2167 |

ആകെയുള്ള 30 പൊതുകിണറുകളിൽ നാലെണ്ണം പൂർണ്ണമായും ഇടിഞ്ഞ് തകർന്നിരിക്കുന്നു. അഞ്ചെണ്ണം ഭാഗികമായി തകർന്നു മലിജലം കയറിയും ഉപയോഗശൂന്യമായ നിലയിലും ബാക്കിയുള്ള പൊതു കിണറുകൾ ഏതാണ്ട് 200 വീട്ടുകാർ ഉപയോഗിക്കുന്നു. അഞ്ച് കുഴൽകിണറുകളിൽ രണ്ടെണ്ണം പ്രവർത്തനരഹിതവും ഒന്ന് ഉപയോഗിക്കാൻ പറ്റാത്തതുമാണ്.

കേരള ജല അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള ചേലിയായിലുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ ജലസ്ത്രോതസ്സായ കിണറിലെ ജലനിരപ്പ് മാർച്ച്-ഏപ്രിൽ മാസങ്ങളിൽ കുറയുന്നത് കാരണം ആവശ്യത്തിന് ശുദ്ധജലമെത്തിക്കാൻ കഴിയുന്നില്ല. വെള്ളം സുലഭമായി ഉള്ളപ്പോഴും ജല അതോറിറ്റിയുടെ കാര്യക്ഷമത ഇല്ലായ്മ ഈ പദ്ധതിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. എളാട്ടേരി ട്യൂബ്‌വെൽവാട്ടർ സപ്ലൈ സ്കീമും പ്രവർത്തനരഹിതമായിട്ട് നാളുകളേറെയായി. പഞ്ചായത്ത് അധീനതയിലുള്ള മേലൂർ മിനി വാട്ടർ സപ്ലൈ സ്കീം ജലലഭ്യതയിൽ അനുഗൃഹീതമാണെങ്കിലും വിതരണ രംഗത്തെ തകരാറുകൾ കാരണം കാര്യക്ഷമമായല്ല പ്രവർത്തിക്കുന്നത്. ഒട്ടേറെ സ്ഥലങ്ങളിൽ പൈപ്പുകൾ മണ്ണിനു മുകളിൽ കാണാം.

## കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ

### നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

| വാർഡ് | പ്രദേശം | നിർദ്ദേശങ്ങൾ |
|---|---|---|
| 1 | മേലൂർക്കര, വെങ്കറോളി ഹരിജൻ, കോളനി കച്ചേരിപ്പാറ | (1) വാർഡിൽ നിലവിലുള്ള മിനിവാട്ടർ സപ്ലൈ സ്കീം ജലഅതോറിറ്റിയെ ഏല്പിച്ച് ജലസ്ത്രസ്സ് പൂർണ്ണമായും ഉപയോഗിച്ച് പ്രശ്നഭാഗങ്ങളിലേക്ക് വിതരണശൃംഖല വ്യാപിക്കുകയും കേടുപാടുവന്ന പൈപ്പുകൾ മാറ്റി ഗുണ മേന്മയുള്ളവ സ്ഥാപിക്കുകയും ചെയ്യുക.<br>(2) കച്ചേരിപ്പാറഭാഗത്ത് ഒരു പൊതുകിണർ കുഴിക്കണം. സ്ഥലം സൗജന്യമായി ലഭിക്കും |
| 2 | കുളിമഠത്തിൽ, കിഴക്കയിൽ, കിഴക്കെ പോത്തൻ കയ്യിൽ, കോട്ടക്കുന്ന് നടുക്കണ്ടിപ്പറമ്പ് പ്രദേശങ്ങൾ | (1) വാർഡിലുള്ളജല അതോറിറ്റിയുടെ ട്യൂബ് വെൽ സ്കീം അറ്റകുറ്റപണികൾ നടത്തി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയും വിതരണശൃംഖല ക്ഷാമപ്രദേശങ്ങളിലേക്ക് നീട്ടുകയും ചെയ്യുക.<br>(2) തെക്കുംപുളിഞ്ഞോളി താഴെ കിണർ കുഴിച്ച് പുതിയഒരു ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുക. സ്ഥലം സൗജന്യമായി ലഭിക്കും.<br>(3) മനയടത്ത് പറമ്പ് പരിസരത്ത് പൊതുകിണർ കുഴിക്കുക |
| 3 | ഉള്ളൂർകടവ് മുതൽ നടക്കൽ വരെ, റോഡിന്റെ വടക്കുള്ള പ്രദേശങ്ങൾ തറക്കുതാഴെ, വലിയാരമ്പത്ത് ഹരിജൻ കോളനി, നീലിക്കുന്നുമ്മൽ, കോലൻ കണ്ടി പ്രദേശങ്ങൾ | (1) വാർഡിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളായ നീലിക്കുന്നുമ്മൽ, കക്കാട്ട്കുന്നുമ്മൽ, കോലങ്കണ്ടി എന്നിവിടങ്ങളിലേതിലെങ്കിലും ടാങ്ക് സ്ഥാപിച്ച് ഒരു ശുദ്ധജലവിതരണ പദ്ധതി ആരംഭിക്കുക. കിണറിനുള്ള സ്ഥലം സൗജന്യമായി ലഭിച്ചിട്ടുണ്ട്<br>(2) താല്ക്കാലികമായി വെള്ളമെത്തിക്കാൻ നീലുക്കുന്നുമ്മൽ, കോലങ്കണ്ടി എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക.<br>(3) വടക്കേടത്ത് താഴെ മുതൽ തൈക്കണ്ടി താഴെ വരേയും, കൃഷ്ണൻനായരുടെ നടയിലും ബണ്ട് കെട്ടി ഉപ്പു വെള്ളം കയറുന്നത് തടയുക. |
| 4 | ആയങ്കോട് മല, ഹരിജൻ കോളനി, നാലുസെൻറ് കോളനി, കാര്യാടകുന്ന്, കാളക്കനാരിക്കുന്ന്, കുറ്റ്യാടിക്കുന്ന്, കൊളാറക്കണ്ടി, ആയുർവ്വേദ ആശുപത്രി പ്രദേശങ്ങൾ; ലക്ഷംവീട് കോളനി | (1) കാര്യാട് കുന്നിലുള്ള റിസർവോയറിന്റെ ശേഷി വർധിപ്പിക്കുകയും ഉയരം കൂട്ടുകയും ചെയ്യുക.<br>(2) നിലവിലുള്ള ഈ പദ്ധതി 4-ാം വാർഡിനുമാത്രം പരിമിതപ്പെടുത്തി ജലക്ഷാമ പ്രദേശങ്ങളിലേക്ക് വിതരണ ശൃംഖല വ്യാപിപ്പിക്കുക.<br>(3) പാലോട്ടു മുക്കിലുള്ള കുഴൽ കിണറിലെ ജലം പരിശോധിച്ച് നിലവിലുള്ള GI പൈപ്പ് മാറ്റി PVC പൈപ്പ് സ്ഥാപിക്കുക.<br>(4) ഹരിജൻ കോളനിയിൽ മൂന്ന് സെൻറ് സർക്കാർ വക സ്ഥലത്ത് ടാങ്ക് ഉണ്ടാക്കി പുതിയ രു ജലവിതരണ പദ്ധതി |

| | | |
|---|---|---|
| | | ആരംഭിക്കാവുന്നതാണ്. കിണറിനുള്ള സ്ഥലം സൗജന്യമായി ലഭിക്കും.<br>(5) കുറ്റ്യാടിക്കുന്ന് ഹരിജൻ കോളനി ലക്ഷം വീട് കോളനി എന്നിവിടങ്ങളിലെ പൊതുകിണറുകളും, ആയുർവേദ ആശുപത്രി വളപ്പിലുള്ള കുഴൽ കിണറും അറ്റകുറ്റപണികൾ നടത്തി കാര്യക്ഷമമാക്കുക. |
| 5 | ചെങ്ങോട്ടുകാവ് റയിൽവേ ഗേയ്റ്റ് മുതൽ മാടാക്കര പള്ളിക്ക് കിഴക്കുവശം വരെ | (1) രാമൻകുളം ഏറ്റെടുത്ത് ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുക.<br>(2) റെയിൽവെ, N.H ഓവുപാലങ്ങൾ ആഴംകൂട്ടി അറ്റകുറ്റ പണി നടത്തുക.<br>(3) എളേരികുറ്റി ഹരിജൻ കോളനിയിലെ പൊതുകിണറിന് ചുറ്റുമുള്ള മലിനജലം നീക്കുക. |
| 6 | പാവങ്കോട്ട് കുന്നുമ്മൽ, നെല്ലൂളിക്കുന്നുമ്മൽ പ്രദേശം, കല്ലറുകണ്ടി, ഖാദിമുക്ക്, കൃഷ്ണൻ നായർബങ്ക്, കളത്തിൽ തുടങ്ങി തയ്യലത്ത് വരെയുള്ള പ്രദേശങ്ങൾ, ഹരിജൻ കോളനി | (1) ചെറിയങ്കോട്ടു കുളം ഏറ്റെടുത്ത് ടാങ്ക് നിർമ്മിച്ച് പാവങ്കോട്ട് കുന്നിലും മറ്റും വെള്ളമെത്തിക്കാം. സൗജന്യമായി കിണറിനുള്ള സ്ഥലവും ഇവിടെ ലഭ്യമാണ്.<br>(2) പഞ്ചായത്ത് അധീനതയിലുള്ള നെല്ലൂളിക്കുളം കേന്ദ്രീകരിച്ച് ഒരു പദ്ധതി തുടങ്ങി നെല്ലൂളിക്കുന്ന്ഭാഗത്തും പരിസരപ്രദേശങ്ങളിലും വെള്ളം എത്തിക്കണം.<br>(3) ഹരിജൻ കോളനിയിൽ പൊതുകിണർ കുഴിക്കുക. |
| 7 | കോളൂർകുന്ന് ഹരിജൻ കോളനി, പൊയിൽക്കാവ് ലക്ഷം വീട് കോളനി, നാലുസെൻറ് കോളനി കവലാട്ടു താഴെ പ്രദേശങ്ങൾ, മങ്ങാട് പ്രദേശം | (1) കോളൂർകുന്ന് ഹരിജൻ കോളനിയിൽ ടാങ്ക് സ്ഥാപിച്ച് പുതുക്കുളം, രാമൻകുളം, ഈറ്റഞ്ചേരിക്കുളം എന്നിവയിൽ അനുയോജ്യമായത് ഉപയോഗപ്പെടുത്തി സമഗ്ര ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കാവുന്നതാണ്. സ്ഥലം സൗജന്യമായി ലഭ്യമാകും.<br>(2) നിലവിലുള്ള തോട് നന്നാക്കി മലിനജലം കടലിലേക്കൊഴുക്കി കിണറുകളിൽ മലിനജലമെത്തുന്നത് തടയണം.<br>(3) മങ്ങാട് പാറയുള്ള പ്രദേശത്ത് ശാസ്ത്രീയമായ സർവ്വേയുടെ അടിസ്ഥാനത്തിൽ പൊതു കിണർ സ്ഥാപിക്കുക. |
| 8 | പിലാക്കാട്ട് താഴഹരിജൻ കോളനി, തുരുത്തിക്കുന്നുമ്മൽ പ്രദേശം, വാർഡിൻെറ കിഴക്കുള്ള പ്രദേശങ്ങൾ | (1) ഹരിജൻ കോളനിയിലെ ഇടിഞ്ഞ് തൂർന്ന പതുകിണർ അതേസ്ഥലത്ത് തന്നെ മാറ്റിപ്പണിത് കോളനിക്ക് മാത്രമായി ശുദ്ധജലവിതരണ പദ്ധതി ആരംഭിക്കുക.<br>(2)തുരുത്തിക്കുന്നുമ്മൽ ഭാഗത്ത് കിണർ കുഴിച്ച് പൈപ്പ് വഴി ക്ഷാമപ്രദേശങ്ങളിൽ വെള്ളം എത്തിക്കാം. കിണറിനും മറ്റും ആവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കും. |
| 9 | എം.എം. ആശുപത്രി പരിസരം, വാർഡിൻെറ തെക്ക് പടിഞ്ഞാറ് ഭാഗം-വളപ്പിൽ ബിച്ച് പ്രദേശം | (1)വാർഡിൻെറതെക്ക് പടിഞ്ഞാറ് ഭാഗത്ത് മിനിവാട്ടർ സപ്ലൈസ്കീം നടപ്പിലാക്കി വാർഡിൻെറ ശുദ്ധജലദൗർല്ലഭ്യം ഇല്ലാതാക്കാം. |

| | | |
|---|---|---|
| 10 | തീരപ്രദേശത്തുള്ള മുഴുവൻ പ്രദേശങ്ങളും | (1) രാമൻകുളം ജലസ്ത്രോതസ്സായി ഉപയോഗിച്ച് കോളൂർ കുന്നിൽ ടാങ്ക്കെട്ടി വാർഡിൻെറ മുഴുവൻ പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കാൻ പര്യാപ്തമായ ശുദ്ധജലവിതരണ പദ്ധതി ആരംഭിക്കണം.<br>(2) ഉപയോഗശൂന്യമായ പൊതുകിണറുകൾ അറ്റകുറ്റപ്പണികൾ ചെയ്ത് ഉപയോഗ്യമാക്കുക. |
| 11 | കോണത്ത്കുന്ന്, പൊയിലുംകുന്ന്, കോട്ടക്കുന്ന്, ഒരിയക്കുന്ന്, ഐരാണിതുരുത്ത്, കുടുംബിയിൽ താഴെപ്രദേശങ്ങൾ | (1) കോട്ടക്കുന്നിൽ നിലവിലുള്ള വാട്ടർടാങ്കിൻെറ ഉയരം കൂട്ടി പ്രശ്നഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുക.<br>(2) കോണത്തുകുന്നിൽ ടാങ്ക്നിർമ്മിച്ച് വാർഡിലെ ജലദൗർല്ലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ജലമെത്തിക്കുക. ഈ പദ്ധതിക്കാവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കും.<br>(3) ചേലിയ വാട്ടർ സപ്ളൈ സ്കീമിൻെറ പൈപ്പ്ലൈൻ ഒരിയക്കുന്നിലേക്ക് നീട്ടുക.<br>(4) കുറ്റിയിൽ താഴെ മുതൽ ഐരാണിത്താഴവരേയും അവിടെ നിന്നും പുത്തൻപുര താഴവരേയും ബണ്ട്കെട്ടി കിണറുകളിൽ ഉപ്പ് വെള്ളം കയറുന്നത് തടയുക.<br>(5) ഉണിച്ചിരം വീട്ടിൽ താഴഭാഗത്ത് കുഴൽകിണർ നിർമ്മിക്കുക. |

പഞ്ചായത്തിൽ ഇന്ന് അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നതിന് നിരവധി മിനി വാട്ടർസപ്ലൈ സ്കീമുകൾ വേണമെന്ന നിർദ്ദേശങ്ങളാണ് ഗ്രാമസഭകളിൽ നിന്ന് ഉരുത്തുരിഞ്ഞ് വന്നതം. നിലവിലുള്ള എല്ലാ പൊതു കിറണറുകളും, പൊതുടാപ്പുകളും കുഴൽ കിണറുകളും അറ്റ കുറ്റ പണികൾ നടത്തി ഉപയോഗയോഗ്യമാക്കണം. പൊതു വിതരണത്തിനുള്ള വെള്ളം അണു വിമുക്തമാണെന്ന് ഉറപ്പുവരുത്തണം മലിന ജലം ഡ്രയിനേജ് സ്ഥാപിച്ച് ഒഴുക്കിക്കളയണം. സ്വകാര്യ കിണറുകൾ നിർമ്മിക്കുവാനും ആഴം കൂട്ടുവാനും അറ്റകുറ്റപണികൾ ചെയ്യാനും സ്ഥല പരിധി നോക്കാതെ സബ്സിഡിയോടു കൂടെ വായ്പ ലഭ്യമാക്കണം. പട്ടിക ജാതിയിൽ പെട്ടവർക്കും താഴ്ന്നവരുമാനകാർക്കും ഇതിന് പൂർണ സബ്സിഡി നൽകണം. ജല മലിനീകരണം തടയാനുള്ള പ്രായോഗിക പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. തിരുവങ്ങൂർ ബ്രാഞ്ച് കനാലിൽ ജനുവരി മാസത്തിൽ തന്നെ വെള്ളം തുറന്ന്വിട്ടാൽ സമീപ പ്രദേശങ്ങളിലെ കിണറുകളിലെ വരൾച്ച ഒഴിവാക്കാനാവും.

ചെങ്ങോട്ടുകാവ് പഞ്ചായത്തിനെ കമീഷൻ ചെയ്യാറായ പെരവണ്ണാമുഴി സമഗ്ര ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി കിട്ടാൻ വേണ്ട നടപടികൾ സ്വീകരിക്കണം. മുമ്പ് കൃഷിയിടങ്ങളായിരുന്ന വയലുകൾ തെങ്ങിൻ തോപ്പുകളും പുരയിടങ്ങളുമായി മാറിയതും കുളങ്ങൾ മണ്ണിട്ട്നികത്തിയെടുത്തുമാണ് ക്ഷാമം അനുഭവപ്പെടാതിരുന്ന മേഖലകളിൽ കൂടിജല ദൗർലഭ്യം ഉണ്ടാവാനുള്ള പ്രധാന കാരണം. കുന്നുകളിടിച്ച് മണ്ണെടുക്കുന്നതും സ്ഥിതിരൂക്ഷമാക്കുന്നു. പഞ്ചായത്തിലുള്ള ജലസ്രോതസ്സുകൾ പൊതു സംരക്ഷണത്തിലാക്കണം. ഒരു കുളം പോലും മേലിൽ നികത്താനനുവദിച്ചുകൂടാ. കുളങ്ങളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തണം. പറമ്പുകളിൽ കുഴികൾ കുഴിച്ചും മണ്ണൊലിപ്പ് തടഞ്ഞും ജലസംരക്ഷണം നടത്താൻ പഞ്ചായത്തിലുടനീളം ബോധവൽക്കരണ കേമ്പയിനുകൾ സംഘടിപ്പിക്കണം.

പാഴായി പോകുന്ന ഓരോ തുള്ളി ജലവും അമൂല്യമായ സമ്പത്താണന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. അങ്ങനെ ജന പങ്കാളിത്തത്തിലൂടെ സമഗ്രവും ശാസ്ത്രീയവുമായ പ്രവർത്തനങ്ങൾ വിഴി ചെങ്ങോട്ടുകാവ് പഞ്ചായത്തിൻെറ കുടിനീർ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം തേടണം.

# 4. A പൊതുജനാരോഗ്യം

ഏതൊരു നാടിൻേറയും അമൂല്യസമ്പത്ത് അവിടത്തെ ആരോഗ്യമുള്ള ജനതയാണ്. സേവന മേഖലയിലെ മികവാർന്ന പ്രവർത്തങ്ങളുടെ ഫലമായി കേരളം ആരോഗ്യ രംഗത്ത് അസൂയാവഹമായ നേട്ടങ്ങളാണ് കൈവരിച്ചത്. പക്ഷെ ഈ നേട്ടങ്ങൾ നിലനിർത്താൻ സംഘടിതമായ ശ്രമങ്ങൾ നാം തുടർന്നേ മതിയാകൂ.

അലോപതി, ആയുർവേദം എന്നീ ചികിത്സാ രീതികളാണ് ഈ പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായി അവലംബിക്കുന്നത്. ഹോമിയോ ചികിത്സയും ഉണ്ട്. ഇന്ന് ലഭ്യമായിരിക്കുന്ന ചികിത്സാ സൗകര്യങ്ങളൊന്നും ചെങ്ങോട്ടുകാവിലെ ജനങ്ങൾക്ക് മുമ്പ് ലഭിച്ചിരുന്നില്ല. അക്കാലത്ത് ജനങ്ങളുടെ ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധയൂന്നിയിരുന്ന പ്രശസ്തരായ നാട്ടുവൈദ്യൻമാരുടെ സേവനങ്ങൾ സ്മരണീയമാണ്. കൊയിലാണ്ടി താലൂക്ക് ആശുപത്രിസ്ഥാപിതമായതോടേയാണ് പഞ്ചായത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ആധുനിക ചിതിത്സാ സൗകര്യം സാധ്യമായത്.

മരണനിരക്കിനെ അടിസ്ഥാനമാക്കിയുള്ള പഠനത്തിൽ പൊതുമരണനിരക്ക് , ശിശുമരണനിരക്ക്, മാതൃമരണനിരക്ക് എന്നിവ നമ്മുടെ പഞ്ചായത്തിൽ സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ്. ജനനനിരക്കം സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ്. കുടുംബാസൂത്രണരംഗത്തം ആശാവഹമായ മുന്നേറ്റം കൈവരിക്കാനായത് കൊണ്ടാണിത്. പഞ്ചായത്തിലെ ജനങ്ങളുടെ പ്രായഘടന തിരിച്ചുള്ള പട്ടിക 4.7 കാണുക.

പട്ടിക - 4.7

| പ്രായപരിധി | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ജനസംഖ്യ | | 5ൽതാഴെ | | 5-15 | | 15-35 | | 35-60 | | 60ന് മുകളിൽ | |
| വാർഡ് | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| 1 | 1325 | 1301 | 59 | 54 | 237 | 181 | 488 | 537 | 410 | 376 | 131 | 153 |
| 2 | 725 | 802 | 43 | 53 | 111 | 134 | 302 | 316 | 198 | 208 | 71 | 91 |
| 3 | 1097 | 1097 | 60 | 74 | 175 | 156 | 448 | 415 | 312 | 324 | 102 | 128 |
| 4 | 1193 | 1321 | 84 | 59 | 206 | 231 | 463 | 474 | 325 | 390 | 115 | 167 |
| 5 | 885 | 1011 | 57 | 82 | 141 | 162 | 318 | 380 | 264 | 276 | 105 | 111 |
| 6 | 1128 | 1155 | 64 | 57 | 186 | 175 | 468 | 473 | 327 | 318 | 83 | 132 |
| 7 | 1303 | 1280 | 78 | 74 | 246 | 213 | 502 | 505 | 373 | 376 | 104 | 112 |
| 8 | 918 | 907 | 53 | 45 | 140 | 117 | 372 | 376 | 269 | 283 | 84 | 86 |
| 9 | 926 | 845 | 64 | 65 | 100 | 100 | 334 | 273 | 332 | 296 | 96 | 111 |
| 10 | 1219 | 1219 | 62 | 79 | 269 | 271 | 545 | 513 | 286 | 259 | 57 | 97 |
| 11 | 824 | 832 | 31 | 34 | 135 | 165 | 332 | 314 | 230 | 207 | 96 | 112 |
| ആകെ | 1154 | 11894 | 656 | 676 | 1946 | 1905 | 4572 | 4576 | 3326 | 3313 | 1044 | 1300 |

പൊതു ആരോഗ്യരംഗത്ത് മൂന്ന് സ്ഥാപനങ്ങളാണ് പഞ്ചായത്തിലുള്ളത്. കിഴക്കെ അറ്റത്ത് നാലാം വാർഡിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആയുർവേദ ഡിസ്പൻസറി, 1996 മാർച്ച് മാസത്തിൽ താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച പ്രാഥമികാരോഗ്യകേന്ദ്രം, ആറാം വാർഡിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യ ഉപകേന്ദ്രം. ആരോഗ്യ ഉപകേന്ദ്രം നേരത്തെതന്നെ തിരുവങ്ങൂർ

പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ കീഴിൽ പ്രവർത്തിച്ച് വന്നിരുന്നതാണ്. താൽകാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സ്വന്തം കെട്ടിടം പണിയുന്നതിന് ആവശ്യമായ എഴുപത് സെൻറ് സ്ഥലം സമ്പാദിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനം ജനപങ്കാളിത്തത്തോടെ നടന്നു വരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടറടക്കം ഏഴ് പേരും, സബ്സെൻററിൽ രണ്ട് പേരും, ആയുർവേദ ഡിസ്പൻസറിയിൽ ഡോക്ടറടക്കം നാലുപേരും ജോലി ചെയ്ത് വരുന്നു. ഇതിനും പുറമേ പഞ്ചായത്തിൽ ദേശീയ പാതക്ക് സമീപം സ്വകാര്യമേഖലയിൽ എം. എം. ആശുപത്രി പ്രവർത്തിക്കുന്നു. ആയുർവേദാശുപത്രിയുടെ പ്രവർത്തനം താരതമ്യേന തൃപ്തികരമായി നടന്നുവരുന്നു. ഒട്ടേറെ ജനങ്ങൾ ചികിത്സക്കായി ഈ ഡിസ്പൻസറിയെ ആശ്രയിക്കുന്നുണ്ട്. ഡിസ്പൻസറി ഭാഗത്തേക്കുള്ള റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയാൽ പഞ്ചായത്തിൻെറഇതര ഭാഗങ്ങളിലുള്ളവർക്കും ഈ ഡിസ്പൻസറി പ്രയോജനപ്പെടും. ഡിസ്പൻസറിക്ക് ചുറ്റും കരിങ്കൽ ഭിത്തി കെട്ടണം. വരാന്തയിൽ ഗ്രിൽസിടണം. ആയുർവേദ ഡിസ്പൻസറി കെട്ടിടത്തോടനുബന്ധിച്ച് ഒഴിഞ്ഞ് കിടക്കുന്ന 35 സെൻറ് സ്ഥലം ഉപയോഗിച്ച് രോഗികളെകിടത്തി ചികിത്സിക്കുവന്ന ഒരാശുപത്രി പണിയണം. എങ്കിൽ മാത്രമേ ഇതിൻെറ സേവനം പൂർണ്ണമായും ജനങ്ങളിലെത്തിക്കാൻ കഴിയൂ. 1992-93 മതൽ 95-96വരേയുള്ള കാലങ്ങളിൽഇവിടെ നടന്ന ചികിത്സയെ സംബന്ധിക്കുന്ന കണക്ക് പട്ടിക 4:8ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 4:8

| വർഷം | ഔട്ട് പേഷ്യൻറ് എണ്ണം | ത്വക്ക്രോഗം | വാതരോഗം | പകർച്ച വ്യാധികൾ | മറ്റുള്ള രോഗങ്ങൾ |
|---|---|---|---|---|---|
| 92-93 | 20832 | 3650 | 10000 | 2182 | 5000 |
| 93-94 | 19650 | 2670 | 9430 | 1200 | 6350 |
| 94-95 | 18460 | 2450 | 8670 | 1050 | 6290 |
| 95-96 | 18521 | 2000 | 8000 | 1500 | 7021 |

വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സൗകര്യങ്ങൾ നാമമാത്രമാണ്. ഡോക്ടറുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കണം. ഈ ആരോഗ്യകേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങളോ, ഉപകരണങ്ങളോ, ഔഷധങ്ങളോ ഒന്നും തന്നെയില്ല. മരുന്നിനും മറ്റും അനുവദിക്കുന്ന തുക തികച്ചും അപര്യാപ്തമാണ് ഒരു ആശുപത്രി വികസന സമിതി രൂപീകരിച്ച്ഈ കേന്ദ്രത്തിൻെറ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്. ഒപ്പം അധികൃതരുടെ സഹായങ്ങളും ഉറപ്പ് വരുത്തണം.

രണ്ട് പേർ പ്രവർത്തിക്കുന്ന ആരോഗ്യ ഉപകേന്ദ്രത്തിൽ ഗർഭിണികളുടെ പരിചരണവും പ്രതിരോധ കുത്തിവെപ്പും നടക്കുന്നു. കുട്ടികൾക്കും ആവശ്യമായ പ്രതിരോധ കുത്തിവെപ്പുകൾഇവിടെ നിന്നും നൽകിവരുന്നുണ്ട്. ആരോഗ്യ രംഗത്ത് ഫീൽഡ് സ്റ്റാഫിവിൻെറ പ്രവർത്തനം കാര്യക്ഷമമാക്കണം. ഡോക്ടർമാർ ബാലവാടികൾ സന്ദർശിച്ച് കുട്ടികളുടെ ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധിക്കുന്നത് അഭികാമ്യമാണ്. സ്കൂൾ തലത്തിലുള്ള വൈദ്യപരിശോധന കാര്യക്ഷമമാക്കണം.സ്വകാര്യ ചികിത്സാ രംഗം താങ്ങാനാവാത്തത്ര ചെലവേറിയതാണ്. പ്രാഥമികാരോഗ്യ കേന്ദ്രം ബാലാരിഷ്ടതകളിൽ കഴിയുമ്പോൾ സാധാരണ ജനങ്ങൾ ചികിത്സാർത്ഥം കൊയിലാണ്ടിതാലൂക്ക് ആശുപത്രിയേയും മെഡിക്കൽ കോളേജാശുപത്രിയേയുമാണ് ആശ്രയിക്കുന്നത്. താലൂക്കാശുപത്രിയിലെ സൗകര്യമില്ലായ്മയിൽ ജനങ്ങൾ അതൃപ്തരാണ്. താലൂക്കാശുപത്രിയിലെ സൗകര്യങ്ങൾ ഇനിയും എത്രയോ മെച്ചപ്പെടുത്തേണ്ടതുണ്ട്. അത് സാധിച്ചാൽ കോഴിക്കോട് മെഡിക്കൽകോളേജാശുപത്രിയിലെ വമ്പിച്ച തിരിക്ക് ഒഴിവാക്കാൻ കഴിയും.

വിവിധ സന്നദ്ധ സംഘടനകൾ രക്തഗ്രൂപ്പ് നിർണയം, നേത്ര ചികിത്സ, സൗജന്യ വൈദ്യപരിശോധന തുടങ്ങിയ ആരോഗ്യ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പെയിൽക്കാവ്, ചേലിയ, ചെങ്ങോട്ട്കാവ് എന്നിവടങ്ങളിലായി ആറ് ആയുർവേദ ഏജൻസികൾ പ്രവർത്തിക്കുന്നു. പൊയിൽ കാവിൽ ഒരു അലോപ്പതി ക്ലിനിക്കും, ചെങ്ങോട്ടുകാവിൽ ഒരുഇംഗ്ലീഷ് മരുന്നു ഷാപ്പും പ്രവർത്തന രംഗത്തുണ്ട്. ഇതിനും പുറമേ രണ്ടു ഹോമിയോ വിദഗ്ദൻമാരും ഇവിടെ പ്രവർത്തിച്ചു വരുന്നുണ്ട്.

തീരദേശമായ 10 ാം വാർഡിൽ ഒരാശുപത്രി സ്ഥാപിക്കണം. ഇതിന് ആവശ്യമായ സ്ഥലം കിട്ടാനുണ്ട്. പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പൻസറിയും ആരംഭിക്കണം.

പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യനിലവാരം മെച്ചപ്പെട്ടതാണെന്ന് പഠനങ്ങൾ വെളിവാക്കുന്നു. അഞ്ചാംപനി, ബാലക്ഷയം, തൊണ്ടമുള്ള് കൊക്കക്കുര, ക്ഷതസന്നി, പിള്ളവാതം മുതലായ രോഗങ്ങൾക്കെതിരെ നടത്തുന്ന പ്രതിരോധ കുത്തിവെപ്പുകൾ, വിവിധ സന്നദ്ധ സംഘടനകൾ നടത്തിവരുന്ന രോഗനിർണയ ക്യാമ്പുകൾ എന്നിവ രോഗാതുരത കുറയ്ക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു.

പകർച്ച വ്യാധികൾ നാമമാത്രമായെങ്കിലും ഓരോ വർഷങ്ങളിലും നമ്മുടെ പഞ്ചായത്തിൽ ഉണ്ടാവാറുണ്ട് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പട്ടിക 4:9 കാണുക.

പട്ടിക - 4:9

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ |
|---|---|---|---|
| 93-94 | 128 | 42 | 23 |
| 94-95 | 132 | 45 | 16 |
| 95-96 | 137 | 47 | 13 |

വെറും ചികിത്സാ സൗകര്യം കൊണ്ടുമാത്രം ഒരുസമൂഹത്തിന്റെ ആരോഗ്യം നിലനിർത്താനാവില്ല. വെറും രോഗ ചികിൽസയല്ല ആരോഗ്യം സംവിധാനം. അത് സാമൂഹ്യവും ശാരീരികവും മാനസികവുമായ ഒരു സമൂഹത്തിന്റെ സുസ്ഥിതിയെയാണ് സൂചിപ്പിക്കുന്നത്. രോഗ പ്രധിരോധത്തിനായുള്ള പ്രവർത്തനങ്ങളും, ശരിയായ പോഷണ്, പരിസരശുചിത്വം, ശുദ്ധജലം, ശുദ്ധവായു എന്നിവ ഒഴിച്ചുകൂടാനാവാത്തതാണ്. വൃത്തികേടായ പരിസരം രോഗങ്ങളെ മാടിവിളിക്കുന്നു.

പഞ്ചായത്തിലെ ശുചിത്വസംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഒരു മുഴുവൻ സമയ ശുചീകരണ പ്രവർത്തകൻ പഞ്ചായത്തിനില്ല. അതു കൊണ്ട് ടൗണുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടുന്നില്ല. അറവുശാലകൾ, മത്സ്യവിപണനകേന്ദ്രങ്ങൾ, കോഴിവില്പന കേന്ദ്രങ്ങൾഎന്നിവ ആരോഗ്യ നിയന്ത്രണ നിയമങ്ങൾ അനുസരിച്ചല്ല പ്രവർത്തിക്കുന്നനത്. ഇത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. തിരക്കേറിയ റോഡരുകിലെ മത്സ്യവില്പന അവസാനിപ്പിക്കാൻ ചെങ്ങോട്ടുക്കാവ്, പൊയിൽകാവ്, അരങ്ങാടത്ത്, ചേലിയ എന്നിവടങ്ങളിൽ മത്സ്യമാർക്കറ്റു സ്ഥാപിക്കണം. അറവുശാലകളിൽ സീൽ ചെയ്ത മൃഗങ്ങളെ മാത്രമേ കശാപ്പു ചെയ്യുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തണം. ഇവിടങ്ങളിലെ അവശിഷ്ടങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കണം. നിയമാനുസൃതമായ രീതിയിൽ അറവുശാലകൾ സ്ഥാപിക്കണം.

ശരിയായ കക്കൂസുകളുടെ അഭാവം ആരോഗ്യത്തിന് വൻഭീഷണിയാണ്. പഞ്ചായത്ത് പ്രാഥമിക സർവ്വേയിൽ തെളിഞ്ഞ കക്കൂസുകളുടെ വിവരം പട്ടിക 4:10ൽ കാണാം. പഞ്ചായത്തിൽ995 വീടുകളിൽ സ്വന്തമായി കക്കൂസുകളില്ല. ഇവരിൽ 370 വീട്ടുകാർ പൊതുസ്ഥലത്താണ് മലവിസർജ്ജനം നടത്തുന്നത്. ഇവർക്ക് അടിയന്തിരമായി കക്കൂസ് പണിത് നൽകേണ്ടതാണ്. തീര പ്രദേശങ്ങളിലും താഴ്ന്ന സ്ഥലങ്ങളിലും ESPക്കൂസുകൾ പ്രായോഗികമല്ല. ഭൂരിപക്ഷം ജനങ്ങളും തുണ്ടം തുണ്ടം ഭൂമികളിൽ വസിക്കുന്നവരാകയാൽ ESPകക്കൂസുകൾ അടുത്തുള്ള കിണറുകളെ മലിനമാക്കുന്നു. ഇത് ഗൗരവതരമായ ഒരു ആരോഗ്യപ്രശ്നമാണ്- അതിനാൽ സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളിൽ അവ നിർമ്മിക്കുന്നതിനായി സബ്സിഡിയോടുകൂടിയ വായ്പ അനുവദിക്കണം. താഴ്ന്ന വരുമാനക്കാർക്കും പട്ടികജാതി വിഭാഗക്കാർക്കും സൗജന്യമായി ഇവ നിർമ്മിച്ചു നൽകണം. ലക്ഷംവീട്, നാലുസെൻറ് കോളനി, തുടങ്ങിയ സ്ഥലങ്ങളിൽ പൊതു ആവശ്യങ്ങൾക്കായി നീക്കിവെച്ച സ്ഥലത്ത് പൊതു കക്കൂസുകൾ നിർമ്മിക്കാം. ഓരോ വീട്ടുകാർക്ക് ഓരോന്നിന്റെ സംരക്ഷണചുമതലയും ഉടമസ്ഥാവകാശവും നൽകാം. ഇതു പ്രായോഗിക മല്ലങ്കിൽ ഇത്തരം കോളനികളിലെ ഓരോവീട്ടിനും കക്കൂസ് സൗജന്യമായി നിർമ്മിച്ചു കൊടുക്കണം. ചേലിയ ആയുർവേദ ഡിസ്പൻസറിയിൽ ഒരു പൊതു കക്കൂസ് നിർമ്മിക്കണം. ടൗണുകളിലും മറ്റും പൊതു മൂത്രപുരകൾ നിർമ്മിക്കേണ്ടതാണ്. ഹോട്ടലുകളിൽ ശുചിത്വം

ഉറപ്പുവരുത്തണം. ചെങ്ങോട്ടുകാവ് അങ്ങാടിയിലെ ഓവുകൾ മാലിന്യങ്ങൾ നിറഞ്ഞവയാണ് കച്ചവടക്കാർ അവിടങ്ങിലെ മാലിന്യങ്ങൾ ഓടയിലേക്ക് തള്ളുകയാണ് പതിവ് ഓടകളാവട്ടെ യഥാസമയം വൃത്തിയാക്കുന്ന പതിവുമില്ല. അതിനാൽ ഇത് ഗൗരവമേറിയ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

സ്ത്രീകളുടെ ആരോഗ്യകാര്യത്തിൽ അടുക്കളകളുടെ പങ്ക് ചെറുതല്ല. നാടൻ രീതിയിലുള്ള അടുപ്പുകളിൽ പാകം ചെയ്യുന്ന അമ്മമാർ പുക ശ്വസിക്കാനിടയായി ശ്വാസകോശ രോഗങ്ങൾക്കിരയാവുന്നു. പഞ്ചായത്തിലെ ബഹുഭൂരി പക്ഷം വീട്ടുകാരും നാടൻ അടുപ്പുകളാണുപയോഗിക്കുന്നത്. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കേണ്ടതാണ് സബ്സിഡി നിരക്കിൽ ഇവ ലഭ്യമാക്കുകയോ പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തി പഞ്ചായത്ത് തലത്തിൽ നിർമ്മിച്ച് വിതരണം ചെയ്യുകയോ വേണം.

കൊതുകുകളെ നിർമ്മാർജനം ചെയ്യുന്നതിനായി കൊതുകു നിവാരണ പരിപാടികൾ സംഘടിപ്പിക്കണം. മലിനജലം കെട്ടിക്കിടക്കുന്നത് കൊതുകുകൾ പെരുകാൻ ഇടയാകുന്നു. മലിനജല പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും ചുവടെ കൊടുത്തത് കാണുക പട്ടിക 4.11.

പട്ടിക - 4:10

| വാർഡ് | വീടുകളുടെ എണ്ണം | കക്കൂസ് ഉള്ളത് | കക്കൂസ് ഇല്ലാത്തത് | ESP | ലീച്ച്പിറ്റ്/ സെപ്ടിക്ക്ടാങ്ക് |
|---|---|---|---|---|---|
| 1 | 487 | 455 | 32 | 316 | 139 |
| 2 | 270 | 248 | 22 | 158 | 90 |
| 3 | 425 | 353 | 72 | 164 | 189 |
| 4 | 499 | 344 | 155 | 240 | 104 |
| 5 | 353 | 321 | 32 | 128 | 193 |
| 6 | 427 | 380 | 47 | 219 | 161 |
| 7 | 543 | 410 | 133 | 253 | 157 |
| 8 | 345 | 330 | 15 | 189 | 141 |
| 9 | 394 | 298 | 96 | 172 | 126 |
| 10 | 362 | 173 | 189 | 103 | 70 |
| 11 | 389 | 187 | 202 | 151 | 36 |
| ആകെ | 4494 | 3499 | 995 | 2093 | 1406 |

പട്ടിക 4:11 മലിനജല പ്രദേശങ്ങൾ

| പ്രദേശങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|
| അക്വഡേറ്റ് പരിസരം | വല്ലംവയൽതോടുമായി ബന്ധിപ്പിച്ച് ഒഴിവാക്കാം. |
| ആയുർവേദ ആശുപത്രി പരിസരം | വല്ലംവയൽതോടുമായി ബന്ധിപ്പിച്ച് ഒഴിവാക്കാം. |
| എളേരിക്കുറ്റി ഹരിജൻ കോളനി പരിസരം, എം.എം. ആശുപത്രി പരിസരം | റെയിൽവേ ഗേറ്റിന് സമീപം ദേശീയ പാതയിലുള്ള ഓവുചാലിന് ആഴം കൂട്ടുക. |
| ലക്ഷംവീട്, നാലുസെൻറ് കോളനി പ്രദേശം, വാർഡിൻെറ വടക്കുഭാഗം | നിലവിലുള്ള തോട് നന്നാക്കുക., വടക്ക് വശത്ത് തോടു നിർമ്മിച്ച് പ്രധാന തോടുമായി ബന്ധിപ്പിക്കുക. |
| ചെങ്ങോട്ടുകാവ് ടൗണിലെ മത്സ്യ മാർക്കറ്റിന് സമീപം. | ഡ്രയിനേജ് സ്ഥാപിക്കൽ,മത്സ്യമാർക്കറ്റ് മാറ്റൽ |
| മാവുള്ളിപുറത്തുട്ട് പരിസരം | മണ്ണിട്ട് നികത്തുക, ഡ്രയിനേജ് സ്ഥാപിക്കുക |

## സാദ്ധ്യതകൾ

- പഞ്ചായത്തിലെ പ്രധാന റോഡുകളിൽ ഡ്രയിനേജ് സ്ഥാപിച്ചും മറ്റും കെട്ടിക്കിടക്കുന്ന മലിനജലം ഒഴിവാക്കണം.
- മൂന്ന് പിലിങ്ങ് യൂണിറ്റുകൾ പഞ്ചായത്തിലുണ്ട്. ഇവ വനിതകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നുണ്ടെങ്കിലും അതായത് പ്രദേശത്ത് മലീനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഇതു തടയാൻ ശാസ്ത്രീയമായ സംസ്കരണ സംവിധാനങ്ങൾ ഉണ്ടാക്കണം. ഇവിടെ തൊഴിലെടുക്കുന്നവരുടെ ആരോഗ്യസംരക്ഷണത്തിന്നാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതുണ്ട്.
- പൊതു ജനങ്ങൾ കുളിക്കുന്ന കുളങ്ങളിൽ മൃഗങ്ങളെ കുളിപ്പിക്കുന്നത് തടയാണം.
- അലഞ്ഞ് തിരിയുന്ന നായ്ക്കളെ പിടിച്ചു കൊല്ലുന്ന നടപടി ഊർജ്ജിതപ്പെടുത്തണം.
- വിദ്യാലയ പരിസരങ്ങളിലും മറ്റും നടത്തുന്ന ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യവസ്തുക്കളുടെ വില്പന നിരോധിക്കണം.
- അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യ കാര്യങ്ങൾ ശ്രദ്ധിക്കേണ്ട ബാലവാടികളുടെ സ്ഥിതി മെച്ചപ്പെട്ടതല്ല. മാതൃശിശുകേന്ദ്രത്തിലെ ഡോക്ടർമാർ ആഴ്ചയിലൊരു ദിവസം ബാലവാടി കേന്ദ്രീകരിച്ച് പ്രവർത്തിക്കണം. പഞ്ചായത്തിലാകെ നാല് ബാലവാടികളാണ് ഇന്നുള്ളത്. ബാലവാടികളില്ലാത്ത വാർഡുകളിൽ ഇവ സ്ഥാപിക്കണം.
- ക്ഷയരോഗികൾക്കുള്ള ധനസഹായം വർധിപ്പിക്കണം. മാറാവ്യാധികൾ പിടിപെടുന്ന താഴ്ന്ന വരുമാനക്കാരെ സഹായിക്കാൻ പൊതു ഫണ്ട് സ്വരൂപിക്കണം.
- ORSഗർഭനിരോധന ഉറകൾ എന്നിവ ആവശ്യമുള്ളത്ര സൗജന്യനിരക്കിൽ തന്നെ വിതരണം ചെയ്യണ്.
- ബാർബർ ഷാപ്പുകളിൽ അവിടെ ഉപയോഗിക്കുന്ന ഉപകരണങ്ങൾ സ്റ്റേറിലൈസ്ചെയ്യുവാനുള്ള സംവിധാനം ഉണ്ടാവണം.
- തുറന്ന വാഹനങ്ങളിൽ മണ്ണ് കടത്തുന്നത് അന്തരീക്ഷ മലിനീകരണത്തിനിടയാക്കുന്നു. ടാർപോളിൻകൊണ്ട് മൂടണമെന്ന നിയമം കർശനമാക്കണം.
- പഞ്ചായത്തിലുള്ള പൊതു ശ്മശാനം മെച്ചപ്പെടുത്തണം. ശവസംസ്കാരത്തിന് ശാസ്ത്രീയ സംവിധാനങ്ങൾ ഏർപ്പെടുത്തണം.
- വൃത്തിയുള്ള കക്കൂസ്, ശുദ്ധജലം എന്നിവ കൊണ്ടുതന്നെ ആരോഗ്യരംഗത്ത് അഭിലഷണീയമായ മാറ്റങ്ങൾ ഉണ്ടാക്കാനാവും. ഇക്കാര്യത്തിൽ സന്നദ്ധ സംഘടനകൾ നടത്തുന്ന ബോധവൽക്കരണ പരിപാടികൾക്ക് ഏറെ പ്രസക്തിയുണ്ട്. ആരോഗ്യത്തെ കാർന്നു തിന്നുന്ന പുകവലി, മദ്യപാനം, ആധുനിക കാലത്തെ പേടിസ്വപ്നമായ എയ്ഡ്സ് എന്നിവക്കെതിരെ വ്യാപകമായി പ്രചാരണ പ്രവർത്തനം നടത്തണം. ഭക്ഷണപദാർഥങ്ങളിൽ മായം ചേർക്കുന്നതിനെതിരെയും മറ്റും പൊതുജനങ്ങളെ ബോധവാന്മാരാക്കാൻ ഉപഭോക്തൃ സംരക്ഷണ സമിതികളുടെ സഹായത്തോടെ ചർച്ചാക്ലാസ്സുകൾ നടത്തണം. രക്തദാനം ചെയ്യാൻ സന്നദ്ധരായവരുടെ പേരു വിവരം വാർഡുതലത്തിൽ ഗ്രൂപ്പ് തിരിച്ച് തയ്യാറാക്കി പ്രദർശിപ്പിച്ചാൽ അടിയന്തിരഘട്ടങ്ങളിൽ പ്രയോജനപ്പെടും.
- ആരോഗ്യരംഗത്തെ ഫീൽഡുവർക്കർമാർക്കം ഏറെ കാര്യങ്ങൾ ചെയ്യാനാകും. എല്ലാ വീടുകളിലും ഇവരുടെ സേവനമെത്തിക്കുകയും ആരോഗ്യകാര്യങ്ങളെകുറിച്ച് വിശദമായ ചർച്ചകൾ നടത്തുകയും ചെയ്താൽ ഒരു പരിധിവരെ രോഗങ്ങളെ തടഞ്ഞ് നിർത്താനാവും. വ്യായാമത്തിനും വിനോദത്തിനുമായി പൊതു ജിംനേഷ്യങ്ങളും നീന്തൽ കുളവും, പൊതു കളിസ്ഥലവും ഒരു പരിഷ്കൃത സമൂഹത്തിന് ഒഴിവാക്കാനാവാത്തതാണ്. പഞ്ചായത്തിൽ ഇതിനുള്ള സാധ്യതകഥൾ പരിശോധിക്കണം.
- മഴക്കാലം തുടങ്ങുമ്പോൾ എല്ലാ കിണറുകളിലും ക്ലോറിനേഷൻ നടത്തണം. രോഗപ്രരോധ കുത്തിവെപ്പുകൾ സാർവ്വത്രികമായും പൂർണ്ണമായും നടപ്പിലാക്കണം. പ്രാദേശികമായി മെഡിക്കൽ കേമ്പുകൾ സന്നദ്ധ സംഘടനകളുടെ സഹയത്താൽ സംഘടിപ്പിക്കണം. രക്തദാനം, നേത്രദാനം തുടങ്ങിയവ പ്രോൽസാഹിപ്പിക്കാനായി പ്രചാരണ പ്രവർത്തനങ്ങൾ നടത്തണം. ബോധവൽക്കരണത്തിന് ആരോഗ്യരംഗത്ത് പ്രസക്തിയേറെയാണ്. ചികിത്സയേക്കാൾ പ്രധാനം രോഗപ്രതിരോധമാണല്ലോ.

ജനകീയ സഹകരണത്തോടേയും കൂട്ടായ പരിശ്രമങ്ങളിലൂടേയും എല്ലാവർക്കും ആരോഗ്യമെന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് നമുക്ക് എത്തിച്ചേരേണ്ടതുണ്ട്.

# 5. വ്യവസായം

ഒരു പ്രദേശത്തിൻെറ വികസനത്തിൽ അവിടുത്തെ വ്യവസായങ്ങൾക്ക് പ്രധാനപ്പെട്ട ഒരു സ്ഥാനമുണ്ട് എന്നാൽ ചെങ്ങോട്ട് കാവ് പഞ്ചായത്തിന് വ്യവസായ രംഗത്ത് മുൻചരിത്രങ്ങളൊന്നും ഉള്ളതായി അറിവില്ല.വ്യാവസായികമായി പിന്നോക്കം നില്ക്കുന്ന പഞ്ചായത്താണ് ചെങ്ങോട്ട് കാവ് പരമ്പരാഗത വ്യവസായമാണ് പഞ്ചായത്തിൻെറ മുഖ്യധാരയിൽ ഉള്ളത് ഇത് ചകിരി വ്യവസായമാണ് പുഴയോര പ്രദേശമായ കിഴക്കൻ മേഖലയിൽസ്ഥിതി ചെയ്യുന്നവയാണ് ഇവയിൽ ഏറെയും.

പരമ്പരാഗത മേഖലയിൽ ചകിരിയുമായി ബന്ധപ്പെട്ട വ്യവസായമാണ് ഉള്ളത്. ചകിരിപിരിവളരെ കാലങ്ങൾക്ക് മുമ്പ് തന്നെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ വളർന്നു വന്നിരുന്നു. പരിഷ്കൃതരായി മാറിയതോടുകൂടി സ്ത്രീകൾ ഈ രംഗത്ത് നിന്ന് പിൻമാറി തുടങ്ങി തഴപ്പായ നിർമ്മാണം അടക്കമുള്ള മറ്റുരംഗങ്ങളിലും, ഈ സ്ഥിതി സംഭവിച്ചിട്ടുണ്ട് ഈ രംഗത്ത് ആധുനികവൽക്കരണം നടത്തിയാൽ തൊഴിലാളികളെ വ്യാപകമായി ആകർഷിക്കാൻ കഴിയും. ഈമേഖല ശക്തിപ്പെട്ട വിവിധ പഞ്ചായത്തുക്കൾ ചേർത്ത് അപ്പക്സ് സൊസൈറ്റി രൂപത്തിൽ പ്രവർത്തിച്ചാൽ ഇതോടനുബന്ധിച്ച് കയർ വ്യവസായവും വളർത്താം.

പഞ്ചായത്തിൽ പൊതു മേഖലയിൽ വ്യവസായങ്ങളില്ല. സ്വകാര്യ മേഖലയിൽ ഷെസ്ലി പവ്വർ ബേക്കറിയാണ് ഈ രംഗത്തുള്ള യന്ത്രവൽകൃത ചെറുകിട വ്യവസായം.

ചെമ്മീൻ വ്യവസായ രംഗത്ത് നാല് പീലിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട് ഈ രംഗത്ത് നിരവധി പ്രശ്നങ്ങളുണ്ട്. സ്ത്രീകളാണ് ഇവിടെ കൂടുതൽ ജോലി ചെയ്യുന്നത് ഇവർക്ക് തൊഴിൽ സംരക്ഷണമോ മറ്റ് അനുകൂല്യങ്ങളോ ഇല്ല. രോഗ സംരക്ഷണം ഉറപ്പ് വരുത്തുന്ന നടപടികളും ഇല്ല, ചെമ്മീൻ തോട് പരിസ്ഥിതി പ്രശ്നം ഉയർത്തുന്നുണ്ട്

ചേലിയ കേന്ദ്രമാക്കി ഒരു കുടനിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ചെങ്ങോട്ട് കാവിലെവിവിധ വ്യവസായ യൂണിറ്റുകളിലായി 1034 സ്ത്രീകളും 219 പുരുഷൻ മാരും പ്രവൃത്തി എടുക്കുന്നു.

നിലവിലുള്ള സ്ഥാപനങ്ങളുടെയും തൊഴിലാളികളുടെ എണ്ണവും പട്ടിക 5: 1-ൽ കൊടുക്കുന്നു.

പട്ടിക 5:1 സഹകരണ സ്ഥാപനങ്ങളുടെ തൊഴിലാളികൾ

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പു | സ്ത്രീ | ആകെ |
| 1 | കയർ (സഹകരണ മേഖല ) | 134 | 728 | 862 |
| 2 | കയർ (സ്വകാര്യ മേഖല) | 20 | 80 | 100 |
| 3 | ഭക്ഷ്യ സംസ്കരണം | 24 | 10 | 34 |
| 4 | പരമ്പരാഗത കുടിൽ വ്യവസായം - തഴപ്പായ നിർമ്മാണം | 25 | 63 | 88 |
| 5 | ചെറുകിട വ്യവസായങ്ങൾ | 51 | 43 | 94 |
| 6 | മറ്റു വ്യവസായങ്ങൾ | 16 | 210 | 226 |
| 7 | 1. ചേലിയഖാദി | - | 42 | 42 |
| | 2. എടക്കുളംഖാദി | - | 26 | 26 |
| | ആകെ | 270 | 1202 | 1472 |

ചെറുകിട മേഖലയിൽ നാല്പതോളം സ്വകാര്യ ചകിരി യൂണിറ്റുകളും 4 കയർ വ്യവസായ സഹകരണ സംഘങ്ങളുമാണ് പ്രധാന വ്യവസായ യൂണിറ്റുകൾ

കയർ രംഗത്തെ പ്രശ്നങ്ങൾ വസ്തുനിഷ്ഠമായി പരിശോധിച്ച് അതിനുള്ള പരിഹാരം തേടണം

തഴപ്പായ നിർമ്മാണ രംഗത്ത് പഞ്ചായത്തിൽ നിരവധി കുടുംബങ്ങൾ തൊഴിലെടുക്കുന്നു. ഈരംഗത്ത് സാദ്ധ്യതകൾ ഏറെയുണ്ട് എന്നാൽ ഭൂഉടമകൾ കൈതോലകൾ നശിപ്പിക്കുകയും കൈതയ്ക്ക് രോഗം ബാധിച്ച് നശിച്ചു പോവുകയും ചെയ്യുന്നു. ഈ രംഗത്ത് ഗവ. നിന്ന് വേണ്ട സംരക്ഷണമോ ശ്രദ്ധയോ ഉണ്ടാവുന്നില്ല. ഈ രംഗത്ത് കൂടുതലും ജോലി എടുക്കുന്നത് സ്ത്രീകളാണ്.

ഇന്ന് നിലവിലുള്ള മറ്റു വ്യവസായങ്ങൾ ഇൻഡസ്ട്രിയൽ, ഖാദി നൂൽപുകേന്ദ്രം, ഫർണിച്ചർ, ബേക്കറി, സോപ്പു നിർമ്മാണം, സോഡാ നിർമ്മാണം, റെഡിമെയ്ഡ്സ് നിർമ്മാണം തുടങ്ങിയചെറു വ്യവസായ യൂണിറ്റുകളാണ്.

പരമ്പരാഗത വിഭാഗത്തിൽ ഫാക്ടറി എന്ന രൂപത്തിൽ ഒരു സ്ഥാപനവും പഞ്ചായത്തിൽ ഉയർന്നു വന്നിട്ടില്ല.

പട്ടിക 5:2 ചെറുകിട വ്യവസായ യൂണിറ്റുകൾ

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായം | തൊഴിലാളികളുടെഎണ്ണം | | |
|---|---|---|---|---|---|
| | | | പു | സ്ത്രീ | ആകെ |
| 1 | നാളികേരം | 1 | 2 | - | 2 |
| 2 | ഇൻറസ്ട്രിയൽ | 4 | 8 | - | 8 |
| 3 | കയർ | 44 | 154 | 808 | 962 |
| 4 | അച്ചടി | 1 | 1 | 1 | 2 |
| 5 | ഖാദിമേഖല | 2 | - | 71 | 71 |
| 6 | ചെമ്മീൻ | 3 | 16 | 135 | 151 |
| 7 | പാൽ സംസ്ക്കരണം | 1 | - | 4 | 4 |
| 8 | ബേക്കറി | 5 | 24 | 10 | 34 |
| 9 | മറ്റുള്ളവ | 9 | 14 | 5 | 19 |
| | ആകെ | 70 | 219 | 1034 | 1253 |

വ്യവസായ വളർച്ചക്ക് തടസ്സമായി നില്ക്കുന്ന നിരവധി പ്രശ്നങ്ങളുണ്ട് ആവശ്യമായ വൈദ്യുതി, ഗതാഗതം, വാർത്താവിനിമയ സൗകര്യങ്ങൾ, ഉയർന്ന ഉപഭോഗ നിലവാരം തുടങ്ങിയ അടിസ്ഥാന കാര്യങ്ങൾ പഞ്ചായത്തിൽ പരിമിതമായി വളർന്നു വന്നിട്ടുണ്ടെങ്കിലും വേണ്ട തോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

ഗ്രാമ സഭയിൽ ഉയർന്നു വന്ന പ്രശ്നങ്ങളെ താഴെ കൊടുത്ത വിധം ക്രോഡീകരിക്കാം.

## പ്രശ്നങ്ങൾ

- വ്യവസായ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ കുറവാണ്.
- നിലവിലുള്ള യൂണിറ്റുകൾ വിവിധ പ്രശ്നങ്ങളെ നേരിടുന്നു.
- വനിതകൾക്ക് വ്യവസായ രംഗത്ത് വേണ്ടത്ര പരിഗണനയില്ല.
- ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന D.W.C.R.A.

ബേക്കറി യൂണിറ്റിന് കെട്ടിടമുണ്ടാക്കാൻ സ്വന്ത മായി ഭൂമി ഇല്ല.

- കയറുല്പന്നങ്ങൾക്ക് വേണ്ടത്ര വിപണി ഇല്ല.
- ഇറച്ചിക്കോഴി വ്യവസായ യൂണിറ്റുകൾക്ക് പ്രത്യേക പരിഗണന ലഭിച്ചേ പറ്റൂ
- തൊണ്ടിന്റെ ദൗർലഭ്യത കയർ വ്യവസായത്തെ പ്രതിസന്ധിയിലേക്ക് നയിക്കുന്നു.
- മുഖ്യകാർഷികോല്പന്നങ്ങളായ തേങ്ങ, കശുമാങ്ങ, മത്സ്യം, പാൽ ഇവയിൽ നിന്നും വ്യാവസായികമായി ഉപോൽപ്പന്നങ്ങൾ ഉണ്ടാക്കുവാൻ ശ്രമിക്കുന്നില്ല.
- പരമ്പരാഗത വ്യവസായ രംഗത്ത് ഉത്പ്പാദന ക്ഷമത വർദ്ധിപ്പിക്കുനാവശ്യമായ പരിശീലനമോ നവീകരണമോ നടക്കുന്നില്ല.
- സാങ്കേതിക വിദ്യാഭ്യാസവും പരിശീലനവും ലഭിച്ചാൽ തൊഴിൽ രഹിതരായ നിരവധിപേർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. അവർക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുവാൻ കഴിയുന്നില്ല.
- വ്യവസായ സംരംഭകർക്ക് പ്രോത്സാഹനമോ ഉപദേശ നിർദ്ദേശങ്ങൾ നൽകാനുള്ള സംവിധാനമോ വളർന്ന് വന്നിട്ടില്ല.
- ചെറുകിട വ്യവസായം ആരംഭിക്കുവാൻ തയ്യാറുള്ളവർക്ക് സാമ്പത്തിക സഹായം നേടിക്കൊടുക്കുവാൻ കഴിയുന്നില്ല.
- വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ സ്ഥലമോ കെട്ടിടമോ കിട്ടാതെ വരുന്നു.
- തുന്നൽ നൂൽനൂൽപ്പ് I R D P തൊഴിൽ പരിശീലനം ഇലക്ട്രോണിക് വസ്തു നിർമ്മാണം തുടങ്ങിയവയിൽ വിദഗ്ദ പരിശീലനം നേടിയവർക്ക് വേണ്ടത്ര അവസരങ്ങൾ ലഭിക്കുന്നില്ല.
- ക്ഷീരോൽപ്പാദകർ അസംഘടിതരായതുകൊണ്ട് ഉത്പ്പാദ വിപണരംഗങ്ങളിലുള്ള ആനുകൂല്യങ്ങൾ അനുഭവിക്കാൻ കഴിയുന്നില്ല.
- നാം ഉത്പ്പാദിപ്പിക്കുന്ന ഗ്രാമീണ വിപണന വസ്തുക്കൾ ചെങ്ങോട്ടുകാവിൽ വിറ്റഴിക്കുന്നതിനുള്ളസ്ഥിരം സംവിധാനം ഇല്ല.

## സാധ്യതകൾ

- കൊപ്രസംസ്ക്കരണ യൂണിറ്റ്, ഓയിൽ മിൽ എന്നിവ 9ാം വാർഡിലെ പുറംപോക്ക് ഭൂമി ഉപയോഗപ്പെടുത്തി പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കാം.
- നാളികേരവുമായി ബന്ധപ്പെട്ട ഉപോത്പ്പന്നങ്ങൾ, - ചിരട്ട, ചികരിച്ചോറ്, ചികരി, ചൂടി, തേങ്ങാപ്പാൽ, പിണ്ണാക്ക് ഇവ ഉപയോഗിച്ച് നിർമ്മിക്കാം. 10 പേരെ വീതം സംഘടിപ്പിച്ചുകൊണ്ട്വളം നിർമ്മാണ് യൂനിറ്റ്, കൗതുകവസ്തു നിർമ്മാണം, കുഷ്യൻ നിർമ്മാണം, തിരുവനന്തപുരംമാതൃകാ ആക്റ്റിവേറ്റഡ് കാർബൺ യൂനിറ്റ് തുടങ്ങിയവയ്ക്ക് രൂപം നൽകാം. പഞ്ചായത്തിൽ ഒറ്റസ്ഥാപനമാക്കി മറ്റു യൂനിറ്റുകളെ ഏകോപിപ്പിച്ചുകൊണ്ടും ആസൂത്രണം ചെയ്യാം.
- പഞ്ചായത്തിൽ വിവിധ വാർഡുകളിലായി ഖാദി, സോപ്പുനിർമ്മാണം, ഫർണ്ണിച്ചർ നിർമ്മാണം, ടൈയിലറിങ് യൂനിറ്റ്, എബ്രോയിഡറി യൂനിറ്റ്, നോട്ടുബുക്ക് നിർമ്മാണ യൂനിറ്റ്, ഹുക്ക നിർമ്മാണ യൂനിറ്റ്, പപ്പട നിർമ്മാണ യൂനിറ്റ്, വുഡ്ട്രീറ്റ്മെൻറ് യാർഡ്, മിനറൽ വാട്ടർ യൂനിറ്റ്, അവൽ നിർമ്മാണം, കറിപൗഡർ യൂനിറ്റ്, പേപ്പർ കവർ, ചന്ദനത്തിരി, മെഴുകുതിരി തുടങ്ങിയവയുടെ യൂനിറ്റുകൾ സ്ഥാപിക്കണം.
- സാങ്കേതിക വിദഗ്ദരായ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി ഓട്ടോമൊബൈൽ സ്പെയർ പാർട്ട് യൂണിറ്റ്, ഇലക്ട്രോണിക് സാമഗ്രിനിർമ്മാണം, ഇലക്ട്രോപ്ലേറ്റിങ്ങ് എന്നിവ പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കാം.
- വിവിധ ഭാഗങ്ങളിൽ പരിശീലനം നേടിയ ചെറുപ്പക്കാർക്കായി റെഡിമെയ്ഡ് യൂനിറ്റ്, ഭക്ഷ്യസംസ്കരണയൂനിറ്റ്, ഹോളോ ബ്രിക്സ് യൂനിറ്റ്, പ്ലാസ്റ്റിക് ബോട്ടിൽ നിർമ്മാണം എന്നിവയെ പഞ്ചായത്ത് അടിസ്ഥാനത്തിൽ തുടങ്ങാനുള്ള സാധ്യതകൾ ഉണ്ട്.
- തീരദേശത്തെ മത്സ്യതൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിയ്ക്കാം, ഉണക്കമത്സ്യം ടിന്നുകളിലാക്കി വിപണിയിലെത്തിക്കൽ, മത്സ്യവല യൂനിറ്റ് എന്നിവ ആരംഭിക്കാം.
- ഒന്നും ഒൻപതും വാർഡുകളിൽ കുടുംബാംഗങ്ങൾ പങ്കെടുത്തുകൊണ്ട് വീട്ടുമുറ്റത്ത് പൂകൃഷിപദ്ധതി നടപ്പിലാക്കാനുള്ള സാധ്യത ഉണ്ട്.
- പഞ്ചായത്തിലെ ഗൾഫ് കുടിയേറ്റക്കാരെ വ്യവസായ രംഗത്ത് മുതൽ മുടക്കാൻ പ്രേരിപ്പിക്കണം.

# 6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ജനശക്തിയാണ് ഒരു നാടിൻെറ ഭാവി രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിക്കുന്നത്. സംഘബോധത്തിൻെറ കരുത്തും നാടിൻെറ വികസനത്തിൽ റോഡുകൾ വഹിക്കുന്ന സുപ്രധാന പങ്കും തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവ്വികർ. ഈ തിരിച്ചറിവിൻെറ ഫലമായിരുന്നുഇന്നു നാം കാണുന്ന ഗ്രാമീണ റോഡുകളിൽ മിക്കവയും.

ജനകീയാസൂത്രണത്തിൻെറ ഉണർത്തുപാട്ടിന്നിടയിലും ആവേശജനകമായ ആസൂരണ നമുക്കു ദിശാബോധം പകർന്നു തരുന്നു. എന്നാൽ കേരളീയ ഗ്രാമങ്ങളിൽ കഴിഞ്ഞ എതാനും ദശകങ്ങളായിപ്രധാന വികസന പ്രവർത്തനം ഗ്രാമീണറോഡുകളുടെ നിർമ്മാണപ്രവർത്തനമാണെന്നു കാണാം. ഇതിൻെറ ഫലമായി അഖിലേന്ത്യാ ശരാശരിയെക്കാളും ഉയർന്ന തോതിലുള്ള റോഡുലഭ്യത ഇന്നു കേരളത്തിലുണ്ട്. നമ്മുടെ പഞ്ചായത്തിലെ റോഡുദൈർഘ്യം 48 കിലോമീറ്ററാണ്. ഈ റോഡതിഷ്ഠിത വികസന ഫലമായി ഏതൊരു ഗ്രാമപഞ്ചായത്തിൻേയുംകഴിഞ്ഞ ഏതാനും വർഷത്തെ ചെലവിനങ്ങൾ പരിശോധിച്ചാൽ എസ്റ്റാബ്ലിഷ്മെൻറ്ഒഴിച്ചുള്ളവയിൽ മുഖ്യ ചെലവിനം റോഡു നിർമ്മാണത്തിന്നുംഅറ്റകുറ്റപണിക്കും വേണ്ടിയുള്ളതായിരിക്കും എന്നത് സംശയാതീതമാണ്. ഇത് വർദ്ധിച്ചു വരികയുമാണ്. ഉല്പാദനരംഗത്ത് പഞ്ചായത്തുകൾക്ക് കാര്യമായൊന്നും ചെലവാക്കാനാകുന്നില്ലെന്നതു മാത്രമല്ല ഉല്പാദന രംഗത്ത് വമ്പിച്ച മാറ്റമുണ്ടാക്കുവാൻ സഹായകമായ പല തൊഴിൽ പദ്ധതികളുടേയും, 'ജലസേചനം', 'കുടിവെള്ള' പദ്ധതികളുടെപോലും വിഹിതം റോഡുനിർമ്മാണത്തിനു വേണ്ടി തിരിച്ചുവിടുന്ന സ്ഥിതിയും പലയിടങ്ങളിലും സംജാതമായിട്ടുണ്ട്. വിവേചനരഹിതമായി റോഡുകൾ വർദ്ധിപ്പിച്ചതിൻെറ ഫലമായുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ അതിഭീകരമാണ്. കൃഷിഭൂമി നികത്തലിന്നും വെള്ളക്കെട്ടിനും കൃഷിനാശത്തിന്നുമുള്ള മുഖ്യകാരണങ്ങളിലൊന്ന് അശാസ്ത്രീയമായ റോഡുനിർമ്മാണമാണെന്നു കാണാവുന്നതാണ്.

ഈ വികസന രീതിയിൽ നിന്ന് പെട്ടെന്നു വഴിമാറുക എളുപ്പമല്ല എങ്കിലും വൻതോതിൽ ആവർത്തനച്ചെലവുണ്ടാക്കുന്ന അശാസ്ത്രീയമായ റോഡുനിർമ്മാണരീതിയിൽ ആവശ്യമായ മാറ്റം അനിവാര്യമല്ലേഎന്നു ആലോചിക്കേണ്ടതുണ്ട്. റോഡുകളുടെ നിർമ്മാണം മാത്രമല്ല അവയുടെ സംരക്ഷണവും തദ്ദേശവാസികളെ ഏല്പിക്കുക മാത്രമായിരിക്കും ഇതിന്നുള്ള പോംവഴി. ഇത്തരംഒട്ടേറെ കാര്യങ്ങൾമനസ്സിൽ വെച്ചായിരിക്കണം നമ്മൾ ഗതാഗതം എന്ന കാര്യത്തിലേക്ക് കടക്കേണ്ടത്.

ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലൂടെ ഷോർണ്ണൂർ - മംഗലാപുരം റയിൽവേലൈനും (3കി.മീ) ദേശീയപാത (3.25 കി.മീ.) സമാന്തരമായി കടന്നു പോകുന്നു.

## റയിൽവേ ഗതാഗതം

റയിൽവേയുടെ പ്രയോജനം ഏറെ അനുഭവപ്പെടാത്തവരാണ് ചെങ്ങോട്ടുകാവ് പഞ്ചായത്തു നിവാസികൾ. ലാഭകരമല്ലാത്ത കാരണത്താൽ ചെങ്ങോട്ടുകാവ് പഞ്ചായത്തിൻെറ തെക്കെ അതിർത്തിയിലുള്ള ചേമഞ്ചേരി റയിൽവേസ്റ്റേഷൻ ഒരു 'ഹോൾട്ടിംഗ് സെൻററായി തരംതാഴ്ത്തപ്പെട്ടിട്ട് കാലംഏറെയായി. കൊയിലാണ്ടി സ്റ്റേഷൻെറ സൗകര്യം വർദ്ധിപ്പിക്കുകയും പ്രധാനപ്പെട്ട എല്ലാതീവണ്ടികളും അവിടെ നിർത്തുകയും ചെയ്താൽ അതു ഏറെ പ്രയോജനകരമായിരിക്കും. ഇന്നു അനുഭവപ്പെടുന്ന അപകടങ്ങലും വാഹനതടസ്സങ്ങളും ഒഴിവാക്കാൻ, ചെങ്ങോട്ടുകാവ് റയിൽവേഗേറ്റ് ഒരു ഓവർബ്രിഡ്ജായി ഉയർത്തുന്നത് അഭികാമ്യമായിരിക്കും

പട്ടിക 6:1 പഞ്ചായത്തിലെ ടാർ റോഡുകൾ, മെറ്റൽ റോഡുകൾ

| | റോഡിൻെറ പേര് | ഉടമസ്ഥത | നീളം | വീതി | ബസ്സ്/മറ്റു യാത്ര സൗകര്യങ്ങൾ |
|---|---|---|---|---|---|
| 1 | ദേശീയപാത NH 17 | NH | 3KM | 12 to 16M | ഉണ്ട് |
| 2 | ചെങ്ങോട്ടുകാവ് ഉള്ളൂർകടവ് റോഡ് | PWD | 3KM | 6 to 8 M | ഉണ്ട് |
| 3 | എളാട്ടേരി - കുറുവങ്ങാട് റോഡ് | PWD | 3KM | 8 M | ഉണ്ട്. |
| 4 | പൊയിൽക്കാവ് ബീച്ച് റോഡ് | പഞ്ചായത്ത് | 1KM | 6M | ഉണ്ട് |
| 5 | അരങ്ങാടത്ത് പൊയിൽക്കാവ് റോഡ് | " | 2.2KM | 4 to 6 M | ഉണ്ട് |
| 6 | ഏഴുകുടിക്കൽ കോസ്റ്റൽ റോഡ് | " | 1.35 KM | 6M | ഉണ്ട് |
| 7 | മേലൂർ ബീച്ച് റോഡ്(14ാം മൈൽസ്) | " | 0.11 KM | 6M | ഉണ്ട് |
| 8 | ചെങ്ങോട്ടുകാവ് - കുറുവങ്ങാട് | " | 1.7 KM | 6M | ഉണ്ട് |
| 9 | പാലോട്ടുമുക്ക് - മൈലാടംപാറ | " | 1 KM | 6M | ഉണ്ട് |
| 10 | പൊയിൽക്കാവ് - പാലംതല (അപൂർണ്ണം) കാഞ്ഞിലശ്ശേരി | " | 0.92 KM | 5M | ഉണ്ട് |
| 11 | മുതുകുറ്റിൽ വിദ്യാതരംഗിണി (അപൂർണ്ണം) | " | 0.8 KM | 4M | ഉണ്ട് |
| 12 | ഖാദിമുക്ക് - വിദ്യാതരംഗിണി (അപൂർണ്ണം) | " | 0.95 KM | 6M | ഉണ്ട് |
| 13 | ചേലിയ - കാഞ്ഞിലശ്ശേരി | " | 2.4 KM | 6M | ഉണ്ട് |
| 14 | ചേലിയ - പയഞ്ചേരി | " | 1.85 KM | 6M | ഉണ്ട് |
| 15 | അരങ്ങാടത്ത് - ചാലിൽ പുതിയ പള്ളി | " | 0.32 KM | 5 M | ഉണ്ട് |
| 16 | ശ്രീ രാമകൃഷ്ണാശ്രമം റോഡ് | " | 0.17 KM | 4M | ഉണ്ട് |
| 17 | പൊയിൽക്കാവ് - ചാത്തനാടത്ത് | " | 0.650M | 4M | ഉണ്ട് |
| 18 | എളാട്ടേരി തെക്കയിൽ ക്ഷേത്രം | " | 0.400 M | 6M | ഉണ്ട് |
| 19 | മുണ്ട്യാടിമുക്ക് - കെ. കെ. കിടാവ് (അപൂർണ്ണം) | " | 1.00 KM | 5M | ഉണ്ട് |

## മെറ്റൽ ടാർ റോഡുകളുടെ പ്രശ്നങ്ങൾ.

ചെങ്ങോട്ടുകാവ് - കുറുവങ്ങോട് റോഡ് ചെങ്ങോട്ടുകാവ് മായി ബന്ധപ്പെടുത്തി ടാർ ചെയ്തു ഗതാഗതയോഗ്യമാക്കണം. (കനാൽവഴി)

ഉള്ളൂർക്കടവിന്നു പാലം നിർമ്മിച്ചാൽ അത്‌വലിയൊരു ജനവിഭാഗത്തിന്നു പ്രയോജനകരമാകും.

ചേലിയ കാഞ്ഞിലശ്ശേരി റോഡിന്നും ചെങ്ങോട്ടുകാവ് ഉള്ളൂർക്കടവ് റോഡിന്നും ഡ്രൈനേജ് നിർമ്മിക്കണം.

ഉള്ളൂർക്കടവിലേക്ക് KSRTC ബസ്സ് ഏർപ്പെടുത്തണം. ഉള്ളൂർക്കടവിൽ അവസാനിക്കുന്ന ബസ്സുകൾ പയഞ്ചേരിയിൽ അവസാനിക്കുന്നതിന്നു സംവിധാനമുണ്ടാക്കുക. കൊയിലാണ്ടിയിലേക്ക് ടൗൺ സർവ്വീസ്സ് പ്രയോജനകരമാണ്. ഈ ഭാഗത്തുനിന്നും കാഞ്ഞിലശ്ശേരി വഴി കോഴിക്കോട്ടേക്ക് ബസ്സ്റൂട്ട് ഏർപ്പെടുത്തണം.

പൂർണ്ണമായും ടാർ ചെയ്യാത്ത റോഡുകൾ.

1. പൊയിൽക്കാവ് - പാലംതല - കാഞ്ഞിലശ്ശേരി റോഡ്.

2. പൊയിൽക്കാവ് - ഒറോട്ടുപാറ ടൂറിസ്റ്റു കേന്ദ്രം റോഡ്.

അപൂർണ്ണമായി മെറ്റലിംങ്ങും ടാറിങ്ങും നടത്തിയ റോഡുകൾക്ക് മുൻഗണന നൽകി പൂർണ്ണമായും ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം ഇതിൽ രണ്ടു പഞ്ചായത്തുകളോ രണ്ടുപ്രദേശങ്ങളോ ബന്ധപ്പെടുന്നതിന്നു മുൻഗണന കൊടുക്കണം. വാർഡ് 7 ൽ പൊയിൽക്കാവ് യു.പി.സ്ക്കൂളിനടുത്ത വളവ് വീതികൂട്ടി അപകടം ഒഴിവാക്കുക.

പട്ടിക 6.2 ചരൽറോഡുകൾ

| ക്ര.ന | വാർഡ് | റോഡ് | നീളം | ഭാഗികമായി ടാർ ചെയ്തതാണോ |
|---|---|---|---|---|
| 1 | 4 | പയഞ്ചേരി - ആയമ്പത്ത് | 0.75 KM | |
| 2 | 3 | മുണ്ട്യാടിമുക്ക് - കെ.കെ. കിടാവ് സ്ക്കൂൾ | 1KM | |
| 3 | 5 | മാടാക്കരപ്പള്ളി - വയന്തോത്ത് | 0.42 KM | |
| 4 | 8 | മുതുകൂറ്റിൽ - വിദ്യാതരംഗിണി | 0.30 KM | |
| 5 | 5 | വയന്തോത്തുതാഴ - റയിൽവേ ലൈൻ | 0.105 KM | |
| 6 | 9 | ശ്രീരാമകൃഷ്ണ മഠം - ആന്തട്ടക്ഷേത്രം | 0.50 KM | |
| 7 | 4 | ആലോട്ടുമുക്ക് - പുത്തൻ മല | 0.200 KM | |
| 8 | 1 | വെങ്കറോളിതാഴ - കൊണ്ടംവെള്ളിക്ഷേത്രം | 1.5 KM | |
| 9 | 4 | പൂത്തൻ മല റോഡ് | 0.5 KM | |
| 10 | 4 | മയിലാടൻ പാറ - കാര്യാടുമല | 0.6 KM | |
| 11 | 5 | റയിൽവേഗേറ്റ് - പുനത്തും പടിക്കൽ | 0.55 KM | |
| 12 | 8 | പഞ്ഞാട്ടുമുക്ക് - പനയാടക്കോട്ട | 0.6 KM | |
| 13 | 3,8,4 | മുണ്ട്യാടിമുക്ക് - കമ്മിളിതാഴ | 0.5 KM | |
| 14 | 8,6 | കൊറ്റ്യാടത്തുതാഴ - കുന്നത്തുമുക്ക് | 0.6 KM | |
| 15 | 2 | എളാട്ടേരികയർ വ്യവസായ സംഘം - പിലാത്തോട്ടത്തിൽ മുക്ക് | 1.KM | |
| 16 | 8 | പൊയിൽക്കാവ് - പാലം തല | 1.58 KM | അതെ |
| 17 | 11 | കേളോത്ത്താഴ - കുന്നത്ത് മുക്ക് റോഡ് | 1.00 KM | |

**പഞ്ചായത്തിലെ ചരൽ റോഡുകളുടെ പ്രശ്നങ്ങൾ:-**

1. ബങ്കറോളിതാഴ - കൊണ്ടം വെള്ളിറോഡ് ടാർ ചെയ്തു ഗതാഗതയോഗ്യമാക്കണം
2. അകിഡേറ്റ്-കനാൽ റോഡ് ഉയർത്തി വീതികൂട്ടണം
3. എളാട്ടേരി കയർ സൊസൈറ്റി റോഡ് ടാർ ചെയ്തു ഗതാഗതയോഗ്യമാക്കണം
4. മുണ്ട്യാടിമുക്ക്-കെ.കെ. കിടാവ് സ്ക്കൂൾ റോഡ് ടാർ ചെയ്തു പൂർണ്ണമാക്കണം
5. പാലോട്ടുമുക്ക് - കക്കാട്ടുകുന്നു റോഡ് മെറ്റൽ ചെയ്യണം
6. മുണ്ട്യാടി മുക്ക് - കമ്മിളിത്താഴ റോഡ് പൂർണ്ണമാക്കണം
7. ഇയ്യക്കണ്ടി മുക്ക്- മയിലാടും പാറ റോഡ് ഗതാഗത യോഗ്യമാക്കണം
8. പുത്തലത്തുമുക്ക് കാരയാട്ടുമല - ലക്ഷം വീട് റോഡ് ഗതാഗതയോഗ്യമാക്കുക.
9. ഒതയോത്തുമുക്കു മുതൽ പഞ്ഞാട്ടുതാഴ വരെ ഗതാഗതയോഗ്യമാക്കുക.
10. പുനത്തും പടിക്കൽ റോഡ് ടാർ ചെയ്തു ഗതാഗത യോഗ്യമാക്കുക.
11. ഖാദിമുക്ക്- മുതുകൂറ്റിൽ റോഡ് പൂർണ്ണമായും ടാർ ചെയ്യണം
12. നെല്ലൂളിക്കുന്ന് കൂഞ്ഞിലാരിത്താഴ റോഡ് മെറ്റൽ ചെയ്യണം
13. മുതുകൂറ്റിൽ വിദ്യാതരംഗിണി റോഡ് മെറ്റൽ ചെയ്യണം
14. വിദ്യാതരംഗിണി ഹരിജൻ കോളനി റോഡ് വികസിപ്പിക്കണം.
15. ആന്തട്ടസ്ക്കൂൾ - ഇട്ടാർ റോഡ് ടാർ ചെയ്യണം
16. ശ്രീരാമകൃഷ്ണാശ്രമം റോഡ് ടാർ ചെയ്യുക.
17. മനേടത്തുപറമ്പ് റോഡ് ടാർ ചെയ്യണം
18. വടക്കയിൽ മുക്ക്- ഏഴുകുടിക്കൽ റോഡ് ടാർ ചെയ്യണം.
19. അരങ്ങാടത്ത്- മാടാക്കര റോഡ് റീ ടാറിംഗ് ചെയ്യണം
20. എളാട്ടേരി - തെക്കയിൽ - പൂതപ്പാറ റോഡ് ടാർ ചെയ്യണം
21. ഒരുവക്കുന്ന്- ചേലിയ റോഡ് ടാർ ചെയ്യണം.

പട്ടിക 6.3 **മണൽ റോഡുകൾ**

| ക്ര.ന | റോഡ് | നീളം, KM |
|---|---|---|
| 1 | കവലാട്ടുമുക്ക് - ബീച്ച് | 0.406 |
| 2 | മേലൂർ ക്ഷേത്രം റോഡ് | 3.000 |
| 3 | എളേരിക്കുറ്റിറോഡ് | 1.000 |
| 4 | ചേലിയ - വടക്കേടത്തുതാഴ റോഡ് | 0.4 |
| 5 | പൊയിൽക്കാവ്-പാലം തല റോഡ് | 0.3 |
| 6 | നെല്ലൂളിക്കുന്ന് - കീരന്തോട് റോഡ് | 0.3 |
| 7 | പാവറയൽ റോഡ് | 0.467 |
| 8 | പിലാത്തോട്ടത്തിൽ മുക്ക് - കഞ്ഞിലശ്ശേരി | 0.882 |
| 9 | ചെങ്ങോട്ടുകാവ് മേലൂർ | 0.81 |
| 10 | പുതുക്കോടനമുക്ക് - കച്ചേരിപ്പാറ | 0.55 |
| 11 | എളാട്ടേരി - കുയിപ്പിൽ മുക്ക് | 0.63 |
| 12 | പുതിയാറമ്പത്ത് - പള്ളിത്താഴ | 1.00 |
| 13 | വലിയാറമ്പത്ത് - ഹരിജൻ കോളനി | 0.3 |
| 14 | എളാട്ടേരി - പൂതപ്പാറ | 0.65 |
| 15 | തെക്കയിൽക്ഷേത്രം - തരിശിൽതാഴെ | 0.8 |
| 16 | പ്രിയദർശിനി റോഡ് | 0.95 |
| 17 | പൊയിൽക്കാവ് ക്ഷേത്രം - കോളൂർക്ഷേത്രം | 0.6 |
| 18 | വില്ലേജ് ഓഫീസ്സ് - അറോറക്കുനി | 0.696 |
| 19 | വാഴവളപ്പിൽ റോഡ് | 0.098 |
| 20 | മാവിളിപുറത്തുട്ട് റോഡ് | 0.096 |
| 21 | പാലംതല - കാഞ്ഞിലശ്ശേരി | 0.12 |
| 22 | കലോപ്പൊയിൽ-പിലാക്കാട്ടുതാഴ ഹരിജൻകോളനി | 0.5 |
| 23 | കണക്കച്ചേരി മുക്ക് - തുവ്വയിൽ ബീച്ച് | 0.65 |
| 24 | ഉണ്ണരവീട്ടിൽ മുക്ക് - കോളൂർ ക്ഷേത്രം | 0.40 |
| 25 | കവലാട്ടിൽ താഴ - പാറക്കൽ താഴ | 0.5 |
| 26 | നെല്ലൂളിക്കുന്ന് - ചാലിപ്പാടം | 0.3 |
| 27. | നെല്ലൂലിക്കുന്ന് - നെടൂളിക്കുളം | 0.6 |
| 28 | പറമ്പിൽ താഴെ റോഡ് | 0.3 |

മണൽ റോഡുകളെല്ലാം മെറ്റൽ ചെയ്തു ഗതാഗത യോഗ്യമാക്കേണ്ടതാണ്.

പട്ടിക 6:4 പഞ്ചായത്തിലെ ഫൂട് പാത്തുകൾ.

| S.No. | ഫൂട്ട് പാത്തിൻെറ പേര് | നീളം | വീതി |
|---|---|---|---|
| 1. | കോല്ലൂർ ക്ഷേത്രം നട | 100 M | 1.5 M |
| 2 | എളേരികുറ്റി ഹരിജൻ കോളനി (കിഴക്ക് ഭാഗം) | 145 M | 1.5 M |
| 3. | ചാലിൽ പറമ്പിൽ | 163 M | 1.5 M |
| 4. | പാറക്കണ്ടി - കൊളക്കണ്ടി | 40 M | " |
| 5. | വാഴവളപ്പിൽ | 245 M | " |
| 6. | ആശാരികണ്ടി | 235 M | " |
| 7. | മേലൂർ പോസ്റ്റാഫീസ് | 85M" | |
| 8. | തയ്യലക്കണ്ടി - പാണർ കണ്ടി | 200 M | " |
| 9. | ഉമ്മഞ്ചേരി താഴ : എളാട്ടേരി റോഡ് | 200M | " |
| 10. | കീരൻ തോട് | 200M | " |
| 11. | പാണൻെറ താഴ | 150M | " |
| 12. | എളേരിക്കുറ്റിഹരിജൻ കോളനി (പടിഞ്ഞാറ് ഭാഗം) | 100 M | " |
| 13. | NH 17 മുതൽ C.K.E.U.Pസ്ക്കൂൾ | 120M | " |
| 14. | ചെങ്ങോട്ടുകാവ് ടൗൺ - റയിൽവെ ലൈൻ | 150 M | " |

## പുതുതായി നിർമ്മിക്കേണ്ട ഫൂട്പാത്തുകൾ
### (ഗ്രാമസഭകളിൽ നിന്നും ലഭിച്ച പ്രൊപോസലുകൾ)

1. ഉണിച്ചിരാംവീട്ടിൽ താഴ - കുറുവങ്ങാട് സൗത്ത് യു.പി. സ്ക്കൂൾ.
2. കുറ്റിക്കാട്ടിൽ - മഞ്ഞുന്നത്ത് - കനാൽ ഫൂട്ട് പാത്ത്
3. എരഞ്ഞിവയൽ - റയിൽവെ ലൈൻ "
4. കാർക്കാണി വളപ്പിൽ പറമ്പിൽ "
5. മൂശാരി കണ്ടി - ഹൈവേ "
6. ശ്രീ രാമകൃഷ്ണാശ്രമം - ആശാരികണ്ടി "
7. പുത്തൻ കുളങ്ങര - ചെങ്ങോട്ടുകാവ് "
8. ശങ്കരൻ വൈദ്യർ റോഡ് - റയിൽവെ വൈൻ "
9. മാടാക്കര റോഡ് - എടവനക്കണ്ടി "
10. പാവറവയൽ ഫുട്പാത്ത് "
11. മാടാക്കര പള്ളി - മൂന്ന് കുടിക്കൽ "
12. കൊളക്കാടൻകണ്ടി - ഏഴുകുടിക്കൽ "
13. വടക്കേടുത്ത് മീത്തൽ - കുടുംബിയിൽതാഴ "
14. തെന്നച്ചേരി ഫുട്ട്പാത്ത് "
15. മേലൂർ എൽ.പി. സ്കൂൾ "
16. വട്ടോളി കുനി ഫുട്പാത്ത് "
17. പാളപ്പുറത്ത് താഴ എളാട്ടേരി "

18. മണലിൽ തൃക്കോവിൽ-കക്കാട്ടു കുനി ഫുട്പാത്ത്
19. കിടയംപുറത്ത് താഴ-ചേരടുത്ത് കുറ്റി ഫുട്പാത്ത്
20. ഏരത്ത്താഴ-ഫുട്ട്പാത്ത്
21. പൊറത്തൂട്ടഞ്ചേരി - പൊക്കിനാരിതാഴ ഫുട്ട്പാത്ത്
22. ചേലിയ ആയുർവ്വേദ ഡിസ്പെൻസറി - ലക്ഷംവീട് ഫുട്പാത്ത്
23. മലയിൽ മുക്ക് - പുഴതീര ഫുട്ട്പാത്ത്
24. പരപ്പിൽ കുനി ഹരിജൻ കോളനി ഫുട്ട്പാത്ത്
25. ചേരിപ്പുറത്ത് ഭാഗം ഫുട്ട്പാത്ത്
26. മതിരോളിതാഴ ഫുട്ട്പാത്ത്

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ (ഗ്രാമസഭാ നിർദ്ദേശങ്ങൾ)

1. കച്ചേരിപാറ - എളാട്ടേരി റോഡ്
2. കൊരട്ടിയിൽ കീരൻതോട് റോഡ്
3. ചിറ്റേത്താഴ - പന്നിക്കുഴി റോഡ്
4. ആയനോളി മുക്ക് - കൂഞ്ഞിലാരിതാഴ റോഡ്
5. കോട്ടക്കുന്നു-മൂത്തേക്കൽ മുക്ക് റോഡ്
6. പാണോഴിതാഴ-കമ്മിളിതാഴ റോഡ്
7. എം.എം. ഹോസ്പിറ്റൽ റോഡ്
8. തെക്കെപുറത്തുട്ട് - ഏഴുകുടിക്കൽ റോഡ്
9. കക്കാട്ട് മുക്ക് - പാലോട്ടുമുക്ക് റോഡ്
10. കാഞ്ഞരംകണ്ടി മുക്ക് - ഈസ്റ്റ് യു.പി. സ്കൂൾ റോഡ്
11. വയന്തോത്ത് താഴ പൊയിൽതാഴറോഡ്
12. കച്ചേരിപാറ-എളാട്ടേരിറോഡ്-കൊണ്ടംവള്ളി റോഡുമായി ബന്ധിപ്പിക്കുന്നറോഡ്.
13. മേറങ്കോട്ട് മുക്ക് - ഇല്ലത്ത് താഴ റോഡ്
14. നമ്പാറമ്പത്ത് മുക്ക് - നമ്പിടികണ്ടി താഴ റോഡ്
15. ചേലിയ ഹരിജൻ കോളനി റോഡ്
16. ആയർവ്വേദ ഡിസ്പെൻസറി -ആയമ്പത്ത് ഹരിജൻ കോളനി റോഡ്
17. എടച്ചേരിമുക്ക് - കെ.കെ. കിടാവ് യു.പി. സ്കൂൾ റോഡ്
18. പയഞ്ചേരിതാഴ-പൂക്കാട് റോഡ് ലിങ്ക് റോഡ്
19. നാവക്കാരി പുറ്റാട്ട് താഴ റോഡ്
20. ഏഴുകുടിക്കൽ കോസ്റ്റൽ റോഡും - അരങ്ങാടത്ത് പൊയിൽക്കാവ് റോഡുമായി ബന്ധിപ്പിക്കുന്ന പാറക്കൽ വളപ്പ് ലിങ്ക് റോഡ്.
21. പൊയിൽക്കാവ്ക്ഷേത്രം - ഉള്ളാടേരി ഹരിജൻ കോളനി റോഡ്,

## പാലങ്ങൾ സ്ലാബുകൾ നിർമ്മാണം

1. ഏഴുകുടിക്കൽ തോടിന് പാലം പണിത് ഫിഷിങ്ങ് ഹാർബറുമായി ഗതാഗത സൗകര്യം ഉണ്ടാക്കുക.
2. പൂതപ്പാറ റോഡിൻെറ കിഴക്കെ അറ്റത്ത് വാഹനം തിരിക്കുന്നതിന് സൗകര്യം ഉണ്ടാക്കുക.
3. പൂതപ്പാറ പറമ്പിലെ തോട്ടിന് സ്ലാബ് നിർമ്മിക്കുക
4. ഐരാണിതാഴ നടയ്ക്ക് സ്ലാബ് നിർമ്മിക്കുക.

### *സാധ്യതകൾ*

1. പ്രധാനപ്പെട്ട ടാർ ചെയ്ത റോഡുകളിൽ സന്നദ്ധ പ്രവർത്തന സഹായത്താൽ ഓടകൾ നിർമ്മിക്കുവാൻ സാധിക്കും,
2. പ്രധാനപ്പെട്ട റോഡുകൾ മുൻഗണനാക്രമത്തിൽ ടാർ ചെയ്യുവാൻ പദ്ധതി ആവിഷ്ക്കരിക്കണം.
3. താഴ്ന്ന പ്രദേശങ്ങളിൽ മണ്ണിട്ട് ഉയർത്തി പാർശ്വങ്ങളിൽ ഭിത്തികെട്ടുന്നതിനേക്കാൾ നല്ലത് കരിങ്കൽപാളികൾ പതിക്കുന്നതായിരിക്കും. ഇത് ആലോചനാവിഷയമാക്കണം.
4. റോഡുസംരക്ഷണത്തിൽ പ്രാദേശിക സമിതികൾ രൂപീകരിക്കുകയും അറ്റകുറ്റപണികളും മറ്റും അവയെ ചുമതലപ്പെടുത്തുകയും ചെയ്യുക.
5. അശാസ്ത്രീയമായി നിർമ്മിക്കപ്പെട്ട റോഡുകളിൽ ചിലത് നീർക്കെട്ടുണ്ടാക്കിയിട്ടുണ്ട്. അവയിൽ കൾവർട്ടുകൾ നിർമ്മിക്കണം.
6. തെരുവത്ത് കടവ് മുതൽ എലത്തൂർ വരെ ബോട്ട് സർവ്വീസ് ചരക്കു ഗതാഗതത്തിനും യാത്രയ്ക്കും ചെലവുകുറച്ച് പ്രയോജനപ്പെടുത്താം. ഇത് ടൂറിസത്തിൻെറ ഭാഗമാക്കാം.
7. ഗ്രാമീണറോഡുകളുടെ വീതി 4 മീറ്റർ ആയി പരിമിതപ്പെടുത്തുന്നതിനാവശ്യമായ നിയമ ഭേദഗതികൾ കൊണ്ടുവരിക.
8. പയഞ്ചേരി-പുത്തൂർചെരി (4-ാം വാർഡ്) കടത്തുതോണി ഏർപ്പെടുത്തുക.
9. കനാൽ അപ്രോച്ച് റോഡ് കൊയിലാണ്ടി, ചെങ്ങോട്ടുകാവ്, ചേമഞ്ചേരിയുമായി ബന്ധപ്പെടുത്തുന്ന തരത്തിൽ സൗകര്യം ഉണ്ടാക്കണം.
10. അരങ്ങാടത്ത് ബസ്സ്റ്റോപ്പ് ഉചിതമായ സ്ഥലത്ത് സ്ഥാപിക്കുക.
11. ചെങ്ങോട്ടുകാവ്, പൊയിൽകാവ് റോഡിൻെറ കിഴക്ക് വശത്തെ ബസ്സ്റ്റോപ്പുകൾ ഉചിതമായ സ്ഥലത്ത് സ്ഥാപിക്കുക. ബസ്സ്റ്റോപ്പുകൾ ചെയ്യിപ്പിക്കുക.

# ഊർജ്ജം

ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ പ്രധാനമായും ഗാർഹിക വ്യാവസായിക ആവശ്യത്തിന് ഇന്ന് ഉപയോഗിക്കുന്നത് വൈദ്യുതിയാണ്. വൈദ്യുതി എത്താത്ത പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്. വീടുകളിൽ പാചകത്തിന് പ്രധാനമായും വിറകിനേയാണ് ആശ്രയിക്കുന്നത്. ചുരുക്കം വീടുകളിൽ മണ്ണെണ്ണയും, ഗ്യാസും ഉപയോഗിക്കുന്നു. ദക്ഷതകൂടിയ അടുപ്പുകളുടെ പ്രചാരം ഉണ്ടെങ്കിലും അവ വ്യാപകമായ തോതിൽ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. സൗരോർജ്ജം ഉപയോഗിച്ചുള്ള റാന്തലുകൾ കടലോരത്ത് വിതരണം ചെയ്യപ്പെട്ടിരുന്നുവെങ്കിലും അവ പലതും ഇന്ന് ഉപയോഗശൂന്യമാണ്. വിറക് ലഭിക്കായ്മ കോളനി പ്രദേശങ്ങളിലും, കടലോരത്ത് തിങ്ങിപാർക്കുന്ന ജനസമൂഹത്തിനും എറെ പ്രയാസം സൃഷ്ടിക്കുന്നു. വൈദ്യുതിയുടെ വോൾട്ടേജ് കുറവും, കണക്ഷൻ ലഭിക്കുവാനുള്ള കാലതാമസവും, ബോർഡിൻെറ പ്രവർത്തനത്തിൽ വരുന്ന കാലതാമസവും യഥാസമയം അറ്റകുറ്റപ്പണികൾ നടക്കായ്മയും എല്ലാംവൈദ്യുത ഉപഭോക്താക്കളെ കാര്യമായി ബാധിക്കുന്നു. മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് അവരുടെ യന്ത്രവൽകൃതബോട്ടുകൾക്ക് മണ്ണെണ്ണ യഥാസമയം വേണ്ടത്ര ലഭിക്കാനാവശ്യമായ നടപടികൾ ചെയ്യേണ്ടിയിരിക്കുന്നു. അടുപ്പിൻെറ ചാർട്ട് നോക്കുക.

# വൈദ്യുതി

പട്ടിക 6:5 ഗ്രാമപ്രദേശത്ത് നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റിയും പട്ടികയും

| നമ്പർ | ട്രാൻസ്ഫോർമറുകൾ | വാർഡ് | കപ്പാസിറ്റി |
|---|---|---|---|
| 1. | പൊയിൽക്കാവ് II | VIII | 100KVA |
| 2. | പൊയിൽക്കാവ് | VIII | 100KVA |
| 3. | പഞ്ചായത്ത് ഓഫീസ് I | VIII | 160KVA |
| 4. | ചെങ്ങോട്ടുകാവ് II | IX | 160KVA |
| 5. | ചെങ്ങോട്ടുകാവ് II | IX | 160KVA |
| 6. | മേലൂർ | I | 100KVA |
| 7. | ചേലിയ | III | 100KVA |
| 8 | പയഞ്ചേരി | IV | 63KVA |
| 9 | ആലങ്ങാട്ട് ക്ഷേത്രം | III | 100KVA |
| 10 | RWS | IV | 63KVA |
| 11 | അരങ്ങാടത്ത് | IX | 250KVA |
| 12 | ഏ്ചറിയമങ്ങാട് | IX | 100KVA |
| 13 | മാടാക്കര | X | 100KVA |
| 14 | മാടാക്കര ബീച്ച് | X | 100KVA |
| 15 | കൊണ്ടംവള്ളി | I | 100KVA |
| 16 | എളാട്ടേരി | II | 100KVA |
| 17 | വാഴത്തോട്ടം | XI | 100KVA |

### ട്രാൻസ്ഫോറുകൾ വേണ്ട സ്ഥലങ്ങൾ

എളാട്ടേരി സ്ക്കൂളിന് സമീപം, വെള്ളച്ചേരി താഴെ, പുത്തൻ മലയിൽ, ചേലിയ കോളനി മുക്ക്, വാർഡ് 7ൽ മൂന്ന് സ്ഥലങ്ങളിൽ, വാർഡ് 11ൽ 110കെവിഎ ട്രാൻസ്ഫോമർ, കലോപൊയിൽ വാർഡ് 8ൽ, കവലാട്ട് മുക്ക് കലോപൊയിൽ വാർഡ് 8ൽ കൂടാതെ മാടാക്കര ട്രാൻസ്ഫോർമർ കപ്പാസിറ്റി വർദ്ധിപ്പിക്കുക.

### പുതിയ വൈദ്യുതി ലൈനുകൾ സ്ഥാപിക്കേണ്ടത്

ചേലിയ നാലാംവാർഡിൽ പുതയോട്ടിൽ മുക്ക് കാരയാട്മല, ലക്ഷംവീട് ലൈൻ, പുത്തൻമല മയിലാടുംപാറ റോഡ് ലൈൻ, വാളികണ്ടി പായോട് മുക്ക്ലൈൻ, ചെട്ട്യാംകണ്ടി പൊക്കേരി ലൈൻ, വാളിക്കണ്ടി കുറ്റ്യാടിക്കുന്ന്, വെള്ളച്ചേരിലൈൻ, വട്ടോളിക്കണ്ടിമുക്ക് ലക്ഷംവീട് ലൈൻ.

കൊയിലാണ്ടി സബ്സ്റ്റേഷനിൽനിന്ന് ഉള്ളൂർകടവ് വഴി ചെങ്ങോട്ടുകാവുമായി ബന്ധപ്പെടുത്തി 11KVAലൈൻ സ്ഥാപിക്കണം. ആറാംവാർഡിൽ എടച്ചേരി ലൈൻ, കൊളോത്ത് താഴലൈൻ, ഖാദിമുക്കിൽ നിന്ന് തെക്കോട്ടുള്ള ലൈൻഎന്നിവ മൂന്ന് ഫേസുകളാക്കുക. ഇടവഴികളിൽ കൂടിയുള്ള ലൈൻ റോഡിലൂടെയാക്കുക. പഴക്കം ചെന്ന ലൈനുകൾ അറ്റ്വീണ് അപകടസാധ്യതകൾ ഉണ്ട്. അവ മാറ്റി സ്ഥാപിക്കുക. കവലാട്ട് മുതൽ ഏഴുകുടിക്കൽ വരേയും വളപ്പിൽ മുതൽ ഏഴുകുടിക്കൽ വരേയും വൈദ്യുതി എത്തിക്കുക. കാവുതേരികുന്ന് ത്രീ ഫേയ്സ് ലൈൻ പ്രവർത്തനം ത്വരിതപ്പെടുത്തണം.

### വോൾട്ടേജ് കുറവ് അനുഭവപ്പെടുന്ന പ്രദേശങ്ങൾ

മേലൂർ കച്ചേരിഭാഗം വാർഡുകളിലെ മിക്ക ട്രാൻസ്ഫോർമറുകളിലും അകലത്തേയ്ക്ക്

വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

| | | |
|---|---|---|
| വൈദ്യുതീകരിച്ച കോളനികൾ | | 3 |
| a) | മങ്ങാട് ഹരിജൻ കോളനി | 10 വീടുകൾ |
| b) | വെങ്കറോളി | 5 വീടുകൾ |
| c) | എളേരികുറ്റി | 10 വീടുകൾ |

### വൈദ്യുതീകരിച്ചിട്ടില്ലാത്ത കോളനികളും കണക്ഷൻ കിട്ടാനുള്ളവയും

വെങ്കറോളി കോളനി കുടിർജ്യോതി, കൊണ്ടംവള്ളി ജനവിദ്യാകേന്ദ്രം, എളാട്ടേരികൊരട്ടി യിൽ ഭാഗത്ത് 15 വീടുകൾ, കച്ചേരിപ്പാറ കുറുവണ്ണാരി ഭാഗം, ചേലിയ വലിയ പറമ്പത്ത് 25 വീടുകൾ, ചേലിയ-ചേമഞ്ചേരി ഭാഗത്ത് 15 വീടുകൾ, 7-ാം വാർഡിൽ പാറക്കൽതാഴ 4 സെൻറ്, തുവ്വയിൽ 4 സെൻറ്, കാനത്തുകുനി ഹരിജൻ കോളണി എന്നീ സ്ഥലങ്ങളിലെനൂറോളം (100)ഓളം വീടുകൾ, വാർഡ് 8-ലെ പിലാക്കാട് താഴകുനി ഹരിജൻ കോളനി, കൊണ്ടംവള്ളി ഹരിജൻ കോളനി

### തെരുവുവിളക്കുകൾ

| | | | |
|---|---|---|---|
| a) | ബൾബ് - 60 വാട്ട് | | 165 എണ്ണം |
| b) | ട്യൂബ് - 40വാട്ട് | | 10 എണ്ണം |
| c) | സോഡിയം വേപ്പർ | 150 വാട്ട് | 15 എണ്ണം |
| | | 250 വാട്ട് | 4 എണ്ണം |

*തെരുവുവിളക്കുകൾക്കുവേണ്ടി പ്രതി മാസം അടയ്ക്കുന്ന തുക 3935 രൂപ

### തെരുവുവിളക്കു ആവശ്യപ്പെടുന്ന സ്ഥലങ്ങൾ

1. ചെങ്ങോട്ടുകാവ് - കുറുവങ്ങാട് റോഡ് 2, മേലൂർ ക്ഷേത്രത്തിന് കിഴക്കും പടിഞ്ഞാറും സോഡിയം ലാംബ്, 3. മൂന്നാം വാർഡിനു മുണ്ട്യാടി മുക്ക്, കെ.കെ. കിടാവ് സ്കൂളിനു സമീപം, കാളക്കനാരി താഴ, ആലങ്ങോട്ടു ക്ഷേത്രം, കുളങ്ങരമുക്ക്, ഉള്ളൂർ കടവ് പയഞ്ചേരി റോഡ്, ആറാഞ്ചേരി മുക്ക്‌വടക്കേടത്ത് റോഡ്, പുതിയാറമ്പത്ത് മുക്ക് കരിനെട്ടിക്കൽ താഴ ഹരിജൻ കോളനി റോഡ്, ഒരുവക്കുന്ന് റോഡ്, 4-ാം വാർഡിൽ മേടക്കാട്ട്, പറയഞ്ചേരി, കക്കാട്ടുമുക്ക് PHC മൈലാടുംപാറ, വാളിക്കണ്ടി, ചേവംപറമ്പത്ത്, PHED, വട്ടോളിക്കണ്ടി, കൊളോത്ത്മുക്ക്, പുത്തൻമലയിൽ മുക്ക്, ആറാഞ്ചേരി മുക്ക്, എടച്ചാലിൽ മുക്ക്, പുളിയോട്ടിൽ നോബിദ, ലക്ഷംവീട്, കൊളാരക്കണ്ടിമുക്ക്, പുഴക്കോട്ടിടയിൽ, കിഴക്കെപറയൻകുഴി, ആശുപത്രി ജങ്ഷൻ, ഹരിജൻ കോളനി, കുറ്റ്യാടിമുക്ക്, പാശ്ശോട്ട് മുക്ക്.

5-ാം വാർഡിൽ ബാലൻനായർമുക്ക്, പൊട്ടക്കുനിതാഴ വരിപ്പറകുറ്റി (സോഡിയം), വാർഡ് 6-ലെ പൊതുവഴികളിൽ, വാർഡ് 7-ൽ പൊയിൽക്കാവ് ഒറോട്ടംപാറ റോഡ്, ബീച്ച് റോഡ്, അരങ്ങാടത്ത് പൊയിട്ടുംക്കാവ് റോഡ്, മങ്ങാട്ടുപാറ, 8-ാം വാർഡിലെ പൊതുവഴികളിൽ, 9-ലെയും 10-ലെയും പ്രധാനവഴികളിൽ, വളപ്പിൽ ബീച്ചിൽ, തെരുവുവിളക്ക് അടിയന്തരമായും സ്ഥാപിക്കണം. 11-ാം വാർഡിലെ പ്രധാനപ്പെട്ട തെക്കയിൽ റോഡ്, കേളോത്ത് റോഡ്, ഒരുവക്കുന്ന്റോഡ്, ചാമുണ്ടി ക്ഷേത്രം-തരിശിൽതാഴറോഡ്, ഏഴുകുടിയ്ക്കൽ കടലോരം തെക്കെപുറത്തുട്ട് ജങ്ഷൻ എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാംബ് വേണം.

2-ാം വാർഡിൽ എളാട്ടേരി കയർ സൊസൈറ്റി മുതൽ പിലാത്തോട്ടത്തിൽ മുക്ക് റോഡ്, കുയിപ്പിൽ മുക്ക്, കീരൻതോട് റോഡ്, 4-ാം വാർഡിൽ മേടക്കാട്ട് മുതൽ പയഞ്ചേരി, PHD to പുത്തംമല to വാളിക്കണ്ടി മുക്ക് ഇവിടങ്ങളിൽ സ്ട്രീറ്റ്ലൈൻ വലിച്ച്തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

### *സാദ്ധ്യതകൾ*

- വിറകിനെ ആശ്രയിച്ചു കഴിയുന്നവർ വൻഭൂരിപക്ഷം ഉള്ള പഞ്ചായത്ത് എന്നതിനാൽ ദക്ഷതകൂടിയ അടുപ്പുകൾ സ്ഥാപിക്കുവാൻ സബ്സിഡികളും പ്രോത്സാഹനവും നിർമ്മാണവും നടത്തുക.
- അനർട്ടിൻെറ സഹായത്താൽ കടലോരങ്ങളിലും കോളനികളിലും സൗരോർജ്ജതെരുവുവിളക്കുകളും സൗരോർജ്ജ ഗാർഹിക വിളക്കുകളും വ്യാപകമാക്കുക.
- ഉയർന്ന കുന്നിൻപ്രദേശങ്ങളിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിച്ച് കോളനി

കളെ വൈദ്യുതീകരിക്കുന്നതിനുള്ളസാദ്ധ്യത ആരായാവുന്നതാണ്.

- പഞ്ചായത്തിൽ തെരുവുവിളക്കുകൾ ആവശ്യമുള്ള സ്ഥലത്ത് മുൻഗണനാക്രമത്തിൽ സ്ഥാപിക്കുക, സോഡിയം വേപ്പർ ലാംബുകൾ സ്പോൺസർ ചെയ്യിക്കുക, വൈദ്യുതി ചാർജ്ജുമാത്രം പഞ്ചായത്തു നൽകുക.
- പ്രസരണ നഷ്ടം ഒഴിവാക്കുവാൻ ബഹുജന സഹകരണത്തോടെ ടച്ചിങ് ഒഴിവാക്കുക. ഒറ്റ ദിവസം മുൻകൂട്ടി KSEBഉം പൊതുജനങ്ങളും ഒന്നിച്ച് മുഴുവൻ ലൈനിലേയും ടെച്ചിംങ് ഒരു നിശ്ചിത സമയത്ത് ക്ലിയർ ചെയ്യുവാൻ കഴിയും.
- കുടീർ ജ്യോതിപദ്ധതി ശാസ്ത്രീയമാക്കുക. അർഹർക്കു മാത്രം നൽകുക.
- വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കുക. KSEBപരാതി പുസ്തകം പ്രധാനപ്പെട്ട അങ്ങാടികളിൽ ഏതെങ്കിലും ഒരിടത്ത് വെയ്ക്കുക.
- ബീച്ചിൽ പ്രത്യേകിച്ചും ഏഴുകുടിയ്ക്കൽ വളപ്പിൽ ഭാഗത്ത് മത്സ്യതൊഴിലാളികൾക്ക് കരകാണാൻ തെരുവുവിളക്ക് അടിയന്തരപ്രാധാന്യത്തോടെ സ്ഥാപിക്കുക.
- വീടുപൊളിച്ചു മാറ്റുമ്പോൾ താല്ക്കാലികമായുണ്ടാക്കിയ ഷെഡിൽ വയറിംങ് നടത്തി ആവശ്യമായ പണം വർക്ക് ഡിപ്പോസിറ്റു ഓഫീസ്സിൽ അടച്ച് മീറ്റർ താല്ക്കാലികമായി മാറ്റിക്കൊടുക്കാൻ ഉത്തരവു നൽകാം. വീടിൻെറ പണി തീർന്നാൽ അതു പഴയസ്ഥാനത്തേക്ക് മാറ്റിതരണം. കണ്ടീഷൻ ഓഫ് സപ്ലൈയിൽ ഇങ്ങനെ കൊടുക്കുവാൻ നിയമമുണ്ടെന്ന് അറിയാൻ കഴിഞ്ഞു.
- അനാവശ്യ വൈദ്യുതി ഉപഭോഗം കുറച്ചു കൊണ്ടു വരാനുള്ള ബോധവൽക്കരണം.
- കൂടുതൽ വൈദ്യുതി ഉപയോഗപ്പെടുത്തുന്ന ബൾബുകൾക്കു പകരം ട്യൂബ് ലൈറ്റുകൾ കോംപാക്ട് ഫ്ലൂറസൻറ് ലാമ്പ് എന്നിവ വ്യാപകമാക്കാനുള്ള പ്രചാരണം.
- പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കാൻ പഞ്ചായത്ത് തലത്തിൽ ആളുകളെ പരിശീലിപ്പിക്കുക.

**പട്ടിക 6:6** വിവിധതരം അടുപ്പുകളുടെ ഉപയോഗം സംബന്ധിച്ച പട്ടിക

| വാർഡ് | വീടുകളുടെ എണ്ണം | നാടൻ | പുകയില്ലാത്തത് | മണ്ണെണ്ണ | ഗ്യാസ് |
|---|---|---|---|---|---|
| 1 | 487 | 455 | 12 | 8 | 12 |
| 2 | 270 | 250 | 2 | 7 | 11 |
| 3 | 425 | 380 | 2 | 11 | 32 |
| 4 | 499 | 457 | 8 | 20 | 14 |
| 5 | 353 | 305 | 12 | 6 | 30 |
| 6 | 427 | 395 | 5 | 7 | 20 |
| 7 | 543 | 487 | 5 | 18 | 33 |
| 8 | 345 | 289 | 12 | 9 | 35 |
| 9 | 394 | 271 | 27 | 33 | 63 |
| 10 | 362 | 339 | 10 | 2 | 11 |
| 11 | 389 | 360 | 2 | 10 | 17 |
| ആകെ | 4494 | 3988 | 97 | 131 | 278 |

## മാർക്കറ്റ്

ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ, പൊയിൽക്കാവ്, ചെങ്ങോട്ടുകാവ്, അരങ്ങാടത്ത് എന്നിങ്ങനെ 3 ചെറിയ അങ്ങാടികളാണ് നാഷനൽ ഹൈവേയിൽ ഉള്ളത്.ഇതിൽ ചെങ്ങോട്ടുകാവ് കൂടുതൽ വലുത്. 3 അങ്ങാടികളിലും പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ ഒരു മാർക്കറ്റും നിലവിലില്ല. ചെങ്ങോട്ടുകാവ് അങ്ങാടിയിൽ കിഴക്കെ റോഡിൽ സ്വകാര്യ ഉടമസ്ഥതയിൽ വേണ്ടത്ര സൗകര്യങ്ങൾ ഇല്ലെങ്കിലും മത്സ്യമാംസങ്ങൾ വില്പന നടത്തുന്നത് അങ്ങാടിയുടെ മധ്യഭാഗത്ത് റോഡിൻെറ ഇരുവശങ്ങളിലുമായിട്ടാണ്. ഒട്ടേറെ പ്രയാസങ്ങളത് സൃഷ്ടിക്കുന്നുണ്ട്. അതിനാൽ അവിടെ സൗകര്യപ്രദമായഒരു മത്സ്യമാർക്കറ്റ് എന്നത് വളരെ അടിയന്തരപ്രാധാന്യം അർഹിക്കുന്നു. അതേപോലെ മാംസം വിൽക്കുന്ന കച്ചവടക്കാർ അവശിഷ്ടങ്ങൾ സംസ്കരിക്കുന്ന കാര്യത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കാറില്ല. ഇത് പരിസരങ്ങളിലെ കുടിവെള്ളത്തിൽപോലും മാലിന്യങ്ങൾ കലരുവാൻ ഇടയാക്കുന്നു.

എന്നാൽ ചെങ്ങോട്ടുകാവ് ജനവിദ്യാ കേന്ദ്രത്തിൻെറ കീഴിൽ വിഷുക്കാലത്ത് സംഘടിപ്പിക്കുന്ന ഗ്രാമീണ വിപണന മേള ഏറേശ്രദ്ധേയമായി മാറിയിരിക്കുന്നു. അതെപോലെ വടക്കെ മലബാറിലെ ഏറെ പ്രസിദ്ധമായ ശ്രീപൊയിൽക്കാവ് ദുർഗ്ഗാദേവീ ക്ഷേത്രോത്സവത്തോടനുബന്ധിച്ച് മീനം 1 മുതൽ 5 വരെ പൊയിൽക്കാവിൽ ക്ഷേത്രോത്സവനഗരിയിൽ നിലവിലുള്ള ഉത്സവച്ചന്ത പഞ്ചായത്ത് മുൻകൈയെടുത്താൽ കൂടുതൽ ശ്രദ്ധേയമായ ഗ്രാമീണച്ചന്തയാക്കി മാറ്റാവുന്നതാണ്. ചന്തയിൽ കൂടുതൽ പ്രദർശനസ്റ്റാളുകളും വില്പന സ്റ്റാളുകളും സംഘടിപ്പിക്കാവുന്നതാണ്.



# 7. പാർപ്പിടം

പഞ്ചായത്തിൽ ആരെ 4500 വീടുകളാണുള്ളത്. എന്നാൽ സ്വന്തമായി വീടില്ലാത്തവരും ഇവിടെയുണ്ട്. എല്ലാ വിഭാഗത്തിലും പെട്ടവർ ഇക്കൂട്ടത്തിൽ വരും. പഞ്ചായത്തിലുള്ള 4500 വീടുകളിൽ 21 ശതമാനവും പൊതുവെ മോശമായ വീടുകളാണ്. ഇതിൽ 7% ചെറ്റകുടിലുകളും 14% ഓലമേഞ്ഞ വീടുകളുമാണ്. കൂടാതെ 54% ആളുകൾക്ക് ഓട് മേഞ്ഞ വീടുകളും 24.5% കോൺക്രീറ്റ് വീടുകളുമാണുള്ളത്. 0.7% ആളുകൾ മാത്രമാണ് വാടക വീടുകളിൽ താമസിക്കുന്നത്. സ്വന്തമായി ഭൂമിയില്ലാത്തതിനാൽ വീടുവെക്കാൻ കഴിയാത്ത പട്ടികജാതിയിലുള്ളവരെ സഹായിക്കാൻ പദ്ധതിയുണ്ടെങ്കിലും വർഷത്തിൽ ഒന്നോ രണ്ടോ പേർക്കു മാത്രമെ ഇതിൻെറ ആനുകൂല്യം ലഭിക്കുന്നുള്ളൂ. ദുർബല വിഭാഗത്തിൽ പെട്ടവരുടെയും സ്ഥിതി ഇതുതന്നെ. കടൽ തീര വാർഡുകളിലും ഭവന നിർമ്മാണം ഒരു പ്രശ്നമായിരിക്കുകയാണ്. തീരദേശ സംരക്ഷണത്തിൻെറ പേരിൽ 500 മീറ്ററിനുള്ളിൽ ഭവന നിർമ്മാണ് നടത്താൻ കഴിയുന്നില്ല.

ഹരിജൻ കോളനികൾ, നാല് സെൻറ് കോളനികൾ, ലക്ഷം വീട് കോളനികൾ എന്നിവടങ്ങളിലെ വീടുകളിൽ വാസയോഗ്യമല്ലാത്തവ ധാരാളമുണ്ട്. നിർമാണത്തിലുള്ള അപാകതയും കാലപ്പഴക്കവുമാണ് ഇവയെ ഉപയോഗ ശൂന്യമാക്കിയത്. മിക്കവാറും കോളനികളിൽ വേണ്ടത്ര പശ്ചാത്തല സൗകര്യമില്ല.

ഗൾഫ് മേഖലയുടെ സ്വാധീനം ഭവന നിർമ്മാണ രംഗത്തെ പ്രവണകളിൽ മാറ്റം വരുത്തി ആഡംബര സൗകര്യങ്ങളുള്ള ഇത്തരം വീടുകളാണ് ഇന്ന് മറ്റുള്ളവരുടേയും സങ്കല്പമാതൃകകൾ. ഗവമെൻറ് ജീവനക്കാർക്ക് മാത്രമേ LIC, HUDCO എന്നീ സ്ഥാപനങ്ങൾ വഴി ഭവനവായ്പ ലഭിക്കുന്നുള്ളൂ. 10 സെൻറിൽ കുറഞ്ഞ ഭൂമിയും വാർഷിക വരുമാനം 15,000 രൂപയിൽ കുറഞ്ഞവർക്കും ഹൗസിംഗ് സൊസൈറ്റികൾ വായ്പ നൽകുന്നില്ല. ഉയർന്ന സംഖ്യക്കുള്ള ഈട് നൽകുന്നവർക്ക് മാത്രമാണ് അവർ ഇത്തരം വായ്പ നൽകുന്നത്. ഹൗസിംഗ് ബോർഡിൽ നിന്ന് വായ്പ ലഭിക്കാൻ വർഷങ്ങൾ കാത്തിരിക്കേണ്ടിവരുന്നു.

സ്ഥലത്തിൻെ ദൗർലഭ്യം നിർമാണവസ്തുക്കലുടെ വൻവില തൊഴിലാളികളുടെ കൂലി വർദ്ധന എന്നിവയാണ് ഭവന നിർമ്മാണ രംഗത്തെ പ്രതിസന്ധിക്ക് കാരണം. നിർമാണ തൊഴിലാളികളെ യഥാസമയം കിട്ടാനുമില്ല. ഭവന നിർമാണ രംഗത്ത് ചെലവ് കൂടിക്കൊണ്ടിരിക്കുമ്പോഴും പാഴ്ച്ചെലവ് ധാരാളമുണ്ടാകുന്നു. നെൽവയലുകളിൽ വീട് വെക്കുമ്പോൾ തറ നിർമാണത്തിനു വരുന്ന ഭാരിച്ച ചെലവ്, ഉയർന്ന പ്രദേശങ്ങളിൽ മണ്ണെടുത്തുമാറ്റി തറ നിർമ്മിക്കുണ്ടാവുന്ന ചെലവ് എന്നിവ ഒഴിവാക്കേണ്ടതാണ്. വിദഗ്ദ്ധോപദേശത്തിൻെറ അഭാവവും ഇതിനുകാരണമാണ്. ദുർബല ജന വിഭാഗങ്ങൾക്ക് ലഭിക്കുന്ന ഭവന വായ്പയായ 15500 രൂപതീരെ അപര്യാപ്തമായതിനാൽ അത് 22000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്.

കൻമതിലുകളുടെ ആധിക്യം നിർമാണച്ചെലവ് വർദ്ധിപ്പിക്കുന്നതോടൊപ്പം ശീമക്കൊന്നപോലുള്ള ജൈവവള സസ്യങ്ങളുടെ നാശത്തിനുമിടയാക്കുന്നു. നിർമാണരംഗത്തെ അഭിരുചികൾ നമ്മുടെജൈവസമ്പത്തുതന്നെ ഇല്ലാതാകുന്നു.

## പ്രശ്നങ്ങൾ

- SC/STവിഭാഗത്തിൽപെട്ട കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയില്ലാത്ത അവസ്ഥ
- ഭവനരഹിതരായി SC/ST വിഭാഗങ്ങൾക്ക് ഭവന വായ്പ ലഭിക്കാനുള്ള കാലതാമസം.
- മറ്റു ദുർബല ജനവിഭാഗങ്ങൾക്ക് വീടുവെക്കാനുള്ള സ്ഥലമില്ലായ്മ
- മറ്റു ദുർബല ജനവിഭാഗങ്ങൾക്ക് ഭവന വായ്പ ലഭിക്കാനുള്ള കാലതാമസം.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന

- വർക്ക് വാസയോഗ്യമല്ലാത്ത വീടുകൾ റിപ്പേർ ചെയ്യാൻ കഴിയായ്മ
- വിവിധ പദ്ധതികൾ വഴി ലഭിക്കുന്ന ഭവനവായ്പയുടെ അപര്യാപ്തത
- കോളനികളിലെ ഭവന നിർമാണത്തിൽ കണ്ടുവരുന്ന അപാകത
- കോളനികളിലെ പശ്ചാത്തല സൗകര്യങ്ങളുടെ അഭാവം
- ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഹൗസിംഗ് സൊസൈറ്റികളിൽ നിന്ന് വായ്പ ലഭിക്കാത്ത അവസ്ഥ.
- ഹൗസിംഗ് ബോർഡിൽനിന്ന് വായ്പ ലഭിക്കാനുള്ള കാലതാമസം
- നിർമാണ വസ്തുക്കളുടെ വിലവർദ്ധനവ്
- നിർമാണ തൊഴിലാളികളുടെ കൂലിവർദ്ധന.
- ഭവന നിർമാണ രംഗത്ത് കണ്ടുവരുന്ന പാഴ്ച്ചെലവ്.
- ചെലവ് കുറഞ്ഞ വീട് നിർമ്മിക്കുന്നതിനുള്ള പ്രചാരണത്തിന്റെ അഭാവം
- നിർമാണ രംഗത്തെ വിദഗ്ദരുടെ അഭാവം.

## *സാധ്യതകൾ*


- സ്വന്തമായി ഭൂമിയില്ലാത്ത SC/ST, മറ്റു ദുർബല വിഭാഗങ്ങൾ എന്നിവർക്ക് ഭൂമിവാങ്ങുന്നതിനും വീടു നിർമാണത്തിനും ആവശ്യമായ സഹായം ഗ്രാൻറായി അനുവദിക്കുക.
- വീട് നിർമാണത്തിനും 50000 രൂപയും സ്ഥലം വാങ്ങുന്നതിന് അതാത് സ്ഥലത്ത് ഗവൺമെൻറ് നിശ്ചയിച്ച വിലയും നൽകണം
- ഭവനരഹിതരും ദാരിദ്രരേഖക്കു താഴെയുള്ളവരുമായ കുടുബങ്ങൾക്ക് വീട് വെക്കാൻ 50000രൂപ സഹായ ധനം അനുവദിക്കുക.
- താഴ്ന്നവരുമാനക്കാർക്ക് വീടം പുതുക്കി പണിയുന്നതിന് പരമാവധി 35000 രൂപ 10%ൽ കൂടാത്ത പലിശക്ക് നൽകുക
- കോളനികളിലെ ഓലവീടുകൾ ഓടുമേയുന്നതിന് വീടിന്റെ അവസ്ഥ മനസ്സിലാക്കി 15000 രൂപവരെ സഹായ ധനം അനുവദിക്കുക.
- കോളനികളിലെ വീട് നിർമാണ് ജനകീയ സമിതിയെ ഏൽപ്പിക്കണം.
- വീട് നിർമാണത്തിനാവശ്യമായ സിമൻറ് കട്ട, കോൺക്രീറ്റ് കട്ടില, ജാലകം എന്നിവ പഞ്ചായത്ത് തലത്തിൽ നിർമ്മിച്ച് നല്കാൻ സംവിധാനം ഏർപ്പെടുത്തണം.
- ഹൗസിംഗ് സൊസൈറ്റികളുടെ പ്രവർത്തനം പഞ്ചായത്തം തലത്തിൽ വ്യാപകമാക്കണം.
- ദുർബല വിഭാഗങ്ങൾക്ക് ഹൗസിംഗം സൊസൈറ്റിയുടെ ഭവന വായ്പ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക.
- ഹൗസിംഗ് സൊസൈറ്റികളും, ഹൗസിംഗ് ബോർഡുകളും നൽകുന്ന ഭവന വായ്പക്ക് 5% കൂടുതൽ പലിശ ഈടാക്കാൻ പാടില്ല.
- വായ്പ കിട്ടാനുള്ള കാലതാമസം ഒഴിവാക്കുക.
- ദുർബല ജന വിഭാഗങ്ങൾക്ക് നൽകിവരുന്ന ഭവന നിർമാണ വായ്പ 35000 രൂപയായി വർദ്ദിപ്പിക്കുക.
- '90 മുതൽ ഭവന വായ്പ ലഭിച്ചിട്ടും നിർമാണം പൂർത്തിയാക്കാൻ കഴിയാത്തവർക്ക് ആവശ്യമായസഹായം അനുവദിക്കുക.
- വീട് നിർമാണത്തിനു വരുന്ന പാഴ്ച്ചെലവ് ഒഴിവാക്കാൻ വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തുക
- ചെലവ് കുറഞ്ഞ വീടുകളുടെ നിർമാണം പ്രോത്സാഹിപ്പിക്കാൻ ആവശ്യമായ പ്രചാരണ് സംഘടിപ്പിക്കുക.
- പഞ്ചായത്തിലുള്ള നിർമാണതൊഴിലാളികൾക്ക് ചെലവു കുറഞ്ഞ നിർമാണ പ്രവർത്തനത്തിൽ വൈദഗ്ദ്യം ലഭിക്കുന്നതിന് പരിശീലനം നൽകുക
- വീടുനിർമാണത്തിലെ ലൈസൻസിംഗ് സമ്പ്രദായം ലളിതമാക്കുക.

- ദുർബല ജനവിഭാഗങ്ങളെ വീട്ടു നികുതിയിൽ നിന്നൊഴിവാക്കുക
- വീടു നിർമാണത്തിലെ ദുർവ്യയം ഒഴിവാക്കുന്നതിനുവേണ്ടി തറവിസ്തീർണ്ണത്തിൻെറ അടിസ്ഥാനത്തിലും നിർമ്മാണ ചെലവിൻെറയു അടിസ്ഥാനത്തിൽ സ്ലാബ് സമ്പ്രദായം നടപ്പിലാക്കുക. ഉയർന്ന സ്ലാബുകാരിൽ നിന്ന് കൂടുതൽ നികുതി ഈടാക്കുക.
- ഭവന നിർമ്മാണത്തിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു നിർമിതി കേന്ദ്രം ആരംഭിക്കുക.
- ജൈവവേലി പ്രോത്സാഹിപ്പിക്കുക

പട്ടിക 7.1 പഞ്ചായത്തിൽ നിലവിലുള്ള വീടുകൾ

| വാർഡ് | മൊത്തം വീടുകൾ | ചെറ്റ | ഓല | ഓട് | കോൺക്രീറ്റ് | സ്വന്തം | വാടക |
|---|---|---|---|---|---|---|---|
| 1 | 487 | 31 | 55 | 299 | 102 | 483 | 04 |
| 2 | 270 | 18 | 31 | 169 | 52 | 270 | - |
| 3 | 425 | 18 | 48 | 238 | 121 | 420 | 05 |
| 4 | 499 | 58 | 88 | 290 | 63 | 496 | 03 |
| 5 | 353 | 17 | 28 | 197 | 111 | 347 | 06 |
| 6 | 427 | 13 | 43 | 249 | 122 | 423 | 04 |
| 7 | 543 | 62 | 59 | 283 | 139 | 539 | 04 |
| 8 | 345 | 09 | 30 | 167 | 139 | 343 | 02 |
| 9 | 394 | 10 | 24 | 199 | 161 | 392 | 02 |
| 10 | 362 | 40 | 62 | 202 | 58 | 360 | 02 |
| 11 | 389 | 41 | 136 | 162 | 50 | 388 | 01 |
| Total | 4494 | 317 | 604 | 2455 | 1118 | 4461 | 33 |

(പ്രാഥമിക വിവര സർവ്വേ - ഒക്ടോബർ 96)



# 7A. സാമൂഹ്യക്ഷേമം

പഞ്ചായത്തിലെ ജനസംഖ്യയുടെ പകുതിയിലധികം കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണ്. പഞ്ചായത്തിൽ രണ്ടു കടൽ തീരവാർഡുകളും മൂന്ന് പുഴത്തീര വാർഡുകളുമാണുള്ളത്. ഈ രണ്ടു പ്രദേശങ്ങളിലേയും ആളുകൾ സാമൂഹികമായി പിന്നോക്കാവസ്ഥയിലായിരുന്നു. പുഴയോരവാർഡുകളിലെ ഒരു വലിയ വിഭാഗം ആളുകളും കയർതൊഴിലാളികളായിരുന്നു. കയർ സഹകരണ സംഘങ്ങൾ നിലവിൽ വന്നതോടെ ഈ രംഗത്തെ സ്വകാര്യവ്യക്തികൾ പലരും പിന്തള്ളപ്പെട്ടു. എന്നാൽ സഹകരണ മേഖലയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയാതിരുന്നതിനാൽ ഈ മേഖല പൊതുവെ നിർജ്ജീവമായി. അതുവരെ ഈ മേഖലയിൽ ജോലി ചെയ്തവർ മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടിവരുന്നു. മറ്റുള്ളവരിൽ നല്ലൊരു വിഭാഗം കർഷകതൊഴിലാളികളായിരുന്നു. പുഴയോര പ്രദേശങ്ങളിലെ തൊഴിലില്ലായ്മ ഇന്ന് ഒരു വലിയ പ്രശ്നം തന്നെയാണ്. കടൽതീരവാർഡുകളിലെ മത്സ്യതൊഴിലാളികളും ഇടത്തട്ടുകാരുടെ ചൂഷണം കാരണം ജീവിത പ്രയാസം അനുഭവിക്കുന്നവരാണ്. തീരദേശവാർഡുകളിൽ നേരത്തെ ഉണ്ടായിരുന്ന നിരക്ഷരത അവരെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നതിനു കാരണമായി. മാത്രമല്ല, കാലാകാലങ്ങളിൽ നടപ്പാക്കികൊണ്ടിരുന്ന പല ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചുള്ള അജ്ഞതയും ഇവരുടെ ജീവിതനിലവാരം ഉയരാതിരിക്കാൻ കാരണമായി. ഇതുപോലുള്ള ദരിദ്രജനവിഭാഗങ്ങൾ പഞ്ചായത്തിൻെറ മറ്റുഭാഗങ്ങളിലുണ്ട്.

ദാരിദ്ര്യരേഖക്കു താഴെയുള്ള ആളുകളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനു സഹായിക്കുന്ന IRDP പദ്ധതികൾകൊണ്ട് ഉദ്ദേശിക്കുന്ന ഗുണം ലഭിക്കുന്നില്ല. നിലവിലുള്ള IRDPലിസ്റ്റിൽ അർഹതയുള്ള പലരും ഉൾപ്പെട്ടിട്ടുമില്ല. സംയോജിത ഗ്രാമവികസന പദ്ധതിയിലൂടെ നൽകുന്ന ഇത്തരം സഹായം യഥാർത്ഥ ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടോ എന്ന് വേണ്ടപ്പെട്ടവർ ശ്രദ്ധിക്കുന്നില്ല എന്ന പരാതി നിലനിൽക്കുന്നു. ട്രൈസം പദ്ധതിപ്രകാരംതൊഴിൽ പരിശീലനം ലഭിച്ചവർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ ആവശ്യമായ സഹായം യഥാസമയം ലഭിക്കുന്നുമില്ല. വനിതകൾക്കായുള്ള DWRCA യൂനിറ്റുകളുടെ പ്രവർത്തനം പരിഷ്ക്കരിക്കേണ്ടതുണ്ട്. ഗ്രാമീണ മേഖലയിൽ വനിതാതൊഴിൽ സംരംഭങ്ങൾ നാമമാത്രമാണ്. ഉള്ളവ തന്നെ പ്രോത്സാഹിപ്പിക്കാൻ സംവിധാനമില്ല. മാതൃ-ശിശു സംരക്ഷണം കടലാസിൽ മാത്രം ഒതുങ്ങുന്നു. പഞ്ചായത്തിലെ ICDS സ്കീമിൽ ഉൾപ്പെടുത്താത്തതിനാൽ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പോഷകാഹാരം, പ്രതിരോധ ചികിത്സ എന്നിവ ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നില്ല. മഹിളാ സമാജങ്ങളുടെ ആഭിമുഖ്യത്തിലുള്ള നാല് ബാലവാടികളും ഏതാനും ഫീഡിംഗ് സെൻററുകളും മാത്രമാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. നാല് വാർഡുകളിൽ മാത്രമാണ് മഹിളാസമാജങ്ങളാണുള്ളത്. അവയുടെ പ്രവർത്തനം തൃപ്തികരമല്ല.

സാമൂഹ്യക്ഷേമ വകുപ്പ് വഴി നടപ്പാക്കുന്ന വിവിധ ക്ഷേമ പെൻഷനുകൾ യഥാസമയം ലഭിക്കുന്നില്ല. പലതും ഒരു വർഷത്തോളം കുടിശ്ശികയായി കിടക്കുന്നു. ഇത്തരം പെൻഷനുകളെ ആശ്രയിച്ച് ജീവിക്കുന്നവർക്ക് ഇത് പ്രശ്നമായി തീരാറുണ്ട്. ഇത്തരം പെൻഷനുകൾ പലതും അനർഹർ നേടിയെടുക്കുന്നുമുണ്ട്. അർഹരായവരിൽ തന്നെ 60 ശതമാനത്തോളം ആളുകൾക്ക് മാത്രമെ പെൻഷൻ ലഭിക്കുന്നുള്ളൂ. പുതിയ അപേക്ഷകൾ തീരുമാനമാകാതെ വർഷങ്ങളോളം കെട്ടികിടക്കുന്നു. മറ്റുപല ക്ഷേമപ്രവർത്തനങ്ങളെകുറിച്ചുള്ള അറിവില്ലായ്മ കാരണവും കുറേ പേർക്ക് ആനുകൂല്യം ലഭിക്കാതാവുന്നു

## പ്രശ്നങ്ങൾ

ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയെക്കുറിച്ച് പലരും അറിയുന്നില്ല

ആനുകൂല്യം യഥാസമയം കിട്ടുന്നില്ല.

പെൻഷനുകൾക്ക് അപേക്ഷ കൊടുത്തിട്ടും കിട്ടാതെ കാത്തിരിക്കുന്നവർ ധാരാളമുണ്ട്.

IRDP ലിസ്റ്റിലുള്ള മുഴുവൻ പേർക്കും 5 വർഷം കൊണ്ട് സഹായം ലഭിക്കുന്നില്ല.

അർഹരായ മുഴുവൻ പേരേയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

തൊഴിൽ പരിശീലനം ലഭിക്കുന്നവർക്ക് പലർക്കും തൊഴിൽ സംരംഭം ആരംഭിക്കാൻ സഹായം കിട്ടുന്നില്ല.

മഹിളാസമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

ക്ഷേമപെൻഷനുകൾ യഥാസമയം കിട്ടുന്നില്ല.

പഞ്ചായത്തിനെ ICDS സ്കീമിൽ ഉൾപ്പെടുത്താത്തതുകൊണ്ട് സംയോജിത വനിതാ - ശിശുക്ഷേമ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കുന്നില്ല.

നിലവിലുള്ള ബാലവാടികളിൽ കളിപ്പാട്ടങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവയുടെ അഭാവം.

-സാമൂഹ്യ ഉച്ചനീചത്വം ചെറിയ തോതിൽ നിലനില്ക്കുന്നു.

പഞ്ചായത്തിൽ കമ്മ്യൂണിറ്റി ഹാളിന്റെ അഭാവം.

സഹകരണബാങ്കിൽ ബാങ്കിന്റെ പരിധിയിൽ പഞ്ചായത്തിനെ പൂർണമായും ഉൾപ്പെടുത്താത്തതിന്റെ പോരായ്മ

- സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ
- ട്രൈസം പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സംരംഭങ്ങൾക്കം ആവശ്യമായ സഹായധനം ലഭിക്കാത്ത അവസ്ഥ
- പഞ്ചായത്തിൽ പൊതുകളിസ്ഥലത്തിന്റെ അഭാവം.
- പഞ്ചായത്തിന്റെ ഹൃദയ ഭാഗത്ത് ഒരു പാർക്ക് ഇല്ലായ്മ.

## സാധ്യതകൾ

- ജനകീയ സമിതിയുടെ നേതൃത്വത്തിൽ പുതുതായി IRDP ലിസ്റ്റ് തയ്യാറാക്കുക.
- അർഹരായ ഗുണഭോക്താക്കൾക്ക് ജീവിത നിലവാരം മെച്ചപ്പെടുത്താൻ സഹായിക്കുന്ന തൊഴിൽ സംരംഭങ്ങൾ തുടങ്ങുക.
- പദ്ധതിനടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങളും നിരന്തരമായ നിരീക്ഷണവും ആവശ്യമാണ്.
- പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ ബാങ്ക് ലോൺ ലഭിക്കാനുള്ള നടപടി ലളിതമാക്കണം.
- വനിതകൾക്കായി ഓരോ വാർഡിലും മൂന്നോ നാലോ DWCRA യൂണിറ്റുകൾ ആരംഭിക്കണം.
- DWCRA യൂനിറ്റ് ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിംഗ് സൗകര്യം ഉണ്ടാക്കാൻ സംവിധാനം വേണം.
- DWCRA യൂനിറ്റിലെ അംഗങ്ങൾ തമ്മിൽ അനൈക്യമുണ്ടാകുമ്പോൾ അത് പരിഹരിക്കാൻ ജനകീയ സമിതി രൂപീകരിക്കണം.
- ട്രൈസം പരിശീലനം ലഭിക്കുന്നതിന് അർഹതയുള്ളവരെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാൻ സംവിധാനമുണ്ടാക്കണം

- മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിക്കുക.
- സ്വയം തൊഴിൽ കണ്ടെത്താൻ ട്രൈസം പരിശീലകർക്ക് പ്രത്യേകം പദ്ധതിവേണം.
- ഗ്രാമീണബാങ്കിംഗ് മാതൃകയിലുള്ള സ്വയം തൊഴിൽ ബാങ്കിംഗ് സമ്പ്രദായം പ്രോത്സാഹിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം.
- പഞ്ചായത്തിലെ മുഴുവൻ ആളുകളെയും ജനതാപോളിസിയിൽ അംഗങ്ങളാക്കണം.
- സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക. ആനുകൂല്യത്തിനപേക്ഷിച്ചവരെ തീരുമാനം പെട്ടെന്നറിയിക്കുക.
- ആനുകൂല്യങ്ങൾക്കർഹരായ മുഴുവൻ ആളുകളേയും കണ്ടെത്താൻ സർവ്വെ നടത്തണം.
- സഹായധനം യഥാസമയം വർദ്ധിപ്പിക്കുക.
- 35 വയസ്സ് തികഞ്ഞ അവിവാഹിതരായ വനിതകൾക്ക് പെൻഷൻ നൽകാൻപദ്ധതി തയ്യാറാക്കുക.
- സാമ്പത്തിക പരാധീനതയുള്ള 60 വയസ്സ് തികഞ്ഞ എല്ലാവർക്കും പെൻഷൻ അനുവദിക്കുക.
- മഹിളാസമാജത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കണം.

## പൊതുവിതരണ രംഗം

ചെങ്ങോട്ടുകാവ് പഞ്ചായത്തിലെ 11 വാർഡുകളിൽ 10 റേഷൻ കടകളാണുള്ളത്. ചില പ്രദേശങ്ങളിലെ റേഷൻ കാർഡുടമകൾക്ക് കൂടുതൽ ദൂരം നടന്ന് റേഷൻ വാങ്ങിക്കേണ്ട അവസ്ഥ ഇന്ന് നിലവിലുണ്ട്. പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോറാണുള്ളത്. 10 റേഷൻ കടകളിലുമായി മൊത്തം 4459 കാർഡുകളാണുള്ളത്. 20416 മുതിർന്നവരും 3120 കുട്ടികളുമടക്കം 23586 അംഗങ്ങളുണ്ട്. മൊത്തം വീടുകളിൽ 2475 എണ്ണം വൈദ്യുതീകരിച്ചതും 1984 എണ്ണം വൈദ്യുതീകരിക്കാത്തതുമാണ്. പഞ്ചായത്തിലെ റേഷൻ കാർഡുടമകൾക്ക് ഒരു മാസം നൽകുന്നതിന് 1010. 79 ക്വി. അരിയും അത്രതന്നെ ഗോതമ്പും ആവശ്യമാണ്. മാസത്തിൽ 9434.400കി.ഗ്രാം പഞ്ചസാരയും 14870ലിറ്റർ മണ്ണെണ്ണയും അവശ്യമുണ്ട്.

### പ്രശ്നങ്ങൾ

- എല്ലാ റേഷൻ കാർഡുടമകൾക്കും 2കി. മീറ്ററിൽ കൂടുതൽ ദൂരം നടക്കാതെ റേഷൻ വാങ്ങാൻ കഴിയാത്ത അവസ്ഥ.
- ഒരു ഷോപ്പിൽ തന്നെ കൂടുതൽ കാർഡുകളുണ്ടാവുക.
- മാവേലി സ്റ്റോറിൻെറ അഭാവം.
- വിതരണം ചെയ്യുന്ന വസ്തുക്കളുടെ ഗുണനിലവാരക്കുറവ്.
- മണ്ണെണ്ണ വിതരണത്തിലെ അപാകത.

### സാധ്യതകൾ

- 1-ാം വാർഡിൽ കാർഡുടമകൾക്ക് സൗകര്യപ്രദമായ രീതിയിൽ റേഷൻകട ആരംഭിക്കുക.
- റേഷൻ ഷാപ്പുകൾ രണ്ടു കി. മീറ്ററിനുള്ളിൽ സ്ഥാപിക്കുക.
- പൊയിൽക്കാവ് ചേലിയ എന്നീ സ്ഥലങ്ങളിൽ മാവേലിസ്റ്റോർ ആരംഭിക്കുക.
- ചെങ്ങോട്ടുകാവ് ടൗണിൽ ഒരു സൂപ്പർമാർക്ക് ആരംഭിക്കുക.
- പഞ്ചായത്തിൻെറ കേന്ദ്രത്തിൽ ഒരു പച്ചക്കറി മാർക്കറ്റ് ആരംഭിക്കുക.
- മണ്ണെണ്ണ പെർമിറ്റ് പഞ്ചായത്തിലൂടെ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.
- റേഷൻ കടകളിൽ കൂടി പലവ്യഞ്ജനങ്ങൾ വിതരണം ചെയ്യണം.

**പട്ടിക 7:2** **പൊതുവിതരണരംഗം**

| റേഷൻഷാപ്പ് നമ്പർ | കാർഡുകളുടെ എണ്ണം | മുതിർന്നവർ | കുട്ടികൾ | ആകെ | വൈദ്യുതീകരിച്ചത | വൈദ്യുതീകരിക്കാത്തത | അരി (ഒരുമാസം) കി | ഗോതമ്പ (ഒരുമാസം) കി | പഞ്ചസാര (ഒരുമാസം) കി.ഗ്രാം | മണ്ണെണ്ണ (ഒരുമാസം) ലി |
|---|---|---|---|---|---|---|---|---|---|---|
| 8 | 499 | 2086 | ..303 | 2389 | 223 | 276 | 102.38 | 102.38 | 955.600 | 1826 |
| 11 | 452 | 2140 | 331 | 2471 | 305 | 147 | 105.9 | 105.9 | 988.400 | 1345 |
| 12 | 391 | 1681 | 246 | 1927 | 193 | 198 | 82.58 | 82.58 | 770.800 | 1376 |
| 13 | 479 | 2110 | 272 | 2382 | 253 | 226 | 102.08 | 102.08 | 952.800 | 1636 |
| 14 | 366 | 1681 | 231 | 1912 | 187 | 179 | 81.94 | 81.94 | 764.800 | 1269 |
| 15 | 363 | 1554 | 240 | 1794 | 176 | 187 | 76.88 | 76.88 | 717.600 | 1287 |
| 16 | 531 | 2591 | 479 | 3070 | 307 | 224 | 131.57 | 131.57 | 1228.000 | 1734 |
| 17 | 490 | 2266 | 388 | 2654 | 299 | 191 | 113.74 | 113.74 | 1061.600 | 1553 |
| 18 | 582 | 2630 | 321 | 2951 | 378 | 204 | 126.47 | 126.47 | 1180.400 | 1776 |
| 257 | 306 | 1727 | 309 | 2036 | 154 | 152 | 87.25 | 87.25 | 814.400 | 1068 |
| ആകെ | 4459 | 20416 | 3120 | 23586 | 2475 | 1984 | 1010.79 | 1010.79 | 9434.400 | 14870 |

അവലംബം : ദ്വിതീയ വിവരശേഖരണം

# 8. സംസ്ക്കാരം

ഭക്ഷണത്തോടൊപ്പം സംസ്ക്കാരത്തേയും വിളയിച്ചതായിരുന്നല്ലോ പഴയ കാർഷികരംഗം ചെങ്ങോട്ടുകാവ് പഞ്ചായത്തിനും അതിൻേറതായ ഒരു കാർഷികസംസ്ക്കാരമുണ്ടായിരുന്നു. ഉഴവ്,വിത നാട്ടി, കൊയ്ത്ത്, മെതി തുടങ്ങിയ കാര്യങ്ങളിൽ പരിമിതപ്പെട്ടതായിരുന്നു കർഷകൻെറ ജീവിത വൃത്തി. വടക്കൻ പാട്ട് തനത് ഈണത്തിൽ കൂട്ടംചേർന്നു പാടിക്കൊണ്ട് നാട്ടിനടുന്ന കാഴ്ച അന്നു സാധാരണമായിരുന്നു. ഉച്ചാൽ, ശീപോതി, കലിയൻ, കലിച്ചി തുടങ്ങി ഐശ്വര്യ സമൃദ്ധിക്കു വേണ്ടിയുള്ള ചടങ്ങുകൾ അന്നു ആചരിക്കപ്പെട്ടു. സ്വന്തം അദ്ധ്വാനത്തിൽ വിളയിച്ചെടുത്ത ഉല്പന്നങ്ങൾ ജൻമിക്കു മുന്നിൽ വിശേഷദിനങ്ങളിൽ കാഴ്ചവെക്കുന്നതിൽ കർഷകൻ പതിത്വം കണ്ടെത്തിയിരുന്നില്ല.

ചെങ്ങോട്ടുകാവിലെ പ്രബല മതവിഭാഗം ഹിന്ദുക്കളാണ്; മുസ്ലിങ്ങളും എണ്ണത്തിൽ കുറവല്ല. ഒരു കാലത്തു ക്രിസ്ത്യാനികൾ തീരെ ഉണ്ടായിരുന്നില്ലെങ്കിലും സമീപകാലത്ത് ഏതാനും കുടുബങ്ങൾ നിവാസികളായിട്ടുണ്ട്. ഇരുപത്തിമൂന്നോളം ഹിന്ദുക്ഷേത്രങ്ങൾ, മൂന്നു മഠങ്ങൾ, ഒമ്പതോളം മുസ്ലിം പള്ളികൾ, ഒരു ക്രിസ്ത്യൻ പള്ളി എന്നിവ ആരാധനാലയങ്ങളായി ഇവിടെയുണ്ട്. മുസ്ലിം ആരാധനാലയങ്ങളോടു ചേർന്നു മതപഠന കേന്ദ്രങ്ങളായ മദ്രസ്സകൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ ക്ഷേത്രങ്ങളിൽ ഏറ്റവും പഴക്കമേറിയത് പൊയിൽക്കാവ് വനദുർഗ്ഗാക്ഷേത്രമാണ്യ പതിനഞ്ചേക്കറോളം വരുന്ന നിബഡവനത്തിൽ സ്ഥിതിചെയ്യുന്ന ഈക്ഷേത്രം കേരളത്തിലെ പരശുരാമ പ്രതിഷ്ഠകളിലൊന്നാണ്. കിഴക്കെക്കാവ് എന്നറിയപ്പെടുന്ന പൊയിൽക്കാവ് രാജരാജേശ്വരിക്ഷേത്രം വടക്കെ മലബാറിൽ ഉത്സവാഘോഷത്തിൻെറ കാര്യത്തിൽ പ്രസിദ്ധമാണ്. പരിസരത്തെനെൽവയലുകൾ സമീപകാലത്ത് പറമ്പുകളായി മാറിയതിനാൽ ഉത്സവാഘോഷത്തിന്നു ഇന്ന് സ്ഥപരിമിതി അനുഭവപ്പെടുന്നു. ഉത്സവത്തോടനുബന്ധിച്ചു നടന്നിരുന്ന ചന്തകളിൽ നിന്നായിരുന്നു പഴയകാലത്ത് തദ്ദേശീയർ പായ, കലം, കൽച്ചട്ടി മതലായവ വാങ്ങിയിരുന്നത്. സവർണ്ണമേധാവിത്വം കൊടികുത്തി വാണിരുന്ന കാലത്തും അവർണ്ണരുടെതായിരുന്ന തെക്കയിൽ ഭഗവതിക്ഷേത്രത്തിൽ അവർ തന്നെയായിരുന്നു പൂജനടത്തിയിരുന്നത് എന്ന കാര്യം എടുത്തു പറയത്തക്കതാണ്. ഈ കാലഘട്ടത്തിലും സാമൂഹ്യനീതി നിഷേധിക്കപ്പെട്ട പുലയർ സ്വന്തം ആരാധനാ കേന്ദ്രങ്ങളും ഉത്സവക്രമങ്ങളും കണ്ടെത്തിയിരുന്നു. കൂളികെട്ട്, തുടിമുട്ട് തുടങ്ങിയ പരിപാടികളോടുകൂടിയ മദിരോളി മണ്ണാത്തിപറമ്പ് തുടങ്ങിയ സ്ഥലങ്ങളിലെ ഉത്സവങ്ങൾ അതിൽ പെടുന്നു.ഏതാണ്ട് എൺപത്തിയഞ്ചു വർഷങ്ങൾക്കുമുമ്പ് രാമകൃഷ്ണപരമഹംസരുടെ ശിഷ്യൻ നിർമ്മലാനന്ദ സ്വാമികൾ കേരളത്തിൽ ആദ്യമായി ഒരു രാമകൃഷ്ണമഠം സ്ഥാപിച്ചു. അതാണ് മേലൂരിലുള്ള ശ്രീരാമകൃഷ്ണ മഠം. ഒരു ദശകക്കാലമായി ഈ മഠത്തിൻെറ സാരഥ്യം വഹിക്കുന്നശ്രീമത് ഗോലോകാനനാദ സ്വാമികൾ പഞ്ചായത്തിലെ കാർഷിക - സാംസ്ക്കാരിക മേഖലകളിൽ നിർണ്ണായകമായ പങ്കു വഹിക്കുന്നു. മുസ്ലിം പള്ളികളിൽ പഴക്കമേറിയതു മാടാക്കരപ്പള്ളിയാണ്. മുസ്ലിംങ്ങൾ മറ്റു ജനവിഭാഗങ്ങളുമായി എക്കാലത്തും ഇവിടെ സൗഹാർദ്ദത്തിലാണ്.

ആദ്യകാലത്തു സംസ്ക്കൃത പഠനത്തിനായിരുന്നു പ്രാമുഖ്യം. ജ്യോതിഷം, വൈദ്യം, മന്ത്രവാദം, വാസ്തുവിദ്യ, സാഹിത്യം എന്നിവയെ ലക്ഷ്യമാക്കിയായിരുന്നു ഈ സംസ്ക്കൃത പഠനം.

ചെറുവലത്തു ചാത്തുനായർ, തൈക്കണ്ടികണ്ണൻ നായർ എന്നിവർ അക്കാലത്തെ സംസ്കൃതപണ്ഡിതന്മാരായിരുന്നു. ഗ്രന്ഥശാലാ പ്രസ്ഥാനം രൂപം കൊണ്ട കാലഘട്ടത്തിൽഇവിടെ വയോജന വിദ്യാഭ്യാസത്തിന്നു അന്നത്തെ അദ്ധ്യാപകർ നിശാ പാഠശാലകൾ നടത്തിയിരുന്നു. പിന്നീട് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ രൂപം കൊണ്ട ഗ്രന്ഥശാലകൾ സാംസ്കാരിക പുരോഗതിയിൽ കാര്യമായ പങ്കു വഹിക്കയുണ്ടായി. ചൊങ്ങോട്ടു കാവിലുണ്ടായിരുന്ന കൈരളി വായനശാല, പൊയൽക്കാവിലുണ്ടായിരുന്ന ജയ്ഹിന്ദ് വായനശാല, മേലൂരിലുണ്ടായിരുന്ന ഗ്രാമീണവായനശാല എന്നിവ ഇക്കൂട്ടത്തിൽ പെടുന്നു. ഇപ്പോൾ നിലവിലുള്ള വായനശാലകളുടെ ലിസ്റ്റ് അന്യത്ര ചേർത്തിട്ടുണ്ട്.

നാല്പതുകളിൽ പുത്തലം കേന്ദ്രമായി ഒരു കഥകളിയോഗം പ്രവർത്തിച്ചിരുന്നു. സമീപ പ്രദേശങ്ങളിലെ സാഹിത്യകുതുകികൾ 'സാഹിത്യാരാമം' എന്നൊരു മാസിക അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരുന്നു. പത്രാധിപർ കെ. വി. കുഞ്ഞിരാമൻ കിടാവായിരുന്നു. തമിഴ് സ്വാധീനമുള്ള സംഗീത നാടകങ്ങൾ അക്കാലത്ത് ഇവിടങ്ങളിൽ അരങ്ങേറുകയുണ്ടായി. ഒതയോത്ത് കുട്ടിരാമൻ നായർ, ഉമ്മനാടത്ത് ചെറിയോമനനായർ, കുന്നുമ്മൽ വേലുക്കുറുപ്പ് മുതലായവർ അക്കാലത്തെ പ്രാമാണികരായ നടന്മാരായിരുന്നു. മേലൂരിൽ പ്രവർത്തിച്ചിരുന്ന ഇയ്യക്കണ്ടിയിലേയും പുല്ലാട്ടേയും നാടക സംഘങ്ങൾ, ചേലിയയിലെ കോൽക്കളി സംഘം, മങ്ങാട്ടാശാരിമാരുടെ വിൽക്കളി സംഘം പുലയസമുദായത്തിൻെറ കുതിരക്കോലം, പാണന്മാരുടെ പിഞ്ഞാണക്കളി എന്നിവ കലാരംഗത്ത് ശ്രദ്ധേയങ്ങളായിരുന്നു. കോൽക്കളി രംഗത്ത്വായാട്ട് ചന്തുക്കുട്ടിനായർ, വിൽത്തായമ്പകയിൽ മുണ്ട്യോടത്ത് മീത്തൽ മാധവനാശാരി, തിറയാട്ടത്തിൽ ചന്തുകണ്ടി കുട്ട്യേക്കിണി, കാരയിൽ ഉണ്ണി, കുഞ്ഞിക്കുട്ടി, കറയാട്ട് ശങ്കു, പൂളിയേരി താഴത്തയിൽ കണാരൻ എന്നിവർ വ്യക്തിമുദ്ര പതിപ്പിട്ടവരാണ്. തായമ്പകയിൽ കൊണ്ടംവെള്ളി കുഞ്ഞിക്ക്യഷ്ണമാരാരും തിറയാട്ടത്തിൽ ചന്തുകണ്ടി ചന്തുവും ഇപ്പോഴും സ്തുത്യർഹരായി രംഗത്തുണ്ട്.

ദേശീയ പ്രക്ഷോഭത്തിൻെറ കാലഘട്ടങ്ങളിൽ സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ കാതലായ മാറ്റങ്ങൾ അനുഭവപ്പെടാൻ തുടങ്ങി. ക്ഷേത്ര പ്രവേശനം, പൊതു കുളങ്ങളിൽ അവർണ്ണർക്ക് കുളിക്കാനുള്ള സ്വാതന്ത്ര്യം, ഖാദി പ്രവർത്തനം, മദ്യവർജ്ജനം എന്നിവ സാംസ്കാരിക രംഗത്ത് പുരോഗമനോന്മുഖമായ ചലനങ്ങൾ സൃഷ്ടിച്ചു.

നാല്പതുകളിൽ മലബാറിലെ കർഷക പ്രക്ഷോഭത്തിൻെറ അലയൊലി ഈ പഞ്ചായത്തിലും ഉണ്ടായി.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ സാംസ്കാരിക രംഗം പെട്ടെന്നു വളർച്ച പ്രാപിച്ചു. 1957ൽശങ്കർ മെമ്മോറിയൽ ആർട്ട്സ് ക്ലബ്ബ് സ്ഥാപിതമായി; 1962ൽ ശ്രീ ഭാസകലാകേന്ദ്രവും. തദ്ദേശീയരായ സ്ത്രീകൾ ആദ്യമായി ഒരു നാടകത്തിൽ പങ്കെടുക്കുന്നത് ശ്രീ ഭാസകലാകേന്ദ്രത്തിൻെറ 'കാഞ്ചന സീത' എന്ന നാടകത്തിലായിരുന്നു. 1970ൽ രൂപം കൊണ്ട സൈമ ചെങ്ങോട്ടുകാവിൽ ശ്രീ ഭാസകലാകേന്ദ്രം അഫിലിയേറ്റു ചെയ്യപ്പെട്ടു. 1977ൽ ആരംഭിച്ച് ഒരു വ്യാഴവട്ടക്കാലം മലബാറിലെ അമേച്വർ കലാസമിതികളെ പങ്കെടുപ്പിച്ചു കൊണ്ട് സൈമ നടത്തിയ നാടക നിശ സമകാലീനനാടകങ്ങളെ സാധരണ ജനങ്ങൾക്കു പരിചയപ്പെടുത്താൻ സഹായിച്ചിട്ടുണ്ട്.

'ജ്വാല' പൊയിൽക്കാവ് നടത്തിയ നാടൻ കലോത്സവവും നാടകോൽസവവും വിക്ടറി പൊയിൽക്കാവ് നടത്തിവന്ന 'മലബാർ ചിത്രോത്സവം' എന്നിവയും സാംസ്കാരിക രംഗത്തെ ചലനങ്ങളായിരുന്നു.

നാട്യാചാര്യൻ, ഗുരു ചേമഞ്ചേരി കുഞ്ഞിരാമൻ നായർ സ്ഥാപിച്ച 'ചേലിയ കഥകളി വിദ്യാലയം കഥകളി പഠനത്തിനുള്ള വടക്കൻ കേരളത്തിലെ ചുരുക്കം വിദ്യാലയങ്ങളിലൊന്നാണ്. 1981ൽകേരള സംഗീതനാടക അക്കദമി പുരസ്ക്കാരം നൽകി ആദരിച്ച ഗുരു തൻെറ സ്ഥാപനത്തിലൂടെ വിദ്യാർത്ഥികൾക്ക് നേരിട്ട്

കഥകളിയിയും നൃത്തത്തിലും പരിശീലനം നൽകിവരുന്നു.

മെയ്യഭ്യാസം ശീലിച്ച ഗുരുക്കന്മാർ കളരികെട്ടി കായിക പരിശീലനം നൽകിയ ഒരു കാലമുണ്ടായിരുന്നു. പഴയ കളരികൾ കുംങ്ഫൂ, കരാട്ടെ എന്നീ അഭ്യാസങ്ങൾക്ക് വഴിമാറിയിരിക്കുന്നു. കായിക മത്സരങ്ങൾക്കായി ക്ലബ്ബുകൾ പലതും വേദി ഒരുക്കാറുണ്ട്. മോസ്ക്കോസ് പൊയിൽക്കാവ്, സെവൻ ബ്രദേർസ് ചെങ്ങോട്ടുകാവ് എന്നിവയുടെ ഫുട്ട്ബോൾ മേളകളും, എസ്സ്.എം.എ.സി. ചെങ്ങോട്ടുകാവിൻെറ വോളിബോൾ ടൂർണമെൻറും, സൈമചെങ്ങോട്ടുകാവ്, സമന്വയ ചെങ്ങോട്ടുകാവ് എന്നിവയുടെ കേരംസ് ടൂർണമൻറും,കുഞ്ഞി രാമൻ മാസ്റ്റർ സ്മാരക വായനശാല, കൊണ്ടം വെള്ളി നടത്തുന്ന കമ്പവലി മത്സരവും, ഫൈറ്റേർസ് പൊയിൽക്കാവിൻെറ ഷട്ടിൽ ടൂർണമൻറും കായികരംഗത്തെ പ്രവർത്തനങ്ങളായി ചൂണ്ടിക്കാണിക്കാവുന്നവയാണ്.

രണ്ടു പതിറ്റാണ്ടിനിടയിൽ ഉണ്ടായ ടെലിവിഷൻെറ പ്രചാരം ജനങ്ങളുടെ അഭിരുചിയിൽ മാറ്റങ്ങളുണ്ടായിരിക്കുന്നു. അരങ്ങുകൾക്കു മുമ്പിലെത്താറുണ്ടായിരുന്ന കലാസ്വാദകർ വീട്ടിനകത്തെ ടെലിവിഷനുമുന്നിൽ ആസ്വാദന രംഗം പരിമിതപ്പെടുത്തിയപ്പോൾ അരങ്ങുകളിലേക്ക് കലാരൂപങ്ങൾ ആവശ്യമില്ലാതായി. ഈ പ്രവണത കലാ-സാംസ്ക്കാരിക പ്രവർത്തകരെ നിരുത്സാഹപ്പെടുത്തി. ഉപഭോക്തൃ സംസ്ക്കാരത്തെ ഊട്ടിയുറപ്പിക്കുന്ന പരസ്യങ്ങൾ, അനുഭവവേദ്യമാകാനിടയില്ലാത്ത ലോകത്തിൻെറ ചിത്രീകരണങ്ങൾ എന്നിവ ആസ്വാദകരുടെ സൃഷ്ടിപരതയേയും ആസ്വാദന നിലവാരത്തേയും പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു.

10ശതമാനം വീടുകളിൽ ഇന്നു ടി.വി. ഉപയോഗത്തിലുണ്ട്. ചെങ്ങോട്ടുവാവിലും അരങ്ങാടത്തുംഓരോ കേബിൾ ടി.വി. കേന്ദ്രങ്ങൾ പ്രവർത്തിച്ച് നൂറോളം വീടുകൾക്ക് വിവിധ ചാനലുകൾ എത്തിക്കുന്നു. ഈ സാഹചര്യത്തിൽ സാംസ്ക്കാരിക രംഗം പ്രതിസന്ധിയെ അഭിമുഖീകരിച്ചു കൊണ്ടിരിക്കയാണ്.

പഞ്ചായത്തിൽ പൊതുകളിസ്ഥലം ഇന്നില്ല. പ്രൈമറി വിദ്യാലയങ്ങളിൽ പൊയിൽക്കാവ് യു.പി.ക്കു മാത്രമേ സ്വന്തമായ കളിസ്ഥലമുള്ളു. ഏക ഹൈസ്കൂളായ പൊയിൽക്കാവിൻെറ കളിസ്ഥലം പ്രയോജനരഹിതമായാണിരിക്കുന്നത്. ഇത് എത്രയും വേഗം പ്രയോജനകരമാക്കണം. പൊയിൽക്കാവ് ഹൈസ്കൂളിന്നു സാമാന്യം ഭേദപ്പെട്ട ഒരു ലൈബ്രറിയും ലെബോറട്ടറിയുമുണ്ട്.

വിവാഹമണ്ഡപങ്ങളോ ഓഡിറ്റോറിയങ്ങളോ പഞ്ചായത്തിൽ ഇല്ല. പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ഒരു ഓഡിറ്റോറിയും അടിയന്തിരമായും നിർമ്മിക്കേണ്ടതാണ്. പഞ്ചായത്തിൽ പൊതുസ്ഥലങ്ങളിൽ നാലിടത്തായി ഇപ്പോൾ ടി.വി. പ്രദർശിപ്പിച്ചു വരുന്നു. സാമൂഹ്യ വിദ്യാഭ്യാസം നൽകുവാൻ ഇങ്ങനെയുള്ള കേന്ദ്രങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്.

## സാദ്ധ്യതകൾ

- ഓരോ വാർഡിലും അംങ്കണവാടി പണിയണം.
- കേരളോത്സവം എല്ലാ വാർഡുകൾക്കും പ്രാതിനിധ്യം നൽകിക്കൊണ്ട് കാര്യക്ഷമമാക്കണം.
- കെട്ടിടങ്ങളുള്ള ഗ്രന്ഥശാലകൾക്ക് മെയിൻറനൻസ് ഗ്രാൻറ് അനുവദിക്കണം.
- ഗ്രന്ഥാലയങ്ങളിൽ മുഴുവൻ സമയ ലൈബ്രേറിയൻമാരെ നിയമിക്കണം.
- പത്രമാസിക വാങ്ങാൻ ഗ്രന്ഥശാലകൾക്ക് ഗ്രാൻറനുവദിക്കണം.
- കോളണികളിലും വായനശാലകളിലും റേഡിയോ, ടി.വി എന്നിവസ്ഥാപിക്കണം.

- നാടൻ കലകൾക്ക് പ്രോത്സാഹനം നൽകണം.
- സാക്ഷരതാ കേന്ദ്രങ്ങൾ സ്ഥാപിക്കുകുയും തുടർ വിദ്യാഭ്യാസത്തിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
- ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകാനുള്ള സംവിധാനമുണ്ടാക്കുക.
- കായിക പ്രതിഭകളെകണ്ടെത്തി പ്രോത്സാഹിപ്പിക്കുക
- ടൂറിസ്റ്റുകളെ ആകർഷിക്കത്തക്കവിധം പൊയിൽക്കാവ് പരിസരത്തെ മോടിപിടിപ്പിക്കുക.
- ഇന്നു നടക്കുന്ന വിവാഹ ധൂർത്ത് ഒഴിവാക്കാൻ ആവശ്യമായ പരിപാടികൾ നടപ്പിലാക്കുക.
- അവശ കലാകാരന്മാർക്കു സഹായധനം നൽകണം.
- ഗ്രന്ഥശാലകളിലെ പുസ്തകങ്ങൾ വീടുതോറും എത്തിക്കാൻ പഞ്ചായത്തുതലത്തിൽ ഏർപ്പാടുണ്ടാവണം.
- ഇനിയും ആവശ്യമായ സ്ഥലങ്ങളിൽ വായന ശാലകൾ സ്ഥാപിക്കണം.
- കലാസമിതികൾ ക്ലബ്ബുകൾ എന്നിവക്ക് ആവശ്യമായ പ്രോത്സാഹനം നൽകണം.
- പൊതുവായി കളിസ്ഥലവും പാർക്കും ഉണ്ടാവണം

പട്ടിക 8:1

ഗ്രന്ഥശാലകൾ

| പേര് | സ്ഥാപന വർഷം | അംഗങ്ങളുടെ എണ്ണം | ഗ്രന്ഥങ്ങളുടെ എണ്ണം | ഗ്രേഡ് | പ്രതിദിന വിവരണം | മറ്റു പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| സൈവ. ലൈബ്രറി ചെങ്ങോട്ടുകാവ് | 1971 | 52 | 5000 | സി | 30 | സെമിനാറുകൾ, സിംപോസിയങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. |
| ജ്വാല - പൊയിൽക്കാവ് | 1971 | 1071 | 2927 | ഇ | 18 | കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. |
| സുഭാഷ് സ്മാരക വായനശാല | 1957 | 266 | 2822 | സി | | [illegible] |
| യുവജന വായനശാല - ചേലിയ | 1964 | 457 | 2503 | ഇ | 35 | സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ പ്രവർത്തനം നടത്തുന്നു. |
| കുഞ്ഞി രാമൻനായർ സ്മാരക വായനശാല മേലൂർ | 1969 | 126 | 1527 | ഇ | 20 | കായിക മത്സരങ്ങൾ നടത്താറുണ്ട്. |

പട്ടിക 8:2

## കലാകായിക സമിതികൾ

| പേര് | സ്ഥാപന വർഷം | അംഗങ്ങളുടെ എണ്ണം | സംഗീതനാടക അക്കാദമി സ്പോർട്സ് കൗൺസിൽ അഫിലി | സ്വന്തമായി കെട്ടിടം | റേഡിയോ ടി.വി തുടങ്ങിയവ | മറ്റുപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| ശങ്കർമെമ്മോറിയൽ ആർട്ട്സ് & സ്പോർട്സ് ക്ലബ് ചെങ്ങോട്ടുകാവ് | 1957 | 43 | ഉണ്ട് | ഇല്ല | ഇല്ല | ക്ഷേമപ്രവർത്തനങ്ങൾ വോളിബോൾ ടൂർണമെൻറ് പൂക്കളമത്സരം എന്നിവ നടത്തുന്നു. |
| വിക്ടറി ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ് - പൊയിൽക്കാവ് | 1963 | 35 | ഇല്ല | ഇല്ല | ഉണ്ട് | ബോധവൽക്കരണ ക്ലാസുകൾ, ചിത്രരചന, വോളി ബോൾകോച്ചിംഗ് കേമ്പ്, ആശ്വാസപ്രവർത്തനങ്ങൾ |
| സൈമ- ചെങ്ങോട്ടുകാവ് | 1971 | 32 | ഉണ്ട് | നിർമ്മാണത്തിലാണ് | ഇല്ല | നാടക നിനാടകനിശ നടത്തിയുരുന്നു. കാറംസ് ടൂർണമെൻറ് |
| സമന്വയ ആർഡ്&സ്പോർട്ട്സ് ക്ലബ് - ചെങ്ങോട്ടുകാവ് | 1991 | 22 | ഇല്ല | ഇല്ല | ഇല്ല | കേറംസ് ടൂർണമെൻറ്, സന്നദ്ധ പ്രവർത്തനങ്ങൾ |
| ചേലിയ സ്പോർട്ട്സ് ക്ലബ് ചേലിയ | 1994 | 59 | ഇല്ല | ഇല്ല | ഇല്ല | എല്ലാ വിധ സാമൂഹ്യസാംസ്കാരിക സ്പോർട്സ് മേഖലകളിലും പ്രവർത്തനംനടത്തുന്നു. |
| പുലരി സ്പോർട്ട്സ് ക്ലബ്ബ് പൊയിൽക്കാവ് | 1989 | 24 | ഇല്ല | ഇല്ല | ഇല്ല | മറ്റു രംഗങ്ങളിലൊന്നും പ്രവർത്തിക്കുന്നില്ല |
| ഭാവന കലാവേദി നെല്ലുളികുന്ന് | 1990 | 100 | ഇല്ല | ഇല്ല | ഇല്ല | എല്ലാവിധമാമൂഹ്യ സാംസ്കാരിക സ്പോർട്ട് മേഖലകളിലും പ്രവർത്തനം നടത്തുന്നു. |
| ഭാവന കലാവേദി നെല്ലൂളിക്കുന്ന് | 1990 | 100 | ഇല്ല | ഇല്ല | ഇല്ല | എല്ലാവിധ വികസന പ്രവർത്തനങ്ങളിലും പങ്കെടുക്കുന്നു. |
| സെവൻ ബ്രദേർസ് എടക്കുളം | 1985 | | ഇല്ല | ഇല്ല | ഇല്ല | ക്ഷേമപ്രവർത്തനങ്ങൾ, സ്പോർട്സ് ഗെയിംസ് മേഖല പ്രവർത്തനങ്ങൾ |
| ഫൈറ്റേഴ്സ് പൊയിൽക്കാവ് | 1987 | 40 | ഇല്ല | ഇല്ല | ഇല്ല | ജില്ലാതല ഷട്ടിൽടൂർണമെൻറ് നടത്തുന്നു. നടകമത്സരങ്ങളിൽ പങ്കെടുക്കുന്നു. |
| എ.ബി.സി പൊയിൽക്കാവ് | 1976 | 51 | ഇല്ല | ഇല്ല | ഇല്ല | ഫുട്ബോൾ താരങ്ങൾക്ക് പ്രോത്സാഹനവും ശിക്ഷണവും നൽകുന്നു, സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. |

പട്ടിക 8:3 ആനുകാലിക പ്രസിദ്ധീകരണങ്ങൾ – പ്രചാരം

| പേര് | ദിനപത്രം | വാരിക | ദ്വൈവാരിക | മാസിക |
|---|---|---|---|---|
| മലയാളമനോരമ | 290 | | | |
| മലയാളമനോരമ | | 640 | | |
| ബാലരമ | | | 180 | |
| കളിക്കുടുക്ക | | | 25 | |
| അമർചിത്രകഥ | | | | 25 |
| ഭാഷാപോഷിണി | | 10 | | |
| വിജയവീഥി | | 25 | | |
| വനിത | | | 100 | |
| മാതൃഭൂമി | 320 | | | |
| മാതൃഭൂമി ആഴ്ച്ചപ്പതിപ്പ് | | 40 | | |
| ഗൃഹലക്ഷ്മി | | | 40 | |
| തൊഴിൽവാർത്ത | | 70 | | |
| ചിത്രഭൂമി | | | 8 | |
| ബാലഭൂമി | | 55 | | |
| മംഗളം | | 575 | | |
| കന്യക | | 8 | | |
| വിദ്യാരംഗം | | | 25 | |
| സ്പോർട്സ് മാസിക | | 6 | | |
| കേരളശബ്ദം | | | 15 | |
| കലാകൗമുദി | | 10 | | |
| നാന | | 16 | | |
| ശരീര ശാസ്ത്രം | | 15 | | |
| പൂമ്പാറ്റ | | 120 | | |
| ബാലമംഗളം | | 40 | | |
| മനോരാജ്യം | | 10 | | |
| സിനിമാറ്റുഡെ | | 15 | | |
| ദേശാഭിമാനി | 82 | | | |
| ദേശാഭിമാനി ആഴ്ചപ്പതിപ്പ് | | 15 | | |
| ചിന്ത | | 40 | | |
| കേരള കൗമുദി | 64 | | | |
| ഹിന്ദു (ഇംഗ്ലീഷ്) | 5 | | | |
| മാധ്യമം | 15 | | | |

# 9. വനിത

ദേശീയ സ്വാതന്ത്ര്യസമരങ്ങളിലൊ സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളിലൊ പങ്കെടുത്ത പാരമ്പര്യം നമ്മുടെ പഞ്ചായത്തിലെ വനിതകൾക്കില്ല. സ്വാതന്ത്ര്യം നേടി 48 വർഷം പിന്നിട്ടെങ്കിലും ഈ പഞ്ചായത്തിലെ വനിതകൾ അടുക്കളകളിൽ തന്നെ തളയ്ക്കപ്പെട്ടിരിക്കുന്നു. ഒരു ചെറിയ ന്യൂനപക്ഷം ഇതിന്നപവാദമുണ്ടെന്ന വസ്തുത വിസ്മരിക്കുന്നില്ല. കേരളത്തിലെമൊത്തം ജനസംഖ്യ. യിലെ സ്ത്രീകളുടെ വർദ്ധനവ് നമ്മുടെ പഞ്ചായത്തിലും ദൃശ്യമാണ്. 11,894സ്ത്രീകളും 11,543 പുരുഷന്മാരും ആണുള്ളത്. സ്ത്രീപുരുഷ അനുപാതത്തിലുള്ള വ്യത്യാസം കുറവാണ്. ഇത് പഞ്ചായത്തിൻെറ ഒരു പ്രത്യേകതയാണ്. പണ്ടുമുൽക്കെ ഭൂരിഭാഗം സ്ത്രീകളും കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടായിരുന്നു ജീവിതോപാധി കണ്ടെത്തിയിരുന്നത്. എന്നാൽ കാർഷികമേഖലയിൽ പിന്നീടുണ്ടായ മുരടിപ്പ് അവരെ തീർത്തും നിരാശരാക്കി. അതുപോലെ പരമ്പരാഗത വരുമാന മാർഗങ്ങളായ കയർ, പായനെയ്ത്ത് മത്സ്യബന്ധനം ഇവയുമായി ബന്ധപ്പെട്ട തൊഴിൽ മേഖലയും തകർച്ചയിലാണ്. സ്ത്രീസമൂഹത്തിൻെറ ജീവിതത്തെ ഇവയെല്ലാം സാരമായി ബാധിച്ചിട്ടുണ്ട്.

സർക്കാരിൻെറ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വേണ്ടത്ര ഗുണം ചെയ്തിട്ടില്ല എന്ന് മഹിളാസമാജങ്ങളുടെയും ബാലവാടികളുടെയും പ്രവർത്തനങ്ങളെ സംബന്ധിച്ച്, ഗ്രാമസഭകളിൽനടന്ന ചർച്ചകൾ വിളിച്ചോതുന്നു. D.W.C.R.Aപദ്ധതി. പ്രകാരം 5 യൂനിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പരാതികളും പോരായ്മകളമുണ്ടെന്ന് ഗ്രാമസഭാറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഒമ്പതോളം ബാലവാടികളും, ഫീഡിംഗ് സെൻററുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല എന്നതാണ് വസ്തുത. ഇവയിൽ ഒട്ടുമിക്കവയും രേഖകളിൽ മാത്രം ഒതുങ്ങുന്നവയാണ്. ബാലവാടികളെ സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 9:1 ബാലവാടികൾ

| സ്ഥലം | പേര് | കൺവീനർ |
|---|---|---|
| 1. മേലൂര് | CPWബാലവാടി | കെ.ജാനകി |
| 2. അരങ്ങാടത്ത് | ഫീഡിംഗ് സെൻറർ | പി. അമ്മുക്കുട്ടി |
| 3. പൊയിൽകാവ് | ബീച്ച് ബാലവാടി | കെ.ടി. പങ്കജം |
| 4. കവലാട്ടുതാഴ | ഫീഡിംഗ് സെൻറർ | വി.പി.സാവിത്രി |
| 5. കരിപ്പവയൽ | ഫീഡിംഗ് സെൻറർ | പി.സി. രതി |
| 6. ചെങ്ങോട്ടുകാവ് | ഫീഡിംഗ് സെൻറർ | കെ.വി.ജാനു |
| 7. ഏഴുകുടിക്കൽ | ഫീഡിംഗ്സെൻറർ | പി.ടി. ദാക്ഷായണി |
| 8. ആയമ്പത്ത് | ബാലവാടി | ഒ.പി.രാധ |
| 9. എളാട്ടേരി | CPWബാലവാടി | പി.പി. ദേവി |

പട്ടിക 9:2 DWCRA യൂണിറ്റുകൾ

| ക്രമ നമ്പർ | പേര് (സ്ഥലം) | തൊഴിലാളികൾ | ഉല്പന്നം | സ്ഥാപിച്ച വർഷം |
|---|---|---|---|---|
| 1. | എളാട്ടേരി II Ward | 10 | കയർ | '91-92 |
| 2. | പ്രിയങ്ക X Ward | 10 | മത്സ്യസംസ്ക്കരണം | 93-94 |
| 3. | കൈരളി I Ward | 10 | ബേക്കറി | 93-94 |
| 4. | കോട്ടക്കുന്ന് XI Ward | 10 | മെറ്റൽ | 93-94 |

## പ്രശ്നങ്ങൾ

അഭ്യസ്തവിദ്യരായ യുവതികളിൽ ഭൂരിഭാഗവും തൊഴിൽ രഹിതരാണ്.

കാർഷികരംഗത്തെ മുരടിപ്പ് തൊഴിലവസരങ്ങൾ വളരെയേറെ നഷ്ടപ്പെടുത്തിയിട്ടുണ്ട്.

II, III, IV, VI,IX XI എന്നീ വാർഡുകൾ കയർ വ്യവസായ മേഖലയാണെങ്കിലും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കാലാനുസൃതമായ രീതിയിൽ ഉല്പാദനം നടക്കുന്നില്ല. കയർ തൊഴിലാളികളായ മുഴുവൻ സ്ത്രീകൾക്കും തൊഴിൽ നല്കാൻ ഇന്നുള്ള സംവിധാനം അപര്യാപ്തമാണ്.

മത്സ്യ വ്യവസായത്തിന്നനുകൂലമായ ഘടകങ്ങൾ പഞ്ചായത്തിൽ ധാരാളമുണ്ടെങ്കിലും അവവേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല.

പട്ടികജാതിക്കാരായ സ്ത്രീകൾക്ക് പായനെയ്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടേയുംമറ്റും അഭാവം.

സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യസംരക്ഷണത്തിൽ പ്രൈമറി ഹെൽത്ത് സെൻററുകളുടേയും മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളുടേയും പ്രവർത്തനങ്ങളിലെ പോരായ്മകൾ.

പ്രധാനകേന്ദ്രങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള അസൗകര്യങ്ങൾ.

മഹിളാസമാജങ്ങളുടെ പ്രവർത്തന മാന്ദ്യം.

പുരുഷന്മാരുടെ മദ്യപാനം കൊണ്ട് സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന കഷ്ടപ്പാടുകൾ.

35 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകളുടെ പ്രയാസങ്ങൾ.

സ്ത്രീകളുടെ വായനാശീലം വളർത്തുന്നതിനാവശ്യമായ സൗകര്യക്കുറവ്.

- വിധവാ പെൻഷൻ, കാർഷിക തൊഴിലാളി പെൻഷൻ തുടങ്ങിയ ക്ഷേമപെൻഷനുകൾ കിട്ടുന്നതിലുള്ള കാലതാമസം.
- സാക്ഷരതയിൽ നാം വളരെ മുമ്പിലാണെങ്കിലും സ്ത്രീകളുടെ ഇടയിൽ ഇന്നും നിരക്ഷരരേയുംപല കാര്യങ്ങളെ സംബന്ധിച്ചും ബോധമില്ലാത്തവരേയും പഞ്ചായത്തിൽ കണ്ടുവരുന്നു.
- സ്ത്രീധനസമ്പ്രദായം എന്ന മാറാവ്യാധി സമൂഹത്തിൽ വ്യാപിച്ചിരിക്കുന്നു.
- പുരുഷമേധാവിത്വത്തിൻേറയും ചൂഷണത്തിൻേറയും ഫലമായി സ്ത്രീകൾ സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ വളരെ പിന്നോക്കമാണെന്ന യാഥാർത്ഥ്യം ശരിയാണ്.
- പുകിയില്ലാത്ത അടുപ്പുകളുടെ അഭാവം കാരണം സ്ത്രീകൾ നേരിടുന്ന ആരോഗ്യ പ്രശ്നംവളരെ ഗുരുതരമാണ്.

## സാദ്ധ്യതകൾ

- ഒന്നാം വാർഡിലുള്ള DWCRA ബേക്കറിയൂനിറ്റിന് കെട്ടിടം നിർമ്മിക്കാനാവശ്യമായ സാമ്പത്തികസഹായം വേണം.
- പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന വനിതാ സഹകരണ സംഘങ്ങൾക്ക്രൂപം കൊടുത്താൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.
- കാർഷികരംഗത്ത് കൂട്ടുകൃഷി സമ്പ്രദായം ആവിഷ്ക്കരിച്ചാൽ കൂടുതൽ വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതാണ്.
- ചകിരി, കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ ഉല്പാദനത്തിൽ ആധുനിക സാങ്കേ

തിക വിദ്യ ഉപയോഗിച്ചാൽ കൂടുതൽ തൊഴിലവസരങ്ങൾക്കും ഉല്പന്നങ്ങളുടെ ഗുണമേന്മയ്ക്കും സാദ്ധ്യതയുണ്ട്.

- മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് വനിതകളുടെ സഹകരണത്തോടെ മത്സ്യസംസ്കരണത്തിനും, വല നിർമ്മാണത്തിനും വേണ്ടതായ യൂനിറ്റുകൾക്ക് രൂപം കൊടുക്കാം.
- പട്ടികജാതി സ്ത്രീകൾക്ക് പായ നിർമ്മിക്കാനാവശ്യമായ ഓലയ്ക്കുവേണ്ടി ജനപങ്കാളിത്തത്തോടെയും, സഹകരണസംഘങ്ങളിലൂടെയും പഞ്ചായത്തിലൂടെ കടന്ന് പോവുന്ന കനാലിലെ ഇരുഭാഗങ്ങളിലും, മണ്ണൊലിപ്പ് തടയാനുതകുന്ന വിധത്തിൽ മറ്റു ഭാഗങ്ങളിലും കൈതവെച്ച് പിടിപ്പിക്കാവുന്നതാണ്. സഹകരണാടിസ്ഥാനത്തിൽ ഈ കുടിൽ വ്യവസായത്തെ സംരക്ഷിക്കാൻ കഴിയും.
- മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ എല്ലാ വാർഡുകളിലും സ്ഥാപിച്ച്, പ്രവർത്തനം കാര്യക്ഷമമാക്കുക; പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുക.
- പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തിന്റേയും പൊതുജനങ്ങളുടേയും സഹായത്തോടെ സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്.
- നിലവിലുള്ള ബാലവാടികൾ, അങ്കനവാടികളാക്കുന്നതിന്നനായി പന്തലായനി ബ്ലോക്കിനെ ICDS സ്കീമിൽ ഉൾപ്പെടുത്താവുന്നതാണ്.
- പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കാണുന്ന മദ്യനിർമ്മാണവും വില്പനയും ബഹുജനസഹകരണത്തോടെ നിർത്തലാക്കുക.
- 35 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്ക് ക്ഷേമപെൻഷൻ നടപ്പാക്കേണ്ടതാണ്.
- സ്ത്രീകളിൽ വായനാശീലം വളർത്താൻ പുസ്തകങ്ങൾ വീട്ടിലേക്ക് എന്ന പദ്ധതി നടപ്പിലാക്കുക.
- പെൻഷൻ കിട്ടാനുള്ള കാലതാമസം ഒഴിവാക്കാനുതകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.
- സ്ത്രീധന സമ്പ്രദായം മായം ചേർക്കൽ എന്നിവക്കെതിരേയും ഉപഭോക്തൃ സംരക്ഷണ നിയമങ്ങളെ സംബന്ധിച്ചും സ്ത്രീകൾക്കിടയിൽ ബോധവൽക്കരണം നടത്താൻ ജനവിജ്ഞാനകേന്ദ്രത്തിന്റേയും, സന്നദ്ധസംഘടനകളുടേയും സേവനം പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്.
- ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്ന നാടൻകലകൾ വനിതകളെ പങ്കെടുപ്പിച്ച് പ്രോത്സാഹിപ്പിക്കാവുന്നതാണ്.
- സ്ത്രീകൾ ഇന്ന് അനുഭവിക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ജില്ലാ പഞ്ചായത്തിനുള്ളത് പോലെ വനിതാ സെൽ പഞ്ചായത്തടിസ്ഥാനത്തിൽ പ്രാവർത്തികമാക്കാവുതാണ്.
- പുകയില്ലാത്ത അടുപ്പുകൾ പഞ്ചായത്തിൽ വ്യാപകമാക്കണം. ഇവയുടെ നിർമ്മാണത്തിനും, വിതരണത്തിനും യുവതികൾക്ക് പരിശീലനം നല്കി അവരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്നതാണ്.
- സ്ത്രീകൾ നേരിടുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ചും, എയിഡ്സ്, കാൻസർ തുടങ്ങിയ മാരകരോഗങ്ങളെ സംബന്ധിച്ചും സ്ത്രീകൾക്കിടയിൽ ബോധവൽക്കരണം നടത്തേണ്ടതാണ്.
- സ്ത്രീകളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചാൽ അവരുടെ മനോവീര്യം ഉയർത്താവുന്നതാണ്.
- വനിതകളുടെ നേതൃത്വത്തിൽ പച്ചക്കറി കൃഷി, പുഷ്പകൃഷി എന്നിവയും, സീസണടിസ്ഥാനത്തിൽ ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ച് അച്ചാർ, സ്ക്വാഷ്, ജാം, മിഠായികൾ തുടങ്ങിയവ ഉല്പാദിപ്പിക്കാനുതകുന്ന ചെറുകിട വ്യവസായ യൂനിറ്റുകളും തുടങ്ങാൻ വളരെയേറെ സാദ്ധ്യതയുണ്ട്. അത്തരം സംരംഭകർക്കായി ട്രൈസം പദ്ധതിപോലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ച് സ്ത്രീകളെ തൊഴിൽ രംഗത്തേക്കു കൂടുതൽ ആകർഷിക്കാൻ കഴിയും.
- ജന വിജ്ഞാനകേന്ദ്രത്തിലൂടെ തുടർ വിദ്യാഭ്യാസം നടപ്പിലാക്കുക.

# 10. സഹകരണം

ചെങ്ങോട്ട് കാവ് പഞ്ചായത്തിൽ സഹകരമ മേഖല വേണ്ടത്ര വളർന്നിട്ടില്ല. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും കൃഷിക്കാരെ സഹായിക്കുന്നതിനും സഹകരണ സംഘങ്ങളുടെ സേവനം പരമപ്രാധന്യമർഹിക്കുന്നു. ഇന്ത്യയിൽ സ്വാതന്ത്ര്യത്തിന് വളരെ മുമ്പു തന്നെ (1904) സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. കേരളത്തിൻെറ മറ്റു ഭാഗങ്ങളിലും ശക്തമായ രീതിയിൽത്തന്നെ പ്രസ്ഥാനം ഉയർന്നുവന്നെങ്കിലും പഞ്ചായത്തിൽ വേണ്ട രീതിയിൽ കെട്ടിപ്പടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

1928-ൽ ആരംഭിച്ച ഐക്യനാണയസംഘമാണ് ഈ പ്രദേശത്ത് സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ഈ സംഘമാണ് ഇന്നത്തെ മേലൂർ സർവ്വീസ് സഹകരണ ബേങ്കായി ഉയർന്നത്.

വിവിധ മേഖലകളിലായി 12 സഹകരണ സംഘങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. മേലൂർ സർവ്വീസ് സഹകരണ ബേങ്ക്, 4 കയർ സൊസൈറ്റികൾ, 2 ക്ഷീരോല്പാദന സഹകരണസംഘങ്ങൾ, ഒരു ഹരിജൻ സഹകരണസംഘം, എസ്.സി/എസ്.ടി സഹകരണസംഘം, 4 സ്കൂൾ സഹകരണസംഘം എന്നിവയാണവ. സ്കൂൾ സഹകരണസംഘങ്ങൾ മുഖ്യമായും പുസ്തക വിതരണമാണ് നടത്തുന്നത്.

## *മേലൂർ സർവ്വീസ് സഹകരണ ബേങ്ക്*

കർഷക കുടുംബങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ കൂടുതലുള്ളത്. എന്നാൽ ബാങ്കിൻെറ സഹായം മുഴുവൻ പ്രദേശത്തും ലഭിക്കുന്നില്ല. എളാട്ടേരി, ചേലിയ, മേലൂർ, എന്നീ സ്ഥലങ്ങൾ മാത്രമെ ബാങ്കിൻെറ പരിധിയിലുള്ളൂ. ജില്ലാ സഹകരണ ബാങ്കിൽ അവധി ബാക്കിയായതുകൊണ്ട് കാർഷികാവശ്യത്തിന് ഈ ബാങ്കിൽ നിന്നും ഇപ്പോൾ വായ്പ വിതരണം ചെയ്യുന്നില്ല. അവസാനമായി കിട്ടിയ ഓഡിറ്റ് റിപ്പോർട്ടു പ്രകാരം 310, 066 രൂപ നഷ്ടത്തിലാണ്.

വ്യാവസായികാവശ്യത്തിന് 3644 പേർക്ക് 20,8,200 രൂപ വിതരണം നടത്തിയിട്ടുണ്ടെങ്കിലും ഒരു വ്യവസായം പോലും പഞ്ചായത്തിൽ ഇന്നുവരെ ഉയർന്നു വന്നിട്ടില്ല. മാനേജ്മെൻറിൻെറ കാര്യക്ഷമതയില്ലായ്മയാണ് ഇതു കാണിക്കുന്നത് ഈ ബാങ്കിൻെറ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. വളം വിതരണം കൊപ്രസംഭരണം എന്നിവ ബാങ്ക് ഏറ്റെടുത്ത് നടത്തി വരുന്നു.

പട്ടിക 10:1 മേലൂർ സർവ്വീസ് സഹകരണ ബാങ്ക്

| ആരംഭിച്ച വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | ലാഭത്തിലാണോ നഷ്ടത്തിലാണോ |
|---|---|---|---|---|---|
| 1928 | 6612 | 8 | 55824 | 5,00000 | നഷ്ടം. |

### ബാങ്കിൻെറ പ്രശ്നങ്ങളും പരിഹാരങ്ങളും

- 4000 ത്തോളം കർഷകരുള്ള പഞ്ചായത്ത് മുഴുവൻ ഈ ബേങ്കിൻെറ പരിധിയിൽപ്പെടണം. ചെങ്ങോട്ടുകാവ്, പൊയിൽക്കാവ്, അരങ്ങാടത്ത് എന്നിവിടങ്ങളിൽ ബ്രാഞ്ച് തുറക്കുക.
- നഷ്ടം നികത്തുന്നതിനായി നഷ്ടത്തിന് തുല്യമായ തുക പലിശ രഹിത ദീർഘകാല വായ്പയായോ ഓഹരി മൂലധനമായോ അനുവദിക്കുക.
- ബേങ്കിൽ നിലവിലുള്ള ബൈലോ സമ്പൂർണ്ണമായി ഭേദഗതി ചെയ്തെങ്കിൽ മാത്രമെ ബാങ്കിനെ പുരോഗതിയിലേക്ക് നയിക്കാൻ കഴിയൂ.
- വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പരിധി ആവശ്യം കണക്കിലെടുത്ത് 1000 രൂപയിൽ നിന്ന് 5000 രൂപയാക്കി ഉയർത്തേണ്ടതാണ്.
- പരിധി പഞ്ചായത്തടിസ്ഥാനത്തിലാക്കി അർഹതപ്പെട്ട എല്ലാവർക്കും അംഗത്വം ഉറപ്പുവരുത്തണം.
- വായ്പാ വിതരണസംവിധാനം ലളിതവത്ക്കരിക്കണം. ബാങ്കിൻെറ പ്രവർത്തനം കൂടുതൽ ജനകീയവൽക്കരിക്കണം.

### ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ

- നിലവിലുള്ള ചെങ്ങോട്ടുകാവ് ക്ഷീരവികസന സംഘം പരിധി 1,6,9,7 10 വാർഡുകളാണ്. ഇവിടെ ഒരു ദിവസം ശേഖരിക്കുന്ന പാൽ 100 ലീറ്റർ മാത്രമാണ്. സംഘത്തിൻെറ കീഴിൽ കൂടുതൽ പാൽ ശേഖരിക്കുന്നതിനും അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും കഴിയണം.
- ചേലിയ ക്ഷീരോല്പാദക സഹകരണസംഘത്തിൻെറ പരിധി 3,4,2,11 വാർഡുകളാണ്. ഈ സംഘത്തിൻെറ കീഴിൽ ഒരു പാൽ സംസ്കരണ യൂനിറ്റ് പ്രവർത്തിക്കുന്നു.

### നിർദ്ദേശങ്ങൾ

- പഞ്ചായത്തിലെ ഉപഭോഗം കഴിഞ്ഞ് ബാക്കി വരുന്ന പാൽ സംഭരിച്ച് സൂക്ഷിക്കുവാനും സംസ്കരിക്കുവാനും സൗകര്യമുണ്ടാക്കണം. പാലുല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന യൂനിറ്റ് ശക്തിപ്പെടുത്തണം.
- കാലിത്തീറ്റ വിതരണത്തിന് ഓരോ സംഘത്തിലും സംവിധാനമുണ്ടാക്കണം
- നല്ലയിനം പശുക്കളെ ലഭിക്കുന്നതിനുള്ള സംവിധാനം സംഘങ്ങൾ ചെയ്തുകൊടുക്കണം.
- മൃഗഡോക്ടർമാരുടെ സഹായങ്ങൾ എല്ലാ സ്ഥലത്തും ഒരുപോലെ ലഭ്യമാക്കണം.
- ക്ഷീരവികസനത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യണം.



പട്ടിക 10:2 കയർ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ/ തൊഴിലാളികളുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺഓവർ | ലാഭം/ നഷ്ടം |
|---|---|---|---|---|---|---|---|
| 1 | ചേലിയ കയർ സഹകരണസംഘം | 1977 | 681 | 210 | 401336 | 4,50,000 | ലാഭം |
| 2 | മൈലാടുംപാറ കയർ സഹകരണ സംഘം | 1985 | 320 | 205 | 57000 | 5000 | നഷ്ടം |
| 3 | എടക്കുളം കയർ സഹകരണ സംഘം | 1979 | 1071 | 122 | 225886 | 280811 | നഷ്ടം |
| 4 | മേലൂർ കയർ സഹകരണ സംഘം | 1962 | 416 | 210 | 167993 | 187756 | നഷ്ടം |

4 കയർ സംഘങ്ങളിൽ ചേലിയ ഒഴിച്ചുള്ളവ നഷ്ടത്തിലാണ്.

ചേലിയ കയർ സഹകരണസംഘം A ഗ്രേഡ് സൊസൈറ്റിയാണ് യന്ത്രവൽകൃത കയർ നിർമ്മാണത്തിനുള്ള ഒരു പദ്ധതി സർക്കാരിൽ നിന്നും ഈ സംഘത്തിന് അനുവദിച്ചിട്ടുണ്ട്. ഈപദ്ധതി നടപ്പിലാക്കുക വഴി പ്രത്യക്ഷമായും പരോക്ഷമായും ഏറെ പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്.

## *ഹരിജൻ സഹകരണസംഘം*

പഞ്ചായത്തടിസ്ഥാനത്തിൽ പട്ടികജാതിക്കാരുടെ ക്ഷേമത്തിനും തൊഴിൽ ലഭ്യതയ്ക്കും വേണ്ടി രൂപീകരിക്കപ്പെട്ട സംഘമാണ് ഇത്.

| | | |
|---|---|---|
| ആകെ മെമ്പർമാർ | - | 245 |
| പുരുഷൻ | - | 132 |
| സ്ത്രീ | - | 113 |

നിരവധി തൊഴിൽ സാധ്യതകൾ ഈ രംഗത്ത് സൃഷ്ടിക്കാം.

Sc/St രംഗത്ത് പ്രവർത്തിക്കുന്ന ഖാദിബോർഡിൻെറ സഹായത്തോടെ രൂപീകരിക്കപ്പെട്ട ഒരുസൊസൈറ്റി പഞ്ചായത്തിലുണ്ട്. ഇതിൻെറ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളും സാധ്യതകളും താഴെ കൊടുക്കുന്നു.

## *പ്രശ്നങ്ങൾ*

- പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കൺസ്യൂമർ സഹകരണസംഘം രൂപീകരിക്കേണ്ടതാണ്.
- അസംഘിടിത മേഖലയിൽ തൊഴിലെടുക്കുന്ന ധാരാളം തൊഴിലാളികൾ പഞ്ചായത്തിലുണ്ട് ഇവർക്ക് സ്ഥിരമായി തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണസംഘം രൂപീകരിക്കാം.
- മൊത്തം ഒരുമാസം 350 ഇറച്ചക്കോഴിയുടെയും 8000 മുട്ടയുടെയും ഉപഭോഗം നടത്തുന്നുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കോഴിവളർത്തൽ സഹകരണസംഘം രൂപീകരിച്ച് കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാം. വീടുകളിലായി ചെറിയ യൂനിറ്റുകൾ ഇതിനു കീഴിൽ സംഘടിപ്പിക്കാം.
- തെങ്ങുകൃഷിക്കാരുടെ സഹകരമസംഘങ്ങൾ വിവിധ പ്രദേശങ്ങളിൽ ആരംഭിക്കാം.
- മേലൂരിലെ കച്ചേരിപ്പാറ കേന്ദ്രമാക്കി ഖാദി ബോർഡിൻെറ കീഴിൽ ഒരു വിവിദ്ദേശ സഹകരണകരണ സെൽ രൂപീകരിക്കാം. കാർഷിക രംഗത്തും തൊഴിൽ രംഗത്തും സമൂലമായമാറ്റം വരുത്താൻ ഇതുവഴി സാധിക്കും.
- പഞ്ചായത്തിൻെറ വികസനത്തിന് നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ ഈ റിപ്പോർട്ട് ചർച്ചയ്ക്ക് സമർപ്പിക്കുന്നു.

# 11. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

മുൻ കാലം മുതൽക്കെ സമൂഹത്തിൽ അവഗണിക്കപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാർ ഇപ്പോഴും അവഗണയിൽ നിന്നും മുക്തരായിട്ടില്ല. പഞ്ചായത്തിലെ ചില സ്ഥലങ്ങളിൽ സാമൂഹികമായ ഉച്ചനീചത്വങ്ങൾ ഇന്നും നിലനില്ക്കുന്നു എന്നത് ഖേദകരമാണ്. കൃഷി ഭൂമിയിൽ പകലന്തിയോളം ജോലി ചെയ്യിപ്പിച്ചിട്ട് അദ്ധ്വാനത്തിനുള്ള കൂലിപോലും നൽകാതെഅവരെ മുൻകാലങ്ങളിൽ ചൂഷണം ചെയ്തിരുന്നു. 90% പട്ടികജാതിക്കാരും കർഷകതൊഴിലാളികളാണെങ്കിലും സ്വന്തമായി കൃഷിഭൂമിയില്ലാത്തവരാണ്. 1936 ലെ ക്ഷേത്രപ്രവേശന വിളംബരം വരെ പട്ടികജാതിക്കാർക്ക് ആരാധനാലയങ്ങളിലും വിദ്യാലയങ്ങളിലും പ്രവേശനം നിഷേധിച്ചിരുന്നു. ഇതിനാൽ ഇവർ വിദ്യാഭ്യാസപരമായി ഏറെപിന്നോക്കം പോയി. പഞ്ചായത്തിൽ ഇപ്പോൾ ഉന്നത വിദ്യാഭ്യാസം നേടിയ അനേകം യുവതീ യുവാക്കൾ ഉണ്ടെങ്കിലും സർക്കാർ ജോലി ലഭിച്ചവർ പരിമിതമാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നവരാണ് ഹരിജനങ്ങൾ ഈ വിഭാഗത്തിന്പ്രത്യേക പരിഗണന ആവശ്യമാണ്. 1996 ലെ പഞ്ചായത്ത് സർവെ അനുസരിച്ച് പഞ്ചായത്തിൽ283 പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. 1750 അടുത്ത് വരും ജനസംഖ്യ. 12 ഹരിജൻ കോളനികൾ പഞ്ചായത്തിലുണ്ടെങ്കിലും 8 എണ്ണം മാത്രമേ അംഗീകൃതമായതുള്ളൂ. എളേരിക്കുറ്റി ഹരിജൻകോളനി ഐ. എച്ച്.ഡി.പി യിൽ ഉൾപ്പെടുന്നു ശുദ്ധജലം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ പല കോളനികളിലും എത്തിയിട്ടില്ല.

## തൊഴിൽ രംഗം.

തൊഴിൽരംഗത്ത് പട്ടികജാതിക്കാർ ഏറെ പിന്നോക്കം നിൽക്കുന്നു. കാർഷിക ജോലികൾ കുറഞ്ഞത് കാരണം പലർക്കും നാമമാത്രമായ തൊഴിലെ ലഭിക്കുന്നുള്ളൂ. പട്ടികജാതിക്കാർ പരമ്പരാഗതമായി ചെയ്യുന്ന കൈതൊഴിലാണ് പായ നിർമ്മാണം വേണ്ടത്ര കൈതോല കിട്ടാത്തത് കൊണ്ട് പായ നിർമ്മാണം പ്രതിസന്ധിയിലാണ്. കൈത വ്യാപകമായി വെട്ടി നശിപ്പിക്കപ്പെടുന്നു. കൂടാതെ നിർമ്മിക്കുന്ന പായയ്ക്ക് വിപണന സൗകര്യം കുറവാണ്.

## പാർപ്പിടം

സ്വന്തമായി വീടില്ലാത്ത അനേകം പട്ടികജാതി കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. 4,7,10 വാർഡുകളിലെ ലക്ഷം വീട് കോളനികൾ കാലപ്പഴക്കം കൊണ്ട് അപകടനിലയിലാണ്. ഗ്രാമപഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്ത് വഴിപട്ടികജാതിക്കാർക്ക്ഭവനനിർമ്മാണത്തിന് ലഭിക്കുന്ന ധനസഹായം വളരെകുറവാണ്. ഇതുകാരണം പലർക്കും വീടുപണി പൂർത്തിയാക്കാൻ കഴിയാറില്ല. ധനസഹായം ലഭിച്ചിട്ടും പൂർത്തിയാക്കാത്ത അനേകം വീടുകൾ പഞ്ചായത്തിലുണ്ട്. ശുദ്ധജലം വൈദ്യുതി എന്നിവയുടെ അഭാവമുണ്ട്. പലകോളനികളിലേക്കും നല്ല വഴി ഇല്ല.

### പ്രശ്നങ്ങൾ

- കോളനികളിൽ അടിസ്ഥാനസൗകര്യങ്ങളായ ശുദ്ധജലം, വൈദ്യുതി എന്നിവ എത്തിയിട്ടില്ല.
- വീടുംസ്ഥലവും ഇല്ലാത്തവരായി അനേകം കുടുംബങ്ങൾ ഉണ്ട്.
- കാർഷികമേഖലയിൽ തൊഴിൽ ചെയ്യുന്ന പട്ടികജാതിക്കാർക്ക് തൊഴിൽ കുറവാണ്.
- പായ നിർമ്മാണത്തിന്നാവശ്യമായ കൈതോല വേണ്ടത്ര കിട്ടുന്നില്ല.

- നിലവിലുള്ള ഹരിജൻ സൊസൈറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല.
- കക്കൂസ് നിർമ്മാണത്തിന്ന് ലഭിക്കുന്ന ഗ്രാൻറ് കുറവാണ്.
- പട്ടികജാതി വനിതകൾക്ക് വേണ്ടത്ര തൊഴിലവസരം ഇല്ല.
- വായ്പകൾ, ധനസഹായങ്ങൾ എന്നിവ ലഭിക്കാൻ വളരെയേറെ ബുദ്ധിമുട്ടേണ്ടിവരുന്നു.
- പഞ്ചായത്തിലെ 3ാം വാർഡിൽപെട്ട ചേലി കോളനി, 5ാം വാർഡിൽപെട്ട എളേരിക്കുറ്റി ഹരിജൻ കോളനി, 7ാം വാർഡിൽപെട്ട പാറക്കൽ താഴെ 4 സെൻറ് കോളനി, ലക്ഷം വീട് കോളനി എന്നിവിടങ്ങളിൽ മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്നു.
- കോളനികളിൽ ശ്മശാനം ഇല്ല.

## *സാധ്യതകൾ*

- വീടുവെക്കുന്നതിനുള്ള ധനസഹായം 50,000 രൂപയാക്കി ഉയർത്തണം
- പഞ്ചായത്തിലെ മുഴുവൻ കോളനികളും ഐ. എച്ച്.ഡി. പി കോളനികളായി ഉയർത്തണം.
- കോളനികളിലല്ലാത്ത ഒറ്റപ്പെട്ടുതാമസിക്കുന്ന കുടുംബങ്ങൾക്കും കോളനികളിൽ നൽകുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കണം.
- പഞ്ചായത്തിലെ ചിലപ്രദേശങ്ങളിൽ സാമൂഹികമായ ഉച്ചനീചത്വങ്ങൾ നിലനിൽക്കുന്നത് ദുഃഖകരമാണ്. ഇത് അവസാനിപ്പിക്കുവാൻ സമഗ്രമായ ബോധവൽക്കരണം ആവശ്യമാണ്.
- പട്ടികജാതിക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന്നുള്ള വ്യവസ്ഥകൾ ലളിതമാക്കണം.
- കോളനികളിലേക്ക് ഫൂട്പാത്ത് നിർമ്മിക്കുവാൻ നടപടി സ്വീകരിക്കണം
- കോളനികളിൽ പൈപ്പ്ലൈൻ വഴി ശുദ്ധജലം നൽക്കാൻ കഴിയും ഇങ്ങനെ വെള്ളമെത്തിക്കുന്നതിന്നുള്ള പശ്ചാത്തല സാഹചര്യം കോളനികളിൽ ഉണ്ട്. കിണറുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തണം. പുതിയ കിണറുകൾ കുഴിക്കുവാൻ ധനസഹായം ലഭ്യമാക്കണം. കോളനികൾ വൈദ്യുതീകരിക്കുവാൻ പട്ടികജാതിക്ഷേമവകുപ്പു മുഖേന ശ്രമം നടത്തണം.
- സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവർക്ക് വീട് വെക്കാൻ നൽകുന്ന ധനസഹായവും സ്ഥലംവാങ്ങാൻ നൽകുന്ന ധനസഹായവും വർദ്ധിപ്പിക്കണം. വീടും സ്ഥലും ഇല്ലാത്തവർക്കം ഈ ആനുകൂല്യം നൽകണം.
- കാർഷിക ജോലി കുറഞ്ഞത് കാരണം പട്ടികജാതിക്കാർക്ക് തൊഴിൽമേഖല നഷ്ടപ്പെട്ടിരിക്കുന്നു. അഭ്യസ്ഥവിദ്യരായ പട്ടിക ജാതി യുവതീയുവാക്കളും തൊഴിൽ രഹിതരാണ്. നിലവിലുള്ള സൊസൈറ്റിയുടെ കീഴിൽ സഹകരണാടിസ്ഥാനത്തിൽ ബേക്കറി, അച്ചാർ നിർമ്മാണം, മെഴുകുതിരി നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം, ടൈലറിങ് യൂനിറ്റ് എന്നിവ ആരംഭിക്കാവുന്നതാണ്.
- നെയ്യുന്ന പായയ്ക്ക് വിപണന സൗകര്യം കുറവാണ്. അതിനാൽ നിലവിലുള്ള സൊസൈറ്റിയുടെ പ്രവർത്തനം വിപുലീകരിക്കുകയും എല്ലായ്പ്പോഴും പായ വാങ്ങുന്ന സംവിധാനം ഉണ്ടാക്കുകയും വേണം.
- കക്കൂസ് നിർമ്മാണത്തിനുള്ള ധനസഹായം 5000 രൂപയായി ഉയർത്തണം.
- കൃഷിഭവൻെറ ആഭിമുഖ്യത്തിൽ വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ സാധിക്കണം.
- പട്ടികജാതിക്കാർക്ക് നൽകുന്ന ധനസഹായങ്ങൾക്കും വായ്പകൾക്കുമുള്ള വ്യവസ്ഥകൾ ഉദാരമാക്കണം
- കോളനികളിൽ പൊതു ശ്മശാനങ്ങൾ ആവശ്യമാണ്.

# 12. വിഭവസമാഹരണം

വിഭവസമാഹരണരംഗത്ത് ഏറെ പ്രതിസന്ധികൾ നേരിടുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. വ്യാവസായികരംഗത്ത് പറയത്തക്ക സംരംഭങ്ങൾ ഉയർന്നുവരാത്തതും, കാർഷികമേഖലയിലെ മുരടിപ്പുമാണ് ഇതിൻെറ മുഖ്യകാരണം. പഞ്ചായത്തിൻെറ വരവു-ചെലവു കണക്കുകൾ പരിശോധിച്ചാൽ ഏറ്റെടുക്കേണ്ടിവരുന്ന ചെലവുകൾക്കനുസൃതമായി വരവുകൾ വർദ്ധിക്കുന്നില്ലെന്നു കാണാം. കാലാകാലങ്ങളിൽ കിട്ടിക്കൊണ്ടിരിക്കുന്ന ഗ്രാൻറുകളലാണ് ഈഅന്തരം നികത്തപ്പെടുന്നത്. കഴിഞ്ഞ ഏഴുവർഷക്കാലത്തെ വരവു-ചെലവു കണക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്നു. (പട്ടിക 12.4, 12.5)

കെട്ടിടനികുതി, തൊഴിൽ നികുതി, വിവിധ ലൈസൻസ്ഫീസുകൾ, വസ്തുകൈമാറ്റ നികുതിയിനത്തിൽ പഞ്ചായത്തിനു ലഭിക്കുന്ന വിഹിതം, സർക്കാർ ഗ്രാൻറുകൾ, അൺടൈഡ്ഫണ്ട്, ജവഹർ-റോസ്ഗാർ യോജനയിനത്തിലുള്ള ഫണ്ട്എന്നിവയാണ് പഞ്ചായത്തിൻെറ വരുമാനമാർഗ്ഗങ്ങൾ.

നിലവിലുള്ള നികുതികൾ ശാസ്ത്രീയമായി പുനഃക്രമീകരിക്കുകയും, നികുതിചുമത്തപ്പെടുന്നതിൽ നിന്നും വിട്ടുപോവുന്നവരെ കണ്ടെത്തി നികുതി ചുമത്തിയും പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാൻ പറ്റുമോ എന്നാലോചിക്കേണ്ടതാണ്. ജനപ്രതിനിധികളുടെയും വാർഡ്‌വികസന സമിതികളുടെയും നേതൃത്വത്തിൽ നികുതിദായകർ കൃത്യമായി നികുതി അടയ്ക്കുന്നുവെന്നുറപ്പാക്കാനുള്ള ബോധവൽക്കരണം നടക്കണം. ഇങ്ങനെ നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിലൂടെ ഇന്ന് നികുതി പിരിവിൽ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന സ്റ്റാഫിൻെറ സേവനം മറ്റു വികസന പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ഉപയോഗപ്പെടുത്താൻ കഴിയും.

## *കെട്ടിടനികുതി*

വാർഷിക വാടക നികുതി കണക്കാക്കി വീടുകൾക്ക് കെട്ടിട നികുതി കണക്കാക്കുന്ന ഇന്നത്തെരീതിക്ക് ഒട്ടേറെ പോരായ്മകളുണ്ട്. കെട്ടിടത്തിൻെറ ആകെ തറ വിസ്തീർണ്ണവും, അതിനകത്തെ ആഡംബര സൗകര്യങ്ങളും കണക്കിലെടുത്ത് നികുതി ചുമത്തണം. വീട് നിർമ്മാണരംഗത്തെ പാഴ്ച്ചെലവും ധൂർത്തും ഒഴിവാക്കാനും ഈ തുക ഉൽപ്പാദനമേഖലകളിലേക്ക് തിരിച്ചുവിടാനും സഹായകമാവും വിധം ശാസ്ത്രീയമായ രീതി ആവിഷ്ക്കരിക്കണം.

## *തൊഴിൽ നികുതി*

സർക്കാർ സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരിൽ നിന്നാണ് പ്രധാനമായും തൊഴിൽനികുതി ലഭിക്കുന്നത്. നികുതി അസ്സസ്സ് ചെയ്യുന്നതിലെ നിലവിലുള്ള രീതിയിൽ വ്യാപാരികളുൾപ്പെടെ വലിയൊരു വിഭാഗം ആളുകളിൽനിന്ന് യഥാർത്ഥ വരുമാനത്തിന് അനുസൃതമായി നികുതി പിരിച്ചെടുക്കപ്പെടാതെ പോകുന്നു. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി പിരിച്ചെടുക്കണം.

## *കെട്ടിടനിർമ്മാണ ലൈസൻസ്ഫീസ്*

കെട്ടിടനിർമ്മാണ ലൈസൻസ്ഫീസ് വർഷങ്ങൾക്കു മുമ്പ് നിശ്ചയിച്ചതാണ്. തറ വിസ്തീർണ്ണത്തിൻെറ അടിസ്ഥാനത്തിൽ താഴത്തെ നിലയുടെ പത്തിരട്ടിയാണ് മുകളിലത്തെ നിലയുടെ ലൈസൻസ്ഫീസ്. ഈ അശാസ്ത്രീയത മാറ്റി കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം കുറച്ചുകൊണ്ടുവരാൻ കഴിയും വിധം ലൈസൻസ്ഫീസ് ചുമത്തുന്ന രീതി ആവിഷ്ക്കരിക്കണം.

## *വസ്തുകൈമാറ്റ നികുതി*

പഞ്ചായത്തിൻെറ ഒരു മുഖ്യ വരുമാനമാർഗ്ഗമാണ്‌വസ്തുകൈമാറ്റ നികുതിയിനത്തിൽ ലഭിക്കുന്ന വിഹിതം. വസ്തുകൈമാറ്റം നടക്കുമ്പോൾ യഥാർത്ഥവില മറച്ചുവച്ചുകൊണ്ട് പ്രമാണങ്ങൾ തയ്യാറാക്കുന്ന പ്രവ

ണത പഞ്ചായത്തുകളുടെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നു. ഇതിനെതിരെ ബോധവൽക്കരണം നടത്തുകയും നടപടികൾ കാര്യക്ഷമമാക്കുകയും വേണം.

## *മറ്റുധനാഗമ മാർഗ്ഗങ്ങൾ*

മറ്റൊരു പ്രധാനവരുമാനം പുഴ-പുറമ്പോക്ക് ഭൂമിയിൽ നിന്നും ലീസ് ഇനത്തിൽ ലഭിക്കുന്നതാണ്. 95-96 വർഷത്തിൽ 4155 രൂപയാണ് ഈയിനത്തിൽ ലഭിച്ചത്. ലീസ് ഇനത്തിൽ യഥാർത്ഥത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ വലിയൊരു പങ്ക് ഈടാക്കപ്പെടാതെ പോകുന്നുണ്ട്. പുഴ-പുറമ്പോക്ക് ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ തടയുകയും പുറമ്പോക്ക്ഭൂമി അളന്നു തിട്ടപ്പെടുത്തി കൃത്യമായി ലീസ് പിരിച്ചെടുക്കാനുള്ള നടപടികൾ ആവിഷ്ക്കരിക്കുകയും വേണം.

## *ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും*

പഞ്ചായത്ത് നാലുബാങ്കുകളുടെ സർവ്വീസ് ഏരിയക്കകത്താണ് ഉൾപ്പെട്ടിട്ടുള്ളത്. സർവ്വീസ്ഏരിയ തിരിച്ച പട്ടിക ഇതോടൊപ്പം ചേർത്തിരിക്കുന്നു.

| വാർഡ് | ബാങ്ക് |
|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കൊയിലാണ്ടി |
| 2,5,6,7,8 | സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് ചെങ്ങോട്ടുകാവ് |
| 3,4 | സിൻഡിക്കേറ്റ് ബാങ്ക്, കൊയിലാണ്ടി |
| 9,10 | വിജയബാങ്ക്, കൊയിലാണ്ടി |

(പുനർ വിഭജനത്തിനു മുമ്പുള്ള വാർഡുകൾ)

ഇതിൽ സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് മാത്രമേ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്നുള്ളൂ. കൊമേഴ്സ്യൽ ബാങ്കുകളുടെ നിക്ഷേപ-വായ്പാ അനുപാതം കുറവാണ്. ഇത് വർദ്ധിപ്പിക്കാനും, അതുവഴി ഉൽപ്പാദന മെഖലകളിൽ കൂടുതൽ വായ്പാസാധ്യത ഉണ്ടാക്കാനുമാവശ്യമായ വിധത്തിൽ ജനങ്ങളുടെ സമ്മർദ്ദം വളർത്തിക്കൊണ്ടു വരണം.

ബാങ്കുകൾക്കു പുറമെ മേലൂർ സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്കും പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്നു. ഉൽപ്പാദന മേഖലകളിൽ ഈ ബാങ്കിൻെറ സേവനവുംവേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

ലൈസൻസുള്ള പണമിടപാടു സ്ഥാപനങ്ങൾ പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്നു. ഇതിനുപുറമെ അനധികൃതമായി വൻ പലിശനിരക്കു പണമിടപാടുകൾ നടത്തുന്ന സ്വകാര്യസ്ഥാപനങ്ങളും വ്യക്തികളുമുണ്ട്. ഇതുവഴി പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനത്തിലും ചോർച്ച സംഭവിക്കുന്നു. ബാങ്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി ഇത്തരക്കാരുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരെ സംരക്ഷിക്കാൻ കഴിയണം.

ബാങ്കുകളിൽ നിന്നുള്ള വായ്പാസൗകര്യം പ്രയോജനപ്പെടുത്തി പഞ്ചായത്ത് നേരിട്ട് ഉൽപ്പാദനമേഖലകളിൽ നിക്ഷേപിക്കാനുള്ള സാധ്യതയും ഉപയോഗപ്പെടുത്തണം.

ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്യുന്ന 439 പേരും അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന781 പേരും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരിൽ ചെറിയൊരു വിഭാഗം ഉയർന്ന വരുമാനമുള്ളവരാണ്. പ്രത്യുൽപ്പാദനപരമല്ലാത്ത മെഖലകളിൽ ചെലവഴിക്കപ്പെടുന്ന ഇവരുടെ വരുമാനത്തിൽ ഒരു പങ്ക് ഉൽപ്പാദന മേഖലകളിലേക്ക് ആകർഷിക്കാൻ പരിപാടികൾ വേണം. ഗൾഫ് രാജ്യങ്ങളിലും അന്യസംസ്ഥാനങ്ങളിലും ജോലി ചെയ്യുന്നവരുടെ പട്ടിക താഴെ കൊടുക്കുന്നു.

**പട്ടിക 12:1** ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ

| വാർഡുകൾ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| I | II | III | IV | V | VI | VII | VIII | IX | X | XI | ആകെ |
| 17 | 41 | 66 | 45 | 52 | 68 | 37 | 54 | 34 | 10 | 15 | 439 |

369

പട്ടിക 12:2 — മറ്റുസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവർ

| വാർഡുകൾ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| I | II | III | IV | V | VI | VII | VIII | IX | X | XI | ആകെ |
| 193 | 74 | 51 | 44 | 62 | 91 | 124 | 78 | 26 | 12 | 26 | 781 |

(പ്രാഥമിക വിവര സർവ്വേ - 96)

പഞ്ചായത്തിലെ പ്രധാന ചെലവിനങ്ങൾ ഭരണച്ചെലവും പൊതുമരാമത്ത് ചെലവുകളുമാണ് ഭരണച്ചെലവിലെ വർദ്ധന പട്ടികയിൽ നിന്നും വ്യക്തമാകുന്നതാണ്. പൊതുമരാമത്ത് ചെലവ് മുഖ്യമായും റോഡ് റിപ്പയറുകൾക്കാണ്. പൊതുമരാമത്ത് ജോലികൾ കോൺട്രാക്ടർമാർ മുഖേനയാണ് നടക്കുന്നത്. കോൺട്രാക്ടർമാരിലൂടെ നടപ്പാക്കുന്ന പ്രവർത്തികളിൽ ചെലവഴിക്കപ്പെടുന്ന തുക പൂർണ്ണമായും വികസനരംഗത്ത് ഉപയോഗപ്പെടുത്താൽ കഴിയുന്നില്ല. കോൺട്രാക്ടർമാരെ ഒഴിവാക്കി ജനപങ്കാളിത്തത്തോടെ വികസന പദ്ധതികൾ നടപ്പാക്കണം.

ജവഹർ റോസ്ഗാർ യോജനാ ഇനത്തിൽ അനുവദിക്കപ്പെടുന്ന തുകയിൽ പ്രത്യേകമേഖലകൾക്ക് നീക്കിവെക്കപ്പെട്ട 22.5% ഒഴികെയുള്ള തുക ഏതാണ്ട് പൂർണ്ണമായും റോഡുകൾക്കാണ് ചെലവിടുന്നത്. നോമിനികൾ മുഖേനയാണ് ഈ പദ്ധതികൾ നടപ്പാക്കപ്പെടുന്നത്. ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയാത്തതിനാൽ ഈ പദ്ധതികളിൽ ഉദ്ദേശലക്ഷ്യങ്ങൾ പലപ്പോഴും കൈവരിക്കുന്നില്ല. എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിലും മറ്റും ഉദ്യോഗസ്ഥൻമാരുടെ സമീപനവും, ചട്ടങ്ങളിലെ അപര്യാപ്തതയും ഇത്തരം പരിപാടികൾ വിജയിപ്പിക്കുന്നതിന് തടസ്സമാവുന്നു.

## *മനുഷ്യാധ്വാനം*

മനുഷ്യാധ്വാനം പ്രധാനമായും റോഡ് നിർമ്മാണ രംഗത്താണ് ഇന്ന് ഉപയോഗപ്പെടുത്തുന്നത്. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസയോഗ്യത നേടിയ 296 പേരുണ്ട്. അവരുടെ വാർഡ് തിരിച്ചുള്ള വട്ടിക ഇതോടൊപ്പം ചേർത്തിരിക്കുന്നു.

പട്ടിക 12:3 — സാങ്കേതിക വിദ്യാഭ്യാസ യോഗ്യതകൾ

| വാർഡുകൾ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| I | II | III | IV | V | VI | VII | VIII | IX | X | XI | ആകെ |
| 36 | 6 | 26 | 31 | 30 | 34 | 44 | 18 | 52 | - | 19 | 296 |

വിവിധ മേഖലകളിലെ അനുഭവസമ്പത്തുള്ള റിട്ടയർ ചെയ്ത വിദഗ്ധൻമാരും ഇവരിലുൾപ്പെടും. സാങ്കേതിക വൈദഗ്ധ്യം നേടിയവരുടെയും സന്നദ്ധ പ്രവർത്തകരുടെയും സേവനം കൂട്ടിയോജിപ്പിച്ച് വികസന മേഖലകളിൽ ഉപയോഗപ്പെടുത്തണം. പഞ്ചായത്തിലെ സന്നദ്ധതയുള്ള വമ്പിച്ച മനുഷ്യാധ്വാനത്തെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ ജനകീയാസൂത്രണ പ്രസ്ഥാനം വഴി തുറന്നിരിക്കുകയാണ്. ഈ സാധ്യത ഉപയോഗിച്ച് വൻ നേട്ടങ്ങളുണ്ടാക്കണം. അതുവഴി പഞ്ചായത്തിലെ ജനങ്ങളുടെ കൂട്ടായ്മ വളർത്താനും കഴിയണം.

## *പ്രശ്നങ്ങൾ*

- വരുമാന സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്താതിരിക്കൽ
- ഭരണച്ചെലവ് വർദ്ധന
- കോൺട്രാക്ടർമാരെ ഏല്പിക്കുന്നതുമൂലം പദ്ധതികളിൽ വരുന്ന അധികച്ചെലവ്
- പ്രാദേശികാവശ്യങ്ങൾക്കനുസരിച്ച് സ്കീം തയ്യാറാക്കുന്നതിലുള്ള അസൗകര്യങ്ങൾ
- നിലവിലുള്ള ചട്ടങ്ങളിലെ അപര്യാപ്തത

- സന്നദ്ധ പ്രവർത്തനത്തിലേക്ക് വേണ്ടത്ര ആളുകളെ ആകർഷിക്കാൻ കഴിയായ്മ
- ഗ്രാൻറുകൾ, നികുതി വിഹിതം എന്നിവ ലഭിക്കുന്നതിലെ കാലതാമസം.
- ബാങ്ക് വായ്പ നേടിയെടുക്കുന്നതിന് നടപടിക്രമങ്ങളിലുള്ള തടസ്സങ്ങൾ
- സുതാര്യതക്കുറവ്

*സാധ്യതകൾ*

- നികുതിപിരിവ് കാര്യക്ഷമമാക്കാനുള്ള നടപടികൾ നികുതിദായകർ കൃത്യമായി നികുതി അടയ്ക്കുന്നുവെന്ന് ഉറപ്പാക്കാനുള്ള ബോധവൽക്കരണം.
- പഞ്ചായത്തിലെ വിവിധഭാഗങ്ങളിൽ നേരത്തെ പ്രചരണം കൊടുത്തുകൊണ്ട് മുൻകൂട്ടി പ്രഖ്യാപിച്ച തിയ്യതികളിൽ നികുതി സ്വീകരിക്കുക.
- നികുതികൾ പുനഃക്രമീകരിക്കുക.
- തറവിസ്തീർണ്ണത്തിൻെറ അടിസ്ഥാനത്തിൽ സ്ലാബുകളാക്കി കെട്ടിടനികുതി കണക്കാക്കുക- വീടുകളിലെ ആഡംബര സൗകര്യങ്ങൾ കൂടി നികുതികണക്കാക്കാൻ പരിഗണിക്കുക. ഉയർന്ന സ്ലാബുകളിലുള്ളവരിൽ കൂടിയ നിരക്കിൽ നികുതി ചുമത്തുക.
- തൊഴിൽ നികുതി ചുമത്തുന്നതിൽ ശാസ്ത്രീയമായ രീതി ആവിഷ്ക്കരിച്ച് കച്ചവടക്കാർ, ഉൽപ്പാദന മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവർ തുടങ്ങിയവരിൽ നിന്നും യഥാർത്ഥ വരുമാനത്തിൻെറ അടിസ്ഥാനത്തിൽ നികുതി പിരിക്കുക.
- കെട്ടിടനിർമ്മാണ ലൈസൻസ്ഫീസ് തറവിസ്തീർണ്ണത്തിൻെറ അടിസ്ഥാനത്തിൽ നിർണ്ണയിക്കുക. തറവിസ്തീർണ്ണത്തിൻെറ അടിസ്ഥാനത്തിൽ സ്ലാബുകളാക്കി ഉയർന്ന സ്ലാബുകളിൽ കൂടിയ നിരക്കിൽ ലൈസൻസ് ഫീ ചുമത്തുക.
- പുഴ പുറമ്പോക്കു ഭൂമി അളന്നു തിട്ടപ്പെടുത്തുക അനധികൃത കൈയ്യേറ്റം ഒഴിവാക്കി മുഴുവൻഭൂമിയും ലീസിനു നൽകി വരുമാനം വർദ്ധിപ്പിക്കുക.
- പഞ്ചായത്ത് അതിർത്തിയിൽ ഇന്ന് ഉപയോഗപ്പെടുത്താതെ കിടക്കുന്ന റവന്യൂ ഭൂമിയുണ്ട്. ഈഭൂമി വികസനാവശ്യങ്ങൾക്കുവേണ്ടി പഞ്ചായത്തിന് ഉപയോഗിക്കാൻ കഴിയണം. ഭൂമി വിട്ടുകിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
- വസ്തുകൈമാറ്റങ്ങളിൽ യഥാർത്ഥവില മറച്ചുവെയ്ക്കുന്ന പ്രവണതക്കെതിരെ ബോധവൽക്കരണം നടത്തുക.
- ബാങ്കുകളുടെയും സഹകരണസ്ഥാപനങ്ങളുടെയും പ്രവർത്തനം കാര്യക്ഷമമാക്കി വായ്പാസൗകര്യം വർദ്ധിപ്പിക്കുക.
- ബാങ്ക് വായ്ഫാ സൗകര്യം ഉപയോഗപ്പെടുത്തി പഞ്ചായത്ത് നേരിട്ട് ഉൽപ്പാദനപരമായ മേഖലകളിൽ നിക്ഷേപിക്കുക. ഇതിനാവശ്യമായ ക്രഡിറ്റ്പ്ലാൻ തയ്യാറാക്കുക.
- ബാങ്കുകളുടെ സർവ്വീസ് ഏരിയാ പദ്ധതികളും പഞ്ചായത്തിൻെറ പദ്ധതികളും പരസ്പരം കൂട്ടിയോജിപ്പിക്കകു. ഇതുസംബന്ധിച്ച ആലോചനായോഗങ്ങളിൽ ബാങ്കുകളുടെ പ്രതിനിധികൾ കൂടി നിർബ്ബന്ധമായും പങ്കെടുക്കണമെന്നുറപ്പാക്കുക. ഇതിനാവശ്യമായ ചട്ടങ്ങൾ ആവിഷ്ക്കരിക്കുക.
- ദേശീയ സമ്പാദ്യപദ്ധതിയിലേക്കുള്ള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുക. ഇതുവഴി സമാഹരിക്കുന്ന തുകയുടെ വിഹിതം പഞ്ചായത്തിന് വികസന മേഖലയിൽ ഉപയോ

ഗപ്പെടുത്തുന്നതോടൊപ്പം ദേശീയ സമ്പാദ്യപദ്ധതി ഏജൻറുമാരെന്ന നിലയിൽ കുറച്ചു വനിതകൾക്ക് വരുമാനം വർദ്ധിപ്പിക്കാനും സാധ്യത.

- ഉൽപ്പാദനമേഖലയിൽ സംരംഭകരെയും ഷെയറുകൾ എടുക്കാൻ സന്നദ്ധയുള്ളവരെയും പ്രോത്സാഹിപ്പിക്കുക. ഗൾഫ്രാജ്യങ്ങളിലും അയൽസംസ്ഥാനങ്ങളിലും തൊഴിലെടുക്കുന്നവരുടെ വരുമാനം ഉൽപ്പാദനപരമായ മേഖലകളിലേക്ക് ആകർഷിക്കാൻ ഉടപടികൾ സ്വീകരിക്കുക.
- കമ്യൂണിറ്റി ഹാൾ പോലുള്ള മേഖലകളിൽ സ്വന്തമായി മുതൽ മടുക്കാൻ സന്നദ്ധതയുള്ള സ്വകാര്യവ്യക്തികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക. ഇത് പഞ്ചായത്തിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം വിവാഹം തുടങ്ങിയ കാര്യങ്ങളിലെ ചെലവുകൾ ചുരുക്കുന്നതിനും സഹായകരമാകും.
- തെരുവുവിളക്കുകൾ, ബസ്സ്റ്റോപ്പ് തുടങ്ങിയ കാര്യങ്ങളിൽ സംഘടനകളുടെയും വ്യക്തികളുടെയും സ്പോൺസർഷിപ്പുകൾ പ്രോത്സാഹിപ്പിക്കുക.
- ആരാധനാലയങ്ങൾ, കലാസാംസ്കാരിക പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് ഇന്ന് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യക്തികളിൽ നിന്നും ഉദാരമായി സംഭാവനകൾ ശേഖരിക്കാൻ കഴിയുന്നുണ്ട്. ഈ രീതിയിൽ പൊതു ആവശ്യങ്ങൾക്ക് വ്യക്തികളിൽ നിന്നും സംഭാവനകൾ ശേഖരിക്കുക.
- കുടിവെള്ളം, കക്കൂസ്, പാർപ്പിടം തുടങ്ങിയ സാമൂഹ്യക്ഷേരംഗങ്ങളിൽ വിവിധ ഏജൻസികളിലൂടെ സഹായം നേടിയെടുക്കാൻ കഴിയുംവിധം പഞ്ചായത്ത് തലത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുക.
- ചെങ്ങോട്ടുകാവിൽ വാഹനങ്ങൾക്ക് പാർക്കിംഗ് സ്ഥലം ഏർപ്പെടുത്തി ഇതിന് ഫീസ് ഈടാക്കുക.
- കേബിൾ ടി.വി. നെറ്റ് വർക്കിന് നികുതി ഏർപ്പെടുത്തുക
- പദ്ധതിപ്രവർത്തനങ്ങളിൽ കരാറുകാരെ ഒഴിവാക്കി സന്നദ്ധപ്രവർത്തനം ഉറപ്പാക്കുക.
- പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട നികുതി വിഹിതവും ഗ്രാൻറുകളും വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുക.
- പഞ്ചായത്തിന് നേരിട്ട് തുക മുടക്കാൻ കഴിയാത്ത മേഖലകളിൽ ഉപഭോക്താക്കളെ സംഘടിപ്പിച്ച് ആവശ്യമായ സാങ്കേതികവിദ്യയും, മറ്റു സഹായങ്ങളും എത്തിച്ചുകൊടുത്ത് കൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുക. കുടിവെള്ളമെത്തിക്കാൻ കഴിയാത്ത കുന്നിൻപുറങ്ങളിലും, ഉപ്പുവെള്ളമുള്ള പ്രദേശങ്ങളിലും മിനി വാട്ടർ സപ്ലൈ സ്കീമുകൾ ഈ രീതിയിൽ സംഘടിപ്പിക്കാവുന്നതാണ്.
- PTA കളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക അക്കാഡമിക്ക് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ ഇവരെ പങ്കാളികളാക്കുക.
- എൻ.സി.സി. തുടങ്ങിയ സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തുക.
- വാണിജ്യബാങ്കുകളുടെ നിക്ഷേപ-വായ്പാ അനുപാതം ഉയർത്താനാവശ്യമായ സമ്മർദ്ദം ജനങ്ങളിൽ നിന്നും ശക്തിപ്പെട്ടു വരേണ്ടതുണ്ട്. ഇതിന് സഹായകരമായ രീതിയിൽ പ്രചാരണങ്ങൾ സംഘടിപ്പിക്കുകയും ജനങ്ങളെ അണിനിരത്തുകയും ചെയ്യുക.

പട്ടിക 12:4

## വരുമാനം

| വരവിനം | 89-90 | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|---|
| ബിൽഡിംഗ് ടാക്സ് | 109304 | 139473 | 155821 | 169600 | 245208 | 214562 | 234514 |
| തൊഴിൽ നികുതി | 44076 | 36695 | 51446 | 54620 | 67367 | 75610 | 48401 |
| ടാപ ലൈസൻസ് ഫീസ് | 7091 | 6495 | 6970 | 73355 | 8305 | 9105 | 9715 |
| കെട്ടിടനിർമ്മാണത്തിന് ലൈസൻസ് ഫീസ് | 1606 | 18895 | 19369 | 24619 | 25512 | 29575 | 407099 |
| മറ്റു ഫീസിനങ്ങൾ | 3048 | 2527 | 1666 | 2480 | 4119 | 6165 | 6255 |
| പലിശ | | | 25541 | 1616 | 2264 | 1652 | 3609 |
| വസ്തുകൈമാറ്റ നികുതി | 138964 | 170164 | 224368 | 65647 | 259217 | 142276 | 119266 |
| ഗ്രാൻറുകൾ | 31048 | 54236 | 130344 | 183196 | 501086 | 85070 | 278545 |
| അൺടൈഡ് ഫണ്ട് | | 225000 | 235000 | 248800 | 256100 | 358720 | 3[illegible]880 |
| ജവഹർറോസ്ഗാർ യോജന | 311497 | 330383 | 246606 | 253900 | 472500 | 348732 | 3[illegible]433 |
| പലവക | 7612 | 5294 | 2313 | | 6641 | 9565 | 16762 |
| ആകെ | 668756 | 989162 | 1099444 | 1011813 | 1848319 | 1281032 | 1469679 |

പട്ടിക 12:5

## ചെലവുകൾ

| ഇനം | 89-90 | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|---|
| എസ്റ്റാബ്ലിഷ്മെൻറ് ചെലവ് | 162518 | 245122 | 306312 | 306780 | 368177 | 443007 | 498617 |
| പൊതുമരാമത്ത് | 69349 | 213246 | 208734 | 406617 | 582157 | 562851 | 524165 |
| വിദ്യാസം | 7595 | 36291 | 15300 | 15366 | 20216 | 19911 | 16193 |
| ജലവിതരണം | 3960 | 8561 | 8623 | 6746 | 15020 | 83128 | 46118 |
| ആരോഗ്യം | 9949 | 10673 | 239133 | 1145 | 8159 | 12740 | 18893 |
| തെരുവുവിളക്കുകൾ | 25824 | 25824 | 27392 | 34324 | 34176 | 42145 | 47220 |
| സാമൂഹ്യക്ഷേമം | 47390 | 16946 | 8404 | 9147 | 12471 | 15771 | 6249 |
| കടം തിരിച്ചടവ് | | | 25000 | | | | |
| മറ്റിനങ്ങൾ | 3572 | 6000 | 9650 | | 4700 | 35767 | 7487 |
| ആകെ | 330157 | 562663 | 848548 | 790125 | 1045076 | 1515350 | 1164942 |

# 12A. വനം

നമ്മുടെ പഞ്ചായത്തിൽ റിസർവ്വ് വനങ്ങളോ, നിക്ഷിപ്തവനങ്ങളോ ഇല്ലെങ്കിലും ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട് 'കോട്ടകൾ' എന്നറിയപ്പെടുന്ന തുണ്ടുകളായ വനങ്ങൾകാണാം. ജൈവസന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ ഇത്തരം കോട്ടകൾ വലിയ പങ്കാണ് നിർവ്വഹിക്കുന്നത്. ഇതിൽ എടുത്തു പറയാവുന്നതാണ് പൊയിൽക്കാവ് ക്ഷേത്രത്തോടനുബന്ധിച്ചുള്ള 15 ഏക്ര വരുന്ന പൊയിൽക്കാവ് കോട്ട. ഏതാണ്ട് 50 വർഷം മുമ്പു വരെ ഈ കോട്ടയിൽ കുരങ്ങുകൾ ഉണ്ടായിരുന്നു. ഇപ്പോൾ കടവാതിലുകൾ (വവ്വാൽ) കൂട്ടമായി അധിവസിക്കുന്നുണ്ട്.

വീടു നിർമ്മാണത്തിനും മറ്റും വ്യവസായികാവശ്യങ്ങൾക്കുമായി മുറിച്ചു മാറ്റപ്പെടുന്നതിന്റെ ഫലമായി പലയിനം വൃക്ഷങ്ങളും ഇന്ന് വീട്ടുപറമ്പുകളിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന പല പടുമരങ്ങളുടെയും അപൂർവ്വശേഖരങ്ങളാണ് ഈ കോട്ടകൾ. ഇത്തരം വനഭൂമികൾ ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്താൻ കഴിയുംവിധം ഈ കോട്ടകൾ സംരക്ഷിക്കാൻ ആവശ്യമായ ബോധവൽക്കരണം സംഘടിപ്പിക്കേണ്ടതുണ്ട്.

സമൂഹ്യവനവൽക്കരണപരിപാടി ഉദ്ദേശിച്ചരീതിയിൽ നടപ്പാക്കപ്പെടുന്നില്ല. ജനകീയ പങ്കാളിത്തം ഉണ്ടാക്കിയെടുക്കാൻ കഴിയുന്നില്ല. പഞ്ചായത്തിലെ കനാലുകൾ റോഡുകൾ എന്നിവക്കിരുവശവും ജനപങ്കാളിത്തത്തോടെ വനവല്ക്കരണത്തിനു സാധ്യതയുണ്ട്. ബീച്ചിലേക്കുള്ള റോഡിലും ബീച്ചിലൂടെയുള്ള റോഡിനിരുവശവും ഇത്തരത്തിൽ വനവല്ക്കരണം നടത്തിയാൽ ടൂറിസം വികസനത്തിനും സാധ്യതയുണ്ട്. ഈപ്രദേശത്തിന് അനുയോജ്യമായ വൃക്ഷത്തൈകളായിരിക്കണം ഇതിന് ഉപയോഗിക്കുന്നത്.

തരിശിട്ടിരിക്കുന്ന കുന്നിൻ പ്രദേശങ്ങളിലും മറ്റും വനവല്ക്കരണത്തിനുള്ള സാധ്യത ഉപയോഗപ്പെടുത്തണം. ഇതിന് ചുരുങ്ങിയ കാലത്തിനുള്ളിൽ വളർച്ച നേടുന്ന വൃക്ഷത്തൈകൾ പഞ്ചായത്തിന്റെ മുൻകൈയോടെ ലഭ്യമാക്കണം.

## *പ്രശ്നങ്ങൾ*

- പഞ്ചായത്തിലെ വനവിസ്തൃതി കുറഞ്ഞു വരികയാണ്. കോട്ടകളും സർപ്പക്കാവുകളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.
- സാമൂഹ്യ വനവല്ക്കരണ പരിപാടിയിൽ അനുയോജ്യമായ വൃക്ഷത്തൈകളുടെ അഭാവം.
- സാമൂഹ്യവനവല്ക്കരണ പരിപാടിയിലെ ജനപങ്കാളിത്തമില്ലായ്മ.

## *സാധ്യതകൾ*

- വനനശീകരണത്തിനെതിരായയ ബോധവൽക്കരണം
- സർപ്പക്കാവുകൾ സംരക്ഷിക്കാൻ പരിപാടി
- റോഡുകൾ, കനാലുകൾ എന്നിവക്കിരുവശങ്ങളിലും സന്നദ്ധപ്രവർത്തനത്തിലൂടെ വനവൽക്കരണ പരിപാടി.
- തരിശിട്ടിരിക്കുന്ന പ്രദേശങ്ങളിൽ അനുയോജ്യമായ വൃക്ഷത്തൈകൾ നല്കി വനവല്ക്കരണം പ്രോത്സാഹിപ്പിക്കുക.

# അനുബന്ധം

## പഞ്ചായത്തിലെ ജനകീയാസൂത്രണ പരിശീലകരുടെ പേർ വിവരം

1. കെ.ടി. രാധാകൃഷ്ണൻ
2. പി. ചാത്തപ്പൻ മാസ്റ്റർ
3. എ. രമേശ്
4. കെ. സരോജിനി ടീച്ചർ
5. കെ. ഗീതാനന്ദൻ
6. എ.പി. സുകുമാരൻ കിടാവ്
7. പി.കെ. ശങ്കരൻ
8. കെ. ബാലകൃഷ്ണൻ
9. പി. വേണു
10. കെ. ബേബി സുന്ദർരാജ്
11. പി. ഉഷ
12. സി.ജി.എൻ. ചേമഞ്ചേരി
13. ഇ.കെ.ഗോവിന്ദൻ മാസ്റ്റർ
14. കെ.ടി.എം. കോയ
15. എം.കെ. സത്യപാലൻ മാസ്റ്റർ
16. പുതുക്കുടി ശ്രീധരൻ
17. എം. നാരായണൻ
18. കവിത ചെങ്കുനി
19. ശശി തൊറോത്ത്
20. ഗോപി ചെറുവാട്ട്
21. എൻ.കെ. ശ്രീധരൻ
22. എ.കെ. ശങ്കരൻ
23. എം.എം. കമല
24. വി.വി. ബാലകൃഷ്ണൻ മാസ്റ്റർ
25. എൻ.കെ. രാധ
26. കെ. ശ്രീധരൻ
27. പി.എം. ചോയിക്കുട്ടി മാസ്റ്റർ
28. പി.എം. ചന്ദ്രശേഖരൻ
29. സുധ പുതിയോട്ടിൽ
30. കെ.വി. രാഘവൻ
31. ചന്ദ്രിക വട്ടക്കണ്ടി
32. ബാലകൃഷ്ണൻ മാസ്റ്റർ, കവിത
33. കെ. രമേശൻ
34. ശിവൻ തൊറോത്ത്
35. കെ.ടി. കെ. ബാബു.
36. പി.കെ. ദാമോദരൻ
37. സി.കെ. മൃണാളിനി
38. എ.കെ. ഗോപാലൻ
39. ബാലകൃഷ്ണൻ തയ്യിൽ
40. രാധ ടീച്ചർ ചേവപ്പള്ളി
41. ലീലാകൃഷ്ണൻ മനത്താനത്ത്
42. ഗൗരി വടക്കയിൽ
43. പി.പി. ശിവദാസൻ
44. സി.പി. ശ്രീനിവാസൻ
45. എ. ദാമോദരൻ
46. വി.കെ. ശശിധരൻ
47. ഗീത കൊളങ്ങരാത്തൂട്ട്
48. സി.കെ. ഗോപി
49. പ്രമോദ് പൊൻമാലേരി
50. തരിശിൽ ഗംഗാധരൻ മാസ്റ്റർ

ഇവർക്കു പുറമെ ടി. സുകുമാരൻ, എൻ.പി. ബാബു, വിവിധ ഓഫീസുകളിലെ ജീവനക്കാർ, ഗ്രാമസഭാ ചർച്ചകളിലൂടെ ക്രിയാത്മക നിർദ്ദേശങ്ങൾ നൽകിയ നിരവധി വ്യക്തികൾ എന്നിവർ ഈ റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചിട്ടുണ്ട്.

*എന്റെ ജീവിതമാണ് എന്റെ സന്ദേശം"*

*- മഹാത്മ ഗാന്ധി.*

★

*യഥാർത്ഥ മാറ്റം ഗ്രാമത്തിൽ*
*ജീവിക്കുന്ന ജനങ്ങളിൽ നിന്നാണ്*
*വരുന്നത്. അത് പുറത്തു നിന്ന്*
*അടിച്ചേല്പിക്കുന്നതല്ല.*

*- ജവഹർലാൽ നെഹ്റു.*

★

*സുന്ദരമെങ്കിലും സുഗന്ധമില്ലാത്ത*
*പൂക്കളെപ്പോലെയാണ്*
*ഉപദേശങ്ങൾക്കൊത്ത്*
*പ്രവർത്തിക്കാത്തവരുടെ വാക്കുകൾ*

*-ശ്രീ ബുദ്ധൻ*

★

*നമുക്കാവശ്യം ചലനവും മാറ്റവുമാണ്. പട്ടിണി മരണങ്ങൾ നടക്കുന്ന ഒരു രാജ്യത്ത് ഏതാനും ചില നിറഞ്ഞ വയറുകളുടെ സംതൃപ്തിയെ സംസ്ക്കാരം എന്നു വിളിക്കുന്നത് ആത്മ വഞ്ചനയാണ്.*

*- ഡോ. രാം മനോഹർ ലോഹ്യ*

**അധികാരം ജനങ്ങളിലേക്ക്**

## ഒമ്പതാം പദ്ധതി
## ജനകീയ പദ്ധതി



‘എല്ലാവരുടെയും അത്യാവശ്യങ്ങൾ നിറവേറ്റാൻ
വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ
ആരുടെയും ദുരയെ തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും.’

- മഹാത്മാഗാന്ധി

Printed at MANGALAM offset press Kallai ,Calicut,Ph. 300063